KOTTAYAM PUBLIC LIBRARY

Call No M 880 Acc. No 34595

Author ചൈതന്യ കൃഷ്ണ

Title യവന സാഹിത്യ ചരിത്രം

1133

പസാഹിത്യദർശനം—3

# യവനസാഹിത്യചരിത്രം

(Malayalam)
Yavana Sahityacharithram
History of Greek Literature
By **KRISHNA CHAITANYA**
All India Fine Arts & Crafts Society
Old Mill Road, New Delhi-2

First Published October 1960

Printed at
INDIA PRESS, KOTTAYAM

Price Rs. 3.00

Copyright
K. K. Nair

**Publishers:**
**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:
NATIONAL BOOK STALL
**Kottayam Kerala State India**

# യവനസാഹിത്യചരിത്രം

34595

കൃഷ്ണചൈതന്യ

KOTTAYAM PUBLIC LIBRARY
KOTTAYAM

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം

വില ക. 3.00

## കൃഷ്ണചൈതന്യന്റെ കൃതികൾ

മെസൊപൊട്ടേമിയൻ സാഹിത്യചരിത്രം
ഈജിപ്ഷ്യൻ സാഹിത്യചരിത്രം
യവനസാഹിത്യചരിത്രം
വിജ്ഞാനത്തിന്റെ മൗലികതത്വത്രയം

S1134 B728 34/60-61 1-1000

നിരന്തരയത്നത്തിന്റെ കഠിന
സാധനയിൽ സ്വയംസമർത്ഥത
നേടുവാനും അതിൽ സംതൃപ്തി
കണ്ടെത്തുവാനും പഠിപ്പിച്ച

**എന്റെ അമ്മയ്ക്ക്**

# മുഖവുര

അരുവി വെള്ളംപെരുകി ആറായിത്തീൎന്നൊഴുകുവാൻതുടങ്ങുകയാണ്.

വികാരത്തിന്നും വിചാരത്തിന്നും ഉള്ള കഴിവാണ്, സൃഷ്ടിപരിണാമത്തിൻെറ അന്ത്യദശയിൽ ആവിർഭവിച്ച വിശേഷജീവിക്ക് മനുഷ്യത്വം നൽകിയതു്. അതുകൊണ്ട്, നരവംശത്തിൻെറ ശൈശവദശയിലും ഈ വിശേഷതകരം സുസ്പഷ്ടമായി തെളിഞ്ഞുകാണാം. അതിനാൽത്തന്നെയാണ് മെസൊപൊട്ടേമിയയിലെ അവശിഷ്ടരേഖകളിലും മാനുഷികമൂല്യങ്ങരം തെളിഞ്ഞുയരുന്നതായി കാണുന്നതു്. പക്ഷേ, ജീവിതഗാനത്തിന്നു് സ്വരമേളതാളലയങ്ങളുടെ കൊഴുപ്പു വേണ്ടത്ര കിട്ടിയിരുന്നില്ല.

ഈജിപ്തിൽ ആ ചെറുചെടികരം തഴച്ചു പടൎന്നു പന്തലിക്കാൻ തുടങ്ങി. പക്ഷേ, ഈജിപ്ഷ്യൻസാഹിത്യം ഒരു ആരാമമാണെങ്കിൽ, യവനസാഹിത്യം വസുധയുടെ വിശാലതതന്നെയാണ്. കാടുകളും മേടുകളും, അബോധമനസ്സിൻെറ അഗാധഗൎത്തങ്ങളും, പ്രബുദ്ധധിഷണയുടെ ഉയൎന്ന കൊടുമുടികളും ഒക്കെ കാണാം ഇവിടെ.

ഈ ഉത്തേജനത്തിന്നു കാരണമെന്തായിരുന്നിരിക്കാം? ഉത്തരം പറയാൻ പ്രയാസമാണ്. ഇന്നവംശത്തിൻെറ പ്രതിഭ ഇന്നകാലത്തു് അത്ഭുതാവഹമായി വികസിക്കുന്നതിന്നു കാരണങ്ങരം പലരും പലതും പറയും, പറഞ്ഞിട്ടുമുണ്ട്. ഇവിടെ, ചരിത്രത്തിൻെറ ദാൎശനികമൂല്യമെന്തെന്ന, വളരെ ആഴത്തിൽ പോകുന്ന, ഒരു പ്രശ്നമാണു നമ്മെ അഭിമുഖീകരിക്കുന്നതു്. പ്രചോദനവും പ്രതികരണവുമെന്ന സിദ്ധാന്തമാണ് ചരിത്രവികസനത്തിൻെറ മൗലികതത്വം എന്നു നമ്മുടെ കാലത്തു് ഏററവും പ്രശസ്തിനേടിക്കഴിഞ്ഞിട്ടുള്ള ഒരു ദാൎശനികൻ പറയുന്നു. മററു വംശങ്ങളും, ഒരേവംശംതന്നെ ഇതരകാലഘട്ടങ്ങളിലും, ഇതേ പ്രചോദനങ്ങരംതന്നെ സമ്മുഖീകരിച്ചിട്ടില്ലേ? എന്നിട്ടെന്താണ് ഉജ്ജ്വലമായ പ്രതികരണമൊന്നും ഉണ്ടാവാത്തതു്? പുരാതന യവനപ്രതിഭ എവിടെ, റോമാക്കാർ യവനദേശം പിടിച്ചടക്കിയപ്പോരം വന്ന അധഃപതനം എവിടെ?

ഉത്തരം അങ്ങനെ തീർത്തുപറയാനാവുന്നതല്ലെങ്കിലും, ചില പരിതസ്ഥിതികൾ പ്രബുദ്ധതയുടെ പ്രഗത്ഭവികസനത്തിന്ന് വഴി തെളിച്ചിരുന്നേക്കാം. യവനചരിത്രത്തിൻെറ പ്രഥമദശയിൽ നാം കാണുന്നതു് ഒരു വിപുലരാജ്യമല്ല, ചെറിയ ചെറിയ നാട്ടുകളാണ്. സംഖ്യയേറി പ്രജായത്തഭരണം പ്രതിനിധികൾമൂലമാകേണ്ട ആവശ്യം ഉയന്നിരുന്നില്ല. വ്യക്തിയുടെ പൊതുക്കാര്യചുമതലകൾ, ദൈനംദിനവൃത്തികൾപോലെതന്നെ നിറവേററപ്പെടേണ്ടതും, നിറവേററപ്പെട്ടിരുന്നതും ആയ ഒരു കാലമായിരുന്നു അതു്. ചുമതലാബോധമുള്ള പൗരനിലാണു വ്യക്തിയുടെ വളച്ച പൂണ്ണമായതു്.

സാമൂഹ്യജീവിതത്തിന്റെ പ്രശ്നനിഷ്ഠമായ കെട്ടുപാടുകൾ ഓരോ വ്യക്തിയേയും വലയംചെയ്യപ്പോൾ, ഓരോ വ്യക്തിയും ഒരു ചിന്തകനായി, ദാശ്നികനായി വളന്നു. പിൽക്കാലത്തു് ചിന്തയും സാമാന്യജീവിതവും വളരെ വളരെ അകലും. പക്ഷേ, യവനരുടെ ഇടയിൽ ഈ വിടവു് വളരാൻ തുടങ്ങിയിട്ടില്ലായിരുന്നു. ഉത്സവകാലങ്ങളിലെ നാടകങ്ങളിൽ സകല പൗരരും അതിഥികളായിരുന്നു. പതിനായിരക്കണക്കിനു പ്രേക്ഷകർ വന്നുചേരുന്ന ഈ നാടകങ്ങളിൽ പാപം, പക, പ്രായശ്ചിത്തം, നീതി മുതലായ ഗംഭീര വിഷയങ്ങളെപ്പററി, പഴമയുടെ തണലിൽനിന്നല്ല, പ്രബുദ്ധതയുടെ വിപ്ലവാത്മകമായ അപഗ്രഥനത്തിലൂടെ, ചച്ചചെയ്യാൻ നാടകകത്താക്കൾ തയാറായതിൽനിന്നു് സാമാന്യജനതയുടെ ഉയന്ന സാംസ്കാരികനിലവാരം വെളിവാകുന്നില്ലേ? ഒരു ജനസമൂഹമാകമാനം പടന്നു പരന്ന ഈ പ്രബുദ്ധതയാണു് യവനക്കു് പാശ്ചാത്യസംസ്കാരത്തിന്റെ തന്നെ അടിത്തറ പാകുവാനുള്ള കഴിവു നൽകിയതു്.

ഈ പ്രബുദ്ധതതന്നെ ചരിത്രവികസനത്തിൻെറ താളത്തിനു് വേഗതകൂട്ടി. മാററമില്ലാത്ത ആചാരത്തിലും സമുദായവ്യവസ്ഥിതിയിലും ഒതുങ്ങിനിന്നതിനാൽ ഈജിപ്ഷ്യൻചരിത്രത്തിൻെറ മൂവായിരം കൊല്ലത്തെ കഥ പെട്ടെന്നു പറഞ്ഞുതീക്കാം. ഹോമറിൻെറ കാലംതൊട്ടു് അലക്സാണ്ടറുടെ കാലംവരെ കൂടിവന്നാൽ എഴുനൂറുകൊല്ലങ്ങളേ ആകുന്നുള്ളു. പക്ഷേ, അതിനിടയിൽ എന്തൊക്കെയാണുണ്ടായതു്? നേരിട്ടുള്ള പ്രജായത്തഭരണം ക്ഷയിച്ചു് ശ്രേണിഭരണം ആരംഭിച്ചു. അതിൽ സാധാരണക്കാർ മട്ടിതരാകയാൽ, അവരുടെ സഹായത്തോടെ ഏകാധിപത്യം ഉയന്നുവന്നു. അതിലും അപകടങ്ങൾ വളന്നതിനാൽ പ്രതിനിധികൾമൂലമുള്ള പ്രജായത്തഭരണം

വളൎന്നു. പിന്നീടു് വിശാലചക്രവാളങ്ങളിലേക്കുള്ള യവനസംസ്കാരപ്രവാഹമായി. യവനർ പഞ്ചാബുവരെ എത്തി. യവനകല ഗാന്ധാരദേശത്തിൽ ഭാരതീയശില്പകലയുമായി സമ്മിളിതമായി.

മതാചാരങ്ങളിൽനിന്നാണു് അതു തലയെടുത്തതെങ്കിലും, യവനനാടകം ഒരു സാൎവ്വലൗകികസാധുത്വമുള്ള രൂപശില്പമായി വളൎന്നു എന്നതു് നമ്മുടെകാലത്തെ സുപ്രസിദ്ധ സാഹിത്യകാരന്മാരായ സാർത്ര, യൂജീൻ ഓനെൽ, അന്വയിൽ മുതലായവർ ആ രൂപത്തേയും, പലപ്പോഴും അതേ ഇതിവൃത്തങ്ങളെത്തന്നെയും, വീണ്ടും കൈകാര്യംചെയ്യാൻ ഔത്സുക്യം കാണിച്ചിട്ടുള്ളതിൽനിന്നു തെളിയുന്നു. ആ പ്രചോദനം പരന്നു് മലയാളക്കരയിലേക്കും പടൎന്നിട്ടുണ്ടു്. ടി. എൻ. ഗോപിനാഥൻനായരുടെ ഈയിടെ പുറപ്പെട്ട ഒരു പുതിയ നാടകം ഒരു യവനകൃതിയെ ആസ്പദിച്ചു് ഓനെൽ എഴുതിയ നാടകത്തിന്റെ അനുകരണമാണു്. ഹോമർ, എസ്കിലസ്, സോഫോക്ലിസ്, യൂറിപ്പിഡീസ് മുതലായ യവനസാഹിത്യകാരന്മാരുടെ കൃതികളുടെ പരിഭാഷകളും മലയാളത്തിൽ വന്നുകഴിഞ്ഞു.

പക്ഷേ, വളരെ സങ്കോചത്തോടുകൂടെയാണെങ്കിലും, ഒന്നു പറയേണ്ടതുണ്ടു്. പരിഭാഷയ്ക്കു തുനിഞ്ഞ പലരും കൃതികളുടെ പശ്ചാത്തലത്തെപ്പററി അറിയുവാൻ ശ്രമിച്ച ലക്ഷണം കാണുന്നില്ല. എന്റെ പ്രേരണകൂടെ ഒരു പ്രചോദനമായിരുന്ന ഒരു പരിഭാഷയിൽ, അതു ശ്ലാഘ്യമാംവണ്ണം നിൎവ്വഹിച്ച സുഹൃത്തിന്നു്, മൂലഗ്രന്ഥകാരനായ എസ്കിലസ്സിനെപ്പററി കൂടുതൽ അറിയുവാൻ യാതൊരു പ്രത്യേക ജിജ്ഞാസയും ഉണ്ടായിരുന്നില്ലെന്നു കണ്ടപ്പോഠം എനിക്കു് അത്ഭുതമുണ്ടായി. വേറൊരു സുഹൃത്തു്—അദ്ദേഹം അടുത്തകാലത്തു് എനിക്കും കൈരളിക്കും എന്നെന്നേക്കും നഷ്ടപ്പെട്ടു—ഒരു യവന ദുരന്തനാടകത്തിന്റെ തന്റെ പരിഭാഷയുടെ മുഖവുരയിൽ, യവനനാടകം മദ്യലഹരിയിൽ മദിച്ച പുറന്നാളാഘോഷത്തിൽനിന്നും തലയെടുത്തതായിരുന്നുവെന്നും, അതിനാൽ അതു് സന്മാൎഗ്ഗപരമായോ സാമൂഹ്യപരമായോ യാതൊരു നിയന്ത്രണത്തിന്നും അധീനമായിരുന്നില്ല എന്നും, രേഖപ്പെടുത്തിക്കണ്ടു. ഹാസ്യാത്മകമായ പ്രഹസനമാണു് ഇങ്ങനെ ഉത്ഭവിച്ചതു്. ദുരന്തനാടകം മതകൎമ്മങ്ങളിൽനിന്നാണു് ഉടലെടുത്തതു്. ഉത്ഭവത്തിന്റെ ആ ഗൗരവം അതൊരിക്കലും കൈവെടിഞ്ഞുമില്ല.

ഇങ്ങനെയുള്ള കുഴപ്പങ്ങഠം കാരണം, യവനസംസ്കാരത്തിന്റെ

പശ്ചാത്തലവും, സാഹിത്യത്തിൻെറ അനുക്രമമായ വികാസവും, അതിന്നു ജീവിതത്തോടുണ്ടായിരുന്ന ഉററ ബന്ധവും വിശദമാക്കുവാൻ ശ്രമിക്കുന്ന ഒരു ചരിത്രം അത്യന്താപേക്ഷിതമായി തീൎന്നിരിക്കുകയാണു്. അതു വേറേ വല്ലവരും എഴുതിയിരുന്നെങ്കിൽ കുറെക്കൂടെ നന്നാകുമായിരുന്നു എന്നു് എനിക്കും തോന്നാതില്ല. പക്ഷേ, ആരും മുന്നോട്ടു വരുന്നതായി കാണാത്തതിനാൽ, ഈ കൈക്കുററപ്പാടു് മാലോകരുടെ മുൻപിൽ അടിയറവെയ്ക്കുവാൻ സാഹസപ്പെടുന്നു.

ആദ്യം പറഞ്ഞപോലെ, ആററിൽ വെള്ളം പെരുകുകയാണു്; ഒഴുക്കിന്നു വേഗവും, കയങ്ങൾക്കു് ആഴവും വളരെ കൂടിവരുകയാണു്. ലേഖകൻെറ കഴിവാണെങ്കിൽ ഒരു കൊതുമ്പുവള്ളവും. അഴിവരെ എത്തുമോ എന്നു കണ്ടുതന്നെ അറിയണം. എങ്കിലും, വള്ളം മുങ്ങുന്നതുവരെ തുഴയാൻതന്നെയാണു തീൎച്ചപ്പെടുത്തിയിട്ടുള്ളതു്. മെസൊപൊട്ടേമിയൻസാഹിത്യചരിത്രത്തിൽ, ഗണപതിക്കുകുറിച്ചപ്പോൾ, മൂന്നു പുരാതനസംസ്കാരങ്ങളുടെ സാഹിത്യചരിത്രങ്ങളേ വാഗ്ദാനം ചെയ്തിട്ടുള്ളായിരുന്നു. ഈ കൃതിയോടെ ആ വാഗ്ദാനം പാലിച്ചുകഴിഞ്ഞു. ഇനി ഓരോന്നിൽ കൂടുതൽ വാക്കുപറയുന്നതു് സാഹസമായിരിക്കും. അടുത്ത പുസ്തകത്തെപ്പററി തീൎച്ചപറയാം. അതു് ക്രൈസ്തവയുഗാവിർഭാവത്തിന്നു മുൻപുള്ള റോമൻസംസ്കാരത്തിൻെറ സാഹിത്യചരിത്രമായിരിക്കും.

കൃഷ്ണചൈതന്യ

അദ്ധ്യായം ഒന്നു്

# ചരിത്രപശ്ചാത്തലം

നാശമെന്നാൽ, യാതൊന്നുമവശേഷിപ്പിക്കാതെയുള്ള പരിപൂണ്ണ തിരോധാനമെന്നാണത്ഥമെങ്കിൽ, മഹത്തായ നാഗരികതകൾ ഒരിക്കലും നശിക്കുന്നില്ല. രണ്ടായിരത്തഞ്ഞൂറു വഷം മുൻപു് ഉച്ചകോടിയിലെത്തിയ പൗരാണിക ഗ്രീസിൻെറ നാഗരികത, ഇന്നു്, ലോകത്തിലെമ്പാടും നിരവധി വൈശിഷ്ട്യങ്ങളിലൂടെ ജീവിക്കുന്നു.

ഗ്രീസ്, ഒരുവിധത്തിലും, ലോകത്തിലെ ഏററവും പ്രാചീനമായ നാഗരികതയല്ല. മദ്ധ്യധരണ്യാഴിപ്രദേശത്തു പോലും, പൗരാണികഗ്രീസ് നമുക്കെത്ര പ്രാചീനമാണോ അത്രയും പ്രാചീനമായിരുന്നു, ക്രി. മു. അഞ്ചാം ശതകത്തിലെ ഒരു ഗ്രീക്കുകാരനു് ഈജിപ്തു്. മെസൊപൊട്ടേമിയയാകട്ടെ, ഈജിപ്തിനെക്കാൾ പ്രാചീനവും. ക്രിസ്തുവിനു മുൻപുള്ള രണ്ടാം സഹസ്രാബ്ദത്തിൻെറ പ്രഥമാത്ഥത്തിൽ ഗ്രീസിനു തെക്കു സ്ഥിതിചെയ്യുന്ന ക്രീറ്റ്ദ്വീപിൽ, ഒരു മഹത്തായ നാഗരികത പരിപുഷ്ടമായിരുന്നു. ഈ കാലത്തു് പൗരുഷശാലികളായ ഒരു സഞ്ചാരിവഗ്ഗം വടക്കുനിന്നും ഗ്രീസിലേക്കു പ്രവഹിച്ചുകൊണ്ടിരുന്നു; ക്രി. മു. 1000 ആയപ്പോഴേക്കും ക്രീററൻനാഗരികത ഈ ആക്രമണകാരികൾമൂലം പൂണ്ണനാശമടഞ്ഞു. ചരിത്രവേദിയിലേക്കുള്ള ഗ്രീക്കുകാരുടെ പ്രഥമാവിർഭാവം ഇതായിരുന്നു.

സഞ്ചാരിവഗ്ഗമെന്ന നിലയിൽ, ഗ്രീക്കുകാക്കു നിയമമെന്നൊന്നുണ്ടായിരുന്നില്ല. തൽസ്ഥാനത്തു് ജാത്യാചാരങ്ങളായിരുന്നു—വധിക്കപ്പെട്ട ഒരു മനുഷ്യനുവേണ്ടി പ്രതികാരം

ചെയ്യേണ്ടതു് ഏററവും അടുത്ത ബന്ധുവിൻെറ കടമയാണെന്നും മറ്റുമുള്ള ആചാരങ്ങൾ. തക്കങ്ങളിൽ മാദ്ധ്യസ്ഥം വഹിക്കാൻ 'കാരണവന്മാ'രുടെ ഒരു 'കൂട്ട'മുണ്ടായിരുന്നു. അധിനിവേശം, യുദ്ധം, സമാധാനം എന്നിവയെപ്പററി തീരുമാനിക്കാൻ യോദ്ധാക്കളുടെ ഒരു വർഷാന്തസഭയും.

സഞ്ചാരികളായിരുന്ന കാലത്തും ഗ്രീക്കുകാർ ഗോത്രങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. അവരുടെ പുതിയ നാടിൻെറ ഭൂമിശാസ്ത്രപരമായ ആകൃതി ഈ വിഭാഗീയതയെ ദൃഢീകരിക്കയും ചെയ്തു. എണ്ണമററ ഉൾക്കടലുകളോടും ഇടക്കടലുകളോടും സമതലങ്ങളോടും കുന്നുകളോടും പവ്വതങ്ങളോടും കൂടിയ ഗ്രീസ്, പ്രകൃതിദത്തമായ അതിരുകൾമൂലം ഒറ്റപ്പെട്ട ഖണ്ഡങ്ങളായി ശിഥിലീകരിക്കപ്പെട്ടിരുന്നു. തന്മൂലം ഓരോ താഴ്വാരവും അതിൻെറതായ സാമ്പത്തികജീവിതവും, അതിന്റേതായ ഭരണകൂടവും, സ്ഥാപനങ്ങളും ഭാഷയും സംസ്കാരവും വളത്തിക്കൊണ്ടുവന്നു. ഓരോന്നിലും ഒന്നോ രണ്ടോ നഗരങ്ങളും, അവക്കു ചുറ്റുമായി പവ്വതസാനുക്കളിലായി പരന്നുകിടക്കുന്ന കൃഷിഭൂമിയുമുണ്ടായിരിക്കും. യൂബിയ, ലോക്രിസ്, എറേറാലിയ, സ്പാർട്ടയോടുകൂടിയ ലാക്കോണിയ, ആഥൻസോടുകൂടിയ അററിക്ക എന്നിവ, അങ്ങനെയുള്ള നഗരരാജ്യങ്ങളായിരുന്നു. ഈ നഗരരാജ്യങ്ങൾക്കു് അവയെ അധിനിവേശിച്ച ഗോത്രവഗ്ഗങ്ങളിൽനിന്നാണു് ആ പേരുകളുണ്ടായതെന്നു തോന്നുന്നു. ഗ്രീസിന്റെ ആക്രമണത്തിന്നുശേഷം അധിനിവേശവഗ്ഗങ്ങൾ സമുദ്രം തരണംചെയ്തു് ഏഷ്യാമൈനറിൻെറ പശ്ചിമതീരത്തെത്തി. അവിടെ എയോളിയൻ, അയോണിയൻ, ഡോറിയൻ എന്നീ മൂന്നു ജനപദങ്ങൾ, ആക്രമണകാരികളുടെ പേരുകൾ അവശേഷിപ്പിക്കുന്നു. ഏഷ്യൻ വൻകരയിലെ ട്രോയ് ഈ അധിനിവേശങ്ങളിലൊന്നിൽ നശിപ്പിക്കപ്പെട്ടു. അതിൻെറ ഉപരോധവും നേരത്തെയുള്ള യുദ്ധങ്ങളുടെ അനുസ്മരണകളും കൂടിച്ചേന്നു് യൂറോപ്പിലെ പ്രഥമ മഹാകാവ്യമായ ഹോമറുടെ ഇലിയഡിലെ പ്രതിപാദ്യവസ്തുവായിത്തീന്നു.

ഗ്രീക്കുകാരുടെ സങ്കുചിതദേശാഭിമാനത്തെയും, വിഭാഗീയമനോഭാവത്തേയും നിഷ്ഫലമാക്കിയ നിരവധി ശക്തികളുമുണ്ടായിരുന്നു. ഡെൽഫിയിലെ അപ്പോളോക്ഷേത്രംപോലെ

യുള്ള വലിയ ദേശീയക്ഷേത്രങ്ങളെ നിയന്ത്രിക്കയും, ഡിലോസ്ദ്വീപിൽ അപ്പോളോവിൻെറ വമ്പിച്ച വാർഷികോത്സവംപോലെയുള്ള ഉത്സവങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിരുന്ന ദേശീയസമിതികൾ എടുത്തുപറയത്തക്കവയാണു്. പലവിധത്തിലും കേരളത്തിലെ മാമാങ്കത്തോടു സാദൃശ്യം വഹിക്കുന്ന ഒരു സ്ഥാപനമായ ഒളിമ്പിക്ക് കായികവിനോദങ്ങളെ നിയന്ത്രിച്ചിരുന്ന സമിതിക്കും ഗ്രീസിൻെറ മുഴുവനും പ്രാതിനിധ്യമുണ്ടായിരുന്നു. ഗ്രീക്കുകാരല്ലാത്തവരെല്ലാം കിരാതന്മാരാണെന്ന ഗ്രീക്കുകാരുടെ അഭിപ്രായം, ഏററവും നല്ല തരത്തിലുള്ളതല്ലെങ്കിലും, ഒരുതരത്തിലുള്ള ദേശീയബോധത്തെ കാണിക്കുന്നു.

തെസ്സലി താഴ്വാരത്തിൽ, ഉന്നതമായ ഹിമകിരീടമണിഞ്ഞ ഒളിംപസ് മല, കല്പനാശക്തിയെ, ഗാനത്തിലൂടെ ഉദ്ദീപിപ്പിച്ചു. ഒളിംപസ്, ദേവതകളുടെ നിവാസഭൂമിയായി. ദേവതകളുടേയും ദേവതുല്യരായ വീരപുരുഷന്മാരുടേയും കൃത്യങ്ങളേയും അവർ പങ്കെടുത്ത പൗരാണികയുദ്ധങ്ങളേയും ഈ ഗാനങ്ങൾ പ്രകീർത്തിച്ചു. കാലക്രമത്തിൽ ഗാനങ്ങൾ അയോണിയൻഗ്രീക്കുകാരുടെ ഇടയിലേക്കും വ്യാപിച്ചു. അവരുടെ ഇടയിലാണു് പ്രഥമ ഗായകകവികൾ പ്രത്യക്ഷപ്പെട്ടതു്. ഇതിനിടക്കു ഗ്രീക്കുകാർ,ഫിനീഷ്യന്മാരുടെ—ഏഷ്യൻ വൻകരയിലുള്ള വണിഗ്ജനതയുടെ—അക്ഷരമാല പഠിച്ചു. ക്രി. മു. 700 ആയപ്പോഴേക്കും ഈ ഗാനമാല മുഴുവൻ വരമൊഴിയിലാക്കിത്തീക്കുകയും അവ ഒരൊററ ഗായകകവിയുടെ, ഹോമറുടെ, കൃതികളായി കരുതുകയും ചെയ്തു. ഹോമറുടെ കൃതികളും ഐക്യത്തെ ദൃഢീകരിക്കയാണു ചെയ്തതു്. എന്തെന്നാൽ, അവ എല്ലാ ഗ്രീക്കുകാരുടേയും പൊതുമുതലായി കരുതപ്പെട്ടു. ഏഷ്യൻനഗരമായ ട്രോയിക്കെതിരായി ഗ്രീസു മുഴുവനും ഏകീകൃതമായിനിന്ന ഒരു കാലത്തെ അവ പ്രതിപാദിക്കുന്നു.

പ്രാരംഭത്തിൽ, ഓരോ നഗരരാജ്യത്തെയും ഭരണകൂടം, രാജാവും പ്രഭുസമിതിയും (ബലപ്രയോഗം, ചതി, മിശ്രവിവാഹം, മദ്ദനം എന്നിവമൂലം തങ്ങളുടെ ഭൂമിയുടെ വിസ്തൃതി ഗണ്യമായി വദ്ധിപ്പിച്ചു സമ്പത്തും അധികാരവും സ്വയം

കൈയടക്കിയവരാണീ പ്രഭുക്കന്മാർ) നാട്ടിൻപുറങ്ങളിൽനിന്നുമുള്ള പാവപ്പെട്ട പൌരന്മാരുടെയും കൃഷീവലന്മാരുടെയും സഭയും ഉൾപ്പെട്ടതായിരുന്നു. സഭയിൽ സന്നിഹിതരാകുന്നതു്, വിലയേറിയ സമയത്തിൻെറ ഒരു ദുർവ്യയമായി കൃഷീവലന്മാർ കണ്ടു. ക്രി. മു. 750–നും 650–നും ഇടയ്ക്കു സ്പാർട്ട ഒഴികെയുള്ള ഗ്രീക്കരാജ്യങ്ങളിൽ രാജത്വം അപ്രത്യക്ഷമായി. അങ്ങനെ പ്രഭുക്കന്മാർ സർവ്വശക്തന്മാരായിത്തീൎന്നു. അവരുടെ മർദ്ദനവും, സാഹസികപ്രവൃത്തികൾക്കുള്ള താല്പര്യവും, സമ്പത്തു നേടുവാനുള്ള ആഗ്രഹവും കൂടിച്ചേൎന്നു് അധിനിവേശത്തിന്നു വലിയൊരു പ്രേരണ നല്കി. കിഴക്കു് സൈപ്രസ്സും, കരിങ്കടൽത്തീരവും മുതൽ പടിഞ്ഞാറു് സ്പെയിൻവരെ ഗ്രീക്കുകുടിയേറിപ്പാർപ്പുനാട്ടുകൾ വ്യാപിച്ചുകിടന്നു.

കൃഷീവലരുടെ സ്ഥിതി അധഃപതിച്ചുവന്നു. ചിലപ്പോൾ അവരുടെ അസംതൃപ്തി ആളിക്കത്തിച്ചു് ഒരു പ്രഭുവിനു രാഷ്ട്രീയാധികാരം പിടിച്ചെടുക്കുവാൻ കഴിയുമായിരുന്നു. അങ്ങനെ സ്വേച്ഛാഭരണം സ്ഥാപിതമായി. സ്വേച്ഛാഭരണമെന്ന വാക്കു വഴിതെററിക്കുവാൻ പൎയ്യാപ്തമായ ഒന്നാണു്. എന്തെന്നാൽ, മിക്ക ഗ്രീക്ക് സ്വേച്ഛാധിപതികളും ഭംഗിയായും നീതിപൂർവ്വകമായും ഭരണം നടത്തിയിരുന്നു. തികച്ചും നീതിമാനായ സ്വേച്ഛാധിപതിയുടെ ഭരണമാണു് ഏററവും നല്ലതെന്നു പിന്നീടു ഗ്രീക്ക് ദാർശനികന്മാർ പ്രഖ്യാപിച്ചിട്ടുണ്ടു്. സ്വേച്ഛാധിപതികളുടെ കാലഘട്ടം, ഗ്രീക്ക് കലയിൽ ഗണനീയമായൊരു അഭിവൃദ്ധിയെ ദർശിച്ചു. സഫോവിന്റെയും സ്റ്റെസിക്കോറസിന്റെയും ആവിർഭാവത്തോടെ കവിത അത്യുന്നതമായൊരു നിലവാരത്തിലെത്തി. സംഗീതം പ്രചാരത്തിൽ വന്നു, ശില്പകലയും വികാസം പ്രാപിച്ചു.

ക്രി. മു. 511-ൽ ഹിപ്പിയാസിൻെറ പലായനം സ്വേച്ഛാധിപത്യത്തിൻെറ അന്ത്യം കുറിച്ചു. പിന്നീടു്, ഈ പലായനത്തിനുത്തരവാദിയായ ക്ലൈസ്ഥനീസ് എന്ന പ്രഭു, സ്വേച്ഛാധിപത്യത്തിൻെറ പുനർവ്യാപനം തടയാനുള്ള ഒരു പ്രധാന നിയമം കൊണ്ടുവന്നു. ഇതനുസരിച്ചു് ആഥൻസിലെ ജനങ്ങൾക്കു് ആണ്ടിലൊരിക്കൽ, ഏതെങ്കിലുമൊരു പ്രമുഖ പൌരനെ രാജ്യത്തിനാപൽക്കാരിയായി പ്രഖ്യാപിക്കാനും,

ആറായിരമോ അതിലധികമോ വോട്ടുകൊണ്ടു് അയാളെ 10 കൊല്ലത്തേക്കു ബഹിഷ്ക്കരിക്കാനും കഴിയുമായിരുന്നു.

ക്രി. മു. 490-ൽ മരഥോൺ മഹായുദ്ധത്തിൽ അഥീനിയക്കാർ, സ്പാർട്ടന്മാരുടെ സഹായംകൂടാതെതന്നെ (അവർ സഹായം വാഗ്ദാനംചെയ്തുവെങ്കിലും താമസിച്ചാണെത്തിയതു്) ഡാരിയസിൻെറ നേതൃത്വത്തിൽ ആക്രമിച്ച പേർഷ്യക്കാരോടു സമരംചെയ്തു് അവരെ പരാജയപ്പെടുത്തി. മരഥോണിൽ സമരംചെയ്ത ഥെമിസ്റ്റോക്ലീസ് എന്ന പ്രമുഖനായ അഥീനിയൻ, നാവികശക്തി വികസിപ്പിക്കാൻ ഒരു നയം ആവിഷ്കരിച്ചു. പത്തുവർഷത്തിനുശേഷം, ഡാരിയസിൻെറ പുത്രൻ സർക്സീസ് ഗ്രീസിനെ ആക്രമിച്ചപ്പോൾ, സ്പാർട്ടയിലെ രാജാവായ ലിയോണിഡസിൻെറയും അനുചരന്മാരുടെയും ധീരതമൂലം ആക്രമികളുടെ കരസൈന്യത്തെ തന്ത്രപ്രധാനമായ ഒരു മലയിടുക്കിൽ തടഞ്ഞുനിറുത്തിയപ്പോൾ, സലാമിസിൽ ഗ്രീക്കു നാവികപ്പട പേർഷ്യക്കാരെ അസന്ദിഗ്ധമായി തുരത്തിക്കളഞ്ഞു.

ഈ ഉജ്ജ്വലവിജയങ്ങൾ, ഒരു അഥീനിയൻ സാമ്രാജ്യം സ്വപ്നംകാണാൻ ഥെമിസ്റ്റോക്ലീസിനെ പ്രേരിപ്പിച്ചു. സാഹചര്യങ്ങളും അനുകൂലമായിരുന്നു. പേർഷ്യൻപ്രതികാരത്തെ ഭയന്നു് പല ഗ്രീക്കുനഗരങ്ങളുംചേന്നു് ഡീലിയൻസംഘടന രൂപവൽക്കരിച്ചു. ഡിലോസ്ദ്വീപിലുള്ള അപ്പോളോ ക്ഷേത്രത്തിൽ അതിൻെറ സമ്പത്തു് ആദ്യം സൂക്ഷിച്ചിരുന്നതുകൊണ്ടാണു് ഈപേരുണ്ടായതു്. ഡീലിയൻസംഘടനയായിരുന്നു അഥീനിയൻസാമ്രാജ്യത്തിന്റെ യഥാർത്ഥ കേന്ദ്രബിന്ദു, എന്തെന്നാൽ അതിന്റെ നായകത്വം വഹിച്ചിരുന്നതു് ആഥൻസാണു്.

സ്പാർട്ടയോടുള്ള സ്പർദ്ധനിമിത്തം ഥെമിസ്റ്റോക്ലീസ് യുദ്ധത്തിനുത്സാഹിച്ചിരുന്നുവെങ്കിലും അദ്ദേഹത്തിൻെറ പിൻഗാമിയായ പെരിക്ലീസിൻെറ കാലത്തു മാത്രമേ അതു പൊട്ടിപ്പുറപ്പെട്ടുള്ളു. ഒന്നാമത്തെ പെലോപ്പോണിഷ്യൻ (സ്പാർട്ടൻ) യുദ്ധം ക്രി. മു. 459-ൽ ആരംഭിക്കുകയും 13 വഷം നീണ്ടുനില്ക്കുകയും ചെയ്തു. സമാധാനം ആഥൻസിനു് അനുകൂലമല്ലാതിരുന്നില്ല, എങ്കിലും യുദ്ധം ആ രാജ്യത്തെ ക്ഷീണിപ്പിച്ചുകളഞ്ഞു.

ഗ്രീക്കുചരിത്രത്തിലെ ഏററവും ശോഭനമായ കാലം

പെരിക്ലീസിന്റേതാണു്. അദ്ദേഹം ക്ലെയ്സ്ഥനീസിന്റെ പരമ്പരയിൽപ്പെട്ടവനും അദ്ദേഹത്തെപ്പോലെതന്നെ ജനസ്വാതന്ത്ര്യങ്ങളെ ശക്തിയായി അനുകൂലിച്ചിരുന്നയാളുമാണു്. വളരെ ദരിദ്രരായ തൊഴിലാളികൾ ഒഴികെ എല്ലാ അഥീനിയക്കാക്കും ഭരണകൂടത്തിൽ എന്തു പദവിയും വഹിക്കാൻ സാദ്ധ്യമായിത്തീന്നു.

ജനാധിപത്യാശയങ്ങളിൽ ഗണ്യമായൊരു വികാസമുണ്ടായി. ഇക്കാലത്തു് ആഥൻസിൽ ഒരു ലക്ഷം അടിമകളും, ഇരുപതിനായിരം വിദേശികളായ നിവാസികളുമുണ്ടായിരുന്നു. ഈ രണ്ടു വർഗ്ഗത്തിനും രാഷ്ട്രീയാവകാശങ്ങളൊന്നുമുണ്ടായിരുന്നില്ല. എന്നാൽ തങ്ങളുടെ കുടുംബാംഗങ്ങളടക്കം എണ്ണത്തിൽ 1,60,000 വന്നിരുന്ന പൗരന്മാർ എല്ലാവിധത്തിലും രാജ്യത്തിന്റെ യഥാത്ഥ ഭരണാധിപന്മാരായിരുന്നു. സഭയുടെ യോഗങ്ങളിൽ തൻെറ താല്പര്യങ്ങളെ പ്രതിനിധീകരിക്കാൻ അഥീനിയക്കാരൻ ആരെയും തിരഞ്ഞെടുത്തിരുന്നില്ല. അയാൾ നേരിട്ടവിടെ ഹാജരായിരുന്നു. സഭ ആണ്ടിൽ പത്തുപ്രാവശ്യമെങ്കിലും സമ്മേളിക്കയും ചെയ്തിരുന്നു.

പെരിക്ലീസിന്റെ ഭരണകാലത്തു്, വമ്പിച്ചൊരു പ്രചോദനം ലഭ്യമായി. പേർഷ്യക്കാർ നശിപ്പിച്ച ക്ഷേത്രങ്ങളുടെ സ്ഥാനത്തു പുതിയവ നിർമ്മിക്കുവാൻ, മഹാശില്പിയായ ഫിഡിയസ് അദ്ദേഹത്തോടു സഹകരിച്ചു. മഹാന്മാരായ നാടകരചയിതാക്കളുടെ കാലഘട്ടവും ഇതായിരുന്നു. അർദ്ധവൃത്താകൃതിയിൽ വരിവരിയായി തയ്യാർചെയ്തിരുന്ന പീഠങ്ങളോടു കൂടിയ തുറസ്സായ നാടകശാലകളിൽ അവരുടെ നാടകങ്ങൾ അഭിനയിക്കപ്പെട്ടു. ഓരോ പൗരനും രാഷ്ട്രത്തിൻെറ അതിഥിയായാണു് നാടകത്തിനു ഹാജരായിരുന്നതു്. ലോകത്തിലെ ഏറ്റവും മഹാന്മാരായിരുന്ന രണ്ടു ചരിത്രകാരന്മാർ—ഹെറോഡോട്ടസും ത്യൂസിഡിഡീസും—പെരിക്ലീസിന്റെ കാലത്താണു ജീവിച്ചിരുന്നതു്. ഗണനീയരായ ഒരു വർഗ്ഗം ആചാര്യന്മാരും—സോഫിസ്റ്റുകൾ—അക്കാലത്തു പ്രത്യക്ഷപ്പെട്ടു. സംഖ്യാഗണിതം, ക്ഷേത്രഗണിതം, ജ്യോതിശ്ശാസ്ത്രം ഇവയുടെ ആദ്യപാഠങ്ങൾ പഠിപ്പിച്ചും, തട്ടിപ്പുകളെ തുറന്നുകാട്ടിയും അന്ധവിശ്വാസങ്ങളെ ചോദ്യംചെയ്തും അവർ ചുററിസ്സഞ്ചരിച്ചു.

പെരിക്ലീസിൻെറ കാലത്താണു് ഡിലോസ്സംഘടന, അഥീനിയൻസാമ്രാജ്യമായി വികസിച്ചതു്. ഖജനാവു് ആഥൻസിലേക്കു മാററപ്പെട്ടുകയും അതിലെ പണം നഗരത്തെ സുന്ദരമാക്കാൻ വിനിയോഗിക്കയും ചെയ്തു. അംഗരാജ്യങ്ങൾ തമ്മിലുള്ള തക്കങ്ങൾക്കു് അഥീനിയക്കാർ ഒത്തുതീർപ്പുണ്ടാക്കിവന്നു; അഥീനിയൻ അധികാരത്തെ എതിത്ത അംഗരാജ്യങ്ങളെ കക്കശമായി നേരിട്ടുകയും ചെയ്തു. അത്തരം ഒരു സന്ദർഭത്തിൽ, കൊറിന്തു്, അതീവ അസൂയാലുവായിത്തീരുകയും, സ്പാർട്ടക്കാരുടെ ഇടയിൽ അഥീനിയന്മാരുടെ നേക്കു വിദ്വേഷമിളക്കിവിട്ടുകയുമുണ്ടായി. അങ്ങനെ രണ്ടാമത്തെ പെലോപൊണീഷ്യൻയുദ്ധം (ക്രി. മു. 430 മുതൽ 400 വരെ) ആരംഭിച്ചു. ആഥൻസിൻെറ നാവികശക്തി, സ്പാർട്ടയുടെ സൈനികശക്തിക്കു മുൻപിൽ പരാജയപ്പെട്ടുകയും ചെയ്തു.

പിന്നീട്ടുള്ള കാലം സംഭവബഹുലമായിരുന്നു. സ്പാർട്ടൻശക്തി, ഥീബ്സിൻെറ ശക്തിക്കുമുന്നിൽ പരാജയമടഞ്ഞു. ഇങ്ങനെ ഗ്രീക്കുരാജ്യങ്ങൾ പരസ്പരം അത്യധികം സംശയാലുക്കളായി വത്തിക്കവേ, പുറമേനിന്നുമുള്ള ഒരു ആക്രമി, മാസിഡോണിലെ ഫിലിപ്പ്, ഉത്തരഭാഗത്തു പ്രത്യക്ഷപ്പെട്ടു.

അഥീനിയൻപ്രഭാഷകനായ ഡെമോസ്ഥനീസ്, ഫിലിപ്പിനെ ഒരു കിരാതനായി കരുതി. പക്ഷേ, ഫിലിപ്പ്, ഗ്രീക്കുവഗ്ഗക്കാരനായിരുന്നു. മാത്രമല്ല, അദ്ദേഹവും പുത്രൻ അലക്സാണ്ടരും ഗ്രീക്കുമാതൃകയിൽ വിദ്യാഭ്യാസം നേടിയവരുമായിരുന്നു. ക്രി. മു. 338-ൽ കെറോണിയയിൽവെച്ചു ഫിലിപ്പ് അഥീനിയക്കാരെയും ഥീബ്സുകാരെയും പരാജയപ്പെട്ടുത്തി. രണ്ടു വർഷത്തിനുശേഷം അദ്ദേഹം വധിക്കപ്പെട്ടു. ക്രി. മു. 334-ൽ അദ്ദേഹത്തിൻെറ പുത്രൻ അലക്സാണ്ടർ തന്റെ ദിഗ്വിജയത്തിനുള്ള പരിപാടിയാരംഭിച്ചു. ഗണനീയനായ ഈ യുവാവിൻെറ ഉജ്ജ്വലപ്രഭാവത്തിനു മുന്നിൽ പേർഷ്യയും, ഈജിപ്തും, ബാബിലോണും പരാജയമടഞ്ഞു. ഗ്രീക്കുപട്ടാളം ഹിന്ദുക്കുഷ് പവ്വതം തരണംചെയ്തു് പഞ്ചാബിനെ ആക്രമിച്ചു. ഇററലിയും, കാത്തേജും, സ്പെയിനും കീഴടക്കാൻ അലക്സാണ്ടർ ഉദ്ദേശിച്ചിരുന്നു. പക്ഷേ, അതുണ്ടായില്ല. മടക്കയാത്രയിൽ,ബാബിലോണിൽവെച്ചു്, അമിതാനുഭവങ്ങളുടെ ഫല

മായുണ്ടായ ഒരു ജ്വരബാധമൂലം 32-ാംവയസ്സിലദ്ദേഹം മൃതിയടഞ്ഞു.

വിജ്ഞാനവദ്ധനവിനു്, അലക്സാണ്ടർ വളരെയൊക്കെ പ്രവത്തിച്ചു. നൈൽനദിയിലെ വേലിയേററത്തെയും വേലിയിറക്കത്തെയും കുറിച്ചു പഠിക്കാനും, കാസ്പിയൻസമുദ്രത്തിൽ പര്യവേഷണം നടത്താനും അദ്ദേഹം അന്വേഷണസംഘങ്ങളെ നിയോഗിച്ചു. അദ്ദേഹത്തിൻെറ ആക്രമണങ്ങൾ പ്രകൃതിശാസ്ത്രത്തിനു ഗുണകരമായി അനുഭവപ്പെട്ടു. എന്തെന്നാൽ, വളരെയധികം സസ്യമാതൃകകളും, ജന്തുമാതൃകകളും, തൻെറ പഴയ ഗുരുവായ അരിസ്റ്റോട്ടിലിനു് അദ്ദേഹം അയച്ചുകൊടുക്കയുണ്ടായി. ഗ്രീക്കു് ആശയങ്ങൾ മേധാവിത്വം പുലത്തുന്ന ഒരു ലോകരാഷ്ട്രമായിരുന്നു അദ്ദേഹത്തിൻെറ ആദർശം. ഗ്രീക്കു് സംസ്കാരത്തിൻെറ പ്രസരണകേന്ദ്രങ്ങളായിത്തീരത്തക്ക നഗരങ്ങൾ, അദ്ദേഹത്തിൻെറ ആക്രമണമാർഗ്ഗങ്ങളിലദ്ദേഹം നിർമ്മിച്ചു.

അലക്സാണ്ടരുടെ മരണശേഷം അദ്ദേഹത്തിൻെറ സാമ്രാജ്യം, മൂന്നു സൈന്യാധിപന്മാരുടെ കീഴിൽ മൂന്നായി പിരിഞ്ഞു. ഏഷ്യൻപ്രദേശം സെല്യൂക്കസിൻെറയും, യൂറോപ്യൻ പ്രദേശം ആൻറിഗോണസിൻെറയും, ആഫ്രിക്കൻപ്രദേശം (ഈജിപ്റ്റെന്ന ഒരു പുതിയ ഗ്രീക്കുരാജ്യം) ടോളമിയുടെയും അധീനതയിലായി. ഗ്രീക്കുസംസ്കാരം പ്രചരിപ്പിക്കുകയെന്ന അലക്സാണ്ടരുടെ നയം, അദ്ദേഹത്തിൻെറ മരണത്തെ അതിജീവിച്ചു. മാസിഡോണിയ,സിറിയ, ഈജിപ്റ്റ് എന്നീ രാജ്യങ്ങൾ ഏററയക്കുറും ഗ്രീക്കുസംസ്കാരകേന്ദ്രങ്ങളായിരുന്നു. അവിടെ തെരുവുകളിൽ ഗ്രീക്കുഭാഷ സംസാരിക്കപ്പെട്ടിരുന്നു. ഗ്രീക്കു ക്ഷേത്രങ്ങൾ, ശില്പകല, നാടകശാലകൾ, കായികാഭ്യാസശാലകൾ എന്നിവ നഗരങ്ങളുടെ മുഖ്യസവിശേഷതകളായിരുന്നു. ടോളമിവംശത്തിൻെറ കീഴിൽ അലക്സാണ്ട്റിയായിൽ ഒരു വൈജ്ഞാനികനവോത്ഥാനമുണ്ടായി. അവിടെയാണു് ലോകത്തിലെ പ്രഥമ സവ്വകലാശാലയും പ്രഥമ ഗ്രന്ഥശാലയും ഉടലെടുത്തതു്.

പാർഥിയന്മാരും, റോമാക്കാരും, സെല്യൂസിഡ്‌രാജകുടുംബത്തിന്റെ പ്രതാപത്തെ, സിറിയയുടെ ഭരണാധികാരത്തി

ലേക്കു ചുരുക്കിക്കളഞ്ഞു. ഈജിപ്തു കുറേക്കാലത്തേക്കു് ഒരു ഒന്നാംകിട നാവികശക്തിയായിരുന്നു. പിന്നീട്ടു്, ഗ്രീക്കുനഗരങ്ങളുടെ അനൈക്യം അവരെ നിഷ്പ്രയാസം മാസിഡോണിയക്കാരുടെ ഇരയാക്കിത്തീർത്തമാതിരി, റോമാക്കാർക്കെതിരെ ഈജിപ്തുകാർക്കും മാസിഡോണിയക്കാർക്കും സിറിയക്കാർക്കും യോജിച്ചുനില്ക്കാൻ കഴിയാതിരുന്നതുമൂലം, റോമാക്കാർ ആ രാജ്യങ്ങളെ പ്രത്യേകം പ്രത്യേകം ആക്രമിച്ചു കീഴടക്കി. അവസാനം കീഴടങ്ങിയതു് ഈജിപ്തായിരുന്നു—ക്രി. മു. 30-ൽ.

## പുരാണേതിഹാസങ്ങൾ

പ്രകൃത്യാരാധനയുടെ ഒരു പരിഷ്കരിച്ച രൂപമായിരുന്നു ഗ്രീക്കുമതം. ദേവന്മാരും ദേവിമാരും പ്രകൃതിയുടെ മൂർത്തിമൽഭാവങ്ങളാണു്. ഗ്രീക്കുദേവഗണത്തിലെ പ്രധാനികളെക്കുറിച്ചുള്ള അറിവു്, ഗ്രീക്കുസാഹിത്യം മാത്രമല്ല, യൂറോപ്യൻസാഹിത്യത്തിൽ ഒട്ടുമിക്കതുംതന്നെ ആസ്വദിക്കാൻ അനുപേക്ഷണീയമത്രെ.

ക്രോണസിൻെറയും റീയയുടെയും സന്താനമായ സ്യൂസ്, നേരത്തേയുള്ള മറെറാരു ദേവവംശമായ ടൈററന്മാരെ പരാജയപ്പെടുത്തി സ്വർഗ്ഗത്തിൻെറ ഭരണാധിപനായി. അദ്ദേഹം ആകാശത്തിൻെറയും വായുവിൻെറയും ശക്തിയുടെ സചേതനാകാരവും, നമ്മുടെ ഇന്ദ്രനെപ്പോലെ ഇടി, മിന്നൽ ഇവയുടെ കൈകാര്യകർത്താവുമാണു്. അദ്ദേഹത്തിന്റെ പത്നിയായ ഹീരയോട്ടു്, മനുഷ്യർ മഴയ്ക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നു. ചെടികളെ വളർത്തുകയും പുഷ്പിപ്പിക്കുകയും ചെയ്യുന്ന സൂര്യപ്രകാശത്തിൻെറയും മഴയുടെയും ഫലവത്തായ അനുവർത്തനത്തിൻെറ പ്രതീകമാണു് ഹീരയുടെയും സ്യൂസിൻെറയും സുന്ദരമായ ബന്ധം. മനുഷ്യസ്ത്രീകളുമായി വിഹരിക്കാൻ സ്യൂസ് ഇഷ്ടപ്പെട്ടിരുന്നു. ഹീര അതിലസൂയാലുവുമായിരുന്നു. തന്മൂലം കൂടക്കൂടെയുണ്ടാകുന്ന അവരുടെ കലഹത്തെ പ്രതിനിധാനം ചെയ്തിരുന്നു കൊടുങ്കാററുകൾ.

സ്യൂസിൻെറ സഹോദരനായ പോസെയിഡോൺ, സമുദ്രത്തെ അടക്കിവാണിരുന്നു. സ്യൂസിൻെറ മറെറാരു സഹോ

ദരനായ പ്ളൂട്ടോ, പാതാളത്തിലെ അശാന്തനും ഉഗ്രനുമായ ഭരണാധിപനാണ്. ഒരിക്കൽ, കൊയ്ത്തുകാലത്തിൻെറ ദേവതയായ ഡെമീറ്ററുടെ പുത്രി, പെർസിഫോൺ, ഒരു പുൽത്തകിടിയിൽ വിഹരിച്ചുകൊണ്ടിരിക്കവേ, പ്ലൂട്ടോ അവളിൽ ആകൃഷ്ടനായി. അദ്ദേഹം അവളുടെ മുൻപിൽ വലിയൊരു പുഷ്പം വിരിയിപ്പിച്ചു. ആ ബാലിക അതു പറിച്ചെടുക്കാൻ കുനിയവേ, ഭൂമി പിളരുകയും, പാതാളദേവൻ അവളെ തട്ടിക്കൊണ്ടുപോകുകയുംചെയ്തു. പക്ഷേ, എല്ലാക്കൊല്ലവും വസന്തകാലത്തു ഭൂമിയിലേക്കു മടങ്ങിവന്നു്, ശൈത്യകാലാരംഭംവരെ തൻെറ മാതാവിനോടൊപ്പം കഴിച്ചുകൂട്ടുവാൻ അവളെ അനുവദിച്ചിരുന്നു. വസന്തത്തിൻെറ പുനരാഗമനത്തെപ്പറ്റിയുള്ള ഭാവനാപരമായൊരു രൂപകഥയാണീപുരാവൃത്തം.

സ്യൂസിൻെറ പുത്രനായ അപ്പോളോ, ദീപ്തി, സംഗീതം, ഇവയുടെ ദേവനും, രോഗഹരനും, എല്ലാ ധാർമ്മികദൂഷണങ്ങളുടേയും ശുദ്ധികർത്താവുമാണ്. അദ്ദേഹത്തിൻെറ സഹോദരിയായ ആർട്ടെമിസ്, മൃഗയാവിനോദത്തിൻെറ അധിദേവതയും നിർമ്മലകന്യകാത്വത്തിൻെറ ദേവിയുമാണ്. സ്യൂസിന്റെ തലയിൽനിന്നും പടച്ചട്ടയണിഞ്ഞരൂപത്തിലുടലെടുത്ത അഥീന, യുദ്ധപ്രിയയായ നഗരസംരക്ഷകയത്രേ. സാഗരഫേനത്തിൽനിന്നും പൂർണ്ണവളർച്ചയോടെ ഉടലെടുത്ത അഫ്രോഡൈറ്ററി, പ്രണയദേവതയാണ്. സെലീനി, ചന്ദ്രദേവതയും. ഹെഫേസ്റ്റസ്, ദേവന്മാരുടെ ശില്പിയാണ്, അയാളുടെ ഭാര്യയാണ് അഫ്രോഡൈറ്ററി. പക്ഷേ, അവൾക്കു സംഗ്രാമദേവനായ ആരിസുമായി അവിഹിതബന്ധമുണ്ട്. ചിറകുള്ള പാദരക്ഷകളോടുകൂടിയ ഹെർമിസ്, ദേവന്മാരുടെ സന്ദേശവാഹകനാണ്.

സ്യൂസിൻെറയും സ്മരണയുടെയും ഒൻപതു പുത്രിമാരാണു കലാ(മ്യൂസ്)ദേവതകൾ. സർഗ്ഗാത്മകതയുള്ള, അടിസ്ഥാനപരമായ ദൈവികപ്രചോദനത്തിൻെറയും, ഭാവനാപൂർണ്ണമായ സ്മരണയുടെയും സംയോഗത്തിൻെറ പ്രതീകങ്ങളാണിവർ. ഇവരിലോരോരുത്തരും ചില പ്രത്യേക കലയുടെ അഥവാ ശാസ്ത്രത്തിൻെറ അധിദേവതകളാണ്. നൃത്തങ്ങളുടെയും ഉത്സവങ്ങളുടെയും അധിനായകത്വം വഹിച്ചിരുന്ന, മാന്യകളും

പരിഷ്കൃതകളുമായ കന്യകമാരാണു് ഗ്രേസുകൾ. പുളയുന്ന സപ്പങ്ങളാകുന്ന തലമുടിയാൽ മറയപ്പെട്ട ബീഭത്സമുഖങ്ങളോട്ടകൂടിയ മൂന്നു ഭയങ്കരികളായ കൃത്യകൾ (ഫ്യൂറീസ്) ഉണ്ടു്. കുറ്റങ്ങൾ തെളിയിക്കപ്പെട്ടിട്ടില്ലാത്ത ക്രൂരന്മാരെ അവർ ദണ്ഡിക്കുന്നു. ഭയചകിതമായ പ്രാകൃതാന്തഃകരണത്തെ അവർ പ്രതിനിധാനം ചെയ്യുന്നു. ഇതുപോലെ മനുഷ്യരെ ചുറ്റിപ്പറ്റിയുള്ള നിരവധി ഐതിഹ്യങ്ങളുമുണ്ടു്. അവ മിക്കതും വിശിഷ്ടപ്രതിഭയുടെ സന്തതികളാണു്. ഒരു മാതൃകയായി ഹാൽസിയോണിയുടെ കഥ ഇവിടെ ചേക്കുന്നു:

ഥെസ്സലിയിലെ രാജാവും, ദിനതാരകത്തിന്റെ പുത്രനുമായ സെയിക്സു്, ഭാഗ്യം തനിക്കെതിരായിത്തീരുന്നതുകണ്ടു്, തന്റെ പത്നിയും മാരുതദേവന്റെ പുത്രിയുമായ ഹാൽസിയോണിയുടെ അഭ്യത്ഥനകളെ അവഗണിച്ചും, ഡെൽഫിയിലെ ദൈവജ്ഞനോടാലോചിക്കാൻ പുറപ്പെടുന്നു. അദ്ദേഹത്തിന്റെ അചഞ്ചലതപം കണ്ടു്, തന്നെയുംകൂടെ കൊണ്ടുപോകണമെന്നു പത്നി അപേക്ഷിക്കുന്നു. എന്നാൽ, സമുദ്രത്തിലെ ആപത്തുകൾ വിവരിച്ചു് അദ്ദേഹം പത്നിയിൽ ഭീതി ജനിപ്പിക്കുന്നു. അദ്ദേഹം വേർപിരിയുമ്പോൾ ആ സ്ത്രീ അസ്തപ്രജ്ഞയായിത്തീരുന്നു. അതോട്ടുകൂടി അദ്ദേഹത്തിന്റെ ആത്മവിശ്വാസം നഷ്ടപ്പെടുന്നു. പ്രജ്ഞ ലഭിച്ച ദുഃഖാർത്തയായ പത്നിയുടെ കൈവീശൽ കാഴ്ചയിൽനിന്നു മറയുന്നതുവരെ നോക്കിനിന്നു് അദ്ദേഹം സ്വയം സമാശ്വസിക്കുന്നു. സമുദ്രത്തിൽവെച്ചു കൊടുങ്കാററുയന്നു കപ്പൽ തകരുകയും, പാവം രാജാവിനെ ഭീമാകാരമായ ഒരു തിരമാല വിഴുങ്ങുകയുംചെയ്തു. ദിനതാരം അപ്പോൾ തന്റെ മുഖം മേഘങ്ങൾക്കിടയിൽ മറച്ചുകളഞ്ഞു. ഉൽക്കണ്ഠയോടെ കാത്തിരിക്കുന്ന രാജപത്നിയിൽ ഹീര അനുകമ്പ പ്രകടിപ്പിച്ചു; തന്റെ ഭത്താവിനുണ്ടായ വിധി അവൾ സ്വപ്നത്തിൽ ദർശിച്ചു. പ്രഭാതമായപ്പോൾ ഭത്താവു യാത്രപുറപ്പെട്ട സ്ഥാനത്തേക്കവൾ പോയി. അവിടെ അവളുടെ പ്രിയതമന്റെ ദേഹം വെള്ളത്തിൽ പൊങ്ങിക്കിടന്നിരുന്നു. കടലിൽവീണു മരിക്കാനായി അവൾ അന്തരീക്ഷത്തിലേക്കു കുതിച്ചു; പക്ഷേ, ദേവതകൾ അവളെ രക്ഷിച്ചു; സ്വയം ഒരു പക്ഷിയായിത്തീന്നു തന്റെ നാഥന്റെ സമീ

പത്തേക്ക പറക്കുന്നതാണവൾക്കനുഭവപ്പെട്ടതു്. അവൾ അദ്ദേഹത്തെ ചുംബിക്കാൻ ശ്രമിച്ചപ്പോൾ അദ്ദേഹം തലയുയൎത്തി, അദ്ദേഹവും ഒരു പക്ഷിയായി മാറി. എല്ലാ ശൈത്യകാലത്തും അവർ വെള്ളത്തിനുമുകളിൽ അവരുടെ കൂട്ടുകെട്ടുന്നു. ഏഴുദിവസത്തേക്ക കാറ്റു് നിശ്ചലമായും ജലം അചഞ്ചലമായും തീരുന്നു. എന്തെന്നാൽ തൻെറ പൗത്രസന്തതികൾ ശാന്തമായി വളരണമെന്നു മാരുതദേവനു് ആഗ്രഹമുണ്ടു്.

ഗ്രീക്കുകാരുടെ ഭാവനാശക്തി, മനുഷ്യശരീരവും ആടിൻെറ കാലുകളുമുള്ള നരമേഷങ്ങളേയും, പകുതി മനുഷ്യനും പകുതി കുതിരയുമായ നരാശ്വങ്ങളേയും, വനദേവതകളേയും കൊണ്ടു വനങ്ങളെ നിറച്ചു. മലഞ്ചോലകളിലും, നദികളിലും സമുദ്രങ്ങളിലും ജലദേവതകളുണ്ടായിരുന്നു. യുക്തിയുടെ നിയന്ത്രണത്തെ ഭേദിച്ചുകടക്കുന്ന ആനന്ദോന്മാദത്തിൻെറ ദേവനായ ബാക്കസി(ഡയോണൈസസ്)ന്റെ അനുചരരത്രേ ഈ നരമേഷങ്ങളും ദേവതകളും.

## ഗ്രീസ് നൽകിയ സമ്പത്തു്

ജനാധിപത്യത്തെക്കുറിച്ചുള്ള യൂറോപ്യൻസങ്കല്പം ഗ്രീസിനോളം പഴയതാണു്. ചിന്താസ്വാതന്ത്ര്യം, പ്രസംഗസ്വാതന്ത്ര്യം, രചനാസ്വാതന്ത്ര്യം എന്നീ പൗരസ്വാതന്ത്ര്യങ്ങളെക്കുറിച്ചുള്ള ആദ്യത്തെ വ്യക്തമായ രൂപം, യൂറോപ്പിനെസ്സംബന്ധിച്ചിടത്തോളം, ഗ്രീസിലാണുണ്ടായതു്. റോമൻനിയമം, ഗ്രീക്കനഗരങ്ങളിലെ നിയമസംഹിതകളെ കൈക്കൊണ്ടു. പിന്നീടു് റോം ഒരു ജനപദമല്ലാതായി ഒരു സാമ്രാജ്യമായി മാറിയപ്പോൾ, അതു് ഏഷ്യയിലെയും ഈജിപ്തിലെയും ഗ്രീക്കരാജ്യങ്ങളുടെ മാതൃകയിലാണു രൂപംകൊണ്ടതു്.

ഗ്രീക്കചിത്രകലയ്ക്കു്, യൂറോപ്യൻചിത്രകലയിൽ വലിയൊരു സ്വാധീനതയുണ്ടായിരുന്നുവെന്നു പറയാൻ നിവൃത്തിയില്ല. പക്ഷേ, പിക്കാസ്സോവിനെ അദ്ദേഹത്തിൻെറ കലാജീവിതത്തിലെ ഒരു ഘട്ടത്തിൽ, ഗ്രീക്കചിത്രരചനയുടെ മേന്മ ആവേശംകൊള്ളിക്കയുണ്ടായി. ഗ്രീക്കമൺപാത്രങ്ങളിലെ അലങ്കാരചിത്രങ്ങളിലുള്ള സുന്ദരമായ രൂപലാളിത്യം ഇന്നും ജീവത്തായ ഒരു പ്രചോദനശക്തിയാണു്. ചുമർചിത്ര

34595

കലയിലും, അലക്സാണ്ട്റിയായിലും പോംപെയിലും ഉള്ള അവശിഷ്ടങ്ങളിലൂടെ പോളിഗ്നോട്ടസ് തുടങ്ങിയ ചിത്രകലാകാരന്മാർമുതൽക്കു ജിയോട്ടോ, മൈക്കലെൻജലോ മുതലായവർവരെ ഒരു അവിച്ഛിന്നതയുണ്ട്. ക്ലാസിക്കൽ യൂറോപ്യൻ സംഗീതം, മദ്ധ്യകാലസങ്കീർത്തനങ്ങളും നൃത്തങ്ങളുംമുഖേന ഗ്രീസുമായി ബന്ധപ്പെട്ടിരിക്കുന്നു. ഗ്രീക്കു ഗാനനൃത്തവും നാടകവും, യൂറോപ്യൻഗാനനാടകത്തിൻെറയും സംഗീതനാടകത്തിൻെറയും അകന്ന പൂർവ്വികന്മാരത്രെ. ഗ്രീക്കുശില്പകലയ്ക്കു പ്രചോദനമരുളിയിട്ടുള്ള ലാളിത്യത്തിൻെറയും ശക്തിയുടെയും ആദർശങ്ങൾ, അമിതാലങ്കാരത്തെ പരിത്യജിക്കുകയും ലഭ്യമായ പരിധികളിൽ ഏററവും സഫലമായ കൃത്യനിർവ്വഹണം സാധിക്കുകയും ചെയ്യുന്ന ആധുനികപ്രകൃതിയാൽ സാത്മ്യകരിക്കപ്പെട്ടുന്നു. ഇന്നും ശില്പകലയുടെ ഭാവവും സാങ്കേതികരീതിയും ഗ്രീസിൻേറതുതന്നെയാണ്. വടക്കുപടിഞ്ഞാറൻ അതിർത്തിസംസ്ഥാനത്തെയും അഫ്ഗാനിസ്ഥാനിലെയും ഗാന്ധാരപ്രതിമാശില്പത്തിൽ ബൗദ്ധമതത്തിൻെറ ആത്മീയതയും, ഗ്രീക്കുകാരുടെ സഹജാവബോധവും അത്ഭുതാവഹമായി സമ്മേളിച്ചിരിക്കുന്നു.

KOTTAYAM PUBLIC LIBRARY KOTTAYAM.

വൈദികസിദ്ധാന്തപരമായ ധാരണകളിൽനിന്നും വിമുക്തമായി, പ്രപഞ്ചത്തെക്കുറിച്ചു യുക്തിസഹവും സ്വതന്ത്രവുമായ ശാസ്ത്രീയവിചിന്തനങ്ങൾ ആദ്യം നടത്തിയതിനുള്ള പ്രശസ്തി അയോണിയൻ ഗ്രീക്കുകാർക്കുള്ളതാണ്. ആണവശക്തിയെക്കുറിച്ചുള്ള ധാരണയ്ക്കു് ഡെമോക്രിററസിനോളം പഴക്കമുണ്ട്. അരിസ്റ്റോട്ടിൽ ഒന്നാമത്തെ താർക്കികനും സാഹിത്യവിമർശകനും മാത്രമല്ല, യൂറോപ്പിലെ പ്രഥമ ശാസ്ത്രജ്ഞനുമായിരുന്നു. കോഴിക്കുഞ്ഞുങ്ങളുടെ ഗർഭപിണ്ഡശാസ്ത്രത്തെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ പഠനം, അനുഭവജ്ഞാനത്തോടു കൂടിയ ആധുനികമനസ്സുകളെപ്പോലും ആശ്ചര്യപ്പെടുത്തുന്നു. മനുഷ്യജീവിതത്തെ മെച്ചപ്പെടുത്താനുള്ള ശാസ്ത്രത്തിൻെറ ധാർമ്മികകർത്തവ്യത്തെപ്പററി, യൂറോപ്യൻവൈദ്യശാസ്ത്രത്തിൻെറ പിതാവായ ഹിപ്പോക്രാററിസ്, മനുഷ്യസമുദായത്തിൻെറ സേവനത്തിനു സ്വയം അർപ്പിച്ചുകൊണ്ടു ഭിഷഗ്വരന്മാർ

34535

നിർവ്വഹിക്കുന്ന 'ഹിപ്പോക്രാററിക് പ്രതിജ്ഞ'യിൽ ഊന്നിപ്പറഞ്ഞിട്ടുണ്ട്.

ഗ്രീക്കു ദേവഗണത്തെ മുഴുവൻ, അവരുടെ പേരുമാത്രം മാററിക്കൊണ്ട്, റോം അംഗീകരിച്ചു. സാധാരണമതത്തിൽ നിന്നും വിഭിന്നമായി ഗ്രീസിൽ നിഗൂഢമായ ആരാധനാരീതികളുണ്ടായിരുന്നു. മാനവസമുദായത്തിനുവേണ്ടി മരിക്കുന്ന ഒരു ദൈവത്തെയും, നയ്യാമികവിശുദ്ധികർമ്മത്തിനുശേഷം ആനന്ദോന്മാദത്തിൽ ഭാഗഭാക്കാകുകമൂലം ആത്മീയപുനർജ്ജന്മമെടുക്കുന്ന മനുഷ്യനേയും കുറിച്ചുള്ള കല്പിതകഥകളെ കേന്ദ്രീകരിച്ചുള്ളവയാണ് ഈ ആരാധനാരീതികൾ. വധിക്കപ്പെട്ട ദൈവത്തിൻെറ വിശുദ്ധമാംസത്തിൽ ഭക്തന്മാർ പങ്കുചേരുന്നതിൽ ഈ ഭാഗഭാഗിത്വം പ്രതിനിധാനം ചെയ്യപ്പെടുന്നു. ക്രൈസ്തവവൈദികസിദ്ധാന്തങ്ങളും ആചാരങ്ങളും ഈ സങ്കല്പങ്ങളെ കൈക്കൊള്ളുകയും, ക്രിസ്തുവിൻെറ അഗാധമായ മനുഷ്യസ്നേഹത്തിലൂടെ അവയ്ക്കു കൂടുതൽ ഗഹനമായ ഒരർത്ഥം കല്പിക്കപ്പെടുകയും ചെയ്തു.

പ്ലേറേറാവിന്റെ കൃതികൾക്ക് ഒരു ടിപ്പണിമാത്രമാണ് യൂറോപ്യൻതത്വചിന്തയെന്നു പറയാറുണ്ട്. പക്ഷേ, പ്ലേറ്റോമാത്രമായിരുന്നില്ല ഏകഗ്രീക്കുദാർശനികൻ. ഇന്ന് അറിയപ്പെടുന്ന എല്ലാ ദാർശനികസമ്പ്രദായങ്ങളും ബീജരൂപത്തിൽ ഗ്രീസിൽ വിഭാവനം ചെയ്യപ്പെട്ടവയാണ്. ഭൗതികവാദം ഡെമോക്രിററസിനോളവും, സർവ്വാതിശായിയായ ഒരു ലോകത്തിൻെറ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ആദർശവാദം പ്ലേറേറാവിനോളവും പഴക്കംചെന്നവയത്രെ. ഗ്രീക്കുതത്വശാസ്ത്രം, ജൂതന്മാരുടെയും അറബികളുടെയും ധിഷണയെ ഫലവത്താക്കി. അന്തരാളസ്ഥിതമായ ഈ ഉറവിടങ്ങൾ, യൂറോപ്പ് അവയെ വീണ്ടും കണ്ടെത്തിയപ്പോൾ, നവോത്ഥാനത്തെ വളക്കൂറും ആർദ്രതയും നൽകി പരിപോഷിപ്പിച്ചു.

ഗ്രീക്കുപാരമ്പര്യം ഉണ്ടായിരുന്നില്ലെങ്കിൽ യൂറോപ്യൻ സാഹിത്യം നിലനില്ക്കുമായിരുന്നില്ല. ഇന്നത്തെ പലവിധത്തിലുള്ള ലോകവീക്ഷണഗതികൾ മാത്രമല്ല, അവ സംഗ്രഹിക്കപ്പെട്ടിട്ടുള്ള സാഹിത്യരൂപങ്ങൾ കൂടിയും, ഗ്രീസിൽനിന്നുടലെടുത്തവയാണ്.

അദ്ധ്യായം രണ്ടു്

# മഹാകാവ്യങ്ങൾ

ആദ്യകവികൾ, അവ്യക്തരായ ഐതിഹ്യപുരുഷന്മാരാണു്. ഹോമർ ഒരു അയോണിയനാണു്; ഒരുപക്ഷേ, കറകളഞ്ഞ വിക്രാന്തിയിലുള്ള താല്പര്യം മൂലമായിരിക്കണം അദ്ദേഹത്തിനു് ആന്ധ്യം ബാധിച്ചതു്. "കലാദേവതകൾ അദ്ദേഹത്തിന്റെ നേത്രങ്ങളെ അപഹരിച്ചിട്ടു് പകരം അദ്ദേഹത്തിനു സുമധുരമായ കവിത്വം നൽകി" എന്നാണു പഴഞ്ചൊല്ലു്.

എല്ലാ മഹാരാഷ്ട്രങ്ങളുടെയും ആദ്യകാലമഹാകാവ്യങ്ങൾ ഉണ്ടായ രീതിയിൽത്തന്നെയാണു് ഇലിയഡ്, ഒഡിസ്സി എന്നീ രണ്ടു മഹാകാവ്യങ്ങളുടെയും ആവിർഭാവം. എങ്കിലും ഈ രണ്ടു കാവ്യങ്ങളിലും വ്യക്തിഗതമായ യത്നത്തിന്റെ ചിഹ്നങ്ങളുണ്ടു്. സുദീർഘമായ വർഷങ്ങളിൽ നിരവധി മാറ്റങ്ങളിലൂടെ ശേഖരിച്ച സമ്പന്നമായ വസ്തുതകളെ ഒരു പ്രതിഭാശാലി കൂട്ടിച്ചേർത്തു് പൂർണ്ണരൂപം നൽകിയതാവണം. ജനക്കൂട്ടത്തെ ആനന്ദതുന്ദിലരാക്കിയിരുന്ന ഗായകന്മാരിലൂടെ ഹോമറുടെ ഗാനങ്ങൾ അതിജീവിച്ചു, അനിവാര്യമായ പരിവർത്തനങ്ങൾക്കു വിധേയമായിട്ടാണെങ്കിലും. അഥീനയുടെ ഉത്സവവേളകളിൽ ഒരു നിശ്ചിതക്രമത്തിൽ, ഹോമറുടെ കവിതകൾ പരസ്യമായി പാരായണം ചെയ്യുകയെന്ന ഒരു സമ്പ്രദായം ചുരുങ്ങിയതു് ക്രി. മു. അഞ്ചാംശതകത്തിന്റെ ആരംഭം മുതല്ക്കെങ്കിലും, ആഥൻസിൽ നിലനിന്നിരുന്നു. ഇരുകൃതികളുടെയും മാററിനു ഗണ്യമായ വ്യത്യാസമുണ്ടായിട്ടും (വ്യത്യസ്ത വ്യക്തികൾ രചിച്ചതാകയാലാണിതെന്നു ചില വിമർശകർ അഭിപ്രായപ്പെടുന്നു) ഇലിയഡും ഒഡിസ്സിയും ഹോമറുടെ അമൂല്യകൃതികളാണെന്നു് അഥീനിയന്മാർ സ്ഥാപിച്ചു. അവയിലെ സംഭവങ്ങൾക്കു് അവർ ഒരു പ്രത്യേകക്രമം നിശ്ചയിച്ചു. ട്രോജൻവീരനായ ഹെക്ടറുടെ മരണത്തോടെയാണു് ഇലിയഡ് സമാപിച്ചിട്ടുള്ളതു്; എന്നാൽ "ആന്ധ്യമുളവാ

ക്കുന്ന പൊടിപടലമെഴുന്ന കാററ്റ്, വിക്രാന്തമായ അവയവങ്ങൾ പരാക്രമത്തോടെ ക്ഷേപിച്ച് യുദ്ധസവാരി വിസ്മരിച്ചു വീണുകിടക്കുന്ന'' അക്കിലിസിൻെറ പതനത്തോടുകൂടി സമാപിക്കുന്ന പാഠഭേദങ്ങളും നമുക്കു ലഭിച്ചിട്ടുണ്ട്. ഉല്ക്കടദേശാഭിമാനികളായ സമ്പാദകന്മാർക്ക്, തങ്ങളുടെ ദേശീയമഹാകാവ്യം, തങ്ങളുടെ വീരപുരുഷൻെറ മരണത്തോടുകൂടി സമാപിക്കാൻ മനസ്സുവന്നില്ല.

ഇലിയഡിൻെറ കഥാസംഗ്രഹം ഇതാണ്.. പെല്യൂസിൻെറയും വരുണപുത്രിയായ ഥെററിസിൻെറയും വിവാഹവേളയിൽ, ക്ഷണിക്കപ്പെടാതിരുന്ന ഛിദ്രദേവത, അതിഥിമദ്ധ്യത്തിൽ "അതീവസുന്ദരിക്കു്" എന്നെഴുതിയ ഒരു സ്വർണ്ണആപ്പിൾ വലിച്ചെറിഞ്ഞു് അവളുടെ പ്രതികാരം നിറവേറ്റി. അഥീന, ഹീര, അഫ്രോഡൈററി എന്നിവർ ഈ സമ്മാനത്തിനുവേണ്ടി മത്സരിച്ചു്, ട്രോയി(ഇലിയം)യിലെ രാജാവായ പ്രിയമിന്റെ പുത്രൻ പാരിസിനെ ഒരു തീരുമാനത്തിനുവേണ്ടി സമീപിച്ചു. മനുഷ്യജീവികളിൽ ഏററവും സുന്ദരിയെ പത്നിയായി നൽകാമെന്നു പറഞ്ഞുകൊണ്ട് അഫ്രോഡൈറ്റി അദ്ദേഹത്തെ പ്രലോഭിപ്പിച്ചു. ഇനണി എന്ന അപ്സരസ്സിനെ നേരത്തേതന്നെ പരിണയിച്ചിരുന്ന പാരിസ്, അവളെ പരിത്യജിച്ചു സ്പാർട്ടയിലേക്കു പോയി, മെനിലാസിൻെറ പത്നി ഹെലനെ തട്ടിക്കൊണ്ടുപോന്നു. ഉഗ്രമായ ക്രോധാവേശത്തോടെ ഗ്രീക്കുസൈന്യം ട്രോയിലേക്കു യാത്രതിരിച്ചു. തൻെറ പുത്രൻ അക്കിലിസ് യുദ്ധത്തിനു പോകണമെന്നു് ആഗ്രഹമില്ലാതിരുന്ന ഥെററിസ്, അവനെ ഒരു ബാലികയുടെ പ്രച്ഛന്നവേഷത്തിൽ കൊട്ടാരത്തിൽ ഒളിപ്പിച്ചു. പക്ഷേ, ഇഥാക്കയിലെ രാജാവായ യുലീസ്സിസ് അവനെ കണ്ടുപിടിച്ചു. അവർ ട്രോയിയിലെത്തിയപ്പോൾ, മെനിലാസിന്റെ സഹോദരനും ഗ്രീക്കുസൈന്യത്തിൻെറ നായകനുമായ അഗമെമ്നൺ, തടവിൽ പിടിച്ച് ആദ്യം അക്കിലിസിനു നല്കിയതും പിന്നീട്ട് അഗമെമ്നൺ കൈവശപ്പെടുത്തിയതുമായ ഒരു കന്യകയ്ക്കുവേണ്ടി, അക്കിലിസിനോടു ശക്തിയായി ശണ്ഠകൂടി. അക്കിലിസ് രംഗത്തുനിന്നു പിൻവാങ്ങി; അഗമെമ്നോണിൻെറ കുററസമ്മതത്തിന്നുപോലും അദ്ദേഹത്തെ ഇളക്കാൻ കഴി

ഞ്ഞില്ല. പക്ഷേ, അദ്ദേഹത്തിന്റെ പ്രിയസുഹൃത്തായ പട്രോക്ലസ്സിനെ പ്രയമിൻെറ മൂത്തപുത്രൻ ഹെക്ടർ വധിച്ചപ്പോൾ, ഉന്മത്തരോഷത്തോടെ വീണ്ടും അദ്ദേഹം യുദ്ധത്തിനിറങ്ങുകയും, മഹാമനസ്കനായ ആ ട്രോജൻവീരപുരുഷൻ വധിക്കപ്പെട്ടുകയും ചെയ്തു. കോപം ശമിക്കാതെ, അക്കിലിസ് അദ്ദേഹത്തെ തൻെറ രഥചക്രത്തോടു ബന്ധിച്ച്, മൃതദേഹം സംസ്കരിക്കാൻ പ്രയമിനെ ഏല്പിക്കുന്നതിനുമുമ്പ് യുദ്ധക്കളം മുഴുവൻ വലിച്ചിഴച്ചു. പിന്നീട് അക്കിലിസ്, പ്രയമിൻെറ ഒരു പുത്രിയായ പോളിക്സീനയിൽ ആകൃഷ്ടചിത്തനായിത്തീരുകയും സമാധാനത്തിലെത്താൻ ഗ്രീക്കുകാരെ പ്രേരിപ്പിക്കുകയും ചെയ്തു. പക്ഷേ, വിവാഹസന്ദർഭത്തിൽ ചതിയനായ പാരിസ്, അക്കിലിസിൻെറ ശരീരത്തിൽ മുറിവേല്പിക്കാൻ കഴിയുന്ന ഏകഭാഗമായ കണംകാലിൽ അമ്പെയ്ത് അദ്ദേഹത്തെ വധിച്ചു. വീരപുരാണപുരുഷനായ ഹെർക്യൂലീസ് തൻെറ ഉന്നംപിഴയ്ക്കാത്ത വില്ലു സമ്മാനിച്ചിട്ടുള്ള ഫിലോക്റ്റെററിസിനെ പിന്നീട് ഗ്രീക്കുകാർ തേടിപ്പിടിച്ചുകൊണ്ടുവന്നു. പാരിസായിരുന്നു ആ വില്ലിനു് ആദ്യം ഇരയായതു്. യുലീസിസ്സും, ഡയോമിഡ്സും രഹസ്യമായി ട്രോയിയിൽ പ്രവേശിച്ച് അഥീനയുടെ ഒരു വിശുദ്ധവിഗ്രഹം മോഷ്ടിച്ചുകൊണ്ടുപോന്നു. ഈ വിഗ്രഹത്തിൻെറ സാന്നിദ്ധ്യമാണ് ആ നഗരത്തെ അജയ്യമാക്കിത്തീർത്തിരുന്നതു്. പിന്നീട് ഗ്രീക്കുകാർ ഭീമരൂപത്തിൽ ഒരു മരക്കുതിരയെ നിർമ്മിച്ചു. അതിൽ സുപരീക്ഷിതരായ ധീരന്മാർ ഒളിച്ചിരുന്നു. അവശേഷിച്ച സൈന്യം ട്രോയ് വിട്ടുപോകുന്നതായി ഭാവിക്കുകയും ചെയ്തു. ട്രോജന്മാർ ആ കുതിരയെ നഗരത്തിലേക്കു വലിച്ചുകൊണ്ടുപോയി. രാത്രിയിൽ ഭടന്മാർ പുറത്തുവന്നു. ട്രോയ് അങ്ങനെ കീഴടക്കപ്പെട്ടുകയും ചുട്ടുകരിക്കപ്പെട്ടുകയുമുണ്ടായി. മെനിലാസും ഹെലനും വീണ്ടും ഒന്നുചേരുകയും ചെയ്തു.

ഈ മഹാകാവ്യത്തിലെ മഹാനായ കേന്ദ്രനായകൻ അക്കിലിസാണെങ്കിലും അതിൽ വളരെയധികം ഉപകഥകളുണ്ട്. ഒരു പുതിയ വീരപുരുഷനെ അവതരിപ്പിക്കുന്ന സന്ദർഭത്തിലെല്ലാം അയാളുടെ വംശപാരമ്പര്യത്തെക്കുറിച്ചും അയാളുടെ ആദ്യകാലപരാക്രമങ്ങളെക്കുറിച്ചും ഉള്ള ദീർഘകഥകൾ

നമ്മെ പറഞ്ഞുകേൾപ്പിക്കുന്നു. രസൈക്യത്തിൻെറയും ഉപകഥകളിൽനിന്നുള്ള വിമോചനത്തിൻെറയും കാര്യത്തിൽ ഒഡിസ്സി ഇലിയഡിനെക്കാൾ മികച്ചുനില്ക്കുന്നു.

യുദ്ധം പൊട്ടിപ്പുറപ്പെട്ട അവസരത്തിൽ, ഇഥാകായിലെ രാജാവായ യുലീസിസ്സ് (ഒഡിസ്യൂസ്) സ്വപത്നി പെനിലോപിയോടുള്ള അത്യധികമായ സ്നേഹംമൂലം അവളെ വിട്ടുപിരിയാനിഷ്ടപ്പെട്ടിരുന്നില്ല. അതുകൊണ്ട്, സന്ദേശവാഹകൻ വന്നപ്പോൾ, അദ്ദേഹം ഭ്രാന്ത് അഭിനയിക്കയും നുകത്തിൽ ഒരു കുതിരയേയും ഒരു കാളയേയും പൂട്ടി സ്വയം ഉഴുതുകൊണ്ടിരിക്കയും ഭൂമിയിൽ ഉപ്പുവിതയ്ക്കാൻ ആരംഭിക്കുകയും ചെയ്തു. കുശാഗ്രബുദ്ധിയായ സന്ദേശവാഹകൻ ഉഴുതുകൊണ്ടിരുന്ന ചാലിൽ യുലീസിസ്സിൻെറ കൊച്ചുമകനെ എടുത്തുകിടത്തി. യുലീസിസ്സ് വഴിമാറി ഉഴുതുപോയി; അങ്ങനെ അദ്ദേഹത്തിനു ഭ്രാന്തില്ലെന്നു സ്വയം തെളിയിക്കയും ചെയ്തു.

യുദ്ധത്തിനുശേഷം ട്രോയിയിൽനിന്നു മടങ്ങിയപ്പോൾ യുലീസിസ്സിനുണ്ടായ വിചിത്രാനുഭവങ്ങൾ ഒഡിസ്സിയിൽ വർണ്ണിക്കുന്നുണ്ട്. ഒരു മൂലിക ഭക്ഷിച്ചതിൻെറ വീര്യംമൂലം സ്വപ്നം കണ്ടുകൊണ്ട് സമയം ചെലവഴിച്ചിരുന്ന ഒരു വിചിത്രജനത നിവസിച്ചിരുന്ന ഒരു നാട്ടിലാണ് അദ്ദേഹം ആദ്യം എത്തിയത്. അദ്ദേഹത്തിൻെറ ചില ചങ്ങാതിമാരും ഈ മൂലിക ഭക്ഷിക്കയാൽ നാട്ടിലേക്കു മടങ്ങാൻ വിമനസ്സുകളായിത്തീർന്നു. അദ്ദേഹത്തിന് അവരെ ബലമായി കപ്പലിലേക്ക് എടുത്തുകൊണ്ടുപോകേണ്ടതായിവന്നു. പിന്നീടവർ എത്തിച്ചേർന്നത് ഏകനേത്രരാക്ഷസൻ നിവസിച്ചിരുന്ന ഒരു ദ്വീപിലാണ്. അവൻ, അദ്ദേഹത്തിൻെറ ചങ്ങാതിമാരിൽ പലരേയും പിടികൂടി ഭക്ഷിച്ചു. യുലീസിസ്സ് അവനു വീഞ്ഞുകൊടുത്ത് ഉന്മത്തനാക്കി അവൻെറ കണ്ണു കുത്തിപ്പൊട്ടിച്ച് അവിടെനിന്നു രക്ഷപ്പെട്ടു. വേറെയും ചില വിചിത്രാനുഭവങ്ങൾക്കുശേഷം ഒരു മന്ത്രവാദിനി—സർസെ—താമസിച്ചിരുന്ന ദ്വീപിലദ്ദേഹം എത്തി. ആ ദ്വീപിൽ വന്നെത്തിയിട്ടുള്ള മനുഷ്യരെയെല്ലാം അവൾ ഹീനജന്തുക്കളായി മാററുകയാണു ചെയ്തിരുന്നത്. യുലീസിസ്സ് അവളെ ദൈവികശക്തിയുടെ സഹായത്താൽ കീഴ്പ്പെടുത്തി, ഒരുവർഷം അവിടെ താമ

സിച്ചശേഷം യാത്ര തുടരുകയും ഒടുവിൽ ഇഥാക്കയിലെത്തി ച്ചേരുകയും ചെയ്തു. നിരവധി കാമുകന്മാർ ഇതിനിടയ്ക്കു് ഇഥാക്കയിൽ വന്നു് പെനിലോപിയുടെ പാണിഗ്രഹണാൎത്ഥം അവളെ അലട്ടിക്കൊണ്ടിരിക്കയായിരുന്നു. അവരുടെ ഭാവം ഭയജനകമായിരുന്നതുകൊണ്ടു് യുലീസിസ്സിനു് ഒരു യാചകന്റെ വേഷം ധരിക്കേണ്ടിവന്നു. യുലീസിസ്സിന്റെ ഒരു പഴയ വില്ലു കുലച്ചു് എയ്യാൻ കഴിവുള്ള ഒരാളെ ആ കാമുകന്മാരുടെ കൂട്ടത്തിൽനിന്നു വിവാഹം കഴിക്കാമെന്നു പെനിലോപി സമ്മതിച്ചു. എതിരാളികളുടെ പരിഹാസങ്ങൾക്കിടയിൽ, അവർ ഓരോരുത്തരായി പരിശ്രമിച്ചു പരാജയമടഞ്ഞു. അപ്പോൾ യുലീസിസ്സ് മുന്നോട്ടുവന്നു്, താൻ ഒരിക്കൽ ആയുധങ്ങൾ ധരിച്ചിട്ടുള്ളവനാണെന്നുപറഞ്ഞു്, പരീക്ഷിച്ചുനോക്കാൻ അനുവാദം ചോദിച്ചു. തങ്ങളുടെ മനോവ്യഥ മറച്ചുവെക്കാൻ ഒരു വിനോദമാകുമിതെന്നുകണ്ടു്, ആ കാമുകന്മാർ സമ്മതിച്ചു. രാജാവു് അപ്പോൾ തന്റെ യഥാൎത്ഥരൂപം പ്രദൎശിപ്പിച്ചു് തന്റെ വില്ലുപയോഗിച്ചു്, ആ നീചന്മാരെ എയ്തുവീഴ്ത്തി.

ഈ രണ്ടുമഹാകാവ്യങ്ങളിലെയും പുരാണാംശത്തെ, ഇതരസാഹിത്യങ്ങളിലും അഞ്ചാം ശതകത്തിലെ മൺപാത്രാലങ്കാരപ്പണികളിലും പ്രകടിതമായ പുരാണാംശങ്ങളോടു താരതമ്യപ്പെടുത്തുമ്പോൾ, ഈ മഹാകാവ്യങ്ങൾ പൊതുവേ കൂടുതൽ പരിഷ്കൃതങ്ങളാണു്. ബഹളങ്ങളുടെയും സംഘട്ടനങ്ങളുടെയും, യുദ്ധത്തിന്റെ അത്യാസക്തിയുടെയും മദ്ധ്യേ, മനുഷ്യഹൃദയത്തിന്റെ ഗാംഭീൎയ്യത്തെയും കാവ്യാത്മകതയേയും കുറിച്ചു് അല്പനിമിഷത്തേക്കു് അത്ഭുതകരമായ ഉൾക്കാഴ്ച നൽകുന്ന മൃദുലസ്പൎശങ്ങൾ നിരവധിയുണ്ടു്. അങ്ങനെ യുലീസിസ്സ് ഇഥാകായിൽ മടങ്ങിയെത്തി, തന്റെ ഗൃഹാങ്കണത്തിൽ പ്രവേശിക്കുമ്പോൾ അദ്ദേഹം മിക്കവാറും കണ്ടുപിടിക്കപ്പെട്ടുപോകുന്നുണ്ടു്; എന്തെന്നാൽ, ജരാനര ബാധിച്ച ഒരു വൃദ്ധശ്വാനൻ, തന്റെ യജമാനനെ പ്രച്ഛന്നവേഷനായിരുന്നിട്ടും, വളരെക്കാലം കാണാതിരുന്നിട്ടുംകൂടി തിരിച്ചറിയുകയും, ആവേശപൂൎവ്വം കുരയ്ക്കുവാനും തുള്ളിച്ചാടുവാനും തുടങ്ങുകയാൽ സന്തോഷാധിക്യംമൂലം മരണമടയുകയും ചെയ്തു. യുലീസിസ്സിനു് തന്റെ ദുഃഖമടക്കാൻ കഴിഞ്ഞില്ല. പക്ഷേ, ആരും

കാണാതെ അദ്ദേഹം ഒരു ബാഷ്പകണിക തുടച്ചുകളഞ്ഞു് അങ്ങനെ ഉദ്വേഗം ശമിപ്പിച്ചു.

ഹെക്ടർ തന്റെ പത്നിയായ അൻഡ്രോമാക്കിയെ വേർപിരിയുന്ന രംഗം ഇതിലുമധികം ഹൃദയാപഹാരിയാണു്. മാരകവും പശ്ചവസായിയുമായ ഒരു യുദ്ധത്തെ, അക്ഷോഭ്യനായി അഭിമുഖീകരിക്കുന്നതിൽ ഹെക്ടറുടെ മഹത്തായ ശ്രേഷ്ഠതയാണു കാണുന്നതു്. എങ്കിലും തന്റെ പ്രിയപത്നിയെ കാത്തിരിക്കുന്ന ഭാവിയെക്കുറിച്ചു ചിന്തിക്കുമ്പോൾ അദ്ദേഹം ഹൃദയശൈഥില്യത്തിന്റെ വക്കിലെത്തുന്നു. ഗ്രീസിൽ ഊട്ടം പാവുമുപയോഗിച്ച് യുദ്ധത്തിന്റെയും യാതനകളുടെയും ചരിത്രം (അതിൽ വലിയൊരുഭാഗം അവളുടേതാണു്) നെയ്തെടുക്കാൻ വിധിക്കപ്പെട്ട, വേപഥുഗാത്രിയായ ഒരു അടിമയായി അദ്ദേഹം അവളെ കാണുന്നു. വർഷങ്ങൾ മുന്നോട്ടു നീങ്ങുമ്പോൾ, ഒരുപക്ഷേ, ദുഃഖം മങ്ങിപ്പോയേക്കാം; എന്നാൽ ഉദ്ധതനായ ഏതെങ്കിലും ഗ്രീക്കുകാരൻ ഇങ്ങനെ വിളിച്ചുപറഞ്ഞേക്കാം: "കണ്ടില്ലേ, പരാക്രമിയായ ഹെക്ടറുടെ പത്നിയെ." തന്റെ പേർ ഉച്ചരിക്കുന്ന മാത്രയിൽ അവളുടെ ജ്വലിക്കുന്ന ദുഃഖം വീണ്ടും ആളിക്കത്തും. ആ ഹൃദയാലുവിനു് ആ ചിന്ത തുടരാൻ കഴിവില്ല. അവളുടെ നിശ്വാസങ്ങൾ ശ്രവിക്കാൻ താൻ ജീവിച്ചിരിക്കുകയില്ലെന്ന ചിന്തയിൽ അദ്ദേഹം ആശ്വാസം കണ്ടെത്തുന്നില്ല. പക്ഷേ, ഭാവി ദേവന്മാരുടെ കൈകളിലാണു്, തന്നെ രണാങ്കണത്തിലാവശ്യമുണ്ടു്, താൻ യാത്രപറഞ്ഞു പിരിഞ്ഞേ തീരൂ. തന്റെ കോമളതനയനെ വാരിയെടുത്തു മുകരുവാൻ തന്റെ പ്രിയകരങ്ങൾ നീട്ടി, കഠിനമായ ഹൃദയഭാരത്തെ ലഘൂകരിക്കാൻ അദ്ദേഹം ശ്രമിക്കുന്നു. പക്ഷേ, കണ്ണഞ്ചിക്കുന്ന ശിരസ്ത്രവും ഉലയുന്ന പീലികളും കണ്ടു ഭയചകിതനായ ശിശു കരഞ്ഞുകൊണ്ടു് അവന്റെ ധാത്രിയുടെ മാറിൽ അള്ളിപ്പിടിക്കുന്നു. മാതാപിതാക്കന്മാർ പുഞ്ചിരി തൂകുന്നു. ഹെക്ടർ മിന്നുന്ന ശിരസ്ത്രം എടുത്തുമാറ്റുന്നു. ശിശുവിനെ സ്നേഹപൂർവ്വം ചുംബിച്ചശേഷം അദ്ദേഹം അവനെ മാതാവിന്റെ കരങ്ങളിൽ തിരിച്ചേല്പിക്കുന്നു. അവളുടെ സുഗന്ധിയായ മാറിടത്തിൽ കിടത്തപ്പെട്ട ശിശു ചുണ്ടുകളിൽ

KOTTAYAM PUBLIC LIBRARY KOTTAYAM

തിളങ്ങുന്ന പുഞ്ചിരിയോടെ വേഗം നിർവ്വാഹീനനാകുന്നു. മാതൃനേത്രത്തിൽ ഒരു ബാഷ്പകണിക തിളങ്ങുന്നു.

മനുഷ്യഹൃദയത്തെക്കുറിച്ചുള്ള അഗാധമായ ഈ ഉൾക്കാഴ്ച അതിൻെറ പരമകാഷ്ഠയിൽ ദൃശ്യമാകുന്നതു്, യുദ്ധക്കളത്തിലെ ഹെക്ടരുടെ പലായനത്തിലാണു്. അതു കേവലം നിഷ്കപടമായ ഭീതിയാണു്, എന്നിട്ടും പലായനം ചെയ്യുന്ന ആ മനുഷ്യൻ ഒരു ധീരനാണെന്നു നമുക്കു തോന്നുന്നു. പഴയ കവി, ജേതാവോടൊപ്പം ചേൎന്നു് ഹെക്ടരുടെ അപമൃതിയിൽ ആഹ്ലാദംകൊള്ളുന്നുണ്ടെങ്കിൽ, അദ്ദേഹത്തിന്റെ വസ്തുതകൾ മുഴുവനെടുത്തു് അവയെ മറുവഴിക്കു തിരിക്കുന്ന ഒരാൾ—പരാജിതന്റെ അനുഭവങ്ങൾ എത്രമാത്രം തീക്ഷ്ണമാണെന്നും ഇക്കാര്യത്തിൽ അതു് എത്രയധികം ഗംഭീരമാണെന്നും അറിയാവുന്ന ഒരാൾ—അദ്ദേഹത്തിൻെറ പിന്നാലെ വന്നിട്ടുണ്ടു്. അക്കിലിസിനെയും വഷളാക്കിയിട്ടില്ല. ഏതുവിധത്തിലും അവസാനംവരെ അദ്ദേഹം ഗാംഭീര്യത്തോടെ വൎത്തിക്കുന്നു. ദുഃഖം അദ്ദേഹത്തെക്കൊണ്ടു ചെയ്യിക്കുന്ന ബീഭത്സകൃത്യങ്ങൾ ആരെയും ദുഃഖിപ്പിക്കയല്ലാതെ വെറുപ്പിക്കുന്നില്ല. അക്കിലിസ്, പുത്രദേഹയാചനയ്ക്കു വന്ന പ്രിയമിനെ തൻെറ കൂടാരത്തിൽ സ്വീകരിക്കുന്നിടത്താണു ഭാവനാപൂൎണ്ണമായ സഹാനുഭൂതിയുടെ അവസാനസ്പർശം നാം ദർശിക്കുന്നതു്. ഇരുവരും പരസ്പരം ബഹുമാനിക്കയും അഭ്യസിച്ചു ശീലിച്ച വിനയത്തോടെ സ്വന്തം മനോവ്യഥയെ കീഴടക്കയും ചെയ്യുന്നു. പക്ഷേ, ഹെക്ടരുടെ പേർ ഉച്ചരിക്കാൻ കഴിയുന്നില്ല. അനുചരന്മാർ ജഡത്തിൻെറ മുഖം മറച്ചുവെക്കുന്നു, എന്തെന്നാൽ, അതിൻെറ ദൎശനത്തിൽ വൃദ്ധപിതാവിൻെറ ക്രോധം നിയന്ത്രണാതീതമായി ക്ഷോഭിച്ചേക്കും. എന്നിട്ടു്, അക്കിലിസ് അദ്ദേഹത്തെ വധിച്ചു് ദൈവദോഷവിധേയനായേക്കും. യുദ്ധത്തിൻെറ യഥാൎത്ഥ കരുണരസമിതാണു്: ഇരുഭാഗത്തും സാധൂകരിക്കാവുന്ന വസ്തുതകൾ, ആരെയും പ്രത്യേകം കുററപ്പെടുത്താനില്ലാത്ത അളവറ്റ യാതനകൾ. ഹോമർ യുദ്ധത്തിന്റെ ബഹളം ഇഷ്ടപ്പെട്ടിരുന്നുവെങ്കിലും, അതിൽ വിദ്വേഷം വിദ്വേഷത്തെ ജനിപ്പിക്കുന്നതും, വികാരം പൎവ്വതാകാരമായി വളരുന്നതും, ഇതെല്ലാം എങ്ങനെയാണാരംഭിച്ചതെന്ന നേരി

യ സാഹചര്യങ്ങൾ വിസ്മരിക്കപ്പെടാൻ തുടങ്ങുന്നതും കാണാനുള്ള വിവേചനാശക്തി അദ്ദേഹത്തിനുണ്ടായിരുന്നു. വികാരവിജൃംഭണംമൂലം ചെയ്യുന്ന പ്രവൃത്തികൾ വിധിയുടെ രൂപത്തിൽ മടങ്ങിവരുന്നു. എല്ലാ വധങ്ങളുടെയും നശീകരണത്തിന്റെയും വ്യർത്ഥത അവൻ കാണുന്നുണ്ടെങ്കിലും, മനുഷ്യനു കൈകൊണ്ടതിനെ തടുത്തുനിറുത്തുവാൻ കഴിയുന്നുമില്ല. പ്രയമിൻെറ ഏററവും ഇളയ പുത്രന്മാരിലൊരാൾ കരുണയ്ക്കു യാചിക്കുമ്പോൾ അക്കിലിസ് മറുപടി പറയുന്നു: "ഇല്ല, സുഹൃത്തേ, മറെറല്ലാവരേയുംപോലെ മരിക്കുക, നീയെന്തിനു വ്യർത്ഥമായി കരയുന്നു? നിന്നേക്കാൾ എത്രയോ മികച്ചവനായിരുന്ന പട്രോക്ലൂസ് മരിച്ചു. എന്നെ നോക്കുക. ഞാൻ സുഭഗനും ദീർഘകായനും, നല്ലൊരു പിതാവിൽനിന്നും ദേവതയായ മാതാവിൽനിന്നും ഉൽഭൂതനുമല്ലേ? എന്നിട്ടും മരണം എൻെറ തലയ്ക്കു മുകളിലുണ്ട്. അങ്ങനെ, ഒരു ദിവസം പ്രഭാതമോ, മദ്ധ്യാഹ്നമോ, സായാഹ്നമോ വന്നുചേരും, ഞാൻ അറിയാത്ത ഒരു കൈ എന്നെ മൃതനാക്കി പതിപ്പിക്കുകയും ചെയ്യും." എന്നിട്ട് അദ്ദേഹം, എതിർപ്പുകാണിക്കാത്ത ആ യുവാവിനെ കഴുത്തിൽ കുത്തിക്കൊല്ലുന്നു. പലായനം ചെയ്യുന്ന ഹെക്ടറോടും, ക്രൂരനായ അക്കിലിസിനോടും, സ്വൈരിണിയായ ഹെലനോടും ഒരു നിമിഷനേരംപോലും ധീരത, ദയ, പരിശുദ്ധി എന്നീ ആദർശങ്ങളെ വിസ്മരിക്കാതെതന്നെ, നമുക്ക് ഏകീഭാവം തോന്നിപ്പിക്കുന്നതു് സഹാനുഭൂതിയോടുകൂടിയ ഭാവനയുടെ അത്ഭുതകൃത്യമല്ലേ? ഒരു സംഘട്ടനത്തിലെ ഇരു കക്ഷികളുടെയും അനുഭൂതിയിൽ സുസ്പഷ്ടമായി കടന്നുകൂടാൻ ഗ്രീക്കുകാക്കുള്ള സഹജമായ ശക്തിയിൽനിന്നാണു് അഥീനിയൻ നാടകം ഉടലെടുത്തതു്.

എയോളിക്ക്, അയോണിക്ക്, ഡോറിക്ക് ഭാഷകൾ (നാട്ടുവഴക്കങ്ങൾ) ഒന്നുമല്ല മഹാകാവ്യങ്ങളിലുപയോഗിച്ചിരുന്ന ഭാഷ. അതൊരു കൃത്രിമസൃഷ്ടിയാണു്—വലിയൊരു വചനം; വികാരപരവും ഛന്ദോബദ്ധവും; ഓരോ ഘട്ടത്തിലും വൃത്താനുബന്ധിതവും. "ഗിരിനിരകളിൽനിന്നും തലകീഴായി നിപതിക്കുന്ന പ്രവാഹം," "ദ്രാക്ഷാരസംപോലെ കറുത്തിരുണ്ട കടലിനു മുകളിൽ ചീറിയട്ടഹസിക്കുന്ന ഉഗ്രനായ പടി

ഞ്ഞാറൻ കാറ്റ്," "കൊട്ടാരങ്ങളുടെയും, നൃത്തഭൂമികളുടെയും, ഉദിതസൂര്യന്റെ കേളീസൗധങ്ങളുടെയും മദ്ധ്യേ ഉഷാകുമാരിയായ ഈയോസ് നിവസിക്കുന്ന കിഴക്കൻ ദ്വീപ്" എന്നിങ്ങനെയുള്ള ശൈലികൾ ശരിക്കും രൂപത്തെയോ ശബ്ദത്തെയോ അല്ല, പ്രഭാതത്തിന്റെയും, കാററിന്റെയും, സമുദ്രത്തിന്റെയും വികാരഭാവത്തെയാണു വ്യഞ്ജിപ്പിക്കുന്നതു്.

മാനുഷികവികാരങ്ങളും ഭാവങ്ങളും മാന്ത്രികശക്തിയോടെ പ്രതിപാദിക്കപ്പെടുന്നു. "അയാളുടെ ബാഹുക്കൾ അഗ്നിപോലെയും അയാളുടെ ആത്മാവു് ജ്വലിക്കുന്ന ഇരുമ്പുപോലെയുമായിരുന്നു."—ക്രുദ്ധനായൊരു വീരപുരുഷനെപ്പററിയുള്ള ഈ വർണ്ണനയ്ക്കു രൂപാത്മകമായ ഒരു ഊർജ്ജിതമാണു ശക്തി നൽകുന്നതു്.

അസഹ്യമായ പീഡയ്ക്കു വിധേയമായിരുന്നിട്ടും ഒരു ധീരഹൃദയത്തിന്റെ അചഞ്ചലത ഇങ്ങനെ പ്രകടമാക്കപ്പെടുന്നു; "എന്റെ ഹൃദയമേ, സഹിക്കുക; ഇതിലും കഠിനമായൊന്നു നീ സഹിച്ചിട്ടുണ്ടു്." ഇത്തരം ഗാംഭീര്യം കലർന്ന പ്രസ്താവനകൾ ദേവകളും ദേവതുല്യരായ വീരപുരുഷന്മാരും കഥാപാത്രങ്ങളായുള്ള മഹാകാവ്യങ്ങളുടെ ഇതിവൃത്തങ്ങൾക്കു് ഏററവും അനുയോജ്യമത്രെ. ബൃഹദുപമകളാൽ ശൈലിക്കു പൗരുഷവും ലഭിക്കുന്നു. മഹാഭാരതവും നമ്മുടെ ആദ്യകാലസാഹിത്യങ്ങളും ഗംഭീരങ്ങളും ഉൽക്കൃഷ്ടങ്ങളുമായ ഉപമകൾകൊണ്ടു നിറഞ്ഞവയാണു്. ഗൗരീശങ്കരത്തിൽ "കല്പാന്താംബോധിപോലെ, ദിശിദിശി പടരും വാഹിനീഭിസ്സമേതം" ആണു് കാത്ത്യായിനി, മഹിഷാസുരന്റെ നേക്കു പുറപ്പെടുന്നതു്. രുഗ്മിണീസ്വയംവരത്തിൽ ശിശുപാലന്റെ വമ്പിച്ച സൈന്യങ്ങൾ, ബൃഹദുപമകളിൽ ഇങ്ങനെ വർണ്ണിക്കപ്പെട്ടിരിക്കുന്നു:

"പ്രളയവാരിധിവെള്ളംപോലെ,
പുഷ്കരമാർഗ്ഗേ താരകൾപോലെ,
തടിനീസൈകതപൂരംപോലെ,
പ്രാവൃഷിവർഷാധാരകൾപോലെ."

ഹോമറുടെ കാവ്യത്തിലെ വൃത്തങ്ങൾ സാവധാനം, വിപുലവും ഗംഭീരവുമായ രീതിയിൽ വമ്പിച്ച പ്രതിരൂപങ്ങൾ സൃഷ്ടിക്കുന്നു. ഗ്രീക്കുസൈന്യം യുദ്ധക്കളത്തിലേക്കു പ്രവഹി

ക്കുന്നതിൻെറ ഒരു വിവരണമാണു താഴെ ചേക്കുന്നതു്. തന്റെ ബൃഹദ്രൂപമകൾക്കു വകനൽകുന്ന . ഗംഭീരമായ പ്രകൃതിദൃശ്യത്തെക്കുറിച്ചുള്ള കവിയുടെ നിരീക്ഷണം എത്ര സൂസൂക്ഷ്മമാണെന്നും അതു കാണിക്കുന്നുണ്ടു്.

"പടിഞ്ഞാറൻ കാറ്റടിക്കയാൽ, അകലെ മുഴങ്ങിക്കേൾക്കുന്ന കടൽക്കരയിലേക്കു് സാഗരതരംഗങ്ങൾ അടിച്ചുകയറുന്നു, തിരശ്ശുമുകളിൽ തിരകളായി. ഇളകിമറിയുന്ന കടലിന്റെ ധവളകിരീടമണിഞ്ഞ ആദ്യതരംഗങ്ങൾ ഝടിതി മേഘാരവതുല്യമായ ഗജ്ജനങ്ങളോടെ പാറക്കെട്ടുകളിൽനിന്നു പിൻതിരിഞ്ഞു് ഭീമാകൃതിയിലുള്ള തരംഗങ്ങളായി വളരെ ഉയരത്തിൽ അലതല്ലുന്നു; അത്യുയരത്തിൽ, അണിയണിയായി സാഗരഫേനത്തെ ക്ഷേപിക്കുന്നു; അതുപോലെ, ഗ്രീസിന്റെ സൈന്യവും അവിച്ഛിന്നമായി യുദ്ധക്കളത്തിലേക്കു പ്രവഹിച്ചു."

യുദ്ധക്കളത്തിലെ അക്കിലിസിനെക്കുറിച്ചുള്ള ഒരു വണ്ണനയാണു താഴെച്ചേക്കുന്നതു്:

"ശൂന്യമായ പവ്വതപ്രാന്തത്തിലെ അഗാധഗഹ്വരങ്ങൾക്കുമദ്ധ്യേ വലിയൊരഗ്നി കത്തിപ്പടന്നു മുന്നേറുകയും അതിന്നു മുന്നിലുള്ള നിബിഡവനത്തെ വിഴുങ്ങുകയും മാറിവീശുന്ന കാററുകൾ അഗ്നിജ്വാലകളെ അങ്ങോട്ടുമിങ്ങോട്ടും പായിക്കുകയും ചെയ്യുന്നതുപോലെ, ക്രോധാവിഷ്ടനായ അക്കിലിസ് യുദ്ധക്കളത്തിൽ ഒരു ഭാഗത്തുനിന്നു മറുഭാഗത്തേക്കു പായുകയും എവിടേയും തൻെറ പ്രതിദ്വന്ദ്വികളെ മുന്നിട്ടുകയും, ഭൂമി രക്തംകൊണ്ടു കാളായവണ്ണമാക്കുകയും ചെയ്തു."

ഗായകൻ, ദൈവവന്ദനത്തോടുകൂടി ഗാനം ആരംഭിക്കുകയെന്നതു് മഹാകാവ്യത്തിൽ ഒരു പതിവാണു്. ഈ സ്തുതിയെ അഥവാ നാന്ദിയെ ഒരു പ്രത്യേക സാഹിത്യരൂപമാക്കി വളത്താൻ ഇതു് ഇടയാക്കി. ഒരുപക്ഷേ, ഡെമീറ്ററോടുള്ള പ്രാത്ഥനയായിരിക്കണം ഇവയിൽ എല്ലാററിലും സുന്ദരം. അതിന്നടിസ്ഥാനമായ അത്യുജ്ജ്വലകല്പനയ്ക്കു് അതു തികച്ചും അനുയോജ്യമായിട്ടുമുണ്ടു്. ഡെമീറ്ററുടെ പുത്രിയായ പെർസിഫോണ് മാന്ത്രികപുഷ്പം പറിക്കാൻ കുനിഞ്ഞതും, പ്ലൂട്ടോ അവളെ തട്ടിക്കൊണ്ടുപോയതും നാം കണ്ടുകഴിഞ്ഞല്ലോ. "അതിന്റെ വികാസം അത്ഭുതകരമായിരുന്നു, അമരന്മാരായ ദേവ

ന്മാർക്കും നശ്വരരായ മനുഷ്യർക്കും ഒരാശ്ചര്യം. അതിൻെറ വേരുമുതൽ പരശ്ശതം ശിരസ്സുകൾ മുളച്ചുപൊന്തി, അതിൻെറ മാദകഗന്ധം മുകളിൽ വിസ്തൃതാകാശത്തെ പൊട്ടിച്ചിരിപ്പിച്ചു, ഭൂമിയെ മുഴുവൻ പൊട്ടിച്ചിരിപ്പിച്ചു; സമുദ്രത്തിലെ ജലം മുഴുവൻ ആത്തുപൊന്തിച്ചു...'' ഭൂമി, അഫ്രോഡൈററി, സെലീനി എന്നിവരോടുള്ള പ്രാർത്ഥന ഹോമറെഴുതിയതാണെന്നു കരുതപ്പെടുന്നു. സവ്വമാതാവായ ഭൂമിയെക്കുറിച്ചുള്ള സ്തുതി ഇതാണു്:

''അഭിവന്ദ്യയായ ദേവി, നിന്നിലെ ഓരോ വൃക്ഷത്തിൽനിന്നും പക്വമായ ബൃഹദ്ഫലങ്ങൾ തൂങ്ങിക്കിടക്കുന്നു; സുന്ദരശിശുക്കൾ ജനിക്കുന്നു; പെൺകിടാങ്ങൾ കത്തവ്യങ്ങളിലും വ്യഥകളിലുംനിന്നു നിർമ്മുക്തരായി വികസ്വരനൃത്തങ്ങളോടും സുഖദഗാനങ്ങളോടുംകൂടി പുൽപ്പുരപ്പിൽ, മൃദുലപുഷ്പങ്ങൾ ചൂടി, ചുററി തത്തിക്കളിക്കുന്നു.''

ചന്ദ്രദേവതയായ സെലീനിയോടുള്ള പ്രാർത്ഥനയാണിതു്:

''കലാദേവതകൾ, മധുരവചസ്സുകളായ ദേവേശനന്ദിനിമാർ, സകലമാനസംഗീതവേദികളുടെയും അധിദേവതകൾ, ചിറകുള്ള തിങ്കളെ പ്രകീത്തിക്കുന്നു; ഭൂമിക്കു ചുററും, സ്വർഗ്ഗത്തിലെ അവളുടെ അനശ്വര ശിരസ്സിൽനിന്നു പ്രകാശം വിദൂരതയിലേക്കു് അപ്രതിഹതം പ്രവഹിച്ചു, അനന്തശോഭയുടെ ഉറവുകൾ. അവൾ തൻെറ പ്രകാശവത്തായ ചിറകുകൾ വിരുത്തുന്നിടത്തെല്ലാം, ദീപരഹിതമായ അന്തരീക്ഷം അവളുടെ സുവർണ്ണകിരീടത്തിനു ചുററും ജ്വലിക്കുന്നു.''

പിൽക്കാലത്തു്, മഹാകാവ്യങ്ങൾ കാലാനുസൃതങ്ങളല്ലാതായി; അവയുടെ സ്ഥാനം പ്രത്യേകിച്ചും തത്വചിന്താപരമായ ഒരു കവിതാപ്രസ്ഥാനം കരസ്ഥമാക്കുകയും ചെയ്തു; ഒരു തത്വചിന്താപ്രസ്ഥാനത്തിൻെറ സ്ഥാപകനായ, ക്രി. മു. ആറാംശതകത്തിൽ ജീവിച്ചിരുന്ന, സെനോഫനീസ് പ്രസ്താവ്യനാണു്. അദ്ദേഹത്തിൻെറ ഉപദേശങ്ങൾ കവിതകളിലൂടെയായിരുന്നു. തൻെറ സഞ്ചാരങ്ങൾക്കിടയിൽ അദ്ദേഹം അവ ആലപിച്ചിരുന്നു. ദൈവത്തെസംബന്ധിച്ച അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾ ഇതാണു്:

"ദൈവങ്ങളിലും മനുഷ്യരിലുംവെച്ച് മഹാനായി, രൂപത്തിലോ ചിന്തയിലോ മനുഷ്യക്കു തുല്യനല്ലാതെ, ഒരു ദൈവമുണ്ട്. അദ്ദേഹം എല്ലാം കാണുന്നു; എല്ലാം അറിയുന്നു; എല്ലാം കേൾക്കുന്നു. അദ്ദേഹം, അനായാസേന ചിന്തകൊണ്ട് എല്ലാററിനെയും ഭരിക്കുന്നു. അദ്ദേഹം എന്നും ഒരേസ്ഥലത്ത് അചഞ്ചലനായി വത്തിക്കുന്നു. അവിടെയും ഇവിടെയും അലഞ്ഞുതിരിയാതിരിക്കുന്നത് അദ്ദേഹത്തിനു യോജിച്ചതത്രെ. എന്നിട്ടും, മനുഷ്യർ, ദൈവങ്ങൾ ജനിക്കുന്നതായും തങ്ങളെപ്പോലെ ശബ്ദവും, ശരീരവും അവക്കുള്ളതായും സങ്കല്പിക്കുന്നു. എത്തിയോപ്യന്മാരുടെ ദൈവങ്ങൾ കറുത്തും പതിഞ്ഞ മൂക്കുള്ളവരും, ത്രേസ്നാട്ടിൻെറ ദൈവങ്ങൾ നല്ല തലമുടിയും നീലനേത്രങ്ങളുമുള്ളവരുമാണ്! ഹിസിയോഡും ഹോമറും, മനുഷ്യരുടെ ഇടയ്ക്കുതന്നെ അധിക്ഷേപാർഹവും അപമാനകരവുമായ എല്ലാം—മോഷണം, വ്യഭിചാരം, വഞ്ചന, മററു നീയമരഹിതപ്രവൃത്തികൾ—ദൈവങ്ങളിലും ആരോപിച്ചിരിക്കുന്നു." പക്ഷേ, ഈ അദ്വൈതവാദിക്കു വിശ്വാസദാർഢ്യമുണ്ടായിരുന്നില്ല, പരമമായ വിശകലനത്തിൽ അദ്ദേഹം നിരീശ്വരവാദിയുമായിരുന്നു. "ദൈവങ്ങളെയും മറെറല്ലാ വസ്തുക്കളെയും കുറിച്ചു താൻ പറയുന്നതെല്ലാം യാതൊരു മനുഷ്യനും തീർച്ചയായും അറിഞ്ഞിട്ടില്ല, അറിയുകയുമില്ല. എല്ലാ വിശ്വാസങ്ങളും അഭിപ്രായങ്ങൾ മാത്രമാണ്." തൻെറ അസ്വസ്ഥമായ ചിന്തകൾകൊണ്ട് എഴുപതുകൊല്ലക്കാലം ഗ്രീസിനെ സംക്ഷോഭിപ്പിച്ച ഈ തത്വചിന്തകൻ ഒരിക്കലും സുരക്ഷിതമായൊരു സ്വർഗ്ഗത്തിലെത്തിച്ചേർന്നില്ല. അദ്ദേഹത്തിൻെറ അദ്വൈതവാദം, നാനാത്വത്തിൻെറ അനിത്യതയോളം തന്നെ ഏകത്വത്തിൻെറ നിത്യതയ്ക്ക് അർത്ഥം കല്പിച്ചിരുന്നില്ല. മനുഷ്യൻെറ അല്പത്വത്തെക്കുറിച്ചു മനസ്സിലാക്കിയ അദ്ദേഹം, ന്യായമായ സുഖാനുഭൂതി അവക്കു ശുപാർശചെയ്തു. അതേസമയം അഭിരുചിക്കുറവിനെ സൂചിപ്പിക്കുന്ന അമിതഭോഗത്തിനും, ഏകപക്ഷീയമായ വികസനത്തെ സൂചിപ്പിക്കുന്ന പ്രചാരംസിദ്ധിച്ച കായികാഭ്യാസ താൽപര്യത്തിനും എതിരേ അദ്ദേഹം താക്കീതുനൽകി.

പരമ്പരാഗതമായ വിശ്വാസമനുസരിച്ച്, എറ്റ്നാഅഗ്നി

പൎവ്വതവക്ത്രത്തിൽച്ചാടി ആത്മഹത്യചെയ്യുകയും, ചരിത്ര മനുസരിച്ച് പെലോപോണിസസിൽ പ്രവാസകാലത്ത് അ ന്തരിക്കുകയുംചെയ്ത, ക്രി. മു. അഞ്ചാംശതകത്തിലെ ദാർശ നികനായ എംപിഡോക്ലിസിൻെറ കഥ ചുരുക്കിപ്പറഞ്ഞാൽ മതിയാകും. ഒരു പ്രഭുജനാധിപത്യഭരണകൂടത്തെ മറിച്ചിടാൻ സഹായിക്കുകയും, തങ്ങളുടെ രാജാവാകുവാനുള്ള പൗരന്മാരു ടെ ക്ഷണം നിരാകരിക്കയും ചെയ്ത് അദ്ദേഹം തൻെറ കുടും ബത്തിൻെറ ജനാധിപത്യപാരമ്പൎയ്യം ഉയൎത്തിപ്പിടിക്കയും, സസ്യഭക്ഷണം കഴിക്കാൻ ഉപദേശിക്കയും, കഴിഞ്ഞ ജന്മ ങ്ങളെക്കുറിച്ച് ഓൎമ്മിക്കയും പാപവും ശുദ്ധീകരണവും സം ബന്ധിച്ച് ഒരു സിദ്ധാന്തം ആവിഷ്കരിക്കയും ചെയ്തു. പാപി കൾക്കുണ്ടാകുന്ന അനുഭവങ്ങളെക്കുറിച്ചുള്ള താഴെക്കൊടുക്കുന്ന വാചകം അദ്ദേഹത്തിൻെറ വിഭ്രാന്തമായ ഭാവനാശക്തിയെ വെളിപ്പെടുത്തുന്നു:

"ആകാശത്തിൻെറ ശക്തി അവനെ സമുദ്രത്തിലേക്ക് അനുധാവനംചെയ്യുന്നു; സമുദ്രം അവനെ ഭൂമിയുടെ തട്ടിലേ ക്കു താഴ്ത്തുന്നു; ഭൂമി അവനെ അക്ഷീണനായ സൂൎയ്യൻെറ അ ഗ്നിയിലേക്കും അദ്ദേഹം അന്തരീക്ഷത്തിൻെറ ചുഴലിക്കാററി ലേക്കും അവനെ വലിച്ചെറിയുന്നു. അഭയംപ്രാപിക്കുന്ന സ്ഥ ലങ്ങളെല്ലാം അവനെ പാടെ തിരസ്കരിക്കുന്നു."

KOTTAYAM PUBLIC LIBRARY
KOTTAYAM.

# അദ്ധ്യായം മൂന്ന്

# ഭാവഗീതങ്ങൾ

ക്രി. മു. എട്ടാമത്തെയോ ഏഴാമത്തെയോ ശതാബ്ദ ത്തിൽ ജീവിച്ചിരുന്ന ഹിസിയോഡ് ഇതിഹാസകവിത യിൽനിന്നു ഭാവഗീതങ്ങളിലേക്കുള്ള പരിവർത്തനത്തെ പ്രതി നിധാനം ചെയ്യുന്നു.

ഏഷ്യാമൈനറിൽ ജനിച്ച ഈ കർഷകൻ ഗ്രീക്‌വൻ കരയിലുള്ള ബയോഷിയായിൽ കുടിയേറിപ്പാർത്തു. അദ്ദേഹ ത്തിൻെറ 'ദൈവങ്ങളുടെ വംശപരമ്പര' അദ്ദേഹത്തെ പഴ യകാലത്തിലെ ഇതിഹാസകവിതയുമായി കൂട്ടിയിണക്കുന്നു. ദേവന്മാരെയും ദേവികളെയും അവരുടെ സന്താനങ്ങളെയും പററി അന്നു പ്രചാരത്തിലുണ്ടായിരുന്ന കഥകൾ ക്രോഡീക രിക്കാൻ അതുവരെ ആരും ചെയ്യാതിരുന്ന ഒരു പരിശ്രമമാ ണ് ഈ കൃതി. സൃഷ്ടിയുടെ ഒരു വിവരണത്തിലാരംഭിച്ച്, സ്യൂസ്സിൻെറയും ക്രോണസ്സിന്റെയും വംശങ്ങളുടെ ചരിത്രവും അമരന്മാരെ വരിച്ച സ്ത്രീകളുടെ കഥകളും വിവരിച്ചശേഷം മ നുഷ്യസമുദായങ്ങളുടെ സ്ഥാപനത്തോടുകൂടി അതവസാനി ക്കുന്നു. അസുരഗണത്തിനെതിരായുള്ള സ്യൂസ്സിൻേറയും മററ് ഒളിമ്പിയൻ ദൈവങ്ങളുടേയും സമരംപോലെയുള്ള അമൂല്യ ങ്ങളായ പല വർണ്ണനകളും കവി ഇതിൽ കൂട്ടിച്ചേർത്തിരിക്കു ന്നു. സൃഷ്ടിയേപ്പററി ബൈബിളിൽ കൊടുത്ത വിവരണവും ഹിസിയോഡിന്റേതുമായി ഒരു താരതമ്യവിവേചനം അടുത്ത കാലത്തെ പഠനങ്ങൾ നൽകിയിട്ടുണ്ട്. ജൂതവിവക്ഷയിൽ ദൈവത്തിൻെറ ഉദ്ദേശം നടപ്പിൽ വരുത്തലാണ് സൃഷ്ടി. ഹി സിയോഡിൻെറ വിവക്ഷയിലാകട്ടെ, വസ്തുക്കൾ സ്വശക്തി കൊണ്ടുണ്ടാവുകയും അങ്ങനെ പല വസ്തുക്കളുടേയും ജീവജാ ലങ്ങളുടേയും ബാഹുല്യമുണ്ടാവുമ്പോൾ, ഇവയുടെ പലതരം അടിയൊഴുക്കുകളും തമ്മിലുള്ള ഒരു സമീകരണത്തിൽനിന്നു് ഒരുതരത്തിൽ ഒരു വ്യവസ്ഥയുണ്ടാവുകയും ചെയ്യുന്നു. അങ്ങനെ

സൃഷ്ടിയെ സംബന്ധിച്ചുള്ള ശാസ്ത്രീയവീക്ഷണത്തിൻെറ മുന്നോടിയായിരുന്നു ഹിസിയോഡ്. ഈദൃശമായ ഒരു പ്രവണതയിൽനിന്നാണു് അയോണിയൻ പ്രകൃതിശാസ്ത്രം ഉടലെടുത്തതു്.

എന്നാൽ, അദ്ദേഹത്തിൻെറ മഹത്തായ കൃതി 'ചര്യകളും ദിനങ്ങളും' ആകുന്നു. ആ ഒരു കൃതികൊണ്ടു് ഹിസിയോഡ് യൂറോപ്പിലെ കർഷകകവിതയുടെ പിതാവായിത്തീർന്നു. അദ്ദേഹത്തിൻെറ ദൈനംദിനജീവിതത്തെയും പ്രവൃത്തനങ്ങളെയും പ്രതിഫലിപ്പിക്കുന്ന ആ കൃതി സംഭവകഥകളും കടംകഥകളും ആത്മചരിത്രവും കൂട്ടിയിണക്കി നെയ്തെടുത്തതാണു്. കലഹത്തിന്നെതിരായി ശക്തമായ പ്രതിഷേധമുയർത്തിക്കൊണ്ടാണു് അതു തുടങ്ങുന്നതു്. "കുശവന്നു് കുശവനോടും ആശാരിക്കു് ആശാരിയോടും ക്രോധമാണു്; അതേ, പിച്ചക്കാരന്നു പിച്ചക്കാരനോടും ഗായകന്നു് ഗായകനോടും അസൂയയാണു്." ഈ ദൂഷ്യങ്ങൾക്കെല്ലാം കാരണം വേലയില്ലാത്തതാണെന്നു വിശ്വസിക്കുന്ന ഹിസിയോഡ് കടമയേപ്പററി ആരോഗ്യകരമായ ഒരു വിവക്ഷയുണ്ടാവണമെന്നു് അഭ്യർത്ഥിക്കുന്നു. "അദ്ധ്വാനിച്ചു പ്രവൃത്തിയെടുക്കുന്നതു് ഒരു മാനക്കേടല്ല: അലസമായിരിക്കുന്നതാണു് മാനക്കേടു്...കൊടുക്കുമ്പോൾ അളവിൽ സ്വല്പം കൂടുതൽ കൊടുത്തേക്കു...ഇഷ്ടപ്പെട്ട കൊടുക്കുക, ഇഷ്ടപ്പെട്ട കൊടുക്കുന്നതു് ഒരു സുഖമാണു്."

ഹിസിയോഡ് ഒരു കർഷകനായിരുന്നു; അദ്ദേഹത്തിനു കാലാവസ്ഥകളെപ്പററി നല്ല പരിജ്ഞാനമുണ്ടായിരുന്നു. ശീതകാലത്തിൻെറ ഒരു വിവരണമിതാ: "ഒരു കൂററൻ കാളയെ വെറുങ്ങലിപ്പിക്കാൻ പോരുന്ന ദുർദ്ദിനങ്ങൾ; വടക്കൻകാററുകൾ ത്രേസിൽനിന്നു് അടിച്ചുവരികയും ചെടികളെല്ലാം മൂടിപ്പിടിക്കുകയും ചെയ്യുന്ന ദുർദ്ദിനങ്ങൾ. കാററു് കാട്ടിനെ ആക്രമിക്കുകയും കൂററൻ ഓക്കുമരങ്ങളേയും പൈൻമരങ്ങളേയും വീഴ്ത്തുകയും ചെയ്യുന്നു; കാട്ടു ഞരങ്ങുകയും കാട്ടുമൃഗങ്ങൾ വിറച്ചു വിറച്ചു് വാലുകൾ കാലുകൾക്കിടയിൽ തിരുകുകയും ചെയ്യുന്നു. അവയുടെ ചർമ്മങ്ങൾ രോമാവൃതങ്ങളാണെങ്കിലും തണുപ്പു് അവയിലൂടെ കുത്തിത്തുളച്ചുകയറുന്നു; കാളയുടെ ചർമ്മത്തിലൂടെയും ആടിൻെറ തിങ്ങിവളരുന്ന രോമത്തിലൂടെയും

അതു തുളച്ചുകയറുന്നു; പക്ഷേ, ആ കൊച്ചുവീട്ടിൽ തൻെറ അമ്മയുടെ അട്ടക്കലിരിക്കുന്ന കൊച്ചുപെൺകിടാവിൻെറ അട്ടത്തേക്കു് അതു് എത്തുകയില്ല...'' ഹിസിയോഡിൽ, കർഷകമനസ്സു് ആത്മബോധമുള്ളതും ജീവിതത്തിലെ പ്രധാന പ്രശ്നങ്ങളേക്കുറിച്ചു ചിന്തിക്കാൻ കഴിവുള്ളതും ആയിത്തീന്നിരിക്കുന്നു. വളരെക്കാലം അവഗണിക്കപ്പെട്ടു കിടന്നിരുന്ന ഗ്രാമപ്രദേശങ്ങൾക്കുവേണ്ടി സഹായനടപടികളെടുക്കാൻ നഗരവാസികളായ രാഷ്ട്രതന്ത്രജ്ഞന്മാരെ നിർബ്ബന്ധിച്ച പില്ക്കാലത്തെ കർഷകസമരങ്ങളിലേക്കു് ഈ വികാസം വഴികാട്ടുന്നുണ്ടു്.

യവനകവിത ആരംഭിച്ചതു് ഒരുതരം പാട്ടിലാണു്; സംഗീതത്തോടും പലപ്പോഴും നൃത്തത്തോടും കൂടിച്ചേന്ന വാക്കുകളിൽ. താളാനുസൃതമായ ചലനത്തിൻെറയും അത്രതന്നെ പ്രധാനമല്ലെങ്കിലും അനുസ്യൂതമായ വാദ്യസംഗീതത്തിൻെറയും സമഞ്ജസസമ്മേളനംകൊണ്ടു് ആധുനികയൂറോപ്യൻ കവികളിൽ ഏററവും ഗാനാത്മകതയുള്ളവക്കുപോലും സ്വപ്നത്തിൽക്കൂടി സമീപിക്കാൻ സാധിക്കാത്ത രചനാവിശേഷങ്ങൾ ഉണ്ടാക്കാൻ യവനന്മാക്കു സാധിച്ചു. ആധുനിക യൂറോപ്യൻകവിതയിലെ വൃത്തങ്ങൾ ചൊല്ലാനേ പററുകയുള്ളു; നമ്മുടെ മഞ്ജരിയേയും വള്ളപ്പാട്ടിനേയും യവനരുടെ വൃത്തങ്ങളേയും പോലെ പാടാൻ പററുകയില്ല. ഏഴാം ശതാബ്ദം (ക്രി. മു.) ആയപ്പോഴേക്കും ഹോമറുപയോഗിച്ച കവിതാരീതി ദുസ്സഹമാണെന്നു തോന്നിത്തുടങ്ങുകയും നാടൻശീലുകൾ ഉപയോഗിക്കാൻ തുടങ്ങുകയും ചിലപ്പോൾ ഉയന്ന നിലവാരത്തിലുള്ള സാഹിത്യപ്രവത്തനത്തിനുകൂടി ഉപയോഗിക്കുകയും ചെയ്തുവന്നു. ഇവയിൽ പലതും സമൂഹഗാനങ്ങൾക്കു യോജിച്ചവയായിരുന്നു.

നമുക്കറിയാവുന്നവരിൽ ഏററവും പഴക്കംചെന്ന കവികൾ ക്രി. മു. ഏഴാംനൂററാണ്ടിൽ ജീവിച്ചിരുന്നവരാണു്. ഗ്രീസിലെ ഏററവും വഴക്കാളികളായ ജനങ്ങളുടെ നാടായ സ്പാർട്ടയിലെ നിവാസിയായിരുന്നുവെങ്കിലും, അൽക്ക്മനിനു് ലളിതവും മൃദുലവും സംഗീതാത്മകവുമായ കവിതയെഴുതുവാനുള്ള കഴിവുണ്ടായിരുന്നു. തുടന്നുള്ള നൃത്തംകൊണ്ടു് തളന്നു് അദ്ദേഹം കൂട്ടുകാരോടു പറയുന്നു: ''അല്ലയോ, കന്യകമാരേ, അഭി

ലാഷങ്ങളെ തട്ടിയുണൎത്തുന്ന ശബ്ദങ്ങളുള്ള മധുരകണ്ഠങ്ങളേ, എൻെറ കാലുകൾക്കു് ഇനിമേൽ എന്നെ താങ്ങുവാനുള്ള ശേഷിയില്ല. ഞാൻ കരളിലൊരല്ലലുമില്ലാതെ നിരവധി കൂട്ടുകാരോട്ടുകൂടി തിരമാലകൾ കടഞ്ഞ വെൺപതയിൽക്കൂടി പറന്നുപോവുന്ന വസന്തരാജാവായ പൊൻമാനായിരുന്നുവെങ്കിൽ!'' ഈ സ്പാർട്ടക്കാരൻ ശാന്തിയും സമാധാനവും ഇഷ്ടപ്പെട്ടുകയും ലഘുവായ പദ്യത്തിലൂടെ സന്ധ്യ ഇരുണ്ടു് രാത്രിയാകുന്ന വിശ്രമവേളയുടെ രൂപം നല്കുകയുംചെയ്തു. ''പൎവ്വതകൊടുമുടികൾ നിദ്രയിലാണ്ടുകിടക്കുന്നു; താഴ്‌വരകളും കുന്നുകളും ഗുഹകളും നിശ്ശബ്ദതയിൽ മുഴുകി കിടക്കുന്നു; ഇരുണ്ട ഭൂമിയിലെ എല്ലാ ഇഴജന്തുക്കളും തേനീച്ചകളും മലങ്കാട്ടുകളിലെ വന്യമൃഗങ്ങളും സ്വപ്നത്തിലാണ്ടു കിടക്കുന്നു; കറുംചുകപ്പുള്ള സമുദ്രതിരമാലകൾക്കിടയിലെ ഗുഹാന്തരങ്ങളിൽ കടലിലെ ഭയങ്കരജീവികൾ വിശ്രമിക്കുന്നു; പകലിൻെറനേരേ ചിറകുകൾ നീട്ടിയ പക്ഷികളെല്ലാം പച്ചിലക്കൂട്ടുകളിൽ ചുരുണ്ടുകൂടി നിശ്ശബ്ദരായിരിക്കുന്നു.''

മഹാന്മാരായ പല യവനശില്പകലാകാരന്മാർക്കും മാർബിൾ നല്കിയ പാരോസ്‌ദ്വീപിൽ ജനിച്ച അർക്കിലോക്കസ്‌ വളരെ വ്യത്യസ്തനായിരുന്നു. ദരിദ്രനായിരുന്നതുകൊണ്ടു് ഒരു ധനികകന്യകയാൽ തിരസ്കൃതനായ അർക്കിലോക്കസ്‌ അവൾക്കെതിരായി വിഷലിപ്തമായ പരിഹാസശരങ്ങൾ തൊടുത്തുവിട്ടുകയും തൽഫലമായി ആ കന്യകയും അവളുടെ അച്ഛനും സഹോദരിയും തൂങ്ങിമരിക്കുകയും ചെയ്തുവെന്നു പറയപ്പെടുന്നു. ഈത്തപ്പഴവും മത്സ്യവും മാത്രം കിട്ടുന്ന ഒരു സ്ഥലമെന്നു് അദ്ദേഹം അപലപിച്ച പാരോസ്‌ വിട്ടുകയും അദ്ദേഹത്തിൻെറ വാക്കുകളിൽ ''ഗ്രീസിലെ എല്ലാ അത്യാഹിതങ്ങളുടെയും സമ്മേളനസ്ഥലമായ വൃത്തികെട്ട ദ്വീപായ'' താസോസിൽ കുറച്ചു് അസുഖകരങ്ങളായ ചില വർഷങ്ങൾ കഴിച്ചുകൂട്ടുകയും ചെയ്തു. അദ്ദേഹം ഒരു കടൽക്കള്ളനും വഴിപോക്കരിൽനിന്നു പിടിച്ചുപറിക്കുന്നവനും ആയിത്തീരുകയും തൻെറ പുതിയ പ്രവൃത്തിയെപ്പററി ഇങ്ങനെ എഴുതുകയും ചെയ്തു: ''എൻെറ കുന്തത്തിൽ അന്നവും ഇസ്മാരസിൻെറ വീഞ്ഞുമുണ്ടു്; കുടിക്കുമ്പോൾ ഞാനെൻെറ കുന്തം ഊന്നി ഞെളിഞ്ഞു

നില്ക്കുന്നു.'' മാൻവർ മാനിച്ച മൂല്യങ്ങളിൽ നിന്ദ തോന്നിത്തുടങ്ങിയ അദ്ദേഹത്തിന്നു് ഒരാത്മനിന്ദ കൂടാതെതന്നെ, സ്വരക്ഷയ്ക്കു പല ഉപായങ്ങളും സ്വീകരിക്കാമായിരുന്നു. താസോസിൽ ഒരു പോരാട്ടത്തിൽ അദ്ദേഹം തൻെറ പടച്ചട്ടയിട്ടോട്ടകയുണ്ടായി. പിന്നീടെഴുതിയ ഒരു കവിതയിൽ അദ്ദേഹം പറയുകയാണു്, സ്വന്തം തൊലിരക്ഷപെടുത്തുകയാണു് പടച്ചട്ട രക്ഷിക്കുന്നതിലും പ്രധാനമെന്നു്. അവസാനം അദ്ദേഹം പടക്കളത്തിൽത്തന്നെ വീണുമരിച്ചു. ശക്തവും തീക്ഷ്ണവും, രക്തവും മാംസവും നിറഞ്ഞതും ആയ അദ്ദേഹത്തിൻെറ കവിതയ്ക്കു്, ആത്മാർത്ഥമായ ഒരു വികാരത്താൽ പ്രചോദിതമാവുമ്പോൾ, ഉജ്ജ്വലവും തിക്തവുമായ ഒരുതരം സൗന്ദര്യം ലഭിച്ചിരുന്നു. ''നമ്മുടെ വരുണദേവൻെറ തിക്താപഹാരങ്ങളെ കൺമുൻപിൽനിന്നു മറയ്ക്കുക'' എന്നതു് കപ്പലപകടത്തിൽപ്പെട്ടു മൃതിയടഞ്ഞ തൻെറ സ്നേഹിതന്മാരുടെ ശവങ്ങൾ കുഴിച്ചുമൂടാനുള്ള ഒരഭ്യർത്ഥനയായിരുന്നു. കവിതയിലെ ശക്തമായ ഈ പാരമ്പര്യം ഇടയ്ക്കെല്ലാം സ്ത്രീകളേപ്പററി ഹാസ്യകൃതികളെഴുതിയിരുന്ന സെമോണിഡീസ് നിലനിറുത്തി. തൻെറ ഭാര്യയിൽനിന്നു് ഒരാക്ഷേപവാക്കു കേൾക്കാതെ ഒരു ഭർത്താവിന്നും ഒരു ദിവസമെങ്കിലും കഴിച്ചുകൂട്ടുവാൻ സാധിച്ചിട്ടില്ലെന്നു് അദ്ദേഹം പറയുന്നു. സ്വന്തം അനുഭവത്തിൽനിന്നാണു് അദ്ദേഹമിങ്ങനെ പറഞ്ഞിരുന്നതെന്നു തോന്നുന്നു. അതുതന്നെയായിരിക്കാം ഈ വീക്ഷണഗതിക്കു് കാരണവും. ശക്തവും തീക്ഷ്ണവുമായ ശൈലി, പിൽക്കാലത്തെ സോഫിസ്ററുകളുടെയും തത്വജ്ഞാനികളുടെയും മുൻഗാമിയായ സാന്മാർഗ്ഗികവും ദാർശനികവുമായ കവിതയുടെ ഉത്ഭവത്തിന്നു വഴിതെളിച്ചു. ഭൂരിഭാഗവും അജ്ഞാതകവികളുടേതായ ഇത്തരം കവിതയുടെ ഒരു ഉദാഹരണമിതാ.

''ഉചിതമായതു സൽപ്രവൃത്തിയും ഉത്തമമായതു് ആരോഗ്യവും മധുരതരമായതു് അഭിലാഷസാദ്ധ്യവുമാണു്.''

ഇത്തരം കവിതയെ ഡെമോഡോക്കസ് ഹാസ്യത്തിൻെറ പന്ഥാവിലേക്കു തിരിച്ചു: ''കിയോസിലെ ജനങ്ങൾ ചീത്തവരാണു്; ഇയ്യാൾ നല്ലതു്, അയാൾ ചീത്തയെന്നല്ല, എല്ലാവരും ചീത്തവരാണു്—പ്രോക്ലീസ് ഒഴികെ. പക്ഷേ,

പ്രോക്ലീസ്സം അവിടത്തുകാരനാണല്ലോ.'' ആറാംനൂറ്റാണ്ടിൽ ഈസപ്പ് സദാചാരഗുളികകളെ രസകരങ്ങളായ കെട്ടുകഥകൾകൊണ്ടു പൊതിഞ്ഞു.

ഏഷ്യാമൈനറിലെ കൊളോഫോണിൽ ജനിച്ച മിമ്നെർമസ്, തൻെറ പാട്ടുകൾക്കു് ഓടക്കുഴലിൽ രാഗമാലപിച്ചിരുന്ന യുവതിയാൽ തിരസ്കൃതനായതിന്നുശേഷം, യൗവനത്തിൻെറ ശോകപര്യവസായിയായ സൗന്ദര്യത്തെപ്പററിയും ജീവിതാനന്ദത്തിൻെറ ക്ഷണികതയേപ്പററിയും വസന്തദലങ്ങൾ വേഗത്തിൽ വാടുന്നതിനേപ്പററിയും മനുഷ്യജീവിതത്തിന്മേൽ എന്നും വീശിക്കൊണ്ടിരിക്കുന്ന വാർദ്ധക്യത്തിന്റെയും മരണത്തിൻെറയും കരിനിഴലുകളേപ്പററിയും പ്രതിപാദിക്കുന്ന വിഷാദാത്മകകവിതകൾ രചിച്ചു.

ഏഴാംശതകത്തിൽ ജനിക്കുകയും ആറാംശതകത്തിൻെറ മദ്ധ്യത്തിലോളം ജീവിക്കുകയുംചെയ്ത സ്റ്റെസിക്കോറസിൻെറ പേരിന്നു ചുററും അനേകം കെട്ടുകഥകൾ വളൎന്നിട്ടുണ്ടു്. അവയിലൊന്നുപ്രകാരം, അദ്ദേഹം, ഹിസിയോഡ് തൻെറ എൺപതാമത്തെ വയസ്സിൽ വഴിപിഴപ്പിച്ച ഒരു കന്യകയുടെ പുത്രനാണു്. ഇതിന്നു പ്രതികാരമായി അവളുടെ സഹോദരൻ ഹിസിയോഡിനെ കൊന്നുവത്രേ. ഈ കഥ ശരിയായിരിക്കാനിടയില്ല; കാരണം സ്റ്റെസിക്കോറസ് സിസിലിക്കാരനായിരുന്നു. യവനൎക്കു് ഇതിഹാസങ്ങൾ മടുത്തപ്പോൾ, സ്റ്റെസിക്കോറസ് അവയിലെ കഥകളെ സംഘഗാനങ്ങളിലേക്കു പകൎത്തി. 'കുമാരസംഭവ'ത്തിലെ കാമലീലാവൎണ്ണനകളിൽ പ്രകടിപ്പിച്ച സ്വാതന്ത്ര്യം കാരണം കവിയുടെപേരിൽ പാൎവ്വതിക്കുണ്ടായ കോപമാണു കാളിദാസൻെറ അപകടമരണത്തിന്നു കാരണമെന്നു പറയാറുള്ളതുപോലെ, ഹെലൻെറ ചാരിത്ര്യമില്ലായ്മയെ ഊന്നിപ്പറഞ്ഞതുകൊണ്ടാണു സ്റ്റെസിക്കോറസിന്നു കാഴ്ച നശിച്ചതെന്നു പറയപ്പെടുന്നു. പിന്നീടെഴുതിയ ഒരു കവിതയിൽ, ഹെലൻ ട്രോയിയിലേക്കു പോയിട്ടേയില്ല, നേരേമറിച്ചു് മെനിലാസ് അവളെ രക്ഷപെടുത്തുന്നതുവരെ ഈജിപ്റ്റിലായിരുന്നു എന്നു പറഞ്ഞു് അദ്ദേഹം ആദ്യത്തെ തെറ്റിന്നു പ്രായശ്ചിത്തംചെയ്തു. മായാസീതയേപ്പറ്റി ഇതുപോലെയുള്ള ഒരു കഥ ഇന്ത്യൻപാരമ്പൎയ്യത്തിലുമുണ്ടു്. സാഹിത്യ

ചരിത്രത്തിൽ സ്റ്റെസിക്കോറസിന്നുള്ള പ്രാധാന്യം അദ്ദേഹം പില്ക്കാലത്തെ ഇടയകവിതകൾക്കു വഴിതെളിക്കുകയും പദ്യത്തിൽ നോവല്ലുകൾ എഴുതുകയും ചെയ്തുവെന്നുള്ളതാണ്.

ആറാംശതകത്തിന്റെ പ്രഥമ പാദത്തിൽ ജീവിച്ചിരുന്ന ഥെയോഗ്‌നിസ് കോറിന്ത് ഉൾക്കടലിലെ മെഗാറയിൽ ജനിക്കുകയും വിപ്ലവബഹുലമായ ഒരു കാലഘട്ടത്തിൽ ജീവിക്കുകയും ചെയ്തു. പ്രഭുത്വത്തിന്റെ അനീതികൾ വിപ്ലവങ്ങൾക്കു പ്രേരണ നൽകുമെന്നു് രേഖപ്പെടുത്തുന്ന കവിതകളിൽ അദ്ദേഹം തന്റെ യുവസുഹൃത്തായ സിർണസിന്നു് ഉപദേശങ്ങൾ എഴുതി. പക്ഷേ, അദ്ദേഹം ഒരു പ്രഭുവായിരുന്നു; ജനായത്തകക്ഷി വിജയിച്ചപ്പോൾ അദ്ദേഹം രാജ്യത്തിൽനിന്നു് ബഹിഷ്കൃതനാവുകയും ചെയ്തു. ഈ ബഹിഷ്കരണം അദ്ദേഹത്തെ രോഷാകുലനാക്കി; തൽഫലമായി അദ്ദേഹം മനുഷ്യർതമ്മിൽ മൗലികമായ വ്യത്യാസങ്ങളുണ്ടെന്നു് വിശ്വസിക്കുകയും പ്രഭുത്വത്തെ നല്ലതായും സാമാന്യജനതയെ ചീത്തയായും കണക്കാക്കുകയും ചെയ്തു. വയസ്സുകാലത്തു് മെഗാറയിലേക്കു് തിരിച്ചുവരാൻ അനുവദിക്കപ്പെട്ടപ്പോൾ മാത്രമേ അദ്ദേഹത്തിന്നു സമാധാനം ലഭിച്ചുള്ളൂ. അതിന്നുമുമ്പ്, വർഗ്ഗസമരത്തിന്റെ അത്യുച്ചകാലത്തു്, അദ്ദേഹത്തിന്നു ജനാധിപത്യവാദികളോടു് അടങ്ങാത്ത കോപമുണ്ടായിരുന്നു; നീചരും കൊള്ളരുതാത്തവരും ദുർവൃത്തരുമായവർ അഭിവൃദ്ധിപ്പെടുവാൻ എങ്ങനെയാണു് അനുവദിക്കുന്നതെന്നു് അദ്ദേഹം ദൈവത്തോടു് ചോദിക്കുകകൂടി ചെയ്തു. ഇതിന്നുള്ള ഉത്തരം അന്ത്യകാലത്തു് ലോകഗതിയുമായി രമ്യതയിലായപ്പോൾ അദ്ദേഹത്തിന്നു ലഭിച്ചു. ലോകത്തിൽ നന്മയും തിന്മയുമുണ്ടു്. അവയുടെ കൂട്ടിയുരസൽകൊണ്ടാണു് ലോകകാര്യങ്ങൾ പുരോഗമിക്കുന്നതുതന്നെ. അങ്ങനെ, അതിഭാഗ്യം, ജനിക്കാതിരിക്കുക, സൂര്യനെ കാണാതിരിക്കുക എന്നതും അടുത്തതു് വേഗം മരിക്കുകയും ഭൂമിക്കടിയിൽ അന്ത്യവിശ്രമം പൂകുകയുമാണെന്നെഴുതിയ തത്വചിന്തകനായ ആ കവി, ആഹ്ലാദഭരിതമല്ലെങ്കിലും ശാന്തമായ സ്വീകാരത്തിന്റേതായ ഈ വരികൾ അവസാനമായെഴുതി:

"എന്നാത്മാവേ, നിന്റെ സമയം ആസ്വദിക്കുക; അടു

ത്തുതന്നെ മറെറാരു തലമുറ അവരുടെ സ്വന്തം ആശകളും ആശങ്കകളും, സന്താപവും സന്തോഷവുംകൊണ്ടു് ലോകത്തിൽ നിറയുകയും നിൻെറ സ്ഥാനമെടുക്കുകയും ചെയ്യും. അപ്പോൾ ഞാൻ പൊടിയും കുതിന്ന മണ്ണുമായിരിക്കും. പക്ഷേ, അതി നേപ്പററി ചിന്തിക്കാതിരിക്കുക; ലഹരിപിടിപ്പിക്കുന്ന വീഞ്ഞു് കുടിക്കുക.''

മറെറാരു രോഷാകുലനായ കവിയായിരുന്നു ഹിപ്പോനാക്സ്. കുള്ളനും മെലിഞ്ഞവനും മുടന്തനുമായ അദ്ദേഹത്തിന്നു് ഒരൊററസ്ത്രീയേയും ആകർഷിക്കാൻ കഴിഞ്ഞില്ല. അതിന്നു പ്രതികാരമായി സ്ത്രീവർഗ്ഗത്തെയാകെ പരിഹസിച്ചുകൊണ്ടു് ഒരു കൃതി രചിച്ചു. ''ഒരു സ്ത്രീ ഒരു പുരുഷന്നു് രണ്ടുദിവസത്തെ ആനന്ദം നൽകുന്നു; അവൻ കല്യാണം കഴിക്കുന്ന ദിവസവും അവളുടെ മൃതദേഹം എടുത്തുകൊണ്ടുപോവുന്ന ദിവസവും.'' സമകാലീനരായ ശില്പികൾ അദ്ദേഹത്തെ അപഹസിക്കുന്ന രീതിയിൽ അദ്ദേഹത്തിൻെറ പ്രതിമകളുണ്ടാക്കി. അതിന്നുപകരം അദ്ദേഹം അതിലും ശക്തിയായ പരിഹാസം അവരുടെനേരേ തൊടുത്തുവിട്ടു. ഏഷ്യാമൈനറിലെ എഫീസസിൽ ജനിച്ചുവളന്ന അദ്ദേഹം ആ രാജ്യത്തിലെ എല്ലാവരേയും—ഏററവും നീചനായ കുററവാളിമുതൽ ആർടെമിസിൻെറ ക്ഷേത്രത്തിലെ പുരോഹിതൻവരെ എല്ലാവരേയും—എതിർത്തു. ഭയങ്കരനായ ഈ വൃദ്ധൻ മരിച്ചുകാണുവാൻ നഗരം മുഴുവനും ഉത്സുകമായിരുന്നിരിക്കണം. അദ്ദേഹത്തിൻെറ മരണത്തിന്റെ വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും ഇതിഹാസം—പൊതു അഭിലാഷത്തിൻെറ പ്രകടനമായിരിക്കാം—പറയുന്നു അതു് ആത്മഹത്യയായിരുന്നുവെന്നു്.

ആറാംശതകത്തിലെ രണ്ടു മഹാത്മക്കളായ അൽസിയൂസ്, സഫോ എന്നിവരിൽ ഭാവഗീതം അഥവാ ആത്മഗീതം അതിൻെറ ഔന്നത്യം പ്രാപിച്ചു. രണ്ടുപേരും ലസ്ബോസ് ദ്വീപിലെ പ്രഭുവർഗ്ഗത്തിൽ ജനിച്ചുവളന്നവരായിരുന്നു. അധികാരം വീണ്ടെടുക്കാനുള്ള പ്രഭുവർഗ്ഗത്തിൻെറ ഒരു ഗൂഢാലോചനയിൽ സജീവമായ പങ്കുവഹിച്ചതിന്നു് രണ്ടുപേരേയും ജനാധിപത്യകക്ഷി രാജ്യത്തുനിന്നു ബഹിഷ്കരിച്ചു.

രാഷ്ട്രീയപ്രക്ഷോഭണവും കവിതയും കൂട്ടിക്കലത്തിയ ഒരു ആളി ക്കത്തുന്ന തീക്കൊള്ളിയായിരുന്നു അൾസിയൂസ്. ഇന്നു നാമ ദ്ദേഹത്തെ കാര്യമായോൎമ്മിക്കുന്നതു് ആത്മാൎത്ഥതയും തീവ്ര വികാരവും നിറഞ്ഞ, ധാരാളം കുടിക്കുന്നവനും ആകെക്കൂടി നല്ലൊരു കൂട്ടുകാരനും ആയ ഒരാളായിട്ടാണു്. ലസ്ബോസി ൻെറ ലോഹമണ്ണിൽ മുന്തിരിച്ചെടി സമൃദ്ധമായി വളൎന്നിരു ന്നു. ദ്വീപിൽ ഉണ്ടാക്കിയിരുന്ന സുപ്രസിദ്ധമായ വീഞ്ഞു് അൾസിയൂസിനാൽ അനശ്വരമാക്കപ്പെട്ടിരിക്കുന്നു. എല്ലാ ഋതു ക്കളിലും കുടിക്കുവാൻ ഓരോ നല്ല കാരണം അൾസിയൂസ് ക ണ്ടുപിടിച്ചു. വേനലിൻെറ കൊടുംചൂടു് ഒരു വല്ലാത്ത ദാഹ ത്തെ ഇളക്കിവിട്ടിരുന്നു; അതു ശമിപ്പിക്കാൻ വീഞ്ഞു് കുടി ക്കുകതന്നെവേണം. പോരാത്തതിന്നു് ഉഗ്രമായ ചൂടു് ലസ് ബിയൻതരുണികളുടെ രക്തത്തിന്നു ചൂടുപിടിപ്പിച്ചിരുന്നു; മനുഷ്യനെ ക്ഷണത്തിൽ തളൎത്തുന്ന ആ ഉഷ്ണത്തിൽ അവരു ടെ വികാരത്തെ ശമിപ്പിക്കാനുള്ള ശക്തി ലഭിക്കുന്നതിന്നും വീഞ്ഞു് കുടിക്കേണ്ടതാവശ്യമായിരുന്നു. ശരൽക്കാലത്തു്, ഇലകൾ കൊഴിഞ്ഞുവീഴുമ്പോൾ, പഴയതിൻെറ നാശത്തിലു ള്ള ശോകം മറക്കാൻ വീഞ്ഞു് മോന്തുകതന്നെ വേണം. മഞ്ഞു കാലത്തു്, തോടുകളും അരുവികളും കട്ടിയാവുകയും തണുത്ത കാററു് കാടുകളിൽ അലറുകയും, സമുദ്രത്തിലെ തിരമാലകൾ കോപത്തോടെ ഗൎജ്ജിക്കുകയും ചെയ്യുമ്പോൾ, തീയിൻെറ അടുത്തിരുന്നു് തണുത്തുറയുന്ന രക്തത്തെ ചൂടുപിടിപ്പിക്കു വാൻ വീഞ്ഞുകുടിക്കുന്നതു് ഒരു സുഖംതന്നെയായിരുന്നു. ഒടു വിൽ വസന്തം തിരിച്ചുവരുമ്പോൾ, പ്രകൃതിയുടെ പുനരുജ്ജീ വനത്തെ കൊണ്ടാടുവാനും വീഞ്ഞു് ആവശ്യമായിരുന്നു. രാ ത്രിയാവാൻ കാത്തുനില്ക്കേണമെന്നില്ല; പകൽവെളിച്ചം നാട്ടു വെളിച്ചമായി മാറുന്നതിനുമുമ്പുതന്നെ കുടിക്കുവാൻ തുടങ്ങാം.

യവനകവികളിൽ സംഗീതാത്മകത ഏററവുമധികമു ണ്ടായിരുന്ന സഫോവിനെ പത്താമത്തെ കലാദേവതയെന്നാ ണു് പ്ലേറേറാ അഭിവാദ്യം ചെയ്തതു്. കുറിയവളും കൃശഗാത്ര യുമായ അവൾക്കു് നിൎമ്മലമെങ്കിലും വികാരോദ്ദീപകമായ ഒരു സൗന്ദൎയ്യം ഉണ്ടായിരുന്നിരിക്കണം; പല പുരുഷന്മാരും അവ രെ പ്രേമിച്ചിരുന്നു. അവരിൽ അൾസിയൂസും പെട്ടിരുന്നു.

അദ്ദേഹം അവൾക്കെഴുതി: ''പരിശുദ്ധയും സദാ പുഞ്ചിരിക്കുന്നവളുമായ സഫോ, എനിക്കു നിന്നോടൊന്നു പറയേണമെന്നുണ്ട്; പക്ഷേ, ലജ്ജ എന്നെ തട്ടുകുന്നു.'' ഈ കാമുകൻെറ സ്വഭാവം അറിഞ്ഞിരുന്ന സഫോ പ്രതിവചിച്ചു: ''നിങ്ങളുടെ ആഗ്രഹങ്ങൾ സദ്വൃത്തവും കുലീനവുമായിരുന്നുവെങ്കിൽ, നിങ്ങളുടെ നാവു് നീചമായ വാക്കുകൾ ഉച്ചരിക്കാൻ ഉണ്ടാക്കപ്പെട്ടതല്ലായിരുന്നുവെങ്കിൽ, നിങ്ങളുടെ കണ്ണുകളെ നാണം മറയ്ക്കുകയില്ല, ന്യായമായ ആഗ്രഹങ്ങൾ പ്രകടിപ്പിക്കാൻ നിങ്ങൾക്കു സാധിക്കും.'' രാഷ്ട്രീയമായ സംഘട്ടനങ്ങളാൽ സിസിലിയിലേക്കു ബഹിഷ്കരിക്കപ്പെട്ട സഫോ ഒരു ധനികവർത്തകനെ വരിക്കുകയും അവൾക്ക് ഒരു പുത്രി—''പകരമായി സുന്ദരമായ ലസ്ബോസ് മുഴുവനും കിട്ടിയാലും ഞാനാർക്കും കൊടുക്കാനൊരുക്കമില്ലാത്ത ഒരു കനകപുഷ്പം''—ജനിക്കുകയും ചെയ്തു. പക്ഷേ, അവരുടെ ഭർത്താവു മരിച്ചതോടുകൂടി ഗാർഹസ്ഥ്യത്തിൻെറ ഈ ഘട്ടം അവസാനിച്ചു. അഞ്ചുകൊല്ലത്തെ വിദേശവാസത്തിന്നുശേഷം അവർ ലസ്ബോസിലേക്കു മടങ്ങിവന്നു. അതിന്നുശേഷം നാമവരെ അറിയുന്നതു് പ്രധാനമായും ഒരു കവയിത്രിയെന്ന നിലയ്ക്കാണു്.

സഫോവിൻെറ കവിതകളെ അവർതന്നെ തംബുരുവിൻെറ ശ്രുതിക്കനുസരിച്ചു് പാടത്തക്കവണ്ണം ഗാനങ്ങളാക്കി. ആ തംബുരു നാമാവശേഷമായെങ്കിലും അവരുടെ കവിതകളുടെ സംഗീതാത്മകത ഇത്തരം വരികളിൽനിന്നും പ്രകടമാവും: ''പുഷ്പിതവസന്തത്തിൻ ചെവിയോർത്തു ഞാൻ മൃദുലപദവിന്യാസം.'' അനിതരസാധാരണമാംവണ്ണം വികാരതരളിതമായ ഒരു ഹൃദയത്തിൻെറ വികാരവിചാരങ്ങളെ പകർത്താൻ ആ സംഗീതത്തിന്നു കഴിഞ്ഞിരുന്നു: ''എൻെറ ചുററും ശരൽക്കാററുകൾ ആപ്പിൾക്കൊമ്പുകൾക്കിടയിൽ കേഴുന്നു; നിദ്ര, ഒരു നദിയേപ്പോലെ, വിറയ്ക്കുന്ന ഇലകളിൽനിന്നു് ഭൂമിയിലേക്കു് താഴോട്ടൊഴുകുന്നു.''

സഫോവിനേപ്പററി പറയുന്ന കൂട്ടത്തിൽ പ്ളൂട്ടാർക്ക് പറയുകയുണ്ടായി, അവരുടെ വാക്കുകളിൽ തീപ്പൊരികൾ കലർന്നിരുന്നുവെന്നു്. അവരുടെ കൊച്ചുശരീരം ഒരു തീവ്ര

വികാരത്തെ മറച്ചുപിടിച്ചു. ആ തീവ്രത ഇന്നു് അതിന്റെ പരിശുദ്ധിയോടും ശക്തിയോടുംകൂടി വ്യക്തമായിത്തുടങ്ങിയിരിക്കുന്നു. അപ്രാപ്യമായ പ്രേമത്തെ "ഏററവും ഉയരമുള്ള കൊമ്പിൻെറ അങ്ങേ അററത്തുള്ള ചുകന്ന മധുരമായ ആപ്പിൾ, ആപ്പിൾ പൊട്ടിച്ചവർ മറന്നുപോയ ആപ്പിൾ; അല്ല, മറന്നതല്ല, അവക്കെത്താത്തതുകൊണ്ടു് പറിക്കാതെവിട്ട ആപ്പിളി" നോടു് ഉപമിച്ചതിൽ, അവരുടെ സംഗീതം ശോകാത്മകമായിത്തീരുന്നു. "കയ്പും മധുരവും കലന്ന പ്രേമത്തിന്റെ വേദന" യേപ്പററി അവരെഴുതിയ നിരവധി കവിതകൾ തീവ്രമായ അനുഭൂതിക്കുള്ള അവരുടെ കഴിവുകളെ വ്യക്തമാക്കുന്നു. "വൻമരത്തിന്മേൽ കൊട്ടുംകാററു വീഴുന്നതുപോലെ പ്രേമം എന്റെമേൽ വീണു് എന്നെയാകെ—ഇലയും കൊമ്പും—വിറപ്പിക്കുന്നു."

ഈ വികാരതീക്ഷ്ണത അതിൻെറ കൊടുമുടിയിലെത്തുമ്പോൾ ആനന്ദത്തിന്നിടകൊടുക്കാത്തവിധം തീവ്രവും അലങ്കാരത്തിൻെറയും ഉപമയുടെയും സഹായംകൂടാതെ കാര്യമാത്രപ്രസക്തവുമായിത്തീരുന്നു. "ചന്ദ്രനും സപ്തർഷിതാരകങ്ങളും അസ്തമിച്ചുകഴിഞ്ഞു; പാതിരാവാണിപ്പോൾ; നാഴികകൾ നീങ്ങുന്നു; എന്നിട്ടും ഞാനെൻെറ മെത്തയിലേകയായു് ഉണന്നുകിടക്കുന്നു."

നിഷ്ഫലപ്രേമത്തിൻെറ നൈരാശ്യം സഹിക്കാനാവാതെ, സഫോ ഒരു കൊടുമുടിയിൽനിന്നു ചാടി ആത്മഹത്യ ചെയ്തുവെന്നു് ഒരു കഥയുണ്ടു്. ഇതു ശരിയായിരിക്കാൻ വഴിയില്ല; കാരണം, പ്രായംചെന്നപ്പോൾ, സഫോവിന്നു് അനുഭവങ്ങളുടെ ഫലമായി ഒരു പാകത കൈവന്നിരുന്നു. ആനന്ദം ക്ഷണഭംഗുരമാണെന്നും സ്മരണയാണു് ശാശ്വതസമ്പത്തെന്നും അവർ മനസ്സിലാക്കി. അവരുടെ പിൽക്കാലത്തു് ഒരാൾ അവരെ പ്രേമിച്ചപ്പോൾ, അവർ അയാളോടു് തന്നേക്കാൾ ചെറുപ്പക്കാരിയായ ഒരു ഭാര്യയെ തേടുവാൻ ഉപദേശിച്ചു. "എൻെറ സ്തനങ്ങൾക്കു് പാൽ ചുരക്കുവാനും എൻെറ ഗർഭാശയത്തിന്നു് കുട്ടികളെ വഹിക്കുവാനും ഉള്ള കഴിവുണ്ടായിരുന്നുവെങ്കിൽ, ഞാൻ ഇനിയുമൊരു വിവാഹമഞ്ചത്തിലേക്കു്—ആശങ്കകളോടുകൂടിയാണെങ്കിലും—വരുമായിരുന്നു. പക്ഷേ, ഇപ്പോൾ എൻെറ ശരീരത്തിൽ വാർദ്ധക്യം ചുളികളും

വരകളും വരച്ചുകഴിഞ്ഞു; പ്രേമം അതിൻെറ വേദനയുടെ ഉപഹാരവുമായി എൻെറ അടുക്കലേക്ക് വരുന്നില്ല,'' എന്നാണവർ പറഞ്ഞതു്. അവരുടെ പ്രതിഭ ക്ഷീണിച്ചുതുടങ്ങിയപ്പോഴും അവർ വ്യസനിച്ചില്ല. ഈയൊരു വിചാരംകൊണ്ടു് സ്വയം സമാധാനിച്ചു: ''തീർച്ചയായും, താരാഖചിതമായ രാത്രി പൂക്കൾ ചുമന്ന പുലരിയെ പിൻതുടന്നു് ഭൂമിയുടെ മൂലകളിലേക്കു് അന്ധകാരം വ്യാപിപ്പിക്കുന്നതുപോലെ, മരണം ജീവനുള്ള എല്ലാററിനേയും പിൻതുടരുകയും അവസാനം അതിനെ പിടികൂടുകയും ചെയ്യുന്നു.''

സഫോവിന്നുശേഷം, ഇബിക്കസിൻെറയും അനക്രെയോണിൻെറയും കവിതയിൽ വികാരതീക്ഷ്ണത കുറഞ്ഞു കാണുന്നു. ഇബിക്കസിൻെറ കവിതയുടെ ചില ശകലങ്ങൾ മാത്രമേ അവശേഷിച്ചിട്ടുള്ളു. അവ പനിനീർപ്പൂക്കളും സ്ത്രീകളുടെ ഉടുപുടവകളും വസന്തവും ''പ്രഭാപൂരിതവും നിദ്രാവിഹീനവുമായ പുലരി രാക്കുയിലുകളെ ഉണർത്തുന്നതും'' കൊണ്ടു നിറഞ്ഞവയാണു്. ലാളിത്യമിയന്ന കവിതാശൈലികാരണം, പല രാജ്യങ്ങളുടെയും ശ്രദ്ധയെ ആകർഷിച്ച അനക്രെയോൺ ഏഷ്യാമൈനറിലെ ററീയോസിൽ ക്രി. മു. 563–ൽ ജനിക്കുകയും പരിപക്വമായ വാർദ്ധക്യംവരെ—എൺപത്തഞ്ചാമത്തെ വയസ്സിലാണു് അദ്ദേഹം മരിച്ചതു്—ജീവിക്കുകയും ചെയ്തു. ചീനകവിതയിൽ കണ്ടുവരുന്ന ശാന്തത അദ്ദേഹത്തിൻെറ പ്രകൃതിവർണ്ണനകളിൽ പ്രകടമാവുന്നു. വസന്തഋതുവിൽ, മഞ്ഞുകാലത്തു് തണുപ്പുകുറഞ്ഞ രാജ്യങ്ങളിലേക്കു പോയിരുന്ന കൊററികൾ മടങ്ങിവരുന്നതും, മുന്തിരിവള്ളികൾ വീർത്തുരുണ്ട ഗോളങ്ങളാൽ പ്രശോഭിച്ചുതുടങ്ങുന്നതും, ഹിമക്കട്ടി കുറഞ്ഞതും തണുപ്പധികമില്ലാത്തതുമായ കുളങ്ങളിൽ വാത്തുകൾ നീന്താൻ തുടങ്ങുന്നതും അദ്ദേഹം കാണുന്നു. ശരൽക്കാലത്തു്, കൊല്ലത്തിൻെറ പക്വഭാഗത്തിൻെറ പ്രവാചകനും, കൊയ്ത്തുകാലത്തിൻെറ നാന്ദി കുറിക്കുന്നതുമായ പച്ചക്കുതിരയോടു് അദ്ദേഹത്തിന്നു് ഒരു സഹാനുഭൂതി തോന്നുന്നു. വാർദ്ധക്യം അദ്ദേഹത്തിൻെറ പെണ്ണിലും മദ്യത്തിലുമുള്ള പ്രതിപത്തി ഒട്ടും കുറച്ചില്ല—കന്യകമാർ അദ്ദേഹത്തിൻെറ ജരാനരകളെ വെറുക്കുകയും പ്രായംകുറഞ്ഞ കൂട്ടുകാരേ

തേടിപ്പോവുകയും ചെയ്യുന്നുവെന്നു് അദ്ദേഹത്തിന്നു് ഇടയ്ക്കെല്ലാം ആവലാതികളുണ്ടായിരുന്നുവെങ്കിലും. അദ്ദേഹത്തിൻെറ "ദാഹത്തോളം അഗാധവും വിശാലമായ ആത്മാവിനോളം വിസ്തൃതവും'' ആയ വീഞ്ഞുകോപ്പകൾ അദ്ദേഹം ആവശ്യപ്പെട്ടു. ഒരു മുന്തിരിക്കുരു തൊണ്ടയിൽ കുടുങ്ങിയിട്ടാണു് അദ്ദേഹം മരിച്ചതെന്നു പറയപ്പെടുന്നു. പിൽക്കാലത്തെ ഒരു ഫലിതക്കാരൻ അദ്ദേഹത്തിന്നു് ഇങ്ങനെയൊരു ചരമഗീതം എഴുതി: "വീഞ്ഞിന്റെ വളർത്തമ്മകളായ മുന്തിരിവള്ളികളേ, നിങ്ങൾ അനക്രെയോണിൻെറ അസ്ഥിമണ്ഡപത്തിന്മേൽ നീണ്ടു സമൃദ്ധമായി വളരുക. അങ്ങനെ, രാവുമുഴുവനും സരസമായി വീണമീട്ടിയിരുന്ന, സുഖപ്രദായിനിയായ വീഞ്ഞിന്റെ ആ ആത്മസുഹൃത്തു്, മരണത്തിന്നുശേഷവും തൻെറ തലയോടുകളിൽ സമൃദ്ധമായ മുന്തിരിവള്ളികൾ ഉയർത്തിപ്പിടിക്കുകയും, തൻെറ പ്രാണവായുവായിരുന്ന സുഗന്ധവാഹിയായ ആ മധുരമഞ്ഞിനാൽ തൻെറ ചുണ്ടു് എപ്പോഴും നനയ്ക്കുകയും ചെയ്യട്ടെ.''

അനക്രെയോണിൻെറ സമകാലീനനായ സൈമൊണിഡീസ് (ഇദ്ദേഹത്തെ സെമോണിഡീസുമായി തെററിദ്ധരിക്കരുതു്), കെയോസ്ദ്വീപിൽ ജനിക്കുകയും സർവ്വാധിപതികളുടെ സദസ്സുകളിൽ അനെക്രെയോണിനേക്കാൾ പ്രതാപനാവുകയും ചെയ്തു. പ്രശസ്തനായ അദ്ദേഹത്തിൻെറ മാദ്ധ്യസ്ഥം സ്വീകരിച്ചു് പരസ്പരം പോരാടുന്ന സർവ്വാധിപതികൾ സഖ്യത്തിലേർപ്പെട്ടിരുന്നു. മരിച്ചപ്പോൾ രാജോചിതമായ ബഹുമതികളോടുകൂടിയാണു് അദ്ദേഹത്തിൻെറ ശവം മറവുചെയ്യപ്പെട്ടതു്. പക്ഷേ, അദ്ദേഹത്തിൻെറ പണക്കൊതിയേപ്പററി സമകാലികന്മാരായ പല പ്രസ്താവനകളും ഉണ്ടു്. പ്രതിഫലത്തിന്നുവേണ്ടി എഴുതിയ ആദ്യത്തെ സാഹിത്യകാരൻ അദ്ദേഹമായിരുന്നു. പരിഹാസത്തിലും മൂർച്ചയേറിയ പ്രത്യുക്തികളിലും അദ്ദേഹം കേമനായിരുന്നു. ഒരെതിരാളിയെപ്പററി അയാൾ മരിക്കുന്നതിനുമുൻപേതന്നെ എഴുതിയ ചരമവാചകമിതാണു്: "ധാരാളം തിന്നുകയും ധാരാളം കുടിക്കുകയും പല ദൂഷ്യങ്ങൾ പറയുകയും ചെയ്ത റോഡ്സിലെ ടിമോക്രിയോൺ ഇതാ ഇവിടെകിടക്കുന്നു.'' ഇതേവിധത്തിലുള്ള കുത്സിത

കൂട്ടതൽ സ്ഥായിയായ ഗുണത്തോടുകൂടി, അദ്ദേഹത്തിൻെറ കവിതയിലും പ്രശോഭിക്കുന്നു. അതു് അതിശയോക്തികളൊന്നുമില്ലാത്ത, ലളിതവും ശാശ്വതവുമായ വസ്തുതകളുടെ കൂട്ടത്തിൽ പറയാവുന്ന ഒന്നാണു്. ലയോണിഡസ് വീരസ്വർഗ്ഗം പ്രാപിച്ച മലയിടുക്കിനേപ്പററി എഴുതിയതാണിതു്: "അല്ലയോ പഥികാ, സ്പാർട്ടക്കാരോടു പറയുക, അവരുടെ ഉത്തരവിനെ ആദരിച്ചു് ഞങ്ങൾ ഇവിടെ കിടക്കുന്നുണ്ടെന്നു്." അദ്ദേഹത്തിൻെറ ജീവിതത്തിൻെറ ഔജ്ജ്വല്യം അഗാധമായ ഒരശ്രുഭാഷ്പിവിശ്വാസത്തെ മറച്ചുവെച്ചിരുന്നുവെന്നു തോന്നുന്നു. "നമ്മുടെ ജീവിതം ഹ്രസ്വവും പാപപൂർണ്ണവുമാണു്; ഭൂമിക്കടിയിലുള്ള നമ്മുടെ നിദ്ര ശാശ്വതമായിരിക്കും...മനുഷ്യൻെറ ശക്തി തുച്ഛവും അവൻെറ അററകുററങ്ങൾ അപരാജിതവും ആകുന്നു; അവൻെറ ഹ്രസ്വജീവകാലത്തിൽ, ദുഃഖത്തിന്നുപിമ്പേ ദുഃഖം ഘോഷയാത്ര നടത്തുന്നു; അവസാനം, യാതൊരു മനുഷ്യനും രക്ഷപെടാനാവാത്ത മരണം അവൻെറമേൽ അതിൻെറ കരിനിഴൽ വീശുന്നു; നല്ലവനും കെട്ടവനും ഒരുപോലെ അതിന്നടിമപ്പെടുന്നു."

സൈമൊണിഡീസിൻെറ മരുമകനായിരുന്ന ബാക്കിലിഡീസ് സാധാരണജീവിതത്തിൻെറ എല്ലാവശങ്ങളെയും പററി—വയലുകളിലെ പ്രവൃത്തി, പരമ്പരാഗതമായ പ്രാർത്ഥനാമുറകൾ, ഉത്സവവേളകളിൽ നാൾമുഴവനുമുള്ള നൃത്തങ്ങൾ എന്നിവയേപ്പററി—ആപാദമധുരങ്ങളായ കവിതകൾ രചിച്ചു. ശബ്ദായമാനമായ സംഗീതവും കല്പനാവൈഭവവും തികഞ്ഞ കവിതകൾ രചിക്കാനുള്ള കഴിവും അദ്ദേഹത്തിന്നുണ്ടായിരുന്നു. ഒരു പരുന്തു് പറക്കുന്നതിൻെറ വർണ്ണന നോക്കുക: "വിസ്തൃതമായ ഭൂമിയിലെ പർവ്വതശിഖരങ്ങൾക്കോ പരിവർത്തനവിധേയമല്ലാത്ത സമുദ്രത്തിലെ തിരമാലകൾക്കോ അവനെ പിടിച്ചുനിർത്താനാവില്ല." മറെറാരു വർണ്ണന: "ഇഡായിലെ പീഠഭൂമിയിലെ കരിയിലകളെ ഒരുക്കൻകാററു് അടിച്ചുപറപ്പിക്കുന്നതുപോലെ ഓടിക്കപ്പെടുന്ന ഹതഭാഗ്യരായ മനുഷ്യരുടെ പ്രേതങ്ങളെപ്പോലെ...." അദ്ദേഹം പിൻഡാറിൻെറ എതിരാളിയായിരുന്നു. ഈ രണ്ടു കവികളും

അഞ്ചാംനൂററാണ്ടിൻെറ പകുതിവരെ നമ്മെ എത്തിക്കുന്നു. അവർ മരിച്ചതു് ക്രി. മു. 450–ന്നടുത്താണ്.

പിൻഡാർ ബ്വയോഷ്യയിലെ ഥീബ്സിലാണു ജനിച്ചു വളൎന്നതു്. പക്ഷേ, അദ്ദേഹം, ഹിസിയോഡിനെപ്പോലെ ഒരു കർഷകനായിരുന്നില്ല. രാജ്യത്തിലെ പഴയ വീരന്മാരുടെ വംശത്തിൽപ്പെട്ടവനാണു താനെന്നു പിൻഡാർ അവകാശപ്പെട്ടിരുന്നു. ഗ്രീസിലെ മിക്ക രാഷ്ട്രങ്ങളും അവരുടെ ഉത്സവങ്ങളും ദിഗ്വിജയങ്ങളും ആഘോഷിക്കുന്ന അവസരങ്ങളിൽ അദ്ദേഹത്തിൻെറ സംഘഗാനങ്ങൾ ആവശ്യപ്പെട്ടിരുന്നു. അവയ്ക്കു് അവർ അദ്ദേഹത്തിന്നു നല്ല പ്രതിഫലം മുൻകൂറായിത്തന്നെ കൊടുക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിൻെറ സ്മരണ നിലനിറുത്താൻ, ആഥൻസ് ഒരു പ്രതിമയുണ്ടാക്കി; റോഡ്സ്, ഒരു ക്ഷേത്രച്ചുവരിന്മേൽ അദ്ദേഹത്തിൻെറ കവിത സ്വൎണ്ണലിപികളിൽ എഴുതി; അലക്സാണ്ടർ, ലഹളയ്ക്കൊരുമ്പെട്ട ഥീബ്സ് നശിപ്പിച്ചപ്പോൾ, പിൻഡാർ താമസിച്ചിരുന്ന വീട്ടുമാത്രം നശിപ്പിച്ചില്ല; കൊയ്ത്തിൻെറ ആദ്യത്തെ കററകൾ, അപ്പൊളോവിന്റെ അമ്പലത്തിൽ ഉപഹാരമായി ഹോമിക്കപ്പെട്ടമ്പോൾ, അതിൽ പങ്കുകൊള്ളാൻ പിൻഡാറിൻെറ ആത്മാവിനെയും ക്ഷണിക്കുക പതിവായിരുന്നു. പെഴ്സ്യൻയുദ്ധത്തിൽ, ഥീബ്സ് നിഷ്പക്ഷത പാലിച്ചപ്പോൾ, പിൻഡാർ ആഥൻസിലേക്കു പോയി: "വിശ്വവിശ്രുതമായ ആഥൻസേ, ഐശ്വൎയ്യപൂൎണ്ണവും കിരീടധാരിയും പ്രശംസാർഹവും ഗ്രീസിൻെറ പടച്ചട്ടയും ദൈവാനുഗ്രഹീതവുമായ നഗരമേ!" എന്നാണ് അദ്ദേഹം ആഥൻസിനെ അഭിസംബോധനചെയ്തതു്. പക്ഷേ, അന്ത്യകാലങ്ങളിൽ അദ്ദേഹം ഥീബ്സിന്നു മാപ്പുനൽകുകയും അങ്ങോട്ടു തിരിച്ചുപോവുകയും ചെയ്തു. "ഒരു മനുഷ്യന്നു തൻെറ ജന്മനഗരവും, കൂട്ടുകാരും വേഴ്ചക്കാരും ഹൃദ്യമാണ്; അവയാൽ അവൻ തൃപ്തനാവുന്നു. ദൂരെയുള്ളതിനെ കാമിക്കുകയെന്നതു വിഡ്ഢികൾക്കുമാത്രം ചേൎന്നതാണ്," എന്നായിരുന്നു അപ്പോൾ അദ്ദേഹത്തിൻെറ മതം. ഒരു കുലീനനായ പിൻഡാർ വിപ്ലവങ്ങളുടെ നശീകരണത്തെ വെറുത്തു. "ഒരു നഗരത്തെ അതിന്റെ അടിത്തറവരെ പിടിച്ചുകുലുക്കുകയെന്നതു ശക്തിഹീനൎക്കുകൂടി ക്ഷിപ്ര

സാദ്ധ്യമാണു്; എന്നാൽ അതിനെ സ്വസ്ഥാനത്തുതന്നെ ഉയൎത്തിനിൎത്തുകയെന്നതു ശ്രമാവഹമായ ഒരു കൃത്യമാണു്.'' അദ്ദേഹത്തിന്നു് ഉൽക്കടമായ ഒരശ്രുഭാൎപ്പിവിശ്വാസത്തിലേക്കു് ഒരു ചായ്‌വുണ്ടായിരുന്നു. ''ക്ഷണികങ്ങളായ വസ്തുക്കൾ! നമ്മൾ എന്താണു്; എന്തല്ല? ഒരു നിഴലിനെക്കുറിച്ചുള്ള സ്വപ്നമാണു മനുഷ്യൻ. പക്ഷേ, ദൈവദത്തമായ ഒരു പ്രഭാപൂരം ലഭിക്കുമ്പോൾ അവന്നു ചുററും പ്രകാശത്തിൻെറ പരിവേഷമുണ്ടാവുകയും അവൻെറ ജീവിതം സുന്ദരമാവുകയും ചെയ്യുന്നു.'' ബഹുദൈവാധിഷ്ഠിതമായ സാമാന്യമതത്തിന്നു വിപരീതമായി, അദ്ദേഹം സ്യൂസിനെ ''എല്ലാ ജീവജാലങ്ങളെയും നിയന്ത്രിക്കുകയും എല്ലാ പ്രവൃത്തികളും കാണുകയും ചെയ്യുന്ന സൎവ്വസ്വം'' ആയി കരുതി ആരാധിച്ചു. അദ്ദേഹം രഹസ്യാരാധനാമണ്ഡലങ്ങളുടെ ഒരനുയായിയായിരുന്നു. അദ്ദേഹത്തിൻെറ കവിതകളിൽ രഹസ്യാരാധനയുടെ മിന്നൽപ്പിണരുകൾ കാണാം. ഇന്നു് അദ്ദേഹത്തിൻെറ കവിതകൾ തുലോം ഘനപ്പെട്ടവയായിത്തോന്നാം; പക്ഷേ, അതു നമുക്കു് അവയുടെ വാക്കുകൾ മാത്രം കിട്ടുന്നതുകൊണ്ടും ആ സംഘഗാനങ്ങളുടെ സംഗീതം നഷ്ടപ്പെട്ടതുകൊണ്ടുമാണു്. ത്യാഗരാജൻെറ കീൎത്തനങ്ങൾ അവയുടെ രാഗങ്ങളുടെ യാതൊരു ഗന്ധവുമില്ലാതെ, വെറും കവിതകളെന്ന നിലയിൽമാത്രം നാം വായിക്കുകയാണെങ്കിലത്തെ സ്ഥിതി ഒന്നാലോചിച്ചുനോക്കുക!

ഈവകയുള്ള കൃതികളുടെ കുറവുകൊണ്ടായിരിക്കാം, പിൻഡാറിന്നുശേഷം, പദ്യരചനയുടെ പ്രധാനകേന്ദ്രം ഗ്രീസിൽനിന്നും തൊട്ടടുത്തുള്ള ദ്വീപുകളിൽനിന്നും അലക്സാണ്ട്റിയായിലേക്കു നീങ്ങി. ഇവിടെ, മൂന്നാംശതകത്തിൻെറ പൂൎവ്വാൎദ്ധത്തിൽ, കലിമാക്കസ്സും, അദ്ദേഹത്തിൻെറ ശിഷ്യനും എതിരാളിയുമായ അപൊള്ളോണിയസ്സും, ജീവിച്ചിരുന്നു. ഈ രണ്ടുപേരുടെയും കവിത മിക്കവാറും ''ലോകാവേക്ഷണംകൊണ്ടു് ഊറിക്കൂടിയ തനിപ്പൊന്നല്ല, കോശഗ്രന്ഥങ്ങളിലും കാവ്യങ്ങളിലും മററുംനിന്നു് ഒരുക്കിക്കൂട്ടിയ തമ്പാക്കാണു്.'' പക്ഷേ, അവിടവിടെ ചില മിന്നലുകളുമുണ്ടു്. കലിമാക്കസിൻ്റെ കവിത, അതിൻ്റെ ഉച്ചകോടിയിൽ, അദൃശ്യനായ ഒരു ദൈവത്തിൻ്റെ സാന്നിദ്ധ്യമുളവാക്കുന്ന അവാച്യമായ ഭീതി പ്രകടിപ്പി

ക്കാൻ ശക്തമാകുന്നു. ഉദാഹരണമായി, അപ്പൊളേളാവിനോടുള്ള ഈ കീർത്തനം നോക്കുക:

"പുന്നമരത്തെയും ക്ഷേത്രത്തെ മുഴവനും പിടിച്ചുകുലുക്കുന്ന ഈ ശക്തി, ഈ അത്ഭുതപൂർവ്വമായ ശക്തിവിശേഷമേതു്? അല്ലയോ പാപാത്മാക്കളേ, പോവുക, പോവുക, ഈ വിശുദ്ധഭൂമിയിൽനിന്നു ദൂരെ ഓടിരക്ഷപ്പെട്ടുകൊള്ളുക! അപ്പൊളേളാ വരുന്നു."

മനുഷ്യവിദ്വേഷിയായ ഒരു വൃദ്ധൻ മരിച്ചപ്പോൾ, മരിച്ചയാൾതന്നെ എഴുതുന്നതുപോലെ, കലിമാക്കസ് എഴുതിയ ചരമവാക്യത്തിന്നു് ഒരു കട്ടത്ത വീര്യമുണ്ടു്:

"ഞാൻ, റൈറ്റമൺ, മനുഷ്യവർഗ്ഗത്തെ വെറുത്തിരുന്നു. പഥികരേ, കടന്നുപോവുക. എന്നെ ഇഷ്ടംപോലെ ശപിച്ചുകൊള്ളുക. എന്നാൽ എന്നെ ഏകാന്തതയിൽ വിശ്രമിക്കാനനുവദിക്കുക."

സ്റ്റെസിക്കോറസിനേപ്പോലെ, കാലിമാക്കസും പദ്യത്തിൽ ഒരു കഥയെഴുതിയിട്ടുണ്ടു്. മാതാപിതാക്കളുടെ നിരോധനാജ്ഞയെ ലംഘിച്ചു വിവാഹിതരായ ഒരു സുന്ദരയുവാവിന്റെയും സുന്ദരിയായ യുവതിയുടെയും കഥയാണു് അതു്. ഈയൊരു കഥാബീജത്തിന്നു പിൽക്കാലത്തെ സാഹിത്യത്തിൽ അനേകായിരം വകഭേദങ്ങൾ ഉണ്ടായിട്ടുണ്ടു്. ജേസണിന്റെ കഥയെ ആസ്പദമാക്കി അപ്പൊളേളാണിയസ് ഒരു ഇതിഹാസം രചിച്ചു. "ഒരു വലിയ പുസ്തകം ഒരു വലിയ അബദ്ധമാണു്" എന്നു പറഞ്ഞു കലിമാക്കസ് അതിനെ തള്ളിക്കളയാൻ ശ്രമിച്ചു. (അതുകൊണ്ടാണു് ഈ സാഹിത്യചരിത്രം രത്നച്ചുരുക്കമാക്കാൻ ശ്രമിക്കുന്നതു്.) സുരക്ഷിതമായ 'സുവർണ്ണമേഷരോമകഞ്ചുകം' കരസ്ഥമാക്കാൻ ഒരു കാട്ടാളരാജ്യത്തിലേക്കു പോയ യവനവീരനായിരുന്നു ജേസൺ. ആ രാജ്യത്തിന്റെ അധിപന്റെ മകളായ മെഡീയ, ജേസണിനെ സഹായിക്കാൻ തന്റെ അച്ഛനെപ്പോലും ചതിക്കുന്നു. അവളുടെ സ്വഭാവത്തെ, അപ്പൊളേളാണിയസ് ഉൽകൃഷ്ടമായ ഭാവനാശക്തിയോടെ, ചിത്രീകരിച്ചിരിക്കുന്നു. പിരിയുന്ന സന്ദർഭത്തിൽ, ജേസണിനോടുള്ള അവളുടെ അഭ്യർത്ഥന എടുത്തുപറയത്തക്കവണ്ണം ആകർഷകമാണു്:

"ഒന്നുമാത്രം. അങ്ങു് രക്ഷപ്പെട്ട സ്വതന്ത്രനായാൽ മെഡീയയെ ഓക്കുക. ഞാനെന്നും എല്ലാ നിരോധനാജ്ഞകളെയും എതിൎത്തു് അങ്ങയെ ഓൎമ്മിക്കും. ഞാൻ വിസ്മരിക്കപ്പെട്ടുന്ന നാളിൽ, ദൂരെനിന്നൊരു ശബ്ദം അല്ലെങ്കിൽ ഒരു കാട്ടുപക്ഷിയുടെ രോദനം കേൾക്കുമാറാകട്ടെ. അല്ലെങ്കിൽ കൊട്ടുങ്കാററുകൾ എൻെറ വിലാപം കേൾക്കുകയും ഉപേക്ഷിക്കാതെ എന്നെ പുണൎന്നു് ആകാശപ്പൊയ്കകളിലൂടെ എന്നെ ചതിച്ച അങ്ങക്കഭിമുഖമായി 'ഞാൻ അങ്ങയെ രക്ഷിച്ചു' എന്നൊരിക്കൽ പറയാൻ എന്നെ കൊണ്ടുവരുകയും ചെയ്യട്ടെ. അതേ, ആ നാളുകൾ വന്നാൽ, അങ്ങയുടെ ഗൃഹാങ്കണത്തിൽ ഞാൻ പെട്ടെന്നു് എത്തട്ടെ."

ഇടയകവിതകളുടെ ഉത്ഭവം സ്റ്റെസിക്കോറസിനോടുകൂടിയായിരിക്കാമെങ്കിലും, അവ തികച്ചും സമ്പുഷ്ടമായതു മൂന്നാംശതകത്തിൽ ഥെയോക്രിററസിനോടുകൂടിയാണു്. ആധുനികജീവിതത്തിൻെറ അസംഖ്യം നൂലാമാലകളുടെയും വിഷമങ്ങളുടേയും പരിഭ്രാന്തിയുടേയും ഇടയിൽ, വായിക്കേണ്ട ആദർശകവിയാണു് അദ്ദേഹം. പുല്ലു് സമൃദ്ധമായി വളരുകയും, ആയിരക്കണക്കിൽ ആടുകൾ ശാന്തമായി മേയുകയും കുഞ്ഞാടുകൾ ഓടിക്കളിക്കുകയുംചെയ്യുന്ന മേച്ചിൽസ്ഥലങ്ങൾ നിറഞ്ഞ ശാന്തിയുടെ സാമ്രാജ്യത്തിലേക്കു് അദ്ദേഹം നമ്മെ നയിക്കുന്നു, കൊയ്ത്തുകാലത്തു്, നട്ടുച്ചവെയിലിൻെറ ചൂടിൽ, കൊയ്ത്തുകാർ കററകൾ കൊയ്തുകൂട്ടുകയും മെതിക്കുന്നവർ പ്രവൃത്തിയെടുക്കുകയും ചെയ്യുന്നിടത്തേക്കു് അദ്ദേഹം നമ്മെ കൂട്ടിക്കൊണ്ടുപോവുന്നു. വേനൽക്കാലസായാഹ്നങ്ങളിൽ, ആകാശത്തിലെ വെളിച്ചം മങ്ങിത്തുടങ്ങുകയും പാതയരുകിലെ കാട്ടുപൂക്കളുടെ സൗരഭ്യം, കൊയ്തെടുത്ത ധാന്യത്തിൻെറ മണവുമായി ഇണങ്ങിച്ചേരുകയും ചെയ്യുമ്പോഴത്തെ ഇടുങ്ങിയ നാട്ടുപാതകളുടെ സ്മരണകൾ അദ്ദേഹം ഉളവാക്കുന്നു. കൊയ്ത്തുകാലം കഴിഞ്ഞു്, ചതച്ച മുന്തിരിയിൽനിന്നു സുരഭിലമായ വീഞ്ഞു് ഒഴുകുന്ന മുന്തിരിത്തോട്ടങ്ങളെ അദ്ദേഹം നമ്മുടെ കൺമുമ്പിൽ കൊണ്ടുവരുന്നു.

അദ്ദേഹം ജനിച്ചതു സിസിലിയിലായിരുന്നു. ആ ദ്വീപിലെ ഊഷ്മളമായ സൂൎയ്യപ്രകാശത്തിൻെറ ആഹ്ലാദഭരിത

മായ ഉജ്ജ്വലപ്രഭാപൂരം അദ്ദേഹത്തിൻെറ കവിതകളിലും ഉടനീളം കാണാം. പക്ഷേ, ആ ഊഷ്മളത—സൂൎയ്യന്റെ ശക്തി കൂടിയ നട്ടുച്ചയ്ക്കുള്ള ഊഷ്മളതപോലും—നമ്മുടെ രക്തത്തെ ചൂടുപിടിപ്പിക്കുന്നില്ല; കാരണം അദ്ദേഹത്തിൻെറ കവിതകളിൽ, വെള്ളം ദിവസങ്ങളെ എപ്പോഴും തണുപ്പിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നു. വക്കുകളിൽ പച്ച നിറഞ്ഞ ആഴമുള്ള കിണറ്റിലെ വെള്ളത്തിന്റെ സാന്നിദ്ധ്യം അദ്ദേഹം വരച്ചുകാട്ടുന്ന പ്രകൃതിചിത്രങ്ങളിൽ ഉടനീളം അനുഭവവേദ്യമാണ്. ശുദ്ധജലം നിറഞ്ഞതും സ്ഫടികത്തിന്നും വെള്ളിക്കും സദൃശമായ വെള്ളാരങ്കല്ലുകളുള്ളതുമായ ഒരു മലയരുവി ഒഴുകിപ്പോവുന്നു; അല്ലെങ്കിൽ, ഒരുയൎന്നപാറയിൽനിന്ന് ഒരു വെള്ളച്ചാട്ടം മലയടിവാരങ്ങളിൽ പ്രതിദ്ധ്വനികളുളവാക്കിക്കൊണ്ട് താഴോട്ടു നിപതിക്കുന്നു. കടലിൻെറ ആരവം അകലെ എത്തുന്നു; അതു പട്ടണപ്രാന്തങ്ങളിൽ, ചന്ദ്രികാചൎച്ചിതമായ ആകാശത്തിന്നു കീഴേ കുടികൊള്ളുന്ന പൂന്തോട്ടങ്ങളിൽ കേൾക്കാം. തിരക്കുപിടിച്ച നഗരത്തിലെ ശബ്ദങ്ങൾ ഇവിടെയെത്തുന്നില്ല; ദൂരെനിന്ന് ഒഴുകിവരുന്ന ആട്ടിൻകുഞ്ഞുങ്ങളുടെ കരച്ചിലും കൊയ്ത്തുപാട്ടുകളും മാത്രം കേൾക്കാം.

ഥെയോക്രിററസിനെ സംബന്ധിച്ചേടത്തോളം ഈ പ്രശാന്തസൗന്ദൎയ്യത്തിൻെറ ആസ്വാദനം ഒരിക്കലും നിൎജ്ജീവമാവുന്നില്ല. എല്ലാ ഭാവങ്ങളിലും അദ്ദേഹം വൈകാരികമായ ഒരഗാധചിന്തയും പ്രകൃതിയുടെ വിവിധ ഭാഗങ്ങളേക്കുറിച്ചു ബോധവും പ്രദൎശിപ്പിക്കുന്നു. "അങ്ങനെ ഞങ്ങൾ സുഗന്ധദായിയായ തുളസിയിലകൾ വിരിച്ച് അതിന്മേലും മുന്തിരിവള്ളിയുടെ ഇലകളിന്മേലും ആഹ്ലാദഭരിതരായി വിശ്രമിച്ചു. ഞങ്ങളുടെ തലകൾക്കുമീതേ നിരവധി പോപ്ലാർ മരങ്ങളും മററു വൃക്ഷങ്ങളും കാററത്താടിക്കൊണ്ടിരുന്നു. ഞങ്ങളുടെ അരികത്തു വനദേവതകളുടെ തനതായ ഗുഹയിൽനിന്നു സംഗീതാത്മകമായ മൎമ്മരങ്ങളോടുകൂടി പരിശുദ്ധജലം പ്രവഹിച്ചു. നിഴൽ നടനമാടിയ മരക്കൊമ്പുകളിൽ ഝില്ലികൾ ശബ്ദിച്ചുകൊണ്ടിരുന്നു; അകലെ, ഇടതിങ്ങി വളൎന്ന മുൾച്ചെടിക്കൂട്ടത്തിന്നിടയിൽ കുമൻ കരഞ്ഞു; കുയിലുകളും ചീവീടുകളും പാടിക്കൊണ്ടിരുന്നു; കാട്ടുപ്രാവ് കേണുകൊണ്ടിരുന്നു; മഞ്ഞത്തേ

നീച്ചകൾ ചെടികളിൽ തത്തിക്കളിച്ചുകൊണ്ടിരുന്നു. എല്ലാം തന്നെ, ഫലങ്ങളുടെ ഋതുവായ ഗ്രീഷ്മത്തിന്റെ സൗരഭ്യം വമിച്ചിരുന്നു. ഞങ്ങളുടെ കാലടികളിൽ നാരങ്ങകളും ആപ്പിളുകളും എണ്ണമില്ലാതെ കിടന്നിരുന്നു; പഴങ്ങൾ വഹിച്ചുകൊണ്ടുള്ള ബലംകുറഞ്ഞ കൊമ്പുകൾ ഫലഭാരംകൊണ്ടു താഴ്ന്നു ഭൂമിയെ തൊഴുതു നിന്നിരുന്നു; നാലുകൊല്ലമായി അരക്കിട്ടുമൂടി സൂക്ഷിച്ചുവെച്ചിരുന്ന വീഞ്ഞിൻഭരണികൾ തുറക്കപ്പെട്ടു."

ഇവ്വിധം പ്രശാന്തമായ പരിസരങ്ങളിൽ, ജീവിതം ശാന്തമായൊഴുകുന്നു. ആട്ടിടയൻ തന്റെ ആട്ടിൻപററത്തെ മേയ്ക്കുന്നു; ഉച്ചയായാൽ, അവൻ ഏതെങ്കിലും വൃക്ഷത്തിന്റെ തണലിൽ ഓടക്കുഴൽ വിളിച്ചുകൊണ്ടിരിക്കുന്നു. മീൻപിടുത്തക്കാരൻ തന്റെ ചെറിയ തോണിയിൽ പുറപ്പെട്ടുപോവുകയും മിന്നിത്തിളങ്ങുന്ന മത്സ്യവുമായി മടങ്ങിവരുകയുംചെയ്യുന്നു. ജീവിതത്തിന്റെ ഈ ചിത്രീകരണം അയഥാർത്ഥമാണെന്നു പറഞ്ഞുതള്ളാൻ നമുക്കു നിവൃത്തിയില്ല. ജീവിതത്തിന്റെ ദാരുണവശങ്ങളെക്കുറിച്ചും ഥെയോക്രിററസിന്നു ബോധമുണ്ടു്. കൃഷകന്റെയും മീൻപിടുത്തക്കാരന്റെയും ജീവിതത്തിന്റെ താഴ്ന്ന പുറംവശത്തിന്നു പിറകിൽ ആശകളും ആഹ്ലാദങ്ങളും നിറവേററപ്പെടാത്ത അഭിലാഷങ്ങളുടെ ശോകാത്മകതയും നിറഞ്ഞ നാടകം അദ്ദേഹം കാണുന്നുണ്ടു്. അദ്ദേഹത്തിന്റെ ഹൃദയസ്പർശിയായ ഒരു കവിതയിൽ, ഒരു മീൻപിടുത്തക്കാരൻ ഉറക്കത്തിൽനിന്നുണർന്നു്, താനുറങ്ങുമ്പോൾ ഒരു സ്വർണ്ണമീനിനെ പിടിച്ചതായി കണ്ട ഒരു സ്വപ്നം തന്റെ സ്നേഹിതന്നു വിവരിച്ചുകൊടുക്കുന്നു. സ്വപ്നം മറക്കേണമെന്നും അതിൽ തിളങ്ങുന്ന നിധി കിട്ടിയതായി കണ്ടുവെങ്കിലും, പഴയപോലെ കടലിൽപോയി അദ്ധ്വാനിച്ചു് സാധാരണ മത്സ്യം പിടിച്ചില്ലെങ്കിൽ പട്ടിണികിടക്കേണ്ടിവരുമെന്നും സ്നേഹിതൻ അവനെ ഉപദേശിക്കുന്നു. യുവകാമുകനാൽ തിരസ്കൃതയായ പ്രണയപരവശയായ ഒരു ബാലിക ഇങ്ങനെ വിലപിക്കുന്നു:

"ആഴിയും വായുവും നിശ്ശബ്ദമായിരിക്കുന്നു; എന്റെ ഹൃദയത്തിലെ വേദനമാത്രം അടങ്ങുന്നില്ല. എന്നെ ഈ ഹതഭാഗ്യയെ, വേൾക്കാതെ കന്യകയല്ലാതാക്കിയ, മാനമില്ലാതാക്കിയവനെ ഓർത്തു് ഞാൻ വേവുകയാണു്."

ഥെയോക്രിററസ് ഒരു മഹാകവിയായിരുന്നു. മനുഷ്യർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽനിന്നും, അവരുടെ അസ്വാഭാവികമായ ജീവിതവ്യഗ്രതയിൽനിന്നും, പരസ്പരമാത്സര്യത്തിൽനിന്നുടലെടുത്ത അവരുടെ പരദ്രോഹവാസനയിൽനിന്നുംവിട്ടകലെ, ശുദ്ധജലം ശാന്തമായൊഴുകുകയും നിദ്രാജനകമായ ഉച്ചവേളകളിൽ, കുന്നുകളുടെ ഇടയിൽനിന്ന് ആട്ടിടയന്റെ ഓടക്കുഴൽവിളി ഉയരുകയും ചെയ്യുന്ന പ്രശാന്തമായ വനങ്ങളുടെയും നിശ്ചലചക്രവാളങ്ങളുടേയും ഒരു സാമ്രാജ്യത്തിലേക്ക് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. പ്രേമത്തിന്റെയും നിറവേററപ്പെടാത്ത അഭിലാഷങ്ങളുടെയും കറുത്തവശങ്ങളും ഇവിടെയുണ്ട്. പക്ഷേ, ഇവിടെ മനുഷ്യരുടെ ദുഃഖങ്ങളേയെല്ലാം ഭൂമാതാവിന്റെ മുഖത്തുകുടികൊള്ളുന്ന ശാന്തി തലോടുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നു. പ്രകൃതിയുടെ മഹത്തായ ചലനങ്ങൾ പരിപൂർണ്ണനിശ്ശബ്ദതയിൽ നടന്നുകൊണ്ടിരിക്കുന്നതുപോലെ നിശ്ശബ്ദതയിൽ ഇലകൾ മൊട്ടിടുകയും പഴങ്ങൾ പഴുക്കുകയും ചെയ്യുന്നതുപോലെ, മനുഷ്യരും, പച്ച താഴ്വരകളിലും ശബ്ദായമാനമായ കടലിന്റെ തീരത്തും അവരുടെ വിവിധങ്ങളായ ജീവിതങ്ങൾ നയിച്ചുപോരുന്നു.

ഥെയോക്രിറ്റസിന്റെ ഒരു കവിതയെ ആസ്പദമാക്കിയാണ് രണ്ടാംശതകത്തിൽ ബയോൺ, പ്രേമദേവതയാൽ പ്രേമിക്കപ്പെട്ടുകയും നായാട്ടുവേളയിൽ കാട്ടുപന്നിയുടെ കുത്തേറ്റു മരിക്കുകയും ചെയ്ത അഡൊണിസ് എന്ന സുന്ദരയുവാവിനെക്കുറിച്ചുള്ള തന്റെ വിലാപം എഴുതിയതു്. അമിതഭാഷിയും, അസ്വാഭാവികവും വൈവിധ്യമില്ലാത്തതുമാണെങ്കിലും, അതിന്റെ വികാരതീവ്രവും ലുബ്ധുകൂടാതെ ഉപയോഗിച്ചതുമായ പ്രതീരൂപാത്മകത ഭാവനയെ ഹഠാദാകർഷിക്കാൻ പര്യാപ്തമാണു്. ബയോൺ തന്റെ ഹൃദയത്തോടുതന്നെ സംസാരിക്കുകയാണെന്നു തോന്നിക്കുമാറു് ആത്മാത്ഥമായ വികാരം പ്രദർശിപ്പിക്കുന്ന ചില സന്ദർഭങ്ങളുമുണ്ടു്. "ഞാൻ അങ്ങകലെയുള്ള കുന്നിലേക്കു പോവുകയാണു്; മണലിലും കടൽക്കരയിലും എന്റെ ആഗ്രഹം മന്ത്രിച്ചുകൊണ്ടും നിർദ്ദയമായ എന്റെ പ്രേമസർവ്വത്തോടു് പ്രേമം യാചിച്ചുകൊണ്ടും പോവുകയാണു്. എങ്കിലും, വാർദ്ധക്യത്തിന്റെ അന്തിമ

നിമിഷംവരെ ഞാൻ എന്റെ മധുരമായ ആശകളെ കൈവിട്ടുകയില്ല.'' അദ്ദേഹം പ്രകൃതിയുമായി രമിക്കുന്ന സന്ദർഭങ്ങളുമുണ്ട്. ''അസ്തമനനക്ഷത്രമേ! പ്രിയതാരകേ! ചന്ദ്രനേക്കാൾ ശോഭകുറഞ്ഞതെങ്കിലും താരകകളിൽ പ്രമുഖമായ, അഗാധനീലിമയാന്ന രാവിന്റെ പരിശുദ്ധരത്നമേ, സ്വാഗതം! ഞാൻ ആട്ടിടയൻെറ കുടിലിലേക്കുള്ള നൃത്തം നയിക്കുമ്പോൾ നിന്റെ വെളിച്ചം സദയം നൽകുക; ഇന്നു് വെളുത്തപക്ഷത്തിൻെറ ആരംഭമായതുകൊണ്ടു്, ചന്ദ്രൻ നേരത്തേ അസ്തമിച്ചു. ഞാൻ വെറുതേ തേടിപ്പോവുകയല്ല, ഏകനായ യാത്രകനെ തടഞ്ഞുനിറുത്തി കവർച്ചചെയ്യുവാനും പോവുകയല്ല; ഒരു കാമുകനായി പോവുകയാണു്; കാമുകരെ സഹായിക്കുന്നതു് നല്ലതുമാണല്ലോ.''

മോസ്കസിൻെറ ഏററവും പ്രശസ്തമായ കൃതി ബയോണിനേക്കുറിച്ചുള്ള വിലാപമാണു്. ''ബയോണിനെയോർത്തു് കരയുക, കാനനപ്രദേശങ്ങളേ, നിങ്ങൾ കരയുന്നതു ഞാൻ കേൾക്കട്ടെ; കണ്ണീരൊഴുക്കുക, നദികളേ! പച്ചച്ചെടികളേ, നിങ്ങൾ കേഴുന്നു; മരക്കൂട്ടങ്ങളേ, നിങ്ങൾ വിലപിക്കുന്നു; ദുഃഖിതരായ പുഷ്പസമൂഹങ്ങളേ, നിങ്ങൾ നശിക്കുന്നു; എല്ലാം അദ്ദേഹത്തെയോർത്തു്...പർവ്വതങ്ങൾ നിശ്ശബ്ദങ്ങളായി നില്ക്കുന്നു; കുന്നിൻചെരുവുകളിൽ അലഞ്ഞുനടക്കുന്ന കുഞ്ഞാടുകൾ ദുഃഖത്താൽ പുല്ലുതിന്നാൻ കൂട്ടാക്കുന്നില്ല; കാട്ടിലെ നീരുറവിലെ യക്ഷികൾ കരയുകയും അവരുടെ കണ്ണീരു് ചോലകളായൊഴുകുകയും ചെയ്തു...നിൻെറ പതനത്തിലുള്ള ദുഃഖത്താൽ, മരങ്ങൾ അവയുടെ ഫലങ്ങൾ താഴോട്ടെറിയുകയും പൂക്കൾ വാടുകയും ചെയ്തിരിക്കുന്നു.''

ഇവിടെ, ഇടയകവിത, അതിൻെറ കമനീയത നിലനിറുത്തുന്നുണ്ടെങ്കിലും ആത്മാർത്ഥത വെടിഞ്ഞുതുടങ്ങിയ ഒരു പതനത്തിലെത്തിയിരിക്കുന്നു. പക്ഷേ, ഈ വിലാപത്തിൽ അടങ്ങിയ വികാരം ആത്മാർത്ഥതയില്ലാത്തതാണെന്നു തോന്നുന്നില്ല.

''എൻെറ അച്ഛൻ ഒരാട്ടിടയൻെറ ജോലി എന്നെ പഠിപ്പിച്ചിരുന്നെങ്കിൽ ഞാനിന്നു് ഒരു വൃക്ഷത്തിൻെറ ശീതള

ച്ഛായയിലോ, കുന്നിൻചെരിവിലെ പാറക്കെട്ടിൻകീഴിലോ ഇരുന്നു് കുഴൽ വിളിച്ചു് എൻെറ ശോകത്തെ തട്ടിയുറക്കുമായിരുന്നു.''

അവസാനമായി, യൂറോപാ എന്ന തരുണിയെ സ്യൂസ് ഒരു കാളയുടെ രൂപംപൂണ്ടു് കടലിന്നക്കരെ ഒരു ദ്വീപിലേക്കു് എടുത്തുകൊണ്ടുപോയതിൻെറ ഓജസ്സുററ ഒരു ചിത്രം മോസ്കസ് വരച്ചുകാട്ടുന്നു. ''അതിന്നിടയിൽ, ദിവ്യമായ കാളയുടെ പുറത്തിരിക്കുന്ന യൂറോപാ ഒരു കൈകൊണ്ടു് മൃഗത്തിൻെറ കൂററൻകൊമ്പു് ചുററിപ്പിടിക്കുകയും, ദുകൂലാഞ്ചലം താഴെ കടലിൻെറ നരച്ചുപൊങ്ങുന്ന വെള്ളത്തിൽ വീണു് നനയാതിരിക്കാൻ മറേറക്കൈകൊണ്ടു് ഉയർത്തിപ്പിടിക്കുകയും ചെയ്തു. അപ്പോൾ അവളുടെ കമനീയവസ്ത്രം കാററിൽപ്പെട്ടു്, കപ്പലിന്റെ പായ്മരംപോലെ വിടരുകയും അവളെ മുന്നോട്ടു നയിക്കുകയും ചെയ്തു.''

അലക്സാണ്ടരുടെ സാമ്രാജ്യത്തിൻെറ ഏഷ്യൻഭാഗത്തു് സെല്യൂസിഡ്രാജാക്കന്മാർ സ്ഥാപിച്ച സ്വേച്ഛാധിപത്യം സുശക്തമായ ഒരു സാഹിത്യത്തിൻെറ വളർച്ചയെ അനുകൂലിച്ചിരുന്നില്ല. പക്ഷേ, അന്റിയോക്കസ് മൂന്നാമൻ ഒരു സംസ്കാരപ്രേമി ആയിരുന്നു. അദ്ദേഹം അൻറിയോക്കിൽ ഒരു ഗ്രന്ഥാലയം സ്ഥാപിക്കുകയും ക്രി. മു. ഒന്നാം ശതകത്തിൽ ഗാഡയിലെ മെലെയാജർ എന്ന കവിയിൽ അതിൻെറ ഉച്ചകോടി പ്രാപിച്ച ഒരു സാഹിത്യപ്രസ്ഥാനം സമാരംഭിക്കുകയും ചെയ്തു. ഈ കവി, മററുള്ളവരുമായും വേഴ്ചയുണ്ടെന്നു് അദ്ദേഹത്തിന്നു സംശയമുണ്ടായിരുന്ന തൻെറ കാമുകിക്കു് ചില രസികൻ ശ്ലോകങ്ങൾ എഴുതുകയുണ്ടായി. തൻെറ പ്രിയതമ മരിച്ചു്, എല്ലാ കലഹങ്ങളും വഞ്ചനകളും അവസാനിച്ചപ്പോൾ അദ്ദേഹം എഴുതിയ ഈ വരികളിലൊഴികെ, അദ്ദേഹത്തിൻെറ കവിതയിൽ വികാരതീവ്രത തീരെയില്ല. ''പൂർണ്ണവികസിതമായ പുഷ്പത്തിന്മേൽ മണ്ണുവീണു; എങ്കിലും, ഞങ്ങളെ പ്രസവിച്ച ഭൂമാതാവേ, എൻെറ ഈ അപേക്ഷ ശ്രവിക്കുക; അവളെ നിൻെറ മാറത്തു് മൃദുവായി ചേർത്തു പുണരുക. മരിച്ചുകിടക്കുന്ന അവൾ ഞങ്ങൾക്കെല്ലാവക്കും ദുഃഖം പ്രദാനം ചെയ്തു.''

റോമാസാമ്രാജ്യത്തിൽ വളരെ ശതാബ്ദങ്ങളോളം യവനഭാഷ സംസാരിക്കപ്പെട്ടുകയും എഴുതപ്പെട്ടുകയും ചെയ്തിരുന്നുവെങ്കിലും, ആ കാലഘട്ടത്തിൽ ഒരൊററ മഹത്തായ കവിതയും ഉണ്ടായില്ല. അതുകൊണ്ട് നമുക്കു ഭാവഗീതങ്ങളെക്കുറിച്ചുള്ള നമ്മുടെ വിവരണം ഇവിടെ നിറുത്തി, തത്വചിന്തയിലേക്കു തിരിയുക. അതിന് തനതായ ആശയസമ്പത്ത് നമുക്കു പ്രദാനംചെയ്യുന്നതിനുപുറമെ, യവനതത്വചിന്ത യവനനാടകത്തിന്റെ അടിയൊഴുക്കുകളിലേക്ക് ഇറങ്ങാനും നമ്മെ സഹായിക്കും.

KOTTAYAM PUBLIC LIBRARY KOTTAYAM.

## അദ്ധ്യായം നാലു്

# തത്വചിന്ത

പാശ്ചാത്യശാസ്ത്രവും തത്വചിന്തയും ജനിച്ചതു പുരാതന ഗ്രീസിലായിരുന്നു. അനന്തരകാലങ്ങളിൽ ഇവ രണ്ടും അന്യോന്യം അകന്നുപോയെങ്കിലും ഇന്നു് ഈ രണ്ടു വിജ്ഞാന ശാഖകളും തമ്മിലുള്ള ഐക്യം നാം വീണ്ടും കാണുന്നുണ്ടു്. അതിൻെറ കരണമിതാണു്. യാഥാത്ഥ്യത്തോടു ദൃഢബന്ധമില്ലാത്ത ശുദ്ധചിന്തകൊണ്ടു തത്വശാസ്ത്രമുണ്ടാവുകയില്ല. അതുപോലെതന്നെ, തത്വചിന്തകൊണ്ടു് ഏകീകരിക്കപ്പെടാത്ത വാസ്തവങ്ങൾകൊണ്ടുമാത്രം ഏററവും ഉയർന്നതരത്തിലുള്ള ശാസ്ത്രീയസിദ്ധാന്തങ്ങളോ, പരമാത്മാത്തെക്കുറിച്ചുള്ള ഒരു ശാസ്ത്രീയസിദ്ധാന്തമോ, ഉണ്ടാവുകയില്ല. ശാസ്ത്രവും തത്വശാസ്ത്രവും തമ്മിലുള്ള ഈ ഐക്യം ഗ്രീക്കചിന്തയുടെ ഒരു പ്രത്യേക ലക്ഷണമായിരുന്നു. തത്വശാസ്ത്രജ്ഞന്മാരിൽ പലരും ശാസ്ത്രജ്ഞന്മാരായിരുന്നു. ഇതു മറിച്ചും പറയാം. പുറമേ ശാസ്ത്രവും സുകുമാരകലകളും തമ്മിലുള്ള ബന്ധം വളരെ അടുത്തതായിരുന്നു, എന്തുകൊണ്ടെന്നാൽ ശാസ്ത്രീയവും തത്വശാസ്ത്രപരവുമായ പല ചിന്തകളും പദ്യത്തിലായിരുന്നു രേഖപ്പെട്ടത്തിയിരുന്നതു്. ഇങ്ങനെയുള്ള പദ്യങ്ങളിൽ ചിലവ നല്ല കവിതകളാണു്. വിശകലനത്തിനുവേണ്ടി നമുക്കു് ഈ ചിന്തകളിൽ പ്രകൃതിസ്വഭാവവാദപരവും അഭൗമരഹസ്യവാദപരവുമായ ഗതികളെ വേർതിരിക്കാം. എന്നാൽ മിക്കപ്പോഴും ഇവ രണ്ടും പരസ്പരസമ്മിളിതമായിട്ടാണു പ്രത്യക്ഷപ്പെട്ടന്നതു്.

ഏഷ്യാമൈനറിലുള്ള അയോണിയയിലെ സമൃദ്ധമായ നൂൽവ്യവസായമുള്ള സമ്പന്നമായൊരു നഗരമായിരുന്നു മിലെററസ്. പുരാതനലോകത്തിൻെറ എല്ലാ ഭാഗങ്ങളിൽനിന്നുമുള്ള വ്യാപാരികൾ ഇവിടെ ഒന്നിച്ചു കൂടിയിരുന്നു. അതുകൊണ്ടു്, അമ്പരിപ്പിക്കുന്ന വൈവിദ്ധ്യംകൊണ്ടു്, ആചാരത്തിനു് ഇവിടെ ശക്തിയില്ലാതായി. ചിന്തയ്ക്കു് മതപരവും

പരമ്പരാഗതവുമായ വിശ്വാസങ്ങളുടെ ബന്ധനത്തിൽനിന്നു സ്വാതന്ത്ര്യമായി, മതേതരമാകുന്നതിന്ന് ഈ നഗരം സവ്വഥാ സഹായകമായി പരിണമിച്ചു. ഇവിടെയാണു് ഥാലീസ് (ക്രി. മു. 640—546) ജനിച്ചതു്. അദ്ദേഹം ഈജിപ്റ്റിൽ വിസ്തൃതമായ സഞ്ചാരം നടത്തി. ക്ഷേത്രഗണിതത്തിൻെറ അടിസ്ഥാനമിട്ടു. യൂക്ലിഡ് പിന്നീടു പ്രയത്നിച്ചു വലുതാക്കിയതു് ഈ ക്ഷേത്രഗണിതമാണു്. സൂര്യഗ്രഹണങ്ങളെപ്പറ്റി വിജയകരമായി പ്രവചനങ്ങൾ നടത്തി ഥാലീസ് സമകാലികന്മാരെ ആശ്ചര്യപരതന്ത്രരാക്കി. വൈവിധ്യത്തിൽ ഐക്യം കണ്ടുപിടിക്കാനുള്ള ശാസ്ത്രീയാന്വേഷണത്തിന്നു് അസ്തിവാരമിട്ടതും അദ്ദേഹമാണു്. ലോകത്തെ സംബന്ധിച്ച ഏററവും സ്പഷ്ടമായ സംഗതി അതിന്റെ ബഹുത്വമാകുന്നു. മിക്കവാറും അന്തമില്ലാത്തതാണു് അതിൽ കാണുന്ന പദാർത്ഥങ്ങളുടെ വൈവിധ്യം. ഈ പദാത്ഥങ്ങൾക്കെല്ലാം പൊതുവായ ഒരു വസ്തുവുണ്ടോ എന്നു ചോദിച്ചുകൊണ്ടു്, ഈ വൈവിധ്യത്തിൽ ഒരടിസ്ഥാനപരമായ ഏകത്വമുണ്ടോ എന്നു ശാസ്ത്രം ചികഞ്ഞു നോക്കുന്നു. പരമാണുവും അതിനെ അവസാനമായി അപഗ്രഥിച്ചാൽ കിട്ടുന്ന വൈദ്യുതതരികളും ഇന്നു നമുക്കു പരിചിതമാണു്. എന്നാൽ പരമാണുസിദ്ധാന്തം സ്വതസ്സ്പഷ്ടമായിരുന്നില്ല. ദീർഘകാലത്തെ ചിന്തകൊണ്ടാണു് ശാസ്ത്രജ്ഞന്മാർ അതിലെത്തിച്ചേൎന്നതു്. ഇതിന്നു വഴിതെളിച്ചതു് ഥാലീസാണു്. വെള്ളമാണു മൂലപദാത്ഥമെന്നും അതിൽനിന്നാണു ലോകത്തിലുള്ള മററു സകല പദാത്ഥങ്ങളും ഉണ്ടായിട്ടുള്ളതെന്നും അദ്ദേഹം പ്രഖ്യാപിച്ചു. ജീവിതത്തേയും വളർച്ചയേയും സംബന്ധിച്ചിടത്തോളം വെള്ളത്തിന്നു മൗലികമായ ഒരു ധമ്മം നിവ്വഹിക്കാനുണ്ടു്. സസ്യജീവിതത്തെ പ്രത്യക്ഷമായും ജന്തുജീവിതത്തെ പരോക്ഷമായും വെള്ളം നിലനിർത്തുന്നു. കൂടാതെ സമുദ്രജലം ആവിയാവുകയും ആവി തണുത്തു ജലമാവുകയും ചെയ്യുന്നുണ്ടു്. അതുപോലെ ജലം ഉറഞ്ഞു മഞ്ഞുകട്ടിയാവുകയും മഞ്ഞുകട്ടി അലിഞ്ഞു വീണ്ടും ജലമാവുകയും ചെയ്യുന്നു. ഈ പരിണാമങ്ങൾ ജലത്തിൻെറ സ്വാഭാവികമായ മഹാചക്രങ്ങളാണു്. ജലത്തിൻെറ ഈ പ്രാധാന്യമായിരിക്കണം ജലമാണു് മൂലപദാത്ഥമെന്നുള്ള

നിഗമനത്തിലേക്കു ഥാലീസിനെ നയിച്ചതു്. അദ്ദേഹത്തിന്റെ ഉത്തരം തെററായിരുന്നു. എന്നാൽ അദ്ദേഹം ശരിയായ ചോദ്യം ചോദിച്ചുവെന്നു് നാം ഓർമ്മിക്കണം. തത്വശാസ്ത്രമണ്ഡലത്തിൽ അദ്ദേഹം ഒരു മുന്നറിയിപ്പു നൽകി. ലോകത്തിലേററവും പ്രലോഭിപ്പിക്കുന്നതും എളുപ്പമുള്ളതുമായ കാര്യം മററുള്ളവക്കുപദേശം കൊടുക്കുകയാണു്; എന്നാൽ ഏററവും വിഷമമുള്ളതും ഏററവും ആവശ്യമായതുമായ കാര്യം തന്നെത്താനറിയുക എന്നുള്ളതുമാണു്. മററുള്ളവർ ചെയ്താൽ നാം കുററപ്പെടുത്തുന്ന കാര്യങ്ങൾ നാം ചെയ്യാതിരുന്നാൽ സാമൂഹ്യമായ പൊരുത്തമുണ്ടാവുമെന്നു് അദ്ദേഹം ചൂണ്ടിക്കാണിച്ചു.

അനക്സിമാൻഡർ (ക്രി. മു. 610—546) അനിശ്ചിതവും അനന്തവുമായ ഒരു പിണ്ഡത്തെയാണു് അദ്ദേഹത്തിന്റെ പ്രഥമതത്വമായി സങ്കല്പിച്ചതു്. ഈ പിണ്ഡം ആദ്യം നിർഗ്ഗുണമാണു്; എന്നാൽ പിന്നീടു പ്രപഞ്ചത്തിലെ വിവിധയാഥാത്ഥ്യങ്ങളായി ഇതു പരിണമിക്കുന്നു. ഈ യാഥാത്ഥ്യങ്ങൾ അനുക്രമമായ ചക്രങ്ങളിൽ വീണ്ടും മുൻസൂചിപ്പിച്ച അനന്തത്തിൽ ലയിക്കുന്നു. അദ്ദേഹത്തിന്റെ സിദ്ധാന്തത്തിനു സൃഷ്ടിയേയും നാശത്തേയും കുറിച്ചുള്ള ഹൈന്ദവകല്പനയോടും, പ്രപഞ്ചം ഭേദഹീനമായ പ്രാഥമികവാതകപടലത്തിൽനിന്നാണുണ്ടായതെന്നും ഒടുവിൽ ആ ദശയിലേക്കുതന്നെ മടങ്ങുമെന്നുമുള്ള ശാസ്ത്രീയമതത്തോടും സാമ്യമുണ്ടു്. ഭൂഗർഭശാസ്ത്രപരവും ജീവശാസ്ത്രപരവുമായ പരിണാമസിദ്ധാന്തത്തിന്റെ ആശ്ചയ്യകരമായ പൂർവ്വാസ്വാദനങ്ങൾ അദ്ദേഹത്തിന്റെ സിദ്ധാന്തത്തിൽ കാണാം. ഭൂമി ആദ്യം ചൂടുള്ള ഒരു ദ്രവപിണ്ഡമായിരുന്നുവെന്നും ക്രമേണ അതു തണുത്തുവെന്നും അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ടു്. ജീവൻ ആവിർഭവിച്ചതു പ്രാഥമികമായ പങ്കത്തിലാണു്. പിന്നീടു ജീവജാലങ്ങൾ ഉണങ്ങിയ ഭൂഭാഗങ്ങളിലേക്കു വ്യാപിച്ചു. ഈ അവസ്ഥാന്തരത്തിലുള്ള കരജന്തുക്കൾ ആദ്യം മത്സ്യങ്ങളെപ്പോലെയായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യൻ അനക്സിമീനിസ് ഥാലീസ് ചോദിച്ച ചോദ്യംതന്നെ ചോദിച്ചു. ഈ തത്വശാസ്ത്രജ്ഞന്റെ മതപ്രകാരം പ്രാഥമികമൂലകം വായുവാണു്. ബാഷ്പം തണുത്തു ജലമാവുകയും ജലം ഘനീഭവിച്ചു മഞ്ഞുകട്ടിയാവുകയും ചെയ്യു

ന്നതുപോലെ, ഘനീകരണംകൊണ്ടു വായുവിൽനിന്നു മറെറല്ലാ പദാൎത്ഥങ്ങളുമുണ്ടാവുന്നു.

ഥാലീസും അനക്സിമീനിസും പ്രപഞ്ചത്തിന്റെ പ്രാഥമികപദാർത്ഥം കണ്ടുപിടിക്കാനാണു ശ്രമിച്ചതു്. പ്രപഞ്ചത്തിന്റെ പ്രാരംഭദശ എന്തായിരുന്നുവെന്നാണു് അനക്സിമാൻഡർ അന്വേഷിച്ചതു്. ഒരു പ്രാഥമികപദാർത്ഥമുണ്ടായിരുന്നുവെങ്കിൽ, ആ പദാർത്ഥത്തിന്റെ തരികളുടേയോ ഏകകങ്ങളുടേയോ വിപുലവും വ്യവസ്ഥയില്ലാത്തതുമായ ഒരു സമാഹാരമായിരുന്നിരിക്കണം ലോകം അതിന്റെ പ്രാരംഭദശയിൽ. അതുകൊണ്ടു ലോകത്തിന്റെ പരിണാമത്തിനു വ്യവസ്ഥാപിതവും സകാരണവുമായ ബന്ധങ്ങളിലുള്ള ഈ തരികളുടെ ഒന്നിച്ചുകൂടലിനെ മാത്രമേ ആശ്രയിക്കാൻ നിവൃത്തിയുള്ളു.

തെക്കെ ഇറ്റലിയിലെ ഒരു ഗ്രീക്ക് അധിവാസിതസ്ഥാനമായിരുന്നു ക്രൊട്ടോണ. പിഥഗോറസ് (ക്രി. മു. ആറാംശതകം) അവിടെയാണു ജീവിച്ചതു്. അദ്ദേഹം ഒരു വലിയ ഗണിതശാസ്ത്രജ്ഞനായിരുന്നു. സംഖ്യയാണു പ്രപഞ്ചഘടനയുടെ അടിസ്ഥാനതത്വം എന്നുള്ള നിഗമനത്തിലാണു് അദ്ദേഹം എത്തിച്ചേർന്നതു്. ലഘുതരമായ മൂലകങ്ങളുടെ വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്ന സംഖ്യകൾ ഒന്നിച്ചുകൂടി വ്യത്യസ്തസംയുക്തപദാർത്ഥങ്ങളുണ്ടായി. ഗ്രഹങ്ങൾ തമ്മിലുള്ള അകലത്തിലും, ഗ്രഹപഥങ്ങളിൽ അവ സഞ്ചരിക്കുന്ന വേഗതകളുടെ വ്യത്യാസങ്ങളിലും സ്പഷ്ടമായ സംഖ്യാബന്ധങ്ങൾ കാണാം. ഥാലീസിനേയും അനക്സിമീനിസിനേയുംപോലെ ദ്രവ്യത്തിൽതന്നെയല്ലാതെ, രൂപത്തിൽ, അല്ലെങ്കിൽ ദ്രവ്യത്തിന്റെ ഏകകങ്ങളുടെ മാതൃകാബന്ധത്തിൽ, ആണു് പിഥഗോറസ് പദാർത്ഥങ്ങളുടെ മൂലതത്വത്തെ അന്വേഷിച്ചതു്. എംപിഡോക്ലിസ് (ക്രി. മു. 500—430) തന്റെ ഉജ്ജ്വലമായ പരിജ്ഞാനംകൊണ്ടു് ഈ ചിന്താസരണിയെ വിശദീകരിച്ചു. ലോകത്തിലുള്ള പദാൎത്ഥങ്ങൾ അവയുടെ രൂപം കൈക്കൊള്ളുന്നതും പരിണമിക്കുന്നതും സ്നേഹത്തിന്റേയും വെറുപ്പിന്റേയും തത്വങ്ങളനുസരിച്ചാണു് എന്നദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ ഈ പദപ്രയോഗം കവിതാമയമാണു്. പക്ഷേ, അദ്ദേ

ഹംതന്നെ, ഈ വാക്കുകൾ സാങ്കേതികാർത്ഥത്തിലാണു പ്രയോഗിച്ചിട്ടുള്ളതു് എന്നു പറഞ്ഞിട്ടുണ്ടു്. ആകർഷണമെന്നും പ്രതികർഷണമെന്നും മാത്രമേ ഈ വാക്കുകൾകൊണ്ടു് ഉദ്ദേശിക്കുന്നുള്ളു. വിരുദ്ധവൈദ്യുതതരികൾ തമ്മിലുള്ള ആകർഷണവും ഒരുപോലെയുള്ള തരികൾതമ്മിലുള്ള പ്രതികർഷണവും പരമാണുവിന്റെ ഘടന മനസ്സിലാക്കുവാനുള്ള ഇന്നത്തെ അടിസ്ഥാനതത്വങ്ങളാണു്; അതുകൊണ്ടു ദ്രവ്യത്തിന്റെ ഘടന മനസ്സിലാക്കുവാനും.

പിഥഗോറസ് ഒരു രഹസ്യവാദിയുംകൂടിയായിരുന്നു. അദ്ദേഹം ഗൂഢമായ ഒരു ധ്യാനസമ്പ്രദായവും ആദ്ധ്യാത്മികമായ ഒരു ശിക്ഷണവ്യവസ്ഥയും സ്ഥാപിച്ചു. അദ്ദേഹം ആദ്ധ്യാത്മികപരിശീലനത്തിനു ഗണിതശാസ്ത്രമാണു് ഉപയോഗിച്ചതു്. ഒളിഞ്ഞുകിടക്കുന്ന ബന്ധങ്ങൾ, മൂർത്തത്തിന്റെ പിന്നിലുള്ള അമൂർത്തം, ക്ഷണികത്തിന്റെ പിന്നിലുള്ള ശാശ്വതം, കാണുന്നതിനു മനുഷ്യനു സാധിക്കുന്നതു് ഈ ശാസ്ത്രത്തിന്റെ സഹായംകൊണ്ടാണു്. ആത്മാവിന്റെ ഘടകങ്ങളായ വികാരം, സഹജജ്ഞാനം, യുക്തി ഇവയിൽ ഉള്ള ഐക്യമാണു് നന്മ എന്നദ്ദേഹം നിർവചിച്ചു. ഈ നിർവചനം അദ്ദേഹത്തിന്റെ അടിസ്ഥാനപരമായ നിലപാടിനു് തികച്ചും അനുസരണമായിട്ടുള്ളതാണു്. നീതി എന്നുവച്ചാൽ വ്യക്തികൾ തമ്മിലുള്ള ഐക്യബന്ധങ്ങളാണു്. വ്യക്തിയുടെതന്നെ നന്മയിൽനിന്നു് അല്ലെങ്കിൽ ആന്തരൈക്യത്തിൽനിന്നു്, മാത്രമേ അതുണ്ടാവുകയുള്ളു. ഉടനേയോ, പിന്നീടോ, കുററവും ശിക്ഷയും തമ്മിൽ സമീകരണമുണ്ടാവും. പക്ഷേ, പലപ്പോഴും കുററങ്ങൾക്കു ശിക്ഷകിട്ടാതെപോകുന്നതായി നാം കാണുന്നുണ്ടു്. ഈ അയുക്താഭാസത്തിനു സമാധാനം പറയുവാൻ, ഹിന്ദുക്കളെപ്പോലെ, പിഥഗോറസിനും പുനർജ്ജന്മമുണ്ടെന്നു സങ്കല്പിക്കേണ്ടിവന്നു. നന്മനിറഞ്ഞ ഒരു ജീവിതംകൊണ്ടു് ജന്മങ്ങളിൽനിന്നു മോചനം നേടാമെന്നും അദ്ദേഹം വിചാരിച്ചു. അറേബ്യയും സിറിയയും പുറമെ ഇൻഡ്യയിലും പിഥഗോറസ് ധാരാളം സഞ്ചരിച്ചിട്ടുണ്ടു് എന്നു് ഐതിഹ്യം അവകാശപ്പെട്ടുന്നുണ്ടെന്നുള്ള കാര്യംകൂടി ഇവിടെ പറയേണ്ടിയിരിക്കുന്നു.

പ്രപഞ്ചത്തിൻെറ പ്രാഥമികപദാൎത്ഥത്തേയും ലോകത്തിൻെറ ആരംഭത്തേയുംപററിയുള്ള ഊഹങ്ങളിൽനിന്നു്, ക്രമേണ, പരമാൎത്ഥത്തെപ്പററിയുള്ള രണ്ടു സങ്കല്പങ്ങളുണ്ടായി. കേവലം നിൎഗ്ഗുണമായ ഒരനന്തമാണു് പ്രപഞ്ചത്തിൻെറ തൊട്ടിലും ശവകുടീരവുമെങ്കിൽ, അസംഖ്യം രൂപങ്ങളും ജീവനും കാണുന്ന മദ്ധ്യരംഗങ്ങൾ മിക്കവാറും അയഥാൎത്ഥമല്ലേ? ഒരു ദ്രവ്യത്തിൻെറതന്നെ പല രൂപങ്ങൾകൊണ്ടാണു് ലോകത്തിൻെറ വൈവിധ്യമെങ്കിൽ, ഒരുപക്ഷേ, വൈവിധ്യം ഒരു തോന്നലല്ലേ?

ഇററലിയുടെ പശ്ചിമതീരത്തുള്ള ഈലിയയിലെ പാർമെനിഡീസ് (ക്രി. മു. ആറാം ശതകം) ഈ ചോദ്യങ്ങൾക്ക് അഹങ്കാരത്തോടുകൂടി ''അതേ'' എന്നുത്തരം പറഞ്ഞു. ആഭാസങ്ങളുടെ ഉത്സവത്തിനു പിന്നിൽ പരിവൎത്തനരഹിതമായ ഒരു പരമാൎത്ഥമുണ്ടു്. നാനാത്വം, പരിവൎത്തനം, ചലനം എല്ലാം അയഥാൎത്ഥമാണു്. ആരംഭവും അവസാനവും, ജനനവും മരണവും, സൃഷ്ടിയും സംഹാരവും കേവലം രൂപങ്ങളാണു്. ഒന്നായ പരമാൎത്ഥം—സത്—ഒരിക്കലും തുടങ്ങുന്നുമില്ല, അവസാനിക്കുന്നുമില്ല; ആയിത്തീരൽ—പരിവൎത്തനം—ഇല്ല; സ്ഥിരത—സത്—മാത്രമേയുള്ളു. ഹെറാക്ലെററസ് അടുത്ത തലമുറയിലെ ആളായിരുന്നു. ഏഷ്യാമൈനറിലെ എഫീസസിൽ ജനിച്ച അദ്ദേഹത്തിൻെറ അഭിപ്രായം മുൻസൂചിപ്പിച്ച മതത്തിനു നേരെ എതിരായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം പ്രപഞ്ചം ഒരു വലിയ പരിവൎത്തനമാണു്. പരിവൎത്തനത്തിൻെറ സൎവ്വവ്യാപിത്വത്തെ വസ്തുക്കളുടെ ക്ഷണഭംഗുരത്വത്തിൻേറയും മായികസ്വഭാവത്തിൻേറയും ഒരു ലക്ഷണമായി വ്യാഖ്യാനിച്ചുകൂടാ. പരിവൎത്തനത്തിൽ നിലനില്ക്കുന്നതും പരിവൎത്തനത്തിൽക്കൂടി പ്രവൎത്തിക്കുന്നതുമായ പരമാൎത്ഥത്തെ മനസ്സിലാക്കുവാനാണു് നാം ശ്രമിക്കേണ്ടതു്. നിങ്ങൾക്കു് ഒരു പുഴയിൽത്തന്നെ രണ്ടുപ്രാവശ്യം ഇറങ്ങാൻ കഴിയുകയില്ല, ഈ തത്വശാസ്ത്രജ്ഞൻ പറഞ്ഞു, എന്തെന്നാൽ വെള്ളം എപ്പോഴും ഒഴുകിക്കൊണ്ടിരിക്കുകയാണു്—മാറിക്കൊണ്ടിരിക്കുകയാണു്. എന്നാലും നദി ഒരു തോന്നലല്ല. ബഹുത്വവും വൈവിധ്യവും പരിവൎത്തനവും, ഏകത്വവും താദാ

ത്മ്യവും സത്തുംപോലെതന്നെ, യഥാൎത്ഥമാണ്. അനേകം ഏകംപോലെതന്നെ യഥാൎത്ഥമാകുന്നു. പരിവൎത്തനം സത്തിന്റെ വിരാമമല്ല; മറിച്ച്, നിലനില്ക്കുന്ന ഒന്നിന്റെ വളർച്ചയാണ്. ഹെറാക്ലൈററസിന്റേയും പാർമെനിഡീസിനെപ്പോലെയുള്ളവരുടേയും നിലപാടിന്റെ സാധുത്വത്തെ നിഷേധിക്കാൻ പതിനെട്ടാം ശതാബ്ദത്തിൽ ഹ്യൂം ഹെറാക്ലൈററസിന്റെ വാദങ്ങൾതന്നെ ഉപയോഗപ്പെടുത്താൻ ശ്രമിച്ചു. നമ്മുടെ ബോധം, വിചാരം, വികാരം, ഇച്ഛാശക്തി, ആഗ്രഹം എന്നിവയുടെ ഒരു സ്രോതസ്സാണ് എന്നദ്ദേഹം പറഞ്ഞു. എന്നാൽ നിലനില്ക്കുകയും, വിചാരം, വികാരം, ഇച്ഛാശക്തി, ആഗ്രഹം ഇവ ഉണ്ടാവുകയും ചെയ്യുന്ന ഒരാത്മാവുണ്ടെന്ന കാൎയ്യത്തെ അദ്ദേഹം നിഷേധിച്ചു. പക്ഷേ, ഈ ശൂന്യവാദത്തിന് അതിജീവിക്കാൻ സാധിച്ചില്ല. സൎവ്വോപരി ഹ്യൂം തന്റെ സിദ്ധാന്തത്തെ അംഗീകരിക്കുവാൻ നിർബ്ബന്ധിക്കുകയും വാദങ്ങൾ തെരഞ്ഞെടുത്തുന്നയിക്കുകയും ചെയ്യുന്ന ഒരു തത്വശാസ്ത്രജ്ഞനാണ് എന്ന യാഥാൎത്ഥ്യംതന്നെ അദ്ദേഹത്തിന്റെ നിലപാടിനു വിപരീതമാണ്. ആധുനികചിന്ത, ഹെറാക്ലൈററസിന്റെ നിലപാടിനെ ന്യായീകരിക്കുന്നു. ഹെറാക്ലൈററസിന്റെ ഏററവും ശേഷിയുള്ള ഒരു പുനർവ്യാഖ്യാതാവ് പ്രഞ്ചുതത്വശാസ്ത്രജ്ഞനായ ബെർഗ്സോണ്ട് ആണ്. ദ്രവ്യവും, അവസാനവീക്ഷണത്തിൽ ദ്രവ്യത്തിൽനിന്നുതന്നെ രൂപമെടുത്ത ജീവനും, ചലനാത്മകമാണ്. ചലനാത്മകത്വമെന്നുവെച്ചാൽ സ്ഥിതിയുടേയോ നിലയുടേയോ പരിവൎത്തനം എന്നാണൎത്ഥം. പരമാണുവിനെപ്പററിയുള്ള പഴയ അഭിപ്രായം അതു് ഒരേകകമായി നിലനില്ക്കുകയും എന്നാൽ ശാശ്വതമായി നിലനില്ക്കാത്ത സംയോഗങ്ങളിൽ ഭാഗഭാക്കാവുകയും ചെയ്യുന്ന കട്ടിയുള്ള തരിയാണ്എന്നായിരുന്നു. അവിശ്വസനീയമായ വേഗത്തിൽ ചലിക്കുന്ന തരികൾകൊണ്ടുള്ള, സൗരയൂഥത്തിന്റെ ഒരു ചെറിയ മാതൃകയാണ് പരമാണു എന്നു് നമുക്കിന്നറിയാം. ഒരു ക്ലിപ്തകാലത്തുള്ള ഈ ചലനങ്ങളുടെ മുഴുവൻ സംഘാടനത്തെ കണക്കിലെടുക്കുമ്പോൾ മാത്രമേ പരമാണു യാഥാൎത്ഥ്യമാകുന്നുള്ളൂ. എന്തെന്നാൽ ഈ ചലനങ്ങൾ ചക്രഗതിയിലുള്ളവയും പ്രത്യാവൎത്തിയും ആണെന്നു്—പരമാണു

ഒരു യൂഥമാണെന്നു്—അപ്പോൾ നമുക്കു കാണാൻ കഴിയും. ഒരു നിമിഷത്തിൽ പ്രകൃതിയില്ല എന്നു പറഞ്ഞപ്പോൾ വൈററ്ഹെഡ് ഇതാണർത്ഥമാക്കിയതു്. പ്രകൃതി, പരിവർത്തനത്തിൻെറ ഒരു ശാശ്വതമായ അവസ്ഥയിലാണു്. എന്നാൽ ഈ പരിവർത്തനങ്ങൾ പരസ്പരം ബന്ധമില്ലാത്തവയല്ല. അവയുടെ അനുക്രമം ഒരു രീതിയാണു്, ഒരു സംഭവവികാസമാണു്, പരിണാമമാണു്.

പ്രപഞ്ചത്തിൻെറ പ്രാഥമികപദാർത്ഥത്തെപ്പററിയുള്ള ചിന്തയുടെ കാര്യത്തിലും ഹെറാക്ലൈററസ് സംഭാവന ചെയ്തിട്ടുണ്ടു്. അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം അഗ്നിയാണു പ്രാഥമിക തത്വം. മൗലിക വാതകപടലസംബന്ധിയായ ഒരു സങ്കല്പമായിരിക്കും അദ്ദേഹത്തിൻെറ മനസ്സിലുണ്ടായിരുന്നതു്. ലോകം, തീയ്യ് (താപം അല്ലെങ്കിൽ ഊർജ്ജം) ആയിട്ടാരംഭിക്കുന്നു. അതു വാതകം അല്ലെങ്കിൽ ഈഷ്പമാവുന്നു. ഈർപ്പം വെള്ളമാവുകയും, അതിൻെറ രാസാവശിഷ്ടം, ബാഷ്പീകരണത്തിനുശേഷം, ഭൂമിയുടെ ഘനപദാർത്ഥങ്ങളാവുകയും ചെയ്യുന്നു. എന്നാൽ ഇന്നത്തെ രൂപത്തിലുള്ള പരമാണുസിദ്ധാന്തത്തെ ആദ്യം പൂർവ്വാസ്വാദനം ചെയ്തതു ല്യൂസിപ്പസ് ആണു്. ഡെമോക്രിററസ് ഈ സിദ്ധാന്തത്തെ പിന്നെയും വിപുലീകരിച്ചു. പ്രപഞ്ചം പരമാണുക്കളേയും പ്രദേശത്തേയും ഉൾക്കൊള്ളുന്നുവെന്നു ല്യൂസിപ്പസ് (ക്രി. മു. അഞ്ചാംശതകം) പറഞ്ഞു. ഡെമോക്രിറ്റസ് (ക്രി. മു. 460—362) ഈ സിദ്ധാന്തത്തെ പിന്നേയും വിശദീകരിച്ചു. ലോകത്തിൻെറ ഘടകങ്ങളായ പരമാണുക്കൾക്കു് ആകൃതിയിലും വലിപ്പത്തിലും തൂക്കത്തിലും വ്യത്യാസമുണ്ടെന്നു് അദ്ദേഹം പറഞ്ഞു. അവയുടെ ചലനങ്ങൾ സമൂഹങ്ങളായിത്തീൎന്നു് എല്ലാ വസ്തുക്കളുടേയും ആദ്യരൂപങ്ങളുണ്ടാകുന്നു. ഇങ്ങനെയാണു ഗ്രഹങ്ങളും നക്ഷത്രങ്ങളും ഉണ്ടായതു്. സംഖ്യകൾ(അവിഭാജ്യഘടകങ്ങളുടെ സമൂഹം എന്ന അർത്ഥത്തിൽ)കൊണ്ടാണു് എല്ലാ വസ്തുക്കളും നിർമ്മിതമായിരിക്കുന്നതെന്ന പിഥഗോറസിൻെറ സിദ്ധാന്തമാണു് പരമാണുസിദ്ധാന്തത്തിനു വഴിതെളിച്ചതെന്നു വ്യക്തമാണു്. ഈ ഘടകങ്ങൾ തമ്മിലുള്ള ബന്ധങ്ങളുടെ മാതൃകയുടെ നിർണ്ണായകസ്വഭാവത്തേയും പിഥഗോറസ്

ഊന്നിപ്പറഞ്ഞു. ചലനത്തിൻെറ ബന്ധങ്ങൾ ലോകത്തിലെ എല്ലാ പ്രവൎത്തനരീതികളുടേയും നിൎണ്ണായകഹേതുവാണെന്നു ലൂസിപ്പസ്സും ഡെമോക്രിററസ്സും നിൎവ്വചിച്ചു.

ലോകത്തിൻെറ ഭൗതികമായ ഒരു വ്യാഖ്യാനത്തിൻെറ അടിസ്ഥാനമായി പത്തൊൻപതാം ശതാബ്ദത്തിൽ പരമാണു സിദ്ധാന്തത്തെ പലരും ഉപയോഗിച്ചു. പരമാണു ജഡമാണെന്നു്, സ്വയം ചലനമില്ലാത്തതാണെന്നു്, ഭൗതികവാദികൾ കണക്കാക്കി. വസ്തുക്കൾ തന്നത്താനല്ല, ശക്തികളുടെ പ്രവൎത്തനംകൊണ്ടാണു് ചലിക്കുന്നതു്. അചേതനവസ്തുക്കൾപോലെ സചേതനവസ്തുക്കളും—ജീവികളും—പരമാണുക്കൾകൊണ്ടാണു നിൎമ്മിതമായിരിക്കുന്നതു്. അതുകൊണ്ടു്, മനുഷ്യൻ കൈകാലുകൾ ചലിപ്പിക്കുന്നതും പ്രവൃത്തിയിൽ വ്യാപൃതനാവുന്നതും അയാൾ ഇച്ഛിക്കുന്നതുകൊണ്ടല്ല, പ്രത്യുത, ശക്തികൾ അയാളുടെമേൽ ചെലുത്തുന്ന സ്വാധീനംകൊണ്ടാണു്, എന്ന വ്യാഖ്യാനം അംഗീകരിക്കുകയല്ലാതെ മററു വഴിയില്ലാതായി. ഈ ശക്തികൾ വേദനങ്ങളും ക്ഷോഭങ്ങളും ആണു് എന്നു സമ്മതിക്കപ്പെട്ടു. എന്നാൽ വേദനങ്ങൾ ബാഹ്യഭൗതികലോകത്തിൻെറ ഊർജ്ജപ്രസ്വലമായ സമ്പൎക്കമാണു്. ഇവയെ കൈമാറുന്നതു ഞരമ്പുകളാണു്. ഞരമ്പുകൾ ഭൗതികവസ്തുക്കളുമാകുന്നു. ക്ഷോഭങ്ങൾ ശരീരത്തിലെ രാസവികാരങ്ങളെ ആശ്രയിച്ചിരിക്കുന്നു. രാസവികാരങ്ങളാകട്ടെ, ഭൗതികസംഭവങ്ങളുമാണു്. ആധുനികകാലത്തു് ഊൎജ്ജതന്ത്രത്തിൽ വന്നിട്ടുള്ള ഏററവും വിപ്ലവകരമായ മാററം പദാൎത്ഥങ്ങളുടെ തരികൾക്കു സ്വയം ചലനശക്തിയുണ്ടെന്നുള്ള വാദത്തിൻെറ അംഗീകരണമാണു്. അതുകൊണ്ടു്, ഇന്നു മനുഷ്യൻെറ ഇച്ഛാശക്തിയുടെ യാഥാൎത്ഥ്യം അംഗീകരിക്കുന്നതിൽ ഒരു വിഷമവുമില്ല. എന്തുകൊണ്ടെന്നാൽ, മനുഷ്യൻെറ ശരീരം ഘടിതമായിരിക്കുന്നതു് സ്വയം ചലനശക്തിയുള്ള പദാൎത്ഥത്തിൻെറ ഈ ഏകകങ്ങൾകൊണ്ടാണു്. ഭൗതികവാദം വിശിഷ്ടഭൗതികവാദം അല്ലെങ്കിൽ അദ്വൈതവാദമായി രണ്ടു വഴിക്കു പരിവൎത്തനം ചെയ്യപ്പെട്ടു. രണ്ടു സിദ്ധാന്തങ്ങളിലും ഈ ജ്ഞാനം അന്തർഭവിച്ചിട്ടുണ്ടു്. ഗ്രീക്കുകാരുടെ പരമാണുസിദ്ധാന്തം അയവില്ലാത്തരീതിയിൽ ഭൗതികമാണു് എന്നു പത്തൊൻപതാം

ശതാബ്ദത്തിൽ വ്യാഖ്യാനമുണ്ടായി. എന്നാൽ പ്രകൃതിക്കു സ്വയം ചലനമുണ്ടെന്ന വസ്തുത ഗ്രീക്കുകാർ ഒരിക്കലും നിഷേധിച്ചിട്ടില്ലെന്നു് കുറേക്കൂടി അവധാനപൂർവ്വംചെയ്ത ഒരു പഠനം കാണിച്ചു. ലോകത്തിലെ എല്ലാ വസ്തുക്കൾക്കും, സസ്യങ്ങൾക്കും ജന്തുക്കൾക്കുമെന്നപോലെ ലോഹങ്ങൾക്കും ധാതുക്കൾക്കും, ജീവനുണ്ടെന്നു് ഥാലീസ് ഊന്നിപ്പറഞ്ഞിട്ടുണ്ടു്. അനക്സിമാൻഡറുടെ സിദ്ധാന്തത്തിലെ പരിധിയില്ലാത്ത പിണ്ഡം ഒരു സചേതന അനിയതമാണു്. അനക്സിമീനിസ് വായുവിനെയാണു് തന്റെ പ്രഥമതത്വമായി കണക്കാക്കിയതു്. വായു ജീവനെ താങ്ങുന്നു. അതുപോലെ ലോകജീവനെ പ്രവൎത്തിപ്പിക്കുന്ന സർവവ്യാപിയായ ഒരു ചേതനയോ പ്രാണനോ ആണു് ഈശ്വരൻ എന്നദ്ദേഹം ഉറപ്പിച്ചുപറഞ്ഞു. ഇതേ ആശയം പിന്നീടു് മദ്ധ്യയുഗങ്ങളിലെ ക്രൈസ്തവതത്വശാസ്ത്രജ്ഞന്മാർ സ്വീകരിക്കുകയുണ്ടായി. അനാക്സഗോറസ് (ക്രി. മു. 500—428) ലോകത്തിന്റെ ഉത്ഭവത്തെപ്പററി ഒരു വ്യാഖ്യാനം നൽകിയിട്ടുണ്ടു്. നമ്മുടെ മനസ്സു് ശരീരത്തെ സാൎത്ഥകമായ പ്രവൎത്തനങ്ങളിലേക്കു നയിക്കുന്നതുപോലെതന്നെ, അവ്യവസ്ഥയിൽനിന്നു വ്യവസ്ഥയുണ്ടാക്കുന്നതിനു്, ലോകപദാൎത്ഥത്തിന്മേൽ ഒരു ലോകമനസ്സു പ്രവൎത്തിക്കുന്നുണ്ടെന്നു് അദ്ദേഹം പറഞ്ഞു. യൂറോപ്പിലെ ആദ്യത്തെ വലിയ ഭിഷഗ്വരനായ ഹിപ്പോക്രാററീസ് (ക്രി. മു. 460—377) ഭ്രാന്തു്, അപസ്മാരം മുതലായ രോഗങ്ങളുടെ ദൈവികമായ ഉത്ഭവത്തെ നിരാകരിച്ചു. എന്നാൽ, പ്രാകൃതികകാരണങ്ങൾ തേടിയപ്പോൾ ദൈവികകാരണങ്ങളെ നിഷേധിക്കുകയല്ല താൻ ചെയ്യുന്നതെന്നു് അദ്ദേഹം പറഞ്ഞു. കാരണം, പ്രകൃതിതന്നെ ദൈവികമാണു്, ജീവനുള്ളതാണു്. അതുപോലെ ല്യൂസിപ്പസിന്റേയും ഡെമോക്രിററസിന്റേയും സിദ്ധാന്തത്തിലും, പരമാണുവിന്റെ പിണ്ഡംപോലെതന്നെ ഒരു ഗുണമാണു് അതിന്റെ ചലനശക്തിയും.

ഡെമോക്രിററസ് ഇൻഡ്യയും പേഴ്സ്യയും സന്ദർശിച്ചിരിക്കാനിടയുണ്ടു്. അദ്ദേഹം വിനീതനായ ഒരാളായിരുന്നു. അദ്ദേഹം എല്ലാ ലൗകികാഭിലാഷങ്ങളും ത്യജിച്ചു് ബുദ്ധിപരമായ അനുസന്ധാനങ്ങൾകൊണ്ടു സന്തുഷ്ടനായിരുന്നു. "പേ

ഴ്സ്യൻ സിംഹാസനം കരസ്ഥമാക്കുന്നതിനെക്കാൾ ഞാനാഗ്രഹിക്കുന്നതു് ക്ഷേത്രഗണിതത്തിൽ ഒരൊററ ഉപപത്തി കണ്ടുപിടിക്കുവാനാണു്,'' അദ്ദേഹം പറഞ്ഞു. സുഖം അസ്ഥിരമാണു്. വിഷയസുഖങ്ങൾ ക്ഷണികമായ തൃപ്തിയേ നൽകുന്നുള്ളു. ആത്മാവിൻെറ സമാധാനവും ശാന്തതയും, നല്ല ഉന്മേഷം, സംയമം, ജീവിതത്തിനൊരു ക്രമം, സൗഷ്ഠവം ഇവയും കൈവരുത്തിയാൽ, മനുഷ്യനു കുറേക്കൂടി ശാശ്വതമായ തൃപ്തി ലഭിക്കും. സുഖം ബാഹ്യനന്മകളിൽനിന്നല്ല വരുന്നതു്. തൻെറ ആസ്വാദനത്തിൻെറ ഉറവുകൾ തന്റെ ഉള്ളിൽത്തന്നെ കാണാൻ ഒരാൾ ശീലിച്ചിരിക്കണം. സാംസ്കാരം സമ്പത്തിനെക്കാൾ ശ്രേഷ്ഠമാണു്. ഒരധികാരവും ഒരു നിധിയും നമ്മുടെ ജ്ഞാനത്തിൻെറ വ്യാപ്തിയെ വെല്ലുകയില്ല. നല്ല പ്രവൃത്തികൾ ചെയ്യണം. പക്ഷേ, അതു നിർബന്ധംകൊണ്ടല്ല, ബോദ്ധ്യം കൊണ്ടായിരിക്കണം; പ്രതിഫലേച്ഛകൊണ്ടല്ല, സൽപ്രവൃത്തികൾക്കു വേണ്ടിത്തന്നെയായിരിക്കണം. ദുഷ്പ്രവൃത്തി ചെയ്യുന്നതിൽ ലോകസമക്ഷത്തെക്കാളധികം ലജ്ജിക്കേണ്ടതു തൻെറ മുമ്പിൽത്തന്നെയാണു്. ഇതായിരുന്നു അദ്ദേഹത്തിൻെറ ഉപദേശത്തിൻെറ സാരം. അദ്ദേഹത്തിൻെറ തൃപ്തമായ ജീവിതം അസ്തമിച്ചപ്പോൾ, ജനങ്ങൾ ഈ പ്രശാന്തനായ ചിന്തകനെ രാജോചിതമായി സംസ്കരിച്ചു.

പരമ്പരാഗതമായ ജീവിതത്തിൻെറ പ്രശാന്തമായ ഒഴുക്കിലേക്കു വലിയൊരു പാറക്കല്ലു വലിച്ചെറിഞ്ഞു്, ഗ്രീക്കുജീവിതത്തിൽ വലിയൊരിളക്കമുണ്ടാക്കിയ യുക്തിവാദത്തെപ്പററിയാണു് ഇനി നമുക്കു പറയേണ്ടതു്. 'സോഫിസ്റ്റ്'' എന്ന വാക്കിനു ജ്ഞാനത്തെ അന്വേഷിക്കുന്നവൻ എന്നാണർത്ഥം. ജ്ഞാനാന്വേഷണത്തിനുള്ള ഒരേയൊരുപകരണം യുക്തിയാണെന്നു പ്രഖ്യാപിച്ചതുകൊണ്ടു്, ഈ ചിന്തകർ യുക്തിവാദികളായി. യുക്തിവാദികൾ വിമർശനം കൂടാതെ യാതൊന്നും വിശ്വസിക്കാൻ കൂട്ടാക്കിയിരുന്നില്ല. സത്യം കണ്ടുപിടിക്കുവാൻ നമ്മെ സഹായിക്കുന്ന ഒരു വഴികാട്ടി എന്ന നിലയിൽ വേദനത്തെ പാർമെനിഡീസും ഡെമോക്രിററസുപോലും തള്ളിക്കളഞ്ഞിരുന്നു. ഇന്ദ്രിയങ്ങളെല്ലാം സ്പർശനത്തിൻെറ രൂപങ്ങളാണെന്നു് ഡെമോക്രിററസ് തൻെറ കൃത്യമായ

ശാസ്ത്രീയരീതിയിൽ തെളിയിച്ചിട്ടുണ്ടു്. പ്രകാശത്തിൻേറയോ ശബ്ദത്തിൻേറയോ ആന്ദോളനങ്ങൾ നമ്മുടെ കണ്ണിൻേറയോ ചെവിയുടേയോ സൂക്ഷ്മവേദികളായ അവയവങ്ങളിൽ പതിക്കുമ്പോൾ നാം കാണുകയോ കേൾക്കുകയോ ചെയ്യുന്നു. "അതുകൊണ്ടു സത്യം വലിയ അഗാധതയിലാണു കിടക്കുന്നതു്. നമ്മുടെ ശരീരത്തിൽ വന്നുവീഴുന്ന ശക്തികൾകൊണ്ടു ശരീരത്തിലുണ്ടാകുന്ന മാററങ്ങളല്ലാതെ മറെറാന്നും നാം തീർച്ചയായിട്ടറിയുന്നില്ല." യുക്തിവാദത്തിൻേറ സ്ഥാപകനായ പ്രോട്ടഗോറസ് (ക്രി. മു. 481—411) ഈ പ്രശ്നം കുറേക്കൂടി പഠിച്ചു. ഇന്ദ്രിയങ്ങൾക്കു കേവലജ്ഞാനം നൽകാൻ കഴിയുകയില്ലെങ്കിലും, യാഥാത്ഥ്യവുമായുള്ള സമ്പക്ക്ത്തിനും അടിസ്ഥാനവിവരങ്ങൾ തരുന്നതിനും ഉള്ള ഉപകരണങ്ങൾ അവ മാത്രമാണെന്നു് പ്രോട്ടഗോറസ് അവകാശപ്പെട്ടു. ഇങ്ങനെ കിട്ടുന്ന വിവരങ്ങൾ പിന്നേയും ചില പ്രവത്തനങ്ങൾക്കു വിധേയമായി ചിന്തയാവുന്നു. അദ്ദേഹത്തിൻേറ അനുഗാമി ഗോർജിയാസ് (ക്രി. മു. 485—380) ഒരുമാതിരി സമീകൃതമായ ഈ നിലയിൽനിന്നു വളരെ അകന്നുപോയി. ഗോർജിയാസ് പറഞ്ഞു: ഒന്നും നിലനിൽക്കുന്നില്ല; എന്തെങ്കിലും നിലനിൽക്കുന്നുണ്ടെങ്കിൽ അതറിയപ്പെടാൻ കഴിയാത്തതാണു്; "എന്തെങ്കിലും അറിയപ്പെടാൻ കഴിഞ്ഞാലും ആ അറിവു് ഒരാളിൽനിന്നു മറെറാരാളിലേക്കു വിനിമയം ചെയ്യപ്പെടാൻ കഴിയുകയില്ല."

യുക്തിവാദം മഹത്തായ, പക്ഷേ ആപല്ക്കരമായ, ഒരു പൈതൃകമാണു് അനന്തര തലമുറക്കു കൊടുത്തതു്. ഥാലീസിൻേറയും മററും കാലത്തു് അയോണിയയിലാരംഭിച്ച ശാസ്ത്രീയപ്രസ്ഥാനം വസ്തുക്കളെ, അവയുടെ വിശകലനം, ഘടന, ഉത്ഭവം ഇവയെ സംബന്ധിച്ചതായിരുന്നു. യുക്തിവാദികളുടെ താല്പര്യമാകട്ടെ ചിന്തയിൽ, അതിൻേറ നിയമങ്ങൾ, സത്യം കണ്ടുപിടിക്കുവാനുള്ള ഒരുപകരണമെന്ന നിലയിൽ അതുപയോഗിക്കേണ്ട കൃത്യമായ രീതി ഇവയിൽ ആയിരുന്നു. അതുകൊണ്ടു്, വ്യാകരണവും തക്കശാസ്ത്രവും വികസിപ്പിക്കുന്നതിൽ ആദ്യം ശ്രമിച്ചതു യുക്തിവാദികളായിരുന്നു എന്ന കാര്യത്തിൽ അത്ഭുതത്തിനവകാശമില്ല. മറിച്ചു്, യുക്തിവാദം

എല്ലാത്തിൻേറയും ആപേക്ഷികതയെപ്പററി പഠിപ്പിച്ചു. കേവലസത്യം എന്നൊന്നില്ല, പ്രോട്ടഗോറസ് പറഞ്ഞു, ചില പരിതസ്ഥിതികളിൽ മാത്രം ചിലരെ സംബന്ധിച്ചുമാത്രം ശരിയായ സത്യങ്ങൾ മാത്രമേയുള്ളു. വ്യത്യസ്ത വ്യക്തികളെ സംബന്ധിച്ചോ, അല്ലെങ്കിൽ ഒരു വ്യക്തിയെ സംബന്ധിച്ചു വ്യത്യസ്ത അവസരങ്ങളിലോ, പരസ്പരവിരുദ്ധങ്ങളായ പ്രഖ്യാപനങ്ങൾ ശരിയാകാം. ഈ നിലപാടിലേക്കുതന്നെയാണു സെനോഫനീസും ചെന്നെത്തിയതെന്നു് ഇവിടെ സ്മരണീയമാണു്. മതത്തിൻെറ മണ്ഡലത്തിലാണു് ഈ ആപേക്ഷികത ഗൗരവമായ വിഷമങ്ങളിലേക്കു നയിച്ചതു്. പ്രോട്ടഗോറസ് എഴുതിയ ഒരു കൃതി തുടങ്ങുന്നതു് ഇങ്ങനെയൊരു പ്രസ്താവനയോടുകൂടിയാണു്: "ഉണ്ടെന്നോ ഇല്ലെന്നോ, എങ്ങനെയാണെന്നോ എനിക്കറിയാൻവയ്യാത്തവരാണു ദൈവങ്ങൾ." ഇതുകാരണം അഥീനിയൻ ജനസഭ അദ്ദേഹത്തെ നാടുകടത്തുകയും, അദ്ദേഹത്തിൻെറ കൃതികളുടെ എല്ലാ പ്രതികളും ചുട്ടുകളയുവാൻ ആജ്ഞാപിക്കുകയും ചെയ്തു. ഇക്കാൎയ്യത്തിൽ ജനസഭയെ കുററപ്പെടുത്തുന്നതിനു മുമ്പു് യുക്തിവാദം കുപ്രസിദ്ധമായിത്തീൎന്നിരുന്നുവെന്നു നാം മനസ്സിലാക്കണം. എന്തുകൊണ്ടെന്നാൽ, യുക്തിവാദികളെപ്പോലെ വാദിക്കാൻ പഠിച്ച പലരും കോടതിവ്യവഹാരങ്ങളിൽ തങ്ങൾക്കേററവുമധികം പ്രതിഫലം തന്നവൎക്കു തങ്ങളെത്തന്നെ വിററിരുന്നു. മനസ്സാക്ഷിയില്ലാത്ത ഇവരെ ഏതു കള്ളവ്യവഹാരം വാദിക്കുവാനും കൂലിക്കു കിട്ടിയിരുന്നു. അതുകൊണ്ടു് അവർ സമുദായത്തിനു് ഒരാപത്തായി. യുക്തിവാദത്തിൻെറ ഉയൎന്ന ഉത്തേജനത്തോടു സോക്രട്ടീസിനു സഹഭാവമുണ്ടായിരുന്നു. പക്ഷേ, അതിൻെറ അപകടങ്ങളെക്കുറിച്ചു് അദ്ദേഹത്തിനു തികച്ചും ബോധമുണ്ടായിരുന്നു. സോക്രട്ടീസ് പറഞ്ഞു: "വാങ്ങിക്കുവാൻ തയാറുള്ളവൎക്കു തങ്ങളുടെ ജ്ഞാനത്തെ പണത്തിനുവേണ്ടി വില്ക്കുന്നവരെ ജനങ്ങൾ യുക്തിവാദികൾ അല്ലെങ്കിൽ—ഇങ്ങനെ പറയട്ടെ—ജ്ഞാനത്തിൻെറ അഭിസാരികകൾ, എന്നു വിളിക്കുന്നു." പക്ഷേ, ആഥൻസ് ഭരിച്ചിരുന്ന ബഹുജനത്തിനു സോക്രട്ടീസ് ചെയ്ത വിവേചനം മനസ്സിലായില്ല. ആഥൻസിലെ യുവാക്കളെ വഴിതെററിച്ചതിനു്, അവർ

സോക്രട്ടീസിനു മരണശിക്ഷ വിധിച്ചു. ഈ മഹാത്മാവിനോടു നമുക്കു കുറച്ചുകൂടി അടുക്കാം.

കുറച്ചു കുടവയറുള്ളതു നൃത്തം ചെയ്യുന്നതുകൊണ്ടു കുറയ്ക്കുവാൻ ശ്രമിച്ചിരുന്ന സ്ഥൂലകായനായ സോക്രട്ടീസ് (ക്രി. മു. 469—399) സുന്ദരനല്ലായിരുന്നു. പക്ഷേ, തന്റെ തടിയെപ്പററി സുഹൃത്തുക്കൾ പറഞ്ഞിരുന്ന നേരംപോക്കുകൾ ആസ്വദിക്കാൻ വേണ്ട സദ്ഭാവമുള്ള ആളായിരുന്നു. ഒരു പട്ടാളക്കാരനായി അദ്ദേഹം പല യുദ്ധങ്ങളിലും പൊരുതിയിട്ടുണ്ട്. ചുരുങ്ങിയതൊരുതവണയെങ്കിലും അദ്ദേഹത്തിന്റെ വൈരൂപ്യം അദ്ദേഹത്തിന്റെ ജീവനെ രക്ഷിച്ചിട്ടുണ്ട്. ശത്രു, യുവാവായ ഒരു പട്ടാളക്കാരനായിരുന്നു. സോക്രട്ടീസ് തുറിച്ചുനോക്കി, അയാളുടെ മേൽ ചാടിവീണപ്പോൾ, കിരാതനെ കണ്ടെന്നപോലെ അയാൾ പേടിച്ചുപോയി. ഒരു വലിയ സംഭാഷണകുശലനായിരുന്ന അദ്ദേഹത്തിന്റെ ഉപദേശങ്ങൾ വിശദീകരിച്ചിരുന്നതു് ഒരുസംഘം അടുത്ത സുഹൃത്തുക്കളുമായുള്ള ചർച്ചകളിലായിരുന്നു. അദ്ദേഹം ഒന്നും എഴുതിവച്ചില്ല. ഈ ചർച്ചകൾ രേഖപ്പെടുത്തുകയും പ്രകാശനംചെയ്യുകയും ചെയ്ത പ്ലേറ്റോയിൽക്കൂടിയാണു് നാം സോക്രട്ടീസിന്റെ അഭിപ്രായങ്ങൾ അറിയുന്നതു്. "എത്ര വളരെ കള്ളങ്ങളാണു് ഇര ചെറുപ്പക്കാരൻ എന്നെപ്പററി പറഞ്ഞിട്ടുള്ളതു്!" എന്നായിരുന്നു സോക്രട്ടീസ് പ്ലേറേറാവിന്റെ പ്രസാധകസംരംഭത്തെപ്പററി പറഞ്ഞതു്. എന്നാൽ ഇതൊരു നേരംപോക്കായിട്ടാണുദ്ദേശിച്ചിട്ടുള്ളതെന്നു വ്യക്തമാണു്.

ചർച്ചകളിൽ സോക്രട്ടീസിന്റെ രീതി സംജ്ഞകളുടെ കൃത്യമായ നിർവ്വചനമായിരുന്നു. അവ്യക്തമായ ഒരു സാമാന്യവാദവുംകൊണ്ടു വരുന്ന ഒരാൾക്കു വിഷമംപിടിച്ച ചോദ്യങ്ങൾകൊണ്ടു് ഉടൻ വീണ്ടും ചിന്തിക്കേണ്ടിവന്നിരുന്നു. തന്റെ തെളിയിക്കാത്ത സങ്കല്പങ്ങളെപ്പറ്റി കൂടുതൽ വ്യക്തമായി ചിന്തിക്കാൻ അയാൾ നിർബന്ധനുമായിത്തീർന്നിരുന്നു. അടവു് ലഘുവാണെങ്കിലും ഫലപ്രദമായിരുന്നു. സോക്രട്ടീസ് വിപുലമായ ഒരാശയത്തിന്റെ ഒരു നിർവ്വചനമാവശ്യപ്പെടും. എന്നിട്ടു് ആ നിർവ്വചനം അദ്ദേഹം പരിശോധിക്കും, സാധാരണയായി അതിന്റെ അപൂർണ്ണതയേയോ, പരസ്പര വൈരുദ്ധ്യ

ത്തേയോ, അസംബന്ധത്വത്തേയോ വെളിവാക്കാൻ. തന്നെത്താൻ ചിന്തിക്കാനും തൻെറ സംജ്ഞകളുടെ ശരിയായ ഒരു വിശദീകരണം നൽകുവാനും എതിരാളിയെ സോക്രട്ടീസ് ചോദ്യത്തിനുശേഷം ചോദ്യംകൊണ്ടു നിർബദ്ധനാക്കും. ചർച്ചാസമയത്തൊരിക്കലും അദ്ദേഹം ഒരഭിപ്രായത്തോടും അനുകൂലിക്കുകയോ പ്രതികൂലിക്കുകയോ ചെയ്യുകയില്ല. സമർത്ഥമായി ഒഴിഞ്ഞുമാറി നില്ക്കുന്ന ഈ സമീപനം അദ്ദേഹത്തിൻെറ സുഹൃത്തുക്കൾക്കസഹ്യമായിത്തോന്നി. അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾ വ്യക്തമാക്കണമെന്നു് അവർ ആവശ്യപ്പെട്ടു. ഒരു സൂതികയായിരുന്ന അദ്ദേഹത്തിൻെറ അമ്മയെപ്പോലെ, മററുള്ളവരുടെ സങ്കല്പങ്ങളെ അവരിൽനിന്നു പുറത്തു കൊണ്ടുവരുന്നതിനു് അവരെ സഹായിക്കുക മാത്രമാണു് അദ്ദേഹത്തിൻെറ കൃത്യം എന്നായിരുന്നു അദ്ദേഹത്തിൻെറ ഉത്തരം.

ഇങ്ങനെയൊക്കെയാണെങ്കിലും ഈ ചർച്ചകളുടെ രേഖ അദ്ദേഹത്തിന്റെ അഭിപ്രായങ്ങളുടെ വ്യക്തമായ ഒരു ചിത്രം നൽകുന്നുണ്ടു്. അമൂർത്തമായ പ്രശ്നങ്ങളിൽ സമയം ദുർവ്യയം ചെയ്യാൻ അദ്ദേഹം തയ്യാറുണ്ടായിരുന്നില്ല. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം, തത്വശാസ്ത്രം ഈശ്വരജ്ഞാനമോ, വേദാന്തമോ, പ്രകൃതിശാസ്ത്രമോ (ഊർജ്ജതന്ത്രമോ) ആയിരുന്നില്ല. മറിച്ചു്, ധർമ്മശാസ്ത്രവും രാഷ്ട്രമീമാംസയുമായിരുന്നു, വ്യക്തിയുടേയും സമൂഹത്തിന്റേയും സ്വഭാവപഠനമായിരുന്നു. ദേവന്മാരുടെ അസ്തിത്വത്തെപ്പററി വാദിച്ചു സമയംകളയരുതെന്നു്, ബുദ്ധനെപ്പോലെ, സോക്രട്ടീസും തൻെറ ശിഷ്യന്മാർക്കു മുന്നറിയിപ്പു നൽകി. ആളുകളെ ഭയപ്പെടുത്തി വിനീതമായി പെരുമാറാൻ നിർബ്ബദ്ധരാക്കുന്നതിനു പ്രാകൃതഭാവന സൃഷ്ടിച്ച ഇരവുകാവൽക്കാരായിരുന്നു ദേവന്മാർ എന്നായിരുന്നു അദ്ദേഹത്തിൻെറതന്നെ അഭിപ്രായം. യുക്തിയുടെ വളർച്ചയോടുകൂടി ധർമ്മശാസ്ത്രത്തിൻെറ അമാനുഷികമായ അടിസ്ഥാനം ആവശ്യമില്ലാത്തതും അപഥ്യാപ്തവുമായി. അമാനുഷികമായ പ്രാമാണ്യമില്ലാതെ സാന്മാർഗ്ഗികതയോടുകൂടി ജീവിക്കുവാൻ കഴിയുമോ എന്ന ചോദ്യത്തിനു് അദ്ദേഹം 'കഴിയും' എന്നുത്തരം പറഞ്ഞു. 'നന്മ'യെ അമൂർത്തമായ സംജ്ഞകളിൽ പരിഗണിക്കുവാൻ അദ്ദേഹം കൂട്ടാക്കിയില്ല. "നന്മ എന്തിനെങ്കി

ല്ലം നല്ലതു്''' ആണു്. എല്ലാവസ്തുക്കളും നല്ലതെന്നോ ചീത്തയെന്നോ മുഖ്യമായി വിധിക്കുന്നതു്, മനുഷ്യസുഖത്തിനു് അവ നൽകുന്ന സംഭാവനയുടെ വെളിച്ചത്തിലാണു്. പക്ഷേ, ഏററവുമധികം തെററിദ്ധരിക്കപ്പെട്ടുന്ന ഒന്നാണു് സുഖം. ഇവിടെ വ്യക്തമായ ആശയങ്ങളുണ്ടാവുന്നതിനു ജ്ഞാനം ആവശ്യമാണു്. അതുകൊണ്ടു ജ്ഞാനത്തെ നന്മയോടു സമീകരിക്കുവാൻ സോക്രട്ടീസിനു സമ്മതമായിരുന്നു. ഈ വിപുലീകരണംകൊണ്ടു ജ്ഞാനം ആത്മജ്ഞാനമായി. ആത്മജ്ഞാനമില്ലാത്ത ആൾ ജനക്കൂട്ടത്തിലെ നിശ്ചേഷ്ടനായ ഒരംഗമായിത്തീരുന്നു. എന്നാൽ തന്നത്താനറിയുന്നവൻ വാസ്തവത്തിൽ കുലീനനാണു്. അതുകൊണ്ടു സോക്രട്ടീസ് ജനഭരണത്തെക്കാൾ പ്രഭുഭരണത്തെയാണു് ഇഷ്ടപ്പെട്ടതു്. പക്ഷേ, അദ്ദേഹം ഉദ്ദേശിച്ചതു ജന്മംകൊണ്ടു പ്രഭുവായവരുടെ ഭരണമല്ല, ബുദ്ധിയും പാകതയുംകൊണ്ടു പ്രഭുവായവരുടെ ഭരണമാണു്. രാഷ്ട്രത്തിലെ ഉദ്യോഗസ്ഥന്മാരെ തെരഞ്ഞെടുക്കുവാൻ അധികാരത്തേയും ധനത്തേയും അനുവദിക്കരുതു്. ഭരണത്തിനു പരിശീലനവും മാനസികമായ യോഗ്യതയും ഉള്ളവക്കു മാത്രം ഉദ്യോഗമുള്ള ഒരു പ്രഭുഭരണം യുക്തിയുക്തമായ ഒരു രഞ്ജനമാണു്.

സാമ്രാജ്യികതയെ സംബന്ധിച്ചിടത്തോളം അമാനുഷപ്രാമാണ്യം അപര്യാപ്തമാണെന്നുള്ള കാര്യം അംഗീകരിക്കുകയും അന്തഃകരണത്തെ അതിനടിസ്ഥാനമായി സ്ഥാപിക്കുകയും ചെയ്തതിലാണു സോക്രട്ടീസിൻെറ ഏററവും വലിയ നിർവ്വഹണം അന്തർഭവിച്ചിരിക്കുന്നതു്. ഈ വീക്ഷണകോണം പിന്നീടു ക്രിസ്തുമതത്തിൻെറ ഒരു പ്രധാനസിദ്ധാന്തമായി. എന്നാൽ അഥീനിയൻയുവാക്കളുടെ വളർച്ചയെത്താത്ത മനസ്സിനു പുനർനിർമ്മാണംവരെ സോക്രട്ടീസിനെ അനുഗമിക്കുവാൻ കഴിഞ്ഞില്ല; പരമ്പരാഗതമായ മതത്തിൻെറ നശീകരണത്തിൽ അതു നിലച്ചു. ഈ നശീകരണം ഇഷ്ടമുള്ളതെന്തും ചെയ്യുവാനുള്ള സ്വാതന്ത്ര്യമായി കണക്കാക്കപ്പെട്ടുകയും ചെയ്തു. ഇതിൻെറ ഫലം ഒരുപാത്രംവിഷം കൊടുത്തു സോക്രട്ടീസിനെ വധിക്കുവാൻ വിധിക്കുകയായിരുന്നു. ഇതു് അഥീനിയന്മാരുടെ പുരാതന ശിക്ഷാരീതിയാണു്. സോക്രട്ടീസിനു

കഴിവുള്ള സുഹൃത്തുക്കളുണ്ടായിരുന്നു. അദ്ദേഹത്തിനു രക്ഷപ്പെടാനുള്ള ഏർപ്പാടുകൾ ചെയ്യാൻ അവർ തയ്യാറായി. പക്ഷേ, സോക്രട്ടീസ് അവിടെത്തന്നെ താമസിക്കാനും തന്റെ പിതൃനഗരം തനിക്കു വിധിച്ച ശിക്ഷ അനുഭവിക്കാനും തീരുമാനിച്ചു. അദ്ദേഹത്തിൻെറ മരണത്തെപ്പററിയുള്ള പ്ലേറേറാവിൻെറ വിവരണം ലോകസാഹിത്യത്തിലെ ഏററവും ഉൽകൃഷ്ടമായ ഒരു ഭാഗമാണ്. അതു സാമാന്യം പൂർണ്ണമായി താഴെ ഉദ്ധരിക്കുന്നു:

"'നല്ല ധൈര്യമവലംബിക്കു,' അദ്ദേഹം ദുഃഖിതരായ സുഹൃത്തുക്കളോടു പറഞ്ഞു: 'നിങ്ങളെൻെറ ശരീരം മാത്രമേ കുഴിച്ചിടുന്നുള്ളുവെന്നു പറയൂ.' ഇത്രയും പറഞ്ഞിട്ട് അദ്ദേഹം ക്രിറേറാവിനോടൊന്നിച്ച് പിന്നിലുള്ള മുറിയിലേക്കു പോയി. ക്രിറേറാ ഞങ്ങളോടു കാത്തിരിക്കാൻ പറഞ്ഞു. ഞങ്ങളുടെ വ്യസനത്തിൻെറ പാരമ്യത്തെപ്പററി സംസാരിച്ചും ചിന്തിച്ചും ഞങ്ങൾ കാത്തിരുന്നു. അദ്ദേഹം ഒരച്ഛനെപ്പോലെയായിരുന്നു. ഇതാ, അദ്ദേഹം ഞങ്ങൾക്കു നഷ്ടപ്പെടുന്നു. ബാക്കി ജീവിതം ഞങ്ങൾക്ക് അനാഥബാലരെപ്പോലെ കഴിക്കണം...

"അപ്പോഴത്തേക്കം സൂര്യാസ്തമയമടുത്തു. അദ്ദേഹം വളരെയധികം സമയത്തേക്ക് അകത്തായിരുന്നു. പുറത്തുവന്നപ്പോൾ അദ്ദേഹം വീണ്ടും ഞങ്ങളോടൊന്നിച്ചിരുന്നു. പക്ഷേ, അധികമൊന്നും സംസാരിച്ചില്ല. ഉടനെ കാരാഗൃഹാധിപൻ വന്ന് അദ്ദേഹത്തിൻെറ അടുത്തുനിന്നു പറഞ്ഞു: 'സോക്രട്ടീസ്, ഈ സ്ഥലത്തെപ്പോഴെങ്കിലും വന്നിട്ടുള്ള എല്ലാവരിലുംവച്ച് ഏറ്റവും കഠിനനും സൗമ്യനും ഉത്തമനുമാണ് അങ്ങ് എന്നെനിക്കറിയാം! അധികാരികളുടെ ആജ്ഞയനുസരിച്ച ഞാൻ ആരോടു വിഷംകുടിക്കാനാവശ്യപ്പെട്ടപ്പോൾ എന്റെനേരെ കലിതുള്ളുകയും എന്നെ ശപിക്കുകയും ചെയ്യുന്ന അവരുടെ ക്രോധവികാരങ്ങളൊന്നും ഞാൻ അങ്ങയിലാരോപിക്കുകയില്ല. അതേ, എനിക്കു തീർച്ചയാണ്. അങ്ങയ്ക്ക് എന്നോടു ദേഷ്യമുണ്ടാവുകയില്ല. എന്തുകൊണ്ടെന്നാൽ, മററുള്ളവരുടെയാണ്, എൻെറയല്ല, അപരാധം; മററുള്ളവരാണ്, ഞാനല്ല, കാരണം. അതുകൊണ്ട്, നമസ്കാരം; കൂടാതെ കഴിയുകയി

ല്ലാത്തതു ലഘുവായി സഹിക്കാൻ ശ്രമിച്ചാലും. ഞാൻ വന്ന തെന്തിനാണെന്നു് അങ്ങേയ്ക്കറിയാമല്ലോ.' ഇത്രയും പറഞ്ഞു്, പൊട്ടിക്കരഞ്ഞുകൊണ്ടു്, അയാൾ തിരിഞ്ഞു പുറത്തേയ്ക്കു പോയി.

"സോക്രട്ടീസ് അയാളെനോക്കിപ്പറഞ്ഞു: 'നിങ്ങളുടെ ശുഭാംശസകൾ ഞാൻ മടക്കിത്തരുന്നു. ഞാൻ നിങ്ങൾ ആവശ്യപ്പെട്ടതുപോലെ ചെയ്യാം.' എന്നിട്ടു ഞങ്ങളുടെനേരെ തിരിഞ്ഞു് അദ്ദേഹം പറഞ്ഞു: 'ഞാൻ തടവിലായതിൽപ്പിന്നെ അയാൾ എല്ലാപ്പോഴും എന്നെ കാണാൻ വരാറുണ്ടു്. ഇപ്പോൾ, നോക്കൂ, എത്ര ഉദാരമായിട്ടാണു് അയാൾ എനിക്കുവേണ്ടി ദുഃഖിക്കുന്നതു്. എന്നാൽ നമ്മൾ അയാൾ പറയുന്നതുപോലെ ചെയ്യണം. ക്രിറേറാ, വിഷം തയാറാക്കിയെങ്കിൽ പാത്രം കൊണ്ടുവരട്ടെ. ഇല്ലെങ്കിൽ പരിചാരകൻ കുറച്ചു തയ്യാറാക്കട്ടെ. 'എന്നാലും,' ക്രിറേറാ പറഞ്ഞു, 'സൂര്യനിപ്പോഴും കുന്നിൻെറ മുകളിലാണു്. പലരും ഈ മരുന്നു നേരം വൈകി കുടിച്ചിട്ടുമുണ്ടു്. മാത്രമല്ല, വിഷം കുടിക്കാറായി എന്നറിഞ്ഞതിനുശേഷം തിന്നുകയും കുടിക്കുകയും വിഷയസുഖങ്ങളിലാസക്തരാവുകയും ചെയ്തിട്ടുണ്ടു് അവർ. അതുകൊണ്ടു്, ഉടനെ വേണോ? ഇനിയും സമയമുണ്ടു്.'

"സോക്രട്ടീസ് പറഞ്ഞു: 'ശരിയാണു്, ക്രിറേറാ. നിങ്ങൾ പറയുന്നവർ അങ്ങനെ ചെയ്തതു ശരിയാണു്, എന്തുകൊണ്ടെന്നാൽ താമസംകൊണ്ടു് അവർക്കു പ്രയോജനമുണ്ടാവുമെന്നു് അവർ കരുതി. എന്നാൽ ഞാനങ്ങനെ ചെയ്യുന്നതു ശരിയല്ല. കാരണം, വിഷം കുറച്ചു താമസിച്ചു കുടിച്ചാൽ എനിക്കെന്തെങ്കിലും പ്രയോജനമുണ്ടാവുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇപ്പോൾത്തന്നെ പോയിക്കഴിഞ്ഞ ഒരു ജീവനെ കുറച്ചുനേരത്തേയ്ക്കു് എന്തിനു രക്ഷിക്കണം? ഇതിൽ എനിക്കെന്നെത്തന്നെ പരിഹസിക്കാനെ വകയുള്ളു. അതുകൊണ്ടു ദയവുചെയ്തു ഞാൻ പറയുന്നതുപോലെ ചെയ്യുക, ഞാൻ പറയുന്നതു നിരസിക്കാതിരിക്കുക...'

"ഇതുവരെ ഞങ്ങളിൽ മിക്കവർക്കും ഞങ്ങളുടെ ദുഃഖം നിയന്ത്രിക്കാൻ കഴിഞ്ഞിരുന്നു. പക്ഷേ, ഇപ്പോൾ, അദ്ദേഹം വിഷംകുടിക്കുന്നതു കണ്ടപ്പോൾ, അദ്ദേഹം അതു മുഴുവൻ കുടി

ച്ചതുകൂടി കണ്ടപ്പോൾ, ഞങ്ങൾക്കൊട്ടും അടക്കാൻ വയ്യാതായി. ഞാനെത്ര ശ്രമിച്ചിട്ടും എൻെറ കണ്ണീർ കുട്ടകടെ ഒഴുകി. അതുകൊണ്ടു ഞാൻ മുഖംമറച്ചു കണ്ണീർ ചൊരിഞ്ഞു്, എന്നെപ്പററിത്തന്നെ കരഞ്ഞു. കാരണം, ഞാൻ തീർച്ചയായിട്ടും അദ്ദേഹത്തെക്കുറിച്ചല്ല, മറിച്ച് എനിക്കിങ്ങനെയുള്ളൊരു ഉത്തമമിത്രം നഷ്ടപ്പെട്ടല്ലോ എന്നുവിചാരിച്ചാണു്, കരഞ്ഞിരുന്നതു്. ഞാനല്ലായിരുന്നു ആദ്യം വിലപിച്ചതു്. തന്റെ കണ്ണീരിനെ നിയന്ത്രിക്കാൻ കഴിയുന്നില്ലെന്നു കണ്ടപ്പോൾ ക്രിറേറാ എഴുന്നേററുപോയി. ഞാനദ്ദേഹത്തെ അനുഗമിച്ചു. അതേനിമിഷത്തിൽ, ഈ സമയം മുഴുവൻ ഏങ്ങിക്കരയുകയായിരുന്ന അപ്പൊളേളാഡോറസ് ഉറക്കെ കരഞ്ഞുപോയി. ഇതു ഞങ്ങളെയെല്ലാവരേയും ഭീരുക്കളാക്കി. സോക്രട്ടീസിനു മാത്രമേ അദ്ദേഹത്തിൻെറ ശാന്തത കൈവെടിയാതിരിക്കുവാൻ കഴിഞ്ഞുള്ളു. 'എന്താണീ വിചിത്രമായ കൂക്കിവിളി?' അദ്ദേഹം ചോദിച്ചു: 'ഞാൻ സ്ത്രീകളെ പറഞ്ഞയച്ചതു പ്രധാനമായിട്ട് അവർ ഇങ്ങനെ ബഹളമുണ്ടാക്കുമെന്നു വിചാരിച്ചാണു്, എന്തുകൊണ്ടെന്നാൽ, സമാധാനമായിട്ടു മരിക്കണമെന്നു ഞാൻ കേട്ടിട്ടുണ്ടു്. അതുകൊണ്ടു്, ഇനി, ശാന്തതയോടും ക്ഷമയോടുംകൂടി ഇരിക്കുക.'

"ഇതു കേട്ടപ്പോൾ ഞങ്ങൾ ലജ്ജിച്ചു കണ്ണീരടക്കി. അദ്ദേഹം നടന്നുകൊണ്ടിരുന്നു. അല്പനേരംകഴിഞ്ഞു് അദ്ദേഹം പറഞ്ഞു, അദ്ദേഹത്തിൻെറ കാലുകൾ പ്രവർത്തിക്കാതാവുന്നു എന്നു്. കാലുകൾ പരാജയപ്പെട്ടു തുടങ്ങിയപ്പോൾ, നിർദ്ദേശങ്ങളനുസരിച്ചു്, അദ്ദേഹം മലർന്നുകിടന്നു. അദ്ദേഹത്തിനു വിഷം കൊടുത്ത ആൾ കൂടെക്കൂടെ അദ്ദേഹത്തിൻെറ കാലുകളിന്മേലും കാലടികളിന്മേലും നോക്കി. കുറച്ചുകഴിഞ്ഞു് അയാൾ അദ്ദേഹത്തിൻെറ കാലടി അമർത്തി. എന്നിട്ട് അദ്ദേഹം അറിയുന്നുണ്ടോ എന്നു ചോദിച്ചു. അദ്ദേഹം 'ഇല്ല' എന്നു പറഞ്ഞു. അയാൾ അപ്പോൾ കാലിന്മേലും, ക്രമേണ മുകൾഭാഗങ്ങളിലും തിരുമ്മി, അദ്ദേഹം തണുത്തു മരവിച്ചിരിക്കുന്നു എന്നു ഞങ്ങൾക്കു കാണിച്ചുതന്നു. അപ്പോൾ സോക്രട്ടീസ് അവിടെയൊക്കെ തൊട്ടുനോക്കി. എന്നിട്ടു പറഞ്ഞു: 'വിഷം ഹൃദയത്തിലെത്തുമ്പോൾ, അതായിരിക്കും അവസാനം.' അദ്ദേ

ഹത്തിൻെറ അരക്കെട്ടിനോടടുത്ത ഭാഗങ്ങൾ തണുക്കാൻ തുടങ്ങിയിരുന്നു. അപ്പോൾ അദ്ദേഹം മുഖത്തുനിന്നു പുതപ്പു മാറ്റി (അദ്ദേഹം മൂടിപ്പുതച്ചിരുന്നു), എന്നിട്ടു പറഞ്ഞു—അവ അദ്ദേഹത്തിൻെറ അവസാനത്തെ വാക്കുകളായിരുന്നു. 'ക്രിറേറാ, ഞാൻ അസ്ക്ലീപിയസിനു് ഒരു കോഴിയെ കൊടുക്കുവാനുണ്ടു്; നിങ്ങൾ ആ കടം തീർക്കുന്ന കാര്യം ഓർമ്മിക്കുമോ?' 'ആ കടം ഞാൻ തീർക്കാം,' ക്രിറേറാ പറഞ്ഞു. 'വേറെ വല്ലതുമുണ്ടോ?' ഈ ചോദ്യത്തിനു് ഉത്തരമുണ്ടായിരുന്നില്ല. പക്ഷേ, ഒന്നോ രണ്ടോ നിമിഷത്തിനുള്ളിൽ ഒരനക്കം കേട്ടു, പരിചാരകൻ അദ്ദേഹത്തിൻെറ പുതപ്പു മാറ്റുകയും ചെയ്തു. അദ്ദേഹത്തിൻെറ കണ്ണുകൾ നിശ്ചലമായിരുന്നു.

ഇങ്ങനെയായിരുന്നു ഏറ്റവും ജ്ഞാനിയും ഏറ്റവും ന്യായസ്ഥനും ഞാനറിഞ്ഞിട്ടുള്ള എല്ലാ മനുഷ്യരിലുംവെച്ചുത്തമനും എന്നു് എനിക്കു സത്യത്തിൽ വിളിക്കാവുന്ന ഞങ്ങളുടെ സുഹൃത്തിൻെറ അവസാനം.''

അമർത്ത്യമായ ഈ വിവരണം സോക്രട്ടീസിൻെറ ശോഭായമാനമായ രൂപത്തെ പ്രകാശിപ്പിക്കുക മാത്രമല്ല, പ്ലേറ്റോ (ക്രി. മു. 428—347)വിൻെറ സൂക്ഷ്മവേദിയായ ചൈതന്യത്തെ നമുക്കു പരിചയപ്പെടുത്തുകകൂടി ചെയ്യുന്നു. കായികാഭ്യാസങ്ങളിലും സംഗീതത്തിലും തത്വശാസ്ത്രത്തിലും കീർത്തിനേടിയ ഈ സുന്ദരനായ യുവാവിനു് സോക്രട്ടീസു മരിച്ചപ്പോൾ ഏതാണ്ടു് മുപ്പതുവയസ്സായിരുന്നു. ഗുരുവിൻെറ മരണശേഷം ദീർഘമായ ഒരു യാത്രയ്ക്കായി, അദ്ദേഹം ആഥൻസു വിട്ടു. ക്രി. മു. 386–ൽ അദ്ദേഹം തിരിച്ചുവന്നു് യവനപരിഷത്തു സ്ഥാപിച്ചു. ഗണിതത്തിൻേറയും തത്വശാസ്ത്രത്തിൻേറയും ഒരു ഗവേഷണാലയമായിരുന്നു ഈ പരിഷത്തു്. ധനികന്മാരുടെ സംഭാവനകൾകൊണ്ടു് ഇതു ക്രമേണ വളരുകയും ഏതാണ്ടു് അറുനൂറുകൊല്ലം നിലനില്ക്കുകയും ചെയ്തു. ക്രി. പി. 529–ൽ, റോമൻചക്രവർത്തിയായ ജസ്റ്റിനിയൻ ക്രൈസ്തവേതരതത്വശാസ്ത്രഗവേഷണാലയങ്ങൾ നിർത്തലാക്കിയപ്പോൾ പരിഷത്തും അടച്ചുപൂട്ടേണ്ടിവന്നു.

പ്ലേറേറാവിൻെറ തത്വശാസ്ത്രപരമായ ആശയങ്ങൾ വളരെ സംഗ്രഹിച്ചേ ഇവിടെ വിവരിക്കാൻ നിവൃത്തിയുള്ളു.

അദ്ദേഹത്തിൻെറ ഏററവും വലിയ സംഭാവന ആശയസത്തസിദ്ധാന്തം അല്ലെങ്കിൽ മൂലരൂപസിദ്ധാന്തമാണു്. ഇന്ദ്രിയങ്ങൾവഴി നമുക്ക വേദനങ്ങളേ കിട്ടുന്നുള്ളു, സത്യം കിട്ടുന്നില്ല. ജ്ഞാനം സാമാന്യാശയങ്ങൾകൊണ്ടോ മൂലരൂപങ്ങൾകൊണ്ടോ മാത്രമേ സാദ്ധ്യമാവുകയുള്ളു. നാം വസ്തുക്കളേയും പല കാലങ്ങളിലും പല അവസരങ്ങളിലും അനുഭവപ്പെട്ട ഗുണങ്ങളേയും തിരിച്ചറിയുന്നു; അവ ഒരേ വർഗ്ഗത്തിൽപ്പെട്ടതാണെന്നു മനസ്സിലാക്കുന്നു. ഇതുപോലെ തിരിച്ചറിയാൻ നമ്മെ സഹായിക്കുന്നതെന്താണു്? അതു നമ്മുടെ മനസ്സിലുള്ള സാമാന്യസംജ്ഞയാണു്. നമ്മുടെ മനസ്സിലുള്ള ഒരു ചിന്തയായി നമുക്കീ സംജ്ഞയെ കണക്കാക്കാം. ആശയത്തിനു് ഇത്രയും മാത്രം യാഥാർത്ഥ്യം നൽകുവാനേ പല തത്വശാസ്ത്രസമ്പ്രദായങ്ങളും സമ്മതിക്കുന്നുള്ളു. എന്നാൽ ആശയങ്ങൾ യഥാർത്ഥത്തിൽ വർത്തിക്കുന്നവയാണെന്നും അവ ദേശകാലങ്ങൾക്കു പുറത്തുള്ള ഒരു മണ്ഡലത്തിലെ സജീവസത്തകളാണെന്നും, അവ പരിവർത്തനവിധേയമല്ലാത്തവയാണെന്നും, ഭൗതികപദാർത്ഥങ്ങളിലെ മാററങ്ങൾ അവയെ ബാധിക്കാത്തവയാണെന്നും പ്ലേറേറാ അവകാശപ്പെട്ടു. മനുഷ്യൻ വിചാരപൂർവ്വം സൃഷ്ടിക്കുന്ന ഏതിലും, ഒരു മൺകുടത്തിൽ, ഒരു ഇഷ്ടികവീടിൽ, ഒരുത്തമകവിതയിൽ, ആശയം അഥവാ സ്വരൂപം, രൂപീകരിക്കപ്പെടുന്ന വസ്തുവിൻെറ പൂർവ്വവർത്തിയാണു്. ആശയം വസ്തുവിനേക്കാൾ കൂടുതൽ യഥാർത്ഥമാണെന്നു തോന്നുന്നു. എന്തെന്നാൽ, എപ്പോഴെങ്കിലും വസ്തു ആശയത്തോടു സദൃശമല്ലാതെവരുമ്പോൾ, മനുഷ്യർ പുതിയ പരിശ്രമങ്ങൾ ചെയ്യുകയും ആദ്യംമുതലാരംഭിക്കുകയും ചെയ്യുന്നു. അതുപോലെ, ആശയങ്ങളനുസരിച്ചു രൂപപ്പെട്ടതാവുന്നതും കേവലം ജഡവും ആകൃതിപ്പെടുത്തത്തക്കതുമായ വസ്തുവായ പദാർത്ഥത്തിന്മേലുള്ള, ആശയങ്ങളുടെ രചനാത്മകമായ പ്രവർത്തനത്തിൻെറ ഫലമാണു് പ്രപഞ്ചം. ഇന്ദ്രിയങ്ങൾക്കു ജ്ഞാനം നൽകുവാൻ കഴിവില്ലെങ്കിലും അവ സൂചനകൾ തരുന്നു. ഈ സൂചനകളുടെ സഹായംകൊണ്ടാണു് ആത്മാവു് ആശയങ്ങളെപ്പററി അറിയാൻ ഇടവരുന്നതു്. ഇങ്ങനെ അറിയാൻ സാധിക്കുന്നതു് ആത്മാവും സ്ഥലകാലങ്ങളിൽനിന്നുയർന്ന ആശയലോക

34595

ത്തിൽനിന്നു് അവതരിച്ചിട്ടുള്ളതുകൊണ്ടാണു്. മാത്രമല്ല, നശ്യമായ ഒരു ശരീരത്തിൽപ്രവേശിക്കുന്നതിനുമുമ്പു് ആത്മാവു് ഈ ആശയങ്ങളെ അറിഞ്ഞിരുന്നു. അതുകൊണ്ടു്, പ്ലേറേറാവിനു്, ജ്ഞാനം സ്മരണയാണു്. ഇന്ദ്രിയങ്ങളുടെ മാർഗ്ഗങ്ങളെ സംശയിച്ചതുകൊണ്ടു് പ്ലേറേറാ പരീക്ഷണപരമായ ശാസ്ത്രത്തെ അനുകൂലിച്ചില്ല. ശാസ്ത്രീയവും താക്കികവുമായ തത്വങ്ങളിലെത്തിച്ചേരുന്നതിനു് അദ്ദേഹം ശുദ്ധമായ യുക്തിവാദത്തെയാണു് ആശ്രയിച്ചതു്. അരിസ്റ്റോട്ടിൽ പിന്നീടു് ഈ സമീകരണമില്ലായ്മയെ തിരുത്തുകയും, ജ്ഞാനത്തിനു് താക്കികമായ യുക്തിവാദവും പരീക്ഷണപരമായ അനുഭവവും രണ്ടും ആവശ്യമാണെന്നു സ്ഥാപിക്കുകയും ചെയ്യുമെന്നു നമുക്കു കാണാം.

പദാത്ഥങ്ങൾക്കു മാത്രമല്ല, വ്യാവഹാരികലോകത്തിന്റെ ഗുണങ്ങൾക്കും, അവയുടെ അടിസ്ഥാനയാഥാത്ഥ്യമായി ഈ ആശയങ്ങളുണ്ടാവാൻ കഴിയും. ഭാഗികമായി സത്യവും നല്ലതും സുന്ദരവുമായവയിൽനിന്നു് പ്ലേറേറാ കേവലനന്മയുടേയും കേവലസത്യത്തിന്റേയും കേവലസൗന്ദര്യത്തിന്റേയും ശാശ്വതവത്ത്ികളായ ആശയങ്ങളിലേയ്ക്കു് ഇങ്ങനെ നീങ്ങുന്നു. ഈ ത്രിതവർഗ്ഗീകരണത്തോടുകൂടിയ സത് ആണു് പ്ലേറേറാവിന്റെ തത്വശാസ്ത്രത്തിലെ ഈശ്വരൻ. സത്—ചിത്—ആനന്ദം എന്ന സംജ്ഞയോടു്—അല്ലെങ്കിൽ രാമാനുജന്റെ നിത്യകല്യാണസുന്ദരം എന്ന സംജ്ഞയോടു്—ഇതിനുള്ള സാമ്യം ശ്രദ്ധിക്കണം.

പ്ലേറേറാ അദ്ദേഹത്തിന്റെ ധമ്മശാസ്ത്രത്തിന്റേയും രാഷ്ട്രമീമാംസയുടേയും അടിസ്ഥാനമുറപ്പിച്ചതു് മനഃശാസ്ത്രത്തിന്മേലാണു്. ആത്മാവിനു്, അല്ലെങ്കിൽ ജീവിതത്തിന്റെ തത്വത്തിനു്, മൂന്നു ഭാഗങ്ങളുണ്ടു്—ആഗ്രഹം, ഇച്ഛാശക്തി, യുക്തി. ഓരോന്നിനും അതിന്റേതായ നന്മയുണ്ടു്. ആഗ്രഹത്തിന്റെ നന്മ സംയമമാണു്, ഇച്ഛാശക്തിയുടേതു് ധൈര്യം, യുക്തിയുടേതു ജ്ഞാനം. സമീകരണമില്ലായ്മയും തെററായ അനുപാതവും കൂടാതെ, ഈ മൂന്നു ഗുണങ്ങൾക്കും അവയുടെ ന്യായമായ അളവിലുള്ള സ്വാതന്ത്ര്യം അനുവദിക്കുമ്പോൾ മാത്രമേ വ്യക്തിയുടെ നന്മനിറഞ്ഞ ജീവിതം ഉണ്ടാവുകയുള്ളൂ.

34590

ഇങ്ങനെയുള്ള വ്യക്തികൾ നിയന്ത്രണമേറെറടുക്കുമ്പോൾ മാത്രമേ, ഒരു രാജ്യത്തു് ന്യായമായ ഭരണമുണ്ടാവുകയുള്ളു.

ഒരു വലിയ തത്വശാസ്ത്രജ്ഞനായിരുന്നതോടൊപ്പം ഒരു വലിയ സാഹിത്യശില്പിയുമായിരുന്നു പ്ലേറേറാ. അതുകൊണ്ടാണു് തത്വശാസ്ത്രചർച്ചകളെപ്പററിയുള്ള അദ്ദേഹത്തിന്റെ വിവരണങ്ങൾ സാഹിത്യഗുണംകൂടിയുള്ളവയായിരിക്കുന്നതു്. ഈ ചർച്ചായോഗങ്ങളിലൊന്നിൽ നമുക്കും സംബന്ധിക്കുക. ചെറുപ്പക്കാരായ ശിഷ്യന്മാർ സോക്രട്ടീസിൻെറ വീട്ടിൽ സമ്മേളിച്ചിരിക്കുന്നു. സഭ, പ്രേമം എന്ന ആശയത്തെപ്പററി വാദിക്കാൻ തുടങ്ങുന്നു. സോക്രട്ടീസ് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ രസികന്മാരുടെ വരവിൻെറ ബഹളം കേൾക്കുന്നു. അൽസിബിയാഡിസിൻെറ ശബ്ദം കേൾക്കാം. അദ്ദേഹം അഗഥോൺ അകത്തുണ്ടോ എന്നു വിളിച്ചുചോദിക്കുകയാണു്. അൽസിബിയാഡിസ് വന്നു് സോക്രട്ടീസിനെ പ്രശംസിച്ചുകൊണ്ടു സംസാരിക്കുന്നു: "പുറം നോക്കിയാൽ വിരൂപനാണു്, അല്ല, തനി കാട്ടാളൻതന്നെയാണു്. പക്ഷേ, ഉള്ളിൽ, സങ്കല്പിക്കാവുന്ന സകല വൈശിഷ്ട്യങ്ങളുമുണ്ടു്." അപ്പോഴത്തേയ്ക്കും രണ്ടാമതൊരു ശബ്ദം, കുറെക്കൂടി ഉച്ചത്തിലുള്ള ശബ്ദം, കേൾക്കുന്നു—രാത്രിയിലെ തണുത്ത കാററും, ലഹരി പിടിച്ച രസികന്മാരും ഉള്ളിലേയ്ക്കു തള്ളിക്കയറി വരികയാണു്. മിക്ക അതിഥികളും പതുക്കെ പുറത്തേയ്ക്കു പോവുന്നു. സോക്രട്ടീസ് അവസാനിപ്പിക്കട്ടെ എന്നുകരുതി കാത്തിരുന്ന അരിസ്റ്റോഡിമസ് പിന്നോട്ടിരുന്നു് ഉറക്കംതൂങ്ങാൻ തുടങ്ങി. പിന്നെ അരിസ്റ്റോഡീമസ് ഉണരുന്നതു് നേരം വെളുത്തുതുടങ്ങിയപ്പോഴാണു്. അപ്പോഴത്തേയ്ക്കും വാഗ്വാദം കഴിഞ്ഞിരുന്നു. സോക്രട്ടീസിനുമാത്രം അപ്പോഴും ക്ഷീണമൊന്നും വന്നിട്ടില്ല. അദ്ദേഹം അരിസ്റ്റോഫനീസുമായി ചർച്ചചെയ്തുകൊണ്ടിരിക്കുന്നു. അരിസ്റ്റോഡീമസ് ക്ഷീണിച്ചു. അദ്ദേഹത്തിനു വാദം മുഴവൻ മനസ്സിലാവുന്നില്ല. അരിസ്റ്റോഡീമസിനു് ഇത്രയേ അറിയുള്ളു—ദുഃഖപര്യവസായിയും ശുഭപര്യവസായിയും ഒരാൾക്കു സ്വകീയമായ ഒരൊററക്കലയാണെന്നു്, ആ രണ്ടു നാടകകർത്താക്കളുടേയും വിശ്വാസങ്ങൾക്കെതിരായി, അവരെ സമ്മതിപ്പിക്കാൻ സോക്രട്ടീസ് നിർബന്ധിക്കുകയാണു്.

പ്ലേറേറാ വാസ്തവത്തിൽ ഒരു കവിയായിരുന്നു. അദ്ദേഹത്തിൻെറ തത്വശാസ്ത്രം കവിതയുമായി കൂടിക്കലൎന്ന് ലഹരിപിടിപ്പിക്കുന്ന ഒരു മിശ്രിതമുണ്ടാക്കുന്നു. അതുകൊണ്ടാണ് അദ്ദേഹത്തിൻെറ തത്വശാസ്ത്രം മനസ്സിലാക്കുവാൻ വിഷമമായിരിക്കുന്നതു്. അദ്ദേഹത്തിന്റെ ശൈലി മിന്നിത്തിളങ്ങുകയും തുള്ളിച്ചാട്ടുകയും കളകളശബ്ദത്തോടെ ഒഴുകുകയും ചെയ്യുന്നതാണ്. ചില സമയങ്ങളിൽ പ്രതിച്ഛായകൾ ജലാന്തിമജ്ജനം ചെയ്യും. ഉദാഹരണമായി, മനുഷ്യന്റെ ഹൃദയത്തിൽ സംഗീതത്തിനുള്ള സ്വാധീനത്തെപ്പററി അദ്ദേഹം പറയുമ്പോൾ സ്ത്രീസൗന്ദര്യത്തിൻെറ ഒരു നേരിയ നിഴൽ ശൈലിയുടെ തെളിഞ്ഞ ഒഴുക്കിൻെറ കയത്തിൽ ക്ഷണികമായി മിന്നിമറയുന്നതു കാണാം. സംഗീതത്തിൽക്കൂടി ആത്മാവു് സ്വരൈക്യവും താളാത്മകത്വവും പഠിക്കുന്നു; ആത്മാവിനു സദാചാരത്തോട്ടു് ഒരു ചായ്‌വു നന്നേ ഉണ്ടാകുന്നു. "സ്വഭാവൈകൃമുള്ള ഒരാൾക്കു് എപ്പോളെങ്കിലും നീതിയില്ലാത്തവനാവാൻ കഴിയുമോ? സൗന്ദൎയ്യം വഹിച്ചുകൊണ്ടു്, ആത്മാവിനെ ആർദ്രമാക്കിക്കൊണ്ടു്, താളവും സ്വരൈക്യവും ഹൃദയത്തിൻെറ നിഗൂഢസ്ഥാനങ്ങളിൽ പ്രവേശിക്കുന്നതുകൊണ്ടല്ലേ, സംഗീതപരിശീലനം ഇത്ര ശക്തിയുള്ളതായിരിക്കുന്നതു്?" ചില സമയങ്ങളിൽ ശൈലി ശക്തിയുള്ളതാവുന്നതു പ്രതിച്ഛായകളുടെ അഭാവംകൊണ്ടാണ്. നിത്യകല്യാണസൗന്ദര്യത്തെപ്പററി അദ്ദേഹം പറയുന്ന ഭാഗം ഇതിനുദാഹരണമായെടുക്കാം. "അതു് ഏതെങ്കിലും മുഖത്തേയോ കൈകളേയോ ശരീരഭാഗത്തേയോ പോലെയല്ല; അതു വാക്കല്ല, വിചാരവുമല്ല, അതു മറ്റൊന്നിലുമല്ല—ജീവനുള്ളതിലോ, ഭൂമിയിലോ, സ്വൎഗ്ഗത്തിലോ അല്ല; അതുകൊണ്ടുതന്നെ, അതിൻേറതായ രീതിയിൽ, ഒരു രൂപത്തിൽ, അതെപ്പോഴും നിലനിൽക്കുന്നു." സോക്രട്ടീസിൻെറ മരണത്തെപ്പററിയുള്ള പ്ലേറേറാവിൻെറ വിവരണത്തിനു് അതിൻെറ വീൎയ്യവും അന്തസ്സും നൽകുന്നതു് ശൈലിയുടെ ഈ ശുദ്ധിചെയ്ത ലാളിത്യമാണ്.

അരിസ്റ്റോട്ടിൽ (ക്രി. മു 384–322) പ്ലേറേറാവിന്റെ ഒരു ശിഷ്യനായിട്ടാണ് ആരംഭിച്ചതു്. പക്ഷേ, അദ്ദേഹത്തിൻെറ പരിണാമത്തിൽ, അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾ ഗുരുവി

ൻെറ അഭിപ്രായങ്ങളിൽനിന്നു് ഗണ്യമായകനുപോവാനിടയായി. പുരാതനകാലത്തെ ഏററവും ഉജ്ജ്വലരായ ധീമാന്മാരിലൊരാളായിരുന്നു അദ്ദേഹം. തക്കശാസ്ത്രത്തേയും ചിന്താനിയമങ്ങളേയുംപററിയുള്ള യൂറോപ്യൻ തത്വചിന്തയ്ക്കു് അദ്ദേഹം മഹത്തായ ഒരു സംഭാവനനൽകി; താത്വികവും പരീക്ഷണപരവുമായ ശാസ്ത്രത്തെ പുരോഗമിപ്പിച്ചു; രാജ്യതന്ത്രസിദ്ധാന്തത്തേയും രാഷ്ട്രീയസംഘടനയേയുംകുറിച്ചെഴുതി; ദാൎശനികചിന്തയെ ശാസ്ത്രത്തിൻെറ കുറെക്കൂടി സമീപത്തുകൊണ്ടുവന്നു; കാവ്യാലങ്കാരശാസ്ത്രത്തേയും സാഹിത്യനിരൂപണത്തേയും പററിയുള്ള ഒന്നാമത്തെ യൂറോപ്യൻ കൃതിയെഴുതി. സ്വയംസിദ്ധമായ തത്വങ്ങളുടെ വിപുലീകരണത്തെമാത്രം ആശ്രയിക്കാൻ പ്ലേറേറാവിനൊരു പ്രവണതയുണ്ടായിരുന്നു. എന്നാൽ അരിസ്റ്റോട്ടിലാവട്ടെ, നിരീക്ഷിച്ചറിഞ്ഞ വാസ്തവങ്ങളിൽനിന്നു സാമാന്യവാദമാവിഷ്കരിക്കുന്നതിൻെറ തുല്യപ്രാധാന്യത്തെ ഊന്നിപ്പറഞ്ഞു. തത്വശാസ്ത്രത്തിൽ പദാൎത്ഥവും ആശയവുംതമ്മിൽ പ്ലേറേറാ കണക്കിലധികം നിശിതമായ ഒരു വിവേചനം ചെയ്തിരുന്നു. പദാൎത്ഥം നിശ്ചേഷ്ടമാണു്; ആശയം സ്ഥലകാലങ്ങളെ അതിശയിക്കുന്ന ഒരു ലോകത്തിലെയാണു്. ആശയം അതിൻേറതായ ഉദ്ദേശങ്ങൾക്കനുസരണമായി നിൎജ്ജീവപദാൎത്ഥത്തെ രൂപപ്പെടുത്തുന്നു. എന്നാൽ അരിസ്റ്റോട്ടിലിനു തോന്നിയതു പദാൎത്ഥം, അഥവാ പിണ്ഡം, ജഡമല്ല, ചേതനയോടുകൂടിയതാണെന്നാണു്. ബാഹ്യമോ, ആഗന്തുകമോ അല്ലാതെ പദാൎത്ഥത്തിൽത്തന്നെ അന്തൎഭവിച്ചിരിക്കുന്ന ഈ ശക്തിയുടെ—രചനാത്മകമായ ഒരു തത്വത്തിന്റെ—നിൎബ്ബന്ധപൂൎവ്വമായ പ്രേരണകൊണ്ടാണു് പദാൎത്ഥം പരിണമിക്കുന്നതു്. ഈ വീക്ഷണം ആധുനികഅദ്വൈതവാദത്തോടും വിശിഷ്ടഭൗതികവാദത്തോടും കൂടുതൽ യോജിച്ചതാണു്.

രചനാത്മകതത്വം പരിണാമത്തിന്റെ തത്വമാണു്. അതിജീവിക്കുവാൻ അധികമധികം പ്രാപ്തിയുള്ള സസ്യങ്ങളുടേയും ജന്തുക്കളുടേയും രൂപങ്ങൾ പ്രത്യക്ഷപ്പെടുന്നതിലേക്കാണു് ഈ തത്വം നയിക്കുന്നതു്. ജീവിതത്തിൻെറ ഈ തത്വം, മനുഷ്യൻെറ പ്രായോഗികവും, രസാസ്വാദനപരമായ രചനാത്മ-

കവും ആയ പ്രവൎത്തനത്തെ ഉത്തേജിപ്പിക്കുന്നു. കലാസൃഷ്ടി, രചനാത്മകമായ ഉത്തേജനങ്ങളിൽനിന്നും, വൈകാരികമായ പ്രകാശനത്തിനുള്ള ദാഹത്തിൽനിന്നും ആണു് പൊട്ടിപ്പുറപ്പെടുന്നതു്. മുഖ്യമായി, കല, യാഥാൎത്ഥ്യത്തിൻെറ ഒരനുകരണമാണു്. അതു പ്രകൃതിയെ ഒരു കണ്ണാടിയിലെന്നപോലെ പ്രതിഫലിപ്പിക്കുന്നു. എന്നാൽ 'അനുകരണം' എന്ന വാക്കു് ഗൗരവമായി തെററിദ്ധരിക്കപ്പെടാൻ കഴിവുള്ളതാണു്. ജീവനുള്ളതുപോലെ തോന്നിക്കുന്ന ചിത്രങ്ങളിലും ശില്പവേലകളിലും സാഹിത്യപരമായ വിവരണങ്ങളിലും നാം ആനന്ദിക്കുന്നുണ്ടു് എന്നുള്ളതു ശരിയാണു്. സചേതനമായ നിരീക്ഷണത്തിൻേറയും, മാഞ്ഞുപോകാതെ നിലനില്ക്കുന്ന ഓൎമ്മയുടേയും, സാങ്കേതികമായ സാമൎത്ഥ്യത്തിൻേറയും സഹായം കൊണ്ടു്, രചനാത്മകമായ പ്രേരണയ്ക്കു വസ്തുക്കളുടെ ബാഹ്യരൂപങ്ങളെ പകൎത്തുവാൻ കഴിയും. ഈ തരത്തിലുള്ള കല ശ്രേഷ്ഠമായിരിക്കാം, പക്ഷേ, ഉന്നതതമമല്ല. ഉന്നതതമമായ കല അനുകരിക്കുന്നതു് പ്രകൃതിനിൎമ്മിതമായ രൂപങ്ങളെയല്ല, പ്രകൃതിയിൽ നടന്നുകൊണ്ടിരിക്കുന്ന രചനാത്മകമായ പ്രവൎത്തനത്തെയാണു്. അതായതു്, കല പ്രകൃതിയെപ്പോലെ രചനാത്മകമായിത്തീരുന്നു. അനുകരണമെന്നുവെച്ചാൽ, ഈ ഉന്നതതരമായ ആശയത്തിൽ, ജീവിതത്തിൻെറ ആദൎശപരമായ പുനൎനിൎമ്മാണം എന്നൎത്ഥമാകുന്നു. ഈ പ്രയത്നത്തിൽ യാഥാൎത്ഥ്യബോധത്തിൻെറ തോളോടുതോൾചേൎന്നു് ഭാവനയും പ്രവൎത്തിക്കുന്നു. നിരീക്ഷിച്ചിട്ടുള്ളതോ രേഖപ്പെടുത്തിയിട്ടുള്ളതോ ആയ വാസ്തവങ്ങളെ ഭാവനയുടെ ഉടുപ്പണിയിച്ചു് ഏതെങ്കിലും കലാപരമായ ഉപാധിയിൽ പകൎത്തുന്നതാണു് ആദൎശപരമായ അനുകരണം. ഒരു മാനസികകല്പനയുമായി യാഥാൎത്ഥ്യത്തിൻെറ അംശങ്ങൾക്കു സ്വരൈക്യമുണ്ടാക്കുന്നതിനുവേണ്ടി തെരഞ്ഞെടുക്കുകയും ഭേദഗതിവരുത്തുകയും ക്രമപ്പെടുത്തുകയും ആദൎശോന്മുഖമാക്കുകയുംചെയ്ത യാഥാൎത്ഥ്യാംശങ്ങളെ പകൎത്തുന്നതാണു് അതു്.

ഉന്മത്തമായി വിഹരിക്കുന്ന കേവലം ഭാവനയല്ല കല. യാഥാൎത്ഥ്യത്തിന്റെ അംശങ്ങളെ രചനാത്മകമായ രീതിയിൽ രൂപപ്പെടുത്തുന്നതിനു്, രചനാത്മകമായ ഒരു ഭാവനയെപ്പോ

ലെതന്നെ ആവശ്യമാണ് രചനാത്മകമായ ഒരു ബുദ്ധി. എന്തെന്നാൽ, കലയിലെ അസംസ്കൃതപദാത്ഥത്തെ സാത്ഥകവും ഫലപ്രദവുമായി കൈകാര്യംചെയ്യുന്നതിനാവശ്യമായ ഗുണങ്ങൾ മുഖ്യമായും ബുദ്ധിയുടെ ഗുണങ്ങളാണ്: സംഭാവ്യത, പ്രമാണം, ഔചിത്യം, സ്വൈരക്യം, സംയോഗം മുതലായവയെപ്പററിയുള്ള ബോധം. കലയിൽ നാം രൂപമെന്നു പറയുന്നതു് ഇതുപോലെയുള്ള ഗുണങ്ങളെയാണ് ആശ്രയിക്കുന്നതു്. അതുകൊണ്ടു് ഒരു കലാസൃഷ്ടിയുടെ ലക്ഷ്യം രൂപഭദ്രതയായിരിക്കണം; സവ്വോപരി, ഘടനയുടെ നട്ടെല്ലും രൂപത്തിന്റെ കേന്ദ്രവുമായ ഐക്യമായിരിക്കണം. ഉദാഹരണമായി, ഒരു നാടകത്തിനു് പ്രവത്തനൈക്യമുണ്ടായിരിക്കണം. കുഴയ്ക്കുന്ന ഉപേതിവൃത്തങ്ങളോ ശാഖാചംക്രമണകാരികളായ ഉപകഥകളോ ഉണ്ടായിരിക്കരുതു്. യാഥാർത്ഥ്യത്തെ ഭാവനയും യുക്തിയും രചനാത്മകമായി കൈകാര്യംചെയ്യുന്നതു കലയ്ക്കു സാവ്വലൗകികമായ ഒരു ഗുണം നല്കുന്നു. അതായതു്, കഥയുടേയോ കവിതയുടേയോ വിഷയം പ്രത്യേക വ്യക്തികളോ വ്യാഖ്യാനങ്ങളോ ആണെങ്കിൽപ്പോലും, വ്യത്യസ്തരാജ്യങ്ങളിലേയും വ്യത്യസ്ത കാലഘട്ടങ്ങളിലേയും ആളുകളെസ്സംബന്ധിച്ചുകൂടി അവയ്ക്കൊരു സാധുത്വമുണ്ടാവും. കല കടഞ്ഞെടുത്ത പാത്രങ്ങളുടെ ജീവിതങ്ങളിൽ മനുഷ്യസ്വഭാവത്തിന്റെ സാവ്വലൗകികമായ സാധുത്വമുള്ള സത്യങ്ങൾ ദൃശ്യമാവും.

കാവ്യശാസ്ത്രത്തിൽ അരിസ്റ്റോട്ടിലിന്റെ അഗാധതമമായ സംഭാവന ദുഃഖപര്യവസായിയുടെ അത്ഥത്തിന്റെയും പ്രാധാന്യത്തിന്റെയും വിശകലനമാണ്. ആളുകളെന്തിനാണു പ്രയാസപ്പെട്ടു പോയി കഷ്ടപ്പാടിനെ പ്രതിനിധീകരിക്കുന്ന നാടകം കാണുന്നതു്? ദുരന്തകലയുടെ ഉന്നതതമധമ്മമായ ശുദ്ധീകരണം തേടുകയാണവർ എന്നു് അരിസ്റ്റോട്ടിലവകാശപ്പെട്ടു. ഒന്നാമതായി, സാമൂഹ്യപ്രതിരോധങ്ങളുടെ സമ്മദ്ദംകൊണ്ടു് നമ്മിൽ കുന്നുകൂടിയിട്ടുള്ളതും, സാമൂഹ്യവിരുദ്ധവും നശീകരണാത്മകവുമായ പ്രവത്തനങ്ങളിൽ പൊട്ടിത്തെറിക്കാവുന്നവയുമായ ക്ഷോഭങ്ങൾ സ്പർശിതമാവുകയും, നാടകീയപ്രകോപനത്തിന്റെ നിരുപക്രമമായ രൂപത്തിൽ വിസജ്ജിതമാവുകയും ചെയ്യുന്നു. ആധുനികമനശ്ശാസ്ത്രത്തിനു കിട്ടി

യീട്ടുള്ള അറിവിൻെറ ഒരുജ്ജ്വലമായ പൂർവ്വാസ്വാദനം അരിസ്റ്റോട്ടിൽ ഇവിടെ ചെയ്യുന്നതായി കാണാം. നാം മഞ്ഞുകട്ടകൾപോലെയാണു്: നമ്മുടെ സ്വഭാവത്തിൻെറ അഗാധതകൾ നമ്മുടെ കണ്ണിൽനിന്നുതന്നെ, നമ്മുടെ അറിവിൽനിന്നുതന്നെ, മറഞ്ഞിരിക്കുന്നു. പക്ഷേ, ഈ അഗാധതകളിൽ തീവ്രമായ, കുററകരമായ ഉത്തേജനങ്ങൾ എല്ലായ്പോഴും ഉണർന്നിരിക്കുന്നുണ്ടു്. ഒരു ജനക്കൂട്ടം അക്രമാസക്തമാവുമ്പോൾ, സാധാരണഗതിയിൽ സൽസ്വഭാവികളായ പൗരന്മാർ ഞെട്ടിപ്പിക്കുന്ന കുററങ്ങൾ ചെയ്യുന്നതിൽ മുഴുകുന്നതായി നാം കാണുന്നുണ്ടു്. അമർത്തപ്പെട്ട ഉത്തേജനങ്ങൾ ഉപരിതലത്തിലേയ്ക്കുയർന്നു്, പെരുമാററത്തിൻെറ നിയന്ത്രണം ഏറെറടുക്കുകയും അങ്ങനെ ക്ഷോഭങ്ങളുടെ ഒരു ബഹിർഗ്ഗമനം കൈവരുത്തുകയും ചെയ്യുന്നതുകൊണ്ടാണു് ഇതു സംഭവിക്കുന്നതു്. സാമൂഹ്യജീവിതത്തിൻെറ വ്യവസ്ഥാപിതത്വം സാധാരണ ഇതു സമ്മതിക്കുകയില്ല. സൂക്ഷ്മമെങ്കിലും ശക്തമായ ക്ഷോഭങ്ങളെ മോചിപ്പിക്കുന്നതിനു ക്ഷോഭങ്ങളുടെ ഒരു ബഹിർഗ്ഗമനം ആവശ്യമാണു്. കലയിൽ ഈ ബഹിർഗ്ഗമനരീതി സാമൂഹ്യമായി നിരുപദ്രവകരമായിത്തീരുന്നു, ഒട്ടുംതന്നെ നാശകാരിയാവുന്നില്ല. സ്വയം അക്രമത്തിൽ വ്യാപൃതനാവുന്നതിനു പകരം, രംഗത്തു പ്രതിനിധീകൃതമായ അക്രമംകൊണ്ടു്, കാണികൾക്കു ക്ഷോഭനിർഗ്ഗമനമുണ്ടാകുന്നു. എന്നാൽ ഈമാതിരിയുള്ള അനുഭവം അവശ്യം ഒരു ശുദ്ധീകരണമാവണമെന്നില്ല. അക്രമത്തിനുള്ള ഒരു വാസനയെ വളർത്തുന്നുവെന്നു പറഞ്ഞു കുററവാളികളേയും അക്രമികളേയുംകുറിച്ചുള്ള നമ്മുടെ കാലത്തെതന്നെ സിനിമാചിത്രങ്ങളെ വിമർശിക്കാറുണ്ടു്. അക്രമത്തിലും കഷ്ടപ്പാടിലും കാണികൾക്കു സയുക്തികമായ ഒരർത്ഥം കാണാൻ കഴിയുമെങ്കിൽ മാത്രമേ ശുദ്ധീകരണം സാധിക്കുകയുള്ളു. അതുകൊണ്ടു്, ദുരന്തമായ കഥകൾ സശ്രദ്ധം തെരഞ്ഞെടുക്കണമെന്നു് അരിസ്റ്റോട്ടിൽ ഊന്നിപ്പറയുന്നു. കേവലം അക്രമവും യാതനയും അല്ല മാനദണ്ഡങ്ങൾ. അക്രമം സ്വഭാവത്തിലുള്ള ഒരു തെററിൽനിന്നു പൊട്ടിപ്പുറപ്പെടണം. യാതന ഈ തെററിനുള്ള ഒരു ശിക്ഷയായിട്ടുവേണം വെളിപ്പെടാൻ. മാത്രമല്ല, അതിനു സ്വഭാവത്തിന്മേൽ ശുദ്ധീകരണക്ഷമമായ ഒരു

ഫലവും വേണം; അല്ലെങ്കിൽ, ചുരുങ്ങിയതു്, അപരാധത്തിനുള്ള ശിക്ഷയായി ഒരു സാധൂകരണമെങ്കിലും വേണം അതിനു്. ഈ വിധത്തിൽ മാത്രമേ, ഇങ്ങനെയുള്ള ഭയാനകമായ അനുഭവത്തിൽ, ഒരർത്ഥത്തിനു സുവ്യക്തരൂപംപൂണ്ടു് ഉയരുവാൻ കഴിയുകയുള്ളു. ഒരർത്ഥം മനസ്സിലാക്കാൻ കഴിഞ്ഞാൽ മാത്രമേ, ചിരിക്കും സന്തോഷത്തിനും ഉള്ളതുപോലെതന്നെ മഹത്തായ ഒരു ധർമ്മം, മനുഷ്യന്റെ ജീവിതത്തിലും വിധിയിലും, കണ്ണീരിനും കഷ്ടപ്പാടിനുമുണ്ടെന്ന സത്യം മനസ്സിനും ഹൃദയത്തിനും അംഗീകരിക്കാൻ കഴിയുകയുള്ളു.

## അദ്ധ്യായം അഞ്ച്

# നാടകം: എസ്കിലസ്

മതപരമായ ആചാരങ്ങളിൽനിന്നുമാണ് ഗ്രീക്കുനാടകത്തിൻെറ ഉത്ഭവം. 'ട്രാജഡി' എന്ന ഇംഗ്ലീഷ്‌വാക്കിൻെറ വ്യൽപത്തി ഗ്രീക്കുഭാഷയിൽനിന്നുമാണു്. 'മേഷഗാനം' എന്നാണതിൻെറ മൂലാർത്ഥം. ഈ ബന്ധത്തെക്കുറിച്ചു മനസ്സിലാക്കാൻ പുരാണങ്ങളുടെ ഉത്ഭവത്തിലേക്കു നാം ആഴ്ന്നിറങ്ങേണ്ടിയിരിക്കുന്നു.

ഉയൎന്ന പൎവ്വതങ്ങളുടെ സാനുക്കളിൽ, ശുഭ്രാന്തരീക്ഷത്തിൽ, പാറകളിൽനിന്നു പാറകളിലേക്കു്, അടിപിഴയ്ക്കാതെ, നിഷ്പ്രയാസം ചാടിച്ചാടി നടക്കുന്ന 'അർക്കേഡിയൻ'പൎവ്വതമേഷങ്ങൾ, യുക്തിയുടെ നിയന്ത്രണത്തിനു വിധേയമാകാത്ത, സ്വതന്ത്രമായ ജന്മവാസനകളോടും പ്രേരണാശക്തികളോടുംകൂടി പ്രകൃതിയോടിണങ്ങിച്ചേൎന്ന, ഒരു അനിയന്ത്രിതജീവിതത്തിൻെറ പ്രതിരൂപമായി നരമേഷങ്ങളെ സങ്കല്പിക്കാൻ യവനഭാവനയെ പ്രേരിപ്പിച്ചിട്ടുണ്ടാകാം. അർക്കേഡിയൻ അജപാലന്മാരുടെ ദൈവമായ 'പാൻ'ൻെറ അനുയായികളത്രെ നരമേഷങ്ങൾ. ഡയോണൈസസ് ബാക്കസിന്റെ മൂൎത്തിയിൽ, 'പാൻ' പിന്നീടു വിലയിക്കയാണുണ്ടായതു്. ഫലപുഷ്ടിക്കുവേണ്ടിയുള്ള ആരാധനാസമ്പ്രദായത്തിൽനിന്നുൽഭൂതനായ ബാക്കസ്, സസ്യങ്ങളുടെ ദേവതയാണു്, ദ്രാക്ഷാരസത്തിൻെറ ദേവതയാണു്. കാലികസസ്യങ്ങളെപ്പോലെ അദ്ദേഹം മരിക്കയും പുനർജീവിക്കയും ചെയ്യുന്നു. പരിണാമപരമായ ഉത്ഭവത്തിൽ മാത്രമല്ല, നിത്യജീവിതത്തിൻെറ ചരിത്രത്തിലും ചിന്തയേക്കാൾ പ്രഥമഗണനാ ജീവിതത്തിനാണു്. വമ്പിച്ച വൈഷമ്യങ്ങളുടെ മുന്നിലും ജീവോന്മേഷം നിലനില്ക്കുന്നു. തങ്ങളുടെ അവസ്ഥ ആശയററതാണെന്നു യുക്തിബോധം തെളിയിക്കുമ്പോഴും മനുഷ്യർ സ്വന്തം ജീവിതത്തിനു വിരാമമിടുന്നില്ല. ജീവിക്കണമെന്ന നിശ്ചയം, സാരവത്തായ

ഉന്മേഷങ്ങൾ, വളരെ കുറഞ്ഞിരിക്കുമ്പോൾ, യുക്തിബോധത്തിന്നു തീവ്രമായ ജീവിതാനുഭവങ്ങൾ പ്രദാനംചെയ്യാൻ കഴിയുന്നുമില്ല. അങ്ങനെ, യുക്തിക്കുപരിയായും താഴെയായും ഉള്ള ഹർഷോന്മാദത്തിൻെറ ദൈവമായിത്തീൎന്നു ഡയോണൈസസ്. ഥെസ്സലിയിലെ വനങ്ങളിലൂടെ തകൎത്തു പാഞ്ഞുപോകുന്ന വന്യശക്തികളുടെ പ്രതിരൂപങ്ങളായ നരാശ്വങ്ങൾ, നരമേഷങ്ങളോടൊപ്പം ദൈവത്തിൻെറ സേവകവൃന്ദങ്ങളായി.

ഡയോണൈസസിൻെറ ഉത്സവക്കാലത്തു ദൈവത്തിന്റെ അത്ഭുതകൃത്യങ്ങൾ പ്രതിപാദിക്കുന്ന ദീൎഘകവിതകൾ, അദ്ദേഹത്തിൻെറ ബലിപീഠത്തിൻെറ അഥവാ വിഗ്രഹത്തിൻെറ മുന്നിൽ ഒരു ഗായകസംഘം ആലപിച്ചിരുന്നു. ആരാധനാപരമായ ഈ ആലാപനത്തിൽ, ഗായകന്മാർ ദൈവത്തിൻെറ സേവകന്മാരായ നരമേഷങ്ങളുടെ വേഷമാണു ധരിച്ചിരുന്നതു്. അങ്ങനെയാണു് ഈ ചടങ്ങു മേഷഗാനമെന്നു വിളിക്കപ്പെട്ടതു്. ഗാനരചയിതാവായ കവി ആദ്യം പാടുകയും, ഗായകസംഘം അദ്ദേഹത്തെ തുടൎന്നു പാടുകയും ചെയ്തുവന്നു. ക്രമേണ ഈ ഗാനാലാപനം ആംഗ്യങ്ങളോടും നടനങ്ങളോടും കൂടിയായി. തുള്ളൽക്കാരനെപ്പോലെ, കവി ഒരു ഗായകനടനായിത്തീൎന്നു. ഗായകസംഘവും രണ്ടായി തിരിഞ്ഞു; ഓരോന്നിനും ഓരോ ഗായകനുമുണ്ടായി. പൗരാണികനാടകരൂപത്തിൽ ഇങ്ങനെ മൂന്നു നടന്മാരുണ്ടായി—കവിയും, ഇരുസംഘത്തിന്റെയും നായകന്മാരും. മൂന്നു നടന്മാരുംതമ്മിൽ സംഭാഷണവും പ്രവേശനതിരോധാനങ്ങളുമുണ്ടായി. നാടകീയമായ എതിൎപ്പും സംഘട്ടനവും ഉളവാകുകയും ചെയ്തു. വേഷങ്ങൾ മാറാൻ കഴിവുള്ളതുകൊണ്ടു മൂന്നു നടന്മാൎക്കും മൂന്നിലധികം കഥാപാത്രങ്ങളുടെ ഭാഗമെടുക്കാൻ കഴിയുമായിരുന്നു. എന്നാൽ നാടകവേദിയിൽ, സന്ദേശവാഹകർ ഭടന്മാർ തുടങ്ങിയ നിസ്സാര കഥാപാത്രങ്ങളൊഴിച്ചാൽ, ഒരേസമയം മൂന്നു പ്രധാന കഥാപാത്രങ്ങളിലധികം ഉണ്ടായിരിക്കരുതെന്നു മാത്രം. ആദ്യമൊക്കെ നാടകത്തിൻെറ ഇതിവൃത്തം, ദൈവത്തിൻെറ സാഹസികകൃത്യങ്ങൾ, മരണം, പുനൎജ്ജന്മം എന്നിവയായിരുന്നു. ക്രമേണ, ഗ്രീക്കുപുരാണത്തിലെ ഏതെങ്കിലുമൊരു വീരപുരുഷ

KOTTAYAM PUBLIC LIBRARY

ൻെറ യാതനകളെയും മരണത്തെയും കുറിച്ചു് എഴുതുവാൻ കവികൾക്കനുവാദം ലഭിച്ചു. എന്നാൽ അന്ത്യത്തിൽ ഡയോണൈസസിനെക്കുറിച്ചുള്ള ഒരു നാടകത്തോടെയാണതു സമാപിക്കുവാൻ. ദിവസം മുഴുവൻ നീണ്ടുനില്ക്കുന്ന നാടകാഭിനയത്തിനിടയ്ക്കു മൂന്നുപ്രാവശ്യം വേഷംമാററാൻ നടന്മാക്കു സമയം കിട്ടിയിരുന്നതുകൊണ്ടു്, ഓരോ നാടകപരമ്പരയിലും മൂന്നു ദുരന്തനാടകങ്ങളും ഒരു ഡയോണീസിയൻ നാടകവും ഉൾക്കൊണ്ടിരുന്നു. പിന്നീടു് അന്ത്യഭാഗം ഇല്ലാതായി; നാടകകൃത്തുക്കൾ ത്രയകങ്ങൾക്കു പകരം ഒററ നാടകങ്ങൾ എഴുതുവാനമാരംഭിച്ചു.

ഗായകസംഘമെന്ന ഈ അനുപമസവിശേഷത, ഗ്രീക്കു നാടകത്തിൻെറ ആരാധനാപരമായ ആരംഭത്തെ നാം മനസ്സിലാക്കുന്നതുവരെ, ഒരു പ്രശ്നമാണു്. ഇതു് നാടകത്തിൻെറ രൂപത്തേയും സമ്പ്രദായത്തേയും വളരെയധികം സ്വാധീനിച്ചിട്ടുണ്ടു്. നാടകത്തിലെ അഭിനയം, ആദ്യം മുതൽ അവസാനം വരെ, ഗായകസംഘത്തിൻെറ സാന്നിദ്ധ്യത്തിൽ, എല്ലായ്പോഴും ഒരുപോലെ ഒരേ സ്ഥലത്തു നിലകൊള്ളുന്ന ഒരുസംഘം സാക്ഷികളുടെ മുമ്പാകെ, നടത്തേണ്ടതുകൊണ്ടു്, അതിൻെറ രംഗം ഒന്നുമാത്രമായിരിക്കയും സമയം ഒരു ദിവസം മുഴുവനുമായിരിക്കയും ചെയ്യുന്നു. പക്ഷേ, പതിനേഴാം ശതകത്തിലെ യൂറോപ്പിലെ നിയോക്ലാസിസിസ്റ്റുകളവകാശപ്പെട്ടുന്നതുപോലെ, സ്ഥലകാല ഐക്യങ്ങൾ കർശനനിബന്ധനകളായിരുന്നില്ലെന്നു് ഓക്കേണ്ടതുണ്ടു്. എസ്കിലസ് തൻെറ നിരവധി നാടകങ്ങളിൽ ഈ ഐക്യങ്ങളെ അവഗണിച്ചിരിക്കുന്നു. ഗായകസംഘമെന്ന അനിയന്ത്രിതപാരമ്പര്യത്തിൽ നിന്നും, അനുപമമായ നാടകീയസാദ്ധ്യതകളെ ഗ്രീക്കു പ്രതിഭ എങ്ങനെ വാർത്തെടുത്തു എന്നതു്, നാം മഹാന്മാരായ നാടകകൃത്തുക്കളെക്കുറിച്ചു പഠനം നടത്തുന്ന അവസരത്തിൽ വെളിപ്പെടും.

വിശറിയുടെ രൂപത്തിൽ, അർദ്ധവൃത്താകൃതിയിൽ, വരിവരിയായി ഇട്ടിട്ടുള്ള പതിനയ്യായിരം പീഠങ്ങളോടുകൂടിയ തുറസ്സായ നാടകശാലകളിലാണു് ഈ നാടകങ്ങൾ അരങ്ങേറിയിരുന്നതു്. ചായംതേച്ച പശ്ചാത്തലസംവിധാനങ്ങളും, ദേവ

ന്മാക്കു പെട്ടെന്നു് ഇറങ്ങിവരുവാൻ വേണ്ടി വലിയ തൊട്ടിൽ പോലുള്ള ഒരു ഏപ്പാട്ടും ഉപയോഗിച്ചിരുന്നു. വിപുലമായ പ്രേക്ഷകസമൂഹത്തിൽ ഏറ്ററവും പിന്നിലുള്ളവക്കുകൂടിയും കാണുകയും കേൾക്കുകയും ചെയ്യത്തക്കവിധത്തിൽ, നടന്മാർ അവരുടെ ഉയരം വർദ്ധിപ്പിക്കാൻ ഉയന്ന ശിരോവേഷണങ്ങളും കട്ടിയേറിയ അടിഭാഗത്തോടുകൂടിയ പാദരക്ഷകളും, ശബ്ദമുണ്ടാക്കുന്ന പിത്തളജിഹ്വകളോടുകൂടിയ മുഖാവരണങ്ങളും ഉപയോഗിച്ചിരുന്നു. നടന്മാക്കു് അത്യുന്നതമായ ഒരു സ്ഥാനമാണുണ്ടായിരുന്നതു്. സൈനികസേവനത്തിൽനിന്നും അവർ ഒഴിവാക്കപ്പെട്ടിരുന്നു; യുദ്ധകാലത്തു സേനാനിരകളിൽക്കൂടി സുരക്ഷിതരായി കടന്നുപോകാൻ അവരെ അനുവദിക്കയും ചെയ്തിരുന്നു. തിരഞ്ഞെടുക്കപ്പെട്ട പൗരന്മാരടങ്ങിയതാണു് ഗായകസംഘം. എന്നാൽ, പിന്നീടു് ഈ നാടകങ്ങളിലെ സംഗീതം സങ്കീർണ്ണമായിത്തീന്നപ്പോൾ അഭ്യസിച്ച ഗായകന്മാർ അവരുടെ സ്ഥാനം കരസ്ഥമാക്കി. ചരിത്രത്തിൽ മറ്റെന്നെത്തേക്കാളും കൂടുതലായി, ഗ്രീസിലെ നാടകം, മുഴുവൻ സമൂഹവും പങ്കുകൊണ്ടിരുന്ന ഒരു കലയായിരുന്നു. ഡയോണൈസസിൻെറ ഉത്സവവേളയിൽ നാടകങ്ങൾ അഭിനയിക്കപ്പെട്ടു. മത്സരം മുഖേനയാണു നാടകങ്ങൾ തിരഞ്ഞെടുക്കപ്പെട്ടിരുന്നതു്. ഗായകരുടെയും നത്തകരുടെയും പരിശീലനത്തിനുള്ള ചെലവുകളും അവതരണത്തിനുള്ള ചെലവുകളും വഹിക്കുവാനുള്ള അവകാശത്തിനുവേണ്ടി സമ്പന്നരായ പൗരന്മാർ മത്സരിച്ചിരുന്നു. അതിനാവശ്യമുണ്ടായിരുന്ന പൗരന്മാക്കെല്ലാം സക്കാരിൽനിന്നും പ്രവേശനവേതനം ലഭിച്ചിരുന്നു.

മേഷസ്ഥാനത്തിൻെറ ഈ ഉയർച്ചയ്ക്കു പല കാരണങ്ങളുമുണ്ടായിരുന്നു. പുരാണകവിതകളുടെ പരസ്യമായ പാരായണം ആവേശജനകമല്ലാതായിക്കഴിഞ്ഞിരുന്നു; ചിരപരിചയമായിരുന്നു അതിനു കാരണം. പാരസീകക്കെതിരായ വിജയം, സൃഷ്ടിപരമായ പരിശ്രമത്തിനു യോജിച്ച ഒരു ആവേശമുളവാക്കി. ആരാധനാപരമായ ഉത്ഭവം ഗ്രീക്കു ദുരന്തനാടകത്തിനു് ഒരു ഗൗരവസ്വഭാവം നൽകി. ആധുനികനാടകം, പ്രധാനമായും, ഒരു സ്വഭാവപഠനമോ മനുഷ്യൻെറ ആത്മ

സംഘട്ടനത്തെക്കുറിച്ചുള്ള പഠനമോ ആണു്. എലിസബത്തൻ നാടകം, പ്രധാനമായും ഒരു സംഭവത്തെക്കുറിച്ചോ മനുഷ്യനും മനുഷ്യനും തമ്മിലുള്ള സംഘട്ടനത്തെക്കുറിച്ചോ ഉള്ള പഠനമത്രെ. ഗ്രീക്കുനാടകമാകട്ടെ, മനുഷ്യനു ദൈവങ്ങളോടും, വിധിയോടും, ഇരുണ്ട അവ്യക്തമായ വിധിയുടെ യഥാൎത്ഥമായ അൎത്ഥത്തോടും ഉള്ള ബന്ധത്തെക്കുറിച്ചുള്ള പഠനമാണു്. ആരോഗ്യപരമല്ലാത്ത ഒരു ലോകവീക്ഷണഗതി ഉൾക്കൊള്ളുവാൻ ഇടയുണ്ടായിരുന്നതിനാൽ സംസ്കൃതനാടകം ദുരന്തകൃതികളെ ഒഴിച്ചുനിൎത്തി. ഗ്രീക്കുനാടകത്തെ സംബന്ധിച്ചിടത്തോളവും ഇതേവിധത്തിൽ ചില നിൎബ്ബന്ധങ്ങളുണ്ടായിരുന്നു. ദൈവാരാധനാപരമായ അതിൻെറ ഉത്ഭവത്തെ ഒരിക്കലും മറക്കുവാൻ കഴിയുമായിരുന്നില്ല. ഡയേണൈസസിൻെറ പ്രതിമ നാടകശാലയിൽ കൊണ്ടുവരികയും വേദികയിൽ പ്രതിഷ്ഠിക്കയും ചെയ്തിരുന്നു. രൂപാന്തരപ്പെട്ടെങ്കിലും നാടകം ആരാധന തന്നെയായിരുന്നു. ദൈവദൂഷണം അദ്ദേഹത്തിൻെറ സാന്നിദ്ധ്യത്തിൽ ആപല്ക്കരമായിരുന്നു. യാതനകളെക്കുറിച്ചുള്ള തീവ്രമായ കാവ്യാനുഭവങ്ങളും, ജീവിതാനുഭവങ്ങൾ എത്രതന്നെ കൎക്കശമായാലും അതിനൊരു അൎത്ഥമുണ്ടെന്ന മതപരവിശ്വാസവും തമ്മിലുള്ള സംഘർഷം ഗ്രീക്കുനാടകത്തെ, മറെറാരു കാലഘട്ടത്താലും പിൻതള്ളപ്പെട്ടിട്ടില്ലാത്ത ഔന്നത്യത്തിലേക്കു് ഉയൎത്തി.

## എസ്കിലസ്

തൻെറ ശവകുടീരത്തിൽ ആരചിക്കപ്പെട്ടുവാനായി എസ്കിലസ് (ക്രി. മു. 525—456) എഴുതിയ സ്മാരകക്കുറിപ്പു്, അദ്ദേഹത്തെക്കുറിച്ചു വളരെയധികം കാൎയ്യങ്ങൾ വെളിപ്പെടുത്തുന്നുണ്ടു്. ലോകത്തിലെ ഏററവും മഹാന്മാരായ നാടകകൃത്തുക്കളിൽ ഒരാളായിരുന്ന അദ്ദേഹം, തൻെറ നാടകങ്ങളെക്കുറിച്ചു്, അതിൽ യാതൊരു പരാമർശവും നടത്തുന്നില്ല. മരഥോണിലെയും, സലാമിസിലെയും യുദ്ധങ്ങളിൽ താൻ തൻെറ രാജ്യത്തിനുവേണ്ടി പൊരുതിയെന്ന വസ്തുത മാത്രമേ വെളിപ്പെടുത്തുന്നുള്ളു. "ഈ ശിലക്കടിയിൽ എസ്കിലസ് ശയിക്കുന്നു. മരഥോണിലെ അദ്ദേഹത്തിൻെറ ശവകുടീരം,

അദ്ദേഹത്തിൻെറ സമരവീര്യത്തിനും, അതു ബോദ്ധ്യമായ നീണ്ട തലമുടിക്കാരനായ പാരസീകനും സാക്ഷ്യം വഹിക്കും.''

അദ്ദേഹം എഴുപതിനും തൊണ്ണൂറിനും മദ്ധ്യേ നാടകങ്ങൾ എഴുതിയിട്ടുണ്ടെന്നാണ് കേൾവി. അവയിൽ ഏഴെണ്ണം മാത്രമേ അവശേഷിച്ചുള്ളൂ. 'ശരണാർത്ഥിസ്ത്രീകൾ' എന്ന നാടകം, ഗായകസംഘത്തിനു പ്രാധാന്യം നൽകുന്ന പൗരാണികമാതൃകയിലുള്ളതാണ്. 'പാരസീകവനിതകളും' ഇതിവൃത്തരഹിതമായ ഒരു നാടകമാണ്. പാരസീകരായ അക്രമകാരികളുടെമേൽ സലാമിസ് യുദ്ധത്തിലെ പരാജയം ചൊരിഞ്ഞ വിഷാദത്തെക്കുറിച്ചതു പ്രതിപാദിക്കുന്നു. ദാരുണമായ വിധിയെക്കുറിച്ച്, നിർദ്ദയമായ ദുരന്തത്തെക്കുറിച്ച്, ഒരു ബോധം ജനിപ്പിക്കുവാനുള്ള നാടകകൃത്തിൻെറ കഴിവിൻെറ സൂചന ഇതിലുണ്ട്. 'ഥീബ്സിനെതിരേ ഏഴ്' എന്ന നാടകവും ഘടനയിൽ ദുർബലമായ ഒന്നാണ്. അതിൻെറ ഇതിവൃത്തം സോഫോക്ലീസിൽ പുനരാവർത്തിക്കപ്പെട്ടുവെന്നുള്ളതുകൊണ്ട്, അതിൻെറ ഒരു ഏകദേശരൂപം ഇവിടെ നൽകാം. എഡിപ്പസിൻെറയും ജൊക്കാസ്റ്റായുടെയും പുത്രനായ പോളിനൈക്കസ്, ഥീബ്സ്‌രാജ്യത്തിൽ തനിക്കുള്ള അവകാശം തൻെറ സഹോദരൻ എററിയോക്ലിസ് നഷ്ടപ്പെടുത്തിയതിനെ തുടൎന്നു തൻെറ ഭാൎയ്യാപിതാവിൻേറയും മററു് അഞ്ചു രാജാക്കന്മാരുടേയും സഹായത്തോടെ രാജ്യത്തെ നശിപ്പിക്കാൻ മുതിരുന്നു. തുടൎന്നുണ്ടാകുന്ന യുദ്ധത്തിൽ, സഹോദരന്മാർ പരസ്പരം കൊലപ്പെടുത്തുന്നു. ഒരു രാജ്യദ്രോഹിക്കർഹമായനിലയിൽ, പോളിനൈക്കസിൻെറ മൃതദേഹം സംസ്കരിക്കപ്പെടരുതെന്നു് ഥീബൻപ്രഭുസഭാംഗങ്ങൾ തീരുമാനിക്കുന്നു. ഗ്രീക്കുകാരുടെ വിശ്വാസമനുസരിച്ച്, സംസ്കരിക്കപ്പെടാത്ത ഒരുവൻെറ ആത്മാവിനു് ഒരിക്കലും ശാന്തി ലഭിക്കുകയില്ല. അതുകൊണ്ടു മരിച്ച രാജകുമാരന്മാരുടെ സഹോദരിയായ അൻറിഗണി, ഈ ആജ്ഞയെ ധിക്കരിക്കയും നിർഭാഗ്യവാനായ സഹോദരൻെറ അന്ത്യകൎമ്മങ്ങളാചരിക്കയും ചെയ്യുന്നു. ഇവിടത്തെ സംഘട്ടനം, കുററങ്ങൾക്കു ശിക്ഷനൽകാനുള്ള യാഥാസ്ഥിതികനിയമവും, മാപ്പുനൽകുവാൻ—പ്രത്യേകിച്ചും മര

ണത്തോടുകൂടി—ഉള്ള അതിലും ഉന്നതമായ ഒരു ധാർമ്മികപ്രവണതയും തമ്മിലുള്ളതാണ്. എസ്കിലസ് ഈ സംഘട്ടനത്തെ പരമാവധി അപഗ്രഥിക്കുന്നില്ല. അന്റിഗണിയോട് അദ്ദേഹത്തിനനുഭാവമുണ്ടെങ്കിലും സാമൂഹ്യനീതിക്കെതിരായി ഉയരുന്ന വികാരത്തിനു വമ്പിച്ച നാശങ്ങളുണ്ടാക്കാൻ കഴിയുമെന്നും "വിപ്ലവപ്രളയത്തിന്റെ അപ്രതിരോധ്യപ്രവാഹം രാജാക്കന്മാരേയും പ്രജകളേയും, പട്ടണങ്ങളേയും രാജ്യങ്ങളേയും അടിച്ചൊഴുക്കിക്കൊണ്ടുപോകുമെന്നും" അദ്ദേഹം ആശങ്കിക്കുന്നു.

'ബന്ധനസ്ഥനായ പ്രൊമിത്യൂസ്'' ആണ് എസ്കിലസിന്റെ മഹത്വം പൂർണ്ണമായും വെളിപ്പെട്ടുതുടങ്ങിയ ആദ്യത്തെ നാടകം. ദേവന്മാരുടെ പുതിയ രാജാവായ സ്യൂസ്, മനുഷ്യരെ വെറുത്തിരുന്നു. ഒരു പുതിയ വർഗ്ഗത്തെ സൃഷ്ടിക്കാൻവേണ്ടി, അവരെ നശിപ്പിക്കാനുമാഗ്രഹിച്ചിരുന്നു. പക്ഷേ, ദേവന്മാരിലൊരാളായ പ്രൊമിത്യൂസ്, സ്വർഗ്ഗത്തിൽനിന്നും അഗ്നിയെ മോഷ്ടിച്ച് മനുഷ്യവർഗ്ഗത്തിനു നല്കുകയും, അവർക്കു മററു പല കലകളുടെയും രഹസ്യം പഠിപ്പിച്ചുകൊടുക്കുകയും ചെയ്തു. ഇതിന് അദ്ദേഹത്തെ ഒരു പർവ്വതത്തോടു ബന്ധിപ്പിച്ച്, സ്യൂസ് ദണ്ഡിച്ചു.

ആദ്യംമുതല്ക്കുതന്നെ നമ്മുടെ അനുഭാവം പ്രൊമിത്യൂസിനുവേണ്ടി നേടിയെടുക്കുന്നു. അദ്ദേഹത്തെ ബന്ധിക്കാനായി വന്ന, സ്യൂസിന്റെ ഭൃത്യൻ ഹെഫേസ്റ്റസ്പോലും അദ്ദേഹത്തോടൊപ്പം, കാട്ടുപാറയുടെ ഏകാന്തത അനുഭവിക്കുന്നു. അവിടെ, എല്ലാ കൊടുങ്കാററും ഉഗ്രമായ സൂര്യാതപവുമേററ്, പ്രൊമിത്യൂസ് ബന്ധിക്കപ്പെട്ടുകിടക്കുന്നു. "രത്നഖചിതമായ കൃഷ്ണകഞ്ചുകംകൊണ്ട് ഉഗ്രമായ സൂര്യാതപത്തിന്നു മറപിടിക്കുന്ന പ്രശാന്തനും കൃതജ്ഞനുമായ സായാഹ്നത്തിന്റെയും, വെണ്മയേറുന്ന ഭൂമിയിൽ ഹിമം നിശ്വസിക്കുന്ന രാത്രിയുടെയും" ആഗമനത്തെക്കുറിച്ചുള്ള ചിന്തയോടെ അദ്ദേഹം സമാശ്വസിപ്പിക്കപ്പെടുന്നു. ഒററയ്ക്കായിത്തീർന്ന പ്രൊമിത്യൂസ് ഇങ്ങനെ വിലപിക്കുന്നു:

"ദിവ്യമാമാകാശമേ, വിദ്രുതം ചരിക്കുന്ന
ഭവ്യനാം ജഗത്പ്രാണാ, വാഹിനീപ്രവാഹമേ,

സവ്വദാപൊട്ടിച്ചിരിച്ചാത്ത്ത്തു ചാഞ്ചാടിത്തുള്ളി
ഗവ്വമാർന്നൊഴം സപ്തസാഗരഭംഗങ്ങളേ
വിശ്വമാതാവേ! ധാത്രി! സവ്വസാക്ഷിത്വം പൂണ്ട
വിശ്വചക്ഷുസ്സേ! നിങ്ങളാഹന്തകാണുന്നില്ലേ
ദേവന്മാർ വരുത്തിയ ദുരന്തമൊന്നാകവേ
ദേവനാമീഞാൻതന്നെയേകനായ് സഹിപ്പതും?''

(പരിഭാഷ—ഡോ: എസ്. കെ. നായർ)

സാഗരകന്യകകളുടെ ഗായകസംഘം അദ്ദേഹത്തെ സമാശ്വസിപ്പിക്കുന്നു. നാടകത്തിലുടനീളം, ഗായകസംഘം യാഥാസ്ഥിതികത്വത്തോടെയും സ്യൂസിനോടുള്ള അവരുടെ ഭയാദരങ്ങളിൽ അചഞ്ചലരായും വർത്തിക്കുന്നു. പക്ഷേ, മഹാമനസ്കനായ പ്രൊമിത്യസിൻെറ യാതനകൾ അവരുടെ അനുകമ്പയേയും സ്നേഹത്തേയും ഉണർത്തി. അവരുടെ വിലാപങ്ങൾ എസ്കിലസിൻെറ കാവ്യവൈദഗ്ധ്യത്തിൻെറ സമുന്നതമായ നേട്ടങ്ങളാണ്. ''സാഗരതരംഗങ്ങളിൽനിന്നും, അവ ഒന്നിച്ചു നിപതിക്കുമ്പോൾ ഒരു രോദനമുയരുന്നു; അഗാധതയിൽനിന്നും ഒരു ഞരക്കവും. മരണാനന്തരലോകത്തിൻെറ പാതാളഗർത്തങ്ങളിൽനിന്നും ഒരു വിലാപമുയരുന്നു; പുണ്യനദികളുടെ ഉറവുകൾ അനുകമ്പാവ്യഥയോടെ ഏങ്ങിക്കരയുന്നു.'' ചിലപ്പോൾ അവരുടെ സ്വരം കൂടുതൽ വ്യക്തിഗതവും മൃദുലവുമാണ്. മനുഷ്യവർഗ്ഗത്തിൽ വിശ്വാസമപ്പിച്ചതിനു് അവർ വ്യസനപൂവ്വം ദേവനെ കുററപ്പെടുത്തുന്നു. ''നാഥാ, അങ്ങയുടെ ആത്മത്യാഗം ആശാരഹിതമായ ഒന്നാണ്. പറയൂ, എന്തു സഹായമാണുണ്ടാകുക? എവിടെനിന്നു്? കുറച്ചു ദിവസങ്ങൾക്കുള്ളിൽ അന്തരിച്ചുപോകേണ്ട ക്ഷുദ്രജീവികളിൽനിന്നു് എന്തു സാഹായ്യമാണുണ്ടാകുക? അന്ധമായ മനുഷ്യവർഗ്ഗം, ബന്ധിക്കപ്പെട്ടുകിടക്കുന്ന, നിസ്സാരമായ, ദുർബലമായ, സ്വപ്നതുല്യമായ അതിൻെറ വിധിയെ അങ്ങു കാണുന്നില്ലേ? സ്യൂസിൻെറ മഹത്തായ നിവ്വഹണത്തെ, മനുഷ്യരുടെ പിൻതാങ്ങുകൊണ്ടു് അതിക്രമിക്കാനാവില്ല.''

സാഗരദേവൻ രംഗത്തുവന്നു്, സ്യൂസുമായി മദ്ധ്യസ്ഥത പറയാമെന്നു സമ്മതിക്കുന്നുണ്ടെങ്കിലും അതു് നിരസിക്കപ്പെടുന്നു. അദ്ദേഹം മടങ്ങുമ്പോൾ ഗായകസംഘം വിലാപഗീത

മാലപിക്കുന്നു. അതു് പ്രൊമിത്യൂസിനെ സ്വപക്ഷം സാധൂകരിക്കാൻ പ്രേരിപ്പിക്കുന്നു. "കുമാരികളേ, അഹംഭാവംകൊണ്ടല്ല ഞാൻ ഈ അനുരഞ്ജനം നിരസിച്ചതു്." അതിനെ തുടന്നു്, താൻ മനുഷ്യവർഗ്ഗത്തിനു നല്കിയ സഹായങ്ങൾ വിവരിച്ചുകൊണ്ടു് പ്രൊമിത്യൂസ് ഒരു പ്രഭാഷണം നടത്തുന്നു. ആദ്യകാലത്തു്, സൂര്യരശ്മികൾ കടക്കാത്ത ഗുഹയിൽ, അന്ധകാരത്തിൽ, ഭൂമി എങ്ങനെ ഉഴണമെന്നു നിശ്ചയമില്ലാതെ ഒരു നായാടിയായി മനുഷ്യൻ കഴിഞ്ഞിരുന്നപ്പോൾ, "അസൂചിതമായ ഋതുക്കൾ മാറിക്കൊണ്ടിരുന്നു—തുളച്ചുകയറുന്ന ശൈത്യവും, പുഷ്പസുഗന്ധിയായ വസന്തവും, ഫലസമൃദ്ധമായ ഗ്രീഷ്മവും." അക്ഷരങ്ങളും അക്കങ്ങളും, നക്ഷത്രങ്ങളുടെ രഹസ്യവും, ഭവനങ്ങളും തിരമാലകൾക്കു മുകളിലൂടെ അതിവേഗം നീങ്ങുന്ന തോണികളും പണിയുന്ന കലയും, വൈദ്യശാസ്ത്രവും അവരെ പഠിപ്പിച്ചതദ്ദേഹമാണു്. എല്ലാവിധ ബുദ്ധിശക്തിയുടെയും, ഊർജ്ജസ്വലമാതാവായ ഓർമ്മശക്തിയെന്ന മഹത്തായ സമ്മാനം അവർക്കു നല്കിയതുമദ്ദേഹമാണു്.

ഈ നാടകം പ്രക്ഷുബ്ധമായവസാനിക്കുന്നു. സ്യൂസിനു് ആപല്ക്കരമായ ഒരു ഹതഭാഗ്യമായ വിവാഹത്തിൻെറ രഹസ്യം പ്രൊമിത്യൂസ് മനസ്സിലാക്കുന്നു. സ്യൂസിനാൽ നിയുക്തനായ ഹെർമിസ്, അദ്ദേഹത്തിൽനിന്നും ഈ രഹസ്യം അറിയുവാൻ നിഷ്ഫലശ്രമം നടത്തുന്നു. തൻെറ പരിശ്രമത്തിൽ പരാജയപ്പെടുന്ന ഹെർമിസ്, സ്യൂസിൻെറ ക്രൂരമായ പ്രതിക്രിയയെക്കുറിച്ചു പ്രൊമിത്യൂസിനു മുന്നറിയിപ്പു നൽകുന്നു. പക്ഷേ, ദേവൻ പ്രശാന്തനായി തൻെറ വിധിയെ സ്വീകരിക്കുന്നു.

ഹെർമിസ്, സാഗരകന്യകകളോടു് അവിടംവിട്ടു പോകാൻ ആവശ്യപ്പെടുന്നു—ഭീതിമൂലം അവരുടെ ഹൃദയങ്ങൾ ഗ്രസിക്കപ്പെടാതിരിക്കാൻവേണ്ടി, അവർ അതിനു വിസമ്മതിക്കുന്നു. സാഗരകുമാരികളെ രക്ഷിക്കാൻവേണ്ടി പ്രൊമിത്യൂസും സ്ഥലംവിട്ടുപോകാൻ ഉച്ചരിക്കുന്ന അഭ്യർത്ഥനയോടെ നാടകമവസാനിക്കുന്നു. അവരോടൊപ്പം ആ ദേവനേയും പാതാളഗർത്തത്തിലേക്കു നിപതിപ്പിച്ചു സംഹരിക്കുന്ന ഇടിവെട്ടിനെ അവർ നേരിടുന്നു.

കവിഹൃദയങ്ങളെ ഇന്നും ആകർഷിച്ചുകൊണ്ടുതന്നെ യിരിക്കുന്ന ഒരു ഇതിവൃത്തത്തിൻെറ—പരാജയപ്പെട്ടുത്തുന്ന പ്രതിബന്ധങ്ങൾക്കു നേരേ, വിധിക്കുനേരേ, ഉള്ള സമരത്തിൻെറ—മഹത്തായ പ്രഥമപ്രകാശനമാണ് 'ബന്ധനസ്ഥനായ പ്രൊമിത്യൂസ്.' പാരമ്പര്യമായ വിശ്വാസത്തിൻെറ നേർക്കുള്ള പ്രഥമ വിപ്ലവത്തെ, അഞ്ചാംശതകത്തിൽ ചിന്ത ഇളക്കിവിട്ടു. പരമ്പരാഗതവിശ്വാസത്തെ എതിരിട്ടതിന് മരണശിക്ഷക്കു വിധിക്കപ്പെട്ട സോക്രട്ടീസിനെ അടുത്ത തലമുറ കാണും. പ്രൊമിത്യൂസിൻെറ ഇതിവൃത്തം കൈകാര്യം ചെയ്യുന്നതിൽ, എസ്കിലസ്, പരമ്പരാഗതവിശ്വാസത്തിൻെറയോ വിപ്ലവചിന്തയുടേയോ ഏതിൻെറ ഭാഗത്താണെന്നു പറയുക വിഷമമാണ്. എന്തെന്നാൽ അവശേഷിച്ചിട്ടുള്ള നാടകം, നാടകത്രയങ്ങളിൽ ഒന്നു മാത്രമാണ്; മറ്റു രണ്ടും നമുക്കു നഷ്ടപ്പെട്ടുപോയിരിക്കയാണ്. ഗ്രീക്കു പുരാണത്തിൽ, പ്രൊമിത്യൂസ് സ്യൂസിൻെറ ദയക്കുവേണ്ടി അഭ്യർത്ഥിക്കയും അതു ലഭിക്കയും ചെയ്യുന്നുണ്ട്. എസ്കിലസ് ഈ യാഥാസ്ഥിതിക സ്ഥാനത്തേക്കു മടങ്ങിപ്പോയിട്ടുണ്ടാകാം. പക്ഷേ, അതിനു വഴിയുണ്ടെന്നു തോന്നുന്നില്ല; എന്തെന്നാൽ യാഥാസ്ഥിതികത്വത്തിനെ എതിർത്തതിന് അദ്ദേഹം അപലപിക്കപ്പെട്ടുന്നതായി കാണാം. പാരസീകർക്കെതിരായ യുദ്ധത്തിൽ അദ്ദേഹത്തോടൊപ്പം സമരംചെയ്ത സ്വസഹോദരൻ, കുററാന്വേഷണം വേണ്ടെന്നു വയ്ക്കുന്നതിനു മുമ്പായി, അഥീനിയൻ സഭയുടെ മുമ്പാകെ അദ്ദേഹത്തിൻെറ മാറു തുറന്നുകാട്ടി തങ്ങൾക്കേററിട്ടുള്ള മുറിവുകൾ അവരെ അനുസ്മരിപ്പിക്കേണ്ടിവരുന്നതായും നാം മറെറാരിടത്തുനിന്നും മനസ്സിലാക്കുന്നുണ്ട്. ഗായകസംഘത്തിന്റെ നാടകീയമായ കർത്തവ്യം ശരിയായതരത്തിലുള്ള പ്രതികരണങ്ങൾ ഉളവാക്കുകയെന്നതാണ്. ഈ നാടകത്തിലെ ഗായകസംഘമായ സാഗരകുമാരിമാരുടെ അനുഭാവം പ്രൊമിത്യൂസിനോടായിരുന്നുവെന്നു നമുക്കു കാണാൻ കഴിയും. അതേസമയംതന്നെ അവർ യാഥാസ്ഥിതികരുമത്രെ. ഒരുപക്ഷേ, നഷ്ടപ്പെട്ട നാടകങ്ങളിൽ ഒന്നിൽ എസ്കിലസ് ഇതിനൊരു പോംവഴി കണ്ടിരിക്കാം; ദീർഘവീക്ഷണത്തോടെ ഈ സംഘട്ടനത്തെ പൊരുത്തപ്പെടുത്തിയിരിക്കാം. അറിവു ഗർവിഷ്ഠ

മായിരിക്കും; യഥാൎത്ഥമായ ഉപയോഗത്തിനുതകുംമുമ്പ് യാത നമൂലം അതിനെ മയപ്പെട്ടത്തേണ്ടിയിരിക്കുന്നു. ലോകത്തെസ ഹായിക്കാനാഗ്രഹിക്കുന്നവർ പലപ്പോഴും മിത്രരഹിതരായി ത്തീരാം. വിമോചകൻ ക്രൂശിക്കപ്പെടാം. എന്നിരുന്നാലും വി ശ്വാസം കൈവെടിയാതിരിക്കാനുള്ള ധീരത അയാൾക്കത്യാ വശ്യമാണു്. ദൃഢാഗ്രഹംകൊണ്ടും കഠിനമായ പരീക്ഷണ ങ്ങൾക്കുശേഷവും, മാത്രമേ ലോകജീവിതത്തിൻെറ രഹസ്യ ക്രമങ്ങളുമായി പൊരുത്തപ്പെട്ടുപോകാൻ കഴിയൂ.

'അഗമെമ്നൺ', 'തൎപ്പണോദ്യുക്തർ', 'കൃത്യകൾ' എന്നീ മൂന്നു നാടകങ്ങൾ ഉൾക്കൊള്ളുന്ന ഒരു ത്രയകമാണു് 'ഓറസ്റ്റി യ'. ഒരുപക്ഷേ, എല്ലാക്കാലത്തും എഴുതപ്പെട്ടിട്ടുള്ളതിൽവെ ച്ച് ഏററവും ഭീമമായ നാടകം ഇതായിരിക്കണം. ഈ ഗം ഭീര കൃതിയിൽ പാപം, ദണ്ഡനം, പ്രക്ഷാളനം എന്നീ മഹ ത്തായ ധാൎമ്മികാശയങ്ങൾക്കിടയിൽ എസ്കിലസ് ചരിക്കു ന്നു. തൻെറ ഇതിവൃത്തത്തിനു് ആധാരമായി എസ്കിലസ് കൈക്കൊണ്ട ഇതിഹാസത്തെ പിന്നീട്ട സോഫോക്ലിസും, യൂറിപ്പിഡീസും ആശ്രയിച്ചിട്ടുണ്ടു്. ആവൎത്തിച്ചുള്ള വഞ്ചന യുടെയും, കൊലപാതകത്തിൻെറയും, നിഷിദ്ധ ലൈംഗിക സംസൎഗ്ഗത്തിൻെറയും, പരമനീചമായ മാനുഷികാധഃപതന ത്തിൻെറയും പാപപൂരിതമായ കഥയാണിതു്. ഹീനകൃത്യ ങ്ങളുടെ ശ്വാസംമുട്ടിക്കുന്ന ഈ ദുസ്തരമാൎഗ്ഗത്തിൽനിന്നും, പാ പത്തെ സംജനിപ്പിക്കുന്ന പാപത്തിൻെറ ഈ നിർഘൃണപ രമ്പരയിൽനിന്നും, ഒരു അൎത്ഥം കണ്ടെത്താൻ, അഥവാ നൽ കാൻ, കഴിവുള്ള പ്രകാശവത്തായ ഒരു ഉൾക്കാഴ്ചയിലേക്കു് എത്തിച്ചേരുവാൻ മൂന്നു നാടകകൃത്തുക്കൾക്കും വളരെ വിഷമി ക്കേണ്ടിവന്നിട്ടുണ്ടു്. ഈ മൂന്നു നാടകകൃത്തുക്കളുടെയും പോം വഴിയെ നമുക്കു് അഭിനന്ദിക്കാൻ കഴിയണമെങ്കിൽ സങ്കീൎണ്ണ മാണെങ്കിലും ഈ ഇതിഹാസത്തിൻെറ ഏകദേശരൂപം മന സ്സിലാക്കിയിരിക്കണം.

ഫ്രിജിയയിലെ രാജാവായ ററൻററലസ്, തൻെറ പുത്രൻ പെലോപ്സിനെ പുഴുങ്ങി മുറിച്ചു ദൈവങ്ങൾക്കർപ്പിക്കുന്ന തോടെയാണു് ഈ ഭീകരമായ അപരാധങ്ങളുടെ പരമ്പര ആരംഭിക്കുന്നതു്. ദൈവങ്ങൾ ആ പുത്രനെ പുനർജ്ജീവിപ്പി

കുന്നു. റ്റൻ്റലസ് ദൈവങ്ങളുടെ അമൃതു മോഷ്ടിച്ചിട്ടുക്ക യാൽ അടങ്ങാത്ത ദാഹമുള്ളവനായിത്തീരട്ടെ എന്നു ശപിക്ക പ്പെട്ടുന്നു. തൻെറ നശ്വരസ്വഭാവത്തെ വിസ്മരിക്കാനും, തനി ക്കു യഥാൎത്ഥ പ്രയോജനം നൽകുന്ന അവസരങ്ങൾക്കു യോജി ച്ച അധികാരത്തെക്കുറിച്ചും ന്യായമായ മാൎഗ്ഗങ്ങളെക്കുറിച്ചും തെററിദ്ധരിക്കുവാനും പ്രേരിപ്പിക്കുന്ന, അത്യഭിമാനിയായ മനുഷ്യൻെറ അത്യാഗ്രഹത്തെയാണു് ഈ പാപങ്ങൾ പ്രതി നിധാനം ചെയ്യുന്നതു്. ദേവതുല്യത ആൎജ്ജിക്കാനാണു നശ്വ രജീവിയായ റ്റൻ്റലസ് ഈ ക്രൂരബലി നടത്തുന്നതു്. പെ ലോപ്സ്, ഹിപ്പോഡേമിയയെ പ്രണയിക്കുകയും വിവാഹം ക ഴിക്കുകയും ചെയ്യുന്നു. പക്ഷേ, അതും വഞ്ചനകളുടെ ഒരു കഥ യാണു്. എലിസ്‌രാജാവിൻെറ പുത്രിയാണവൾ. ഒരു തേ രോട്ടമത്സരംമുഖേനയാണു്, തൻെറ പുത്രിയെ വിവാഹം ക ഴിക്കാനാഗ്രഹിക്കുന്നവരെ അദ്ദേഹം പരീക്ഷിക്കുന്നതു്. രാജ കുമാരിയെ വിവാഹം കഴിക്കണമെങ്കിൽ, മത്സരത്തിൽ രാജാ വിനെ പരാജയപ്പെടുത്തണം. രാജ്യം പങ്കുവെച്ചു കൊടുക്കാ മെന്ന പ്രതിജ്ഞയോടെ, രാജകീയരഥത്തിൽനിന്നും കീലിക എടുത്തു മാററാൻ രാജാവിൻെറ സാരഥിയെ പെലോപ്സ് പ്രേ രിപ്പിക്കുന്നു. രഥം തകൎന്നുവീഴുകയും അതോടെ രാജാവു മര ണമടയുകയും ചെയ്യുന്നു. തൻെറ കൂട്ടുഗൂഢാലോചനക്കാരനെ പെലോപ്സ് കടലിലെറിയുന്നു; അയാൾ മുങ്ങിച്ചാകുംമുമ്പ് പെലോപ്സിൻെറയും അനന്തരപരമ്പരകളുടെയും മേൽ കഠി നശാപം വൎഷിക്കുന്നു.

പെലോപ്സിനു്, ഥിയെസ്റ്റിസ്, എട്രിയെസ് എന്നു രണ്ടു പുത്രന്മാരും, എയിറോപ്പി എന്ന പുത്രിയുമുണ്ടായി. ഥിയെ സ്റ്റിസ് എയിറോപ്പിയുടെ ചാരിത്രഭ്രംശം വരുത്തുന്നു. എട്രി യെസ് തൻെറ സഹോദരിയുടെ പേരിൽ പ്രതിക്രിയാൎത്ഥം, തൻെറ സഹോദരൻെറ കുട്ടികളെ കൊന്നു പാകപ്പെടുത്തി ഒരു വിരുന്നിൽ അദ്ദേഹത്തിനു വിളമ്പിക്കൊടുക്കുന്നു. ഥിയെ സ്റ്റിസിൻെറ അവശേഷിച്ച പുത്രൻ എജിസ്തസ്സ്, എട്രിയസി നോടും സന്താനപരമ്പരയോടും പ്രതികാരപ്രതിജ്ഞ ചെയ്യു ന്നു. എട്രിയെസിനു രണ്ടു പുത്രന്മാരുണ്ടു്—ഹെലൻെറ ഭൎത്താ വായ മെനിലാസും, ക്ലിറ്റെംനെസ്ത്രയെ വിവാഹം കഴിച്ച അഗ

മെമ്നണും. അഗമെമ്നണു് ക്ലിറെറംനെസ്റ്റയിൽ ഇഫിജീനിയ, ഇലക്ട്ര എന്നീ പുത്രിമാരും ഒറെസ്റ്റിസ് എന്ന പുത്രനും ജനിച്ചു. പാരിസ് ഹെലനെ അപഹരിച്ചതുമൂലം, പ്രതികാരബദ്ധമായ ഗ്രീക്കുകപ്പൽപ്പട ട്രോയിയിലേക്കു പുറപ്പെട്ടപ്പോൾ കാററില്ലാതിരുന്നതുമൂലം മുന്നോട്ടുപോകാൻ കഴിഞ്ഞില്ല. ഒരു വെളിച്ചപ്പാടിൻെറ നിർദ്ദേശാനുസരണം, കാററു വീശുന്നതിനും ട്രോയിയിലേക്കു യാത്രപുറപ്പെടാൻ കഴിയുന്നതിനും വേണ്ടി അഗമെമ്നൺ, ഇഫിജീനിയയെ ബലികൊടുത്തു. അഗമെമ്നണും ഗ്രീക്കുസൈന്യങ്ങളും ട്രോയിയെ ഉപരോധിച്ചുകൊണ്ടിരിക്കെ, എജ്ജിസ്തസ്, ക്ലിറെറംനെസ്റ്റയുമായി വേഴ്ചയിലാകയും രാജാവു മടങ്ങിവരുമ്പോൾ അദ്ദേഹത്തെ കൊലപ്പെടുത്താൻ ഗൂഢാലോചന നടത്തുകയും ചെയ്തു. ഈ ഘട്ടത്തിലാണു്, മഹത്തായ നാടകത്രയംകഥ ഏറെറടുക്കുന്നതു്.

ഈ പരമ്പരയിലെ പ്രഥമനാടകമായ 'അഗമെമ്നൺ' ആരംഭിക്കുന്നതു് ഒരു രക്ഷാഭടൻെറ സുദീർഘമായ പ്രഭാഷണത്തോടെയാണു്. വഷങ്ങൾക്കുപിന്നാലെ വർഷങ്ങളായി ഓരോ രാത്രിയിലും, മിന്നിത്തിളങ്ങുന്ന തകിടുപോലെയുള്ള ആകാശത്തിനുകീഴിൽ മഞ്ഞുമേററു്, തൻെറ നാഥൻ്റെ ആഗമനത്തെ വിദൂരത്തിൽനിന്നുതന്നെ അറിയിക്കുന്ന ജാജ്വല്യമാനമായ പ്രഭാപ്രസരവുംകാത്തു് അയാൾ നില്ക്കുകയാണു്. രാജകീയഭവനത്തിലെ സംഭവവികാസങ്ങളെക്കുറിച്ചുള്ള ദുസ്സൂചനകളോടെയാണയാൾ തൻെറ പ്രഭാഷണമവസാനിപ്പിക്കുന്നതു്. ആസ്ഥാനികന്മാരുടെ ഗായകസംഘം, അഗമെമ്നണിൻെറ കീഴിൽ ട്രോയിയിലേക്കു പോയ ഗ്രീക്കുസൈന്യത്തിൻ്റെ വമ്പിച്ച പ്രത്യാഗമനത്തിൻെറ സുവിസ്തരദൃശ്യത്തിലേക്കു കടക്കുന്നു. കാററു നിശ്ചലമായിരുന്നപ്പോൾ, ഒലിസിലുണ്ടായ താമസത്തേയും, കപ്പൽപ്പട മുന്നോട്ടു നീങ്ങുന്നതിന്നുമുമ്പു് ഇഫിജീനിയയെ ബലികൊടുക്കണമെന്നു് ദൈവങ്ങൾ ആവശ്യപ്പെട്ടതിനെയും അവർ വിവരിക്കുന്നു. കഴിഞ്ഞതും വരാനിരിക്കുന്നതുമായ സംഗതികളെ അനുസ്മരിപ്പിച്ചുകൊണ്ടും, ഏതെങ്കിലുമൊരു സന്ദർഭത്തിലെ വികാരസംഘർഷത്തെ സ്വന്തം പ്രതികരണങ്ങൾകൊണ്ടു് ഉന്നതീകരിച്ചും, കഥാപാത്ര

ങ്ങളുടെ ഹൃദയവ്യാപാരങ്ങളിൽ വെളിച്ചംവീശിക്കൊണ്ടും ഗായകസംഘം ഈ നാടകത്തിൽ സുപ്രധാനമായൊരു പങ്കു വഹിക്കുന്നു. ബലികർമ്മത്തിന്റെ കരുണാർദ്രമായ വിവരണം, അതു മാതാവായ ക്ലിറ്റെംനെസ്ത്രയുടെ ഹൃദയത്തെ ശിഥിലീകരിച്ചിരിക്കാമെന്നും വധകർത്താവിൻെറനേക്ക് അവളുടെ ഹൃദയം കാരിരുമ്പിനുതുല്യമാക്കിത്തീർത്തിരിക്കാമെന്നുമുള്ള ഒരു സൂചന നമുക്കു തരുന്നു. മാതാവായ സ്ത്രീ പുരുഷനേക്കാൾ കൂടുതൽ വികാരാർദ്രസ്വഭാവമുള്ളവളാകയാൽ, ദൈവങ്ങളുടെ ആജ്ഞയനുസരിച്ചാണ് ബലികർമ്മം നടന്നതെന്ന യാഥാർത്ഥ്യം പരിഗണിക്കാനവൾക്കു കഴിയുന്നില്ല. മാത്രമല്ല, ഇഫിജീനിയയെ ബലികൊടുത്തതു് യാതൊരു മഹത്തായ ലക്ഷ്യത്തിനുംവേണ്ടിയല്ല, നേരേമറിച്ച് അവിശ്വസ്തയായ ഒരു സ്ത്രീയെ വീണ്ടെടുത്തുകൊണ്ടുവരുവാൻവേണ്ടിയായിരുന്നുവെന്നു് ഗായകസംഘം പ്രസ്താവിക്കുന്നുമുണ്ടു്. അഗമെമ്നൺ വരുന്നുവെന്ന വർത്തമാനം, ക്ലിറ്റംനെസ്ത്രയിൽ അതീവ അസ്വാസ്ഥ്യജനകമായ ഒരവസ്ഥ ഉളവാക്കുന്നു. ഇഡാ പീഠദേശത്തു നിപതിച്ച്, അവിടെനിന്നും ലെമ്നോസ് താഴ്വാരത്തിലേക്ക് ഊന്നിറങ്ങി, പിന്നീട് അവിടെനിന്നും കുന്നുകളിലേക്കും താഴ്വാരങ്ങളിലേക്കും വളരെവേഗം നീങ്ങുന്ന മാർഗ്ഗദീപസൂചനകളെപ്പററിയുള്ള അത്യുജ്വലത്തായ വിവരണത്തിൽ ഇതു പ്രകടമാക്കപ്പെടുന്നു. തങ്ങളുടെ പ്രഭുവിൻെറ ആഗമനവാർത്തയറിഞ്ഞു് ഉന്മേഷചിത്തരായ ഗായകസംഘം അദ്ദേഹത്തെ പ്രകീർത്തിച്ചു പാടുകയും, പാവനമായ വിവാഹബന്ധത്തിന്റെ ലംഘനത്തിനുള്ള ശിക്ഷ ട്രോയിയുടെ പതനത്തിൽ ദർശിക്കയും ചെയ്യുന്നു. കൂടുതൽ ഗുരുതരമായ അപരാധം സംഭവിക്കുമ്പോൾ അതു ശിക്ഷിക്കപ്പെടാതെപോകയില്ലെന്നു് അബോധപരമായി ഇതു സൂചിപ്പിക്കുന്നു. അഗമെമ്നണിൻെറ അടുത്തുനിന്നു വന്നെത്തിയ സന്ദേശവാഹകനോടു്, അസന്നിഹിതനായ സ്വനാഥനോടു് സുദീർഘവർഷങ്ങളായി താൻ പുലർത്തിപ്പോന്നിട്ടുള്ള വിശ്വസ്തതയെക്കുറിച്ച് ക്ലിറ്റെംനെസ്ത്ര വിവരിക്കുന്നു. അവിശ്വസ്തയായ ഒരു പത്നിയുടെ നിസ്സഹായനായ ഭർത്താവിൻെറ, ട്രോയിയിൽനിന്നും നാട്ടിൽ തിരിച്ചെത്തുംമുമ്പ് വളരെവർഷം അലഞ്ഞുതിരിയാൻ വിധിക്കപ്പെട്ട

മെനിലംസിൻെറ, വിധിയെക്കുറിച്ചുള്ള ഒരു ചോദ്യത്തോടെ ഗായകസംഘം രാജ്ഞിയുടെ പ്രഭാഷണധാര അവസാനിപ്പിക്കുന്നു. അവസാനം അഗമെമ്നൺ പ്രത്യക്ഷപ്പെടുന്നു. തൻെറ ഭത്താവിനെ സ്വാഗതംചെയ്തുകൊണ്ടു് ക്ലിറ്റെംനെസ്ത്ര ചെയ്യുന്ന പ്രഭാഷണം ഈ നാടകത്തിലുടനീളം, മനഃശാസ്ത്രപരമായി ഏററവും ഗാംഭീയ്യമേറിയതാണു്. തൻെറ അവിശ്വസ്തതയെക്കുറിച്ചദ്ദേഹം ധരിച്ചിട്ടുണ്ടോ എന്നവൾക്കു നിശ്ചയമില്ല. താൻ തികച്ചും മിത്രരഹിതയാണെന്നും, താൻ സ്വപ്നത്തിൽപ്പോലും ഭയപ്പെട്ടിരുന്ന മനുഷ്യൻ തിരിച്ചെത്തിയിരിക്കുന്നുവെന്നും, തങ്ങൾ രണ്ടുപേരിൽ ഒരാൾക്കു് അന്ത്യവിനാഴിക വന്നുചേന്നിരിക്കുന്നുവെന്നും അവൾക്കറിയാം. മരണം സമീപിച്ച ഒരാളെപ്പോലെ, തന്നെക്കുറിച്ച ചില പ്രസ്താവനകൾ ചെയ്യാൻ അവൾ ശ്രമിക്കുന്നു. സുദീർഘമായ, ഏകാന്തതനിറഞ്ഞ വർഷങ്ങൾ താൻ തള്ളിനീക്കിയതിനെക്കുറിച്ചവൾ പരാമശിക്കുന്നു. അഗമെമ്നൺ മരിച്ചുവെന്ന കിംവദന്തികൾ ഉണ്ടായപ്പോഴത്തെ തൻെറ ഹൃദയോദ്വേഗത്തെക്കുറിച്ചവൾ പ്രസ്താവിക്കുന്നു. തെററായ കിംവദന്തികളിൽനിന്നും താൻ അനുഭവിച്ച വേദനകളെക്കുറിച്ചു പരാമശിക്കുമ്പോൾ, തൻെറ പത്നിയുടെ വിശ്വാസരാഹിത്യത്തെക്കുറിച്ചു താൻ കേട്ടതെല്ലാം അതുപോലെതന്നെ അടിസ്ഥാനരഹിതമാണെന്നു് അഗമെമ്നൺ വിശ്വസിക്കണമെന്നവൾ ആശിക്കുന്നുണ്ടാകാം. അദ്ധരാത്രികളിലെ സുദീർഘമായ കാത്തിരുപ്പുകളെക്കുറിച്ചും അസ്വാസ്ഥ്യജനകമായ ക്ഷീണത്തെയും ഉദ്വേഗത്തെയും കുറിച്ചും, ഒരീച്ചയുടെ മൂളലിനുപോലും ഉണത്താൻ കഴിഞ്ഞിരുന്ന നിദ്രയെക്കുറിച്ചും അവൾ വിവരിക്കുന്നു. ഈ പരിദേവനത്തിൽ അത്ഭുതകരമായ മനഃശാസ്ത്രമുണ്ടു്. ഒരാൾ അത്യന്തം വികാരവിക്ഷുബ്ധമായ ഒരവസ്ഥയിലെത്തിച്ചേന്നാൽ, സങ്കീർണ്ണമായ അവാസ്തവകഥനങ്ങൾകൊണ്ടു് സ്വന്തം നിലന്യായീകരിക്കാനുള്ള മനഃസാന്നിദ്ധ്യം അയാൾക്കു ലഭിക്കയില്ല; നേരേമറിച്ചു് സ്വന്തം അനുഭവങ്ങൾക്കും വികാരവിക്ഷോഭത്തിന്നും മറെറാരു ദുരത്ഥംകൂടി ഉണ്ടാക്കിത്തീക്കയാണു ചെയ്യുക. രാജ്ഞിയുടെ അദ്ധരാത്രികളിലെ കാത്തിരുപ്പുകളെല്ലാം യഥാത്ഥമാണു്. പക്ഷേ, തന്റെ നാഥനെക്കുറിച്ചുള്ള ഉല്ക്കണ്ഠ

കൊണ്ടുള്ള കാത്തിരിപ്പുകളല്ല, നേരേമറിച്ച് അദ്ദേഹത്തെക്കു റിച്ചുള്ള ഭയംമൂലമുള്ള കാത്തിരിപ്പുകളാണവ.

നിരവധിവർഷത്തെ യുദ്ധത്തിനുശേഷം സന്തോഷപൂർവ്വം നാട്ടിൽ തിരിച്ചെത്തുന്ന അഗമെമ്നൺ, നാടകീയഗൂഢപരിഹാസശൈലിയിൽ ദൈവത്തിനു കൃതജ്ഞത പറയുന്നു: "ദൈവം ഇനി മരിക്കാൻ വിധിക്കുകയാണെങ്കിൽ ഞാനിതാ സന്നദ്ധനാണ്." അദ്ദേഹത്തെ സ്വീകരിച്ച് അകത്തേക്കു കൊണ്ടുപോകുന്നു—കൊലപ്പെടുത്താൻവേണ്ടി. പ്രചണ്ഡമായൊരു ചുഴലിക്കാററിന്റെ പ്രതീതി ജനിപ്പിക്കുന്ന ഒരു ഗാനത്താൽ, ഗായകസംഘം ഈ ദുരന്തത്തെ മുൻകൂട്ടി സൂചിപ്പിക്കുന്നുണ്ട്. അവരുടെ ഗാനം പ്രതികൂലമായിപ്പോകുന്നു; ഭീകരതയുടെ അവർണ്ണനീയശൈലികൾ അവരിൽനിന്നും പൊഴിഞ്ഞുവീഴുന്നു. ഗ്രീക്കുകപ്പൽപ്പട, യാത്രപുറപ്പെട്ടതുമുതൽ ധീരമായ മനശ്ശക്തി നശിച്ചുപോയതിൽ അവർ മാഴ്കുന്നു. മനുഷ്യജീവിതത്തിന്റെ അനിശ്ചിതത്വത്തെക്കുറിച്ചുള്ള ഒരു വിമർശനമായി, അവരുടെ അശുഭപ്രതീക്ഷ വികസിക്കുന്നു. രക്തത്തിന്റെ തിളക്കം അവർ ദർശിക്കയും ചെയ്യുന്നു.

"മുറിവിൽനിന്നും പതഞ്ഞുപൊന്തിയ നീലലോഹിതവർണ്ണത്തിലുള്ള രക്തപ്രവാഹം ചൂടോടെ ഒഴുകിവീണ് ആവിവമിക്കുന്ന തറയെ നിറംകെടുത്തുമ്പോൾ നഷ്ടജീവിതത്തെ ആർക്കു തിരികെവിളിക്കുവാൻ കഴിയും?"

കസാൻഡ്രാ വേദിയിൽ അവശേഷിച്ച, പ്രയമിന്റെ പുത്രിയായ അവളെ ഒരുകാലത്ത് അപൊളോദേവൻ ഇഷ്ടപ്പെട്ടിരുന്നു; ദീർഘദർശനശക്തി അവൾക്കു പ്രദാനംചെയ്കയും ചെയ്തിരുന്നു. പക്ഷേ, അവൾ അദ്ദേഹത്തിന്റെ കോപത്തിനു പാത്രമായി. ഇരുണ്ട ഭാവിയിലേക്കു ദൃഷ്ടിപായിക്കാൻ അവൾക്കു കഴിയുമെങ്കിലും ആരും അവളുടെ വാക്കുകൾ വിശ്വസിക്കയില്ലെന്ന ശാപത്തിനവൾ വിധേയയായി. അഗമെമ്നണിന്റെ ഇന്ദ്രിയാസക്തിക്കു വിധേയയായ അവൾ, യുദ്ധം കഴിഞ്ഞു മടങ്ങുന്ന ആ യോദ്ധാവിനാൽ മൈസീനെയിലേക്കു കൊണ്ടുവരപ്പെട്ടു. അഗമെമ്നണിനു നൽകപ്പെട്ട സ്വീകരണവേളയിലെല്ലാം നിശ്ശബ്ദയായിരുന്ന അവൾ, അദ്ദേഹത്തെ അകത്തേക്കു കൂട്ടിക്കൊണ്ടുപോയപ്പോൾ മൗനം ഭഞ്ജിച്ച്

ഇങ്ങനെ വിലപിച്ചു: "ഹാ! ഹാ! ഭൂമീദേവീ, ഹാ! ഹാ! അപൊളൊ!" ജീവദായകമായ സൂര്യപ്രകാശത്തിൻെറ ദേവതയായ അപൊളോവിനെ വ്യസനസ്വരത്തിൽ അഭിസംബോധനചെയ്യാൻ പാടില്ല. അസാധാരണമായ, ദൈവദൂഷണപരമായ ഈ മുറവിളി ഗായകസംഘത്തിൻെറ ഉപബോധമനസ്സിലെ ഭീതിക്കു് അനുരൂപമായിരുന്നു. വിളറിയ മുഖത്തോടെ അവർ, അങ്ങനെ മുറവിളികൂട്ടാതിരിക്കാൻ അവളെ ശകാരിക്കുന്നു; പക്ഷേ, അവളതു തുടരുന്നു. അവർ അവളെ താക്കീതുചെയ്യുന്നു. പക്ഷേ, ഭാവിയെ ശരിക്കും കാണാൻകഴിവുള്ള ജ്ഞാനിയായ അവൾ വീണ്ടും വിലപിക്കുന്നു. അതൊരു ഗംഭീരസന്ദർഭമാണു്—ശിഥിലമായ മനോധൈര്യത്തിൻെറ, ഉയൎന്നുപൊങ്ങുന്ന ഭീതിയുടെ, ആസന്നമായ ഏതോ മഹാവിപത്തിനെക്കുറിച്ചുള്ള തിക്തവും അവ്യക്തവുമായ പൂർവ്വാസ്വാദനത്തിൻെറ സന്ദർഭമാണതു്. എന്നാൽ എസ്കിലസ്, കൂടുതൽ സമുന്നതമായ നാടകീയവികല്പത്തിനാണു ശ്രമിക്കുന്നതു്. ഇതേ രാജകുടുംബംതന്നെ നടത്തിയിട്ടുള്ള പൗരാണികവഞ്ചനകളുടെ രംഗങ്ങളെ കസാൻഡ്രാ അനുസ്മരിക്കുന്നു. അഗമെമ്നണിൻെറ പിതാവായ എട്രിയസ്, അദ്ദേഹത്തിന്റെ സ്വന്തം സഹോദരനും എജിസ്തസിൻെറ പിതാവുമായ ഥിയെസ്റ്റിസിനെ ആട്ടിപ്പായിച്ചു. ഥിയെസ്റ്റിസ് വളരെ വർഷം അലഞ്ഞുനടന്നശേഷം മടങ്ങിവന്നു് തൻെറ സഹോദരനോടു കരുണയാചിച്ചു. സന്തോഷപ്രകടനത്തോടെ അദ്ദേഹത്തിൻെറ സഹോദരൻ അദ്ദേഹത്തെ സ്വാഗതംചെയ്തു് ഒരു വിരുന്നിനു ക്ഷണിച്ചു. കൊല്ലപ്പെട്ട തൻെറ കുട്ടികളുടെ മാംസം ഥിയെസ്റ്റിസിനെക്കൊണ്ടു് അറിയാതെ ഭക്ഷിപ്പിച്ചു. ശപ്തമായ ഈ ഭൂതകാലദൃശ്യം വീണ്ടും വീണ്ടും ആ ബാലികയ്ക്കു പ്രത്യക്ഷമാകുന്നു. ഭയചകിതമായ തൻെറ നേത്രങ്ങൾക്കുമുന്നിൽനിന്നും അതിനെ അടിച്ചുപായിക്കാൻ അവൾക്കു കഴിയുന്നില്ല. ഭൂതകാലത്തെ ദുരന്തനാടകത്തിൽനിന്നും അവളുടെ മനസ്സു് അകത്തുനടക്കുന്ന ക്രൂരമായ നാടകത്തിലേക്കു ചെന്നെത്തുന്നു. രക്തത്തിൻെറ ഗന്ധവും സ്വന്തം മരണത്തിൻെറ ദർശനവും അവളുടെ ഭാവനയിലെത്തുന്നു. അനിവാര്യമെന്നു് അവൾക്കു നിശ്ചയമുള്ള ഒരു വിനാശത്തെ കണ്ടെത്തുവാനായി അവൾ

കൊട്ടാരത്തിനകത്തുകടന്നു്, വാതിൽ പിന്നാലെ അടയ്ക്കുന്നു. ഒററയ്ക്കായിത്തീൎന്ന ഗായകസംഘം പതിഞ്ഞസ്വരത്തിൽ ഹ്ര സ്വമെങ്കിലും ഭയജനകമായൊരു ഗാനമാലപിക്കുന്നു. രംഗം വിജനമാകുന്നു. കൊട്ടാരത്തിൻെറ മുൻഭാഗം, പ്രശാന്തമായ പ്രകാശത്തിൽ ഉയൎന്നുനിലകൊള്ളുന്നു. പക്ഷേ, ആ നിശ്ച ലത, ബാഹ്യമായ സുഷുപ്തി, അന്ത്യപ്രഹരത്തിനു മുൻപുള്ള ഭയദമായ നിശ്ചലതയാണു്. നിഹതനായ രാജാവിൻെറ ആക്രന്ദനങ്ങളാൽ കനത്ത നിശ്ശബ്ദത ഭേദിക്കപ്പെടുന്നു. ആദ്യ ത്തേതിനെത്തുടൎന്നു കഠിനവേദനയോടെ മറെറാരു കരച്ചിൽ കൂടി ഉയരുന്നു. ഗായകസംഘത്തെ ഭീതിയുടെ തിരശ്ശീല ആവരണംചെയ്യുന്നു. ദ്രുതഗതിയിലുള്ള, പരസ്പരവിരുദ്ധമാ യ ചിന്തകളാൽ ശിഥിലീകൃതരായ അവർ, കൊടുങ്കാററിൽ പ്പെട്ടു പറപ്പിക്കപ്പെടുന്ന കരിയിലകൾക്കുതുല്യം നട്ടംതിരിയു ന്നു. അപ്പോൾ വാതിൽ തുറക്കപ്പെടുകയും അകത്തെ ഭീകരത ദൃശ്യമാകയും ചെയ്യുന്നു.

ക്ലിറ്റെംനെസ്ത്ര പൈശാചികവിജയം നേടിക്കഴിഞ്ഞി രിക്കുന്നു. ട്രോയിയിലായിരുന്നപ്പോൾ ഒരു ട്രോജൻവനിതയെ ശയ്യയിലേക്കാനയിച്ചു് അവിശ്വസ്തത കാണിക്കയും, ഇഫിജീ നിയയെ കുരുതികൊടുക്കയും ചെയ്തതിൻെറ പ്രതികാരമായി ഈ വധത്തെ അവൾ ന്യായീകരിക്കുന്നു. ഉദ്വേഗവ്യഥ അവ സാനിച്ചുകഴിഞ്ഞിരിക്കയാൽ, ആദ്യാപരാധത്തോടുകൂടിത്ത ന്നെ ഈ കുടുംബത്തിൻെറമേൽ നിക്ഷിപ്തമായ, പരമ്പരക ളുടെ കൃത്യങ്ങളെപ്പോലും ഉത്തേജിപ്പിക്കുന്ന, പാപത്തെക്കുറി ച്ചുള്ള ഗാഢചിന്തയിൽ മുഴുകിയിരിക്കയാണു ഗായകസംഘം. പ്രതികാരദേവതകളായ കൃത്യകൾ സംതൃപ്തരായെന്നു ക്ലിറ്റെം നെസ്ത്ര വിശ്വസിക്കുമ്പോൾ, ശൃംഖലയിലെ അവസാനത്തെ കണ്ണിയിലെത്തിക്കഴിഞ്ഞിട്ടില്ലെന്നും, പിതാവിനുവേണ്ടി പ്ര തികാരം നിൎവ്വഹിക്കുവാൻ ഒരുവനുണ്ടാകുമെന്നുമുള്ള കാൎയ്യ ത്തിൽ ഗായകസംഘത്തിനുറപ്പുണ്ടു്. ഈ പ്രതികാരമത്രേ 'തൎപ്പണോദ്യുക്തർ' എന്നതിൻെറ ഇതിവൃത്തം.

ക്ലിറ്റെംനെസ്ത്ര, തൻെറ ബാലനായ പുത്രൻ ഒറെസ്റ്റിസി നെ, തൻെറ പിതാവിൻെറ മരണം മറക്കുവാൻവേണ്ടി ഒരു വിദൂരദേശത്തേക്കയച്ചിരുന്നു. പക്ഷേ, അവിടത്തെ വൃദ്ധജന

ങ്ങൾ, പഴയ ഗോത്രനിയമത്തെക്കുറിച്ചു്, പ്രതികാരത്തിന്റെ നിയമത്തെക്കുറിച്ചു്, രക്തച്ചൊരിച്ചിലിനെ കൂടുതൽ രക്തച്ചൊരിച്ചിൽകൊണ്ടു് ഉപശമിപ്പിക്കണമെന്ന നിയമത്തെക്കുറിച്ചു്, കൂടെക്കൂടെ ബാലനെ അനുസ്മരിപ്പിച്ചുകൊണ്ടിരുന്നു. പരിതപ്തനായ ആ യുവാവു് അപ്പൊളോവിന്റെ വെളിച്ചപ്പാടിന്റെ ഉപദേശം തേടി. പ്രതികാരം അവന്റെ കർത്തവ്യമാണെന്നു ദേവനും സ്ഥിരീകരിക്കുന്നു. അവൻ രഹസ്യമായി മൈസീനെയിലേക്കു പോയി സ്വപിതാവിന്റെ ശവകുടീരത്തിൽ ശ്രാദ്ധാഞ്ജലി സമർപ്പിക്കുന്നു. അവിടെ ബലിപൂജക്കായി ഒരുസംഘം യുവതികൾ വന്നെത്തുന്നതു കാണുമ്പോൾ അവൻ പിൻവാങ്ങുന്നു. അവരുടെ നേതൃത്വം വഹിക്കുന്നതു് ഇലക്ട്രയാണു്. പ്രതികാരം നിർവ്വഹിക്കുവാൻ, ഒറെസ്റ്റിസിനെ പ്രേരിപ്പിക്കണമെന്നു് അവൾ അഗമെമ്നണിന്റെ പ്രേതത്തോടു പ്രാർത്ഥിക്കുന്നു. ഒറെസ്റ്റിസ് സ്വയം പ്രത്യക്ഷനാകുകയും, സഹോദരീസഹോദരന്മാർ അനന്തരപരിപാടി തയ്യാറാക്കുകയും ചെയ്യുന്നു. ഒറെസ്റ്റിസ് ഒരു സന്ദേശവാഹകന്റെ വേഷത്തിൽ ക്ലിറ്റെംനെസ്ട്രയെ സമീപിച്ചു്, അവൾ വളരെവർഷംമുമ്പു വിദൂരദേശത്തേക്കയച്ചിരുന്ന ബാലൻ മരണമടഞ്ഞതായി ധരിപ്പിക്കുന്നു. സ്വപുത്രന്റെ മരണവാർത്ത കേട്ടപ്പോഴുണ്ടായ ശോകാഭിനയത്തിനു പിന്നിൽ പ്രകടമായ അവളുടെ രഹസ്യസന്തോഷം അവനെ നടുക്കി. തങ്ങൾ ഭയപ്പെട്ടിരുന്ന പ്രതികാരകർത്താവു് അന്തരിച്ചുപോയെന്ന സന്തോഷവാർത്തയിൽ പങ്കുചേരാൻ അവൾ എജിസ്റ്റസിനെ ക്ഷണിച്ചുവരുത്തുന്നു. ഒറെസ്റ്റിസ് അയാളെ വധിക്കയും, തന്റെ മാതാവിനെ കൊട്ടാരത്തിനുള്ളിലേക്കു പിൻതുടന്നു കൊലപ്പെടുത്തുകയും ചെയ്യുന്നു.

അന്ത്യരംഗം ഭയാനകമാണു്. മാതൃഹത്യയുടെ ഭീകരത തീവ്രമായി അനുഭവപ്പെടുന്നു. സംഭവങ്ങൾ, സങ്കീർണ്ണമായ, ദണ്ഡിപ്പിക്കുന്ന, അർദ്ധമതപരമായ വികാരത്തിന്റെ കൊടുങ്കാററിലൂടെ ചുററിത്തിരിയുകയാണു്. അവസാനനിമിഷത്തിൽ ഇലക്ട്രയിൽനിന്നും സന്തോഷത്തിന്റെ ഗാനമുയരുമ്പോൾ, കുടുംബത്തിന്റെമേൽ നിപതിച്ചിരുന്ന പഴയ ശാപം ഉപശമിപ്പിക്കപ്പെട്ടുവെന്നു് ആക്രോശിക്കുമ്പോൾത്തന്നെ

ഒറെസ്റ്റിസിന്റെ നേത്രങ്ങൾ ഭയോൽഫുല്ലമാകയും രോമങ്ങൾ എഴുന്നുനിൽക്കയും, അയാൾ ഭയംമൂലം വിറയ്ക്കുകയും ചെയ്യുന്നു. തൻെറ ചുററുമുള്ള ആരും കാണാത്ത കാഴ്ച അയാൾ കാണുന്നു. പ്രതികാരദേവതകളായ കൃത്യകൾ അയാളുടെമേൽ ചാടിവീഴുന്നു; അയാൾ ഭ്രാന്തനായി പലായനംചെയ്യുന്നു. "രക്തദാഹം വീണ്ടുമുണത്തുന്ന ഈ രക്തച്ചൊരിച്ചിലിൻെറ അന്ത്യമെന്താണു്?" എന്നുള്ള ഗായകസംഘത്തിൻെറ സംഭ്രാന്തിജനകമായ ഗാനത്തോടെ നാടകമവസാനിക്കുന്നു.

രക്തത്തിൻെറയും പാപത്തിൻെറയും ഈ സങ്കീർണ്ണപ്രശ്ന ത്തിനുള്ള പരിഹാരം 'കൃത്യകൾ' എന്ന അവസാനനാടകത്തിൽ കണ്ടുകിട്ടുന്നു. ഒറെസ്റ്റിസ് അപൊളെള്ളാക്ഷേത്രത്തിൽ അഭയംതേടുന്നു. ക്ലിറ്റെംനെസ്ത്രയുടെ പ്രേതം പ്രത്യക്ഷപ്പെട്ടു്, ക്ഷേത്രപരിസരത്തിനു പുറത്തു് ഉറങ്ങിക്കിടന്ന കൃത്യകളെ ഉണത്തി, തങ്ങളുടെ ഇരയെ അനുധാവനംചെയ്വാൻ പ്രേരിപ്പിക്കുന്നു. അപൊളെള്ളാക്ഷേത്രത്തിൽ കടക്കാൻ അവർ ധൈര്യപ്പെടുന്നു. പക്ഷേ, മംഗലദേവതയുടെ ആ ശുഭദായക്ഷേത്രത്തിൽ ചുറ്റിപ്പറ്റിനിൽക്കാൻ അവക്കവകാശമില്ല. അതിനാൽ അവർ അടിച്ചോടിക്കപ്പെടുന്നു. ഒറെസ്റ്റിസ് അഥീനയുടെ ദേവാലയത്തിലേക്കു പോയി പാപമോചനത്തിനുവേണ്ടി പ്രാത്ഥിക്കുന്നു. ഗ്രീസിലെ പരമമായ ന്യായപീഠത്തിനു മുമ്പാകെ ഒരു വിചാരണയ്ക്കു് അവൾ ഉത്തരവിടുന്നു. നഗരങ്ങളുടെയും, സാമൂഹ്യജീവിതത്തിൻെറയും, നാഗരികജീവിതത്തിന്റെയും സംരക്ഷകയായ അവളുടെ നാമത്തിലാണു ന്യായം നടത്തപ്പെടുന്നതു്. കുറ്റത്തിനു ശിക്ഷ നല്കണമെന്നുള്ള നീതിബോധത്തെ പ്രതിനിധാനം ചെയ്യുന്ന അപൊളെള്ളാ, മാതൃഹത്യപോലുള്ള ഒരു അപരാധത്തിന്റെ പൈശാചികതത്തിൽനിന്നു് ഞെട്ടി അകലുന്ന ഭയത്തിൽനിന്നു് രൂപമെടുത്ത കൃത്യകൾക്കെതിരായി, ഒറെസ്റ്റിസിനുവേണ്ടി വാദിക്കുന്നു. കോടതി തുല്യനിലയിൽ രണ്ടുചേരിയായി തിരിയുന്നു. പക്ഷേ, അഥീന തൻെറ നിർണ്ണായകവിധി നൽകി ഒറെസ്റ്റിസിനെ സ്വതന്ത്രനാക്കി വിടുന്നു. രാജ്യം രക്തപ്പകകളിൽനിന്നും വിമുക്തമായിരിക്കാൻ തക്കവണ്ണം ഭാവിയിൽ കുററങ്ങൾക്കു വളരെ വേഗം ശിക്ഷനൽകണമെന്നവൾ കോടതിയോടാജ്ഞാപിക്കു

കയും ചെയ്യുന്നു. കൃത്യകൾ അപ്പോൾ ഒരു വിചിത്രമായ പരിവത്തനത്തിനു വിധേയരാകുന്നു. അവർ പ്രഖ്യാപിക്കുന്നു: ''ഈ ദിവസം ഒരു പുതിയ ക്രമം ഉടലെടുക്കുന്നു.'' അവർ മംഗലദേവതകൾ എന്നു പേരു സ്വീകരിക്കുന്നു.

ഒരു ചുരുങ്ങിയ പരിധിക്കുള്ളിൽ, ഈ ഗംഭീരമായ ത്രയകത്തിൻെറ സൂചനകളെക്കുറിച്ച് വിലയിരുത്തുക വിഷമമാണ്. ഒന്നാമതായി ഈ ഇതിവൃത്തം തിരഞ്ഞെടുത്തതുവഴി, ഗ്രീക്കുകാരുടെ ഹൃദയങ്ങൾ പാപമെന്ന പ്രശ്നത്തെ ശരിക്കും അഭിമുഖീകരിച്ചു; എന്തെന്നാൽ മനുഷ്യചരിത്രത്തിൽ ഇതിലും ഭീകരമായ അപരാധങ്ങളുടെ മററൊരു പരമ്പര കാണുക സാദ്ധ്യമല്ല. പാപം പാപത്തിനു് ഉയിർനല്കുന്ന ഈ ചെളിക്കുണ്ടിൽ ചില നിദർശനങ്ങൾക്കുവേണ്ടി അന്വേഷണം നടത്തുമ്പോൾ അത്ഥവത്തായ പല പ്രാദുർഭാവങ്ങളേയും നാം കണ്ടെത്തുന്നു. ററൻററലസ്, അധികാരസമ്പാദനത്തിനു് ഒരു പാരിതോഷികമെന്ന നിലയ്ക്കു് തന്റെ പുത്രനെ കുരുതികൊടുക്കുകയും ദേവന്മാരെക്കൊണ്ടു് ഭക്ഷിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ പിൻഗാമിയായ ഥിയെസ്റ്റിസിനു് ഇതേതരത്തിലുള്ള ഒരു ഭീകരവിരുന്നിൽ പങ്കെടുക്കേണ്ടതായി വന്നു. പിന്നീടു് നിസ്സാരമായൊരു സംരംഭത്തിൻെറ വിജയത്തിനുവേണ്ടി ഇഫിജീനിയ ബലികഴിക്കപ്പെട്ടു. പെലോപ്സ് തന്റെ ഭാര്യാപിതാവിനെ ചതിയിൽ കൊന്നു. ക്ലിറെറംനെസ്ത്ര തന്റെ ഭത്താവിനെ വധിക്കയും ചെയ്തു. തിന്മയോ, നന്മയോ തിരഞ്ഞെടുക്കാൻ മനുഷ്യനു സ്വാതന്ത്ര്യമുണ്ടെങ്കിൽ മാത്രമേ തിന്മയ്ക്കും ദൈവത്തിൻെറ യാഥാത്ഥ്യത്തിനും പുനരൈക്യപ്പെടുവാൻ കഴിയൂ. എന്തെന്നാൽ തിന്മയ്ക്കുള്ള ഉത്തരവാദിത്വം അപ്പോൾ ദൈവത്തിൽനിന്നും മനുഷ്യനിലേക്കു നിഷ്ക്രമിക്കുന്നു. മഹാനായ ഒരു പാശ്ചാത്യപണ്ഡിതൻ, കുററവും ശിക്ഷയും സംബന്ധിച്ച ഗ്രീക്കുസങ്കല്പവും കമ്മം എന്ന ഭാരതീയ സിദ്ധാന്തവും തമ്മിലുള്ള സാദൃശ്യം ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. യാതൊരു കമ്മത്തിനും അതിൻെറ അനന്തരഫലത്തിൽനിന്നും വിമുക്തമാകുക സാദ്ധ്യമല്ല. ഒരു കമ്മത്തിലെ ഏററവും അത്ഥവത്തായ ഘടകം ഉദ്ദേശ്യമാണു്. ഒറെസ്റ്റിസ് ഒഴികെ, ഈ നാടകത്തിലെ എല്ലാ കഥാപാത്രങ്ങളും അവരുടെ സഹ

ജമായ പ്രേരണകളുടെ വലയിൽപ്പെട്ടു കുഴങ്ങുന്നു; അവർ പ്രഖ്യാപിക്കുന്ന ഉദ്ദേശ്യങ്ങളല്ല യഥാർത്ഥ ഉദ്ദേശ്യങ്ങൾ. എജിസ്തസ് അയാളുടെ പിതാവിനുവേണ്ടി പ്രതികാരം നിർവ്വഹിക്കുകമാത്രമായിരുന്നില്ല. ക്ലിറ്റെംനെസ്ത്രയുമായുള്ള അവിഹിതബന്ധവും അതിനു പ്രേരണ ചെലുത്തിയിരുന്നു. അതുപോലെ ക്ലിറ്റെംനെസ്ത്ര, ഇഫിജീനിയയുടെ വധത്തിനോ അഗമെമ്നണിൻെറ നിരവധി വിശ്വാസരാഹിത്യങ്ങൾക്കോ പ്രതികാരം നിർവ്വഹിക്കുമാത്രമായിരുന്നില്ല. അവൾ സ്വയം അശുദ്ധയായിരുന്നു. അത്തരം മലിനമായ ഉദ്ദേശ്യങ്ങൾ അവരെ ഒരിക്കലും കർമ്മത്തിൻെറ ഇരുമ്പുവലയത്തിൽനിന്നും പുറത്തുവരാൻ സഹായിക്കുകയില്ല. ഒറെസ്റ്റിസിനോടൊപ്പം കാളമേഘങ്ങൾ മറയുവാൻ തുടങ്ങി. അയാൾ മാതൃഹത്യാകുററത്തിൽനിന്നും വിമുക്തനായി. അതൊരു ധർമ്മവിലോപമായിരുന്നുവെന്നു് അയാളുടെ യുക്തി അയാളെ ഉൽബോധിപ്പിച്ചു. ഗോത്രനിയമമാണു് അയാളെ അതിലേയ്ക്കു തള്ളിവിട്ടതു്. അതിനുപിന്നിൽ ദൈവികമായ അംഗീകാരമുള്ളതുപോലെ തോന്നി. ഷേക്സ്പീയറുടെ നാടകത്തിൽ മാക്ബത്തു് പ്രഭിക്കു് ഇതിലും സമുന്നതമായ ധാർമ്മിക അന്തർജ്ഞാനം ഉണ്ടായില്ല. ഡങ്കൻെറ കൊലപാതകത്തിനുള്ള പ്രേരണയിൽ അവളുടെ സ്വന്തം മാനുഷികപ്രേരണകളെത്തന്നെ അവൾ നിഹനിക്കുന്നു. സ്വബുദ്ധി നഷ്ടപ്പെടലായിരുന്നു അതിനു ശിക്ഷ. അന്തർഭൂതമായ ധാർമ്മികപ്രശ്നങ്ങളെക്കുറിച്ചു് സുവ്യക്തമായ ബോധം അവൾക്കു് ഒരിക്കലും ഉണ്ടായില്ല. താൻ എന്തുകൊണ്ടു ഭ്രാന്തനായിപ്പോകുന്നു എന്നു് ഒറെസ്റ്റിസ് മനസ്സിലാക്കുന്നതായി എസ്കിലസ്, തികഞ്ഞ ഉൾക്കാഴ്ചയോടെ ചിത്രീകരിക്കുന്നു. മാതൃഹത്യ ഒരു പാപമാണെന്ന അയാളുടെ യുക്തിബോധം എന്നും അയാളെ ഉൽബോധിപ്പിച്ചിട്ടുണ്ടു്. പ്രാകൃതികമായ ധാർമ്മികബോധത്തോടുകൂടിയ, സാമൂഹ്യപരിതഃസ്ഥിതികളാണയാളെ അതിലേയ്ക്കു തള്ളിവിട്ടതു്. അതുകൊണ്ടു് ബുദ്ധിസ്ഥിരതയുടെ വെളിച്ചം അണഞ്ഞുപോകുന്നതിനുമുമ്പു്, താൻ ചെന്നുകുടുങ്ങിയ സംഭവങ്ങളുടെ ഭയാനകത തികച്ചും മനസ്സിലാക്കി അയാൾ വിളിച്ചുപറയുന്നു: “ചിത്തഭ്രമത്തിൻെറ ആവേശം എന്നെ മുഴുവൻ ഗ്രസിക്കുന്ന

തിനുമുമ്പു് എന്നെ സ്നേഹിക്കുന്ന എല്ലാവരോടും തുറന്നു പറഞ്ഞുകൊള്ളട്ടെ. മാതൃഹത്യയാണു് ഞാൻ ചെയ്തതു്. ഞാൻ ഭയങ്കര കുററവാളിതന്നെയാണു്.''

അയാളുടെ പ്രവൃത്തിയിൽ മറച്ചുവെക്കപ്പെട്ട, അശുദ്ധമായ ഉദ്ദേശങ്ങളില്ലാത്തതുകൊണ്ടും, അയാൾ ''യാതനകൾമൂലം ഉത്തമനായിത്തീന്നതു''കൊണ്ടും ആണു്, അഥീന അയാളുടെ സഹായത്തിനെത്തിയതു്. അഥീനയും അപൊളളായും തമ്മിലുള്ള വ്യത്യാസം ഉന്നതവും, അതിൽ അല്പം താഴ്ന്നനിലയിലുള്ളതുമായ നീതിശാസ്ത്രങ്ങൾ തമ്മിലുള്ള വ്യത്യാസമാണു്. സമുദായം നിലനിൽക്കണമെങ്കിൽ കുററത്തിനു ശിക്ഷ നല്കപ്പെടണം. പ്രാകൃതസമുദായങ്ങളിൽ, തങ്ങളോടു ചെയ്തിട്ടുള്ള അപരാധങ്ങൾക്കു പ്രതികാരംചെയ്വാൻ വ്യക്തികളെ അനുവദിക്കയും, അവരിൽനിന്നതു പ്രതീക്ഷിക്കയും ചെയ്യുന്നുണ്ടു്. പക്ഷേ, അത്തരമൊരു സമ്പ്രദായത്തിൽ നീതിയുടെ പവിത്രത, എല്ലാത്തരം നിഗൂഢോദ്ദേശങ്ങളുംമൂലം മലിനമാക്കപ്പെടുന്നു. ശിക്ഷ ബലപ്രയോഗമാണു്. സാമൂഹ്യജീവിതത്തിൽ അതു് അനിവാര്യമത്രെ. അതു് അകർതൃകമായും നീതിപൂവ്വമായും നിവ്വഹിക്കപ്പെട്ടമ്പോൾമാത്രമേ ന്യായമാകുന്നുള്ളു. രാഷ്ട്രത്തിനുമാത്രമേ ഇതു ചെയ്വാൻകഴിയൂ. ഈ മഹത്തായ ത്രയകം, അങ്ങനെ, പഴയ അന്ധമായ വിധിയുടെ നിയമത്തെ, കൂടുതൽ യുക്തിപരമായ കാര്യമായി മാററുന്നു; യുക്തിയുടെ വെളിച്ചത്തിൽ കുററത്തിൻെറയും ശിക്ഷയുടെയും പ്രതികാരത്തിൻെറയും നിയമത്തെ പ്രോജ്വലത്തായി പുനർവ്യാഖ്യാനിക്കുന്നു; അതിൽനിന്നും കൂടുതൽ പുരോഗമനപരമായ ഒരു സാമൂഹ്യാദശത്തെ സൃഷ്ടിക്കയും ചെയ്യുന്നു.

## അദ്ധ്യായം ആറ്

# സോഫോക്ളിസ്

ഐശ്വര്യദേവത സോഫോക്ലിസ്സിൻെറമേൽ ലോകത്തിലെ എല്ലാ നല്ല വസ്തുക്കളുടെയും സമൃദ്ധി വർഷിച്ചിരുന്നതായി തോന്നുന്നു. ഒരു ആയുധനിർമ്മാണശാലയുടമസ്ഥൻെറ മകനായ അദ്ദേഹത്തിനു പേർഷ്യനും സ്പാർട്ടനും യുദ്ധങ്ങൾ വമ്പിച്ച ആദായം സമ്പാദിച്ചുകൊടുത്തു. കാരണം, അവ വാളുകളുടെ ആവശ്യം വളരെ വർദ്ധിപ്പിച്ചു. സുമുഖനായ ആ യുവാവ്, പന്തയക്കളികളിലും സംഗീതത്തിലും കീർത്തിനേടി; പെരിക്ലിസ്സിൻെറ സൗഹൃദം സമ്പാദിച്ചു; കലഹകാരികളായ ദ്വീപുകൾക്കെതിരെ നടന്ന അഥീനിയൻ ആക്രമണത്തിന്റെ സേനാനായകന്മാരിലൊരാളായി; സാമ്രാജ്യത്തിൻെറ ഭണ്ഡാരാധിപതിയെന്ന ഉന്നതപദവി വഹിക്കുകയും ചെയ്തു. അദ്ദേഹം വളരെ ദൈവഭക്തിയുള്ളവനായിരുന്നെന്നും ഇടയ്ക്കിടെ പുരോഹിതൻെറ സ്ഥാനം വഹിച്ചിരുന്നെന്നും ഓർക്കേണ്ടതും പ്രധാനമത്രേ.

അദ്ദേഹത്തിൻെറ ജീവിതവും (ക്രി. മു. 496—406) ഭാഗധേയങ്ങളും നിലവിലുള്ള വ്യവസ്ഥിതിയിൽ ആഴത്തിൽ വേരുപിടിച്ചിരുന്നു. തീർച്ചയായും, ലോകത്തിൻെറ രീതികളെയും ജീവിതത്തിൻെറ അർത്ഥത്തെയും കുറിച്ച് അദ്ദേഹം ചിന്തിക്കുകയുണ്ടായി. എങ്കിലും, പരമ്പരാഗതമായ വിശ്വാസത്തിൻെറ സീമകളെ അതിലംഘിക്കാൻ അദ്ദേഹത്തിൻെറ ചിന്തകൾക്ക് അബോധമായ ഏതോ പ്രതിബന്ധം അനുഭവപ്പെട്ടു. എന്നാൽത്തന്നെയും പരമ്പരാപ്രാപ്തമായ വിശ്വാസങ്ങളെപ്പററി സ്വന്തമായ വ്യാഖ്യാനം നൽകാൻ അദ്ദേഹത്തിനു കഴിവുണ്ടായിരുന്നു; അദ്ദേഹം അതു നൽകുകയും ചെയ്തു. അവസാനവിശകലനത്തിൽ ഇതു് ഒച്ചപ്പാടുണ്ടാക്കുന്ന വാദപ്രതിവാദങ്ങളൊന്നും കൂടാതെയുള്ള, കുലീനമായ ചാരുതയോടുകൂടിയ, മൗലികപ്രചിചിന്തനമായിരുന്നു.

നാടകമത്സരങ്ങളിൽ സോഫോക്ലിസ് അസാധാരണമാംവിധം ഇരുപത്് ഒന്നാംസമ്മാനങ്ങൾ നേടി. എസ്കിലസ്സിനു പതിനഞ്ചും യൂറിപ്പിഡിസിന്് അഞ്ചും ഒന്നാംസമ്മാനങ്ങളേ ലഭിച്ചിരുന്നുള്ളു. കലോത്സവാധിപതികളുടെ ഈ വിലയിരുത്തലിൽ, ഭാവനാസമ്പന്നവും ധർമ്മാനുസാരിയുമായ സാഹിത്യത്തിനു ലഭിക്കുമെന്നു തീർച്ചയായിരുന്ന വിജയത്തിന്റെ ഒരു ഉദാഹരണം നാം ഇന്നു ദർശിച്ചാൽ അതു് അത്ര അബദ്ധമാകുകയില്ല. അദ്ദേഹം രചിച്ച 113 നാടകങ്ങളിൽ ഏഴെണ്ണം കാലത്തെ അതിജീവിച്ചിട്ടുണ്ടു്. 'ഇലക്ട്ര'യിൽ നമുക്കു് ഈ സമീപനരീതിയുടെ ആദ്യഫലം കാണാൻ കഴിയും. എസ്കിലസ്സിൻെറ 'തർപ്പണോദ്യുക്തർ' എന്ന നാടകത്തിലേതുതന്നെയാണു് ഇതിലെയും പ്രതിപാദ്യം. എന്നാൽ സോഫോക്ലിസ്സിൽ രക്തപങ്കിലമായ ഈ പാത എവിടെ അവസാനിക്കുമെന്നതിനെപ്പറ്റി വ്യഥാപൂർണ്ണമായ സംഭ്രാന്തിയൊന്നുമില്ല. പരമകാഷ്ഠയിൽ, പ്രാധാന്യം മാതൃഹത്യയുടെ ഭീകരതയിൽനിന്നു് ഒരു ദുഷ്കരകർമ്മത്തിലേക്കു്—എജിസ്തസിൻെറ വധത്തിലേക്കു്—മാററപ്പെടുന്നു. ഒറെസ്റ്റിസിനു ഭ്രാന്തു പിടിപെടുന്നില്ല. ഗോത്രയുദ്ധങ്ങളുടെ പഴയ പാരമ്പര്യത്തിൻെറ സ്മരണ രക്തത്തിൽ കലർന്നിരുന്ന, അഞ്ചാംശതകത്തിലെ അഥീനയ്ക്കു് ഈ നാടകത്തിൽ സുപരിചിതമായ ഒരു പുരാണകഥ പരമ്പരാഗതമായ പ്രഭാവത്തോടെ, അധികം ക്ഷോഭകരമായ ധാർമ്മികാനുരണനമൊന്നും കൂടാതെ, കൈകാര്യം ചെയ്തിട്ടുള്ളതു കാണാൻ കഴിഞ്ഞു.

ആദ്യകാലത്തെ ഈ നാടകംകൊണ്ടു സോഫോക്ലിസ്സിനെ വിലയിരുത്തുന്നതു് അദ്ദേഹത്തോടും നമ്മോടുതന്നെയും ചെയ്യുന്ന ഒരു അനീതിയായിരിക്കും. 'അന്റിഗണി'യുടെ ഔന്നത്യത്തിലേക്കു നമുക്കു പിന്നീടു കടക്കാം. അതിനിടെ, തത്വചിന്താപരമായ പ്രവണതകളിൽനിന്നുള്ള വിമുക്തി, കഥാപാത്രത്തിൻെറ മനഃശാസ്ത്രപരമായ പഠനത്തിലും നാടകാവിഷ്കരണരീതികളിലും ഏകാഗ്രത ചെലുത്താൻ സോഫോക്ലിസ്സിനു് അവസരം നൽകിയെന്ന കാര്യം നാം മനസ്സിലാക്കണം. 'ട്രാക്കിനിയൻ തരുണിമാർ,' അസൂയയുടെ ഒരു പഠനമാണു്. മഹാ ധീരനായ ഹെർക്യൂലീസിന്റെ അമ്പുകൊണ്ടു

മൃതിയടയുന്ന നെസ്സസ് എന്ന അശ്വമനുഷ്യൻ തൻെറ മുറിവിലെ രക്തം പ്രേമദാർഢ്യം പുലത്താനുതകുന്ന മാന്ത്രിക ശക്തിയുള്ള ഒരു ലേപനമായി എടുത്തു സൂക്ഷിക്കാൻ കഥാപുരുഷന്റെ ഭാൎയ്യ ഡയനൈറയെ പ്രേരിപ്പിക്കുന്നു. ഒരു പടയേറ്റത്തിനുശേഷം, അയോളെ എന്ന രാജകുമാരിയെ വിവാഹം കഴിച്ചു കൂട്ടിക്കൊണ്ടുവരുമ്പോൾ, ഹെർക്യുലീസിനു് അദ്ദേഹത്തിന്റെ ഭാൎയ്യ ഈ പ്രേമലേപനം പുരട്ടിയ ഒരു മേലങ്കി കൊടുത്തയയ്ക്കുന്നു. അശ്വമനുഷ്യനെ കൊന്ന അമ്പ് വിഷം പുരട്ടിയതായിരുന്നു. അതിനാൽ ആ മേലങ്കി ധരിച്ചതോടെ അദ്ദേഹം മൃതിയടഞ്ഞു. അയോളെയോടു് ഡയനൈറയ്ക്കുള്ള അസൂയ അപൂൎവ്വമായ അനുഭവജ്ഞാനത്തോടെ പഠിക്കപ്പെട്ടിട്ടുണ്ടെങ്കിലും പരമ്പരാഗതമായ പുരാണകഥയിൽ ഗൗരവതരമായ മാററം വരുത്താൻ സോഫോക്ലിസ് തയ്യാറില്ല. അങ്ങനെ ഭാൎയ്യ മനസ്സറിയാതെ ഭത്താവിൻെറ മരണത്തിനു കാരണക്കാരിയായിത്തീരുന്നു. അശ്വമനുഷ്യൻ അവരെ ഭയങ്കരമാംവിധം വഞ്ചിക്കുകയാണു ചെയ്തതു്. ഹെർക്യുലീസിൻെറ മരണത്തോടെ, അദ്ദേഹത്തോടുള്ള അവരുടെ പഴയ പ്രേമം പൂൎവ്വൽ ശക്തിയോടെ ഉണരുകയും അവർ ആത്മഹത്യ ചെയ്യുകയും ചെയ്യുന്നു.

'അജാക്സ്'' എന്ന കൃതിയിൽ നാടകകൃത്തു് ധീരമായൊരു ഹൃദയത്തിൻെറ തകർച്ച, ഒരു യോദ്ധാവിനു ഭ്രാന്തു പിടിപെടുന്നതു്, ചിത്രീകരിച്ചിരിക്കുന്നു. അക്കില്ലിസിന്റെ മരണശേഷം അദ്ദേഹത്തിൻെറ പടച്ചട്ട ശേഷിക്കുന്ന യവനരിൽ ഏററവും യോഗ്യനു വേണ്ടിയിരുന്നു കൊടുക്കേണ്ടതു്. അജാക്സായിരുന്നു ഏററവും ധീരനെങ്കിലും ഏറ്റവും ബുദ്ധിമാനായ യുലീസ്സിസിനു് അതു നൽകപ്പെടുന്നു. അഥീന അജാക്സിനെ ഭ്രാന്തനാക്കുന്നതുവരെ അയാൾ ആ ക്രോധം വച്ചുപുലർത്തി. യുലീസ്സിസിനേയും അഗമെമ്നണിനെയും അവരുടെ കൂടാരങ്ങളിൽ ചെന്നു് ആക്രമിക്കാൻ അദ്ദേഹം ശ്രമിക്കുന്നു. പക്ഷേ, ഭ്രാന്തുമൂലം കുറേ ആടുകളുടേയും കാളകളുടേയും മേലാണു ചാടിവീണതു്. ബോധം വീണപ്പോൾ, ഉണ്ടായ അപമാനം അദ്ദേഹത്തിനു സഹിക്കാവുന്നതില്പമധികമായിരുന്നു. അദ്ദേഹം കടൽക്കരയിൽ ഏകാന്തമായ ഒരു സ്ഥലത്തു പോകു

കയും സ്വന്തം വാളിന്മേൽ വീണു മരിക്കുകയും ചെയ്യുന്നു. പരേതനു ബഹുമതികൾ അർപ്പിക്കാൻ യുലീസ്സിസ്, ക്ഷുഭിതരായ യവനരെ സമ്മതിപ്പിക്കുന്നു. കഥാനായകൻെറ ഭൂമിയോടുള്ള യാത്രപറച്ചിൽ അങ്ങേ അററം ഹൃദയസ്പൃക്കാണു്.

"നരഞ്ഞുപതയുന്ന കടലിലെ നദീമുഖങ്ങളേ, ആഴിഗഹ്വരങ്ങളെ കിരീടച്ചാർത്തണിയിക്കുന്ന വൃക്ഷവാടികകളേ, തീരത്തു നീളത്തിൽ ഉയർന്നുനിൽക്കുന്ന കിഴക്കാംതൂക്കായ പാറക്കെട്ടുകളേ, നിങ്ങൾ വളരെയധികംകാലം എൻെറ പ്രാണനെ ട്രോയിയുടെ നഗരഭിത്തികൾക്കുള്ളിൽ ഒതുക്കിനിർത്തി; പക്ഷേ ഇനിമേലതു സാധ്യമല്ല..."

സ്വന്തം പിഞ്ചുപുത്രനോടുള്ള അവസാനവാക്കുകൾ മരണമടഞ്ഞ കഥാനായകൻെറ കുലീനത വെളിപ്പെടുത്തുന്നു.

"കുട്ടീ, നീ നിൻ്റെ പിതാവിനേക്കാൾ ഭാഗ്യശാലിയാകുക; മറ്റെല്ലാക്കാര്യങ്ങളിലും അദ്ദേഹത്തെ അനുകരിക്കുക. എന്നാൽ, നിൻെറ ജീവിതം മോശമാകുകയില്ല."

നാടകത്തിൻെറ ശോകമൂകതയ്ക്കു്, യുദ്ധത്തിൽ അടിമയാക്കപ്പെട്ട റെക്മെസ്സാ എന്ന ഫ്രിജിയൻരാജകുമാരിയും—അവൾ അജാക്സിൻെറ ഭാര്യയായിത്തീർന്നിരുന്നു—ആശ്വാസം നൽകുന്നുണ്ടു്. അവൾ കഥാനായകനെ ശുശ്രൂഷിക്കുകയും അദ്ദേഹത്തിൻെറ താപം ശമിപ്പിക്കാൻ ഒരു വിഫലശ്രമം നടത്തുകയും ചെയ്യുന്നു. അജാക്സിൻെറ അഭിമാനത്തിനു് അടിയേല്ക്കുമ്പോൾ, അവൾക്കു് അതിലൊക്കെ വളരെ വലിയൊരു ദുഃഖം—സ്വന്തം ഭർത്താവിൻെറ, യവനപാളയത്തിലെ തൻെറ ഏക രക്ഷിതാവിൻെറ, മരണം—അനുഭവിക്കേണ്ടിവരുന്നു. ധൈര്യത്തിലും സ്വഭാവബലത്തിലും ഭർത്താവിനെക്കാൾ ഉപരിയാണു് അവളെന്നു്, സൗമ്യമായ രീതിയിൽ വെളിപ്പെടുത്തപ്പെടുന്നു.

ക്ഷതംപററിയ നിരപരാധിത്വത്തിൻെറ പഠനമാണു് 'ഫിലോക്റ്റെറ്റിസ്.' ഹെർക്യുലീസിൻെറ സുഹൃത്തായിരുന്ന ഫിലോക്റ്റെറ്റിസ്, അദ്ദേഹത്തിൻെറ ബലമേറിയ വില്ലിൻെറ അവകാശിയായിത്തീരുന്നു. നിർഭാഗ്യവാനായ ആ മനുഷ്യനെ ഒരു വിഷപ്പാമ്പു കടിച്ചുണ്ടായ വ്രണം പഴുത്തു്

ഒരു സാംക്രമികരോഗം പരത്തുമെന്നു ഭീഷണിപ്പെടുത്തു മ്പോൾ, അദ്ദേഹം ഒരു ശൂന്യമായ ദ്വീപിൽ കൊണ്ടുപോയി തള്ളപ്പെടുന്നു. വർഷങ്ങൾക്കുശേഷം, ട്രോയി ആക്രമണകാലത്തു്, ഫിലോക്‌റ്റെറ്റിസും ഹെർക്യുലീസിൻെറ വില്ലും യുദ്ധക്കളത്തിലെത്തിയാൽമാത്രമെ ട്രോയി പിടിച്ചെടുക്കാൻ കഴിയൂ എന്നു് ഒരു ദൈവജ്ഞൻ അറിയിക്കുന്നു. കൗശലശാലിയായ യുലീസ്സിസ്, ദ്വീപു വിടുന്നതിനു് ഫിലോക്‌റ്റെറ്റിസിനെ പ്രേരിപ്പിക്കാൻ നടത്തുന്ന ശ്രമമാണു നാടകത്തിൽ പ്രതിപാദിച്ചിട്ടുള്ളതു്. തന്നെ ദയനീയാവസ്ഥയിൽ ക്രൂരമാംവണ്ണം അവഗണിച്ച യവനരുടെ വിജയത്തിൽ സഹായിക്കാൻവേണ്ടി ട്രോയിയിലേക്കു കൊണ്ടുപോകാനാണു ശ്രമമെന്നറിഞ്ഞാൽ കഥാനായകൻ ദ്വീപു വിടുകയില്ലെന്നതു തീർച്ചയായിരുന്നു. അതിനാൽ സ്വദേശത്തു കൊണ്ടുപോകാമെന്നാണു് അവർ അദ്ദേഹത്തോടു പറയുന്നതു്. ഗാനസംഘം ഒരു പാട്ടുപാടുന്നു. അതു രോഗിയുടെ കൺമുന്നിൽ, മീലിയൻദേവതകൾ അധിവസിക്കുന്ന സുന്ദരമായ കുന്നുകളെ ചുററിയൊഴുകുന്ന സ്വന്തം നാട്ടിലെ വിശാലമായ തോട്ടുകളിലേക്കു താൻ കപ്പലിൽ പായുന്നതായ രംഗങ്ങൾ തത്തിക്കളിപ്പിച്ചു. തട്ടിക്കൊണ്ടുപോകാനുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയായപ്പോൾ വ്രണത്തിൻെറ തീവ്രവേദന ഫിലോക്‌റ്റെറ്റിസിനെ പിടികൂടി. ഈ ചതിയിൽ വൈമുഖ്യത്തോടെ യുലീസ്സിസിൻെറ പങ്കാളിയായ അക്കില്ലിസിൻെറ പുത്രൻ, അദ്ദേഹത്തെ ശുശ്രൂഷിക്കുന്നു. ആ ഭാഗ്യഹീനൻെറ ഉപകാരസ്മരണയെ അഭിമുഖീകരിക്കാൻ കഴിയാതെ മൃദുപ്രകൃതിയായ യുവാവു് സത്യം തുറന്നുപറഞ്ഞുപോകുന്നു. ഒരു ദിവ്യമദ്ധ്യസ്ഥനായി ഹെർക്യുലീസിനെ രംഗത്തു പ്രത്യക്ഷമാക്കിയാണു് ഈ വിഷമഘട്ടം തരണംചെയ്യുന്നതു്. ട്രോയിയിലേക്കു പോകാൻ ഫിലോക്‌റ്റെറ്റിസ് സമ്മതിക്കുന്നു. മനുഷ്യനും പ്രകൃതിയുമായുള്ള മറഞ്ഞുകിടക്കുന്ന ബന്ധങ്ങൾ ആകൃതിപ്പെടുത്തുന്നതിൽ സൂക്ഷ്മമായ മനഃശാസ്ത്രനിരീക്ഷണപാടവം ദൃശ്യമാകുന്നുണ്ടു്. ദ്വീപു തനിക്കു് ഒരു കാരാഗൃഹമായിരുന്ന നീണ്ട വർഷങ്ങളിൽ ആ യോദ്ധാവു് അവിടത്തെ ശോചനീയാവസ്ഥയിലുള്ള തുറമുഖവും കടലിലേക്കു് ഉന്തിനിൽക്കുന്ന നഗ്നമായ പാറകളും

ഭയാനകമായ ശീതകാലവും പാടെ വെറുത്തിരുന്നു. എന്നാൽ അവിടെനിന്നും എന്നെന്നേയ്ക്കുമായി പിരിയേണ്ടിവരുമ്പോൾ അതുമായുള്ള ദീർഘകാലബന്ധങ്ങൾ അദ്ദേഹത്തിന്റെ മനസ്സിനെ വിസ്മയകരമാംവിധം ഇളക്കുന്നു. നിരപ്പില്ലാത്ത ഭൂമിയിൽ ആഞ്ഞടിക്കുന്ന തിരമാലകളുടെ ഭീകരമായ മുഴക്കം എങ്ങനെയോ തന്നെ പാടി ഉറക്കിയിരുന്നതും ഗുഹയിൽക്കിടന്നുറങ്ങുമ്പോൾ കാറ്റിനോടൊപ്പമെത്തിയ വെള്ളത്തുള്ളികൾ തന്റെ തലമുടികൾ നനവുണ്ടാക്കിയിരുന്നതും എല്ലാം അദ്ദേഹം അനുസ്മരിച്ചു. ദ്വീപിനെ അനുഗ്രഹിച്ചതിനു ശേഷമാണ് അദ്ദേഹം പോകുന്നത്.

'എഡിപസ് രാജാവ്'' എന്ന നാടകത്തിലെ കഥ ഇതാണ്: ഥീബ്സിലെ രാജാവായ ലയസിനും അദ്ദേഹത്തിന്റെ പത്നി ജൊക്കാസ്റ്റായ്ക്കും ഒരു വെളിച്ചപ്പാടു മുന്നറിയിപ്പു നൽകുന്നു, അവരുടെ പുത്രൻ പിതാവിനെ വധിക്കുമെന്നും മാതാവിനെ പരിണയിക്കുമെന്നും. അതിനാൽ ജനിച്ചപ്പോൾത്തന്നെ പുത്രൻ വിജനമായൊരു പർവ്വതച്ചരിവിൽ എറിയപ്പെട്ടു. എന്നാൽ ഒരു ആട്ടിടയൻ കുട്ടിയെ കണ്ടെത്തുകയും അതിനെ കോറിന്തിലേക്കു കൊണ്ടുപോകുകയും ചെയ്യുന്നു. അവിടെ, പോളിബസ്‌രാജാവും രാജ്ഞിയും അതിനെ പ്രതിഗ്രഹിക്കുന്നു. പ്രായമാകുമ്പോൾ എഡിപസ് ഈ അരുളപ്പാടിനെപ്പറ്റി അറിയാനിടവരികയും പോളിബസും പത്നിയുമാണ് തന്റെ അച്ഛനമ്മമാരെന്നു വിശ്വസിച്ച് അവിടെനിന്ന് ഓടിപ്പോവുകയും ചെയ്യുന്നു. വഴിക്ക് ഒരു വഴക്കിൽ അജ്ഞാതനായ ഏതോ മനുഷ്യനെ വധിച്ചതിനുശേഷം അദ്ദേഹം ഥീബ്സിലെത്തി. സിംഹത്തിന്റെ ശരീരവും സ്ത്രീയുടെ മുഖവുമുള്ള ഒരു പിശാചികയുടെ കീഴിൽ ഥീബ്സ് കഷ്ടപ്പെടുന്ന കാലമായിരുന്നു അത്. ആ പിശാചി പുരുഷന്മാർക്ക് ഒരു കടംകഥ ഇട്ടുകൊടുക്കുകയും ശരിയായ ഉത്തരം പറയാൻ കഴിയാത്തവരെ കൊല്ലുകയും ചെയ്തുപോന്നു. ഈ ഭാഗത്ത്, അതിസൂക്ഷ്മമായ വിവരണത്തിന്റെ പ്രവാഹത്തിൽ ഒരു നാടോടിക്കഥ കടന്നുകൂടിയതായി തോന്നുന്നു. കാരണം, കടംകഥ സാമാന്യേന സരളമാണ്: ''നാലു കാലുള്ളതും മൂന്നുകാലുള്ളതും രണ്ടു കാലുള്ളതും എന്ത്?'' കടത്തിന് ആരെങ്കിലും ഉത്തരം

പറഞ്ഞാൽ താൻ ആത്മഹത്യ ചെയ്യാമെന്നു പിശാചി സമ്മതിച്ചിരുന്നു. അതിൻെറ ഉപദ്രവം ഒഴിക്കുന്ന ആളെ അടുത്ത രാജാവാക്കാമെന്നു് ഭയചകിതരായ ജനങ്ങൾ ശപഥവും ചെയ്തു. എഡിപസ് ഉത്തരം കണ്ടുപിടിച്ചുപറഞ്ഞു: "മനുഷ്യൻ— എന്തുകൊണ്ടെന്നാൽ അവൻ കുട്ടിയായിരിക്കുമ്പോൾ നാലു കാലിലിഴയുകയും പ്രായമാകുമ്പോൾ രണ്ടുകാലിൽ നടക്കുകയും വൃദ്ധനാകുമ്പോൾ ഒരു വടികൂടി കുത്തിപ്പിടിക്കുകയും ചെയ്യുന്നു." അങ്ങനെ അദ്ദേഹം രാജാവായി. പ്രവാസത്തിലാണെന്നു വിശ്വസിക്കപ്പെട്ടിരുന്ന ലയസ് മടങ്ങാതായപ്പോൾ അദ്ദേഹം ജൊക്കാസ്റ്റയെ വിവാഹംകഴിച്ചു് നാട്ടാചാരം അനുസരിച്ചു. അൻറിഗണി, പോളിനൈക്കസ്, എറ്റിയോക്ലിസ്, ഇസ്മേനി എന്നിങ്ങനെ നാലു കുട്ടികൾ അവക്കുണ്ടായി.

നേരത്തേയുള്ള നാടകങ്ങളിൽനിന്നും വളരെ വ്യത്യസ്തസ്വഭാവമുള്ള ഈ നാടകത്തിൽ ആണു് സോഫോക്ലിസ് ആദ്യമായി ദുരന്തപ്രശ്നം ഗൗരവപൂർവ്വം കൈകാര്യംചെയ്യുന്നതു്. കൈവശമുള്ള സാമഗ്രികൾകൊണ്ടു് അദ്ദേഹം രൂപപ്പെടുത്തിയെടുത്ത ചട്ടക്കൂട്ടു് സാഹിത്യലോകത്തു നാടകാവിഷ്കരണത്തിനു് ഏററവും നല്ല മാതൃകയായി സ്വീകരിക്കപ്പെട്ടു. ഒരു സന്ദിഗ്ദ്ധഘട്ടത്തോടെയാണു് നാടകം ആരംഭിക്കുന്നതു്. ഭയങ്കരമായ ഒരു മഹാമാരി ഥീബ്സിനെ പിടികൂടുന്നു. ഭയചകിതരായ ജനങ്ങൾ കൊട്ടാരത്തിനുചുററും രക്ഷാഭ്യർത്ഥനയുമായി വന്നുകൂടി. രാജഹത്യയുടെ, വൃദ്ധനായ ലയസ്‌രാജാവിൻെറ കൊലയുടെ, ശിക്ഷയാണു് മഹാമാരിയെന്നു് ഒരു ദൈവജ്ഞൻ അറിയിക്കുന്നു. അജ്ഞാതഘാതകനെ എഡിപസ് കഠിനമായി ശപിക്കുമ്പോഴാണു് അടുത്തതായി കഥക്കു വളരെയധികം ഗതിവേഗം കിട്ടുന്നതു്. എഡിപസ്‌തന്നെയാണു് അന്വേഷിക്കുന്ന കുറ്റവാളിയെന്നു് അന്ധനാണെങ്കിലും ദൈവജ്ഞനായ റ്റിറേഷ്യസ് അദ്ദേഹത്തോടു പറയുന്നു. കഥാനായകൻെറ ഇത്തരത്തിലുള്ള പ്രവൃത്തി—കാര്യങ്ങൾ ആരാഞ്ഞറിയുന്നതിനു മുൻപുതന്നെ ക്ഷോഭിക്കുക—പിന്നീടു് നാടകഘടനയുടെ കേന്ദ്രബീജമായിത്തീരുന്നു. അതു പല രൂപങ്ങളും സ്വീകരിക്കും. എങ്കിലും അവയെല്ലാംതന്നെ, മററെല്ലാത്തരത്തിലും ശ്രേഷ്ഠനായ ഒരു കഥാപാത്രത്തിലെ കരുണാർഹമെ

ങ്കിലും ആപത്തുനിറഞ്ഞ വൈകല്യത്തിൻെറ പ്രതീകങ്ങളത്രേ. ഇവിടെ, മനുഷ്യൻ, വിധി തനിക്കു വെച്ചിട്ടുള്ളതെന്താണെന്നു മനസ്സിലാക്കാതെ, താക്കീതിനുശേഷവും, അവിവേകപൂർണ്ണമായ തീരുമാനങ്ങളിലെത്തുകയും സ്വയം ദണ്ഡിതനായിത്തീരുകയും ചെയ്യുന്നു. മാതൃകാനാടകഘടനയിലെ അടുത്ത കേന്ദ്രബിന്ദുക്കൾ, പെട്ടെന്നുള്ള ഒരു തിരിച്ചറിയലും അവസാനം, കഥാനായകൻെറ മരണത്തിലോ സമ്പൂർണ്ണനാശത്തിലോ അവസാനിക്കുന്ന ശോകപൂർണ്ണമായ പരമകാഷ്ഠയും ആണ്. കുട്ടിയെ കണ്ടെത്തിയ വൃദ്ധനായ ആട്ടിടയൻ രംഗത്തു കൊണ്ടുവരപ്പെടുന്നു. എഡിപസ് ഉടനെ പരമാർത്ഥം മനസ്സിലാക്കുകയും, അദ്ദേഹം വഴിക്കു വഴക്കിൽ വധിച്ച അപരിചിതൻ സ്വന്തം പിതാവായ ലയസ്‌രാജാവാണെന്നതു സിദ്ധമാകുകയും ചെയ്യുന്നു. തിരിച്ചറിയൽ പൂർണ്ണമാകുന്നതോടെ ജൊക്കാസ്റ്റ തൂങ്ങിമരിക്കുന്നു. ദുഃഖംമൂലം ഭ്രാന്തനായിത്തീർന്ന എഡിപസ് തൻെറ കണ്ണുകൾ ചൂഴ്ന്നെടുക്കുകയും അൻറിഗണിമാത്രം തുണയായി രാജ്യഭ്രഷ്ടനെന്നനിലയിൽ ഥീബ്സ് വിടുകയും ചെയ്യുന്നു.

'എഡിപസ് കൊളോണസി'ൽ, ഈ ദാരുണകഥയുടെ അക്ഷുണ്ണമായ ഉത്തരഭാഗമാണ്. പ്രതിപാദ്യത്തിലും പ്രതിപാദനരീതിയിലും ആദ്യംമുതൽ അവസാനംവരെ അതിലെ ഉന്നതമായ സൗന്ദര്യനിലവാരം അഭംഗുരം നിലകൊള്ളുന്നു. അല്പകാലം കഴിഞ്ഞു്, തൻെറ കുററങ്ങൾക്കു താനനുഭവിച്ച കഷ്ടപ്പാടുകൾ പരിഹാരമായിട്ടുണ്ടെന്നു് അന്ധനായ സഞ്ചാരിക്കു് ആന്തരികമായ തോന്നലുണ്ടാകുന്നു. ഇതിനിടെ അദ്ദേഹം ആഥൻസിൻെറ പരിസരത്തുള്ള കൊളോണസിൽ എത്തിയിരുന്നു. സോഫോക്ലിസ് ജനിച്ച ഗ്രാമമാണതു്. അതിൻെറ അതിമനോഹരമായ ഒരു ചിത്രം അദ്ദേഹം നൽകുന്നുണ്ടു്. "ലോകത്തിലെ ഏററവും രമണീയമായ വിശ്രമസ്ഥാനം; ഏതു കൊടുങ്കാററിലും അചഞ്ചലം; വനങ്ങളിൽ നട്ടുച്ചയ്ക്കുപോലും വെളിച്ചം കടക്കാത്തത്ര ഫലഭൂയിഷ്ഠതയും വളർച്ചയും; പക്ഷികളുടെ കളകൂജനങ്ങളാൽ മുഖരിതം." 'ഒറെസ്റ്റിയ'യിൽ രക്തനദി ഒഴുകുന്നതു നിലച്ചപ്പോൾ മംഗലദേവതകളായിത്തീർന്ന കൃത്യകൾക്കു കൊളോണസിൽ ഒരു ദേവാലയ

മുണ്ടു്. താൻ പരിശുദ്ധഭൂമിയിലാണെന്നു് എഡിപസിനു ഗാനസംഘം മുന്നറിയിപ്പു നൽകുന്നു. ദേവാലയോപവനത്തിൽ, പച്ച പുതച്ച നിമ്നുബ്ബ താഴ്‌വരയിൽ—അവിടെ ഒരു പുണ്യനദി നിശ്ചലഗർത്തത്തിലേക്കു് ഒഴുകിവീഴുന്നുണ്ടു്—ശ്രദ്ധാപൂർവ്വം നടക്കാൻ സംഘം അദ്ദേഹത്തോടു് അഭ്യർത്ഥിക്കുന്നു. അരുവിയിൽനിന്നുള്ള പരിശുദ്ധ ജലവും തേനും പത്രാവൃതമായ ഭൂമിയിൽ തൂകി, എഡിപസ് ദേവതകൾക്കു തർപ്പണം ചെയ്യുന്നു. ഇതിനിടെ, പുതിയൊരു അരുളപ്പാടിന്റെ വർത്തമാനം ഥീബ്സിൽനിന്നു് ഇസ്മേനി എഡിപസിന്റെ അടുത്തെത്തിക്കുന്നു. എഡിപസിന്റെ ശരീരം, അതു കൈവശമുള്ള രാജ്യത്തിനു ദൈവദത്തമായ രക്ഷയായിരിക്കും എന്നായിരുന്നു അതിന്റെ ഉള്ളടക്കം. അതിനാൽ അദ്ദേഹത്തെ തിരിച്ചു കൊണ്ടുവന്നു് അതിർത്തിക്കടുത്തു മരണംവരെ സൂക്ഷിക്കാനും അതിനുശേഷം അദ്ദേഹത്തിന്റെ ശവകുടീരം നിയന്ത്രണത്തിൽ വച്ചുകൊണ്ടിരിക്കാനും ഥീബ്സുകാർ ആഗ്രഹിച്ചു. പക്ഷേ, ആഥൻസിലെ തെസ്യൂസ്‌രാജാവു് അദ്ദേഹത്തിനു് അഭയംനൽകുന്നു. അതിനുശേഷം, സങ്കടങ്ങളുടെ സമാഹാരമായ ആ മനുഷ്യൻ—അദ്ദേഹത്തിന്റെ സ്വഭാവത്തിലെ അനിഷേധ്യഘടകമായ ശ്രേഷ്ഠത അവയെയെല്ലാം അതിജീവിച്ചിട്ടുണ്ടു്—കറുത്തിരുണ്ട ഉപവനത്തിലേക്കു നടന്നകലുകയും മനുഷ്യദൃഷ്ടിയിൽനിന്നു് അത്ഭുതകരമാംവിധം അപ്രത്യക്ഷമാകുകയും ചെയ്യുന്നു.

'അന്റിഗണി' യിലെ പ്രതിപാദ്യം എസ്കിലസിന്റെ 'ഥീബ്സിനെതിരെ ഏഴു പേർ' എന്ന കൃതിയിലേതുതന്നെയാണു്. ആഭ്യന്തരകലഹത്തിൽ എഡിപസിന്റെ രണ്ടു പുത്രന്മാരും അന്യോന്യം യുദ്ധംചെയ്തു കൊല്ലപ്പെട്ടതിനുശേഷം ഥീബ്സിന്റെ ഭരണാധിപനായിത്തീർന്ന, ജൊക്കാസ്റ്റയുടെ സഹോദരൻ ക്രെയോൺ, അന്റിഗണിയെ ജീവനോടെ ശവക്കല്ലറയിലടയ്ക്കുന്നു. രാജ്യം ആക്രമിച്ചതിനു രാജദ്രോഹിയായി പ്രഖ്യാപിക്കപ്പെട്ട പോളിനൈക്കസിന്റെ അവസാനകർമ്മങ്ങൾ ചെയ്തതായിരുന്നു കുററം. അന്റിഗണിയുടെ കാമുകനും ക്രെയോണിന്റെ പുത്രനുമായ ഹെമോൺ അവൾക്കുവേണ്ടി വാദിക്കാൻ ഒരു വിഫലശ്രമം നടത്തി. ആ യുവാവു് അവ

KOTTAYAM PUBLIC LIBRARY KOTTAYAM

ളുടെ ശവക്കല്ലറ പൊളിക്കുകയും അവൾ മരിച്ചതായി കണ്ടു് ആത്മഹത്യചെയ്യുകയും ചെയ്യുന്നു. കഥാപാത്രങ്ങളുടെ ചിത്രീകരണം നിറം ഒരിക്കലും മങ്ങാത്ത ചായങ്ങളുപയോഗിച്ചാണു നടത്തിയിട്ടുള്ളതു്. ക്രെയോൺ ഒരു ഏകാധിപതിയാണു്. എങ്കിലും തന്റെ രാജ്യത്തിന്റെ ക്ഷേമവും സമാധാനവും അദ്ദേഹത്തിന്റെ മനസ്സിൽ എപ്പോഴുമുണ്ടു്. ഉദ്ധതനായ അദ്ദേഹത്തിനു സ്വന്തം കല്പനയിൽനിന്നു പിന്മാറാൻ കഴിഞ്ഞില്ല. അദ്ദേഹത്തെ ശാന്തനാക്കാൻ അൻറിഗണി ഒരു സമാധാനവും നൽകുന്നില്ലെന്നുള്ളതും വാസ്തവമത്രേ. രൂക്ഷമായ വെറുപ്പോടെ അവൾ രാജാവിനെ ധിക്കരിക്കുന്നു. രക്തസാക്ഷിത്വത്തിനു മഹത്തായ ധാർമ്മികധീരത ആവശ്യമാണു്. അസഹിഷ്ണുതയുടെയും വിദ്വേഷത്തിന്റെയും സ്പർശംപോലുമുണ്ടാകാതെ അതു സൂക്ഷിക്കണം. സ്വന്തം മനഃസാക്ഷി നിർദ്ദേശിക്കുന്ന ഒരു മാർഗ്ഗം ആരും തെരഞ്ഞെടുത്തേക്കാം. എന്നാൽ എതിരെ നീങ്ങുന്ന ജനങ്ങൾ ആ വഴി അടസ്സുകയില്ലെന്നു പറയുക സാദ്ധ്യമല്ല. അവരും തങ്ങളുടെ ഏററവും ഉജ്ജ്വലമായ വെളിപാടുകളനുസരിച്ചാകാം പ്രവർത്തിക്കുന്നതു്. ഇവിടെയാണു്, സ്വന്തം ശത്രുക്കളെപ്പോലും സ്നേഹിക്കുക എന്ന ദൈവകല്പനയിൽ അടങ്ങിയിട്ടുള്ള മനഃശാസ്ത്രപരവും ആത്മീയവുമായ ഘടകങ്ങളുടെ ദുർഗ്രഹസ്വഭാവം വെളിപ്പെടുന്നതു്. അന്റിഗണി, ക്രെയോണിന്റെ നിർദ്ദേശം മനസ്സിലാക്കാൻ യാതൊരു ശ്രമവും നടത്തുന്നില്ലെന്നു മാത്രമല്ല, തന്റെ കൂടുതൽ അബലയായ സഹോദരി ഇസ്മേനിയോടു കഠിനമായി പെരുമാറുകകൂടി ചെയ്യുന്നു. ഇസ്മേനിക്കു് അൻറിഗണിയോടു ചേരുവാൻ ധൈര്യമില്ല. എങ്കിലും രഹസ്യം താനുമായി പങ്കുവയ്ക്കാൻ അവൾ പ്രാർത്ഥിക്കുന്നു. അതു രഹസ്യമായി സൂക്ഷിച്ചുകൊള്ളാമെന്നു് ഉറപ്പുകൊടുക്കുകയും ചെയ്യുന്നു. അവൾക്കു വേണമെങ്കിൽ അതു ലോകത്തോടു പ്രഖ്യാപിച്ചുകൊള്ളുവാൻ പറഞ്ഞു് അന്റിഗണി അവളെ മടക്കുന്നു. അവസാനം അവൾക്കു മരണശിക്ഷ വിധിക്കപ്പെടുകയും ഇസ്മേനി ഒപ്പം മരിക്കാൻ മുന്നോട്ടു വരികയും ചെയ്യുമ്പോൾ ഇത്ര മഹത്തായ ഒരു കാര്യത്തിനുവേണ്ടി മരിക്കാനുള്ള അവകാശം അസൂയാപൂർവ്വം അവളിൽനിന്നു് ഒളിച്ചുവയ്ക്കുകയാണു് അന്റിഗണി

ചെയ്യുന്നതു്. കഥാപാത്രങ്ങളെ ആവിഷ്ക്കരിക്കുന്നതിലുള്ള നാടകകൃത്തിന്റെ ഈ തികഞ്ഞ സമ്പൂർണ്ണത, പാരമ്പര്യത്തോടുള്ള ക്രെയോണിന്റെ കൂറിൽ സഹതപിക്കവേതന്നെ അനുഭവജ്ഞാനത്തിന്റെ അല്പംകൂടി ഉന്നതമായ തലത്തിലേക്കു് ഉയരാനുള്ള അദ്ദേഹത്തിന്റെ കഴിവുകേടിൽ പരിതപിക്കാനും, അന്റിഗണിയുടെ രക്തസാക്ഷിത്വത്തിനു് ആദരങ്ങൾ അർപ്പിക്കാൻ നമ്മുടെ ഹൃദയം തുനിയുമ്പോഴും അവളിൽ ശേഷിക്കുന്ന കുററങ്ങൾ കാണാനും, നമ്മെ കഴിവുള്ളവരാക്കുന്നു.

സോഫോക്ലിസ് ഇത്ര സമ്പന്നനായിരുന്നില്ലെങ്കിൽ കുറേക്കൂടി മഹാനായ തത്വജ്ഞാനിയാകുമായിരുന്നുവെന്നു് അദ്ദേഹത്തിന്റെ ഒരു വിമർശകൻ പറഞ്ഞിട്ടുണ്ടു്. ഇതു കുറെ നിർദ്ദയമാണു്. എങ്കിലും തന്റെ ഉന്നതനിലമൂലം അദ്ദേഹം ബോധപൂർവ്വമല്ലെങ്കിലും അഗാധമായി, വിശ്വാസങ്ങളുടെയും മൂല്യങ്ങളുടെയും പരമ്പരാഗതമായ, മാമൂലനുസരിച്ചുള്ള ചട്ടക്കൂട്ടിൽ പെട്ടുപോയിരുന്നു എന്നതു വാസ്തവമത്രേ. യുക്തിവാദപ്രസ്ഥാനത്തിന്റെ ഉച്ചകാലത്തു്, സോഫോക്ലിസിന്റെ ജനനശേഷം ജനിക്കുകയും മരണത്തിനുമുൻപു മരിക്കുകയും ചെയ്ത യൂറിപ്പിഡിസ് മനുഷ്യജീവിതത്തെപ്പററി ഏററവും വിപ്ലവകരമായ ചില അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി. എന്നാൽ സോഫോക്ലിസിന്റെ സ്വഭാവവും സ്ഥിതിയും തികച്ചും മാമൂൽവിരുദ്ധമായ പരിഹാരങ്ങളിൽനിന്നു് അദ്ദേഹത്തെ പിന്നോക്കം പിടിച്ചുനിർത്തുകയാണുണ്ടായതു്. ഈ വസ്തുത, അദ്ദേഹത്തെ താഴ്ത്തിക്കാണിക്കാൻ നമ്മെ പ്രേരിപ്പിക്കാനനുവദിച്ചാൽ അതു് അപകടകരമായിരിക്കും. ഭാഷാരീതി മനസ്സിലെ വികാരങ്ങളെ പ്രതിഫലിപ്പിക്കുന്നു. അദ്ദേഹത്തിന്റെ ഭാവോജ്ജ്വലമായ ശൈലിയും അതിലെ ശുദ്ധമായ വചോവിന്യാസവും സ്വരവിശേഷത്തിന്റെ ദുർലഭമായ അന്തസ്സും ജീവിതയാഥാർത്ഥ്യങ്ങളെ ഉയരെനിന്നു നോക്കിക്കണ്ടു പഠിക്കാൻ കഴിവുള്ള പ്രൗഢമായ മനസ്സിന്റെ ഉടമസ്ഥനാണു് അദ്ദേഹമെന്നു വെളിപ്പെടുത്തുന്നു. മററു നാടകകൃത്തുക്കളെപ്പോലെ അദ്ദേഹത്തിനും മാനവഭാഗധേയമെന്ന പ്രശ്നത്തെ നേരിടേണ്ടിയിരുന്നു. മററുള്ളവർ അവയ്ക്കു മററു പരിഹാരങ്ങൾ കണ്ടുപിടിച്ചുവെന്നതു് അദ്ദേഹത്തിന്റെ ആകെ

ക്കൂടിയുള്ള ജീവിതവീക്ഷണത്തിന്റെ മേന്മയെ ഒരുതരത്തിലും താഴ്ത്തുന്നില്ല.

ജീവജാലങ്ങളുടെയും അവയുടെ പദവിയുടെയും നശ്വരത അദ്ദേഹത്തിൽ മായാത്ത മുദ്ര പതിപ്പിച്ചു. ആഥൻസിലെ രാജാവിനോട്ട് എഡിപസ് പറയുകയാണു്:

"സ്വർഗ്ഗത്തിലെ ദേവന്മാർക്കുമാത്രം വാർദ്ധക്യമുണ്ടാകുന്നില്ല; മരണമുണ്ടാകുന്നില്ല. മറ്റെല്ലാററിനെയും നമ്മുടെ യജമാനനായ കാലം നശിപ്പിക്കുന്നു. ഭൂമിയുടെ ശക്തി മങ്ങുന്നു; മനുഷ്യൻെറ യശസ്സും. മനുഷ്യരുടെ പൊതുനിരത്തുകളിലൊ അവൻെറ ഹൃദയത്തിൻെറ നിഗൂഢസ്ഥാനങ്ങളിലൊ ഒരേ കാറ്റ് എപ്പോഴും അടിച്ചുകൊണ്ടിരിക്കുന്നതു കാണാൻ ആർക്കു കഴിയും?"

ഈ നശ്വരതയേക്കാൾ ഇരുണ്ടതാണു് മനുഷ്യൻെറ ഭദ്രതയില്ലായ്മ; ഭാഗ്യചക്രത്തിന്റെ അനിശ്ചിതമായ തിരിച്ചിൽ. ഗാനസംഘത്തിൻെറ ഈ വാക്കുകളോടെയാണു് 'അജാക്സ്" സമാപിക്കുന്നതു്:

"നേരിൽ കാണുന്നതുവരെ നാം ഒന്നും അറിയുന്നില്ല. മനുഷ്യൻെറ പ്രവചനശേഷി അത്ര അശക്തമാണു്. വിധി നിനക്കെന്താണു കൊണ്ടുവരുന്നതെന്നു് കാലം പഠിപ്പിക്കുന്നതുവരെ നീയൊന്നും തീരുമാനിക്കരുതു്."

ഇതേ ചിന്താഗതി 'ട്രാക്കിനിയൻ തരുണിമാർ' എന്ന കൃതിയിൽ ആവർത്തിക്കുന്നു:

"ഇന്നു് ഐശ്വര്യപൂർവ്വം കൊഴിഞ്ഞുപോകുന്നതുവരെ നാളെ എന്നൊന്നില്ല."

'എഡിപസ് രാജാവു്" എന്ന കൃതിയുടെ അവസാനത്തിലും ഗാനസംഘം ഇതേ പരിദേവനം പ്രതിധ്വനിപ്പിക്കുമ്പോൾ, ജീവിതത്തെപ്പററിയുള്ള അവസാനത്തെ മോഹവിമുക്തമായ വിധിയാണിതെന്നു തോന്നിപ്പോകും. സോഫോക്ലിസിൻെറ യാഥാസ്ഥിതികത്വത്തിനു് ഈ ദുഃഖൈകദൃഷ്ടിത്വഭാരത്തിൻെറ ആയാസം താങ്ങാൻ കഴിയുന്നില്ല. വിഷബാധയേററു വളഞ്ഞുപുളയുന്ന ഹെർക്യൂലീസിനെപ്പററി അദ്ദേഹത്തിൻെറ സ്നേഹിതൻ പാടുന്ന ദുഃഖഗീതിയാണിതു്:

"നാം നിരപരാധികളാണു്"; എങ്കിലും ഒന്നു തീൎത്തു പറയാം—ദൈവങ്ങൾ നിർദ്ദയരത്രേ. അവർ കുഞ്ഞുങ്ങളെ സൃഷ്ടിക്കുന്നു; പിതാവെന്ന നിലയിൽ ആരാധന ആവശ്യപ്പെട്ടുകയും ചെയ്യുന്നു. പക്ഷേ, ഇത്തരം കഷ്ടപ്പാട്ടുകളിൽ അവർ ഉദാസീനരാണു്."

എന്നാൽ ഈ അഗാധതകളിൽനിന്നുള്ള വിഷമകരമായ കരകയററത്തിൽ സോഫോക്ലിസിൻെറ ചിന്ത വിജയിക്കുന്നു. മാറിമാറി വരുന്ന വെളിച്ചവും നിഴലും സന്തോഷവും സന്താപവും പുഞ്ചിരിയും കണ്ണുനീരുംകൊണ്ടു് ജീവിതത്തിന്റെ വിചിത്രമായ ഇഴകൾ അദ്ദേഹം നൂറെറടുക്കുന്നു. ഏറ്റവുമധികം നീണ്ട രാത്രിപോലും സൂര്യോദയത്തിന്റെ മുന്നോടിയാണു്. കൊടുങ്കാറ്റുകൾക്കു് എന്നും അവിരാമം അടിച്ചുകൊണ്ടിരിക്കുക അസാധ്യമത്രേ. ഒടുവിൽ, കാറ്റു ക്ഷീണിക്കുമ്പോൾ ഇളകിയുയരുന്ന സമുദ്രം കുളംപോലെ ശാന്തമാകുന്നു. ശൂന്യമായ ശീതമഞ്ഞു് സുന്ദരമായ വസന്തത്തിൻെറ പുഷ്പമയമായ വരവിനു വഴിമാറിക്കൊടുക്കുന്നു. വിധി നിരപരാധിയെ ക്രൂരമാംവണ്ണം ഉപദ്രവിക്കുന്നുണ്ടെങ്കിൽ അതു വിചിത്രമായ പ്രായശ്ചിത്തങ്ങൾ ചെയ്യുന്നതായും കാണാം. ജീവിതത്തിൻെറ വസന്തകാലത്തു്, തൻെറ ശക്തിയുടെ പാരമ്യത്തിൽ, എഡിപസ് ഥീബ്സിനെ പിശാചിൻെറ പിടിയിൽനിന്നു രക്ഷിക്കുന്നു. എന്നാൽ വിധി അദ്ദേഹത്തെ വഞ്ചിക്കുന്നു. അന്ധനും രാജ്യഭ്രഷ്ടനുമായി അദ്ദേഹത്തിന്നു നഗരം വിടേണ്ടിവരുന്നു. അദ്ദേഹത്തിൻെറ കഷ്ടപ്പാട്ടുകൾ നിഗൂഢാൎത്ഥമുള്ള ഒരു കടംകഥയാണു്. കാരണം, പിതൃഹത്യക്കും നിഷിദ്ധബന്ധത്തിനുമുള്ള ശിക്ഷയായി അവയെ പരിഗണിക്കുക വയ്യ. ഈ അപരാധങ്ങൾ വിധിതന്നെ വിധിച്ചു് അദ്ദേഹത്തിൻെറമേൽ അടിച്ചേല്പിക്കുകയാണല്ലോ ഉണ്ടായതു്. നമ്മിൽ പലക്കുംപോലെതന്നെ സോഫോക്ലിസിനും എല്ലാ കഷ്ടപ്പാട്ടുകളെയും കാൎയ്യകാരണസഹിതം ന്യായീകരിക്കാൻ വിഷമം അനുഭവപ്പെട്ടുന്നു. മനുഷ്യൻെറ ഭാഗധേയത്തിൽ യുക്തിവിരുദ്ധമായ എന്തോ അവശേഷിക്കുന്നതായി തോന്നുന്നു. എങ്കിലും കഷ്ടപ്പാട്ടുകളോടെ കഥ അവസാനിക്കുന്നില്ല. അതു വിസ്മയകരവും വിചിത്രവുമായ ഫലങ്ങൾ നൽകുന്നു. കൊളോണിസിലെത്തുന്ന രാജ്യ

ഭ്രഷ്ടനായ വൃദ്ധൻ, ഥീബ്സ് ഭരിച്ച രാജാവുമായി താരതമ്യപ്പെടുത്തുമ്പോൾ, ഭാഗ്യത്തിൽ വളരെ താഴെയായിരിക്കാം. പക്ഷേ, മാനസികനിലയിൽ അദ്ദേഹം അസാമാന്യമായ വളർച്ച് നേടിയിട്ടുണ്ട്. പഴയ സാഹസബുദ്ധി വിധിയുടെ വിചിത്രങ്ങളായ ഉപഹാരങ്ങൾ സ്വീകരിക്കാനുള്ള പക്വതയ്ക്കു വഴിമാറിക്കൊടുക്കുന്നു. അവസാനം, മരണസമയം യുവത്വത്തിലേക്കാൾ എത്രയോ ഗണ്യമായവിധം അധികമായി എഡിപസ് വീണ്ടും സാമ്രാജ്യങ്ങളുടെ രക്ഷിതാവായിത്തീരുന്നു. അദ്ദേഹത്തിൻെറ ശവകുടീരം പൗരജീവിതശാന്തിക്ക് ഒരു ആരാധനാലയവും.

ഭാഗ്യചക്രം പ്രവചിക്കാനാവാത്ത രീതിയിലാണു കറങ്ങിക്കൊണ്ടിരിക്കുന്നതെങ്കിലും, മാനവതേജസ്സിനു കൊടുങ്കാറ്റുകളെ മനഃസ്ഥൈര്യത്തോടെ നേരിടാൻ കഴിയുമെന്നും, അതു പലപ്പോഴും അവയെ അന്വേഷിച്ചു കണ്ടുപിടിച്ച് അഭിമുഖീകരിക്കുന്നുണ്ടെന്നും, സോഫോക്ലിസ് മനസ്സിലാക്കുന്നു. അന്റിഗണിയുടെയും കാമുകൻെറയും മരണം, രക്തസാക്ഷിത്വത്തിൻെറ പരമമായ ബലവും സത്യവും, തെളിയിക്കുന്നതു് മരണത്തെ അഭിമുഖീകരിക്കുമ്പോൾ അടിയറവുപറയാൻ വിസമ്മതിക്കുന്ന അതിഭീമമായ ശക്തിസത്ത ജീവിതത്തിൽ അടങ്ങിയിരിപ്പുണ്ടെന്നത്രേ. മരിക്കുന്നതു വ്യക്തിയാണു്. മരണത്തിൻെറ രീതിയും സമയവും ഭാവിതലമുറകൾക്കു കൂടുതൽ ആനന്ദകരമായൊരു ജീവിതത്തിൻെറ പ്രതീകവും ഉറപ്പും ആയിത്തീരാം. മരണത്തിൻെറ മുന്നിൽ, കൂടുതൽ ഉന്നതമായൊരു ജീവിതത്തിൻെറ ഈ സാക്ഷാൽക്കാരമാണു് ക്രെയോണും അൻറിഗണിയുമായുള്ള സംഘട്ടനത്തിന്നു് അതിൻെറ അഗാധമായ അനുരണനം നൽകുന്നതു്.

ക്രെയോൺ:—ഥീബ്സിലെ ഒരാളും നിൻെറ ദൃഷ്ടിയിലൂടെ ഇക്കാര്യം കാണുന്നില്ല.

അന്റിഗണി:—കാണുന്നുണ്ടു്; പക്ഷേ, നിങ്ങളുടെ ഇച്ഛാനുസരണം അവർ തങ്ങളുടെ ശബ്ദം നിയന്ത്രിക്കുന്നുവെന്നേയുള്ളു.

ക്രെയോൺ:—ഒറ്റയ്ക്കു പ്രവർത്തിക്കുന്നതിൽ നിനക്കു ലജ്ജയുണ്ടായിരുന്നില്ലേ, ലജ്ജയില്ലേ?

അന്റിഗണി:—ഒരു സഹോദരിയുടെ സ്നേഹത്തിൽ ലജ്ജിക്കാൻ യാതൊന്നുമില്ല.

ക്രെയോൺ:—എററിയോക്ലിസ്സും നിൻെറ സഹോദരനായിന്നില്ലേ?

അന്റിഗണി:—ഒരേ മാതാപിതാക്കളുടെ രക്തത്തിൽനിന്നുണ്ടായ, എൻെറ യഥാൎത്ഥ സഹോദരൻതന്നെ.

ക്രെയോൺ:—ഈ പ്രവൃത്തി അവനോടുള്ള സ്നേഹമില്ലായ്മയാണു്.

അന്റിഗണി:—മൺമറഞ്ഞ അവൻ ആ വാക്കുകൾ സ്ഥിരീകരിക്കുകയില്ല.

ക്രെയോൺ:—അവന്റെ ആത്മശാന്തി നീ കെടുത്തിയാൽ...

അന്റിഗണി:—അവന്റെ സഹോദരനാണു്, ഒരു അടിമയല്ല, മരിച്ചുവീണതു്.

ക്രെയോൺ:—പക്ഷേ, എറ്റിയോക്ലിസ് ഏതു ഭൂമിക്കുവേണ്ടി പടവെട്ടിയോ ആ ഭൂമി പോളിനൈക്കസ് നശിപ്പിച്ചു.

അന്റിഗണി:—മരണം വ്യത്യാസമൊന്നും കൂടാതെ തൻെറ അവകാശം ആവശ്യപ്പെടുന്നു.

ക്രെയോൺ:—എന്നാലും നന്മയ്ക്കും തിന്മയ്ക്കും ഇടയിൽ സമത്വമില്ല.

അന്റിഗണി:—അങ്ങു്, അവിടെ, രണ്ടും സമമായിരിക്കാം. ആക്കറിയാം അല്ലെന്നു്?

ക്രെയോൺ:—മരണത്തിൽപ്പോലും ഒരു ശത്രു വെറുക്കപ്പെടുന്നു.

അന്റിഗണി:—സ്നേഹമാണു്, വെറുപ്പല്ല, എൻെറ ധൎമ്മം.

ആന്തരാത്മാവിൻെറ ഏറ്റവും ആത്മാൎത്ഥമായ ഉപദേശം ഏതു യുഗത്തിലും പരമ്പരാഗതമായ നീതിശാസ്ത്രത്തോടു യോജിക്കുന്നതാവില്ല. കാരണം, അവ തമ്മിൽ എപ്പോഴും ഗൗരവതരമായ സംഘട്ടനത്തിൽ ഏൎപ്പെട്ടുകൊണ്ടിരിക്കുന്നു. നേരേ മറിച്ചു്, സംസ്കാരത്തിൻെറ സ്ഥായിയായ മൂല്യങ്ങൾ ഈ ആന്തരികനിയമം അനുസരിക്കാതെ കെട്ടിപ്പടുക്കുക വയ്യ. മാനവചരിത്രവും അതിൻെറ അൎത്ഥവും സംബന്ധിച്ച സോഫോക്ലിസിൻെറ വീക്ഷണഗതിയുടെ ഏററവും സുന്ദരമായ സമാ

ഹരണം, ഒരുപക്ഷേ, 'അന്റിഗണി'യിലെ സംഘഗാനമാണ്. മനുഷ്യൻെറ കഥ അതു വിശദമായി വരച്ചുകാട്ടുന്നു. പോളിനൈക്കസിൻെറ അന്ത്യകർമ്മങ്ങൾ—രാജാധികാരം ഇവയെ നിരോധിച്ചിരുന്നു—ആരോ നിർവ്വഹിച്ചുവെന്നു് കേൾക്കുമ്പോഴാണു ഗാനസംഘം ആ ഗാനം ആലപിക്കുന്നതു്. നാഗരികതയെ നിലനിൎത്തിക്കൊണ്ടുപോകുന്ന ധർമ്മശാസ്ത്രത്തിൻെറ പാവനതയെ പ്രശംസിക്കവേതന്നെ, ഒരു പ്രത്യേക സമുദായത്തിൻെറ ആചാരങ്ങളിലടങ്ങിയിട്ടുള്ള അപൂർണ്ണമായ വീക്ഷണത്തെ പരമധർമ്മമായി വിഭാവനം ചെയ്യുന്നില്ലെന്ന വസ്തുതയിലാണു് ഗാനത്തിൻെറ നാടകീയശക്തി സ്ഥിതിചെയ്യുന്നതു്. ചരിത്രത്തിലെ എല്ലാ കാലഘട്ടങ്ങളും ഈ തെറ്റുവരുത്താനിടയുണ്ടു്. അതിനാൽ ഈ ഗാനത്തിൻെറ ഗഹനങ്ങളായ സൂചനകൾക്കു ശാശ്വതമായ സാധുതയുണ്ടു്. നാടകത്തിൽത്തന്നെ, സംഭവഗതികൾ ധർമ്മത്തിൻെറ പാവനതയെ വീണ്ടും വീണ്ടും ദൃഢീകരിക്കുന്നു. എന്നാൽ ഗാനസംഘത്തിൻെറ ദൃഷ്ടിയിൽപ്പെടുന്ന ഇടുങ്ങിയ ലോകത്തിലും അതു പ്രതിനിധീകരിച്ചിരുന്ന സമുദായത്തിലും എത്രയോ അധികം വിശാലമായ മണ്ഡലങ്ങളിൽ ആ വ്യാഖ്യാനത്തിനു സാധുതയുണ്ടു്.

"ഈ ലോകത്തിലെ അത്ഭുതങ്ങൾ അസംഖ്യമാണു്. എങ്കിലും മനുഷ്യനേക്കാൾ അത്ഭുതപൂർണ്ണമായി മറെറാന്നുമില്ല. കൊടുങ്കാററിലാൎത്തലയ്ക്കുന്ന കടൽ അവൻെറ കപ്പലുകൾക്കു കീഴടങ്ങുന്നു. ഉന്നതമായ പർവ്വതനിരകൾ അവൻ കയറിക്കടക്കുന്നു. പാവനവും സീമാതീതവുമായ ഭൂമി തിളങ്ങുന്ന ഉഴവുചാലുകളാൽ അലംകൃതമാണു്. അവൻെറ കലപ്പയും കുതിരകളുടെ പരിശ്രമവും അവയെ വർഷംതോറും പുതുക്കിക്കൊണ്ടിരിക്കുന്നു.

"കാട്ടിലൊളിക്കുന്ന വന്യമൃഗങ്ങളെയും പറന്നു പാടുന്ന കാട്ടുപറവകളെയും ആഴിയുടെ അടിത്തട്ടു പ്രകാശമാനമാക്കിക്കൊണ്ടു കളിച്ചുപുളയ്ക്കുന്ന മത്സ്യക്കൂട്ടങ്ങളേയും മനുഷ്യൻ പാട്ടിലാക്കുന്നു. നീണ്ട കുഞ്ചിരോമങ്ങളോടുകൂടിയ കാട്ടുകുതിരയും മലഞ്ചരുവുകളിലെ മൃഗരാജനും അവനു്

അടിമപ്പെട്ടുന്നു. അവന്റെ ഭാരമേറിയ നുകം കാട്ടുകാളയുടെ ബലിഷ്ഠകണ്ഠത്തിൽ തഴമ്പ് ഏല്പിച്ചിട്ടുണ്ട്.

"വാക്കുകളും വായുവേഗത്തിലുള്ള ചിന്തയും മനുഷ്യൻ തന്റെ നന്മക്കു പ്രയോജനപ്പെടുത്തുന്നു. അവൻ കൗശലശാലിയാണ്. മഞ്ഞുകാലത്തിന്റെ മാരകമായ ബാണങ്ങളെയും ശൈത്യമഴകളുടെ കൂർത്ത കുന്തങ്ങളേയും നേരിടാനുള്ള സാമർത്ഥ്യം അവനുണ്ട്. എല്ലാ കൊടുങ്കാററുകളിൽനിന്നും അവൻ സുരക്ഷിതനാണ്—ഒന്നൊഴികെ: മരണക്കൊടുങ്കാററിനെ നേരിടാൻ അവനു കഴിവില്ല!

"എല്ലാററിനെയും വെല്ലുന്ന സൂക്ഷ്മമായ ബുദ്ധിശക്തി! നന്മയും തിന്മയും ഒരുപോലെ പ്രവർത്തിക്കുന്ന മനുഷ്യഭാഗധേയം! ധർമ്മാനുസാരിയായിരിക്കുമ്പോൾ എത്ര അഭിമാനപൂർവ്വമാണ് അവന്റെ നഗരം നിലകൊള്ളുന്നത്? ധർമ്മം വിസ്മരിക്കപ്പെട്ടുമ്പോഴോ? ധർമ്മത്തെ ധിക്കരിക്കുന്ന മനുഷ്യന് ഒരിക്കലും എന്റെ ഭവനത്തിൽ ആശ്രയം ലഭിക്കാതിരിക്കട്ടെ! അവന്റെ ചിന്തകൾ എന്റെ ചിന്തകളാണെന്നു പറയുവാൻ ഒരിക്കലും ഇടവരാതിരിക്കട്ടെ!"

ധർമ്മത്തിന്റെ പാവനവും ശിക്ഷാദായകവുമായ ശക്തിയെ കീർത്തിച്ച്, അധർമ്മത്തെ അപലപിക്കുമ്പോൾ, ഗാനസംഘം വിവക്ഷിക്കുന്നത് രാജ്യദ്രോഹിക്ക് മരണാനന്തരക്രിയകൾ നടത്തിയ ആളുടെ സാഹസമാണ്. അതു സാഹസമോ, അഥവാ, സമുദായാചാരത്തിനു വിരുദ്ധമെങ്കിലും അതിപാവനമായ ധർമ്മമോ, എന്നുള്ള ചോദ്യത്തിനു നാടകകർത്താവു നൽകുന്ന ഉത്തരം, ഗാനസംഘത്തിനു കണ്ണെത്താൻകഴിയാത്ത നിലവാരത്തിലേക്കുയരുന്ന അദ്ദേഹത്തിന്റെ വീക്ഷണഗതിയെ തെളിച്ചുകാട്ടുന്നു. അന്തിമവിശകലനത്തിൽ, ഈ സംഘഗാനത്തിന്റെ നാടകീയധർമ്മം ഒളിഞ്ഞുകിടക്കുന്നത്, പ്രതിപാദിക്കുന്ന സത്യം ഉച്ചരിക്കുന്നവർ ഉദ്ദേശിച്ചതിനു വിപരീതമായ വിധത്തിലാണ് സാധു ആകുന്നത് എന്നുള്ളതിലാണ്.

## അദ്ധ്യായം ഏഴ്

# യൂറിപ്പിഡിസ്

പാരമ്പര്യത്തിൻെറ നിശ്ചിതപരിധിയിൽ, അഞ്ചാം നൂററാണ്ടിലെ യുക്ത്യധിഷ്ഠിതമായ ചിന്താപ്രസ്ഥാനത്തിനു വഴങ്ങാതെ നില്ക്കുകയാണു്, സോഫോക്ലിസ്. നേരേമറിച്ചു്, ആ പ്രസ്ഥാനത്തിൻെറ ഏററവും ശക്തിമത്തായ കാഹളം യൂറിപ്പിഡീസ് (ക്രി. മു. 480—406) ആയിരുന്നു.

ആക്രമണോദ്യുക്തരായി അററിക്കായിലേക്ക നീങ്ങിക്കൊണ്ടിരുന്ന പേർസ്യൻസേനയുടെ കരിനിഴലിൽനിന്നും, യൂറിപ്പിഡീസിൻെറ മാതാപിതാക്കന്മാർ സലാമിസ്ദ്വീപിലേക്കാണു് ഓടിരക്ഷപ്പെട്ടതു്. അവിടെയാണു് യൂറിപ്പിഡീസിന്റെ ജനനം. തന്റെ ജീവിതത്തിലെ ഭൂരിഭാഗവും അദ്ദേഹം ആ ദ്വീപിൽത്തന്നെയാണു കഴിച്ചുകൂട്ടിയതു്. അവിടത്തെ ഏകാന്തതയും പ്രശാന്തസൗന്ദര്യവും അദ്ദേഹത്തിൻെറ ധ്യാനസ്വഭാവത്തോടു പരിപൂർണ്ണമായും ഇണങ്ങിനില്ക്കുന്നതായിരുന്നു. ഒരു ദാർശനികവിദ്യാർത്ഥിയായിരുന്നു, യൂറിപ്പിഡീസ്. ഗ്രീസിൽ ഒന്നാമതായി സ്വന്തമാവശ്യത്തിനുവേണ്ടി ഭേദപ്പെട്ട ഒരു ഗ്രന്ഥശാല സംഭരിച്ചതു് അദ്ദേഹമാണു്. അദ്ദേഹം സോക്രട്ടീസിൻെറ ഒരുററ ചങ്ങാതിയായിരുന്നു. യൂറിപ്പിഡീസിൻെറ നാടകങ്ങൾ കാണുവാൻ താനെത്രദൂരം വേണമെങ്കിലും നടക്കാൻ തയ്യാറാണെന്നു് ആ സ്ഥൂലഗാത്രനായ ചിന്തകൻ പറയുകയുണ്ടായിട്ടുണ്ടു്.

പതിനെട്ടാംനൂററാണ്ടിൽ ഫ്രാൻസിലുണ്ടായ നവോത്ഥാനത്തെപ്പോലെ, ഗ്രീസിലെ യുക്തിമാർഗ്ഗപ്രസ്ഥാനവും പരമ്പരാഗതങ്ങളായ വിശ്വാസങ്ങളുടെ നിഷേധമായിരുന്നു. യൂറിപ്പിഡീസ് എഴുതിയ എഴുപത്തഞ്ചുനാടകങ്ങളിൽ, കാലത്തെ അതിജീവിച്ച ആ പതിനെട്ടെണ്ണവും, സാങ്കല്പികചിന്തകളിൽനിന്നകന്നതും, ജീവസ്സുള്ള മാംസത്തിൽ പൊതിഞ്ഞതുമായ ഒരു സ്വതന്ത്ര്യുക്തിചിന്തയുടെ മൂർത്തീകരണങ്ങ

ളായിരുന്നു. ശകുനങ്ങൾ, കോഥരങ്ങൾ തുടങ്ങിയ പാരമ്പയ്യത്തിൻെറ ഉപകരണങ്ങളെയെല്ലാം അദ്ദേഹം തിരസ്കരിച്ചു. വെളിച്ചപ്പാടിനെ, ''സ്വല്പം സത്യവും ധാരാളം കള്ളവും പറയുന്ന ഒരാൾ'' എന്നിങ്ങനെയാണദ്ദേഹം വിശേഷിപ്പിച്ചതു്. അത്ഭുതകമ്മങ്ങൾക്കു സ്വാതന്ത്ര്യയുക്തിചിന്താമാർഗ്ഗത്തിലൂടെയാണദ്ദേഹം വിശദീകരണം നൽകിയതു്. തൻെറ ഭത്താവിൻെറ ജീവിതത്തെ കുറെക്കൂടി നീട്ടിക്കൊണ്ടുപോവാനായി സ്വയം മരിക്കാൻ തയ്യാറായ പതിഭക്തയായ ഒരു രാജ്ഞിയുടെ കഥയാണു് 'അൽസെസ്റ്റസ്'' എന്ന കൃതിയിൽ അദ്ദേഹം കൈകായ്യം ചെയ്തിരിക്കുന്നതു്. ഈ കഥതന്നെ, ഐതിഹ്യത്തിൽ, ഹെർക്യൂലിസ് കാലനോടു സമരംചെയ്ത് അൽസെസ്റ്റിസിനെ മരണത്തിൽനിന്നും വിമോചിപ്പിക്കുന്നതായി വണ്ണിച്ചിരിക്കുന്നു. യൂറിപ്പിഡിസാകട്ടെ, രാജ്ഞി യഥാത്ഥത്തിൽ മരിച്ചിട്ടില്ലായിരുന്നുവെന്നും അവരെ ജീവനോടെ ശവക്കുഴിയിൽ മൂടിയതാണെന്നുമുള്ള ഭേദഗതിയോടുകൂടിയാണു തൻെറ കഥ കെട്ടിപ്പടുത്തിരിക്കുന്നതു്. ഐതിഹാസികകഥകളിലെ ചില ദേവതമാരുടെ സംശയാത്മകമായ സ്വഭാവത്തെ വെട്ടിത്തുറന്നു പറയാനുള്ള ധൈയ്യമുണ്ടായിരുന്നു, അദ്ദേഹത്തിനു്. 'അയോൺ' എന്ന നാടകം അതിനുദാഹരണമാണു്. അപ്പൊളോ ഒരു രാജകുമാരിയെ ബലാത്സംഗം ചെയ്തതിൽനിന്നുണ്ടായ സന്താനമാണു്, അയോണിയൻവഗ്ഗങ്ങളുടെ ഐതിഹ്യപ്രകാരമുള്ള സ്ഥാപകനായ അയോൺ. ആ രാജ്ഞി പിന്നീടു് ഒരു രാജാവിനെ വിവാഹം ചെയ്യുന്നു. കഥാനായകനേയും അമ്മയേയും തമ്മിൽ യോജിപ്പിക്കണമല്ലോ. അപ്പൊളോ, ആ രാജാവിൻെറ കഴിഞ്ഞകാലത്തിലെ ഒരു കടന്ന പ്രവൃത്തിയിൽനിന്നുമുണ്ടായ മകനാണു് അയോൺ എന്നു പ്രവചിക്കുകയാണു്. ആ പാവപ്പെട്ട രാജാവാകട്ടെ, കുമാരനെ ദത്തെടുക്കുന്നതു നന്നായിരിക്കുമെന്നു ഭായ്യയെ പറഞ്ഞു മനസ്സിലാക്കാൻ പാടുപെടുന്നു. പക്ഷേ, സമത്ഥമെങ്കിലും സംശയാത്മകമായ ഈ സൂത്രത്തിൻെറ പൊരുൾ, അയോണിന്നറിയാൻകഴിഞ്ഞു. ''എന്തു്, വന്ദ്യനായ ദേവനും പച്ചക്കള്ളം പറഞ്ഞുവെന്നോ?'' അയാൾ സ്വയം ചോദിച്ചു.

'അയോണി'ൽ തുടങ്ങിവെച്ച ഈമാതിരി ദൈവനിന്ദ

നത്തിൻെറ സ്വഭാവം കൂട്ടതൽ പ്രകടമായിത്തുടങ്ങിയതു്, യൂറിപ്പിഡിസും പൊതുജനങ്ങളുമായുള്ള ബന്ധത്തിൽ ഉരസൽ സൃഷ്ടിച്ചു. ഒരംശംമാത്രം കണ്ടുകിട്ടിയ അദ്ദേഹത്തിൻെറ 'മെലാനിപ്പി' എന്ന നാടകത്തിൻെറ തുടക്കം, അമ്പരപ്പിക്കുന്ന ഒരു കീത്തനത്തോടുകൂടിയാണു്.

"അല്ലയോ സ്യൂസ്, അങ്ങനെയൊരാളുണ്ടെങ്കിൽ...കാരണം എന്നിക്കദ്ദേഹത്തെപ്പറ്റി കേട്ടുകേൾവിയേയുള്ളു..."

ഈ നാടകത്തിലെ ആദ്യത്തെ വരികളെത്തന്നെ പ്രതിഷേധിച്ചുകൊണ്ടു പ്രേക്ഷകർ സഭയിൽനിന്നു ചാടിയെണീററതായറിയുന്നു. 'ഹിപ്പോളിററസ്' എന്ന നാടകത്തിൽ, തൻെറ ഭത്താവിൻെറ ആദ്യത്തെ ഭായ്യയിലുള്ള പുത്രനെ പ്രേമിക്കയാണു്, ഫീഡ്ര. തൻെറ പ്രേമാഭ്യത്ഥന നിരസിക്കപ്പെട്ടപ്പോൾ, തന്നെ ഹിപ്പോളിററസ് ബലാത്സംഗം ചെയ്തുവെന്ന ഒരാരോപണവും നടത്തിക്കൊണ്ടു് ഫീഡ്ര ആത്മഹത്യ ചെയ്യുന്നു. ഹിപ്പോളിററസിനെ അച്ഛൻ നാടുകടത്തുന്നു. അദ്ദേഹം തേരിൽ അങ്ങനെ കടൽത്തീരത്തുകൂടെ പോയിക്കൊണ്ടിരിക്കെ, തിരമാലകളിൽനിന്നും പൊങ്ങിവന്ന ഒരു സിംഹം അദ്ദേഹത്തെ പിന്തുടന്നു. അതുകണ്ടു ഭയന്ന കുതിരകൾ തേരു മറിച്ചിടുന്നു. അങ്ങനെ പാറക്കെട്ടുകൾക്കിടയിൽച്ചെന്നു വീണു് ഹിപ്പോളിററസ് മരണമടയുകയാണു്. ഈശ്വരന്മാരാൽ വഞ്ചിതനായ കഥാനായകൻെറ വാക്കുകളിൽ നാടകകൃത്തിൻെറ ഈശ്വരമനോഭാവം പ്രതിധ്വനിക്കുന്നതു കാണാം: "എൻെറ നാവു പ്രതിജ്ഞാബദ്ധമാണു്, പക്ഷേ, എൻെറ മനസ്സു വരിഞ്ഞുകെട്ടിയിട്ടില്ലല്ലോ," ഈമാതിരി പ്രസ്താവനകൾ ചെയ്തതിനാൽ യൂറിപ്പിഡിസിനു നിയമത്തിൻെറ മുമ്പിൽ സമാധാനം പറയേണ്ടിവന്നിട്ടുണ്ടു്. എന്തോ, ആരോപണങ്ങൾ തെളിയിക്കപ്പെട്ടിട്ടില്ലെന്നുമാത്രം. അവസാനഭാഗത്തിൽ, പാരമ്പയ്യത്തിലെ ഈശ്വരന്മാരോടുള്ള വിരോധം കൂടുതൽ പ്രകടമായിക്കാണുന്നു. നായകൻെറ മൃതശരീരത്തിനു മുമ്പിൽവെച്ചുള്ള സംഘഗാനം നോക്കുക:

"അല്ലയോ ദേവകളേ, അദ്ദേഹത്തെ നിങ്ങൾ ചതിച്ചു. നിങ്ങളുടെ മുഖത്തു്, ഞാനെൻെറ വിദ്വേഷവും വെറുപ്പും വലിച്ചെറിയുന്നു."

യാഥാസ്ഥിതികസമുദായത്തിലെ യുക്തിവാദിയായ ഒരു കലാകാരൻ, സാഹിത്യചരിത്രത്തെ സംബന്ധിച്ചിടത്തോളം അവസാനമില്ലാത്ത ഒരു പ്രശ്നമാണു്. കല ആത്മഗതമല്ല, ആത്മപ്രകാശനമാണു്. അനുവാചകരുടെ സ്വീകരണമില്ലാതായാൽ മതി, അതു കലാകാരൻെറനേക്കു തിരിച്ചടിച്ചു് അദ്ദേഹത്തിൻെറ സൃഷ്ടിപരമായ പ്രവണതകളെ നശിപ്പിക്കാൻ. തൻെറ ഉൽബോധനങ്ങളെ ശ്രദ്ധിക്കാനാരുമില്ലെങ്കിൽ, അതു കലാകാരനെ സംബന്ധിച്ചിടത്തോളം സ്വന്തം പ്രവൃത്തിയിലുള്ള വിശ്വാസം നശിപ്പിക്കലുമാണു്. പൊതുജനങ്ങളുടെ മനോഭാവത്തെ പരിഗണിച്ചു്, തനിക്കു ചിലതൊക്കെ അയഞ്ഞു വിട്ടുകൊടുക്കേണ്ടതായിട്ടുണ്ടെന്നു്, യൂറിപ്പിഡിസിൻെറ ഉജ്ജ്വലമനസ്സിനു ബോദ്ധ്യപ്പെട്ടു. അങ്ങനെ തൻെറ പ്രേക്ഷകരെ ആസന്നസ്ഥരായിക്കണ്ടശേഷം മാത്രമേ, ക്രമേണ തനിക്കു പകർത്താനുള്ള ഉൽബുദ്ധാശയങ്ങളെ പ്രകടിപ്പിക്കാൻ സാദ്ധ്യമാവുകയുള്ളുവെന്നും അദ്ദേഹത്തിനു മനസ്സിലായി. 'ഹെലൻ' എന്ന കൃതിയിൽ സ്റ്റെസികോറസിന്റെ മനോഭാവത്തെയാണു് അദ്ദേഹം സ്വീകരിച്ചിരിക്കുന്നതു്. അതുപ്രകാരം, ഹെലന്റെ മായാരൂപത്തെമാത്രമേ ട്രോയിയിലേക്കു കൊണ്ടുപോകുന്നുള്ളു. യഥാർത്ഥ ഹെലൻ ഈജിപ്റ്റിൽ കാലംകഴിക്കുകയായിരുന്നുവത്രെ. അവിടെവെച്ചു്, ട്രോയിയിൽനിന്നു തിരിച്ചുവരുന്ന മെനിലാസ് അവളെ കണ്ടുമുട്ടുകയും, അവരിരുവരും യോജിപ്പിലെത്തുകയും ചെയ്യുന്നു. ഇങ്ങനെയൊരു പൊതുജനസ്വീകാര്യമായ വ്യതിയാനത്തിനു സമ്മതിക്കേണ്ടിവരുകയാൽ, ഗംഭീരാശയവിനിമയങ്ങൾ തല്ക്കാലത്തേക്കു നിത്തിവെച്ചു്, ഈ നാടകത്തിൽ യൂറിപ്പിഡിസ് അയത്നസിദ്ധമായ ഒരു ശൈലി അവലംബിച്ചു്, തൻെറ ഗാനാത്മകരീതി ആവുന്നേടത്തോളം പ്രകടിപ്പിക്കുകമാത്രമാണു ചെയ്യുന്നതു്. സുന്ദരങ്ങളായ പ്രകൃതിവർണ്ണനകൾ ഈ നാടകത്തിലുടനീളം കാണാം. സാവധാനത്തിൽ കുണുങ്ങിയൊഴുകുന്ന നൈൽനദീശാഖയ്ക്കരികെ വിഷാദചിന്തകളിൽ മുഴുകിയിരിക്കുന്ന ഹെലൻ, പുഴയുടെ ശ്യാമളവക്ഷസ്സിനെ തലോടിനിൽക്കുന്ന പുല്ലുകളുള്ള സ്ഥലത്തിൽ ഇളംവെയിലത്തു് ചുവപ്പുചായം മുക്കിയ അംഗവസ്ത്രങ്ങളുണക്കിക്കൊണ്ടിരിക്കുന്ന അംഗനമാർ,

താണ പച്ചപ്പാടങ്ങൾ, അരുണവർണ്ണങ്ങളായ മുന്തിരിത്തോട്ടങ്ങൾ, ഉയരെ ഒരേതലത്തിൽ കൂട്ടമായി പറക്കുന്ന കൊററികൾ, പുതുതായി പൊട്ടിപ്പുറപ്പെട്ട മലഞ്ചോലകൾ കുത്തിയൊലിക്കുന്നതിൻെറ മർമ്മരങ്ങൾ, കാറ്റേറ്റുലഞ്ഞുമറിയുന്ന സമുദ്രത്തിൻെറ ഇരമ്പലുകൾ—അങ്ങനെയങ്ങനെ ആ കാഴ്ചകൾ അതീവസുന്ദരങ്ങളായി കൊരുത്തുകെട്ടപ്പെട്ടിരിക്കുന്നു.

ഇതേതരത്തിലുള്ള മറെറാരു നാടകമാണ് 'ടോറിസിലെ ഇഫിജീനിയ.' ഒളിസ് തുറമുഖത്തിൽവച്ച് ചിതയിൽനിന്നു മോചിക്കപ്പെട്ട ഇഫിജീനിയയെ, ആർട്ടിമിസ് ക്രിമിയയിലെ ടോറിസിലേക്ക് കൊണ്ടുപോവുകയും, അവിടെ ഏതാണ്ട് പ്രാകൃതരായ ജനങ്ങളുടെ ഇടയിൽ ആർട്ടിമിസിൻെറ ക്ഷേത്രത്തിലെ ഒരു പുരോഹിതയായി അവരോധിക്കുകയും ചെയ്യുന്നതായി ഇഫിജീനിയയുടെ കഥയ്ക്ക് ഒരു പാഠാന്തരമുണ്ട്. ഈ പ്രാകൃതമനുഷ്യർ അവിടെയെത്തിയ ഏതൊരു പുതിയ ആളെയും ദേവതയ്ക്ക് ബലിയർപ്പിക്കുകയാണു പതിവ്. ഈ വർഗ്ഗക്കാരിൽനിന്നു് ആർട്ടിമിസിന്റെ ദിവ്യവിഗ്രഹം പിടിച്ചെടുത്ത് അററിക്കായിലേക്കു കൊണ്ടുവരികയാണെങ്കിൽ, ഒറെസ്റ്റിസിനു് മാതൃഹത്യാപാപമോക്ഷം നല്കാമെന്ന് അപ്പൊളോ അദ്ദേഹത്തോട് പ്രതിജ്ഞ ചെയ്തിരുന്നു. ഈ സാഹസയാത്രയിൽ ഒറെസ്റ്റിസിൻെറ കപ്പൽ മറിയുകയും, അദ്ദേഹം ആ വർഗ്ഗക്കാരാൽ ബന്ധിതനാവുകയും ചെയ്തു. അദ്ദേഹത്തെ ബലിയർപ്പിക്കാൻ ഭാവിക്കയായിരുന്നു. അപ്പോഴാണ് സഹോദരീസഹോദരന്മാർ അന്യോന്യം തിരിച്ചറിയുന്നതു്. ഒടുവിൽ അവർ വിഗ്രഹവുംകൊണ്ട് ആ ദ്വീപിൽനിന്നു് രക്ഷപ്പെടുകയാണു്. ഒരു പുതിയ ക്ഷേത്രം നിർമ്മിക്കുകയും ഇഫിജീനിയ അതിലെ പുരോഹിതയാവുകയും ചെയ്യുന്നു. അവരുടെ മരണശേഷം, റ്റൻറ്റലസിൻെറ ദുഷ്കൃത്യങ്ങൾ കരിനിഴൽ വീശിയ കുടുംബത്തിലെ ഈ കുട്ടി ഒരു ദേവതയായി ആരാധിക്കപ്പെടുകയാണു്. 'ഹെലനി'ലെപ്പോലെതന്നെ ഈ നാടകത്തിലും പ്രതിപാദനലാഘവം കാണാം. ഉറക്കമില്ലാത്ത കടലുകളുടെ ഇരമ്പലുകൾ ഇതിലും വീണ്ടും വീണ്ടും കേൾക്കാം. കൊടിമരത്തിൽത്തട്ടി കടൽക്കാറ്റ് മൂളിപ്പാട്ടു പാടുമ്പോൾ, തുഴക്കോലുകൊണ്ട് സമുദ്രജലത്തെ

ഇടവും വലവും ചിതറി വള്ളങ്ങൾ പായുന്നതു കാണാം. ഇഫിജീനിയയുടെ ജനിച്ച വീടിനോടുള്ള ദാഹം ഹൃദയസ്പൃക്കായി വർണ്ണിച്ചിരിക്കുന്നു, ഈ നാടകത്തിൽ. ഒടുവിൽ, എല്ലാം ശുഭമായി കലാശിക്കുകയാണ്.

മുമ്പു പറഞ്ഞ നാടകങ്ങളുടെ വിഭാഗത്തിൽപ്പെട്ടതാമെങ്കിലും, 'ബാക്കെ' എന്ന നാടകത്തിൽ ഒരു പുതിയ വ്യതിയാനം കാണാം. യുക്ത്യതീതമായ ചില ജീവിതശക്തികൾ എങ്ങനെയാണ് ഡയോണൈസസിൻെറ ഇതിഹാസത്തിൽ പ്രവർത്തിക്കുന്നതെന്ന് നാം കണ്ടുകഴിഞ്ഞുവല്ലോ. മററാത്മീയപ്രതീകങ്ങൾക്കെന്നപോലെതന്നെ, ഈ പ്രതീകത്തിന്നും ഉയൎന്നതും താഴ്ന്നതുമായ നിലവാരങ്ങളിൽ രണ്ടു വ്യതിരിക്തവ്യാഖ്യാനങ്ങൾ പറയപ്പെടാം. അമൂർത്തങ്ങളായ ദൈവികപരിവേഷങ്ങളുമായുള്ള ബന്ധം യുക്തിക്കു നിരക്കാത്ത ഒരനുഭൂതിയായിക്കൊള്ളണമെന്നില്ല. യുക്തിചിന്തയിൽനിന്നും ഉയൎന്നുനില്ക്കുന്ന ഒരനുഭവമാകാമതു്. ഒന്നേ പരിശോധിക്കേണ്ടതുള്ളു: അത്തരത്തിലുള്ള അനുഭൂതി യുക്തിനിഷേധമാണോ, അതോ, യുക്തിക്കസ്പൎശ്യമായ ചില മേഖലകളിലേക്കു കടന്നു ചില ഉയൎന്ന വിഭാവനകൾ നടത്തുന്നുണ്ടോ, എന്ന്. യുക്തിവാദങ്ങൾകൊണ്ട് വ്യാഖ്യേയമല്ലാത്തവയെ യുക്തിനിഷേധമായിട്ടുതന്നെ കരുതി അപകർഷണീയമെന്നു വിധിക്കപ്പെടുന്നതാണ് ശാസ്ത്രത്തിനു സംഭവിച്ച ദുരന്തത്തിനു കാരണം. ചില അത്ഭുതാചാരങ്ങളെ സംബന്ധിച്ചിടത്തോളം, ദൈവികസംബന്ധം അഗാധമായ ഒരാത്മീയാനുഭൂതി മാത്രമാണ്. പക്ഷേ, പലപ്പോഴും അതു വിധ്വംസനപരമായ ആചാരവൃത്തിയായി അധഃപതിക്കുന്നേയുള്ളൂ. മതത്തിനു വരുന്ന ദുരന്തം ഈ അധഃപതനം കാണാൻ കണ്ണില്ലാതെ വരുക എന്നതാണ്.

മസിഡോണിയയിലെ രാജാവിൻെറ വിശിഷ്ടാതിഥിയായി മസിഡോണിയൻപൎവ്വതങ്ങളിൽ താമസിച്ചിരുന്ന കാലത്താണ് യൂറിപ്പിഡീസ് 'ബാക്കെ' രചിച്ചതു്. ഈ പ്രദേശങ്ങളിൽ ബാക്കസ്(ഡയോണൈസസ്)ദേവനോടു ബന്ധിച്ച ആചാരനിഷ്ഠകൾ കുറെ കൂടുതലാണ്. ബാഹ്യമായി ആ ദൈവത്തോടുള്ള ആരാധനാമനോഭാവത്തോടുകൂടിയാണ്

ഈ നാടകം എഴുതിയതെങ്കിലും, വാസ്തവത്തിൽ മനുഷ്യനി ലുള്ള യുക്ത്യതീതശക്തികളെക്കുറിച്ചുള്ള യൂറിപ്പിഡീസിന്റെ ഒരു പഠനമായിരുന്നു അതു്. ഈ നാടകത്തിൽ ബാക്കസ് ദേവൻെറ ഒരു അവതാരം ആരാധനാഭാവംകൊണ്ടു് ലഹരി കയറിയ സ്ത്രീകളെ ആകർഷിക്കുകയാണു്. ഈ ആവേശം യു ക്തിക്കും നിയമത്തിനും സന്മാൎഗ്ഗത്തിനുമെല്ലാം പൊരുത്തപ്പെ ടാത്തതാണെന്നു കാണുന്ന പെന്തൃസ് രാജാവു് അതിനെ എ തിൎക്കുന്നു. തക്ക ശിക്ഷ ആ യുവരാജാവിനും കിട്ടി—അദ്ദേഹ വും ദൈവത്തിൻെറ പരിവേഷവലയത്തിലകപ്പെട്ടു. അദ്ദേ ഹം സ്ത്രീവേഷംധരിച്ചു്, ആരാധകസംഘത്തിൽ ചേരുകയും, പുരുഷനാണെന്നു് തിരിച്ചറിഞ്ഞ തലതിരിഞ്ഞ സ്ത്രീകൾ അ ദ്ദേഹത്തെ തുണ്ടംതുണ്ടമാക്കുകയും ചെയ്യുന്നു. ദേവൻെറ സ്വാ ധീനശക്തിയിലകപ്പെട്ട രാജാവിൻെറ സ്വന്തം അമ്മയാണു്, അദ്ദേഹത്തിൻെറ മുറിക്കപ്പെട്ട ശിരസ്സുംതാങ്ങി ഓടിനടക്കു ന്നതു്. ലഹരി ഒന്നടങ്ങിയപ്പോൾ ആ അമ്മയ്ക്കു കാൎയ്യം മന സ്സിലാവുകയാണു്. ദൈവം പറയുന്നു: ''എന്നെ, ഒരീശ്വര നെ, നിങ്ങൾ പരിഹസിച്ചു; അതിൻെറ കൂലിയാണിതു്.'' അതിനവൾ ഒരു പ്രതിചോദ്യമയയ്ക്കുകയാണു്: ''ദുരഭിമാനി യായ ഒരാൾക്കു് അരിശംവന്നാലത്തെപ്പോലെയാവണോ, ഒ രീശ്വരനും?''

ഈ നാടകത്തിലെ യഥാൎത്ഥ വ്യംഗ്യം ജനങ്ങളറിയാതി രുന്നില്ല. ഈ നാടകമെഴുതിക്കഴിഞ്ഞു് അധികംതാമസിയാ തെതന്നെ യൂറിപ്പിഡീസ് മസിഡോണിയയിൽവെച്ചു് മരി ച്ചു. രാജാവിൻെറ വേട്ടനായ്ക്കളാൽ ആക്രമിക്കപ്പെട്ടാണു് അ ദ്ദേഹം മരിച്ചതെന്നുള്ള സംസാരം ഒരൈതിഹ്യമായി ഇന്നും പ്രചാരത്തിലുണ്ടു്. നമ്മെ സംബന്ധിച്ചേടത്തോളം ഈ നാ ടകത്തിൻെറ ശ്രദ്ധേയമായ മൂല്യം ഫ്രഞ്ച് നവോത്ഥാനകാല ത്തിലെപ്പോലെയാകാതെ, യൂറിപ്പിഡീസിൻെറ യുക്തിചിന്ത, ജീവിതത്തിലെ യുക്ത്യതീതശക്തികളെ അവഗണിച്ചില്ലെ ന്നതാണു്. പതിനെട്ടാംനൂററാണ്ടിലെ യുക്തിവാദത്തിൽ ച്യ രുണ്ടുകൂടിയിരുന്ന സൎവ്വജ്ഞഭാവത്തെ, യുക്ത്യതീതശക്തികളു ടെ അനിഷേധ്യമായ സ്വാധീനതയെക്കുറിച്ചുള്ള ഫ്രോയി ഡിൻെറ സിദ്ധാന്തങ്ങൾ തകൎത്തുകളഞ്ഞു. പ്രാകൃതമതാനു

ഷ്ഠാനങ്ങളെക്കുറിച്ചുള്ള അവഗാഹജ്ഞാനത്തിലൂടെ യൂറിപ്പിഡീസ് ഈ സൂക്ഷ്മതത്വം നന്നായറിഞ്ഞിരുന്നു. എങ്കിലും ഫ്രോയിഡിനെപ്പോലെ, അദ്ദേഹത്തിനു മനുഷ്യഭാവിയെക്കുറിച്ച് അശുഭാപ്തിവിശ്വാസമുണ്ടായിരുന്നില്ലതാനും.

പ്രചാരത്തിലുള്ള വിഷയങ്ങൾക്കു പുറമേ, ചില പ്രത്യേക സാങ്കേതികരീതികളും യൂറിപ്പിഡീസ് അവലംബിച്ചുനോക്കിയിട്ടുണ്ട്. അതുകൊണ്ടു രണ്ടു കാര്യങ്ങളാണദ്ദേഹം സാധിക്കുന്നത്: ജനങ്ങളിൽ തൻെറ കലാസൃഷ്ടിയോട് അനുകൂലഭാവം സൃഷ്ടിക്കുകയും, തന്നെസ്സംബന്ധിച്ചിടത്തോളം ചില സാങ്കേതികപ്രശ്നങ്ങളെ പരിഹരിക്കാൻ ശ്രമിക്കയും. നാന്ദിയുടെരൂപത്തിൽ ഒന്നദ്ദേഹം അവതരിപ്പിച്ചിട്ടുണ്ട്. പലപ്പോഴും ആ ഭാഗം ഏതെങ്കിലും ദൈവത്തെക്കൊണ്ടു പാടിപ്പിക്കയാണു പതിവ്. നാടകത്തിൽ, സംഘട്ടനാത്മകമായ സന്ദിഗ്ദ്ധാവസ്ഥയ്ക്കു ഊർജ്ജസ്വലത കൂടുമ്പോൾ നിർവ്വഹണത്തിനു ചിലപ്പോൾ ദൈവംതന്നെ വേണ്ടിവരും. പഴയമട്ടിൽ യൂറിപ്പിഡീസും അവസാനഭാഗത്തിൽ പലപ്പോഴും ഒരീശ്വരനെ പ്രവേശിപ്പിക്കുന്നു. ഇങ്ങനെ ആദ്യന്തഭാഗങ്ങളിൽ ഈശ്വരന്മാരെ കൂട്ടുപിടിച്ചു ജനങ്ങളെ സംതൃപ്തരാക്കാനുള്ള ഒരു ശ്രമം നടത്തുന്നുണ്ടെങ്കിലും, അദ്ദേഹത്തിൻെറ യഥാർത്ഥലക്ഷ്യം വേറൊന്നായിരുന്നു. യൂറിപ്പിഡീസിനെ സംബന്ധിച്ചിടത്തോളം ആദ്യഭാഗത്തെ പ്രവേശകം അത്യാവശ്യമായിരുന്നു. അധികം പ്രചാരമില്ലാത്തവയോ, പ്രചാരമുള്ളവയിൽ തന്നെ അധികം പരിചയമില്ലാത്ത പാഠഭേദങ്ങളോ, ആണു് യൂറിപ്പിഡീസ് ഇതിവൃത്തത്തിനു സ്വീകരിച്ചിരിക്കുന്ന ഐതിഹ്യങ്ങളിൽ ഏറിയകൂറും. അതുകൊണ്ട് അദ്ദേഹത്തിന്റെ നാടകങ്ങളിലെ പ്രവേശകഭാഗം അനുവാചകരെ കഥാതന്തുവുമായി പരിചയപ്പെടുത്തി ബന്ധപ്പെടുത്തുവാനുള്ള ഒരുപാധി എന്ന നിലയിൽ വളരെ സഹായകമായിരുന്നു. ദേവനെ ഒടുവിൽ രംഗത്തിൽ അവതരിപ്പിക്കുമ്പോൾത്തന്നെ നാടകം മിക്കവാറും നിർവ്വഹണസന്ധിയിലെത്തിക്കഴിഞ്ഞിരിക്കും. നാടകത്തിലെ ചലനാത്മകവും സംഘട്ടനാത്മകവുമായ പിരിമുറുക്കത്തിൽനിന്നും, ഇതിവൃത്തത്തിൻെറ പ്രശാന്തഭാവത്തിലേക്കു വീണ്ടും തിരിച്ചുവരാനായിട്ടു മാത്രമാണു് ഇങ്ങനെ അവ

സാനരംഗത്തിൽ ഈശ്വരകഥാപാത്രത്തെ അവതരിപ്പിക്കുന്നതുകൊണ്ടുദ്ദേശിക്കുന്നതു്. അങ്ങനെയാവുമ്പോൾ നാടകത്തിലെ സംഭവഗതികളിൽനിന്നും അനന്തരഫലങ്ങളിലേക്കു് അനുവാചകരുടെ ശ്രദ്ധയെ തിരിച്ചുവിടാം. കഥാവിഷയംതന്നെ നിരവധി സംഭവങ്ങൾ കൂട്ടിക്കോരുത്തിട്ടുള്ള ഒരു നീണ്ട ശൃംഖലയാണു്. ആ ചങ്ങലക്കണ്ണികളിലൊന്നിൽ വിവരണപരമായ ഒരാമുഖത്തോടുകൂടി ഏതെങ്കിലുമൊരുദിവസത്തെ സംഭവം ഘടിപ്പിക്കുകയും അതിൽ സമഗ്രമായ ഒരു നാടകീയ സ്വഭാവം കെട്ടിപ്പടുക്കുകയും ചെയ്തു് ഒടുവിൽ വിശദീകരണത്തോടുകൂടിയ ഒരു സമാപനത്തോടുകൂടി നാടകസംഭവപരമ്പരയ്ക്കു വിരാമമിടുകയാണു ചെയ്യുന്നതു്. അപൂർണ്ണമായ സംഭവങ്ങളെപ്പിടിച്ചു വിധികല്പിക്കുന്നതിലുള്ള അനാശാസ്യത, യൂറിപ്പിഡീസിനു നല്ലവണ്ണം അറിയാമായിരുന്നു. അനുഭൂതിയെക്കുറിച്ചുള്ള ഏതെങ്കിലും സിദ്ധാന്തം കെട്ടിപ്പടുക്കുന്നതിനു മുമ്പുതന്നെ, നാടകത്തിനു സ്വീകരിച്ചിരിക്കുന്ന വസ്തുസംഭവാദികളെ അവയുടെ വിദൂരജന്യസ്ഥാനങ്ങളോടും അനന്തരപരിണാമങ്ങളോടുംകൂടിത്തന്നെ, സമഗ്രമായി പ്രതിപാദിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെയുള്ളൊരു സമഗ്രാവലോകനമാണു്, അനന്തരസംഭവഗതികളെ സൂചിപ്പിക്കുന്ന ഭരതവാക്യരൂപത്തിലുള്ള ഗാനങ്ങൾകൊണ്ടു സാധിക്കുന്നതു്. അങ്ങനെ വിലപ്പെട്ട ഈ നാടകീയസ്വഭാവത്തിനുവേണ്ടി, യൂറിപ്പിഡീസ് ഇപ്രകാരമുള്ള സഹായോപാധികൾ സ്വീകരിക്കുന്നു. അദ്ദേഹം സംഘഗാനങ്ങളെ കൈകാര്യംചെയ്തിരിക്കുന്നതുതന്നെ ഏതാണ്ടു് ഇതേ രീതിയിലാണെന്നു വഴിയേ മനസ്സിലാക്കാം.

പൊതുജനവിശ്വാസത്തിനുവേണ്ടി എന്തൊക്കെ അയഞ്ഞു വിട്ടുകൊടുത്താലും, അദ്ദേഹം ഐതിഹാസികദേവന്മാരെ നിശ്ശേഷം തിരസ്കരിച്ചിരുന്നുവെന്നുള്ളതു സംശയാതീതമാണു്. യാഥാസ്ഥിതികവീക്ഷണത്തെ, ഒറെസ്റ്റിസിൻെറ കഥ അവലംബിച്ചു വീണ്ടുമെഴുതിയിട്ടുള്ള 'ഇലക്ട്ര'യിലെന്നപോലെ മററൊന്നിലും അത്രയധികം ശക്തിമത്തും, അനിഷേധ്യവുമായനിലയിൽ തിരസ്കരിച്ചിട്ടില്ല. ഈ കൃതിയിൽ, അപ്പൊള്ളോ ഒറെസ്റ്റിസിനെക്കൊണ്ടു മാതൃഹത്യ ചെയ്യിച്ചുവെന്നുള്ള ആ ഭയങ്കരവാസ്തവത്തെ യൂറിപ്പിഡീസ്

നിഷ്ക്കരുണം തുറന്നുപ്രസ്താവിക്കുന്നു. ദൈവത്തിന്റെ നിർദ്ദാക്ഷി ണ്യകേളിക്കു വിധേയനായ ആ യുവാവു് വേദനാപൂർവ്വം സം ശയിക്കുകയാണു്:

"നരകത്തിൽനിന്നും ഒരു പിശാചു് ഈശ്വരരൂപം പൂണ്ടു്, ആ വെളിച്ചപ്പാടിൽക്കൂടെ എന്നെ ചതിക്കാൻ നൽകിയ ആജ്ഞയാണോ ഇതു്?"

ഇങ്ങനെ ഐതിഹാസികദേവവിമർശനത്തിൽ മാത്രം അടിയുറച്ചുനിന്നിരുന്നുവെങ്കിൽ, യൂറിപ്പിഡീസിനു് വിലക്ക പ്പെട്ട സന്ദേശങ്ങളൊന്നും നമുക്കരുളുവാൻ സാദ്ധ്യമാകുമായി രുന്നില്ല. അദ്ദേഹം അതിലുമെത്രയോ ഉപരിയായി ചിന്തി ച്ചിരുന്നു. മനുഷ്യൻ സ്വന്തം സ്വഭാവങ്ങളോടു സമാനമായാ ണു് ഈശ്വരന്മാരെ സങ്കല്പിക്കുന്നതെന്നു് അദ്ദേഹത്തിനു മന സ്സിലാക്കാൻ കഴിഞ്ഞു.

"കൊലപാതകികൾ നിറഞ്ഞ ഈ ലോകം അതിൻെറ ദുഷ്ടതയും മാംസദാഹവും പല ദേവന്മാരിലും ആരോപിച്ചി ട്ടുണ്ടു്."

പുതുതായി രൂപപ്പെട്ടുകൊണ്ടിരുന്ന ആ ഗ്രീക്ക്സമുദായത്തിൽ, യൂറിപ്പിഡീസ് തുറന്നുകാണിച്ച ഈ സാമൂഹ്യസത്യം, ദൈവ ത്തെക്കുറിച്ചു കുറേക്കൂടി ഉയർന്ന ഒരു സങ്കല്പത്തിനു പ്രേരണ നൽകി. ഈശ്വരനെക്കുറിച്ചുള്ള ഏററവും നിശ്ചിതമായ നി ർവ്വചനം കൂടി ഒരു ഭാഗികസത്യം മാത്രമേ ആവുകയുള്ളുവെന്നു യൂറിപ്പിഡീസിനു മനസ്സിലായിരുന്നു. എങ്കിലും അദ്ദേഹത്തി ൻെറ ആസ്തിക്യവിശ്വാസമാകട്ടെ, ഈശ്വരസങ്കല്പത്തെ പ്രപ ഞ്ചരൂപത്തിനു സമാനമായിക്കാണുന്ന ഒരു തത്വമാണെന്നു തോന്നുന്നു;

"ഭൂമിയുടെ അസ്ഥിവാരമോ, അല്ലെങ്കിൽ ലോകത്തിനു പരിയുള്ള ഏതോ ഒരുന്നത ആസ്ഥാനമോ, എന്തായാലും ശരി, അങ്ങു്, അജ്ഞാതനും അനിർവ്വചനീയനുമാണു്; പ്രപഞ്ചവസ്തുക്കളെയും സംഭവങ്ങളെയും കൊരുത്ത ഒരു നീണ്ട ശൃംഖലയാകാം—അല്ലെങ്കിൽ, നമ്മുടെ യുക്തിക്കും ആധാരമായ ഏതോ ഒരു അതീതയുക്തി. അല്ലയോ ദൈവ മേ, ഞാനിതാ സ്തുതിയർപ്പിക്കുന്നു."

ഈ പുതിയ വ്യാഖ്യാനത്തിൻെറ വെളിച്ചത്തിൽ, വിധിയെപ്പററിയുള്ള പ്രശ്നങ്ങൾ ഈശ്വരകോപത്തിൽനിന്നുണ്ടാകുന്നതാണെന്നു ധരിക്കേണ്ടതായ ആവശ്യം വരുന്നില്ല. അധഃപതനത്തിന്ന് അതിൻേറതായ നിയമങ്ങളുണ്ട്; നാടകത്തിലെ കഥാപാത്രങ്ങളേയോ, സംഭവഗതികളേയോ സംബന്ധിച്ചും ഈ നിയമങ്ങൾതന്നെ ബാധകമാക്കാം. 'ഇലക്ട്ര'യിൽ ഒറെസ്റ്റിസ് അപ്പൊള്ളാവിൻെറ കോമരത്തെ അവിശ്വസിച്ചിരുന്നുവെങ്കിലും, ഇലക്ട്രയുടെ പ്രേരണയാൽ മാതൃഹത്യയിൽ ചെന്നുചാടുകയാണ്. ഇവിടെ യൂറിപ്പിഡീസ്, അവളുടെ സ്വഭാവം ഉൾക്കൊണ്ട വിധിയുടെ സ്വാധീനതയ്ക്ക് അവളകപ്പെട്ടിട്ടുള്ള പരിതസ്ഥിതിതന്നെയാണു കാരണമെന്നു്, വിദഗ്ദ്ധമായ രീതിയിൽ തെളിയിച്ചിരിക്കുന്നു. ഒരു കുട്ടിക്കു താങ്ങാനാവാത്ത ഒരു ഭയങ്കരസംഭവത്തിൽനിന്നുമുണ്ടായ ഞെട്ടൽ കുട്ടിക്കാലത്തനുഭവപ്പെട്ടുകയാൽ, ആകപ്പാടെ ശിഥിലമനസ്കയായ ഒരു സ്ത്രീയാണ് ഇലക്ട്ര. വേദന സ്വയം അനുഭവിച്ചുകഴിയുകയായിരുന്നു അവൾ. ഒറെസ്റ്റിസ് പോലും ഏതോ വിദൂരദേശത്തേക്കു കടന്നുകളഞ്ഞുവല്ലോ. ഒരു കർഷകനാണ് അവളെ വിവാഹം ചെയ്തുകൊടുത്തതു്. രാജകീയകുടുംബത്തിലെ ഒരാൾക്കു് അവളെ കൊടുത്താൽ എജിസ്തസിൻെറ ഒരെതിരാളിയായി മൈസീനെരാജ്യത്തെ അയാൾ കൈക്കലാക്കിയെങ്കിലോ എന്ന പേടികൊണ്ടായിരുന്നു അങ്ങനെയൊരു ബന്ധം നടത്തിയതു്. ഒറെസ്റ്റിസിനെ മാതൃഹത്യക്കു പ്രേരിപ്പിച്ചുകൊണ്ടുള്ള വികാരനിർഭരമായ അവളുടെ നിവേദനത്തിൽ, അവൾക്കച്ഛനോടുള്ള ബഹുമാനം, അവളുടെ മാനസികമായ അദൃശ്യപ്രചോദനങ്ങളോടും അസൂയകളോടും ചേന്നു കുഴഞ്ഞുമറിയുന്നതായിക്കാണാം. തണുപ്പുള്ള പാതിരാകളിൽ അവൾക്കു പുറത്തിറങ്ങണം. നേരിയ ഒരു വസ്ത്രമേ ആ കൊടുംതണുപ്പിൽ അവൾക്കാവരണമായുണ്ടായുള്ളു. ആ വസ്ത്രമാകട്ടെ, മുഷിഞ്ഞിരുന്നു് അവൾതന്നെ നെയ്യേട്ടുക്കേണ്ടിയിരുന്നു. കുത്തിത്തറയ്ക്കുന്ന തണുത്തകാറ്റിൽനിന്നും നേരിയ ആ വസ്ത്രം അവളെ തീരെ രക്ഷപ്പെടുത്തിയില്ല. അവൾക്കൊഴിവുദിവസങ്ങളേയുണ്ടായിരുന്നില്ല; ഉത്സവങ്ങളോ, നൃത്തസമ്മേളനങ്ങളോ അവളുടെ ജീവിതത്തിലെ ആശ്വാസങ്ങളായിരു

ന്നില്ല. രാജകുടുംബത്തിൽപ്പിറന്നവളാണെങ്കിലും ഒരു രാജകീയവരനെയല്ല അവൾക്കു ലഭിച്ചതു്—അവളുടെ അമ്മ ആ സമയത്തു്, ആർഭാടജീവിതം നയിക്കയാണു്—അച്ഛൻ യുദ്ധത്തിൽ തടവുകാരനായിപ്പിടിച്ച അസംഖ്യം അടിമകളുടെ പരിചരണസുഖവും അനുഭവിച്ചുകൊണ്ടു്. ആഡംബരവസ്ത്രങ്ങളും, രത്നങ്ങളും, ആഭരണങ്ങളും നിറഞ്ഞ കൊട്ടാരത്തിൽ അമ്മ മദിച്ചുല്ലസിക്കുമ്പോഴും, അവരുടെ മണിയറയിലെ കട്ടിലിന്നു ചുററും രക്തം തളംകെട്ടിയിരിക്കയാണു്. അച്ഛൻെറ തേരിൽ അമ്മ അന്തസ്സിൽ സവാരിചെയ്യും. ഇലക്ട്രയുടെ ഈവിധ ചിന്തകൾ അവളുടെ മനസ്സിൽ വിദ്വേഷത്തിൻേറയും നൈരാശ്യത്തിൻേറയും ധൂമപടലങ്ങൾ സൃഷ്ടിച്ചു. ആ വീർപ്പുമുട്ടലാണു്, ഒറെസ്റ്റിസിനെ അമ്മയെ വധിക്കാൻ തള്ളിവിട്ടതു്.

പക്ഷേ, മനുഷ്യർ പരിപൂർണ്ണമായും പരിതസ്ഥിതികളുടെ താളത്തിനൊത്തു തുള്ളുന്നവരാണെന്നു് യൂറിപ്പിഡീസിനു ബോധ്യമുണ്ടായിരുന്നില്ല. എജിസ്തസ് തൻെറ അച്ഛൻെറ ശവകുടീരത്തെ മദ്യപിച്ചു് അശുദ്ധമാക്കിയെന്നു് ഇലക്ട്ര വികാരത്തോടുകൂടി കുററപ്പെടുത്തുന്നുണ്ടു്. ഈ ആരോപണം വാസ്തവമല്ലെന്നു് അവൾക്കറിയാം. അവൾ അതു പറഞ്ഞ ഉടനെ ഇങ്ങനെ വിശേഷിപ്പിക്കുകയാണു്: "അങ്ങനെയാണു് ആളുകൾ പറഞ്ഞുനടക്കുന്നതു്." താൻ കാണുന്നവയെല്ലാം തലതിരിഞ്ഞമട്ടിലാവുന്നതിന്നു കാരണമായി തൻെറ രക്തത്തിലെ ഏതോ ഒരു എരിപൊരിയൽ അവൾ മനസ്സിലാക്കുന്നുണ്ടു്. ആത്മനിരീക്ഷണം അവളെ സംബന്ധിച്ചേടത്തോളം അസാധ്യമായ ഒരു നിലയായിട്ടില്ല—തൻെറ കർഷകനായ ഭർത്താവിൻെറ നിർമ്മലസ്വഭാവത്തെ ഇലക്ട്ര അഭിനന്ദനപൂർവ്വമാണു വീക്ഷിക്കുന്നതു്. താൻ കുടവുമായി ആററിൻകരയിലേക്കു വെള്ളംകൊണ്ടുവരുവാൻ പോകുമ്പോൾ, ഭർത്താവിൻ്റെ സ്നേഹസ്വരത്തോടുകൂടിയ ആക്ഷേപംകേട്ടു് അവൾ പറയുകയാണു്, അദ്ദേഹത്തിനു വേണ്ടത്ര പണിയുള്ളതിനാൽ, വേല കഴിഞ്ഞു ക്ഷീണിച്ചു് വയലിൽനിന്നു തിരിച്ചുവരുമ്പോൾ വേണ്ടതെല്ലാം ഒരുക്കി ഭർത്താവിനെ വീട്ടിലേക്കു സ്വാഗതം ചെയ്യേണ്ടതു തൻെറ കടമയാണെന്നു്. ദരിദ്രജനങ്ങളോടുള്ള സഹാനുഭൂതി മററു നാടകകൃത്തുക്കളെ അപേക്ഷിച്ചു് യൂറിപ്പി

ഡീസിനു് വളരെ കൂട്ടതലാണു്. ഈ നാടകത്തിലെ, ഇലക്ട്ര യുടെ ഭത്താവായിത്തീരുന്ന മണ്ണിൻെറ സന്താനമായ ആ കഷകയുവാവിന്റെ ആദ്യവാക്കുകളിൽനിന്നുതന്നെ, താൻ കല്യാണംചെയ്ത ആ കന്യക ഒരു രാജപുത്രിയാണെന്നും അവളെ ഒരുതരത്തിലും ആക്ഷേപിക്കരുതെന്നും ഉള്ള വിശാലമനസ്കത തെളിയുന്നു. സ്വന്തം ജീവിതാനുഭവങ്ങളെക്കുറിച്ചുള്ള ഇലക്ട്രയുടെ പരിവേദനങ്ങളിൽ, ഗ്രാമപ്രദേശങ്ങളിലെ ഒട്ടങ്ങാത്ത അദ്ധ്വാനത്തിൽനിന്നുണ്ടാകുന്ന ജീവിതയാതനകളുടെ അനുഭാവപൂൎവ്വമായ ഒരു ചിത്രമാണു് യൂറിപ്പിഡീസ് വരച്ചുകാണിച്ചിരിക്കുന്നതു്. തൻെറ സമകാലികരായ മററു് എഴുത്തുകാരിൽനിന്നു്, അടിമത്തസമ്പ്രദായത്തെ എതിൎത്തതിൽ, യൂറിപ്പിഡീസ് ഒററപ്പെട്ടുനില്ക്കുന്നു. അദ്ദേഹത്തിൻെറ നാടകങ്ങളിൽ അടിമകൾക്കു സുപ്രധാനഭാഗങ്ങളാണുള്ളതു്. പലപ്പോഴും യൂറിപ്പിഡീസിൻെറ മനോഹര കാവ്യഭാവന അവരിൽക്കൂടി നിൎഗ്ഗളിക്കുന്നതു കാണാം.

'മെഡീയ' എന്ന ഉജ്ജ്വലനാടകത്തിലും കഥാപാത്രവും വിധിയും തമ്മിലുള്ള ബന്ധമാണു പ്രതിപാദ്യം. യൂറിപ്പിഡീസിൻെറ നിസ്തുലഭാവനയും, സംഘഗാനങ്ങളിൽക്കൂടി പ്രകടിപ്പിച്ച മനശ്ശാസ്ത്രവിജ്ഞാനവും, സ്ത്രീകളെ സംബന്ധിച്ച പ്രശ്നങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ അവഗാഹമായ നിരീക്ഷണപാടവവും ഈ നാടകത്തിൽ തെളിഞ്ഞുനില്ക്കുന്നു. നമുക്കു പരിചയപ്പെട്ട ജേസൻെറ കഥയാണു് ഇതിലെ ഇതിവൃത്തം. അന്ധവും വികാരതീക്ഷ്ണവുമായ വിശ്വാസങ്ങളോടുകൂടിയ മെഡീയ ഒരപരിഷ്കൃതവൎഗ്ഗക്കാരിയാണു്. സുവൎണ്ണമേഷചൎമ്മത്തെത്തേടിവന്ന ജേസനെ സഹായിക്കുവാൻ വേണ്ടി അവൾ അച്ഛനെ വഞ്ചിക്കുകയും സഹോദരനെ കൊലപ്പെടുത്തുകയും ചെയ്യുന്നു. അവളേയുംകൊണ്ടു് ജേസൺ ഗ്രീസിലേക്കു പോകുന്നുണ്ടെങ്കിലും, അയാൾക്കവളെ വിവാഹം ചെയ്യാൻ സാധിക്കുന്നില്ല; കാരണം, ഗ്രീസിലെ നിയമം അന്യരാജ്യക്കാരുമായുള്ള വിവാഹബന്ധത്തെ നിരോധിച്ചിട്ടുണ്ടു്. എങ്കിലും ജേസണു് അവളിൽ രണ്ടു കുട്ടികളുണ്ടായി. കുറെനാൾ അവരൊന്നിച്ചങ്ങനെ ജീവിക്കെ, ജേസണു് അവളുടെ പരുക്കൻ സ്വഭാവങ്ങളിൽ മുഷിപ്പുതോന്നുകയും,

അദ്ദേഹം കോറിന്ത്‌രാജാവിന്റെ മകളെ വിവാഹംചെയ്യാൻ തീരുമാനിക്കയും ചെയ്യുന്നു. ആ ബന്ധം രാഷ്ട്രീയമായി കുറെ നേട്ടമുള്ള ഒന്നുകൂടിയായിരുന്നു. ഏററവും തീക്ഷ്ണമായ ഒരു തരം പ്രാകൃതവികാരത്തോടുകൂടി ജേസണെ സ്നേഹിച്ചിരുന്ന മെഡീയയ്ക്ക് പിന്നീടു ജീവിതം അസഹ്യമായിത്തോന്നി. അവളുടെ പാരവശ്യം എത്രയും വിദഗ്ദ്ധമായി വർണ്ണിച്ചിരിക്കുന്നതു നോക്കുക:

"ഇനി എന്തിനു ജീവിക്കണം?

കടിച്ചുവലിക്കുന്ന വേദനയിൽനിന്നും രക്ഷപ്പെടുവാൻ വേണ്ടി,

മൃഗം നുകത്തിൽനിന്നു് ഓടി രാത്രിയുടെ മാർത്തട്ടിൽ ശയിക്കുവാൻ ശ്രമിക്കുന്നതുപോലെ,

ഞാനും ജീവിതയാതനകളുടെ നുകത്തിൽനിന്നും രക്ഷപ്പെടട്ടെ; ജീവിതം അതിൻെറ പാട്ടിനുപോവട്ടെ."

തൻെറ അപരാധങ്ങളെപ്പററി ചിന്തിച്ചുചിന്തിച്ച്, മെഡീയ പ്രതികാരത്തിനുവേണ്ടി ദാഹിക്കുന്ന ഒരു യക്ഷിയായി രൂപംമാറുകയാണു്. കോറിന്ത് രാജപുത്രിയെ—തൻെറ പ്രതിയോഗിയെ—വിഷലിപ്തങ്ങളായ ഉടുപ്പുകൾ അയച്ചുകൊടുത്തു് ആ സംഹാരസ്വരൂപി വധിച്ചുകളയുന്നു. വിഷനാളങ്ങളിൽനിന്നും മകളെ രക്ഷപ്പെടുത്തുവാൻ ശ്രമിക്കുന്ന കോറിന്തിലെ രാജാവും മരണമടയുന്നു. അതുകൊണ്ടും മെഡീയയുടെ ആളിക്കത്തുന്ന പ്രതികാരചിന്തകൾ അടങ്ങുന്നില്ല. സ്വന്തം മക്കളെ കൊന്നു് അവരുടെ മൃതദേഹങ്ങളുമായി ജേസൻെറ കണ്ണിനു മുമ്പിലൂടെ അവളോടിപ്പോവുന്നു. ഈ സന്ദർഭത്തിലെ നാടകത്തിലുള്ള സംഘഗാനം അങ്ങേയററം ഭാവോജ്ജ്വലമായിട്ടുണ്ടു്: ഗ്രീക്കുനാടകത്തിലെ ഗാനസംഘത്തെ ഒരു "മാതൃകാപരമായ നിരീക്ഷകനോ"ടു് ഉപമിക്കാം. വൈയക്തികമല്ലാത്ത അനശ്വരവികാരങ്ങളും ഹൃദയദാഹങ്ങളും കൊണ്ടു വിങ്ങിപ്പൊട്ടുന്ന സാർവ്വലൗകികങ്ങളായ മാനുഷികഭാവങ്ങളെ സംഗീതാത്മകവും താളാനുസൃതവും ആയ വിധത്തിൽ ഇത്തരം സംഘഗാനങ്ങളിൽക്കൂടെയാണു പ്രകാശിപ്പിക്കുന്നതു്. വിശ്വത്തെ മുഴുവൻ ഗ്രസിച്ച തീവ്രയാതനകളെ പ്രകടിപ്പിക്കുന്ന 'ബന്ധനസ്ഥനായ പ്രൊമിത്യൂസ്" എന്ന നാടക

ത്തിലെ സാഗരകന്യകകളുടെ സംഘഗാനം ഈ പറഞ്ഞതിന് ഒരുത്തമദൃഷ്ടാന്തമാണ്. നാടകത്തിലെ സംഭവങ്ങളുടെ ശൃംഖലയിൽനിന്നും വേർപെട്ട കണ്ണികളെന്ന നിലയിലാണെങ്കിലും സംഘഗാനങ്ങൾ അനുപേക്ഷണീയഘടകങ്ങളാണ്. ഒരിടത്തു മാത്രം യൂറിപ്പിഡീസ് സംഘഗാനം സാധാരണയായി ഉപയോഗിക്കുന്ന രീതിയിൽനിന്നും വ്യതിചലിച്ചു പ്രയോഗിക്കുന്നുണ്ട്. നാടകാന്തത്തിലെ സംഘട്ടനാത്മകവും വികാരങ്ങളുടെ നീർച്ചുഴിയെന്നപോലെ കൊട്ടമ്പിരിക്കൊള്ളുന്നതുമായ ആ സന്നിദ്ധാവസ്ഥയിൽത്തന്നെ അദ്ദേഹം ഈ കാവ്യോപാധിയെ നവീനരീതിയിൽ പ്രയോഗിച്ചിരിക്കുന്നു. അടയ്ക്കപ്പെട്ട വാതിലുകൾക്കു പിന്നിൽ പിശാചായിത്തീന്ന അമ്മയാൽ ആക്രമിക്കപ്പെട്ട കുട്ടികളുടെ ആക്രന്ദനങ്ങൾ കേൾക്കുമ്പോൾ, ഗാനസംഘം പ്രേക്ഷകരുടെ നിലവിട്ട്, നാടകസംഭവത്തിൻെറ ചുഴലിയിൽ കുടുങ്ങി, കുററിയിട്ട വാതിലുകളെ നിഷ്ഫലമായി അടിച്ചുതകക്കാൻ ശ്രമിക്കുന്നു. ശിശുഹത്യയുടെ ഭയങ്കരതയെ അതി തീക്ഷ്ണമായി വരച്ചുകാട്ടുന്നതുകൊണ്ട് ഈ സന്ദർഭത്തിലെ ഗാനസംഘത്തിൻെറ അസാധാരണമായ പെരുമാററം നാടകീയതയെ വളരെയധികം ഉജ്ജ്വലമാക്കുന്നുണ്ട്. ഇന്നത്തെ നാടകവേദിയിൽ ഇത്രയും താദാത്മ്യത ജനിക്കണമെങ്കിൽ അനിയന്ത്രിതമായ വികാരാവേശത്തോടുകൂടി പ്രേക്ഷകർ രംഗത്തിലേക്ക് ഒന്നോടെ ഓടിച്ചെല്ലുകയുണ്ടാകണം. കാരണം, ഗാനസംഘത്തിന്നു പരിപൂണ്ണമായ സൂക്ഷ്മജ്ഞാനത്തിൻേറയും മാനുഷികവികാരങ്ങളെ അങ്ങേഅററം അനുരണനം ചെയ്യുന്ന ഒരു സവിശേഷസ്വഭാവത്തിൻേറയും നിലയിൽ ഒരതിമാനുഷഭാവമാണു സങ്കല്പിക്കപ്പെട്ടിട്ടുള്ളതു്. പ്രേക്ഷകരെ സംബന്ധിച്ചേടത്തോളം, ഗാനസംഘം അവരുടെതന്നെ ഒരു പ്രതീകമായി വാസ്തവത്തിൽ നാടകസംഭവങ്ങളിലെ ഭാഗഭാക്കുകളല്ലാതെ, ആണ് ഗണിക്കപ്പെട്ടിരുന്നതു്.

മൂടപ്പെട്ട വാതിൽ അവരുടെ സഹികെട്ട മർദ്ദനങ്ങൾക്കു വഴങ്ങാതെ നില്ക്കുമ്പോൾ, അവരുടെ അദ്ധ്വാനം അസഹ്യമായിത്തീരുമ്പോൾ, ഗാനസംഘത്തിന്റെ മറ്റൊരു നാടകീയസാദ്ധ്യത വെളിപ്പെടുന്നു. എലിസബത്തൻ നാടകങ്ങളെപ്പോലെ,

തീവ്രമായ നാടകീയതയിലെ സംഘട്ടനങ്ങൾക്കിടയിൽ, ഹാസ്യാംശംകൊണ്ടു സ്വല്പമൊരാശ്വാസം സൃഷ്ടിക്കാൻ ഡയൊണീഷ്യൻനാടകങ്ങളിലെ ഗാംഭീര്യം അനുവദിക്കാറില്ല. ഇത്തരം സന്ദർഭങ്ങളിൽ സംഗീതംകൊണ്ടു മാത്രം ആ പിരിമുറുക്കത്തെ ഒന്നയച്ചുവിടാം എന്നു മാത്രം. നാടകത്തിലെ ഭാവതീവ്രത അസഹ്യമായിത്തീരുമ്പോൾ, ഗാനസംഘത്തിൻെറ സംഗീതമാണു പ്രേക്ഷകരെ ഗാനാത്മകമായ ഒരു സുന്ദരസങ്കല്പത്തിലേക്കു കൊണ്ടുപോയി ആശ്വാസിപ്പിക്കാറുള്ളതു്. നൈമിഷികമാണെങ്കിലും അത്തരമൊരാശ്വാസം ഒരു രക്ഷപ്പെടൽതന്നെയായിരുന്നു. ഹിപ്പോളിററസിനാൽ ഉപേക്ഷിക്കപ്പെട്ടു് ഫീഡ്ര ആത്മഹത്യയ്ക്കു തുനിയുമ്പോൾ ആ ദുരന്തത്തിൻെറ കാഠിന്യം ഗാനസംഘത്തിനു താങ്ങാനാവാത്തതായി തോന്നുകയും, അവർ ഏതോ ഒരു വിദൂരസങ്കല്പത്തിലേക്കു് ഓടി രക്ഷപ്പെടാൻ ശ്രമിക്കുകയും ചെയ്യുകയാണു്.

> "സൂര്യകിരണങ്ങൾക്കസ്പൃശ്യമായ ഒരു കുന്നിലെ ഏതെങ്കിലും ഒരു ഗുഹയിൽ പോയി എനിക്കൊളിക്കാൻ കഴിയില്ലേ!
> അല്ലെങ്കിൽ ഈശ്വരൻേറതായ പറവക്കൂട്ടങ്ങളിലെ ഒരു പക്ഷിയെന്നപോലെ,
> ഏതെങ്കിലുമൊരു മേഘത്തെ എൻെറ രക്ഷാസങ്കേതമായി തീർത്തുകൂടെ!"

നാടകീയസംഭവങ്ങളിൽനിന്നും അങ്ങനെ ഗാനസംഘം പ്രേക്ഷകരെ വളരെവളരെ ദൂരത്തേക്കു്, ഭൂമിയുടെ അററത്തേക്കുതന്നെ കൊണ്ടുപോവുകയാണു്.

> "കപ്പൽക്കാരനു തൻെറ പുരോയാനത്തെ നിത്തേണ്ടിവരുന്ന ആ സ്ഥലത്തേക്കു്, തളന്ന ശോണതരംഗങ്ങൾ ശാന്തി വീശിയ ആ സായാഹ്നത്തിലേക്കു്—"

'മെഡീയ'യിൽ യൂറിപ്പിഡീസ് ഗാനസംഘത്തെ ഇതിലും കൂടുതൽ ഫലവത്തായി ഉപയോഗിക്കുന്നുണ്ടു്. അടച്ചിട്ട വാതിലുകൾ ഇളകാതെ അങ്ങനെ നില്ക്കുമ്പോഴുള്ള ആ ചൂടു പിടിച്ച നിമിഷത്തിൽനിന്നും, തൽസമയത്തു് ഗാനസംഘം ആലപിക്കുന്ന പാട്ടു് നമ്മെ രക്ഷപ്പെടുത്തുകയാണു്. എന്നാൽ ഒരുകാര്യം പ്രധാനമായി സൂക്ഷിക്കേണ്ടതുണ്ടു്. ആശ്വാസപ്ര

ദങ്ങളായ സങ്കല്പമാത്രദൃശ്യങ്ങളിലേക്കുള്ള ഒരെളിച്ചോടലല്ല അതു്; പ്രത്യുത, ഐതിഹ്യത്തിൽനിന്നുതന്നെ നാടകത്തിലെ ഈ ഇതിവൃത്തസംഭവത്തോടു് സാദൃശ്യമുള്ള ഒരു കഥയെ ഗാനസംഘം പാടി അവതരിപ്പിക്കുകയാണു്. വിശാലസമുദ്രത്തിൽച്ചാടി ജീവിതമവസാനിപ്പിച്ച ഈശ്വരഭ്രാന്തുപൂണ്ട അയോ തൻെറ കുട്ടികളെ വധിച്ചുകളയുന്ന ആ കഥയാണു് ഇവിടെ സ്മരിച്ചിരിക്കുന്നതു്. ഈ രണ്ടുകഥകൾക്കും വികാരതീക്ഷ്ണതയും ഭയങ്കരതയും ഏതാണ്ടു് ഒരുപോലെയാണു്. എന്നാലും കാലപ്രവാഹത്തിൽ കുറെക്കാലം ഒലിച്ചൊലിച്ചു മാത്രം നമ്മുടെ ഓൎമ്മയിലേക്കെത്തുന്ന ആ ഐതിഹ്യകഥ നമ്മെ സംബന്ധിച്ചിടത്തോളം അത്രയധികം അസഹ്യമായി അനുഭവപ്പെടുന്നില്ല. കാരണം, അതിലെ ചൂടു് ഏതാണ്ടൊന്നടങ്ങിയിരിക്കുന്നു. നമ്മുടെ മനസ്സിനെ ഇളക്കിമറിക്കത്തക്ക ദാർഢ്യമുള്ള ബന്ധം ആ ഐതിഹ്യകഥയോടു് ഉണ്ടാവാൻ നിവൃത്തിയില്ലല്ലോ. അതുകൊണ്ടാണു് ഒരു സദൃശസംഭവം അവതരിപ്പിക്കുന്നുവെങ്കിലും നാടകത്തിലെ ഭയങ്കരതയിൽനിന്നു് ഒരാശ്വാസംമാത്രമായി അതു് അനുഭവപ്പെടുവാൻ കാരണം. പ്രതിപാദ്യവൃത്താന്തത്തെ പരിപൂൎണ്ണമായും വിസ്മരിപ്പിച്ചോ, അല്ലെങ്കിൽ തീരെ ബന്ധമില്ലാത്ത ഒരാനുഷംഗികമായ ഉപകഥയെ അവതരിപ്പിച്ചോ അല്ല, ഇവിടെ ഇതിവൃത്തത്തിലെ വികാരതീവ്രതയെ ഒന്നയച്ചുവിടുന്നതു്. താല്ക്കാലികമായി നാം ഇതിവൃത്തത്തിൽനിന്നും ഒന്നു വിട്ടുമാറുന്നുണ്ടെങ്കിലും, മനസ്സിന്റെ അടിത്തട്ടിൽ അതിൻെറ മുഴക്കം, തീരെ ഇല്ലാതാവുന്നില്ല. കുറെ നീണ്ട കൊല്ലങ്ങൾക്കുമാത്രം സൃഷ്ടിക്കാവുന്ന അവധാനതയോടെയുള്ള അന്തഃകരണചിന്തനത്തിൽനിന്നുമുളവാകുന്ന ഒരുതരം ഹൃദയലാഘവമാണു്, സ്മരണയിൽനിന്നു് ഊറിവരുന്നതും വാടിത്തളൎന്ന പുഷ്പങ്ങളേയും, നിലംപതിച്ച നക്ഷത്രങ്ങളേയുംകുറിച്ചുള്ള സങ്കല്പസുന്ദരവും താളലയാനുസൃതവും ആയ ഈ സംഘഗാനം നമുക്കരുളുന്നതു്. ഭൂതകാലസംഭവങ്ങളുടെ ശ്മശാനോപാന്തത്തിലിരുന്നു് ഓൎത്തോൎത്തു ചിന്തിക്കുമ്പോളുണ്ടാകുന്ന ഒരു മനസ്സമാധാനമാണു് ആ സംഘഗാനങ്ങൾ കേൾക്കുമ്പോഴുണ്ടാവുന്നതു്. കഥാപാത്രങ്ങളേയും അവരെ ചുറ്റിപ്പറ്റിയിരിക്കുന്ന വിധിയുടെ പ്രതി

ഭാസങ്ങളേയും സുസൂക്ഷ്മം പഠിച്ചറിയേണ്ടുന്ന ഇത്തരം നാടകീയമായ സന്ദിഗ്ദ്ധാവസ്ഥയിൽനിന്നും പ്രേക്ഷകരെ അകറ്റിനിർത്തുവാൻ യൂറിപ്പിഡീസിനു സമ്മതമായിരുന്നില്ല. അതുകൊണ്ടാണു് അദ്ദേഹം അവരിൽ നിയന്ത്രിതവും അവധാനപൂർവ്വവുമായ ചിന്തകൾക്കു പ്രേരണ നൽകുന്നതു്. അങ്ങനെ ഈവിധ വിശകലനമനോഭാവത്തോടുകൂടി നാടകത്തിലെ ദുരന്തത്തെ സമീപിക്കുമ്പോൾ പ്രേക്ഷകർക്കു കാര്യം വ്യക്തമായി മനസ്സിലാകും. പഴയ ഐതിഹ്യകഥയിലെ ദുരന്തത്തിനുത്തരവാദികൾ ഈശ്വരന്മാരാണെന്നും,—ശിശുഹത്യയ്ക്കു് പ്രേരിതയായതുതന്നെ ആ അമ്മയെ ഈശ്വരന്മാർ ഭ്രാന്തിയാക്കിയതുകൊണ്ടാണല്ലൊ—എന്നാൽ പ്രസ്തുതാവ്യമായ നാടകത്തിലെ ദുരന്തത്തിന്റെ ഉത്തരവാദിത്വം അന്നത്തെ മാനുഷികബന്ധങ്ങൾക്കാണെന്നും അവർക്കു ബോധ്യമാകുന്നു. മെഡീയയെ ഒരു കൊലപാതകിയാക്കിയതു്, ജേസൺ അവളെ ഉപേക്ഷിച്ചതുകൊണ്ടാണല്ലോ.

ഈ നാടകം നിരാകരിക്കപ്പെട്ട ഒരുവളുടെ പ്രതികാരദാഹത്തെക്കുറിച്ചാണു്. എങ്കിലും യാതനയിൽ മുങ്ങിക്കിടന്ന നന്മയുടെ ഭയാനകമെങ്കിലും സാധൂകരിക്കാവുന്ന അവസാനവിജയമായി പ്രതികാരത്തെ കാണുവാൻ യൂറിപ്പിഡീസിന്റെ മനശ്ശാസ്ത്രപരമായ അന്തർനിരീക്ഷണപാടവത്തിനു് ഇഷ്ടമുണ്ടായിരുന്നില്ല. മർദ്ദിതരുടെ വിദ്വേഷത്തേയും മർദ്ദകരുടെ ക്രൂരതയെപ്പോലെതന്നെ അദ്ദേഹം വെറുത്തിരുന്നു. ഇങ്ങനെ ദ്വിമുഖമായ ഒരു ക്രൂരതയെയാണു് യൂറിപ്പിഡീസ് തന്റെ നാടകത്തിൽ കൈകാര്യം ചെയ്തിരിക്കുന്നതു്. ആ ക്രൂരതയിൽനിന്നുണ്ടാവുന്ന നാശമാവട്ടെ, ക്രൂരതയനുഭവിക്കുന്ന വ്യക്തിയെ വേദനിപ്പിക്കുകമാത്രമല്ല, ആ വേദനയിൽ മുക്കി അയാളെ കൂടുതൽ വിനാശകാരിയായ ഒരു ഭയങ്കര രൂപിയാക്കുകയുമാണു്. എന്നിട്ടോ, ആ മർദ്ദിതവ്യക്തിക്കു് വിജയം വരുമ്പോൾ, ആ വിജയം ന്യായത്തിന്റെ ഒരു ജയമോ, ആഹ്ലാദകരമായ ഒരനുഭവമോ ആകുന്നുമില്ല. അങ്ങനെയാണു്, തനിക്കു വന്നുചേർന്ന യാതനകളെപ്പററി ചിന്തിച്ചു ചിന്തിച്ചു്, തനിക്കു ജേസനിൽനിന്നുണ്ടായ കുട്ടികളെ വധിക്കുവാനുള്ള ആ പൈശാചികമായ പ്രതികാരബുദ്ധിയിലേക്കു് മെഡീയ മുട്ടു

കുത്തിവീഴുന്നതു്. താനുദ്ദേശിച്ച കുററത്തിൻെറ ഭയങ്കരത അവളറിയുന്നുണ്ടു്. പക്ഷേ, വികാരങ്ങൾ അനിയന്ത്രിതശക്തിയാർന്നവയാണു്; ഈ സത്യം മനസ്സിലാക്കിയതിനാലാണു് യൂറിപ്പിഡിസിൻെറ യുക്തിചിന്ത അത്രത്തോളം ആഴവും സൂക്ഷ്മദൃഷ്ടിയും പ്രകടിപ്പിക്കുന്നതു്. പ്രതികാരബുദ്ധി മനസ്സിൽക്കിടന്നു് വീർപ്പുമുട്ടി മെഡീയ വിങ്ങിപ്പൊട്ടുന്നതു നോക്കുക:

"അതെ, എനിക്കറിയാം ഞാനെന്തൊരു ഭയങ്കരകൃത്യത്തിനാണു തുനിയുന്നതെന്നു്; എന്നാലും വിദ്വേഷം, എല്ലാവിധ ചിന്തകളേയും അതിക്രമിച്ചു് എന്നിൽക്കിടന്നലറുകയാണു്..."

അവസാനം, സ്വന്തം അന്തരാത്മാവിനുതന്നെ അവമാനകരമായ ആ ദുസ്സഹകൃത്യത്തിലേക്കു് അവളിൽ ഏരിഞ്ഞു പുകയുന്ന പ്രതികാരവാഞ്ഛ അവളെ വലിച്ചിഴച്ചതിനുശേഷം, മെഡീയയ്ക്കു മനസ്സിലാവുകയാണു്, താൻ വരുത്തിവച്ച ദുരന്തം തിരിച്ചടിച്ചു് തന്നെത്തന്നെ വ്രണപ്പെടുത്തുകയാണെന്നു്. അവൾ പാഞ്ഞുപോകുമ്പോൾ, ഭർത്താവിൻെറ വിലാപം കേട്ടു്, ഹൃദയത്തിൻെറ അടിത്തട്ടിൽനിന്നും അസാധാരണമായ ഒരു രോദനം പൊട്ടിപ്പുറപ്പെടുന്നു.

"ഓ, അങ്ങയുടെ ക്രന്ദനം! അതെന്നെ നീറ്റുകയാണു്!"

യൂറിപ്പിഡിസിൻെറ 'മെഡീയ' മറെറാരുവിധത്തിലും ശ്രദ്ധേയമായ ഒരു നാടകമാണു്. സ്ത്രീകളുടെ അന്യാദൃശഗുണങ്ങളെ പ്രകീർത്തിക്കുന്ന യൂറിപ്പിഡിസിൻെറ ഒന്നാന്തരമൊരു പദ്യഭാഗമുണ്ടിതിൽ. അതിൻെറ പ്രാധാന്യം ശരിക്കും അറിയണമെങ്കിൽ അന്നത്തെ ഗ്രീക്കുസമുദായത്തിൽ സ്ത്രീകൾക്കുണ്ടായിരുന്ന സ്ഥാനവും, അവിടത്തെ സ്ത്രീപുരുഷബന്ധവും, എങ്ങനെയായിരുന്നുവെന്നു് മനസ്സിലായിരിക്കേണ്ടതാവശ്യമാണു്. ഗൃഹഭരണം അന്തസ്സോടുകൂടി നടത്തുന്ന ഒരു കുടുംബിനിയായും, വിശ്രമവേളകളിലെ ഒരു സഖിയായും, ശരീരതൃഷ്ണ തൃപ്തിപ്പെടുത്തുവാനുള്ള ഒരുപാധിയായുമാണു് ഗ്രീസിലെ പുരുഷൻ സ്ത്രീയെ വേർതിരിച്ചതു്. ഒരുപക്ഷേ, എല്ലാക്കാലത്തും പുരുഷൻ ഇങ്ങനെതന്നെയായിരിക്കും ഏതാണ്ടു ധരിച്ചിരിക്കുക. എന്തായാലും പുരാതനഗ്രീസിൽ ഈ ധാരണ സർവ്വസാധാരണമായി അംഗീകരിക്കപ്പെട്ടിരുന്നു. ഏററവും

സ്വാഭാവികമായ രീതിയിൽ ഡെമൊസ്സനീസ് ഈ ഗ്രീക്കുവീക്ഷണത്തെ ഇങ്ങനെയാണു സംഗ്രഹിക്കുന്നതു്: "പരിചരണ സുഖമരുളാൻ നമുക്കു് ഗണികയുവതികളുണ്ടു്; ശാരീരികദാഹശമനത്തിനു വേണ്ടത്ര വെപ്പാട്ടികളുണ്ടു്; നിയമാനുസൃതമായ സന്താനങ്ങളെ ജനിപ്പിക്കാനും, കുടുംബഭരണം കുലീനരീതിയിൽ നടത്തുവാനും ഭാര്യമാരുമുണ്ടു്." യൂറിപ്പിഡീസിന്റെ സമകാലികചിന്തകന്മാരിൽ അദ്ദേഹം മാത്രമായിരുന്നു, സമുദായമദ്ധ്യത്തിൽ സ്വാഭാവികമായി അംഗീകരിക്കപ്പെട്ട ഈ അനാശാസ്യവീക്ഷണഗതിയെ വെട്ടിത്തുറന്നു കാണിച്ചതു്. തൻെറ തെററുകളെക്കുറിച്ചു് ഓർത്തോർത്തു് മെഡീയ വിലപിക്കുകയാണു്.

"വളരുന്നതും അനുഭവശക്തി ഉള്ളതുമായി വിശ്വത്തിൽ കാണുന്ന എല്ലാത്തിലുംവച്ചു് കൂടുതൽ വ്രണിതയായ ഒരു ലതയാണു് നാരി."

അവൾ വീണ്ടും വികാരഭരിതയായി പറഞ്ഞുപോവുകയാണു്. സ്ത്രീയുടെ പരാധീനതയും, കുടുംബത്തിൽ അവൾ അനുഭവിക്കുന്ന അടിമത്തവും, വിവാഹം ചെയ്തവളോടു് പുരുഷൻ ചെയ്യുന്ന വിശ്വാസവഞ്ചനയും, പ്രസവസമയങ്ങളിൽ മരണം സ്ത്രീകളെ സംബന്ധിച്ചേടത്തോളം എത്രയും സാധാരണമായിരിക്കെ, യുദ്ധത്തിലും മററും മരണത്തെ അവഗണിച്ചു പോരാടുന്നതിനെക്കുറിച്ചു് പുരുഷന്മാർ അതിശയോക്തിപരമായി ചെയ്യാറുള്ള വീമ്പുപറയലും, എല്ലാം മെഡീയ എടുത്തെടുത്തു പറയുന്നുണ്ടു്. യൂറിപ്പിഡീസിൻെറ സ്ത്രീയെ സംബന്ധിച്ച പ്രശ്നങ്ങളിലുള്ള പരിജ്ഞാനം, സ്ത്രീകഥാപാത്രങ്ങളെ അനുഭാവപൂർവ്വംമാത്രം വീക്ഷിക്കുന്ന ഒരു സ്വഭാവം പൊതുവേ കൈക്കൊള്ളാൻ അദ്ദേഹത്തിനു പ്രേരണ നൽകിയിട്ടുണ്ടു്. മെഡീയ, ഇലക്ട്ര എന്നീ അധഃപതിച്ച കഥാപാത്രങ്ങളെ കൈകാര്യം ചെയ്യുമ്പോൾക്കൂടി ഈ നിലപാടിനു് മാററം വന്നുകാണുന്നില്ല. ഹിപ്പോളിററസിൽ അവാസ്ഥവമായ ഒരാരോപണം നടത്തുമ്പോൾക്കൂടി ഫീഡ്ര പരിപൂർണ്ണമായ ഒരു പ്രതികാരബുദ്ധിയല്ല പ്രദർശിപ്പിക്കുന്നതു്. ഭർത്താവിനോടുള്ള തൻെറ കൂറില്ലായ്മയെ, തൻെറ സ്വഭാവദൂഷ്യത്തെ, പ്രേമത്തെ തിരസ്കരിച്ച ആ യുവാവു് പരസ്യമാക്കിക്കള

KOTTAYAM PUBLIC LIBRARY KOTTAYAM

യുമോ എന്നൊരാശങ്കയുണ്ട്, ഫീഡ്രസ്സ്. മരണാനന്തരം തന്റെ പേരു പരിശുദ്ധമായിത്തന്നെ നിലനില്ക്കണമെന്നുള്ള അത്യാഗ്രഹം കൊണ്ടാണ് അവൾ അങ്ങനെയൊരു അവാസ്തവമായ ആരോപണം നടത്തിയതു — എങ്കിലല്ലേ, തന്റെ കുട്ടികളുടെ ആഭിജാത്യത്തെ സംരക്ഷിക്കാനും, അവക്കു മററുള്ളവരേപ്പോലെതന്നെ തലയുയത്തി നടക്കാനുമുള്ള ഒരു സാഹചര്യം സൃഷ്ടിക്കാൻ സാധിക്കുകയുള്ളു? 'അൻഡ്രോമിഡ' ഒരപ്രധാന നാടകമാണ്. എങ്കിലും, അതിൽ സൗമ്യശീലയും നിഷ്കളങ്കയുമായ ഒരു പെൺകുട്ടിയുടെ സജീവചിത്രമുണ്ട്. അവൾ അവളുടെ സംരക്ഷകനോടു പ്രാത്ഥിക്കുന്നതിങ്ങനെയാണ്:

"അല്ലയോ അപരിചിതാ, അങ്ങയുടെ ഭൃത്യയായോ, ഭാര്യയായോ, അല്ലെങ്കിൽ അടിമയായോ എന്നെ സ്വീകരിച്ചാലും!"

യൂറിപ്പിഡിസിന്റെ സ്ത്രീകഥാപാത്രങ്ങളിൽ ഏററവും ഉത്തമമായതു് 'ഒളിസിലെ ഇഫിജീനിയ' എന്ന നാടകത്തിലാണെന്നു പറയാം. അഗമെമ്നന്റെ ഹതവിധിയായ പുത്രിയാണ് ഇഫിജീനിയ. ട്രോയിയിലേക്കു പോകുവാൻ ഗ്രീക്ക് കപ്പൽപ്പടയ്ക്കു സഹായകമായ കാററുവേണമെങ്കിൽ ഇഫിജീനിയയെ ബലികൊടുക്കണമെന്ന് ഈശ്വരകോമരം ആവശ്യപ്പെട്ടു. അഗമെമ്നൺ ആ ക്രൂരനിബന്ധനയ്ക്കു വഴങ്ങി, മൈസീനയിൽനിന്ന് അവളെ വരുത്തുകയാണ്. അവളെ ഗ്രീക്കിലെ ഏററവും ഉയന്ന വീരസേനാനിയായ അക്കില്ലിസിനു വിവാഹംചെയ്തുകൊടുക്കാനെന്നുള്ള ഭാവത്തിലാണ് അദ്ദേഹം അവളെ വരുത്തുന്നതു്. ഒളിസിൽ വന്നപ്പോൾ വാസ്തവം പുറത്തായി. അപ്പോൾ മാതാവായ ക്ലിറെറംനെസ്ത്ര ആ മൃഗീയാചാരത്തെ അപലപിച്ചു ഭയങ്കര ദുരന്തങ്ങൾ പ്രവചിച്ചുകൊണ്ടു കുററാരോപണം ചെയ്യുകയാണ്. "അങ്ങയ്ക്കു് എതിരെ ദ്രോഹിയാകുവാൻ എന്നെ പ്രേരിപ്പിക്കാതിരിക്കുകയാണു നല്ലതു്." തന്റെ ഭാവിവരൻ അക്കില്ലിസല്ല, മരണമാണെന്നു മനസ്സിലായപ്പോൾ ഇഫിജീനിയ ഏററവും കരുണാർദ്രമായ പരിവേദനങ്ങളാണു നടത്തുന്നതു്. ഭൂതകാലത്തിലെ ആനന്ദകരങ്ങളായ ദിവസങ്ങളെ അവൾ ഓമ്മിപ്പിക്കുന്നു. ഗ്രീക്ക്പടയാളികൾക്കു ദുരന്തങ്ങൾ വരുന്നതിനുമുമ്പ്, സമാധാനം നില

നിന്നിരുന്ന കുടുംബത്തിൽ സന്തോഷം അലതല്ലിയിരുന്നതും, മകളെ മടിയിൽവെച്ച് അവളെ വിവാഹംചെയ്യാൻ പോവുന്ന ഭാവിവരനെക്കുറിച്ചു പറഞ്ഞു് തൻെറ അച്ഛൻ അമ്മയോടുകൂടി കളിയാക്കിയിരുന്നതും മററും അവൾ ഓർമ്മിച്ചുപോവുന്നു. അക്കില്ലിസാകട്ടെ, അവളെ രക്ഷപ്പെടുത്തുവാൻ തീരുമാനിച്ചതായി പ്രഖ്യാപിക്കുന്നു. പക്ഷേ, കാര്യങ്ങൾ ദ്രുതഗതിയിൽ മറെറാരു വഴിയിലേക്കു തിരിഞ്ഞു. ആദ്യത്തെ ആഞെട്ടൽ തീർന്നപ്പോൾ, സാവധാനചിന്തകൾകൊണ്ടു് അവളുടെ മനസ്സു ശാന്തമായിത്തീരുകയും ഗ്രീസിനുവേണ്ടി അങ്ങേയററത്തെ ത്യാഗമനുഭവിക്കാൻ ഇഫിജീനിയ തീരുമാനിക്കുകയും ചെയ്യുന്നു. തൻെറ മരണം വ്യഥാവിലായിപ്പോകയില്ലെന്നു് അവൾ മനസ്സിലാക്കുന്നു. തൻെറ പരിശുദ്ധരാജ്യത്തിൽനിന്നും ഏതെങ്കിലുമൊരാക്രമിക്കു് ഒരു സ്ത്രീയെ പിടിച്ചുകൊണ്ടുപോവണമെങ്കിൽ അതിനു കടുത്ത ശിക്ഷ അനുഭവിക്കേണ്ടിവരുമെന്നു് ട്രോയ് രാജ്യത്തെയെന്നല്ല മനുഷ്യവംശത്തെ മുഴുവനും പഠിപ്പിക്കാൻ സാധിക്കുമെന്നു് അവളാശിക്കുന്നു. അങ്ങനെ ഒടുവിൽ, ഭയങ്കരമായ വിധിയുടെ മുമ്പിൽ തലകുനിച്ചു് അവൾ സൂര്യപ്രകാശമൊഴുകുന്ന ഭൂതലത്തോടു് അവസാനയാത്ര പറയുകയാണു്.

'ഹെക്യൂബ്,' 'ട്രോജൻസ്ത്രീകൾ' എന്നീ വിശേഷാത്തര നാടകങ്ങളെക്കുറിച്ചാണു നമുക്കിനി ചിന്തിക്കാനുള്ളതു്. ഇവയിൽ യൂറിപ്പിഡീസ് യുദ്ധത്തെ വിമർശിക്കുകയും, മനുഷ്യജീവിതത്തിലെ ഏററവും പ്രധാനപ്രശ്നമായ ജീവിതയാതനകളെ പരിഹരിക്കാനുള്ള ഒരു പരിശ്രമം നടത്തുകയുമാണു ചെയ്യുന്നതു്. പൗരാണികസാഹിത്യങ്ങളിൽ യുദ്ധത്തെ ഏററവുമധികം അപലപിക്കുന്ന കൃതികളായിട്ടാണു് ഈ രണ്ടെണ്ണത്തെ കരുതിപ്പോരുന്നതു്. ആ നാടകങ്ങൾ എങ്ങനെയുള്ളൊരു പരിതഃസ്ഥിതിയിലായിരുന്നു എഴുതപ്പെട്ടതെന്നറിഞ്ഞാലേ, അവയിൽ തെളിഞ്ഞുകാണുന്ന യൂറിപ്പിഡീസിൻെറ സന്മാർഗ്ഗധീരതയെ ശരിക്കും മനസ്സിലാക്കാനാകൂ. ക്രി. മു. 416-ൽ ആഥൻസിൻെറ സർവ്വാധിപത്യത്തെ മിലോസ്‌രാജ്യം ചോദ്യംചെയ്യാൻ ശ്രമിച്ചപ്പോൾ, ആ ദ്വീപിലേക്കു് ഒരു സൈന്യം നീങ്ങുകയും, അതിനെ മൃഗീയവും ഭയങ്കരവു

മായ മനുഷ്യഹത്യയുടെ ഒരു കൊലക്കളമാക്കിത്തീർക്കുകയുമാണുണ്ടായതു്. വിജയലഹരിയിൽ മതിമറന്ന ആഥൻസുകാർ സിസിലിയുടെനേക്കും അത്തരമൊരാക്രമണത്തിനു തുനിഞ്ഞപ്പോൾ, യൂറിപ്പിഡീസ് ഈ രണ്ടു നാടകങ്ങൾ പൗരമുഖത്തേക്കെറിഞ്ഞു് അവരെ ഒരാത്മപരിശോധനയ്ക്കു പ്രേരിപ്പിക്കുവാനാണു ശ്രമിച്ചതു്, സിസിലിയുടെനേക്കുള്ള ഈ ആക്രമണം പരാജയപ്പെട്ടുമെന്നു് അദ്ദേഹം തുറന്നു പ്രവചിച്ചു. യുദ്ധാവസാനത്തിൽ സിസിലിയിലെ ഭൂഗർഭഖനികളിൽ മരണത്തിലേക്കു വഴുതിവീണുകൊണ്ടിരുന്ന ആഥൻസുകാരിൽ, യൂറിപ്പിഡീസിൻെറ നാടകങ്ങളിലെ ഏതെങ്കിലും ഭാഗങ്ങൾ ചൊല്ലാൻ സാധിക്കുന്നവരെ വിമോചിപ്പിച്ചതായി പ്ളൂട്ടാർക്കിൻെറ വാക്കുകളിൽനിന്നു തെളിയുന്നു. ആഥൻസ് രാജ്യം വിജയലഹരിയിൽ മുങ്ങി ധർമ്മബോധം നശിച്ചിരുന്ന ആ കാലത്തു് ഈ നാടകങ്ങൾ അവതരിപ്പിച്ചപ്പോൾ അവ ജനങ്ങൾക്കിടയിൽ വല്ലാത്തൊരു കൊടുങ്കാററാണു സൃഷ്ടിച്ചതു്. നാടകകൃത്തിൻെറ വിമർശനം രൂക്ഷവും നിർദ്ദയവുമായിരുന്നു. ജനങ്ങളാകട്ടെ ആത്മപരിശോധനയ്ക്കു തയ്യാറുമായിരുന്നില്ല. ഹോമർ എവിടെ അവസാനിപ്പിച്ചുവോ—അതായതു് ട്രോയ് കൈയടക്കപ്പെട്ടതിനുശേഷം—അവിടെയാണു് യൂറിപ്പിഡീസ് തുടങ്ങുന്നതു്. ഗ്രീക്കുകാരുടെ വിജയം, പരാജിതരായവരെ സംബന്ധിച്ചേടത്തോളം എത്ര ഭയങ്കരമായൊരു ദുരന്തമാണെന്നു് അദ്ദേഹം കൂസൽകൂടാതെ തുറന്നുകാട്ടുന്നു. തീരെ ദാക്ഷിണ്യം പ്രകടിപ്പിക്കാത്ത ഒരു വ്യാഖ്യാനമാണു് യൂറിപ്പിഡീസ് കൊണ്ടുവരുന്നതു്. പരശ്ശതം മനുഷ്യജീവികളുടെ വിധിയെ ഭയങ്കരമായി ബാധിക്കുന്ന ഒരു ക്രൂരയുദ്ധമാണു നടത്തുന്നതു്. എന്തിനു്?

"സ്വേച്ഛയനുസരിച്ചു് ഓടിപ്പോയവളും, ഇനിയും അങ്ങനെ ചെയ്യേക്കാവുന്നവളും ആയ ഒരു സ്ത്രീയെ തിരിച്ചുകൊണ്ടുവരാൻവേണ്ടി..."

ആക്രമിക്കപ്പെട്ടവർക്കു് അസഹ്യമായ കഷ്ടപ്പാടുകളാണു് ആ യുദ്ധം വരുത്തിവെച്ചതു്. എത്രയോ പുരുഷന്മാരുടെ പ്രാണൻ വാൾത്തുമ്പിൽച്ചെന്നു ലയിച്ചു. ട്രോയിയിൽനിന്നും എത്രയോ ദൂരത്തേയ്ക്കു്, ആടി മറിഞ്ഞുകൊണ്ടിരിക്കുന്ന

സമുദ്രമദ്ധ്യത്തിലെ ദ്വീപുകളിലേക്ക്, സ്ത്രീകൾ കവൎന്നുകൊണ്ടു പോകപ്പെട്ടു. എന്തിന്? ഇരുട്ടിന്റെ മൂകഭീകരതയിൽ ഏതെങ്കിലും ചില ഗ്രീക്കുകാരുടെ വികാരശമനത്തിന്നുള്ള ശയനശയ്യയിൽ അവരുടെ സ്ത്രീത്വത്തെ അടിയറവെപ്പിക്കാൻ. വിജയികളെ സംബന്ധിച്ചേടത്തോളവും കഷ്ടപ്പാടുകൾ നിസ്സാരങ്ങളായിരുന്നില്ല. ഗ്രീസിൽനിന്നു കപ്പൽപ്പട നീങ്ങുമ്പോൾ ഗർഭവതികളായിരുന്ന ഭാൎയ്യമാരുള്ളവരിൽ പലരും അവരുടെ കുട്ടികളെ ഒന്നു കാണാതെ പടക്കളത്തിലെ രക്തപ്പുഴയിൽ പിടഞ്ഞു പുളഞ്ഞു മരിച്ചു. അപരിചിതവും, പൈശാചികമായ മനുഷ്യഹത്യക്കു സാക്ഷ്യംവഹിച്ചതുമായ ഏതോ ഒരന്യദേശത്തു്, ജീവിച്ചിരിക്കുമ്പോൾ അവർ കാണിച്ച അഹങ്കാരത്തേയും ഉന്മാദലഹരിയേയും നിശ്ശബ്ദമായി പരിഹസിക്കുകയാണോ എന്നു തോന്നുമാറു പടക്കളത്തിൽ നിരന്നുകിടന്ന ശവശരീരങ്ങൾക്കു മരണാനന്തരക്രിയകൾ ചെയ്യാൻ, ഒരു ഭാൎയ്യയും, ഒരു പുത്രനും, ഒരു പുത്രിയും മുന്നോട്ടുവന്നില്ല—മഴപ്പാറ്റകളെപ്പോലെ പൊലിഞ്ഞുപോയ ആ മനുഷ്യജീവിതങ്ങൾക്കു് പ്രതിഫലമായി, അല്ലെങ്കിൽ ആ ദുരന്തസംഭവങ്ങൾക്കു പരിഹാരമായി എന്തെങ്കിലുമൊന്നുണ്ടായോ? ഉണ്ടായി, ചില ഫലങ്ങളെല്ലാമുണ്ടായി. പക്ഷേ, അവ മുളപ്പിച്ച വിത്തുകൾ ഇനിയും വരാനിരിക്കുന്ന യാതനകളുടെ വിത്തുകൾകൂടിയായിരുന്നു. അഥീനയുടെ വിഗ്രഹത്തെ ഭയകമ്പിതയായി കെട്ടിപ്പിടിച്ചുകൊണ്ടിരുന്ന ട്രോജൻരാജകുമാരിയായ കസാൻഡ്രായെ, ഗ്രീക്ക്പടയാളികളിൽ ഒരാളായ അജാക്സ് വിജയോന്മാദത്തിന്റെ തള്ളിച്ചയിൽ ബലാത്സംഗം ചെയ്തപ്പോൾ, അഥീന ഗ്രീക്കുകാരെ ഇങ്ങനെ ശപിച്ചുവിടുകയാണു്:

"വീടെത്തിച്ചേരാൻ കൊതിച്ചുകൊണ്ടിരിക്കുന്ന നിങ്ങൾ ഒരിക്കലും അവിടംവരെ എത്താതിരിക്കട്ടെ."

അങ്ങനെ ട്രോയിയിൽനിന്നു് തിരിച്ച വിജയികളായ ആ പടയാളികളിലധികംപേരും വീടെത്തിച്ചേൎന്നില്ല. കൊടുങ്കാററിൽപ്പെട്ടും, കപ്പൽ മറിഞ്ഞിട്ടും, അജ്ഞാതശത്രുക്കളോടേറുമുട്ടിയും അവരിൽ അധികംപേരും വഴിക്കുവെച്ചുതന്നെ നശിച്ചു. യുദ്ധങ്ങളിൽ സാധാരണയായനുഭവപ്പെടാറുള്ള ഒന്നു് അവർക്കും സംഭവിച്ചു. പരാജിതരുടെ വിധിവ്യസന

കരംതന്നെ; പക്ഷേ, വിജയം ആവേശകരമായ ഒരുന്മാദലഹരിക്ക വിത്തുപാവുന്നു. ആ ലഹരിയിൽ തെററും ശരിയും വേർതിരിച്ചറിയാൻ സാധിക്കാതെ അവർ ചെയ്യുപോയ അനീതികൾതന്നെ വേണ്ടത്ര ശിക്ഷ വിജയികൾക്കും കൊടുക്കുന്നു.

യുദ്ധത്തെക്കുറിച്ചുള്ള ശ്രദ്ധേയമായ ഈ വ്യാഖ്യാനത്തിനു പുറമെ, മനുഷ്യജീവിതാർത്ഥത്തെപ്പററിയുള്ള മൗലികപ്രശ്നം, മറെറാരു സൂക്ഷ്മഘടകമെന്ന നിലയിൽ ഈ കൃതികൾക്കുള്ളിൽ ഒളിഞ്ഞുകിടക്കുന്നതു കാണാം. പരമ്പരാഗതങ്ങളായ മതവിശ്വാസങ്ങൾ ഒരു യുക്തിചിന്തകനു് സ്വീകാര്യമായിരിക്കയില്ല. എന്നാലും വിശ്വാസം മനസ്സമാധാനത്തിനൊരു പാധിയാണെന്നുള്ളതു് ഒരനിഷേധ്യവാസ്തവമാണു്. അതുകൊണ്ടു് പാരമ്പര്യവീക്ഷണങ്ങളെ പാടേ നിരാകരിക്കുന്നതിനു് നല്ല ധൈര്യം വേണം. അതിൻെറ സ്ഥാനത്തു് പുതിയ മൂല്യങ്ങൾ പ്രതിഷ്ഠിക്കുകയെന്നതു് എളുപ്പമല്ല. "ഐതിഹ്യങ്ങളുടെ ഒഴുക്കിൽ അലസമായി ഒഴുകുവാൻ" സമ്മതമില്ലാത്ത യൂറിപ്പിഡിസിനു് മനുഷ്യജീവിതത്തിൻെറ നൂലാമാല പിടിച്ച രഹസ്യങ്ങളെ അംഗീകരിക്കാതിരിക്കാൻ സാധിച്ചില്ല— "മനുഷ്യജീവിതത്തിലെ ദിവസങ്ങളെ ഞാൻ വീക്ഷിച്ചപ്പോൾ, ഒരു നരച്ച നിഴലാണു് എനിക്കു കാണാൻ കഴിഞ്ഞതു്," പിറക്കുമ്പോൾ എവിടെനിന്നു വരുന്നുവെന്നോ, മരിക്കുമ്പോൾ എവിടെ പോകുന്നുവെന്നോ, എന്നുള്ളതു് നമുക്കിനിയും അപരിഹാര്യങ്ങളായ വിഷമപ്രശ്നങ്ങളായിത്തന്നെ നിലകൊള്ളുന്നു. "അടിയും മുകളും മൂടൽമഞ്ഞുകൊണ്ടു് മറഞ്ഞുകിടക്കയാണു്. താഴത്തെ അഗാധത അടഞ്ഞുകിടക്കുമ്പോൾ, മരണാനന്തരജീവിതം നീരുറവിൻെറ ഒരാകസ്മികാവസാനമായിരിക്കുന്നു. ജീവിതത്തേക്കാൾ അമൂല്യവും, അർത്ഥവത്തുമായ ഏതെങ്കിലുമൊരു വിദൂരാവസ്ഥയുണ്ടെങ്കിൽത്തന്നെ, ഇരുളിൻെറ യവനിക നമ്മുടെ ദൃഷ്ടിപഥത്തിൽനിന്നും അതിനെ മറച്ചിരിക്കയാണു്." പക്ഷേ, മരണം യൂറിപ്പിഡിസിനെ അധികകാലം വിഷമിപ്പിച്ചിരുന്ന ഒരു പ്രശ്നമായിരുന്നില്ല. ഒരു പ്രകൃതിനിയമമായി അദ്ദേഹമതിനെ അംഗീകരിച്ചു. "മരണത്തെച്ചൊല്ലി നാം വിലപിക്കേണ്ടതില്ല. കൊല്ലങ്ങൾ ഒന്നിനു പിറകെ ഒന്നായി ഒരു നീണ്ട ഘോഷയാത്രയേപ്പോലെ നീങ്ങി

ക്കൊണ്ടിരിക്കുമ്പോൾ, വയലിൽ കൊയ്ത്തും അനുക്രമം നടന്നുകൊണ്ടിരിക്കുന്നു. മനുഷ്യജീവിതവും, തലമുറതലമുറയായി, അതുപോലെതന്നെ പുഷ്പിച്ചും, വാടിയും, അവസാനം തിരോധാനം ചെയ്തുമിരിക്കുന്നെന്നേയുള്ളൂ. ഇതു് വെറും ഒരു പ്രകൃതികല്പനയാണു്. പ്രകൃതിനിയമങ്ങളിലെ ശാശ്വതഗതികളെക്കുറിച്ചു് നാം അമ്പരക്കേണ്ടതില്ല.'' പക്ഷേ, മനുഷ്യരനുഭവിക്കുന്ന അനിവാര്യമല്ലാത്ത യാതനകൾക്കു് നാമങ്ങനെ തലകുനിച്ചുകൊടുക്കേണ്ട കാര്യമില്ല. ആ കഷ്ടപ്പാടുകളിൽ ഭൂരിഭാഗവും മനുഷ്യൻെറ വിവേചനാശൂന്യതയും അവൻെറ ക്രൂരതയും വരുത്തിത്തീക്കുന്നവയാണു്. അത്തരം കെടുതികൾക്കു നേരെ മനുഷ്യൻ സ്വീകരിക്കേണ്ട മനോഭാവം എന്തായിരിക്കേണമെന്നും, ആ കഷ്ടപ്പാടുകളെ നികത്താൻ എന്തെല്ലാം മാർഗ്ഗങ്ങളാണു് നാം അന്വേഷിക്കേണ്ടതെന്നും മററുമാണു് യഥാത്ഥത്തിൽ പ്രധാനപ്പെട്ട പ്രശ്നങ്ങൾ. ''ഹെക്യൂബ''യും ''ട്രോജൻസ്ത്രീക''ളും ഇവയിൽ ആദ്യത്തെ പ്രശ്നത്തെ അഭിമുഖീകരിക്കുമ്പോൾ, ''ഹെറാക്കിൾസ്'' രണ്ടാമത്തെ പ്രശ്നത്തിൻെറ പരിഹാരത്തിനുദ്യമിച്ചുകൊണ്ടുള്ളതാണു്. ആദ്യത്തേതു് വൈയക്തികമായ ഒരു പ്രശ്നമാണെന്നും, രണ്ടാമത്തേതു് സംഘടിതമായ പ്രവത്തിയാവശ്യമായ ഒരു സാമൂഹ്യസത്യമാണെന്നും ഓക്കേണ്ടതുണ്ടു്.

'ഹെക്യൂബ'യിലും അതിനെത്തുടന്നുള്ള 'ട്രോജൻസ്ത്രീകളി'ലും, ഗ്രീക്കുകാരുടെ ഐതിഹ്യപ്രകാരമുള്ള ഏററവും അഭിമാനിക്കത്തക്ക നേട്ടമായ ട്രോയ് ആക്രമണം, പരാജിതരായവരുടെ ഭാഗത്തുനിന്നാണു വീക്ഷിക്കപ്പെട്ടിട്ടുള്ളതു്. അവരിൽത്തന്നെ, അന്യാധീനരും അബലകളും ഗ്രീസിലേക്കു് അടിമകളായി കൊണ്ടുപോവാൻവേണ്ടി കടൽക്കരയിലേക്കു കൊണ്ടുചെല്ലപ്പെട്ടവരുമായ ട്രോയിയിലെ സ്ത്രീകളുടെ ദൈന്യമനോഭാവങ്ങളിലാണു യൂറിപ്പിഡീസിൻെറ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതു്. ആളിക്കത്തിക്കൊണ്ടിരിക്കുന്ന നഗരത്തിലെ അഗ്നിസ്ഫുലിംഗങ്ങൾ പ്രതിഫലിച്ചു് അരുണവണ്ണമായിത്തീന്ന സാഗരവീചികൾ ആർദ്രമായ ശ്മശാനഗീതം ആലപിക്കുകയാണു്. ആ കടൽക്കരയിൽ കൂടിയിരിക്കുന്ന ബന്ധിതരായ ട്രോയിയിലെ സ്ത്രീകളിൽ പ്രയമിൻെറ വിധവയായ

ഹെക്യൂബയുമുണ്ട്. യുദ്ധത്തിൽ തൻെറ കുട്ടികളിൽ ഏതാണ്ടെല്ലാവരും കൺമുമ്പിൽവെച്ചു ശത്രുക്കളുടെ ക്രൂരതയ്ക്കു ബലിയർപ്പിക്കപ്പെട്ടതു കണ്ടവളാണവൾ. തൻെറ തീവ്രദുഃഖത്തെ അവൾ കടൽക്കാററിൽ ലയിപ്പിക്കുകയായിരുന്നു. അവളനുഭവിച്ച ദുരന്തങ്ങളെ ഒന്നിനൊന്ന് എടുത്തുകാണിക്കുന്നതിൽ യൂറിപ്പിഡീസ് ഒരു ലോഭവും പ്രദർശിപ്പിക്കുന്നില്ല. തൻെറ കുട്ടികളിൽ ഒരുവനെയെങ്കിലും മരണത്തിൽനിന്നു രക്ഷിക്കുവാനായി, അവൾ ഇളയപുത്രനെ കുറേ സ്വർണ്ണവുമായി, പ്രിയമിൻെറ മുൻസുഹൃത്തായ ത്രേസിലെ രാജാവിൻെറയടുക്കലേക്കയയ്ക്കുകയാണ്. പണക്കൊതിയനായ ആ രാജാവാകട്ടെ, കുട്ടിയെ കൊന്ന്, ശവം കടലിലേക്കെറിയുന്നു. ട്രോയികടൽത്തീരത്തിലടിഞ്ഞ ആ മൃതശരീരത്തെ ഹെക്യൂബയുടെ മുമ്പിലേക്കു കൊണ്ടുവരുന്നു. ഹെക്യൂബയുടെ പുത്രിമാരിൽ ഏററവും സുന്ദരിയായ പോളിക്സീനയെ തനിക്കു ബലിയർപ്പിച്ചുകിട്ടുന്നതുവരെ ഗ്രീക്ക്പടയെ സ്വരാജ്യത്തേക്കു മടങ്ങുന്നതിൽനിന്നു കാറ്റിനെ അടക്കിനിർത്തി അക്കില്ലിസ്സിന്റെ പ്രേതം വിരമിപ്പിക്കുന്നുണ്ട്. ആ സാധുപെൺകുട്ടിയെ അങ്ങനെ മാതാവിൽനിന്നും മാററിയെടുത്തുകൊണ്ടുപോകുന്നു. ഹെക്യൂബയുടെ അരികത്തുനിൽക്കുന്ന, മറെറാരു കുലീനസ്ത്രീയാണ് ആൻഡ്രോമാക്കി. അവൾ ഉന്നതമനസ്കനായ ഹെക്ടരുടെ പത്നിയാണ്. വരാൻപോകുന്ന ദുർവ്വിധിയെപ്പററി അവളും വിലപിക്കുന്നുണ്ട്. യുദ്ധക്കെടുതികളിൽനിന്ന് അടിമത്തത്തിലേക്കു വലിച്ചിഴയ്ക്കപ്പെട്ട അവൾക്കിനി, ഏതെങ്കിലുമൊരു ഗ്രീക്കുകാരൻെറ വെപ്പാട്ടിയായി, തീരാത്ത അവമാനമനുഭവിക്കേണ്ടതായാണിരിക്കുന്നതു്. ഹെക്യൂബ ദുർവ്വിധിക്കു വഴങ്ങുവാൻ അവളോടുപദേശിക്കുന്നുണ്ട്. അങ്ങനെയാണെങ്കിൽ തൻെറ പൗത്രൻ അസ്റ്റിയനാക്സിനെ വളർത്തിക്കൊണ്ടുവരാമല്ലോ. അതിനുവേണ്ടിമാത്രം ആ അവമാനം തലകുനിച്ചു സഹിക്കാൻ തയ്യാറാവണം. പക്ഷേ, അത്തരമൊരു സമാധാനത്തിനും ആ നിർഭാഗ്യമാതാവിനവകാശമുണ്ടായിരുന്നില്ല. അവളുടെ മകൻ വളർന്നുവന്നാൽ ഭാവിയിൽ അവൻ ഗ്രീക്കുകാർക്ക് ഒരാപത്തായിത്തീർന്നേക്കാമെന്നും അതുകൊണ്ട് അവനെ ഉടനെ വധിച്ചുകളയണമെന്നുമാണ് ആക്രമികളുടെ

തീരുമാനം. ട്രോയിയിലെ ദുർഗ്ഗത്തിന്റെ ഗോപുരത്തിൽനിന്നും താഴത്തേക്കെറിഞ്ഞുകൊല്ലുകയെന്നതായിരുന്നു അവരുടെ സംരംഭം. ലോകസാഹിത്യത്തിലെ ഏററവും വികാരാർദ്രമായ ഒരു ഭാഗമാണ്, ഈ സാധുക്കുട്ടിയുടെ മരണത്തെച്ചൊല്ലിയുള്ള ഹെക്യൂബയുടെ അകംനൊന്തുള്ള വിലാപം. തന്റെ പൗത്രനെ ഇത്രയുംകാലം വളർത്തിക്കൊണ്ടുവന്നതും, തന്റെ വക്ഷസ്സിൽ അവനെ താലോലിച്ചതും, അവനു ദീനമായിരുന്നപ്പോൾ ക്ഷീണിച്ച രാത്രികളിൽ ഉറക്കമിളച്ച് അവനെ ശുശ്രൂഷിച്ചതും ഇങ്ങനെയൊരു ഭയങ്കര വിധിക്കുവേണ്ടിയായിരുന്നുവോ എന്ന്, ദുഃഖത്തിന്റെ നീർച്ചുഴിയിൽ പിടഞ്ഞുകൊണ്ടിരിക്കുന്ന ഹെക്യൂബ വീണ്ടും വീണ്ടും ചോദിക്കുന്നു. അമ്മുമ്മ മരിച്ചാൽ താൻ ശിരോമുണ്ഡനംചെയ്ത് ട്രോയിയിലെ എല്ലാ സേനകളോടുംകൂടി അമ്മുമ്മയുടെ ശവകുടീരത്തിൽ ചെന്നു പ്രാർത്ഥിക്കുമെന്നു് പൗത്രനൊരിക്കൽ പറഞ്ഞതു് അവൾ ഓർത്തുപോവുന്നു. ആക്രമിക്കപ്പെട്ട ഒരു നഗരം തകർന്നുകൊണ്ടിരിക്കുമ്പോൾ അതിലുണ്ടായേക്കാവുന്ന നീറിക്കൊണ്ടിരിക്കുന്ന ഭയത്തെ ഹെക്യൂബയുടെ ആത്മരോദനങ്ങളിൽക്കൂടി യൂറിപ്പിഡീസ് എത്രയും വിദഗ്ദ്ധമായി പ്രകാശിപ്പിച്ചിരിക്കുന്നതു ശ്രദ്ധേയമാണ്. ഒരു വെറും ശിശുവിന്റെ ചിന്തകൾ കൂടി അത്തരമൊരു സന്ദർഭത്തിൽ മരണത്തിലേക്കു ചെന്നു ചാടുകയാണ്. എങ്കിലും ആ കുട്ടിതന്നെ ആദ്യം മരണത്തിന്റെ ക്രൂരവക്ത്രത്തിലകപ്പെടുന്നതു കാണാൻ മുത്തശ്ശി ജീവിച്ചിരിക്കേണമെന്നു നിർദ്ദേശിക്കുന്ന ഭയങ്കര വിധിവിചിത്രംതന്നെ! ദേശീയബോധം അതിന്റെ ഏററവും ഉച്ചകോടിയിലെത്തി, അതിന്റെ മാദകലഹരിയിൽ മുങ്ങിമറിഞ്ഞിരുന്ന ഗ്രീസിലെ പ്രേക്ഷകരുടെ മദ്ധ്യത്തിലേക്കാണ് യൂറിപ്പിഡീസ് ഈ വരികൾ എറിഞ്ഞുകൊടുത്തതെന്നു് ഒന്നോർത്തു നോക്കുക:

"ദേവാ, അങ്ങിതു ശ്രദ്ധിക്കൂ,
അവന്റെ പിഞ്ചുപാദങ്ങളുടെ കൊഞ്ചലുകൾ, എന്റെ മടിയിൽക്കിടന്നു് അവനനുഭവിച്ചിരുന്ന സുഖം, മധുരമായ ഉറക്കത്തിലേക്കുള്ള അവന്റെ നിശ്ശബ്ദയാനം,
എല്ലാം പോയി.

നിന്റെ ശ്മശാനത്തറയിൽ നിന്റെ കഥ ഒരു കവി എങ്ങനെയായിരിക്കും കൊത്തിവെയ്ക്കുക? 'ഗ്രീക്കുകാർ ഭയപ്പെട്ടിരുന്ന ഒരു പിഞ്ചുകിടാവിതാ ഇവിടെ സുഖനിദ്രയനുഭവിക്കുന്നു; ഭയപ്പെട്ടിരുന്നതുകൊണ്ടുതന്നെയാണ് അവരവനെ വധിച്ചത്.'''

വളർന്നുവന്ന് യുവാവായിത്തീരുമായിരുന്ന അവൻ സുന്ദരിയായ ഒരു രാജകുമാരിയെ വിവാഹംചെയ്യുന്ന അവസരത്തിലേക്കുവേണ്ടി തുന്നിവെച്ചിരുന്ന വസ്ത്രത്തിൽ അവന്റെ മൃതദേഹത്തെ ഹെക്യൂബ പൊതിയുന്ന ആ രംഗം ദുഃഖത്തിന്റെ ഉച്ചകോടിയിലേക്കെത്തുന്നതാണ്.

എവിടെയാണ് മനുഷ്യന് ഒരു രക്ഷയുള്ളത്? മനുഷ്യാവശ്യത്തിന്നായി പ്രകൃതിദത്തമായ ചില നിയമങ്ങളുണ്ട്, ആദ്യമായി. കണ്ണീരിന് പോയ്പ്പോയവരെ മടക്കിവിളിക്കാനാവില്ലെങ്കിലും കണ്ണീർ ദുഃഖഭാരത്തെ കുറെയധികം ലഘൂകരിക്കുന്നുണ്ട്. മാത്രമല്ല, മനുഷ്യനെ മൃഗപ്രായനാക്കിത്തീക്കാൻ സാധ്യതയുള്ള അവന്റെ യാതനകൾക്കിടയിലും അവനിലുള്ള മനുഷ്യത്വത്തെ സംരക്ഷിക്കാനുള്ള കഴിവ് ദുഃഖത്തിനുണ്ട്.

''കാരണം, കണ്ണീർ സംഗീതംകൂടിയാണ്, കരയുന്ന ഹൃദയങ്ങളാൽ അത് ശോകമൂകമായ ഒരു ഗാനം രചിക്കുന്നു.''

വേദനയുടെ തീക്ഷ്ണത കുറയുമ്പോൾ, ജീവിതാനുഭവങ്ങളെപ്പറ്റി അവധാനപൂർവ്വം ചിന്തിക്കാനുള്ള ധൈര്യം താനേ ഉണ്ടായിക്കൊള്ളും. മനുഷ്യജീവിതത്തിൽ ശാശ്വതമായ നിശ്ചയാവസ്ഥ ഇല്ലെന്നപ്പോൾ പൂർണ്ണമായും ബോദ്ധ്യപ്പെടുകയും ചെയ്യും. ബലിയർപ്പിക്കാനായി പോളിക്സീനയെ കൊണ്ടുപോവാൻവന്ന ഗ്രീക്കുസേനാനി ട്രോയിയിലെ ഒരുകാലത്തെ രാജ്ഞിയായിരുന്ന ഹെക്യൂബയെ ഒന്നു നോക്കിപ്പോവുന്നുണ്ട്. വിജയികളിലൊരുത്തനായ അവനും, മനുഷ്യർക്കിടയിൽ എല്ലാം വിധിനിയന്ത്രിതമാണെന്ന് ആലോചിച്ചുപോവുകയാണ്. ഈ വിചാരംതന്നെയാണ് ഹെക്യൂബ കൂടുതൽ ശക്തിയായി ഇങ്ങനെ പ്രകാശിപ്പിക്കുന്നത്:

''വിധി, കാററിൽപ്പെട്ട നോക്കുകുത്തികണക്കെ, കാലത്തിനനുസരിച്ച് അങ്ങോട്ടുമിങ്ങോട്ടും ആടിക്കൊണ്ടിരിക്കുമ്പോൾ,

വിജയോന്മാദിയും നിർഭയനുമായ മനുഷ്യൻ എത്ര നിസ്സാരനാണു്!''

സഹനശക്തിയിൽക്കൂടെ മാത്രമേ സമാധാനം ലഭിക്കുകയുള്ളുവെന്നു് ഈ സന്ദർഭത്തിൽ തെളിയും. മനുഷ്യകർമ്മത്തിനു് ഒന്നും നേടാനാവില്ല. ജീവിതമാകുന്ന കൊതുമ്പുതോണി ആകസ്മികതയുടെ അനിശ്ചിത നീരൊഴുക്കിലങ്ങനെ ആടിയാടിപ്പൊയ്ക്കൊള്ളട്ടെ,

''ലോകത്തിൻെറ വിശാലമാർഗ്ഗങ്ങളിൽക്കൂടിയും,

ഈശ്വരനിശ്വാസങ്ങളായ നിർഝരികളിലൊഴുകിയൊലിച്ചും,

തരംഗമാലകളുടെ നേർക്കു മുനമ്പിനെ തിരിക്കാതേയും...''

ഹെക്യൂബയുടേയും, അവളെ സൃഷ്ടിച്ച നാടകകൃത്തിന്റേയും മഹത്വം കാണേണ്ടതവിടെയല്ല. ഈ പ്രാഥമികമായ സഹനഭാവത്തിൽനിന്നും ഉയൻനിന്നു വിധി അവളിൽ വരുത്തിവെച്ച എല്ലാ കെടുതികളേയും ധൈര്യസമേതം നേരിടുന്നതിലാണു് ആ മഹത്വം ഒളിഞ്ഞുകിടക്കുന്നതെന്നു പറയാം.

''ഈശ്വരൻെറ വരംനൽകുന്ന കൈത്തലം ഞാൻ കണ്ടു കഴിഞ്ഞു.

ട്രോയിയോടുള്ള ശാശ്വതവിദ്വേഷത്തിൻെറയും എന്റെ ദുഃഖത്തിൻെറയും ചൂരൽവടിയല്ലാതെ എനിക്കതിൽ മററൊന്നും കാണ്മാൻ കഴിയുന്നില്ല.

ട്രോയിക്കുവേണ്ടി ചെയ്ത പ്രാർത്ഥനകളും, സുഗന്ധ ധൂമാർപ്പണങ്ങളും ഹോമങ്ങളും എല്ലാം നിഷ്ഫലമായി.

എങ്കിലും നന്നു്. എല്ലാം മംഗളം. ശുഭം.

അദ്ദേഹത്തിൻെറ ഉള്ളംകൈയിൽ കിടന്നു ഞെരിഞ്ഞു് നമുക്കുള്ളതെല്ലാം നശിച്ചിട്ടില്ലായിരുന്നെങ്കിൽ,

നമ്മുടെ കുന്നുകളും ഉയന്ന പ്രാകാരസൗധങ്ങളും തകന്നു പൊടി ആയില്ലായിരുന്നെങ്കിൽ,

നമ്മുടെ ജീവിതം ഇങ്ങനെ ഒരു ദുസ്സഹപ്രഭാപൂരമായി മാറുകയില്ലായിരുന്നു.

നമ്മുടെ യാതന മർത്ത്യലോകത്തിനും അമരലോകത്തിനും ഒരു നാളും മറക്കാൻ കഴിയാത്ത ഭീഷണനാടകമായി, ശോകഗീതമായിത്തീരുകയില്ലായിരുന്നു.''

ഈ സന്ദിഗ്ദ്ധസന്ദർഭത്തിൽ ഹെക്യൂബ ഈശ്വരസഹായത്തെ പ്രതീക്ഷിക്കുന്നില്ല. താനും തൻെറ രാജ്യവും അദ്ദേഹത്താൽ വഞ്ചിക്കപ്പെട്ടുവെന്നാണ് അവളുടെ ബോദ്ധ്യം. നാടകത്തിലെ സൂക്ഷ്മമായ മൗലികതത്വമാണ് ഹെക്യൂബയുടെ ഈ പ്രസ്താവനകളിലെല്ലാം പ്രകാശിതമായിക്കാണുന്നതു്. മനുഷ്യരുടെ തീവ്രതരമായ കഷ്ടപ്പാടുകൾക്കുള്ള പരിഹാരമന്വേഷിക്കാൻകൂടിയാണതു്. വഞ്ചിതവും മർദ്ദിതവുമായ ആ ഏകാന്തഹൃദയം അഴലിൻെറ അലകൾക്കുമുപരി നിവർന്നുനിന്ന്, കൊടുങ്കാററിൽ അടിപതറാതെ, യാതനകളുടെ നീർച്ചുഴികളെക്കുറിച്ചു ചിന്തിച്ച് അവസാനം "എല്ലാം മംഗളം" എന്നു തന്നോടുതന്നെ പറയാൻ ധൈര്യപ്പെടുന്നു.

കഷ്ടപ്പാടുകളിൽ മുങ്ങി ജീവിക്കുകയും, ഒരു പ്രത്യേകതരത്തിലുള്ള സഹനശീലത്തോടുകൂടി അനുഭവിക്കുകയും ചെയ്യുമ്പോഴാണു മനുഷ്യത്വം അതിന്റെ അഗാധതലത്തിൽ മറഞ്ഞിരിക്കുന്ന മനോബലത്തെ അറിയുന്നതു്. വീരസ്വർഗ്ഗം പൂണ്ടവനായാലും ശരി, രക്തസാക്ഷിയായാലും ശരി, ക്രൂരമരണമനുഭവിക്കേണ്ടിവന്നതുകൊണ്ടു്, ലോകം പൈശാചികമായിക്കൊള്ളണമെന്നില്ല. അവക്കു്, അവരനുഭവിക്കുന്ന അസുഖകരങ്ങളായ പരീക്ഷകൾക്കിടയിൽ മാത്രം സാക്ഷാൽക്കരിക്കാൻ കഴിയുന്ന മൂല്യങ്ങൾ, അത്രയധികം പ്രാധാന്യമർഹിക്കുന്നവയാണ്. കാരണം, സ്വന്തം ജീവിതാനുഭവങ്ങളിലിഴുകിച്ചേർന്ന എല്ലാ ദൗർബ്ബല്യങ്ങളേയും അതിജീവിച്ച് അവമാനഭാരത്തിൽനിന്നും ആത്യന്തിക ദുഃഖത്തിൽനിന്നും വിമുക്തിനേടുവാനുള്ള ധൈര്യം അവർ അവരുടെ ആത്മാവിൻെറ ആഴങ്ങളിൽനിന്നു വീണ്ടെടുക്കുന്നു. ധൈര്യസമേതവും വികാരോജ്വലവുമായ ഈ ദുഃഖാനുഭൂതി, അനുഭവങ്ങളെ നിസ്സംഗമായ വികാരസംയമത്തോടുകൂടി വീക്ഷിക്കുന്ന വിരക്ത തത്വചിന്തയേക്കാൾ കൂടുതൽ അർത്ഥവത്തും ശ്രേഷ്ഠവുമാണ്. പ്രാപഞ്ചികസംഭവങ്ങൾക്കതീതനായി ജീവിക്കുന്ന ദാർശനികനു്, ലോകം കരയുമ്പോൾ മനസ്സമാധാനത്തോടുകൂടിയിരിക്കാൻ കഴിയും. കാരണം, ലോകം പൊട്ടിച്ചിരിക്കുമ്പോൾ ചിരിക്കാതിരിക്കാൻ അദ്ദേഹം കരുതലോടെ ശ്രമിച്ചുപോന്നതാണ്. മനുഷ്യത്വത്തിൻെറ സാങ്കല്പികപ്രതീകമെന്നു വിളിക്കാവുന്ന കവി, ഹൃദയാലുവായ

തിനാൽ, അദ്ദേഹം മററാരേക്കാളുമധികം മാനുഷികനാണ്: അദ്ദേഹം ചിരിക്കും, കരയും; സന്തോഷം മാത്രമല്ല, സന്താപവും അദ്ദേഹത്തിനു സാത്മകമാണ്. അങ്ങനെ കവിക്കു ജീവിതത്തിൻെറ ഒരു സമഗ്രവീക്ഷണം സാധിക്കുന്നു. മുൻപറഞ്ഞ വിരക്തതത്വചിന്തകൻ അനുഭവങ്ങളിൽനിന്ന് ഒളിച്ചോടുമ്പോൾ, കവി അനുഭൂതികളെ ഏററവുമധികം വൈകാരികഭാവത്തോടെ നേരിടുകയും, അവയെ സഹിക്കുകയും, അങ്ങനെ സഹിക്കുന്നതിൽതന്നെ ആത്മസംതൃപ്തി നേടുകയും ചെയ്യുന്നു.

മനോബലത്തിനും അഗാധമായ വികാരസാന്ദ്രതയ്ക്കും പ്രാപഞ്ചികക്ലേശങ്ങളെ നേരിടുന്നതിൽ ഒരു വ്യക്തിയെ സഹായിക്കാൻ സാധിക്കുമെങ്കിൽ, സമുദായത്തിൻെറ സഹാനുഭൂതിയാൽ അവൻ അതീവബലവാനായിത്തീരുന്നു. പ്രതീക്ഷകളെ സഫലീകരിക്കുവാൻവേണ്ടിയും, നൈരാശ്യത്തിൽനിന്നും ദുരന്തത്തിൽനിന്നും രക്ഷ നൽകാനായും ഈശ്വരൻ അദൃശ്യനായിട്ടാണെങ്കിലും നിരന്തരമായി ഓരോ വ്യക്തിയുമായി സമ്പർക്കം പുലത്തുന്നുണ്ടെന്നുള്ള വിശ്വാസത്തിൽ ആശ്വാസം കിട്ടാതെ, മാനവസമുദായം ഒരേകകുടുംബമാണെന്നുള്ള ബോധം ഉണ്ടാവുകയാണെങ്കിൽ മാത്രമേ ശാശ്വതസമാധാനം അവിടെ സുസ്ഥാപിതമാവുകയുള്ളുവെന്ന് യൂറിപ്പിഡീസ് മനസ്സിലാക്കിയിരുന്നു. ആത്മീയമായ ഒററപ്പെടലിൽ സൗഹാർദ്ദം ജീവിതത്തിനു നൽകുന്ന ചൈതന്യം ആണ് 'ഹെറാക്കിൾസ്'' എന്ന കൃതിയിലെ പ്രമേയം. പ്രസ്തുത നാടകം ആത്മഹത്യയ്ക്ക്—മാനസികമായി ഒററപ്പെട്ട ഒരു വ്യക്തിയുടെ അവസാന ഭീരുത്വമായ ആ മൂഢപ്രവൃത്തിക്ക്—പ്രേരകങ്ങളായ ചിത്തവൃത്തികളുടെ വിദഗ്ദ്ധമായ ഒരു മനശ്ശാസ്ത്രപഠനംകൂടിയാണ്. തൻെറ ഭാര്യയേയും കുട്ടികളേയും ശത്രുക്കൾ കൊലചെയ്യുവാൻ ഒരുമ്പെടുന്ന ആ മുഹൂത്തത്തിലാണ് ഹെർക്യൂലീസ് (ഹെറാക്കിൾസ്) ഒരു യാത്രയിൽനിന്നും മടങ്ങിവന്ന് അവരെ രക്ഷിക്കുന്നതു്. ഈ ഐതിഹാസികകഥാപുരുഷൻ സ്യൂസിന് അൽക്ക്മീനയിൽ ഉണ്ടായ സന്താനമാണ്. സ്യൂസിൻ്റെ ഭാര്യ ഹീര ഹെർക്യൂലീസിൻ്റെ പ്രശസ്തിയിലും കായികബലത്തിലും അസൂയാലുവാണ്. അവളുടെ അസൂയമൂലം

അദ്ദേഹത്തിനു ഭ്രാന്തുപിടിക്കുന്നു. താൻതന്നെ ഓടിവന്നു മരണത്തിൽനിന്നു രക്ഷിച്ച തൻെറ ഭാര്യയേയും കുട്ടികളേയും അദ്ദേഹം സ്വയം മറവിയിലകപ്പെട്ട കൊന്നുകളയുന്നു. അങ്ങനെ മൂർച്ഛിച്ചവിടെവീഴുകയാണദ്ദേഹം. ബോധം തെളിഞ്ഞു താനെന്താണു ചെയ്തുപോയതെന്നു മനസ്സിലായപ്പോൾ ആത്മഹത്യക്കാണദ്ദേഹം ഒരുമ്പെടുന്നതു്.

ആത്മഹത്യയുടെ വിവിധപ്രേരണകളെ ഇതിൽ വിശകലനം ചെയ്തിരിക്കുന്നു. സ്വന്തം ജീവിതത്തെ നശിപ്പിക്കാൻ ശ്രമിക്കുന്ന ഒരാളുടെ യഥാർത്ഥ മാനസികാവസ്ഥയെ ചിത്രീകരിക്കനാണു യൂറിപ്പിഡീസ് തുനിയുന്നതു്. ഹതഭാഗ്യനായ ഹെറാക്കിൾസിനു്, അങ്ങുയരത്തുള്ള ദിവ്യശക്തികൾ തന്നെ വെടിഞ്ഞിരിക്കുന്നുവെന്നു് ബോധ്യപ്പെട്ടുകയാണു്. ജീവിക്കാനുള്ള ആശ അതോടെ തകർന്നു. ആത്യന്തികശക്തികളോടു് ഒരാൾക്കു മല്ലിട്ടുനില്ക്കാനാവില്ലല്ലോ. മറെറാന്നുകൂടി ഇവിടെ പ്രേരകമായിരിക്കുന്നുണ്ടു്. ഈശ്വരന്മാർ വിരോധികളായിത്തീരുമ്പോൾ അവരിൽനിന്നുമുള്ള ഒരു രക്ഷാമാർഗ്ഗമാണു് ആത്മഹത്യ. ദൈവികമായ അന്യായത്തിനെതിരായുള്ള ഒരേയൊരു പ്രതിഷേധംകൂടിയാണതു്. ജീവിക്കാനുള്ള ആശ ദുർബലമായിത്തീരുമ്പോൾ, ആ സമയത്തനുഭവിക്കേണ്ടുന്ന ആഘാതം സഹനീയമല്ലെന്നുള്ള ധാരണ വളരുകയാണു്. അതിലും ഭയങ്കരമായ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നു് സുഹൃത്തുക്കൾ ഓർമ്മിപ്പിച്ചാൽക്കൂടി അതു് ചെവിക്കൊള്ളാൻ തോന്നുന്നില്ല. അഴലിനെ നിധിപോലെ കാക്കുകയായിരിക്കും അയാൾ. പൊറുക്കാൻ നിർദ്ദേശിക്കുന്ന സുഹൃത്തുക്കളിൽ അയാൾക്കസൂയയാണുണ്ടാവുക. അവരെല്ലാം സന്തുഷ്ടരായി ഇരിക്കുന്നതുകൊണ്ടാണു് അത്തരത്തിലുള്ള നിർദ്ദേശങ്ങൾ തൻെറമേൽ വാരിവിതറുന്നതെന്നാണു് അയാൾക്കു തോന്നുക. ഒരു പാപപരിഹാരമെന്നനിലയിലും ശിക്ഷ സ്വയം തേടി അനുഭവിക്കുന്നു എന്ന നിലയിലും ആത്മഹത്യയെ പരിഗണിക്കാം. ലൗകികങ്ങളായ വിമർശനങ്ങളിൽനിന്നും, ചുററുപാടിൽനിന്നുമുള്ള അനുകമ്പാരഹിതമായ പെരുമാററത്തിൽനിന്നുമുള്ള ഒരു രക്ഷപ്പെടൽകൂടിയാണതു്. അയാൾ ഒരു ആരാധ്യപുരുഷനായിരുന്നുവെങ്കിൽ അവയിൽനിന്നുമുണ്ടാകുന്ന വേദന

മനം പിളക്കുന്നതായിരിക്കും. അങ്ങനെ തന്നെത്തന്നെ നശിപ്പിക്കാനുള്ള തീരുമാനത്തിനു് ശക്തി കൂടിവരുന്നു. അടുത്തകാലത്തു വന്നുകൊണ്ടിരിക്കുന്ന ആത്മഹത്യയുടെ മനശ്ശാസ്ത്രപരമായ വിശകലനങ്ങൾ യൂറിപ്പിഡീസിൻെറ വിദഗ്ദ്ധമായ അപഗ്രഥനങ്ങളോടു് ഇണങ്ങിനില്ക്കുന്നവയാണെന്നുകൂടി ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

കഥാപുരുഷൻെറ പാപദുഃഖങ്ങളിൽ പങ്കുകൊള്ളുവാനായി അദ്ദേഹത്തിൻെറ സ്നേഹിതൻ തിസ്യൂസ് മുന്നോട്ടു വരുകയാണു്; ആ സന്ദർഭത്തിലെ കുഴപ്പംപിടിച്ച അവസാനത്തെ സന്ദിഗ്ദ്ധാവസ്ഥയ്ക്കു് ഒരു പരിഹാരമുണ്ടാവുന്നുള്ളു. ആത്മഹത്യയോ കൊലയോ കണ്ടുനില്ക്കുന്നതുതന്നെ മനുഷ്യനേയും പ്രകൃതിയേയും കളങ്കപ്പെടുത്തുമെന്നു് ഒരു പൊതുവിശ്വാസമുണ്ടായിരുന്നു. മൂർച്ഛയിൽനിന്നുണരുന്ന ഹെർക്യൂലീസ് തൻെറ പാപം അന്യരിൽ പകരാതിരിക്കുവാൻ തന്റെ മുഖം മൂടിക്കളയുന്നതു് അദ്ദേഹത്തിന്റെ ആന്തരികമഹത്വം നന്നായ് വെളിപ്പെടുത്തുന്നുണ്ടു്. സ്നേഹിതൻ അങ്ങനെ മുഖം മറയ്ക്കരുതെന്നപേക്ഷിക്കുന്നുണ്ടെങ്കിലും ഹെർക്യൂലീസ് അതിനു വഴങ്ങുന്നില്ല. ലോകജീവിതത്തിന്നാധാരമായി നില്ക്കുന്ന സൂര്യപ്രകാശത്തെ പാപംചെയ്ത തൻെറ മുഖം കാണിച്ചു് കളങ്കപ്പെടുത്തുകയില്ലെന്നാണു് അദ്ദേഹം വാദിക്കുന്നതു്. ശാശ്വതനിർമ്മലമായ തേജസ്സിനെ ഒരു നശ്വരജീവിക്കു കളങ്കപ്പെടുത്താനാവില്ലെന്നാണു് തിസ്യൂസ് അതിനു മറുപടി പറയുന്നതു്. ശരിയായറിയാത്തതും അന്ധവുമായ വിശ്വാസങ്ങൾ മനസ്സിൽ അടിയുറച്ചുകിടക്കുന്നതു് അനാരോഗ്യകരമാണെന്നു് ഇവിടെ യൂറിപ്പിഡീസിൻെറ യുക്തിചിന്ത തെളിയിക്കുകയാണു്. ഗത്യന്തരമില്ലാതെ ആ നല്ല സ്നേഹിതനായ തിസ്യൂസ് ഹെർക്യൂലീസിൻെറ കൈപിടിക്കുവാനുദ്യമിക്കുന്നു. തൻെറ ആത്മസുഹൃത്തിനെ പാപപങ്കിലമായ സ്വന്തം ശരീരത്തെ സ്പർശിക്കാനനുവദിക്കരുതെന്നോർത്തു് ഹെർക്യൂലീസ് ഭയന്നു പിന്മാറുകയാണു്. "ദുഷിച്ച രക്തംപുരണ്ട എൻെറ കൈകൾ നിങ്ങളെക്കൂടി കളങ്കപ്പെടുത്തും," എന്ന ഹെർക്യൂലീസിൻെറ ദയനീയാപേക്ഷകേട്ടു് തിസ്യൂസ് ശാന്തമായി പറയുകയാണു്: "സാരമില്ല, ഞാനൊന്നു നിൻെറ കൈ പിടിച്ചോട്ടെ." സ്നേ

ഹിതന്റെ ഹൃദയസ്പർശിയായ ഈ സൗഹൃദഭാവമാണ് കഥാപുരുഷനെ അദ്ദേഹത്തിന്റെ പാപബോധത്തിൽനിന്നും ആത്മവിദ്വേഷത്തിൽനിന്നും ഉണർത്തിവിടുന്നത്. ജീവിതത്തിലെ ദുരന്തങ്ങളായ ദുഃഖാനുഭവങ്ങളിൽനിന്ന് രക്ഷപെടുവാൻ ആത്മഹത്യക്കുദ്യമിക്കുന്നത് പുരുഷോചിതമല്ലാത്ത ഒരു ശ്രമമാണെന്ന് ഹെർക്യുലീസിനു ബോധ്യമാവാൻ തുടങ്ങുമ്പോൾ കുഴപ്പങ്ങളെല്ലാം അവസാനിക്കുന്നു.

പിൽക്കാലത്തെ ഒരു നാടകകൃത്തായ ഫിലമോൺ യൂറിപ്പിഡീസിനെക്കുറിച്ചിങ്ങനെയെഴുതിയിരിക്കുന്നു: "മരണാനന്തരം മനുഷ്യർക്ക് ബോധവും വിവേചനവും മററുമുണ്ടെങ്കിൽ, യൂറിപ്പിഡീസിനെ ഒന്നു കാണുവാൻ ഞാൻ തൂങ്ങിമരിച്ചേനെ." ഷേക്സ്പീയറേയും കാളിദാസനേയും നന്നായി മനസ്സിലാക്കിയിരുന്ന ഗൊയ്ഥെ, യൂറിപ്പിഡീസിനു സദൃശ്യനായ ഒരാൾ ഒരു രാജ്യത്തിലും നാളിന്നുവരെ അവതരിച്ചിട്ടില്ലെന്നു പ്രഖ്യാപിച്ചിരിക്കുന്നു. കാളിദാസനെക്കുറിച്ചുള്ള ഈ പരാമർശത്തിൽ ഒരിന്ത്യക്കാരനു് അസുഖമുണ്ടാകാം. അതുപോലെതന്നെ ഷേക്സ്പീയറെക്കുറിച്ച് ഒരിംഗ്ലീഷുകാരനും. പക്ഷേ, വിശ്വപൗരനായ യൂറിപ്പിഡീസ് ഒരു ഗ്രീക്കുകാരനെന്നപോലെ ഒരിന്ത്യക്കാരൻകൂടിയാണെന്ന് അവകാശപ്പെടുന്നതിൽ എന്താണു തെററെന്ന് ഈ ലേഖകനു മനസ്സിലാകുന്നില്ല. ഈ അഭിപ്രായം ദേശീയസ്നേഹത്തിനു നിരക്കാത്തതാണെങ്കിൽ ആ അവമതിയെ സ്വീകരിക്കാൻ ലേഖകൻ തികച്ചും തയ്യാറാണുതാനും.

## അദ്ധ്യായം എട്ട്

# അരിസ്റ്റോഫനീസ്

ഒരുനിലയ്ക്കു ഗ്രീസിലെ ശുഭാന്തനാടകങ്ങൾ ദുഃഖപര്യവസായികളേപ്പോലെത്തന്നെ മതാചാരങ്ങളിൽനിന്നുത്ഭവിച്ചതാണെന്നു പറയുന്നതു് ശരിയായിരിക്കും. എന്നാൽ മതാനുബന്ധമായ ആരാധനയിൽനിന്നുളവാകുന്ന അനുഭൂതി ഉത്സവാഘോഷങ്ങളിൽനിന്നുളവാകുന്ന അനുഭൂതിപോലെയല്ല. ഗായത്രിയുടെ അവഗാഹ്യതയിൽനിന്നുത്ഭൂതമാവുന്ന ആനന്ദം ഉത്സവങ്ങളിൽനിന്നും ഘോഷയാത്രകളിൽനിന്നുമുണ്ടാവുന്ന സന്തുഷ്ടിയിൽനിന്നു തുലോം വ്യത്യസ്തമാണു്. ഗ്രീക്കുപ്രഹസനങ്ങൾ രണ്ടാമതുപറഞ്ഞതിൽനിന്നുത്ഭവിച്ചതിനാൽ, അവയുടെ സ്വഭാവം മഹാനാടകങ്ങളിൽനിന്നു സർവ്വഥാ വിഭിന്നമായിരുന്നു. കാളിദാസൻെറയും ഷേക്സ്പിയറുടേയും ശുഭാന്തനാടകങ്ങളിൽ, മഴയും വെയിലുമെന്നപോലെ, കണ്ണീരും മന്ദസ്മിതവും സമ്മിളിതമായിട്ടുണ്ടു്. യവനപ്രഹസനങ്ങളുടെ പ്രാരംഭദശയിൽ ഈ സമ്മിശ്രരീതി നിരാകരിക്കപ്പെട്ടിരുന്നു.

ഡയോണൈസസ്, ചിന്താതീതമായ ആവേശത്തിന്റേയും ആനന്ദത്തിൻെറയും മാത്രമല്ല, സസ്യങ്ങളുടേയുംകൂടി ദേവതയായിരുന്നു. പ്രധാനപ്പെട്ട ഉത്സവങ്ങളിൽ അദ്ദേഹത്തെ ഐശ്വര്യദേവതയായി ആരാധിക്കയും ചെയ്തിരുന്നു. അതുമല്ല, ഉല്പാദനത്തിൻെറ ദേവതയുടെ എല്ലാ ഉത്സവാവസരങ്ങളിലും വികാരോദ്ദീപകങ്ങളായ ലൈംഗികാർഭാടങ്ങൾ സ്ഥാനം പിടിക്കുകയും ചെയ്തിരുന്നു. യഥാർത്ഥത്തിൽ, ഘോഷയാത്രക്കാർ, ദൈവാനുയായികളായ നരമേഷങ്ങളെപ്പോലെ വേഷമണിയുകയും, ചുവന്ന തോലുകൊണ്ടുണ്ടാക്കിയ വലിയ കൃത്രിമലിംഗങ്ങൾ ധരിക്കുകയും ചെയ്തിരുന്നു. ഉല്പാദനതത്വങ്ങളുദ്ദേശിച്ചു നടത്തപ്പെട്ടിരുന്ന ഉത്സവങ്ങളിൽ വെറും സന്തുഷ്ടിക്കു്, അശ്ലീലതയ്ക്കുപോലും, സ്ഥാനം കൊടുക്കാതിരിക്കാൻ നിവൃത്തിയുണ്ടായിരുന്നില്ല. ഗ്രീക്കുപ്രഹസനങ്ങളിൽ അങ്ങി

ങ്ങായി, നീരസം തോന്നിക്കുന്ന അശ്ലീലത കാണുന്നുണ്ടെങ്കിൽ, നാം അവയുടെ പ്രാരംഭത്തിലേക്കൊന്നു കണ്ണോടിക്കുകയും, അവയുത്ഭവിച്ചതു പരിഷ്കൃതരായ ആഥൻസുകാരുടെയിടയിൽ നിന്നല്ല, സിസിലിദ്വീപിലെ അപരിഷ്കൃതരായ കൃഷകസമുദായത്തിൽനിന്നാണെന്നു് ഓർക്കുകയും വേണം.

ഏതാണ്ടു് ക്രി. മു. 560–നോടടുത്തു്, സിസിലിയിലെ സൂസേരിയൺ ഈ അഴിഞ്ഞാട്ടങ്ങളിൽനിന്നു ഹാസ്യവും ഫലിതവും നിറഞ്ഞ ചെറുചെറു നാടകങ്ങൾ നിർമ്മിച്ചു. ഏകദേശം ക്രി. മു. 484–ന്നടുത്തു, തത്വചിന്തകനായ എപ്പിക്കാർമസ്, യുക്തിവാദപ്രചരണാർത്ഥം മുപ്പത്തഞ്ചോളം പ്രഹസനങ്ങളെഴുതി. അവയിലൊന്നും അവശേഷിച്ചിട്ടില്ല. അങ്ങനെ ഗ്രീക്കുപ്രഹസനത്തിൻെറ ജീവിതത്തോടുള്ള സമീപനരീതിക്കു സ്വച്ഛമായ മാതൃകാരൂപം കൈവന്നുവെന്നായി. മൗലികമായി അതു് ഉല്ലാസത്തിന്നുവേണ്ടിയായിരുന്നു. നേരമ്പോക്കിന്നു് എന്തും പറയാനുള്ള സ്വാതന്ത്ര്യം അതു നിലനിർത്തുകയും ചെയ്തു. പക്ഷേ, ആലോചിച്ചാൽ ആ ചിരിയുടെ പിന്നിലൊരുദ്ദേശവും, അവഹേളനത്തിന്നൊരു കഴമ്പുമുണ്ടായിരുന്നതായി കാണാം. സമുദായദൂഷ്യങ്ങളെ വിമർശിക്കുവാൻ പ്രഹസനങ്ങൾ ഒരു പ്രചണ്ഡോപാധിയായി വളർന്നുവന്നു. അവ സിസിലിയിൽനിന്നു് ആഥൻസിലേക്കു കടന്നു പ്രചരിക്കാൻ തുടങ്ങിയപ്പോൾ, നാടകാധികൃതർ, ഡയോണൈസസ്സിൻെറ ഉത്സവാവസരങ്ങളിലഭിനയിക്കുന്നതിന്നു്, അവയിലൊരു ഗാനസംഘവുംകൂടി ചേർത്തു. അവസാനം ക്രി. മു. 465–ൽ ഗ്രീക്കുപ്രഹസനങ്ങൾ, ഘടനയിൽ, മഹാനാടകങ്ങളിൽനിന്നു വിഭിന്നമല്ലാത്ത ഒരു രൂപത്തിലായി.

എന്നിരിക്കിലും രണ്ടിൻെറയും സ്വഭാവം പാടേ വ്യത്യസ്തമായിരുന്നു. മഹാനാടകം രൂപംകൊണ്ടതു് ആരാധനയുടെ അനുഭൂതിയിലാമഗ്നമായ സംഘഗാനത്തിൽനിന്നാണു്. പ്രഹസനമോ, ആഭാസമായ ലൈംഗികോത്സവങ്ങളിൽനിന്നും. രൂപഭദ്രതയ്ക്കുവേണ്ടി സംഘഗാനം കൂട്ടിച്ചേർത്തു എന്നുമാത്രം. മഹാനാടകത്തിൻെറ സ്വഭാവം ഗൗരവാവഹമായിരുന്നു. വികാരസാന്ദ്രതയിൽനിന്നൊരു വ്യതിചലനം ഗാനസംഘത്തിൽനിന്നുയർന്നിരുന്ന സംഗീതംകൊണ്ടല്ലാതെ, ഹാസ്യഭാവ

നകൾകൊണ്ടു സാദ്ധ്യമല്ലായിരുന്നു. മറിച്ച്, പ്രഹസനം ഒരിക്കലും അമ്മാതിരി സാന്ദ്രതയുളവാക്കിയിരുന്നില്ല. മാത്രമല്ല, സമുദായദൂഷ്യങ്ങളെ അതു വിമശ്നം ചെയ്തിരുന്നതു പൊട്ടിച്ചിരിപ്പിക്കുന്ന ഫലിതോക്തികളിൽക്കൂടിയായിരുന്നുതാനും. ആധുനിക പ്രജായത്തത്തിലുള്ള ഒരു നിഷ്പക്ഷപത്രത്തിന്റെ സ്വാതന്ത്ര്യമുണ്ടായിരുന്നു അതിന്നു്. ക്രി. മു. 440-ൽ നിയമം, പ്രഹസനങ്ങളിൽനിന്നു, വ്യക്തിവിമർശനം നിർമ്മാജ്ജനം ചെയ്യുവാൻ നോക്കി. പക്ഷേ, രണ്ടുമൂന്നാഴ്ചകൾ കഴിഞ്ഞപ്പോഴേക്കും പൊതുജനങ്ങൾ മുറവിളി കൂട്ടുകയാൽ ആ നിയമം പിൻവലിക്കപ്പെട്ടു. പെലോപൊണീഷ്യൻ സമരകാലത്തു് ആഥൻസിലെ പ്രഹസനങ്ങൾക്കുണ്ടായിരുന്ന അഭിപ്രായസ്വാതന്ത്ര്യം, യുദ്ധകാലങ്ങളിൽ ആധുനികപത്രങ്ങൾക്കുള്ള സ്വാതന്ത്ര്യത്തേക്കാൾ എത്രയോ അധികമായിരുന്നുവെന്നു നമുക്കു തുടരെ കാണാൻ കഴിയും.

ഗ്രീക്കുപ്രഹസനകത്താക്കളിൽ സവ്വോത്തമനായ അരിസ്റ്റോഫനീസ് (ക്രി. മു. 448—380) ഉന്നതകുലജാതനായിരുന്നു. സമുദായവിമർശനത്തിന്നു പ്രഹസനത്തിന്നുള്ള സ്ഥാനത്തെപ്പററി അദ്ദേഹംതന്നെ ഒരു കൃതിയിൽ പറഞ്ഞിട്ടുണ്ടു്. “പ്രഹസനങ്ങൾ എഴുതാൻ തുടങ്ങിയപ്പോൾത്തൊട്ടു്, ഒരു രംഗത്തിലും കവി തന്നത്താൻ പ്രശംസിച്ചിട്ടില്ല...എന്നാലോ നിങ്ങൾക്കു പല നന്മകളും ചെയ്തുതന്നിട്ടുമുണ്ടു്. ഇന്നു നിങ്ങളെ അന്യന്മാർ കൂടുതൽ വഞ്ചിക്കുന്നില്ലെങ്കിൽ, ഇന്നു നിങ്ങൾ അന്യരുടെ സ്വസ്തിപ്രലോഭനങ്ങൾക്കു വശംവദരാകാതിരിക്കുന്നെങ്കിൽ, ഇന്നു നിങ്ങൾ രാഷ്ട്രീയകാര്യങ്ങളിൽ കോമാളികളാവാതിരിക്കുന്നെങ്കിൽ, അതിനെല്ലാം ആ കവിയോടു നന്ദി പറയുക. മുമ്പു്, അന്യനാട്ടുകാക്ക നിങ്ങളെ പററിക്കേണ്ടിയിരുന്നെങ്കിൽ, നിങ്ങളെ ‘യവനകുലത്തിൻെറ കിരീടധാരികൾ’ എന്നഭിസംബോധനം ചെയ്താൽ മതിയായിരുന്നു. ‘കിരീടധാരികൾ’ എന്നു കേട്ടമാത്രയിൽ നിങ്ങളുടെ സ്ഥൂലനിതംബം ആസനത്തിൽനിന്നുയരുകയും നിങ്ങൾ ഞെളിയുകയും പതിവായിരുന്നു. അതല്ല, വല്ലവരും, നിങ്ങളുടെ പൊങ്ങച്ചം തട്ടിയുണത്താൻ, ചില ഉപ്പിലിട്ട വീത്ത മാങ്ങാമാതിരി കൊട്ടത്ത പൊണ്ണന്മാരാണു നിങ്ങളെന്നു പറഞ്ഞാൽ മതി; അവക്കു

വേണ്ടതെല്ലാം കിട്ടിക്കഴിഞ്ഞു! കാരണം, ആ മുഖസ്തുതിയിൽ നിങ്ങൾ വാനോളമുയന്നുകഴിയും! ഇമ്മാതിരി കുതന്ത്രങ്ങളിൽ പ്പെട്ടുഴലാതിരിക്കാൻ നിങ്ങൾക്കു താക്കീതു തന്ന കവി ഉൽക്കൃഷ്ടസേവനമാണനുഷ്ഠിച്ചിട്ടുള്ളതു്."

സ്പാർട്ടയും ആഥൻസും തമ്മിൽ യുദ്ധമാരംഭിച്ചപ്പോൾ അരിസ്റ്റോഫനീസിൻെറ ഗ്രാമത്തിൽ സ്പാർട്ടാഭടന്മാർ നിറഞ്ഞു. ഇതു കണ്ടുമുഷിഞ്ഞു്, അദ്ദേഹം തൻെറ നാടൻവസതിയും നിലങ്ങളും വിട്ടു ആഥൻസിലേക്കു വന്നു. അദ്ദേഹത്തിനു നഗരജീവിതമേ പിടിച്ചിരുന്നില്ല. ആഥൻസുകാരുടെ യുദ്ധസന്നാഹം അദ്ദേഹത്തെ കൂട്ടതൽ മുഷിപ്പിക്കയും ചെയ്തു. തൻെറ മൂന്നു കൃതികളിൽ അദ്ദേഹം യുദ്ധത്തെ നിഷേധിച്ചു തുറന്നെഴുതി. അതിജീവിച്ചവയിൽ ഏററവും പഴയ ഗ്രീക്കുപ്രഹസനമായ 'അക്കാർണിയക്കാർ' എന്ന നാടകത്തിൽ നായകൻ, ജന്മനാ അക്കാർണിയക്കാരനായിരുന്നെങ്കിലും, ഒരു ആഥൻസുനിവാസിയായിരുന്നു. യുദ്ധംകൊണ്ടു മട്ടത്തു വീർപ്പുമുട്ടിയ അയാൾ സ്വന്തം നിലയിൽ സ്പാർട്ടയുമായി സന്ധിചെയ്യുന്നു. എല്ലാ യുദ്ധങ്ങളിലും സംഭവിക്കുന്നതുപോലെ, ദേശഭക്തിയിലും, ദേശീയബോധത്തിലും അത്യാവേശം പൂണ്ട ആഥൻസുകാർ, യുദ്ധത്തിന്നെതിരായി സംസാരിച്ചവരെയെല്ലാം ദേശദ്രോഹികളാക്കി കുററപ്പെട്ടത്തി. അരിസ്റ്റോഫനീസ്, അക്കാർണിയക്കാരനെ തന്റെ കഥാനായകനാക്കി, അയാളുടെ ചേഷ്ടകളെ സാധൂകരിച്ചുകൊണ്ടു്, ആവേശഭരിതരായ ജനസമൂഹത്തെ സധീരം വെല്ലുവിളിക്കുന്നു. നായകൻ ഒരു കർഷകനാണു്. അയാൾക്കു് സ്പാർട്ടാഭടന്മാരുമായി, വ്യക്തിഗതമായ യാതൊരു ശണ്ഠയുമില്ല. അയാൾ ഒരു ദൂതനെ അയക്കുന്നു. ആ ദൂതനെ, ആഥൻസിലെ രാജ്യതന്ത്രപ്രതിനിധികളുടെ പ്രതിരൂപമാക്കിയാണു് കവി വിവക്ഷിക്കുന്നതു്. തൻെറ വംശപാരമ്പര്യം ദേവതകളോടു കൂട്ടിയിണക്കി അഭിമാനിക്കുന്നവനാണു് ആ ദൂതൻ. എങ്കിലും തനിക്കു വേണ്ടത്ര വഴിച്ചെലവു്, പ്രത്യേകിച്ചു് ഈ സ്പാർട്ടാസമാധാനസന്ധിക്കു ശ്രമിച്ചതിനു്, കിട്ടുന്നില്ലെന്നു് ആവലാതിപ്പെടുന്നവനാണു് അയാൾ. അതിദേശഭക്തരായ അയൽവാസികൾ ഈ അക്കാർണിയൻ കർഷകനെ വഞ്ജിക്കുന്നു. യുദ്ധമുണ്ടായ കുറ്റം സ്പാർട്ടക്കാരിൽ

മാത്രമാരോപിക്കുന്നതു ന്യായമല്ലെന്നു തനിക്കു ബോധ്യമായിട്ടുണ്ടെന്നു പറയുന്നു അയാൾ. ജനശബ്ദമുയരുന്നു: "ദുഷ്ടൻ, വഞ്ചകൻ! മുഖത്തുനോക്കി രാജ്യദ്രോഹം പറയുവാൻ നിനക്കെങ്ങനെ നാവുവന്നു? ഞങ്ങൾ നിന്നെ വെറുതെ വിട്ടുമെന്നു കരുതിയോ?" ഈ രംഗത്തിലെ പ്രശസ്തമായ പ്രതിഭാശക്തിയും സുധീരമായ സമീപനവും മറക്കാനാവുന്നതല്ല. അതിന്നുത്തരം പറയുന്ന അക്കാർണിയനിലൂടെ, നാടകകർത്താവ്, യുദ്ധക്കലിപൂണ്ട പ്രതിയോഗികളെ അഭിമുഖീകരിച്ച്, താൻ യുദ്ധത്തെ നിഷേധിക്കുമ്പോൾ രാജ്യദ്രോഹമാണു പറയുന്നതെന്നു തെളിയിക്കാൻ വെല്ലുവിളിക്കുന്നു. യുദ്ധമുണ്ടായതിന്നു്, സ്പാർട്ടക്കാരെപ്പോലെതന്നെ ആഥൻസുകാരും കാരണഭൂതന്മാരാണെന്നു താൻ തെളിയിച്ചില്ലെങ്കിൽ, തന്നെ കൊന്നുകൊള്ളുവാൻ അക്കാർണിയൻപ്രതിഭരാധികൾക്കു സമ്മതം കൊടുക്കുന്നു. അയാൾ തന്റെ വാദം സമർത്ഥിക്കാൻ തുടങ്ങുമ്പോൾ കൊലയാളി വളരെ പ്രത്യാശകളോടെ തയാറായിനില്ക്കുന്നു. അതിനിടെ ഒരു അഥീനിയൻ സേനാധിപൻ, തോററു തൊപ്പിയിട്ടാണെങ്കിലും, ആ പഴയ പപ്പടാച്ചിയും നീണ്ട നാക്കുമായി പ്രവേശിക്കുന്നു. ജനക്കൂട്ടം ആ പട്ടാളനായകനെ വെറുക്കുകയും നമ്മുടെ കഥാനായകനെ വിമുക്തനാക്കുകയും ചെയ്യുന്നു. സ്പാർട്ടാസന്ധിയിൽ തനിക്കു വിട്ടുകിട്ടിയ തോട്ടത്തിലെ മുന്തിരിച്ചാറിൽനിന്നുണ്ടാക്കി, 'ശാന്തി' എന്നു പേരുമിട്ട പാനീയം കൊടുത്തു, നായകൻ സകലരേയും സന്തുഷ്ടരാക്കുന്നു. അനാവശ്യമായുണ്ടായ യുദ്ധംകൊണ്ടു വന്നുചാടുന്ന ക്ലേശങ്ങളെ വ്യംഗ്യമായപഹസിച്ചാക്ഷേപിക്കുന്നതു് ഈ നാടകത്തിൽ നീളെ കാണാം. അതുപോലെതന്നെ, ഒരു കർഷകൻ ഗത്യന്തരമില്ലാതെ തന്റെ പുത്രികളെ, പന്നികളേപ്പോലെ വേഷം കെട്ടിച്ച്, ചന്തയിൽ വില്ക്കുമ്പോൾ, കുശലാന്വേഷണം ചെയ്യുന്ന ഒരുത്തനോട്ട്, അന്യോന്യം വാശിപിടിച്ചു പട്ടിണിയിട്ടുകയാണു തന്റെ കുടുംബാംഗങ്ങളുടെ നിത്യത്തൊഴിലെന്നും, നഗരത്തിലെ അധികൃതർ, ജനങ്ങൾ കഴിയുന്നവേഗം കഴിയുന്നത്ര കഷ്ടപ്പെട്ടു് നശിക്കാനുള്ള പദ്ധതി, കഷ്ടപ്പെട്ടാസൂത്രണം ചെയ്യുകയാണെന്നും മറുപടി പറയുന്നു.

യുദ്ധത്തെപ്പററിയുള്ള 'ശാന്തി' എന്ന രണ്ടാമത്തെ

നാടകത്തിൽ, യഥാൎത്ഥ ദേശഭക്തനായ ഒരു ഗ്രാമീണൻ, ക്രൂരതകൾ കണ്ടു സഹികെട്ട്, ഒരു വണ്ടിൻെറ പുറത്തു കയറി സ്വൎഗ്ഗത്തിലേക്കു പോയി, ഹെർമിസിനു കൈക്കൂലി കൊടുത്തു് അകത്തു കടക്കുന്നു. പക്ഷേ, ദേവതകളെല്ലാം അവിടെനിന്നു ഭാണ്ഡംകെട്ടി പോയതായും, പകരം രണദേവത അധിനിവേശംചെയ്തു്, ഗ്രീസിനെ വലിയൊരു ഉരലിലിട്ടു് ഇടിച്ചു പൊടിക്കുന്നതായും കാണുന്നു. സ്യൂസിനോടു യുദ്ധസമാപ്തി യാചിക്കാനായിരുന്നു ആ നാടൻ ചെന്നതു്. എന്നാൽ ശാന്തിദേവത കാരാഗൃഹത്തിലിട്ടടയ്ക്കപ്പെട്ടിരിക്കുന്നുവെന്നു്, ഹെർമിസിൽനിന്നു മനസ്സിലാക്കിയ കർഷകൻ, ആ ദേവിയെ മോചിപ്പിച്ചു ഭൂമിയിലേക്കു കൊണ്ടുപോരുന്നു. ഈ പ്രയത്നത്തിന്നു പ്രതിഫലമായി, ആയാൾക്കു്, സംശയാതീതമല്ലാത്ത സ്വഭാവഗുണത്തോടുകൂടിയ ഒരു വനദേവതയെ കല്യാണം കഴിച്ചുകിട്ടുന്നു. 'ലിസിസ്ട്രാററ'യിൽ ഒരു അഥീനിയൻമജിസ്ട്രേട്ടിൻെറ ഭാൎയ്യ സമാധാനമുണ്ടാക്കുന്നതാണു കഥാതന്തു. തങ്ങളുടെ ഭൎത്താക്കന്മാർ യുദ്ധത്തിൽനിന്നു വിരമിക്കുന്നതുവരെ ശയനസുഖമനുവദിക്കുന്നതല്ലെന്നു തീരുമാനിക്കാൻ ആഥൻസ് വനിതകളെ പ്രോത്സാഹിപ്പിച്ചു ശാന്തിയുളവാക്കുവാൻ ശ്രമിക്കയാണു് അവർ. പുരുഷന്മാർ അഭ്യൎത്ഥിക്കുമ്പോൾ തിളച്ചവെള്ളവും ശകാരവർഷവുമാണു സ്ത്രീകൾ കൊടുക്കുന്ന മറുപടി. അതിന്റെയൊക്കെ നേതൃത്വം വഹിക്കുന്നതു വാഗ്മിദക്ഷയായ ലിസിസ്ട്രാററതന്നെ. ആഥൻസിലെ സ്ത്രീകൾ, തങ്ങളുടെ സംരംഭത്തിൽ സഹകരിച്ചു വിജയിപ്പിക്കാനഭ്യൎത്ഥിച്ചുകൊണ്ടു സ്പാർട്ടാവനിതകളുടെയടുക്കലേക്കു് ഒരു പ്രതിനിധിസംഘത്തെ അയയ്ക്കുന്നു. അവസാനം പുരുഷന്മാർ, സമരത്തിലുൾപ്പെട്ട ദേശങ്ങളിലെ പ്രതിനിധികളെല്ലാംചേൎന്നു് ഒരു മഹാസഭ വിളിച്ചുകൂട്ടുവാൻ നിർബ്ബന്ധിതരാവുന്നതുവരെ ആ മഹിളകൾ തങ്ങളുടെ പ്രചരണം തുടൎന്നുകൊണ്ടുപോകുന്നു. അവർ സഭയിൽ സന്നിഹിതരായ പുരുഷന്മാരെ മധുലോലുപരാക്കി മയക്കുന്നു. കുടിച്ചുമറിഞ്ഞു സന്തുഷ്ടരായ പ്രതിനിധികൾ സന്ധി ഒപ്പുവെയ്ക്കുന്നു.

മററു മൂന്നു കൃതികളിൽ, അരിസ്റ്റോഫനീസ്, മനുഷ്യർ ധാൎമ്മികപഥത്തിൽനിന്നു വ്യതിചലിച്ചാൽ പ്രജായത്തം

അധഃപതിക്കാവുന്നതിനെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. ക്രി. മു. 429–ൽ, പെരിക്ലീസിൻെറ നിര്യാണത്തിന്നുശേഷം, ആഥൻസിൻെറ പരമാധികാരം ധനികനും ചർമ്മവ്യാപാരിയുമായ ക്ലിയോണിൻെറ കൈയിലായി. ഗ്രീസിനെ വെല്ലാൻ മല്ലടിക്കുന്നവരിലൊരുകൂട്ടരായ സ്പാർട്ടയെ നശിപ്പിക്കുന്നതുകൊണ്ടുണ്ടാവുന്ന വാണിജ്യലാഭത്തിൽ കണ്ണുവെച്ചിരുന്ന തല്പരകക്ഷികളെയാണു് ആയാൾ പ്രതിനിധാനംചെയ്തതു്. അങ്ങനെ ക്ലിയോണിൻെറ കക്ഷി, യുദ്ധത്തിന്നൊരുനിന്നു. 'ബാബിലോണിയക്കാർ' എന്ന കൃതിയിലാണു ഗ്രന്ഥകർത്താവു് ആ സംഘത്തെ ആദ്യമായാക്ഷേപിച്ചതു്. അതിന്നദ്ദേഹത്തെ വിചാരണചെയ്തു പിഴയിട്ടുവിക്കാൻ ക്ലിയോണിന്നു കഴിഞ്ഞുവെങ്കിലും രണ്ടുവർഷങ്ങൾക്കുശേഷം അരിസ്റ്റോഫനീസ് 'പടയാളികൾ' എന്ന കൃതിയിലൂടെ വീണ്ടും ആക്ഷേപമുന്നയിച്ചു. ഈ കൃതിയിലെ 'ഡെമോസ്' എന്ന വയോവൃദ്ധൻ ആഥൻസ്ജനതയുടെ പ്രതീകമായിട്ടാണു ചിത്രീകരിക്കപ്പെട്ടിട്ടുള്ളതു്. ആയാൾ 'തുകൽവ്യാപാരി' എന്നറിയപ്പെട്ടിരുന്ന ഒരു കുടിലഹൃദയൻെറ ചൊല്പടിയിലായിരുന്നു. പ്രതികാരത്തെ ഭയന്നു് ഒരു നടനും തുകൽവ്യാപാരിയുടെ ഭാഗമഭിനയിക്കാൻ ധൈര്യപ്പെടാത്തവിധത്തിൽ സുവ്യക്തമായിരുന്നു അതിലെ ഉല്ലേഖം. അവസാനം അരിസ്റ്റോഫനീസ്തന്നെ ആ ഭാഗമഭിനയിക്കേണ്ടിവന്നു. ഡെമോസിൻെറ വിശ്വസ്തഭൃത്യനായ 'ഡെമോസ്തനീസ്' തുകൽവ്യാപാരിയെ അപമാനിക്കാനായി ഒരു ദൈവജ്ഞനെ പാട്ടിലാക്കി, ഓരോരുത്തനും തന്നിൽക്കവിഞ്ഞ വഞ്ചകനു സ്ഥാനമൊഴിഞ്ഞുകൊടുക്കത്തക്കനിലയ്ക്കുള്ള നാലു നീചന്മാർ ഡെമോസിനെ നിയന്ത്രിക്കുമെന്നു ഭാവിഫലം പറയിക്കുന്നു. ക്ലിയോണാണു് അവരിൽ മൂന്നാമത്തവൻ. ആയാളെക്കാളും വലിയ കള്ളനാകേണ്ട നാലാമത്തവനെ തേടുകയാണു ഡെമോസ്തനീസ്. അവൻ തഞ്ചത്തിലൊരു കശാപ്പുകാരനെ കണ്ടുമുട്ടുന്നു. പക്ഷേ, കശാപ്പുകാരനു് ആത്മവിശ്വാസം പോരാ. "പറയൂ," കശാപ്പുകാരൻ ചോദിക്കുന്നു: "വെറുമൊരു ഇറച്ചിക്കച്ചവടക്കാരനായ ഞാനെങ്ങനെ വലിയവനാവും?" ഡെമോസ്തനീസ് പറയുന്നു: "മാനാപമാനമറിയാത്ത തെരുവുതെണ്ടി എന്ന ഒരേ ബഹു

മതി മതി നീ വലിയവനാവാൻ.'' കശാപ്പുകാരൻ സമ്മതിക്കുന്നില്ല. ''അയ്യോ, വലിയ അധികാരം വഹിപ്പാൻ പററിയവനാണെന്നു് എനിക്കു വിശ്വാസമില്ല.'' ഡെമോസ്തനീസ് വിടാതെ കൂട്ടുന്നു: ''നിനക്കു് ഈ എളിയബുദ്ധി തോന്നാനെന്താണു കാരണം? നീ ഒരു തറവാടിയാണെന്നു് എനിക്കു വലിയ ഭയം തോന്നുന്നു. നീ ഭേദപ്പെട്ട കുടുംബത്തിൽ പിറന്നവനാണോ?'' കശാപ്പുകാരൻ പറയുകയാണു്: ''അയ്യോ അല്ല, ഈശ്വരനാണെയല്ല. ചെററപ്പെറുക്കികൾ തറവാട്ടുകാരാണെന്നു വന്നല്ലാതെ ആവുകയുമില്ല.'' ഡെമോസ്തനീസ് ഉറക്കെ വിളിച്ചുപറയുന്നു: ''ഹാ! നിൻെറ ഭാഗ്യമേ ഭാഗ്യം! നീയതിലനുമോദിക്കുക. രാജ്യതന്ത്രജ്ഞനാവാൻ ഇതില്പരം യോഗ്യത എന്തുവേണം!'' തൻെറ കാൎയ്യം തകരാറിലായെന്നു തോന്നി തുകൽവ്യാപാരി ഒരവകാശമുന്നയിക്കുന്നു. അതായതു് ആഥൻസിലെ വേശ്യകളൊഴിച്ചു മററാരും, തന്നെപ്പോലെ ജനങ്ങളെ സേവിച്ചിട്ടില്ലെന്നു്. ഒരു മത്സരം ഏൎപ്പെടുത്തുന്നു. അതിൽ പ്രതിയോഗികൾ, തിരഞ്ഞെടുപ്പിന്നു മുമ്പുള്ള വാഗ്ദാനപട്ടികപോലെ, ഡെമോസിൻെറ മുമ്പിൽ വിഭവസമൃദ്ധമായ സദ്യവട്ടങ്ങൾ നിരത്തുന്നു. കശാപ്പുകാരൻ ഒരഭിപ്രായം പുറപ്പെടുവിക്കുന്നു. പൊതുജനസേവനത്തിൽ കൂടുതൽ സത്യസന്ധത ആൎക്കാണെന്നറിയാൻ ഇരുവരുടെയും ഭവനങ്ങൾ പരിശോധിക്കണമെന്നു്. തുകൽവൎത്തകൻെറ വീട്ടിൽ കൂടുതലാസ്വാദ്യകരമായ വസ്തുക്കൾ ഒളിച്ചുവെച്ചതായിക്കാണുന്നു. പ്രത്യേകിച്ചു്, ഡെമോസിന്നുവേണ്ടി ചെറിയൊരു കഷണം മാത്രം മുറിച്ചെടുത്തുകഴിച്ചു്, ബാക്കിയുള്ള വലിയൊരു വിശിഷ്ടമിഷ്ടഭോജ്യവും. ഇവിടത്തെ ഉല്ലേഖം, ക്ലിയോൺ സൎക്കാർപണം ധാരാളം കൊള്ളയടിക്കുന്നുണ്ടെന്നതാണു്. ചൎമ്മവ്യാപാരിയെ നിഷ്കാസനംചെയ്യുകയും കശാപ്പുകാരനെ ഡെമോസിൻെറ വീട്ടുകാൎയ്യസ്ഥനാക്കുകയും ചെയ്യുന്നു. അവസാനം അഭൂതപൂൎവ്വമായ പരിവൎത്തനമുണ്ടായി കശാപ്പുകാരൻ ദേശഭക്തിയെപ്പററി ഡെമോസിനോടു പ്രഗത്ഭമായി പ്രസംഗിക്കുകയും ചെയ്യുന്നു.

'കടന്നല്പകൾ' എന്ന പ്രഹസനത്തിൽ ഗ്രന്ഥകൎത്താവു്, ആഥൻസുകാൎക്കു കോടതികളിൽ കയറിയിരുന്നു കേസു

കൾ വിചാരണചെയ്യാനുള്ള ഭ്രമത്തെപ്പററി കളിയാക്കുന്നു. കോടതികളിലിരിക്കുന്നതുകൊണ്ടുണ്ടാവുന്ന തുച്ഛലഭ്യങ്ങളാഗ്രഹിച്ചു ചെല്ലുന്ന അലസന്മാരെയാണു് ഇതിൽ കടന്നല്ലുകളായി വിവക്ഷിക്കുന്നതു്. ഒരു കിഴവന്നു കോടതിഭ്രമം കലശലാവുന്നു. ആയാളുടെ മകൻ, അച്ഛൻെറ ശ്രദ്ധയെ മററുവല്ല നല്ലകാര്യങ്ങളിലേക്കും തിരിക്കുവാൻ നോക്കുന്നു. പക്ഷേ, അതൊന്നും ഫലിക്കുന്നില്ല. അവസാനം ആ യുവാവു് തൻെറ വീടിനെ കോടതിയാക്കുന്നു. കിഴവന്നു തൊഴിലുണ്ടാക്കുവാൻ ഒരു വ്യഥാവിചാരണ ഏർപ്പെടുത്തി, കോടതിയിൽ പോകാത്തതുകൊണ്ടുണ്ടാവുന്ന നഷ്ടപരിഹാരം കൊടുക്കാമെന്നേൽക്കുന്നു. ഒരപ്പത്തിൻെറ തുണ്ടം കട്ടുവെന്ന ഇല്ലാക്കുററമാരോപിച്ചു്, ഒരു നായ് മറെറാരു ശ്വാനകനെ ഈ കോടതിമുമ്പാകെ ഹാജരാക്കുന്നു. പ്രതിയെ ശിക്ഷിച്ചാൽ നീതിയായെന്നു ധരിച്ചിരുന്ന വൃദ്ധൻ ഈ കേസിൽ പ്രതി നിർദ്ദോഷിയാണെന്നു വിധിപറയാൻ നിർബ്ബന്ധിതനാവുകയും, പിന്നീടു താൻ ചെയ്തതെന്തെന്നു ബോദ്ധ്യമായപ്പോൾ അതിരററു പരിതപിക്കുകയും ചെയ്യുന്നു.

'നിയമസഭയിൽ സ്ത്രീജനങ്ങൾ' എന്ന കൃതിയിൽ രചയിതാവു് മഹിളാപ്രക്ഷോഭണത്തെ കളിയാക്കുകയാണു്. ആഥൻസ്‌വനിതകൾ, പുരുഷവേഷം ധരിച്ചു നിയമസഭയിൽ നിറയെ കടന്നുകൂടുകയും, തങ്ങളുടെ ഭർത്താക്കന്മാർ, സഹോദരന്മാർ, പുത്രന്മാർ എന്നിവരെയൊക്കെ സമ്മതിദാനത്തിൽ തോല്പിച്ചു ഭരണാധികാരം കൈയിലാക്കുകയും ചെയ്യുന്നു. അവരൊരു ഭരണക്കൂടം തയാറാക്കി, സ്ത്രീകളും സമ്പത്തുകളും പൊതുസ്വത്താണെന്നു വരുത്തുകയും ചെയ്യുന്നു. 'ധനദേവത'യിൽ ധർമ്മിഷ്ഠനായതുകൊണ്ടു് കൈയിൽ കാശില്ലാതായ ഒരു സാധു, ഡെൽഫിയിലെ ഒരു ദൈവജ്ഞനോടു്, ഐഹികേച്ഛുക്കളായ മനുഷ്യർ ധനം സമ്പാദിക്കുവാൻ കാണിക്കുന്ന അധർമ്മങ്ങളും ഖലതവും മററും തന്റെ പുത്രന്നും ഉപദേശിച്ചുകൊടുക്കുന്നതു നല്ലതല്ലേ എന്നു ചോദിക്കുന്നു. ദൈവജ്ഞൻ അയാളോടു്, ദേവാലയത്തിൽനിന്നു തിരിക്കുമ്പോൾ ആദ്യം കാണുന്ന വ്യക്തിയെ അനുഗമിക്കുവാൻ പറയുന്നു. അതാണു് ഐശ്വര്യദേവതയായ പ്ലൂട്ടസ്—അനുഗ്രഹ

ങ്ങൾ നൽകുമ്പോൾ ന്യായാന്യായ വിവേചനമുണ്ടാവരുതെ ന്നുദ്ദേശിച്ച് സ്യൂസ് കുരുടനാക്കിവിട്ട ദേവത. പിന്നീട്ട ദേവ രാജൻ പ്ലൂട്ടസ്സിന്നു കാഴ്ചകൊടുക്കുകയും, അതുമുതൽ ധർമ്മിഷ്ഠ രെ ധനവാന്മാരും അധർമ്മിഷ്ഠരെ നിർദ്ധനരും ആക്കുകയും ചെയ്യുന്നു.

ക്ലേശഭൂയിഷ്ഠമായ ജീവിതത്തിൽനിന്നു വിമോചനം നേ ടി, വ്യത്യസ്തമായൊരു സ്ഥിതിയിലേക്കുയരുവാനുള്ള മോഹ ത്തെ ആസ്പദിച്ചെഴുതിയ 'പക്ഷികൾ' എന്ന കൃതിയിൽ അ രിസ്റ്റോഫനീസിൻെറ മറ്റേതുകൃതിയിലേക്കാളുമധികം ഫലി തവും, ഉൽകൃഷ്ടമായ ഭാവനാശക്തിയും, കവിതാഗുണവും പ രിലസിക്കുന്നുണ്ട്. കുററാരോപണങ്ങളിലും, വാദവിവാദങ്ങ ളിലും, മുഖസ്തുതികളിലും മടുത്ത രണ്ട് ആഥൻസുകാർ, ആ ഥൻസിലെ ഒരു മുൻരാജാവിൻെറ അടുക്കലേക്കു പോകുന്നു. വിശ്വാസയോഗ്യമായ പരമ്പരാപ്രമാണമനുസരിച്ച് ആ മന്നൻ ഇന്നു പക്ഷികളുടെ രാജാവാണ്. മഹാരാജാവ് അവ ക്കു പല നഗരങ്ങളും കൊടുക്കുന്നുവെങ്കിലും, അവരെല്ലാം നിര സിക്കപ്പെടുന്നു. ഈ ഘട്ടത്തിൽ രാജാവ് പക്ഷികളുടെ ജീവി തസുഖത്തെപ്പററി വർണ്ണിക്കുന്നു: "ഭാഗ്യമേ ഭാഗ്യം! ശീതളൃതു വിലും ആടകളണിയാത്ത പത്രികൾ ഭാഗ്യവാന്മാർതന്നെ. ഉച്ചവെയിലിൻെറ അത്യുഷ്ണത്തിൽ ഉന്മാദരായ ഝില്ലികൾ ഉ ച്ചൈസ്സ്വരം പൊഴിക്കുന്ന തീവ്രാലാപങ്ങളുയരുന്ന വേളയിൽ, പുഷ്പവാടികളുടെ തണുത്ത ഇലച്ചില്ലിലധിവസിക്കുന്ന ഞങ്ങ ളെ വേനലിൻെറ ചുട്ടുതിളങ്ങുന്ന പ്രചണ്ഡകിരണങ്ങൾ അല ട്ടുന്നില്ല. ശീതകാലത്തിലോ, പർവ്വതകിന്നരികളോടൊപ്പം ആ നന്ദാന്ദോളിതരായി, ഗുഹാഗഹ്വരങ്ങളിലാണു ഞങ്ങളുടെ പാർപ്പ്. ഞങ്ങളുടെ ഭക്ഷണം വസന്തോല്ലാദിതമായ പരി പക്വഫലങ്ങളും, ദേവകന്യകളുടെ പൂന്തോപ്പിലെ ഓഷധി ച്ചെടികളും." അത്യുത്സാഹികളായ ഈ പുതുവ്യക്തികൾ വി ഹംഗസാമ്രാജ്യത്തിലാകമാനമൊരു പുനഃസംഘടനവേണ മെന്ന് അഭിപ്രായപ്പെടുന്നു. സംഭ്രമിച്ചു കുപിതരായ പക്ഷി കളെ തൃപ്തിപ്പെടുത്തി, അവർ ഒരു പുതിയ ഭരണതന്ത്രവും, പൊതുസൗധങ്ങളും, രക്ഷാവ്യൂഹങ്ങളുമൊക്കെയുണ്ടാക്കുന്നു. അവിടെ താമസിക്കാനാഗ്രഹംകാണിച്ചുവന്ന ലക്ഷോപ

ലക്ഷം ഹരജികളിൽ കുറെ സ്വീകരിക്കപ്പെട്ടുകയും കുറെ നിരസിക്കപ്പെട്ടുകയും ചെയ്യുന്നു. ഒരു പ്രവാചകൻ പ്രവേശിക്കുന്നു. അയാൾ, ഏതോ ഒരു പ്രമാണപത്രത്തിൽനിന്നു്, പുതുസാമ്രാജ്യത്തെപ്പററിയുള്ള പഴയ പ്രവചനമാണെന്നും പറഞ്ഞു്, എന്തോ വായിക്കുകയും, തനിക്കു ദക്ഷിണവേണമെന്നാവശ്യപ്പെടുകയും ചെയ്യുന്നു. ആഥൻസുകാർ, മറെറാരു പഴം പുരാണത്തിൽനിന്നു വായിക്കുന്നതായി നടിച്ചു്, കപടസന്യാസികളുടെ കാലുതല്ലിയൊടിക്കണമെന്നാണു് വിബുധവാക്യം എന്നുംപറഞ്ഞു് പ്രവാചകനെ വേണ്ടതുപോലെ അയയ്ക്കുന്നു. ഒരു ദാർശനികനും ശാസ്ത്രജ്ഞനുമൊക്കെ അതുതന്നെ ഗതി. അതിനിടെ പുതുസാമ്രാജ്യത്തിൽ, ദൈവങ്ങൾക്കു ഭൂമിയോടുള്ള സമ്പർക്കവും, അവക്കുവേണ്ടി ഭൂമിയിൽനിന്നുയരുന്ന ഹോമങ്ങളും വിലക്കപ്പെട്ടുന്നു. സ്യൂസിന്റെ ശത്രുവും ഒളിച്ചോടിയവനുമായ പ്രൊമിത്യൂസ് വലിയൊരു കുടയുടെ മറവിൽ സ്വർഗ്ഗത്തിൽനിന്നിറങ്ങി, ഈശ്വരന്മാർ പരിക്ഷീണരായിരിക്കയാണെന്ന വാർത്തയുംകൊണ്ടു വരുന്നു. ആഥൻസുകാരുടെ ഇളകാത്ത നിലകണ്ടു ദൈവങ്ങൾ, തങ്ങളുടെ ദൂതന്മാരായി, വിജ്ഞാനിയായ പൊസെയിഡോണെയും, ആഹാരപ്രിയനായ ഹെറാക്കിൾസിനെയും, കിറുക്കനായ ഒരു ദേവതയെയും അയയ്ക്കുന്നു. ഹെറാക്കിൾസ്, താനൊരു രാജദൂതനാണെന്നുപോലും മറന്നു് ആഥൻസുകാരനെ ഞെക്കിഞെരുക്കാനൊരുമ്പെടുന്നു. കിറുക്കനെ നോക്കി പൊസെയിഡോൺ, “പ്രജായത്തമേ, ഈശ്വരന്മാർ ഇമ്മാതിരി ജന്തുക്കളെയാണു പ്രതിനിധികളായി തിരഞ്ഞെടുക്കുന്നതെങ്കിൽ നീ ഞങ്ങളെ എവിടെയെത്തിക്കും!” എന്നു വിളിച്ചുപറയാൻ നിർബ്ബന്ധിതനാവുന്നു. അഥീനിയൻ തൻെറ സന്ധിനിശ്ചയങ്ങളറിയിക്കുകയും, അതനുസരിച്ചു സന്ധിക്കു തയാറാണെങ്കിൽ താൻ ദൂതന്മാക്കു് ഒരു വിരുന്നുകൊടുക്കാമെന്നു പറയുകയും ചെയ്യുന്നു. പാചകശാലയിൽ നിന്നു വരുന്ന വാസന സഹിക്കാതെ പൊറുതിമുട്ടി, ഹെറാക്കിൾസ്, ഉടനെ സമ്മതിക്കുന്നു. കിറുക്കൻ ദൈവം താനെന്താണു പറയുന്നതെന്നറിയാതെയും സന്ധിക്കു സമ്മതിക്കുന്നു. പക്ഷികൾക്കു സാമ്രാജ്യാധിപത്യം സ്ഥിരപ്പെട്ടുന്നു. അഥീനിയന്നു സ്യൂസിൻെറ സുന്ദരിയായ പുത്രിയെയും ലഭിക്കുന്നു.

അരിസ്റ്റോഫനീസും യൂറിപ്പിഡീസും ചങ്ങാതികളായിരുന്നു. പക്ഷേ, ചങ്ങാതിത്തം കാരണം ഒരു ഫലിതോക്താവിൻെറ ചങ്ങാതിയും അയാളുടെ ഹാസ്യശരവർഷത്തിൽനിന്നു രക്ഷപ്പെട്ടുകയില്ല. 'ഡെമിററർ ദേവിയുടെ ആരാധികകൾ,' 'മണ്ഡൂകങ്ങൾ' എന്ന രണ്ടു കൃതികളിൽ യൂറിപ്പിഡീസിനെയാണു പിടികൂടിയിരിക്കുന്നതു്. ആദ്യത്തേതിൽ ഡെമിറ്ററുടെ ആരാധികകളായ സ്ത്രീകൾ, പുരുഷന്മാക്കു പ്രവേശനമില്ലാത്ത ഒരു സഭയിൽവെച്ചു്, യൂറിപ്പിഡീസ് അദ്ദേഹത്തിന്റെ കൃതിയിൽ സ്ത്രീകളെ വികൃതമായി ചിത്രീകരിച്ചതിന്നു പകരംവീട്ടുവാൻ നിശ്ചയിക്കുന്നു. 'ഇലക്‌ട്രാ' 'മെഡീയ' എന്നീ പാത്രങ്ങളെയാണു ഗ്രന്ഥകാരൻ ഉദ്ദേശിച്ചിട്ടുള്ളതു്. പക്ഷേ, അനിഷ്ടാനുഭവങ്ങളാൽ പ്രകൃതിവൈകൃതം വന്നുചേൎന്നതാണെന്നു മനസ്സിലാക്കി, യൂറിപ്പിഡീസ് അമ്മാതിരി പാത്രങ്ങളോടു് ആന്തരമായി അനുഭാവം കാണിച്ചിട്ടുണ്ടെന്നുള്ള വസ്തുത സൗകൎയ്യപൂൎവ്വം മറന്നിട്ടാണു് അരിസ്റ്റോഫനീസ് ആ പാത്രങ്ങളെ വീക്ഷിക്കുന്നതു്. സ്ത്രീകളുടെ ഷഡ്‌യന്ത്രം മനസ്സിലാക്കി, യൂറിപ്പിഡീസ് തൻെറ ശ്വശ്രുരനോടു് സ്ത്രീവേഷംകെട്ടി മഹിളാസഭയിൽ ചെന്നു തൻെറ പക്ഷം വാദിക്കുവാൻ പറയുന്നു. ഈ പക്ഷവാദിയെ സ്ത്രീകൾ സംശയിക്കുകയും അയാളുടെ കള്ളി പുറത്താവുകയും ചെയ്യുന്നു. ആ വൃദ്ധൻ ഒരു സ്ത്രീയുടെ കൈയിൽനിന്നു് ഒരു കുഞ്ഞിനെ വലിച്ചെടുത്തു്, തന്നെ തൊട്ടാൽ അതിനെ കൊല്ലുമെന്നു ഭീഷണിപ്പെടുത്തി, മരണത്തിൽനിന്നു രക്ഷപ്പെടുന്നു. ആ കുഞ്ഞോ?—ചുങ്കക്കാരെ പററിക്കാൻ ഒരു കുട്ടിയുടെ ഉടുപ്പിൽ പൊതിഞ്ഞുവെച്ചിരുന്ന ഒരുപാത്രം വീഞ്ഞായിരുന്നു! ശ്വശ്രുരൻ ആ വീഞ്ഞുമുഴുവൻ കുടിച്ചു്, യൂറിപ്പിഡീസിനോടു തന്നെ രക്ഷിക്കണമെന്നഭ്യൎത്ഥിക്കുന്നു. യൂറിപ്പിഡീസ് പല പ്രച്ഛന്നവേഷങ്ങളിലും വരുന്നു. സദാ അദ്ദേഹത്തിൻെറ സ്വന്തം കൃതികളിലെ പാത്രങ്ങളെപ്പോലെത്തന്നെ. ഇതെല്ലാം മറ്റു ലേഖകരെ വ്യംഗ്യമായപഹസിച്ചെഴുതുവാൻ അരിസ്റ്റോഫനീസ്സിന്നുള്ള കഴിവിന്നു് ഏററവും മിഴിവുകൊടുക്കുന്ന മട്ടിലാണു്. ആദ്യം, യൂറിപ്പിഡീസ്, ഈജിപ്റ്റിൽവെച്ചു ഹെലനെ കണ്ടുപിടിച്ച മെനിലാസിനെപ്പോലെ വരുന്നു. ഉദ്ദേശം, വിലങ്ങിൽ കിടക്കുന്ന വൃദ്ധനെ,

വളരെക്കാലമായി കാണാതായ തൻെറ ധർമ്മപത്നിയാണെന്നും പറഞ്ഞു്, പാറാവുകാർ ഈ വിചിത്രമായ പരിമാററത്തിൽ മിഴിച്ചിരിക്കുന്ന തഞ്ചം നോക്കി, കൊണ്ടുപോകണമെന്നാണു്. അതു ഫലിക്കുന്നില്ല. കാരണം, തക്കസമയത്തു് ഒന്നുകിൽ ആരെങ്കിലും വന്നുചാടുന്നു; അല്ലെങ്കിൽ പാറാവുകാർ ഉഷാറാവുന്നു. വീണ്ടും യൂറിപ്പിഡിസ്, ആൻഡ്രോമിഡ എന്ന തരുണിയെ രക്ഷപ്പെടുത്തിയ പെർസിയൂസ് എന്ന വീരൻെറ വേഷത്തിൽ വരികയും, വിലങ്ങിൽ കിടക്കുന്ന വൃദ്ധൻ ആ തരുണിയാണെന്നു തനിക്കു മനസ്സിലായെന്നു നടിക്കുകയും, പോലീസുകാരനോടു് അവളുടെ പ്രണയം തന്നെ കീഴടക്കിയിരിക്കുന്നെന്നു പറയുകയും ചെയ്യുന്നു. തനിക്കതിൽ യാതൊരസൂയയുമില്ലെന്നു പറയുന്നു പോലീസുകാരൻ. പക്ഷേ, യൂറിപ്പിഡീസ് കിഴവൻെറ ആമമഴിക്കാൻതുടങ്ങുമ്പോൾ ചാട്ടവാർ കാണിച്ചു ഭീഷണിപ്പെടുത്തുന്നു. അവസാനം പോലീസുകാരൻ ഒരു നർത്തകിയാലാകൃഷ്ടനാവുകയും ശ്വശുരൻ ഒരുവിധം രക്ഷപ്പെടുകയും ചെയ്യുന്നു.

'മണ്ഡൂക'ങ്ങളിലെ ഇതിവൃത്തമിതാണു്: നാടകകലാദേവതയായ ഡയോണൈസസ്സിന്നു യൂറിപ്പിഡീസിനോടു ബഹുമാനമുണ്ടായിരുന്നു. അവശേഷിച്ച മററു കവികളെക്കൊണ്ടു വിഷമിച്ച ഡയോണൈസസ്, പ്രച്ഛന്നവേഷനായി യൂറിപ്പിഡീസിനെ ഭൂമിയിലേക്കു തിരികെ കൊണ്ടുവരാൻ പ്രേതലോകത്തിലേക്കു ചെല്ലുന്നു. അവിടെ യൂറിപ്പിഡീസ് തനിച്ചല്ല, എസ്കിലസുമുണ്ടു്. സംഗതി കൂടുതൽ കുഴപ്പത്തിലാവുന്നു. അവരിരുവരും മാന്യസ്ഥാനത്തിന്നുവേണ്ടിയുള്ള വാദവിവാദത്തിലാണു്. സോഫോക്ലീസും അവിടെയുണ്ടു്. പക്ഷേ, അദ്ദേഹം ഭൂമിയിലേക്കു തിരികെ വരാനിഷ്ടപ്പെടുന്നില്ല. കുപിതനായ എസ്കിലസ് രക്തച്ചിറ പൊട്ടിക്കാനൊരുങ്ങുന്നു. ഡയോണൈസസ് ഉപദേശിക്കുന്നു: "കുപിതരായിട്ടല്ല, ശാന്തരായിട്ടാണു് വാദവിവാദങ്ങൾ നടത്തേണ്ടതു്." ഇരുവരും ഡയോണൈസസിൻെറ മുമ്പിൽ സ്വന്തം കഴിവുകളെപ്പററി വാദിക്കാൻ നിശ്ചയിക്കുന്നു. ചൂടുപിടിച്ച വാദത്തിൽ ദോഷാരോപണങ്ങളും നിഷേധങ്ങളുമായി നിരവധി സാഹിത്യവിമർശനങ്ങൾ നടക്കുന്നു. വിധിനിർണ്ണയം വിഷമമാകുന്നു.

"ഒരാൾ മിടുക്കനാണു്, പക്ഷേ, മറേറയാൾ പ്രഗത്ഭനാണു്," ഡയോണൈസസ് പറയുന്നു. ഇളയ നാടകക്കാരൻ എല്ലാ കഴിവുകളുമുപയോഗിച്ചു് ഒരു കവിതയെഴുതണമെന്നു് എസ്കിലസ് അഭിപ്രായപ്പെട്ടുകയും, താനെഴുതുന്ന ഒരേ ഒരു ഈരടികൊണ്ടു് അതിനെ പമ്പകടത്തുമെന്നുറപ്പുപറകയും ചെയ്യുന്നു. യൂറിപ്പിഡീസ് പരാജിതനാവുന്നു. പ്രേതലോകത്തിൻെറയും ജീവലോകത്തിൻെറയും ഇടയിലുള്ള തടാകത്തിലൂടെ തുഴഞ്ഞുപോകുന്ന ഡയോണൈസസിനെ, ഉല്ലാസഭരിതരായി പാട്ടുപാടി അഭിവാദ്യംചെയ്യുന്ന തവളകളെ അനുസ്മരിച്ചാണു് ഈ കൃതിക്കു പേർ നല്കിയിരിക്കുന്നതു്. തവളകളാണു് ഇതിലെ ഗാനസംഘം!

ഇനി, അരിസ്റ്റോഫനീസ് സോക്രട്ടീസിനേയും യുക്തിവാദികളെയും പിടികൂടിയിട്ടുള്ള 'മേഘങ്ങൾ' എന്ന കൃതിയിലേക്കൊന്നു കണ്ണോടിക്കാം. ഇതിൽ അദ്ദേഹത്തിൻെറ വീക്ഷണഗതി കരുതലോടെ വേണം അപഗ്രഥിക്കാൻ. ഹെർമിസിനെ കോഴവാങ്ങുന്നവനായി കല്പിക്കയും, ഹെരാക്കിൾസിനെ ഒരു ശാപ്പാട്ടുരാമനാക്കുകയും, ഡയോണൈസസിൻെറ രഹസ്യാരാധനകളെ അവഹേളിക്കുകയും, ഈശ്വരന്മാർ സ്വർഗ്ഗത്തിൽ വേശ്യാലയങ്ങൾപോലും നടത്തുന്നുണ്ടെന്നു പറകയും ചെയ്യുന്ന ഗ്രന്ഥകാരനെ ഒരു പഴഞ്ചൻ പരമ്പരാവാദിയാണെന്നും പറഞ്ഞു് നിരാകരിക്കുവാൻ തരമില്ല. പക്ഷേ, സമുദായോല്ക്കർഷത്തിന്നുവേണ്ടി യുക്തിസഹമായ വാദങ്ങൾകൊണ്ടു് അന്ധവിശ്വാസങ്ങളെ അടിച്ചുടക്കുന്നതു നല്ലതാണെങ്കിലും, യുക്തിവാദം അന്ധവിശ്വാസങ്ങളകററുക മാത്രമല്ല, സമുദായത്തിൻെറ നിലനില്പിന്നുതകുന്ന സമൂഹവിശ്വാസങ്ങളെക്കൂടി ഉന്മൂലനം ചെയ്യേക്കുമെന്നു അരിസ്റ്റോഫനീസ് വിശ്വസിച്ചിരുന്നതുപോലെ തോന്നുന്നു. സോക്രട്ടീസിൻെറ ചുഴിഞ്ഞവിശകലനം, ലോകം, ശക്തന്മാരുടെ അപരാധങ്ങളെ പുകഴ്ത്തിയും, നന്മ, ദുർബ്ബലമാണെന്നു പറഞ്ഞവഗണിച്ചും 'ശക്തിതന്നെ ന്യായം' എന്ന തത്വം മുറുകെ പിടിച്ചതായി തെളിയിച്ചു. സോക്രട്ടീസ് ഈ വിശ്ലേഷണത്തിന്നപ്പുറത്തു കടന്നു്, അദ്ദേഹത്തിൻെറ സാരോപദേശങ്ങളിൽ, വിശിഷ്യാ അദ്ദേഹത്തിൻെറ മരണത്തിൽ, സ്വഭാവരൂപവൽക്കരണ

ത്തിന്നും ധർമ്മാചരണരീതിക്കും അടിത്തറ പാവുകയും ചെയ്തു. പക്ഷേ, പല ആഥൻസുകാരും അദ്ദേഹം തെളിയിച്ച പന്ഥാവിൽ പാതിവഴി പോകാനെ ഔത്സുക്യം കാണിച്ചുള്ളു. ശക്തിതന്നെ ന്യായമെന്ന തത്വം മുറുകെ പിടിച്ചുനില്ക്കുന്നതു് അവർ വളരെ സൗകര്യമായി കണ്ടു. ഈ ഘട്ടത്തിൽ അരിസ്റ്റോഫനീസ് അത്യപകടം കാണുകയും, കഴിവുകളെല്ലാമുപയോഗിച്ചു് യുക്തിവാദത്തെ രൂക്ഷമായാക്ഷേപിക്കയും ചെയ്തു.

'മേഘങ്ങ'ളിലെകഥയിതാണു്: മേടിച്ചകടം കൊടുക്കാതെകഴിക്കാൻ എന്തെങ്കിലുമൊരു വഴിയാരായുന്ന ഒരു പിശുക്കൻ കിഴവൻ, ഏതസത്യവും വാദിച്ചുസ്ഥാപിക്കാൻ പഠിപ്പിച്ചുകൊടുക്കുന്ന ഒരു പാഠശാല നടത്തുന്നുണ്ടു് സോക്രട്ടീസ് എന്നു കേട്ടു സന്തോഷനിർഭരനാവുന്നു. വൃദ്ധൻ ആ പാഠശാലയിലേക്കു ചെല്ലുന്നു. അവിടെ മോന്തായത്തിൽ വലിയൊരു കൂട കെട്ടിത്തൂക്കി ഗ്രഹനിലകൾ ചർച്ചചെയ്യുന്നതിലാമഗ്നനായിട്ടാണു് സോക്രട്ടീസിനെ കാണുന്നതു്. അന്തേവാസികളെല്ലാം നിലത്തു മൂക്കുംകുത്തി നില്ക്കുന്നു. കിഴവൻ അതിൻെറ രഹസ്യമാരായുകയും അവർ പാതാളംവരെയുള്ള പ്രകൃതിരഹസ്യങ്ങളറിയാൻ പരിശ്രമിക്കയാണെന്നു മനസ്സിലാക്കുകയും ചെയ്യുന്നു. തുടന്നു വൃദ്ധൻ ചോദിക്കുന്നു: "പക്ഷേ—ക്ഷമിക്കണം—അവരെന്താണു് പൃഷ്ഠം മേല്പോട്ടുയർത്തി വിചിത്രരീതിയിൽ കുനിഞ്ഞുനില്ക്കുന്നതു്?" വിദ്യാർത്ഥികൾ പറയുന്നു: "അവർ മൂക്കുകൊണ്ടു ഭൂഗർഭശാസ്ത്രവും പൃഷ്ഠംകൊണ്ടു നക്ഷത്രശാസ്ത്രവും ഒരേ സമയം പഠിക്കുകയാണു്." സോക്രട്ടീസ് കിഴവനെ പഠിപ്പിക്കാൻ സമ്മതിക്കുന്നു. പക്ഷേ, പാഠങ്ങളെടുക്കുന്നതിനു മുമ്പു്, തൻെറ ദേവതകളായ മേഘങ്ങളെ സ്തുതിക്കുന്നു. പ്രകൃതിയുടെ ശക്തിയിലും ക്രമത്തിലും തൃപ്തിപ്പെടുന്ന ശാസ്ത്രത്തിനെയാണു് ഇവിടെ പിടികൂടുന്നതു്. എന്തായാലും ഇതിലെ സംഘഗാനങ്ങളിൽ അരിസ്റ്റോഫനീസിൻെറ തൂലികാവൈഭവം തെളിയുന്നുണ്ടു്. മേഘങ്ങളുടെ ആഹ്വാനഗാനമാണിതു്: "അനശ്വരമേഘങ്ങളേ, നീലാന്തരാളത്തിൽ കാണുന്ന നിരീക്ഷണസൗധങ്ങളും, പരന്ന പാടങ്ങളുടെ ഫലഭൂയിഷ്ഠതയും, പരിപാവനയായ ഭൂമാതിനെയും വ്യക്തമായി കണ്ടാസ്വാദിക്കുവാനും, ദിവ്യവാഹിനികളുടെ കളകളനിസ്വ

നവും, കടലിന്റെ തീവ്രഗർജ്ജനവും കേട്ടാനന്ദിക്കുവാനും ഉഗ്രമായലറുന്ന വാരിധിതീരങ്ങളിൽനിന്നു തമാലകാന്തിചിന്തുന്ന ഉന്നതശൈലനികരങ്ങളിലേക്കു നമുക്കുയരുക! ഹിമകണനിർഭരരായ നമ്മുടെ ആർദ്രവീക്ഷണത്തിൽ പ്രകൃതിസൗന്ദര്യം സമ്പൂർണ്ണരൂപം കൈക്കൊള്ളുമാറാകട്ടെ!''

വൃദ്ധൻ ഒന്നും മനസ്സിലാക്കാൻ കഴിയാത്ത മഠയനാണെന്നു തെളിയുന്നു. ആയാൾ, പകരം മകനെ പഠിക്കാനയയ്ക്കുന്നു. മകന്നു് അതുകൊണ്ടു ഫലമുണ്ടാവുന്നു. കാരണം സുബുദ്ധിയും കുബുദ്ധിയും തമ്മിലുള്ള വാദത്തിൽ, വിജയത്തിന്നുള്ള മാർഗ്ഗം അസത്യമാണെന്നു കുബുദ്ധി സ്ഥാപിക്കുന്നതു് അവൻ ശ്രദ്ധിക്കുന്നു. സുബുദ്ധി തൃപ്തനായില്ലെന്നു കണ്ടപ്പോൾ കുബുദ്ധി ചോദിക്കുന്നു: ''പറയൂ, നമ്മുടെ ന്യായസ്ഥന്മാർ ഏതു തരക്കാരാണു്?''

സുബുദ്ധി:—ശരിയാണു്. പെരുംകള്ളന്മാർ.

കുബുദ്ധി:—നിസ്സംശയം! ആട്ടെ, നമ്മുടെ നാടകകർത്താക്കളോ?

സുബുദ്ധി:—തനി പെറുക്കികൾ!

കുബുദ്ധി:—പൊതുപ്രസംഗകരോ?

സുബുദ്ധി:—അവരും അതുതന്നെ ജാതി!

കുബുദ്ധി:—ഇനി ചുററുമൊന്നു നോക്കൂ. (തിരിഞ്ഞു പ്രേക്ഷകരെ ചൂണ്ടിക്കാട്ടി) ഇക്കൂട്ടത്തിൽ ഭൂരിഭാഗം ഏതു തരക്കാരാണു്?

കുബുദ്ധി:—(സഗൗരവം പ്രേക്ഷകരെ നോക്കി) വലിയൊരുഭാഗം ഇരപ്പാളികൾതന്നെ!

മകൻ കുബുദ്ധിയുടെ ഉത്തമശിഷ്യനായി, വീട്ടിൽച്ചെന്നു് അച്ഛനെ നല്ല പ്രഹരമേല്പിക്കുന്നു. അവന്നതിന്നു ബലമുണ്ടു്. അവന്നു രസവുമുണ്ടു്. യുക്തിവാദത്തിൽ ഇത്രയും മതി എന്നും ന്യായീകരിക്കാൻ. താൻ കൊച്ചായിരുന്നപ്പോൾ അച്ഛൻ തന്നെ തല്ലയിട്ടുണ്ടെന്നാണവന്റെ വാദം. ഈശ്വരനെയോർത്തെങ്കിലും കരുണയുണ്ടാവണമെന്നഭ്യർത്ഥിക്കുന്നു വൃദ്ധൻ. ഈശ്വരനില്ലെന്നും എല്ലാം പ്രകൃതിയുടെ ക്രമവിക്രമങ്ങളാണെന്നുമാണു മകന്റെ മറുപടി. കോപാകുലനായ പിതാവു്

ത്തെരുവിലേക്കോടി ജനങ്ങളെവിളിച്ച് ഈ പുതുതത്വസംഹിത നശിപ്പിക്കണമെന്നപേക്ഷിക്കുന്നു. ജനങ്ങൾ സോക്രട്ടീസിൻെറ പാഠശാല ആക്രമിച്ചു ചുട്ടെരിക്കുന്നു. സോക്രട്ടീസ് ഓടി കഷ്ടിച്ചു ജീവനെ രക്ഷിക്കുന്നു. സോക്രട്ടീസും അരിസ്റ്റോഫനീസും സുഹൃത്തുക്കളായിരുന്നു. സോക്രട്ടീസ് ഈ നാടകം അത്യധികം ഇഷ്ടപ്പെട്ടുകയും ചെയ്തു. എന്നാൽ, രണ്ടു ദശാബ്ദങ്ങൾക്കുശേഷം, ആഥൻസിൽ പൊതുവെ അഭിപ്രായഗതി മാറിയപ്പോൾ, ജനങ്ങൾ ഇതിലെ ഫലിതംമറന്നു വിമർശനരീതിമാത്രം കാണുകയും, കല്പിച്ചുകൂട്ടിയല്ലെങ്കിലും, അരിസ്റ്റോഫനീസ് ഈ അഭിപ്രായഗതിക്കു ബലവത്തായ പിൻതാങ്ങാവുകയും ചെയ്തതിനാൽ സോക്രട്ടീസ് വിചാരണയ്ക്കും മരണത്തിനും വിധേയനാവുകയും ചെയ്തു.

അരിസ്റ്റോഫനീസ് എഴുതിയ നാല്പത്തിരണ്ടു കൃതികളിൽ പതിനൊന്നെണ്ണമേ അവശേഷിച്ചുള്ളു. പലയിടത്തും കവി വിവേചനസ്സതീതമായി കടന്ന കൈ പ്രയോഗിച്ചിട്ടുണ്ട്. തൻെറ ഹാസ്യപാത്രങ്ങളുടെ ദൂഷ്യങ്ങളെ അതിശയോക്തിയോടെ കാണിച്ചിട്ടുമുണ്ട്. എങ്കിലും യാതൊരു വിദ്വേഷവുമില്ലാതെ, കുറിവെച്ചവർപോലും പൊട്ടിച്ചിരിക്കുന്ന മട്ടിൽ ഉദ്ദേശശുദ്ധിയോടെയാണ് അദ്ദേഹം അതെല്ലാം ചെയ്തിട്ടുള്ളത്. അദ്ദേഹം ഫലിതത്തെ ആഭാസോക്തിയിൽനിന്നു വേർതിരിച്ചു. ആ ഫലിതത്തിൽ പ്രതിഭാശക്തിയും, രചനാചാതുരിയും വിളയാടി. കളിയും കാര്യവും ഒരേസമയത്താവാമെന്ന് അദ്ദേഹം തെളിയിച്ചു. മാത്രമല്ല, അങ്ങനെയാവുന്നതുമാത്രമാണു മുഷിയാതെ കാര്യംപഠിക്കാനുള്ള വഴിയെന്നുകൂടി കാണിച്ചു.

എസ്കിലസിൻെറ മഹാനാടകങ്ങൾ, വികാരോദ്ദീപകങ്ങളും, വിധിവശഗമായ യാഥാർത്ഥ്യങ്ങളുടെ ബോധമുളവാക്കുന്നവയുമാണെങ്കിലും, നമുക്കു സുപരിചിതമായ ഇഹലോകത്തിൻെറ പശ്ചാത്തലത്തിലാണെന്നു തോന്നുകയില്ല. യൂറിപ്പിഡീസ്, ദുഃഖാന്തതത്വങ്ങൾ മുറുകെപ്പിടിച്ചെങ്കിലും അദ്ദേഹം ഇഹലോകത്തിലാണു വർത്തിക്കുന്നതെന്നു കാണാം. അങ്ങനെ അദൃശ്യരായ ഉഗ്രശക്തികൾ നിരന്തരം ഭീഷണിപ്പെടുത്തിയ എസ്കിലസ്സിൻെറ ലോകത്തിൽനിന്ന്, അഗാധ

TTAYAM PUBLIC LIBRARY KOTTAYAM

മായ മനഃശാസ്ത്രബോധത്തിൻെറ വെളിച്ചത്തിൽ അവരുടെ അബോധപ്രവണതകൾ എല്ലാം തുറന്നുകാട്ടുവാൻ നിർബ്ബന്ധിതരായെങ്കിലും, സാധാരണക്കാരുമായ യൂറിപ്പിഡീസിൻെറ പാത്രങ്ങളുടെ ലോകത്തിലേക്കിറങ്ങിയ ഭാവന, അരിസ്റ്റോഫനീസിൻെറ ഫലിതവുമായിച്ചേൎന്നു്, പിൻകാലത്തിൽ പ്രഹസനരീതിയിലാകമാനം ഒരു പരിവൎത്തനമുളവാക്കി. മൂന്നാംശതകത്തിലുണ്ടായിരുന്ന ഫിലമോണും, മെനാണ്ടറും ഈ മട്ടിലുള്ള രണ്ടു സുപ്രസിദ്ധ നാടകകൎത്താക്കളായിരുന്നു. ഫിലമോണിൻെറ ഒരു കൃതിയും അവശേഷിച്ചിട്ടില്ല. മെനാണ്ടരുടെ നൂററിനാലു കൃതികളിൽ, പലതിൽനിന്നുമായി, നാലായിരത്തോളം വരികളാണു നമുക്കു കിട്ടിയിട്ടുള്ളതു്. പുതുരീതിയനുസരിച്ചു നാടകത്തിൻെറ ഇതിവൃത്തം കൊട്ടാരങ്ങളിൽനിന്നു കുടിലുകളിലേക്കിറങ്ങി. പ്രണയത്തിന്നു പ്രഥമസ്ഥാനം കൊടുത്തു. രചനാരീതി നിൎവ്യാജപ്രേമത്തിലും മറിമാററത്തിലുമായിത്തുടങ്ങി. പ്രധാനപാത്രങ്ങൾ, ദുഷ്ടനായ പിതാവു്, ധൂൎത്തനായ പുത്രൻ, സാധുപ്പെണ്ണായി തെററിദ്ധരിക്കപ്പെട്ട ധനികപുത്രി, വീമ്പിളക്കുന്ന ഭടൻ, മിടുക്കനായ ഭൃത്യൻ, വേശ്യകൾ, ദല്ലാളികൾ എന്നിവരുമായി. നന്മ, വിഷമങ്ങളോടു മല്ലിടുന്നതും അവസാനം അധികവും വിജയിക്കുന്നതും ഈ കൃതികളിൽ കാണാം. മെനാണ്ടരുടെ കൃതിശകലങ്ങളിൽനിന്നു്, അദ്ദേഹം സംസ്കാരചിത്തനും പാവനമായ ജീവിതത്തിൽ ധാൎമ്മികനിലയനുഷ്ഠിച്ചുവന്നിരുന്ന ഉൽകൃഷ്ടലേഖകനമായിരുന്നുവെന്നു തെളിയുന്നുണ്ടു്. ഈ ശകലങ്ങളിലുടനീളം കാന്ത്യം കരുത്തുമുള്ള നീതിവാക്യങ്ങൾ കാണാം. "ദുഷ്ടസഹവാസം പാവനസമ്പ്രദായങ്ങളെ ദുഷിപ്പിക്കുന്നു." "വിവേചനാബുദ്ധി ധീരന്മാരെപ്പോലും കാതരന്മാരാക്കുന്നു." "നാശങ്ങളെല്ലാം തൻ വിനയാൽതന്നെയാണു്; ദോഷങ്ങളെല്ലാം അന്തൎല്ലീനങ്ങളാണു്." തൻെറ അകാലമരണത്തെപ്പററി പ്രവചിച്ച കവിതയിൽ അദ്ദേഹത്തിൻെറ വ്യക്തിത്വത്തെപ്പററി ചെറുതായറിയാം:

"ഈശ്വരകാരുണ്യമുള്ളവർ ചെറുപ്പത്തിലേ മരിക്കുന്നു. സൂൎയ്യൻ, നക്ഷത്രങ്ങൾ, സമുദ്രം, അഗ്നി എന്നിവയുടെ പവിത്രദർശനംകണ്ടു പ്രശാന്തവും അക്ഷതവുമായ ഹൃദയ

ത്തോടെ സ്വഗൃഹത്തിലേക്കു ക്ഷണത്തിൽ മടങ്ങുന്നവൻ അനുഗൃഹീതനാണു്."

ഗ്രീക്കുനാടകങ്ങളെപ്പററിയുള്ള ചർച്ചയവസാനിക്കുന്നതിന്നുമുമ്പു്, എഴുതപ്പെട്ടവയിൽ ചെറിയൊരു ഭാഗംമാത്രമേ നമുക്കു ലഭിച്ചിട്ടുള്ളുവെന്നു മനസ്സിലാക്കണം. നാലു മഹാനാടകകർത്താക്കളുടെ കാൎയ്യത്തിൽപ്പോലും, അവശേഷിച്ച കൃതികൾ, അവരെഴുതിയതിൽ ചെറിയൊരംശമേയുള്ളു. പുറമെ, നാടകങ്ങൾ ദേശീയോത്സവങ്ങളാക്കി നടത്തപ്പെട്ടിരുന്ന ഗ്രീസിൽ നാലു നാടകകൃത്തുക്കളേ ഉണ്ടായിരുന്നുള്ളുവെന്നതു ചിന്തിക്കാൻപോലും സാദ്ധ്യമല്ല. പരശ്ശതം നാടകരചയിതാക്കൾ അമ്മാതിരി നാടകമത്സരങ്ങളിൽ പങ്കുകൊണ്ടിരുന്നിരിക്കണം. നാമറിയുന്നവരിൽക്കവിഞ്ഞുയരുവാൻ കഴിവുള്ളവർ അവരിലാരെങ്കിലുമുണ്ടായിരുന്നുവോ എന്നതു ചിന്തനീയമല്ല. എങ്കിലും അവരും പലവിധത്തിലും പല സംഭാവനകളും ചെയ്തിട്ടുണ്ടായിരിക്കണം. എന്തായാലും നമുക്കു കിട്ടിയ ഉപഹാരങ്ങൾ നഷ്ടപ്പെട്ട നിധിയുടെ ഏകദേശരൂപം തരുവാൻ പൎയ്യാപ്തങ്ങളാണു്.

## അദ്ധ്യായം ഒൻപതു്

# ചരിത്രകാരന്മാരും വാഗ്മികളും

കവിതയിൽനിന്നും നാടകത്തിൽനിന്നും നമുക്കിനി ഗദ്യസാഹിത്യത്തിലേക്കു നീങ്ങാം. കഥാസാഹിത്യം പൊതുവേ ജനസമ്മതിയുള്ള ഒരു സാഹിത്യരൂപമായി വളരുന്നതുവരെ, ഗദ്യം തികച്ചും ഒരു സാഹിത്യോപാധിയായി ഉപയോഗിക്കപ്പെട്ടിരുന്നില്ല; അതു ചരിത്രം, തത്വശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ പ്രതിപാദിക്കാനുള്ള ഒരുപാധിയായിരുന്നു. എങ്കിലും, ഈ കൃതികളിൽ പലതിന്നും മഹത്തായ സാഹിത്യമൂല്യമുണ്ടായിരുന്നു. ഒരു സാഹിത്യോപാധി എന്ന നിലയ്ക്കു ഗദ്യത്തിന്റെ വളർച്ചയെ അവ സഹായിച്ചു.

പിൽക്കാലത്തു് സിസെറോ, ചരിത്രത്തിന്റെ പിതാവു് എന്നു് അഭിവാദ്യംചെയ്ത ഹെറൊഡോട്ടസ് (ക്രി. മു. 484—425) ഏഷ്യാമൈനറിലാണു ജനിച്ചുവളൎന്നതു്. തന്റെ കുടുംബം രാഷ്ട്രീയവടംവലികളിൽ പങ്കെടുത്തതുകൊണ്ടു മുപ്പത്തിരണ്ടാമത്തെ വയസ്സിൽ സ്വരാജ്യത്തുനിന്നു ബഹിഷ്കരിക്കപ്പെട്ട അദ്ദേഹം വളരെക്കൊല്ലങ്ങൾ ദേശസഞ്ചാരം നടത്തുകയും, പടിഞ്ഞാറൻ ഏഷ്യ മുഴുവനും ചുറ്റി, കരിങ്കടലിൻകരയിലുള്ള ഗ്രീക്കു കുടിയേറിപ്പാർപ്പു പ്രദേശങ്ങൾ സന്ദർശിക്കുകയും ഈജിപ്റ്റിന്റെ അന്തർഭാഗംവരെ ചെന്നെത്തുകയുംചെയ്തു. തന്റെ യാത്രകൾക്കിടയിൽ, അദ്ദേഹം കണ്ടതിനെപ്പറ്റിയെല്ലാം കുറിപ്പുകളെടുക്കുകയും 447—ന്നടുത്തു് ആഥൻസിൽ സ്ഥിരതാമസമാക്കുകയും മദ്ധ്യധരണ്യാഴിക്കു ചുററുമുള്ള പുരാതനലോകത്തിന്റെ ചരിത്രം എഴുതുവാനാരംഭിക്കുകയുംചെയ്തു.

ചരിത്രമെഴുതുന്നതിൽ അദ്ദേഹം അവലംബിച്ച മാർഗ്ഗത്തെക്കുറിച്ചു് ഹെറൊഡോട്ടസ് പറയുന്നു: "കേട്ടുകേൾവിയാൽ അറിഞ്ഞ കാര്യങ്ങൾ വിവരിച്ചെഴുതുവാൻ ഞാൻ കടമപ്പെട്ടവനാണു്, പക്ഷേ, അതു വിശ്വസിക്കുവാൻ ഞാൻ നിർബ്ബന്ധിതനല്ല." ഇങ്ങനെ സ്വയം സുരക്ഷിതനാക്കിയശേഷം, അദ്ദേഹം

തൻെറ വിവരണത്തിൽ കെട്ടുകഥകളും മിഥ്യാസങ്കല്പങ്ങളും കടംകഥകളും കൂട്ടിച്ചേർത്തു വിവരണത്തെ സജീവമാക്കിത്തീർത്തു. തൻെറ കൃതിക്കുള്ള ആമുഖത്തിൽ അദ്ദേഹം കൃതിയുടെ ഉദ്ദേശം ഇങ്ങനെ വിവരിക്കുന്നു: "യവനരുടെയും മ്ലേച്ഛന്മാരുടേയും മഹത്വപൂർണ്ണവും അത്ഭുതജനകവുമായ വീരകൃത്യങ്ങളെ കാലം മാച്ചുകളയുകയും അവർ തമ്മിൽ യുദ്ധം ചെയ്തതിൻെറ കാരണങ്ങൾ വിസ്മരിക്കപ്പെടുകയും ചെയ്യാതിരിക്കുവാൻ, ഹെലികർണ്ണാസസിലെ ഹെറൊഡോട്ടസിൻെറ അന്വേഷണങ്ങളുടെ ഒരു അവതരണമാണ് ഇതു്." അത്ഭുതപരാക്രമങ്ങളിലുള്ള താല്പര്യം വിവരണത്തിലുടനീളം പ്രത്യക്ഷമാണ്. അതുകൊണ്ടുതന്നെയാണ് തൃസിഡിഡീസ് കർശനമായി പറഞ്ഞതു്, സത്യാവസ്ഥ കണ്ടുപിടിക്കുന്നതിനെക്കാൾ, ക്ഷണികമായി രസിപ്പിക്കാനാണ് ഹെറൊഡോട്ടസ് ഉദ്ദേശിച്ചതു് എന്ന്. ഈ വിമർശനം മുഴുവനും ശരിയല്ല. ഒരു ജനതയുടെ മിഥ്യകൾ, അവരുടെ സാംസ്കാരികപാരമ്പര്യത്തിൻെറ ഒരു ഭാഗമാണ്. ഹെറൊഡോട്ടസ് ശേഖരിച്ചു സൂക്ഷിച്ച മിഥ്യകൾ ഇന്നു നമുക്ക് ആനന്ദവും ശിക്ഷണവും പ്രദാനം ചെയ്യുന്നുണ്ട്. എല്ലാററിനുമുപരി അവ, അദ്ദേഹത്തിൻെറ വിവരണത്തെ ആകർഷകമാക്കുന്നു. അസ്ത്യ്യാജസ്‌രാജാവു് തൻെറ പൗത്രനായ സൈറസിനെ, അവൻ വലുതായാൽ തന്നെ സ്ഥാനഭ്രഷ്ടനാക്കുമെന്നു സ്വപ്നത്തിൽ കണ്ടതുകൊണ്ട്, കൊല്ലുവാനാജ്ഞാപിച്ചുവെന്നു നാം ഹെറൊഡോട്ടസിൻെറ കൃതിയിൽനിന്നു മനസ്സിലാക്കുന്നു. രാജാവിൻെറ ഭടൻ ശിശുവിനെ കൊല്ലാതെ രക്ഷപ്പെടുത്തുകയും ആ കുട്ടി പിന്നീടു പേഴ്സ്യക്കാരുടെ മഹാനായ രാജാവായിത്തീരുകയുംചെയ്യുന്നു. ഏഷ്യയിൽനിന്നു യൂറോപ്പിലേക്കു കടക്കുവാൻ ബോസ്ഫോറസിന്നു മുകളിൽക്കൂടി ഒരു വലിയ പാലം നിർമ്മിക്കുവാൻ സെർക്സസ് ശ്രമിക്കുകയും ഒരു കൊടുങ്കാററു് അതു നശിപ്പിക്കുകയും ചെയ്തപ്പോൾ, രോഷാകുലനായ പേഴ്സ്യൻരാജാവു്, കടലിന്നു് ചാട്ടവാറുകൊണ്ടു മുന്നൂറടി കൊടുക്കുവാനും അതിൽ കയ്യാമം ഇടുവാനും ആജ്ഞാപിച്ചുവെന്നും നാം വായിക്കുന്നു.

പക്ഷേ, ഹെറൊഡോട്ടസിൻെറ വിവരണം മിഥ്യകളു

ടേയും കഥകളുടേയും പരമ്പര മാത്രമല്ല. ഹെറൊഡോട്ടസിന്റെ കാലത്തുപോലും, പുരാതനമായിരുന്ന ബാബിലോണിയ, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളുടെ ഭൂതകാലചരിത്രത്തെക്കുറിച്ചും അദ്ദേഹം നേരിട്ടുകണ്ട ജീവിതരീതികളെക്കുറിച്ചും വിശദമായ വിവരങ്ങളും അതിലുണ്ട്. സെർക്സസും അദ്ദേഹത്തിൻെറ ഉപദേഷ്ടാക്കളും തമ്മിലുള്ള ചർച്ചയുടെ വിവരണത്തിൽ, സമരതന്ത്രങ്ങളെക്കുറിച്ച് അന്യാദൃശമായ വിജ്ഞാനം പ്രകടമായിക്കാണാം. തൻെറ ഭീമമായ സൈന്യത്തെയും നാവികസേനയേയുമാണ രാജാവു് ആശ്രയിച്ചിരുന്നതു്. ഒരു വലിയ നാവികസേനയെ നിത്താൻ തക്കവണ്ണം വലിപ്പമുള്ള തുറമുഖങ്ങൾ ഉണ്ടാവുക എളുപ്പമല്ലാത്തതുകൊണ്ടു് അത്തരമൊരു നാവികസേന ചിലപ്പോൾ ഗുണത്തേക്കാൾ ദോഷമാണു ചെയ്യുക എന്നു് ഒരു ഉപദേഷ്ടാവു രാജാവിനോടു പറയുന്നു. കപ്പലുകൾ തുറന്ന കടലിൽ നങ്കൂരമിട്ടു നിൽത്തേണ്ടിവരികയും അവിടെ അവ, കൊടുങ്കാററുകളെ നേരിടേണ്ടിവരികയും ചെയ്യുന്നു. ശത്രുവിൻെറ രാജ്യത്തിൽ അധികം ഉള്ളിലേക്കു കടക്കുന്നതും ചിലപ്പോൾ അവിവേകമാവും. ശത്രുസൈന്യത്തിന്നു പടവെട്ടാതെ പിൻമാറിപ്പോവാം. കൂടാതെ മുന്നേറുന്ന സൈന്യത്തിന്നാവശ്യമായ ഭക്ഷണസാധനങ്ങൾ എത്തിക്കുന്നതിന്നു ബുദ്ധിമുട്ടുണ്ടാവുകയും അങ്ങനെ വറുതി നേരിടുകയും ചെയ്തേക്കാം. റഷ്യയിലെ തരിശുഭൂമിയിൽ, നെപ്പോളിയൻെറയും ഹിററ്ലറുടേയും സൈന്യങ്ങൾ നശിച്ചതു് ഇങ്ങനെയാണു്. ത്രേസിലെ ജനതകൾതമ്മിൽ യോജിപ്പുണ്ടായിരുന്നുവെങ്കിൽ അവർ ലോകരാഷ്ട്രങ്ങളിൽ ഏറ്റവും സുശക്തരാവുമായിരുന്നുവെന്നു ഹെറൊഡോട്ടസ് അഭിപ്രായപ്പെട്ടപ്പോൾ അദ്ദേഹം ബോധപൂർവ്വമല്ലാതെയെങ്കിലും, സമുദായങ്ങളുടെ സുസ്ഥിരമായ നിലനില്പിൻെറ അടിസ്ഥാനതത്വം ആവിഷ്കരിക്കുകയായിരുന്നു.

ഹെറൊഡോട്ടസിന്റെ ചരിത്രം, നിസ്സംശയമായും യൂറോപ്യൻഗദ്യത്തിൻെറ ഉറവിടമായി നിൽക്കുന്നു. ഒരെഴുത്തുകാരനെന്നനിലയിൽ അദ്ദേഹത്തിൻെറ ഗുണങ്ങളിൽ എടുത്തുപറയേണ്ടവ, അദ്ദേഹത്തിൻെറ സ്വാഭാവവർണ്ണനാപാടവവും, കരുണരസം വ്യഞ്ജിപ്പിക്കുന്നതിലുള്ള കരകൗശലവും, ദുരന്ത

വൃത്തങ്ങൾ തന്മയത്വത്തോട്ടകൂടി പറയാനുള്ള കഴിവും, ജീവനുള്ള വിവരണങ്ങളും, സുസ്പഷ്ടവും ഒഴുക്കുള്ളതുമായ ഭാഷാശൈലിയുമാണ്. അദ്ദേഹത്തിൻെറ കുറവുകൾ, എളുപ്പം പൊറുക്കാവുന്നവയാണ്. എപ്പോഴും വിമർശിച്ചുകൊണ്ടിരിക്കാൻ അദ്ദേഹത്തിൻെറ അനുഭാവപൂർവ്വമായ വീക്ഷണം അദ്ദേഹത്തെ അനുവദിച്ചിരുന്നില്ല. താൻ പങ്കുകൊള്ളുന്ന സമുദായത്തിലെ അന്തരീക്ഷം എളുപ്പത്തിൽ മനസ്സിലാക്കുകയും അതനുസരിച്ചു പെരുമാറുകയും ചെയ്തിരുന്നുവെങ്കിലും, അദ്ദേഹം എപ്പോഴും ശാന്തനും സമചിത്തനും, മർമ്മജ്ഞനും ആയിരുന്നു. മനുഷ്യസ്വഭാവത്തിലെ ബലഹീനതകളെക്കുറിച്ച്, അതിലെ വീര്യത്തിൻെറ വൈകല്യങ്ങളെയും പ്രത്യക്ഷത്തിൽ ദുഷ്ടതയെന്നു തോന്നുന്നതിന്നു പല ഒഴികഴിവുകളും ഉണ്ടാവാമെന്നതിനെയും കുറിച്ച് അദ്ദേഹത്തിന്ന് അവഗാഢമായ ബോധവും വിശ്വാസവും ഉണ്ടായിരുന്നു. ഒരു ചരിത്രകൃതി, കലാപരവും നാടകീയവുമായ ഏകാഗ്രരൂപത്തിൽ ആദ്യമായി വിഭാവനംചെയ്തതു് അദ്ദേഹമാണെന്ന വസ്തുതയാണു ചരിത്രത്തിൻെറ പിതാവ് എന്നു വിളിക്കപ്പെടാനുള്ള അവകാശത്തിൻെറ നിദാനം. അദ്ദേഹത്തിൻെറ കാലത്തിന്നു മുമ്പ് ആരുംതന്നെ മഹത്തായ ഒരന്തർദ്ദേശീയ ഇതിവൃത്തത്തെ വിഭാവനംചെയ്തിട്ടുകൂടിയുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ചരിത്രത്തിൻെറ നാടകീയമായ പരമകാഷ്ഠ, മറഥോണിലും സലാമിസിലുംവെച്ച് ഒരുപിടിയവനർ സുശക്തമായ പേർസ്യയെ നശിപ്പിക്കുന്നതാണ്. വിശാലഗംഭീരമായ ചരിത്രവിവരണം മുഴുവനും മഹത്തായ ഈ ദശാസന്ധിയിലേക്ക് അനുസ്യൂതമായി നീങ്ങുന്നു. അതിന്നു ഹെറൊഡോട്ടസ് ഒരു സാമ്രാജ്ഗ്ലികവിശദീകരണവും നൽകുന്നു. ചരിത്രത്തിൽനിന്ന് അദ്ദേഹം പഠിക്കുന്ന ഗുണപാഠം, അധികാരത്തിൻെറ ലഹരി കയറി, തങ്ങളുടെ നശ്വരതയും ക്ഷണികതയും മറന്നുകളിക്കുന്നവരെ പിന്തുടരുന്ന പ്രതികാരമാണ്. ഈ ഗുണപാഠം തിക്തമായ ഒരു സദാചാരഗുളികയായിട്ടല്ല നമുക്കു ലഭിക്കുന്നതു്. അതു വിവരണത്തിൽനിന്നു നാടകീയമായ വിധത്തിൽ രൂപം കൊള്ളുന്നു. അദ്ദേഹത്തിൻെറ ചരിത്രത്തിലെ അത്യുൽകൃഷ്ടങ്ങളായ ഭാഗങ്ങളിലൊന്ന്, വിജയം നിശ്ചിതമെന്ന്

തോന്നിത്തുടങ്ങിയഘട്ടത്തിൽ സെർക്സസിന്നു പരാജയത്തിന്റെ ഒരു മുന്നറിയിപ്പു ലഭിക്കുന്ന രംഗമാണു്: "അപ്പോൾ, ഹെല്ലെസ്പോൺട് കടലിട്ടക്കു മുഴുവനും തൻെറ നാവികസേനയിലെ കപ്പലുകളെക്കൊണ്ടും, കടല്ക്കര മുഴുവനും തന്റെ പടയാളികളെക്കൊണ്ടും നിറഞ്ഞിരിക്കുന്നതു നോക്കിക്കണ്ടപ്പോൾ, സെർക്സസ് തന്നെത്താൻ അനുമോദിച്ചു. പക്ഷേ, തെല്ലിട കഴിഞ്ഞു്, അദ്ദേഹം കണ്ണീർ പൊഴിച്ചു." മുമ്പുതന്നെ, ഗ്രീസിന്നെതിരായുള്ള ആക്രമണം നല്ലതിനല്ലെന്നു് അദ്ദേഹത്തെ ഉപദേശിച്ച അദ്ദേഹത്തിൻെറ അമ്മാമൻ, ഈ അസാധാരണമായ പെരുമാററത്തിൻെറ കാരണമന്വേഷിക്കുന്നു. സെർക്സസ് പ്രതിവചിക്കുന്നു: "മനുഷ്യജീവിതത്തിൻെറ ഹ്രസ്വതയെക്കുറിച്ചു ചിന്തിക്കുകയും അനേകായിരങ്ങളടങ്ങിയ ഈ വിപുലമായ സൈന്യത്തിലെ ആരുംതന്നെ ഒരു നൂറുകൊല്ലം കഴിഞ്ഞാൽ ജീവിച്ചിരിപ്പുണ്ടാവില്ലെന്നു് ഓക്കുകയും ചെയ്തപ്പോൾ, എനിക്കു പെട്ടെന്നു് ഒരു സഹതാപം തോന്നി." ഇതിലൊളിഞ്ഞുകിടക്കുന്ന പരിഹാസം ശ്രദ്ധേയമാണു്. മനുഷ്യൻെറയും അവൻെറ നേട്ടങ്ങളുടെയും നശ്വരതയെക്കുറിച്ചു ബോധമുണ്ടായിരുന്നിട്ടും, സെർക്സസ്, ഗ്രീസിലെ സ്വതന്ത്രനഗരങ്ങളെ തൻെറ സ്വേച്ഛാധികാരത്തിൻകീഴിലാക്കാനുള്ള ശ്രമത്തിൽനിന്നു പിൻതിരിയുന്നില്ല. അതുകൊണ്ടു്, അദ്ദേഹത്തിൻെറ ഭടന്മാരെ ഭൂമിയിൽനിന്നു നീക്കംചെയ്യുന്നതു വാർദ്ധക്യമല്ല, അതിലും വേഗത്തിൽ എത്തിച്ചേരുന്ന ഒരു ശിക്ഷയാണു്. അദ്ദേഹത്തിൻെറ ഭീമമായ നാവികസേന സലാമിസിൽവെച്ചു നശിപ്പിക്കപ്പെട്ടു.

ഹെറൊഡോട്ടസിനെ ചരിത്രത്തിൻെറ പിതാവു് എന്നു വിളിക്കാമെങ്കിൽ, തൂസിഡിഡീസിനെ (ക്രി. മു. 471—399) ചരിത്രഗവേഷണത്തിലെ ശാസ്ത്രീയപ്രവണതയുടെ പിതാവെന്നു വിളിക്കുന്നതു ന്യായം മാത്രമായിരിക്കും. ഹെറൊഡോട്ടസിൻെറ വിവരണത്തെ സാഹിത്യമെന്നനിലയ്ക്കു് ആകർഷകമെങ്കിലും, ചരിത്രമെന്നനിലയിൽ അത്രതന്നെ കൃത്യവും വാസ്തവവുമല്ലാതാക്കിയ അതിൻെറ സ്വഭാവവിശേഷങ്ങളെയെല്ലാം അദ്ദേഹം പരിത്യജിച്ചു. ത്രേസിൽ സ്വർണ്ണഖനികളുണ്ടായിരുന്ന ഒരു പ്രഭുവായ തൂസിഡിഡീസിന്നു പൊലൊ

പെലൊണീഷ്യൻയുദ്ധത്തിൻെറ ആരംഭകാലത്തു സുമാർ നാല്പതു വയസ്സു പ്രായമായിരുന്നു. യുദ്ധത്തിൽ അദ്ദേഹത്തിന്നു് ഏഴു കപ്പലുകളുള്ള ഒരു ചെറിയ നാവികപ്പടയുടെ നായകത്വം ലഭിച്ചു. സ്പാർട്ടൻസൈന്യത്താൽ വളയപ്പെട്ട അംഫിപൊളിസ് കോട്ടയിലെ സൈന്യത്തെ സഹായിക്കാൻ നിയുക്തനായ അദ്ദേഹം, വൈകിയാണു് അവിടെയെത്തിയതു്. അതിന്നു ശിക്ഷയായി അഥീനിയൻഭരണാധികാരികൾ അദ്ദേഹത്തെ നാട്ടിൽനിന്നു ബഹിഷ്കരിച്ചു. അദ്ദേഹത്തിന്നു് ഇങ്ങനെ എഴുതേണ്ടിവന്നു: "അംഫിപൊളിസിൽ നായകത്വം വഹിച്ചതിന്നു ശേഷം ഇരുപതുകൊല്ലത്തേക്കു് എൻെറ നാട്ടിൽനിന്നും ബഹിഷ്കൃതനായി ജീവിക്കാൻ ഞാൻ നിർബ്ബന്ധിതനായി." ആഥൻസിൻെറ അധഃപതനം അദ്ദേഹം ദൂരേനിന്നു ദർശിക്കുകയും മരിക്കുന്നതിന്നുമുമ്പു് അദ്ദേഹത്തിന്നു് ഇങ്ങനെ എഴുതേണ്ടിവരികയുംചെയ്തു: "ആഥൻസിലെ അതേ തൂസിഡിഡീസ്തന്നെ ഈ സംഭവങ്ങളെയും, അവയുണ്ടായ ക്രമത്തിൽത്തന്നെ, സ്പാർട്ടക്കാരും അവരുടെ കൂട്ടുകാരും അഥീനിയൻസാമ്രാജ്യം പിച്ചിച്ചീന്തുകയും, നഗരത്തിൻെറയും തുറമുഖത്തിന്റെയും നീണ്ട മതിലുകൾ പിടിച്ചടക്കുകയും ചെയ്തുവരെ, എഴുതിവെച്ചിരിക്കുന്നു."

ഹെറൊഡോട്ടസ് കവിതാമയവും നാടകീയവുമായി എഴുതിയ ഇടത്തു്, തൂസിഡിഡീസ് വസ്തുതകളെമാത്രം മുറുകെപ്പിടിച്ചു. ചരിത്രത്തിലെ കെട്ടുകഥകളെ അദ്ദേഹം തിരസ്കരിച്ചു. ട്രോജൻയുദ്ധത്തിൽ ഹെലൻെറ കഥയ്ക്കു് അദ്ദേഹം വലിയ പ്രാധാന്യമൊന്നും കല്പിച്ചില്ല. ആ യുദ്ധം അഗമെമ്നണിൻെറ കീഴിൽ വളരെക്കാലം കടൽക്കവർച്ച നടത്തിവരികയും ഒരു വലിയ നാവികസേന വളർത്തുകയും ചെയ്ത മൈസീനെരാജ്യത്തിൻെറ അധികാരമോഹത്തിൻെറ ഫലമായിരുന്നു എന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം. ഹെറൊഡോട്ടസിനെപ്പോലെ, ചരിത്രത്തിൽനിന്നു് നിർല്ലോഭം ഗുണപാഠങ്ങൾ തേടിപ്പിടിക്കുവാൻ അദ്ദേഹം മിനക്കെട്ടില്ല. പക്ഷേ, ചരിത്രപഠനം സംഭവങ്ങളുടെ കാരണങ്ങൾ വെളിപ്പെടുത്തുന്നതുകൊണ്ടു് മനുഷ്യന്നു് അവൻെറ വത്തമാനകാലജീവിതവും ഭാവിയും ക്രമപ്പെടുത്തുവാൻ സഹായകമാവു

മെന്നു് അദ്ദേഹം വിശ്വസിച്ചു. തന്റെ 'പെലൊപൊണീഷ്യൻ യുദ്ധചരിത്ര'ത്തിന്നുള്ള ആമുഖത്തിൽ ചരിത്രഗവേഷണത്തിൻെറ ഉദ്ദേശങ്ങളെക്കുറിച്ചുള്ള തൻെറ ആശയങ്ങൾ അദ്ദേഹം വെളിപ്പെടുത്തിയിരിക്കുന്നു: "മേലുദ്ധരിച്ച തെളിവുകളിൽനിന്നു് ഞാൻ എടുത്ത തീരുമാനങ്ങൾ നിസ്സംശയം സ്വീകരിക്കാവുന്നവയാണെന്നു ഞാൻ വിശ്വസിക്കുന്നു. തീർച്ചയായും തന്റെ കാവ്യവൃത്തിയുടെ സ്വഭാവവിശേഷമായ അമിതഭാഷണം പ്രകടിപ്പിക്കുന്ന ഒരു കവിയുടെ ഗാനങ്ങൾക്കോ, സത്യത്തെ ബലികഴിച്ചുകൊണ്ടു് ആകർഷകത്വം നേടുന്ന ചരിത്രകാരന്മാരുടെ കൃതികൾക്കോ, അവയെ ഇളക്കാൻ സാദ്ധ്യമല്ല. കാരണം, അവർ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ തെളിവില്ലാത്തതും അവയിൽ മിക്കവയും കാലപ്പഴക്കംമൂലം ചരിത്രത്തിൻെറ മേഖലയിൽനിന്നു് കെട്ടുകഥയുടെ മനോരാജ്യത്തിലേക്കു മാറിക്കഴിഞ്ഞവയും ആണു്. ഇവയ്ക്കു വിപരീതമായി, വ്യക്തമായ വസ്തുതകളെ ആസ്പദമാക്കി, ഇത്രയും പഴക്കമുള്ള കാര്യങ്ങളിൽ പ്രതീക്ഷിക്കാവുന്നത്ര സത്യനിഷ്ഠയോടുകൂടിയ തീരുമാനങ്ങളിൽ എത്തിച്ചേർന്നിരിക്കുന്നുവെന്നു് എനിക്കാശ്വസിക്കാം...എൻെറ ചരിത്രത്തിൽ അമിതഭാവനയുടെ അഭാവം അതിൻെറ ആകർഷകത്വത്തെ കുറച്ചു കുറയ്ക്കുമെന്നു് ഞാൻ ഭയപ്പെടുന്നു. പക്ഷേ, മാനുഷികവ്യാപാരങ്ങളിൽ ഭൂതകാലത്തെ പ്രതിഫലിപ്പിക്കുകയില്ലെങ്കിലും അതിനോടു സാമ്യം വഹിക്കാനിടയുള്ള ഭാവിയെ പഠിക്കാനും മനസ്സിലാക്കാനുമുള്ള ഒരു സഹായമെന്ന നിലയിൽ ഭൂതകാലചരിത്രത്തിൻെറ യഥാതഥമായ ഒരു വിവരണം ആഗ്രഹിക്കുന്ന അന്വേഷണകുതുകികൾ അതിനെ ഉപയോഗപ്രദമായി കണക്കാക്കുന്നുവെങ്കിൽ ഞാൻ ചരിതാർത്ഥനായി. അവസാനമായി, ഞാനെൻെറ കൃതി രചിച്ചതു് നൈമിഷികമായ ജനപ്രീതി നേടാനല്ല, കാലാകാലത്തേക്കുള്ള ഒരു ചരിത്രമെന്ന നിലയ്ക്കാണു്."

ഇങ്ങനെയെല്ലാമിരുന്നിട്ടും, ഹെറൊഡോട്ടസ്സും തൂസിഡിഡീസ്സും തമ്മിൽ ഒരു കാര്യത്തിൽ ചേർച്ചയുണ്ടു്. തൻെറ മുൻഗാമിയെപ്പോലെ, തൂസിഡിഡീസ്സും അദ്ദേഹം നേരിട്ടു കേട്ടു് രേഖപ്പെടുത്താനിടയില്ലാത്ത ചരിത്രപുരുഷന്മാരുടെ പ്രഭാഷണങ്ങളും സംഭാഷണങ്ങളും സവിസ്തരം രേഖപ്പെടുത്തി

യിട്ടുണ്ട്. അദ്ദേഹത്തിൻെറ ചരിത്രത്തിലെ ഏററവും പ്രസിദ്ധങ്ങളായ ഭാഗങ്ങളിലൊന്നു് സാമ്രാജ്യമോഹമുള്ള ആഥൻസിൻെറ പ്രതിനിധികളും ആഥൻസിന്റെ മേൽക്കോയ്മ സ്വീകരിക്കാനിഷ്ടപ്പെടാത്ത മിലോസ്ദ്വീപിലെ പൗരന്മാരും തമ്മിലുള്ള സംഭാഷണമാണു്. ഈ സംഭാഷണം വെറുമൊരു കെട്ടുകഥയാണു്. അതിൽ ആഥൻസുകാരനായ ത്യൂസിഡിഡീസ്, ആഥൻസിൻെറ പ്രതിനിധികളെക്കൊണ്ടു് തങ്ങളുടെ സാമ്രാജ്യദുർമ്മോഹങ്ങൾ നിർലജ്ജം പറയിക്കുന്നു. മീലിയക്കാരെക്കൊണ്ടു് അദ്ദേഹം പറയിക്കുന്നു: ''ഞങ്ങൾ ഞങ്ങളുടെ പക്ഷം ശരിയാണെന്നു സമർത്ഥിക്കുകയും കീഴടങ്ങാൻ വിസമ്മതിക്കുകയും ചെയ്താൽ, നിങ്ങൾ യുദ്ധം പ്രഖ്യാപിക്കും; ഞങ്ങൾ കീഴടങ്ങിയാലോ, നിങ്ങൾ അടിമത്തം നടപ്പിൽ വരുത്തും.'' സാമ്രാജ്യദുർമ്മോഹത്താൽ പ്രേരിതമായ ആക്രമണത്തിന്നു് ഉടൻതന്നെ ശിക്ഷ ലഭിക്കുമെന്ന താക്കീതു് അദ്ദേഹം മീലിയക്കാരെക്കൊണ്ടു് പറയിക്കുന്നു. ഈ സംഭാഷണം, സിസിലിയിൽവെച്ചു് ആഥൻസിന്നു നേരിട്ട ഭയങ്കരമായ നാശത്തിൻെറ വിവരണത്തിന്നുമുമ്പിലാണു് ചേർത്തിരിക്കുന്നതു്. അപ്പോൾ, ചരിത്രത്തിന്നു് ഒരു ഗുണപാഠമുണ്ടു് എന്നദ്ദേഹവും വിശ്വസിക്കുന്നുണ്ടെന്നു തെളിയുന്നു. പക്ഷേ, ഹെറൊഡോട്ടസ് ഗുണപാഠത്തെ വ്യക്തമായി പറയുമ്പോൾ, ത്യൂസിഡിഡീസ് തൻെറ വിവരണംകൊണ്ടു് അതു സൂചിപ്പിക്കുന്നു.

പെരിക്ലീസിൻെറ വകയായി ലിഖിതമായ യാതൊരു രേഖയുമില്ലെന്നും അദ്ദേഹത്തിൻെറ പ്രസംഗങ്ങളൊന്നുംതന്നെ സൂക്ഷിക്കപ്പെട്ടിട്ടില്ലെന്നുമാണു് പ്ലൂട്ടാർക്കിൻെറ പക്ഷം. എന്നാൽ, ത്യൂസിഡിഡീസിൻെറ ചരിത്രത്തിലെ ഏററവും പ്രസിദ്ധമായ ഭാഗങ്ങളിലൊന്നു്, യുദ്ധത്തിൽ മരിച്ച അഥീനിയൻഭടന്മാരെ ആചാരമുറകളോടുകൂടി സംസ്കരിക്കുന്ന വേളയിൽ, പെരിക്ലീസ് ചെയ്ത പ്രഭാഷണത്തെ അതേപടി പകർത്തുന്നുവെന്നു് അവകാശപ്പെടുന്നു. നമ്മളെ സംബന്ധിച്ചിടത്തോളം, ഈ പ്രഭാഷണത്തിൻെറ കർത്തൃത്വം ആ രാജ്യതന്ത്രജ്ഞൻേറതോ ഈ ചരിത്രകാരൻേറതോ എന്ന പ്രശ്നം സാരമുള്ളതല്ല. അതു ചരിത്രത്തിൻെറ എല്ലാ യുഗങ്ങൾക്കും

ഉത്തേജനം നൽകുവാൻ പര്യാപ്തമായ മഹത്തായ ഒരു വചനമാണു്. ആ പ്രഭാഷണത്തിന്റെ അവസാനഭാഗം ഇതാണു്:

"ഈ മനുഷ്യരും അവരെപ്പോലുള്ളവരുമാണു് ആഥൻസിനെ മഹത്താക്കിയതു്. അവരുടെ ചെയ്തികളെ അധികം പ്രശംസിക്കുകയെന്നതു് ഒരിക്കലും സാദ്ധ്യമല്ല. യവനരിൽ ചുരുക്കം ചിലരെപ്പററി മാത്രമേ ഇതു പറയാൻ സാധിക്കൂ. നമുക്കിവിടെ കാണാവുന്നതരത്തിലുള്ള ഒരന്ത്യം, ഒരു നല്ല ജീവിതം, അതിന്റെ ആദ്യത്തെ ശക്തിസൂചനകളിൽ ആരംഭിച്ചു് അവസാനത്തെ ലക്ഷ്യപ്രാപ്തിവരെ, എന്താണെന്നു നമുക്കു കാട്ടിത്തരുന്നു. ജീവിതത്തിന്റെ ആദ്യകാലചരിത്രം തെററുകളും തോൽവികളും കാണിക്കാമെങ്കിൽക്കൂടി, അവയ്ക്കെതിരായി അവസാനമുഹൂർത്തത്തിലെ സുധീരമായ കൂറു് തുലനം ചെയ്തു നോക്കേണ്ടതാണു്. അവിടെ, അവർ ഗുണംകൊണ്ടു് ദോഷത്തെ പാടേ വിപാടനംചെയ്യുകയും, നഗരത്തിന്നു് സ്വകാര്യജീവിതത്തിൽ അവർ ദ്രോഹം ചെയ്തതിലുമധികം, ഭടന്മാരായി ഗുണം ചെയ്യുകയും ചെയ്തു. അവിടെ, മാനത്തെക്കാൾ ധനത്തെ സ്നേഹിച്ചതുകൊണ്ടു് ആരും ഭീരുക്കളായില്ല; സമ്പത്തിനെക്കുറിച്ചുള്ള ദരിദ്രന്റെ സ്വപ്നത്തിൽ ആരും കടമ മറന്നില്ല. നാട്ടിന്നുവേണ്ടി പടവെട്ടുവാൻ അവർ അതെല്ലാം തള്ളിക്കളഞ്ഞു. നാട്ടിന്റെ മാനം സംരക്ഷിക്കുന്നതു് ഏററവും മഹത്തായ ഒരു കർത്തവ്യമായി കണക്കാക്കിയും അനിശ്ചിത ദേവതയായ പ്രത്യാശ അവൾക്കിഷ്ടമുള്ളതു നൽകട്ടെ എന്നു കരുതിയും അവർ, പൗരുഷത്തിന്റെ ബലത്തോടുകൂടി ശത്രുവിനെ എതിരിട്ടു; പടയടുത്തപ്പോൾ, അധൈര്യംകൊണ്ടു് ജീവൻ രക്ഷപ്പെടുത്തുന്നതിനുപകരം, അങ്ങേയററംവരെ കഷ്ടപ്പെടാൻ അവർ ഒരുങ്ങി. അതുകൊണ്ടു് അവരുടെ സ്മരണ മനുഷ്യരുടെ കുററാരോപണങ്ങളിൽനിന്നു് രക്ഷപ്പെട്ടു, അവരുടെ ദേഹങ്ങളിൽ മനുഷ്യഹസ്തങ്ങളുടെ പാടുകൾ പതിച്ചുവെങ്കിലും. അവരുടെ ജീവിതത്തിന്റെ ആ അത്യുച്ചകോടിയിൽ, ഒരു നിമിഷത്തിൽ, അവർ, അവരുടെ മരിക്കുന്ന കണ്ണുകൾക്കു് പ്രഭാപൂരിതമായ ഒരു ലോകത്തിൽനിന്നു് തിരോഭൂതരായി.

"അങ്ങനത്തവരാണു് ഇന്നിവിടെക്കിടക്കുന്ന മനുഷ്യരും

അങ്ങനത്തേതാണ് അവക്കത്തേജനം നൽകിയ നഗരവും. അവശേഷിച്ചവരായ നാം അവക്ക നേരിട്ട വിപത്തിൽനിന്ന രക്ഷിതരാവാൻ പ്രാത്ഥിക്കാം; പക്ഷേ, അവരുടേതിൽനിന്ന കുറഞ്ഞ ആത്മവീയ്യത്തോട്ടകൂടി ശത്രുവെ നേരിടാൻ നാം ലജ്ജിക്കണം. യുദ്ധത്തിൽ ധൈയ്യം പ്രദർശിപ്പിക്കുന്നതു് ഉചിതവും മഹത്വപൂണ്ണവുമാണ് എന്ന തുടങ്ങിയുള്ള പഴഞ്ചൊല്ലുകളിൽനിന്നല്ല, നാം നിത്യം ദർശിക്കുന്ന നമ്മുടെ മഹത്തായ നഗരത്തിൻെറ വ്യഗ്രമായ ജീവിതത്തിൽനിന്നു്, നാം ശക്തിനേട്ടക. ഈ മഹത്വത്തിന്നെല്ലാം ഉത്തരവാദികൾ യോദ്ധാവിൻെറ ശൗയ്യവും, ധിഷണാശാലിയുടെ കത്തവ്യബോധവും കത്തവ്യാനുഷ്ഠാനത്തിലുള്ള സദ്‌വൃത്തൻെറ ആത്മസംയമനവും നഗരത്തിന്നുവേണ്ടി തങ്ങളുടെ ജീവിതം ബലിയപ്പിച്ച മനുഷ്യരുടെ ത്യാഗവുമാണെന്നു് ഓത്തുകൊണ്ടു്, നാം ശക്തിനേട്ടക. അങ്ങനെ, അവർ പൊതുഗുണത്തിന്നുവേണ്ടി ജീവിതം നൽകുകയും, ഓരോരുത്തനും അനശ്വരമായ സൽപ്പേരും, അവരുടെ ഭൗതികാവശിഷ്ടങ്ങൾ കിടത്തിയ ശവക്കല്ലറകൾക്കപുറമേ, മനുഷ്യരുടെ മനസ്സിൽ, സന്ദർഭാനുസൃതമായി പ്രവത്തനത്തിന്നു് പ്രേരകമായി അവരുടെ സ്മരണ എന്നെന്നും നിലനില്ക്കുന്ന ഒരു ശാശ്വതസ്ഥാനവുമാർജ്ജിക്കുകയുംചെയ്തു. ഭൂമിയാകെ, മഹാന്മാക്കുള്ള ഒരു സ്മാരകമന്ദിരമാണ്; അവരുടെ ജീവിതകഥ, അവർ അന്ത്യവിശ്രമംകൊള്ളുന്ന മണ്ണിന്നുമുകളിൽ ഒരു കല്ലിൽകൊത്തിവെച്ചിരിക്കുകമാത്രമല്ല, ഇതരമനുഷ്യരുടെ ജീവിതങ്ങളിൽ അവിഭാജ്യഘടകമായി, നിലനിന്ന വരുന്നു. നിങ്ങൾക്കിനി ചെയ്യുവാനുള്ളതു് അവർ ചെയ്തതിനേയുംകവിഞ്ഞു ചെയ്യുവാൻ ശ്രമിക്കുകയാണ്.

"അതുകൊണ്ടു്, ഇന്നിവിടെ എൻെറകൂടെയുള്ള ഈ മരണപ്പെട്ടവരുടെ മാതാപിതാക്കളോടൊപ്പം ഞാൻ ദുഃഖിക്കുന്നില്ല. മറിച്ച്, ഞാൻ അവരെ ആശ്വസിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. അവർ ജാതരായിരിക്കുന്നതു നാനാവിധത്തിലുള്ള ഭാഗ്യഷോഡതികൾ നിറഞ്ഞ ഒരു ലോകത്തിലാണെന്നും മികച്ച ഭാഗ്യക്കുറി ലഭിക്കുന്നവൻ—ഇന്ന നിങ്ങൾക്കുള്ളതുപോലെ മികച്ച ദുഃഖമോ, ഇവക്ക ലഭിച്ചതുപോലെ മികച്ച മര

ണമോ ലഭിക്കുന്നവൻ—ഭാഗ്യവാനായി കരുതപ്പെടേണമെന്നും അവക്കറിയാം. നിങ്ങൾക്കു് ആശ്വാസം നൽകുകയെന്നതു് എളുപ്പമല്ലെന്നു് എനിക്കറിയാം. മററുള്ളവരുടെ സുഖം കാണുമ്പോൾ നിങ്ങൾക്കുണ്ടായിരുന്ന സുഖത്തിൻെറ സ്മരണകൾ തേട്ടിവരുമെന്നും, മനുഷ്യക്കു് അവർ അനുഭവിക്കാത്ത സുഖത്തിൻെറ നഷ്ടമല്ല, അവക്കു പ്രിയംകരമായിത്തീന്ന ഒന്നിൻെറ നഷ്ടമാണു കൂടുതൽ ദുഃഖം ഉണ്ടാക്കുന്നതെന്നും എനിക്കറിയാം. നിങ്ങളിൽ സന്താനങ്ങളുണ്ടാവാനുള്ള പ്രായം അതിക്രമിച്ചിട്ടില്ലാത്തവർ നിങ്ങളുടെ ഇതരസന്താനങ്ങളിൽ ആശയപ്പിച്ചു ധൈയ്യം നിലനിത്തുക. നിങ്ങളുടെ കുടുംബവൃത്തത്തിലുണ്ടായ വിടവു നികത്താനും, നഗരത്തിലെ തൊഴിലാളികളുടെയും ഭടന്മാരുടെയും അണികൾ വീണ്ടും നിറക്കാനും അവർ സഹായിക്കും. തൻെറ സഹജീവികളെപ്പോലെ ഒരു കുടുംബത്തെ സംരക്ഷിക്കുവാനില്ലാത്ത ഒരു മനുഷ്യന്നു് ആപൽഘട്ടങ്ങളിൽ രാജ്യത്തിൻെറ കൂടിയാലോചനകളിൽ സത്യവും ന്യായവുമായ ഉപദേശം നൽകാൻ സാധിക്കുകയില്ല. പ്രായം അതിക്രമിച്ചവരോടു് ഞാൻ പറയുന്നു: സുഖത്തിൻെറ നീണ്ട സംവത്സരങ്ങൾ, ശേഷിച്ചിരിക്കുന്ന കുറഞ്ഞ കാലയളവിനെയപേക്ഷിച്ചു്, നേടിക്കഴിഞ്ഞ ലാഭമായിക്കരുതുക; മരിച്ചവരുടെ യശസ്സു് നിങ്ങളുടെ ഹൃദയഭാരത്തെ കുറക്കട്ടെ. യശസ്സിനോടുള്ള സ്നേഹത്തിന്നുമാത്രം കാലപ്പഴക്കംകൊണ്ടു മാററു കുറയുന്നില്ല; യശോധനംകൊണ്ടാണു്, ചിലർ പറയുന്നതുപോലെ കനകംകൊണ്ടല്ല, ജീവിതത്തിൻെറ നിസ്സഹായമായ അന്ത്യം കുറച്ചെങ്കിലും സന്തുഷ്ടമാക്കപ്പെടുന്നതു്."

സുന്ദരനും സാഹസശീലനുമായ സെനൊഫോൺ (ക്രി. മു. 445—355) സോക്രട്ടീസിൻെറ ശിഷ്യനായിരുന്നു. പക്ഷേ, അദ്ദേഹത്തിന്നു് ആ ദാശ്നികൻെറ ചർച്ചായോഗങ്ങളിൽ പങ്കുകൊള്ളുന്നതിനെക്കാളും സൈന്യസങ്കേതത്തിലായിരുന്നു സുഖം. സാഹസശീലനായ അദ്ദേഹം ആദ്യം പേഴ്സ്യൻ രാജാവായ സൈറസിൻെറ സൈന്യത്തിലും പിന്നീടു സ്പാട്ടൻ സൈന്യത്തിലും ചേന്നു. ഒരു ആഥൻസുകാരനായിരുന്നുവെങ്കിലും, അദ്ദേഹം സ്പാർട്ടക്കാരെ അത്രയധികം ഇഷ്ടപ്പെട്ടതുകൊണ്ടു്, ആഥൻസും സ്പാർട്ടയും തമ്മിൽ യുദ്ധമുണ്ടായപ്പോൾ,

അദ്ദേഹം സ്പാർട്ടക്കാരുടെ ഭാഗത്താണു പൊരുതിയതു്. അദ്ദേഹത്തിന്റെ 'സൈറോപീഡിയ' സൈറസിന്റെ ഒരു ഭാവനാപൂർണ്ണമായ ജീവചരിത്രമാണു്. പേഴ്സ്യൻഭരണത്തിന്റെ രൂപം അപരിചിതമായ രാജാധികാരമായിരുന്നുവെങ്കിലും, സൈറസ് വളരെ ഉൽപതിഷ്ണുവായ ഒരു ഭരണാധിപനായിരുന്നതുകൊണ്ടു്, അത്തരമൊരു ഭരണം, തമ്മിൽ തല്ലുകൊണ്ടിരുന്ന പല രാഷ്ട്രങ്ങളുമായി വിഭജിക്കപ്പെട്ടുകിടന്നിരുന്ന ഗ്രീസിന്നു കുറച്ചു സുസ്ഥിരത നൽകുമെന്നു് സെനൊഫോണിന്നു് അഭിപ്രായമുണ്ടായിരുന്നുവെന്നു തോന്നുന്നു. കൃതിയിൽ, മരണശയ്യയിൽ കിടക്കുന്ന സൈറസ് തന്റെ പുത്രന്മാൎക്കു നൽകുന്ന ഉപദേശമടങ്ങിയ ഭാഗം, സെനൊഫോണിന്റെ ശൈലിയുടെ ലാളിത്യവും സാരള്യവും വ്യക്തമാക്കുന്നു:

"അതുകൊണ്ടു് ഈ കാൎയ്യങ്ങളുടെ കിടപ്പു് ഞാൻ വിശ്വസിക്കുന്ന വിധത്തിലാണെങ്കിൽ, ആത്മാവു് ദേഹത്തെ വിട്ടു സ്വാതന്ത്ര്യമായിത്തീരുന്നുവെങ്കിൽ, മക്കളേ, എന്റെ ആത്മാവിനെ ആദരിക്കുക, എന്റെ ആഗ്രഹമനുസരിച്ചു പ്രവൎത്തിക്കുക. ഇനിയഥവാ ആത്മാവു് ദേഹത്തോടൊപ്പം നശിക്കുന്നുവെങ്കിൽ, എല്ലാം കാണുന്നവരും, സൎവ്വശക്തിയുടെയും നിക്ഷിപ്തസ്ഥാനങ്ങളും, കളങ്കമില്ലാതെ, വാൎദ്ധക്യം ബാധിക്കാതെ, തെററുപററാതെ, അഗാധമായ സൗന്ദൎയ്യത്തോടും തേജസ്സോടുംകൂടെ ഈ പ്രപഞ്ചത്തിലെ ക്രമം തെററാതെ നിലനിൎത്തുന്നവരും ആയ ചിരഞ്ജീവികളായ ദൈവങ്ങൾ നിലക്കൊള്ളുന്നുണ്ടു്. അവരെ ഭയപ്പെടുക, മക്കളേ; വാക്കിലോ, വിചാരത്തിലോ, പ്രവൃത്തിയിലോ ഒരിക്കലും പാപത്തിന്നും ദുഷ്ടതക്കും കീഴ്പ്പെടാതിരിക്കുക. ദൈവങ്ങൾ കഴിഞ്ഞാൽ, മനുഷ്യവൎഗ്ഗത്തെയാകെ നിങ്ങൾ ആദരിക്കേണമെന്നു ഞാനാഗ്രഹിക്കുന്നു. നിങ്ങളുടെ ചെയ്തികൾ മനുഷ്യവൎഗ്ഗത്തിന്റെയാകെ ദൃഷ്ടിക്കു ഗോചരമായിരിക്കും. അവ സധൎമ്മപ്രേരിതവും പാപവിമുക്തവുമാണെങ്കിൽ, നിങ്ങളുടെ പ്രാബല്യത്തെ പ്രഖ്യാപിക്കും...ഞാൻ മരിച്ചുകഴിഞ്ഞാൽ, എന്റെ ദേഹത്തെ സ്വൎണ്ണത്തിലോ, വെള്ളിയിലോ, മറേറതെങ്കിലും തരത്തിലുള്ള ശവപ്പെട്ടിയിലോ മൂടിവെയ്ക്കേണ്ട, അതുടനെ മണ്ണിൽ നിക്ഷേപിക്കുക. സുന്ദരങ്ങളായ എല്ലാ വസ്തുക്കളുടെയും അമ്മയും, നല്ല

തായ എല്ലാ വസ്തുക്കളുടെയും വളർത്തമ്മയുമായ ഭൂമിയുടെ മടിയിൽ കിടക്കുന്നതിലും ധന്യമായി മറെറന്തൊന്നാണു് ഉള്ളതു്? ജീവകാലം മുഴുവനും ഞാൻ ഒരു മനുഷ്യസ്നേഹിയായിരുന്നിട്ടുണ്ടു്; മനുഷ്യനു ഗുണംചെയ്യുന്ന ഒന്നിൻെറ ഭാഗമായിത്തീരാനാണു ഞാനിഷ്ടപ്പെടുന്നതു്...വിടതരൂ, മക്കളേ; എനിക്കുവേണ്ടി നിങ്ങളുടെ അമ്മയോടു യാത്രപറഞ്ഞേക്കൂ. അടുത്തും ദൂരത്തുമുള്ള എൻെറ സുഹൃത്തുക്കളേ, എനിക്കു വിടതരൂ!''

തൻെറ സഹോദരനുമായുള്ള ഒരാഭ്യന്തരയുദ്ധത്തിലാണു സൈറസ് മരിച്ചതു്. ആ യുദ്ധത്തിലെ അവസാനത്തെ സംഘട്ടനം, യൂഫ്രററീസിൻെറയും ടൈഗ്രീസിൻെറയും സംഗമസ്ഥലത്തുവെച്ചാണു നടന്നതു്. സെനൊഫോണിൻെറ നായകത്വത്തിൽ പതിനായിരം യവനഭടന്മാരുടെ ഒരു സംഘം ബാബിലോണിയയുടെ അന്തർഭാഗത്തേയ്ക്കു രക്ഷപ്പെട്ടു. ടൈഗ്രിസിലൂടെയും, കുർഡിസ്ഥാനിലെയും അർമീനിയയിലെയും മലകളുടെ മുകളിൽക്കൂടിയും ദുഷ്കരമായ മലംപ്രദേശങ്ങളിൽക്കൂടി കരിങ്കടലിലേക്കും സ്വാതന്ത്ര്യത്തിലേക്കുമുള്ള ഈ സംഘത്തിൻെറ യാത്രയിൽ അവർക്കു നേരിട്ട അവസ്ഥാന്തരങ്ങളെ സെനൊഫോണിന്റെ 'ആരോഹണം' വിവരിക്കുന്നു. സെനൊഫോണിൻെറ സ്വതസ്സിദ്ധമായ ലളിതശൈലിയിൽ എഴുതപ്പെട്ട വിവരണം ഹൃദയഹാരിയും വികാരോദ്ദീപകവുമാണു്. അവർക്കു പലപ്പോഴും, ഒഴിഞ്ഞ വയറുകളോടുകൂടി, ഹിമക്കാറ്റുകളിൽക്കൂടി, മരവിക്കുന്ന തണുപ്പു സഹിച്ചും മഞ്ഞുകൊണ്ടു കണ്ണുകാണാതായും മുന്നോട്ടു നീങ്ങേണ്ടിവന്നിരുന്നു. ചിലപ്പോൾ, നായകന്മാരിൽനിന്നുള്ള ഭീഷണികൾ മാത്രമാണു പരിക്ഷീണരായ ഭടന്മാരെ മുന്നോട്ടു നീങ്ങാൻ പ്രേരിപ്പിച്ചിരുന്നതു്. എല്ലായ്പോഴും ശത്രുവിൻെറ ആൾക്കാർ അവരെ അലട്ടുകയും പിന്നിൽ തങ്ങിയവരെ കൊല്ലുകയും ചെയ്തിരുന്നു. ഒടുവിൽ, സെനൊഫോണിൻെറ പിന്നണിസൈന്യത്തിന്റെ പൊടുന്നനവെയുള്ള ഒരാക്രമണംകൊണ്ടു ശത്രുക്കൾ പരാജയപ്പെട്ടു. അവസാനം കടൽ കണ്ടപ്പോൾ, അവരുടെ ആഹ്ലാദം കരകവിഞ്ഞൊഴുകുകയും അവർ തമ്മിൽത്തമ്മിൽ ആശ്ലേഷിക്കുകയും സന്തോഷംകൊണ്ടു കണ്ണുനീർ വാർക്കുകയും ചെയ്തു.

സെനൊഫോൺ ഗ്രീസിൻെറ ഒരു ചരിത്രവും എഴുതി. തൃസിഡിഡീസ് അവസാനിച്ചിടത്താണ് അദ്ദേഹത്തിൻെറ ചരിത്രം ആരംഭിക്കുന്നതു്. അദ്ദേഹത്തിൻെറ ശൈലി ജീവസ്സുററതും കഥാപാത്രങ്ങൾ സജീവമായി ചിത്രീകരിക്കപ്പെട്ടതും ആണ്. പക്ഷേ, യോദ്ധാവായ സെനൊഫോൺ യുദ്ധങ്ങൾ മാത്രമേ കണ്ടുള്ളു; ആന്തരമായ സാമൂഹ്യപരിവത്തനങ്ങളെ ശ്രദ്ധിച്ചില്ല. സ്പാർട്ടയോടുള്ള അദ്ദേഹത്തിൻെറ പക്ഷപാതം ഉടനീളം വ്യക്തമാണ്.

പുരാതനഗ്രീസ് ഒരുപാററം ചരിത്രകാരന്മാരെ സൃഷ്ടിച്ചു. പക്ഷേ, അവരിൽ ഏററവും പ്രധാനപ്പെട്ടവരുടെയിടയിൽ, ഒരാളെക്കൂടി മാത്രമേ നമുക്കു പരിചയപ്പെടേണ്ടതുള്ളു—പോളിബിയസ് (ക്രി. മു 202—120). ഗ്രീസിൻെറ ശക്തി ക്ഷയിക്കുകയും റോമിൻെറ ശക്തി ഉയരുകയും ചെയ്തിരുന്ന ഒരു കാലത്താണ് അദ്ദേഹം ജീവിച്ചിരുന്നതു്. അദ്ദേഹത്തിൻെറ പിതാവു ഗ്രീസിൻെറ റോമിലെ പ്രതിനിധിയായിരുന്നു. ഗ്രീസും റോമും തമ്മിൽ സഖ്യ ഉടമ്പടികളുണ്ടായിരുന്നപ്പോൾ, പോളിബിയസ്, ഏഷ്യാമൈനറിലെ റോമൻയുദ്ധങ്ങളിൽ പങ്കെടുത്തു. ഗ്രീസും റോമും തമ്മിൽ യുദ്ധമുണ്ടാവുകയും റോം വിജയിക്കുകയും ചെയ്തപ്പോൾ റോമിലേക്കു പിടിച്ചുകൊണ്ടുപോകപ്പെട്ട ജാമ്യത്തടവുകാരിൽ ഒരാൾ പോളിബിയസായിരുന്നു. അവിടെ, അദ്ദേഹം, സ്വാധീനശക്തിയുള്ള റോമൻരാജ്യതന്ത്രജ്ഞന്മാരുടെ സുഹൃത്തായിത്തീരുകയും ഒരു റോമൻപൗരനായിത്തീരുകയും ചെയ്തു. അദ്ദേഹം മദ്ധ്യധരണ്യാഴിപ്രദേശങ്ങളിലെ റോമൻസമരങ്ങളിൽ പങ്കെടുക്കുകയും പിന്നീടു ഗ്രീസിലെ റോമൻപ്രതിനിധിയാവുകയുംചെയ്തു. ലോകത്തിൻെറ—ഗ്രീസിന്നും റോമിന്നും അറിയാമായിരുന്ന ലോകത്തിൻെറ, അതായതു് മദ്ധ്യധരണ്യാഴിപ്രദേശങ്ങളുടെ—നാല്പതു പുസ്തകങ്ങളിലുള്ള ഒരു ചരിത്രം അദ്ദേഹം രചിച്ചു. കൃത്യതയ്ക്കു് ഒരാസക്തിതന്നെ അദ്ദേഹത്തിന്നുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ദീർഘസഞ്ചാരങ്ങൾ ധാരാളം വസ്തുതകൾ നേടിക്കൊടുത്തിരുന്നു. വത്തമാനകാലത്തെയും ഭാവിയെയും മനസ്സിലാക്കാനുള്ള ഒരു ദീപമാണു ചരിത്രമെന്നു് അദ്ദേഹം കരുതി:

"മനുഷ്യൻെറ പെരുമാററത്തെ നിയന്ത്രിക്കാൻ ഭൂതകാലത്തെക്കുറിച്ചുള്ള ജ്ഞാനംപോലെ ഉപകരിക്കുന്ന മററൊന്നും ഇല്ല. സജീവമായ രാജ്യതന്ത്രത്തിന്നുള്ള ഏററവും യുക്തമായ അഭ്യസനപരിശീലനമാർഗ്ഗം ചരിത്രപഠനമാണു്. ചരിത്രം—ചരിത്രം മാത്രമാണു്—യഥാർത്ഥമായ ആപത്തിൽ നമ്മെ കുടുക്കാതെ, നമ്മുടെ വിവേചനാശക്തിയെ പരിപക്വമാക്കുകയും ഏതു പ്രതിസന്ധിഘട്ടത്തിലും ശരിയായ വീക്ഷണഗതി കൈക്കൊള്ളാൻ നമ്മെ ഒരുക്കുകയും ചെയ്യുന്നതു്." അദ്ദേഹം ചരിത്രത്തെ വിശാലമായ ഒരു പശ്ചാത്തലത്തിൽ വീക്ഷിക്കുകയും ഒററപ്പെട്ട ചരിത്രങ്ങൾ ഒരു വക്രവീക്ഷണം മാത്രമേ നൽകുന്നുള്ളുവെന്നും, രാഷ്ട്രത്തിൻെറയോ, ലോകത്തിൻെറയാകെത്തന്നെയോ ഒരു ചരിത്രത്തിന്നു മാത്രമേ അതിൻെറ പിന്നിലുള്ള ശക്തികളെ അവയുടെ ശരിയായ വലുപ്പത്തിലും ബന്ധങ്ങളിലും വ്യക്തമാക്കുവാൻ കഴിയുകയുള്ളുയെന്നും അഭിപ്രായപ്പെടുകയും ചെയ്തു. മനുഷ്യസമുദായങ്ങൾ രാജവാഴ്ചയിലോ ഏകാധിപത്യഭരണത്തിലോ ആരംഭിച്ചു്, പ്രഭുവാഴ്ച, ന്യൂനപക്ഷഭരണം, ജനാധിപത്യഭരണം എന്നിവയിൽക്കൂടി നീങ്ങി, രാജവാഴ്ചയിലേക്കോ ഏകാധിപത്യഭരണത്തിലേക്കോ തിരിച്ചെത്തുന്ന ഒരു ചക്രനേമിപരിണാമം പ്രദർശിപ്പിക്കുന്നുണ്ടെന്നു് അദ്ദേഹത്തിന്നു തോന്നി. ഈ ചക്രത്തിൽനിന്നു രക്ഷപ്പെടാനുള്ള നല്ല മാർഗ്ഗം റോമിലത്തേതുപോലെ ഒരു സമ്മിശ്രഭരണരൂപമാണെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു—ഭരണാധികാരികളെ തെരഞ്ഞെടുക്കാനധികാരമുള്ളതും എന്നാൽ തുടൎന്നുകൊണ്ടിരിക്കുന്ന പ്രഭുക്കളുടെ ഉപരിസഭയുടെ ശക്തിയാൽ നിയന്ത്രിതവുമായ ഒരു സങ്കുചിതപൗരാവലിയുടെ ഭരണം. തൻെറ കാലത്തെ ഗ്രീസിൽ, ജനാധിപത്യം കാലിച്ചന്തയുടെ നിലവാരത്തിലേക്കു് അധഃപതിച്ചിരുന്നുവെന്നു് അദ്ദേഹത്തിന്നു തോന്നി.

ഹെറൊഡോട്ടസ് തൻെറ ചരിത്രത്തിൽ ഇരുളടഞ്ഞ ഭൂതകാലത്തിലേക്കു മുങ്ങിത്തപ്പി; പക്ഷേ, അദ്ദേഹം തൻെറ ചരിത്രം സമകാലികചരിത്രംവരെ എഴുതിവെച്ചു. മററു മൂന്നു ചരിത്രകാരന്മാരും അവർ പ്രതിപാദിച്ച സംഭവങ്ങൾക്കു ദൃക്സാക്ഷികളായിരുന്നു; അവരുടെ കാലങ്ങളിൽ രൂപംപൂണ്ട

ചരിത്രത്തിന്നു ദൃക്സാക്ഷികളായിരുന്നു. ജനാധിപത്യഭരണ വാഴ്ചയിൻകീഴിലുള്ള ഗ്രീസിൽ, ചരിത്രത്തിൻെറ സ്രഷ്ടാക്കളായ ജനനായകന്മാർക്ക് അധികാരത്തിലേക്ക് ഉയൎന്നു വരാനുള്ള ഒഴിച്ചുകൂടാത്ത ഉപാധിയായിരുന്നു പ്രഭാഷണ കല. ക്രി. മു. 466-ൽത്തന്നെ, സിസിലിയിലെ കോറാക്സ് വാഗ്മികൾക്കുള്ള ഒരു ബാലപാഠമെന്ന നിലക്കു് 'വാക്കുകളുടെ കല' എന്ന ശീർഷകത്തിൽ ഒരു പ്രബന്ധമെഴുതുകയുണ്ടായി. ആഥൻസിൽ, ഗോർജിയാസ്, അൻറ്റിഫോൺ, ലിസിയാസ് എന്നിവർ പ്രഭാഷണകലയെപ്പററി കൂടുതൽ പഠനങ്ങൾ നടത്തുകയും, അതിനെ സോഫിസ്ററുകൾ സുദീൎഘമായ വാദപ്രതിവാദത്തിന്നു ഫലവത്തായ ഒരു ഉപകരണമാക്കിത്തീർക്കുകയും ചെയ്തു.

നമുക്കു കൈവന്നിട്ടുള്ള പ്രഭാഷണങ്ങൾ മൊത്തത്തിൽ മൂന്നുതരത്തിൽ പെട്ടവയാണു്. മററുചിലൎക്കു വേണ്ടി പ്രതിഫലത്തിന്നായി എഴുതിക്കൊടുത്തവയുണ്ടു്. വാഗ്മികളുടെ സ്വന്തം പ്രഭാഷണങ്ങളുണ്ടു്. പ്രസംഗങ്ങളായി നൽകപ്പെട്ടതും പിന്നീടു് ഏററവും വിശാലമായ വൃത്തത്തിന്നു് എത്തത്തക്കവണ്ണം കൂടുതൽ സ്ഥായിയായ രൂപത്തിൽ പ്രസിദ്ധീകരിച്ചതുമായവയും പ്രസംഗരൂപത്തിലല്ലാതെ ലഘുലേഖകളുടെ രൂപത്തിൽ മാത്രം പ്രസിദ്ധീകരിച്ചവയും. സാഹിത്യപരമോ, വിദ്യാഭ്യാസപരമോ ആയ ഉദ്ദേശങ്ങളെമാത്രം മുൻനിർത്തി പ്രസിദ്ധീകരിച്ച ചുരുക്കം ചില പ്രഭാഷണങ്ങളുമുണ്ടു്. ഇവിടെ, പ്രഭാഷണകലാപാരമ്പൎയ്യം ഒരു സാഹിത്യരൂപമെന്ന നിലക്കു് പ്രബന്ധത്തിന്നു ജന്മം കൊടുത്തു.

വാഗ്മികൾക്കു് ചരിത്രപരമായി നല്ല മൂല്യമുണ്ടു്. അഥീനിയൻനിയമത്തെക്കുറിച്ചുള്ള നമ്മുടെ പരിജ്ഞാനത്തിൻെറ ഉറവിടങ്ങൾ അഥീനിയൻവാഗ്മികളാണു്. അവരുടെ കാലങ്ങളിലെ ആദർശങ്ങളിലേക്കും രാഷ്ട്രീയവും സാമ്പത്തികവുമായ നിലവാരങ്ങളിലേക്കും ക്രമങ്ങളിലേക്കും ഒരു എത്തിനോട്ടം നമുക്കവരിൽനിന്നും ലഭിക്കുന്നു. നമുക്കു രാജ്യതന്ത്രജ്ഞന്മാരുടെ സജീവചിത്രങ്ങൾ ലഭിക്കുകയും വാദപ്രതിവാദങ്ങളുടെ ചൂടു്, നൂററാണ്ടുകൾ നിശ്ചലമായി നിന്നതുപോലെ അനുഭവപ്പെടുകയും ചെയ്യുന്നു. ഈ പ്രഭാഷണങ്ങളിൽ

ഭൂരിഭാഗവും താഴ്ന്ന നിലവാരത്തിലുള്ളതായിരുന്നുവെന്നതു വാസ്തവംതന്നെ. വ്യക്തിപരമായ ശകാരം സാധാരണമായിരുന്നു. എത്ര കാപട്യമുള്ള കാര്യമായാലും അതിന്നുവേണ്ടി വാദിക്കാൻ വാഗ്മികളെ കിട്ടിയിരുന്നു. ഇതുകൊണ്ടാണ്, ജനാധിപത്യത്തെ നശിപ്പിക്കുന്ന ഒരു വിഷമാണ് വാഗ്മിതയെന്നു് പ്ലേറ്റോവിന്നു തോന്നിയതും, വാഗ്വിലാസമെന്നതു് മനുഷ്യരുടെ വികാരങ്ങളിൽ തിരുപ്പിടിച്ചു് അവരെ ഭരിക്കുന്ന കലയാണെന്നു് അദ്ദേഹം നിർവ്വചിച്ചതും. പ്രസംഗവേദിയിൽവെച്ചു്, വാഗ്മി പലതരത്തിലുള്ള നാട്യങ്ങളും അഭിനയങ്ങളും കാണിച്ചിരുന്നു. ഇതു സാധാരണജനങ്ങളെ ഇളക്കിവിട്ടിരുന്നുവെങ്കിലും, സംസ്കാരചിത്തന്മാരെ വെറുപ്പിച്ചിരുന്നു. എങ്കിലും ഈ പ്രഭാഷണകലാപാരമ്പര്യത്തിൻെറ വിശിഷ്ടാംശത്തിന്നു ചിരസ്ഥായിയായ മൂല്യമുണ്ടു്— അതിലെ വികാരത്തിൻെറ ഔന്നത്യംകൊണ്ടും ശൈലിയുടെ ഗുണംകൊണ്ടും.

യവനപ്രഭാഷണകലയിലെ ഏററവും ഉന്നതരായ രണ്ടു വ്യക്തികൾ ഡെമോസ്ഥനീസും ഐസോക്രററീസുമാണ്. ക്രി. മു. 384 മുതൽ 322 വരെ ജീവിച്ച ഡെമോസ്ഥനീസിന്നു് ഏഴുവയസ്സായിരുന്നപ്പോൾതന്നെ അദ്ദേഹത്തിൻെറ പിതാവു നഷ്ടപ്പെട്ടു. അദ്ദേഹത്തിൻെറ രക്ഷിതാക്കൾ സ്വത്തെല്ലാം അപഹരിക്കുകയും അദ്ദേഹത്തിന്റെ അമ്മയ്ക്കൊന്നും കൊടുക്കാതിരിക്കുകയും ചെയ്തു. അദ്ദേഹം അനാരോഗ്യവാനും, ക്ഷിപ്രകോപിയും, വികാരവിക്ഷുബ്ധനുമായ ഒരു ബാലനായിത്തീർന്നു. പ്രായപൂർത്തിയെത്തിയപ്പോൾ, അദ്ദേഹം രക്ഷിതാക്കൾക്കെതിരായി നിയമനടപടികളെടുക്കുകയും അതിന്നു പ്രതികാരമായി അവർ അദ്ദേഹത്തിന്നെതിരായി വ്യാജങ്ങളായ ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്തു. ഇതെല്ലാംകൂടി അദ്ദേഹത്തെ വെറുപ്പിച്ചുവെന്നു തോന്നുന്നു. രാഷ്ട്രീയവാദപ്രതിവാദങ്ങളിൽ അദ്ദേഹം പലപ്പോഴും വ്യക്തിപരമായ ശകാരങ്ങളിലേർപ്പെട്ടിരുന്നു. മാസിഡോണിലെ ഫിലിപ്പിൻെറ ഉയർച്ചയാണ് അദ്ദേഹം അഭിമുഖീകരിച്ച ഏററവും വലിയ രാഷ്ട്രീയദശാസന്ധി. ഫിലിപ്പുമായി ഒരു രഞ്ജിപ്പിലെത്തുന്നതിന്നുവേണ്ടി വാദിച്ചിരുന്ന ഒരു വിഭാഗം ആഥൻസിലുണ്ടാ

യിരുന്നു. രാഷ്ട്രീയകാൎയ്യങ്ങളിൽ സാധാരണയായുള്ളപോലെ, ഈ വിഭാഗത്തിലെ അംഗങ്ങൾക്കു വ്യത്യസ്തങ്ങളായ ഉദ്ദേശങ്ങളാണുണ്ടായിരുന്നതു്. അക്കാലത്തെ ഏററവും സത്യസന്ധരായ രാജ്യതന്ത്രജ്ഞന്മാരിൽ ഒരാളായിരുന്ന ഫോസിയോൺ രഞ്ജിപ്പിന്നുവേണ്ടി വാദിച്ചിരുന്നതു്, യുദ്ധം ഗ്രീസിനെ നശിപ്പിക്കുമെന്നു തോന്നിയതുകൊണ്ടും യവനരാഷ്ട്രങ്ങൾ തമ്മിലുള്ള അനൈക്യത്തിലുള്ള വെറുപ്പുകൊണ്ടുമായിരുന്നു. എന്നാൽ എസ്കിനെസ് എന്ന രാജ്യതന്ത്രജ്ഞൻ സമാധാനത്തിന്നുവേണ്ടി വാദിച്ചതു് ഫിലിപ്പിൽനിന്നും കൈക്കൂലി ലഭിച്ചതുകൊണ്ടാണെന്നു തോന്നുന്നു. ഡെമോസ്ഥനീസ്, എസ്കിനെസിനെ നിശിതമായി വിമൎശിച്ചു. അയാളുടെ ദാരിദ്ര്യപീഡിതനായ അദ്ധ്യാപകനായ പിതാവിനെയും, "ഒരു വഴിയമ്പലത്തിൽ, പട്ടാളക്കാർ പലരോടും, സംബന്ധം നിത്യത്തൊഴിലാക്കിയ" അയാളുടെ അമ്മയെക്കുറിച്ചും അദ്ദേഹം പരസ്യമായി വിമൎശിച്ചു. ഇങ്ങനെയൊക്കെയായിരുന്നാലും, ഡെമോസ്ഥനീസിൻെറ പ്രഭാഷണങ്ങളിൽ പരിപക്വമായ വിമൎശനത്തിന്റേതായ ഒരു പ്രധാന അംശമുണ്ടു്: ആഥൻസുകാർ മതപരമായ ഉത്സവങ്ങൾക്കായി പൊതുമുതൽ ലോഭംകൂടാതെ ചെലവാക്കിയിരുന്നു. ഈ ശീലമാണു് രാജ്യത്തിന്റെ ബലഹീനതയ്ക്കു് കാരണമെന്നു് ഡെമോസ്ഥനീസ് വാദിക്കുകയും, ആഥൻസുകാർ അവരുടെ പൂൎവ്വികരുടെ സൈനികഗുണങ്ങൾ കളഞ്ഞുകുളിച്ച അലസന്മാരാണെന്നു് നിന്ദിക്കുകയും ചെയ്തു. ആഥൻസിന്നു് ഒററയ്ക്കു നില്ക്കാനുള്ള ശക്തിയില്ലെന്നു സമ്മതിക്കാൻ അദ്ദേഹം ഒരുക്കമായിരുന്നില്ല. കൈക്കൂലി വാങ്ങിയ രാജ്യതന്ത്രജ്ഞന്മാർ പ്രകീൎത്തിക്കുന്ന ഐക്യം യഥാൎത്ഥത്തിൽ മാസിഡോണിയയിൽ നിന്നുള്ള ജേതാവിന്നു് കീഴടങ്ങൽ മാത്രമാണെന്നു് അദ്ദേഹം വാദിച്ചു. ഏററവും ആവേശഭരിതനായ സന്ദർഭങ്ങളിൽ, അദ്ദേഹം യവനസംസ്കാരത്തിൻെറ ഉത്തമഗുണത്തിന്നു്—സാമൂഹ്യസ്ഥിരതയെ നൽകാൻ പൎയ്യാപ്തതയുള്ള ഏകഗുണമായ പ്രവൃത്തികളുടെ ധാൎമ്മികമൂല്യത്തിലുള്ള നിഷ്കർഷയ്ക്കുവേണ്ടി നിലകൊണ്ടു. നമുക്കു് അദ്ദേഹത്തിന്റെ നിരവധി കുററങ്ങളും കുറവുകളും മറന്നു്, അന്നെന്നപോലെ ഇന്നും സയുക്തമായിരിക്കുന്ന ഈയൊരു

പ്രബോധനം മാത്രം ഓർമ്മിക്കാം: "അനീതിയും പ്രതിജ്ഞാലംഘനവും കാപട്യവും കൊണ്ടു് ഒരു ശക്തമായ രാഷ്ട്രത്തെ സൃഷ്ടിക്കാൻ ഒരിക്കലും കഴിയുകയില്ല. അവ കുറച്ചിട നില നിന്നേക്കാം; അപ്പോൾത്തന്നെ, അവ ആശകളിൽ മാത്രമേ പുഷ്ടിക്കുകയുള്ളൂ. പക്ഷേ, കാലം അവയുടെ ഉള്ളുകള്ളി വെളിച്ചത്താക്കുകയും അവ നിന്നിടത്തുതന്നെ വാടിവീഴുകയും ചെയ്യുന്നു. ഒരു വീട്ടിൻെറയും ഒരു കപ്പലിൻെറയും അടിഭാഗങ്ങൾക്കു് മറെറല്ലാററിനെക്കാളും ഉറപ്പുണ്ടായിരിക്കേണ്ടതുപോലെ, ഒരു രാഷ്ട്രത്തിൻെറ നയത്തിൻെറ അടിസ്ഥാനങ്ങളും സത്യവും ആത്മാർത്ഥവുമായിരിക്കണം.

ഐസോക്രററീസ് (ക്രി. മു. 436–338) ഡെമോസ്ഥനീസിനെക്കാൾ പ്രിയംകരനാണു്. അദ്ദേഹം ആഥൻസിൽ ഒരു വാഗ്വിലാസശിക്ഷണാലയം സ്ഥാപിച്ചു. എന്നാൽ അദ്ദേഹത്തിൻെറ സ്വന്തം പ്രസംഗങ്ങൾ ലഘുലേഖകളായാണു് പ്രസിദ്ധീകരിക്കപ്പെട്ടതു്. ഒരു ആഥൻസുകാരനായതിൽ അദ്ദേഹം അഭിമാനംകൊണ്ടു. "ചിന്തയിലും വാക്കിലും ആഥൻസിൻെറ ശിഷ്യഗണങ്ങൾ ലോകത്തിൻെറ ഗുരുനാഥന്മാരാവത്തക്കവണ്ണം ആഥൻസ് ഇതരലോകത്തെ കവച്ചുവെച്ചിരിക്കുന്നു." പക്ഷേ, പഴയ നാഗരികഗുണങ്ങൾ മാഞ്ഞുമറയുകയാണെന്നു് അദ്ദേഹത്തിന്നു തോന്നി. അതുകൊണ്ടു് തൻെറ നാട്ടുകാരെ അദ്ദേഹം നിശിതമായി വിമർശിച്ചു. ഈ ദശാസന്ധിക്കു കാരണങ്ങൾ, ജനാധിപത്യം മൂഢവർഗ്ഗത്തിൻെറ ഭരണമായധഃപതിച്ചതും, സാമ്രാജ്യദുർമ്മോഹവുമാണെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു. ജനാധിപത്യത്തെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ വിലയിരുത്തൽ പരിപക്വവും യാഥാർത്ഥികവുമായിരുന്നു. അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾ ഇന്നു നമുക്കു് ആശ്വാസം നല്കേണ്ടതാണു്. "നാം നമ്മുടെ കടകളിലിരുന്നു് നിലവിലുള്ള വ്യവസ്ഥിതിയെ വിമർശിക്കുന്നു. എന്നാൽ ന്യൂനപക്ഷവാഴ്ചകളെയപേക്ഷിച്ചു് വളരെ ചുരുക്കം ആപത്തുകൾക്കേ, മോശപ്പെട്ട ജനാധിപത്യഭരണങ്ങൾപോലും ഉത്തരവാദികളാകുന്നുള്ളൂ." പക്ഷേ, ജനാധിപത്യത്തിൻെറ ചൈതന്യം നശിക്കാതിരിക്കേണമെങ്കിൽ, പൗരന്മാർ സ്വാർത്ഥതല്പരന്മാരായ രാഷ്ട്രീയപ്രക്ഷോഭകരുടെ വല

യിൽ കുടുങ്ങാതിരിക്കുവാൻ ജാഗരൂകരായിരിക്കണം. "രാഷ്ട്രത്തിൻെറ കാര്യങ്ങളെക്കുറിച്ച് വിചിന്തനം ചെയ്യുമ്പോഴെല്ലാം, നിങ്ങൾ കുശാഗ്രബുദ്ധികളായ മനുഷ്യരെ അവിശ്വസിക്കുകയും ഏററവും നീചരായ വാഗ്മികളെ കൈക്കൊള്ളുകയും ചെയ്യുന്നു. അനുന്മത്തരായവരെ വിട്ട് മദ്യപിച്ചുന്മത്തരായവരെയും, വിവേകമതികളെവിട്ട് മഠയന്മാരെയും, സ്വന്തം ചെലവിന്മേൽ പൊതുസേവനം ചെയ്യുന്നവരെവിട്ട് പൊതുമുതൽ എടുത്തു വിതരണംചെയ്യുന്നവരെയും നിങ്ങൾ സ്വീകരിക്കുന്നു." സാമ്രാജ്യത്വം, വിദേശങ്ങളിൽനിന്നുള്ള വരവിന്മേൽ ജീവിക്കാൻ ആഥൻസുകാരെ പഠിപ്പിച്ചതുകൊണ്ട് ജനാധിപത്യത്തെ നശിപ്പിച്ചുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. വിദേശങ്ങളിൽനിന്നുള്ള വരവു നിലച്ചപ്പോൾ, രാഷ്ട്രത്തിന്റെ സംഭാവനകൾ കിട്ടി ജീവിക്കാൻ അവർ ആഗ്രഹിച്ചതുകൊണ്ട്, അവക്കു വലിയ വാഗ്ദാനങ്ങൾ നല്കുന്നവരെ ഉന്നതപദവികളിലേക്ക് അവർ തിരഞ്ഞെടുത്തു.

ഐസോക്രററീസ് ആദ്യം ഒരു യവനനും രണ്ടാമതുമാത്രം ഒരു ആഥൻസുകാരനുമായിരുന്നു. തൻെറ ജീവകാലം മുഴുവനും, അദ്ദേഹം യവനരാഷ്ട്രങ്ങളോട് അവരുടെ തുച്ഛമായ സ്വാതന്ത്ര്യംമറന്ന് ഒരേകോപിച്ച രാഷ്ട്രമാവാൻ അഭ്യർത്ഥിച്ചു. രാഷ്ട്രങ്ങൾ തമ്മിലുള്ള അഭ്യന്തരകലഹങ്ങളെ അദ്ദേഹം വിമർശിച്ചു: "മനുഷ്യാവസ്ഥകൊണ്ടു് അനിവാര്യങ്ങളായ ദോഷങ്ങൾ പലതുമുണ്ടെങ്കിലും, അതിലുമധികം നാംതന്നെ ഉണ്ടാക്കിത്തീർത്തിട്ടുണ്ട്, തമ്മിൽ തമ്മിൽ കലഹങ്ങളും യുദ്ധങ്ങളും ഉണ്ടാക്കിയതുകൊണ്ട്. ഈ ദൂഷ്യങ്ങൾക്കെതിരായി, ആരും ഒരിക്കലും പ്രതിഷേധശബ്ദമുയർത്തിയിട്ടില്ല. ഈ ദുഃസ്ഥിതിയിൽനിന്ന് സംജാതമാവുന്ന നിരവധി കൊടും കഷ്ടതകൾ, യഥാർത്ഥങ്ങളായ കഷ്ടതകൾ, വികാരവിഹീനരായി വീക്ഷിക്കുന്ന ജനങ്ങൾതന്നെ കവികല്പിതങ്ങളായ ആപത്തുകളെക്കുറിച്ചു വായിക്കുമ്പോൾ കണ്ണുനീർ പൊഴിക്കുന്നു. ഈ കഷ്ടതകളനുഭവിക്കുന്നവരോടു ജനങ്ങൾക്കു സഹതാപമില്ലെന്നു മാത്രമല്ല, സ്വന്തം ഭാഗ്യത്തിലുമധികം മറെറാരുവൻെറ ദുഃഖത്തിലാണ് അവർ ആനന്ദംകൊള്ളുന്നതു്." അദ്ദേഹം യുദ്ധത്തെ വെറുക്കുകയും ഐക്യത്തിന്നുവേണ്ടി വാദിക്കുകയും ചെയ്തുവെ

ങ്കിലും, മാസിഡോണിലെ ഫിലിപ്പ് വിഭാവനംചെയ്തിരുന്ന ഐക്യം ഒരു സാമ്രാജ്യത്തിൻേറതാണ്, ഒരു രാഷ്ട്രസമുച്ചയത്തിൻേറതല്ല എന്നദ്ദേഹം മനസ്സിലാക്കി. കെറോണിയയിലെ യുദ്ധത്തിൽ ഫിലിപ്പ് വിജയിയായ വാൎത്ത കേട്ടപ്പോൾ, തൊണ്ണൂററിയെട്ടു വയസ്സായ ആ വൃദ്ധൻ നിരാഹാരവ്രതമെടുത്തു് അഞ്ചു ദിവസത്തിന്നുള്ളിൽ മരിച്ചു. യവനപൗരൻെറ അഭിമാനമായിരുന്ന സ്വാതന്ത്ര്യത്തെ അതിജീവിക്കാൻ അദ്ദേഹം ആഗ്രഹിച്ചില്ല.

ഹെറൊഡോട്ടസിൻെറ കാലംമുതല്ക്കു്, യവനചരിത്രകാരന്മാർ തങ്ങളുടെ വിവരണങ്ങളെ രസകരമാക്കുവാൻ, മഹാന്മാരുടെ വൎണ്ണനകളും കൂട്ടിച്ചേൎത്തിരുന്നു. വാഗ്മികളുടെ പ്രഭാഷണങ്ങളിലും ഈവക വൎണ്ണനകളുണ്ടായിരുന്നു; പക്ഷേ, അവയിൽ മിക്കതും എതിരാളികളെക്കുറിച്ചുള്ള ഹാസ്യവിഡംബനങ്ങളായിരുന്നു. ഇവയിൽനിന്നാരംഭിച്ച ജീവചരിത്രം പ്ലൂട്ടാർക്കി(ക്രി. പി. 46—126)ൻെറ കാലത്തു് ഒരു പരിപുഷ്ടമായ സാഹിത്യരൂപമായി വളൎന്നുവന്നു. ഫിലിപ്പിന്റെ വിജയത്താൽ ചരിത്രപ്രഖ്യാതമായ കെറോണിയയിലാണ് പ്ലൂട്ടാൎക്ക് ജനിച്ചതു്. ഗ്രീസ് റോമാസാമ്രാജ്യത്തിന്റെ—കുറെയല്ലാം സ്വയാധികാരമുള്ളതെങ്കിലും—ഒരു ഭാഗമായിത്തീൎന്ന കാലത്താണു് അദ്ദേഹം ജീവിച്ചിരുന്നതു്. അദ്ദേഹം ഏഷ്യാമൈനർ, ഗ്രീസ്, ഇററലി എന്നിവിടങ്ങളിൽ സഞ്ചരിക്കുകയും, കുറച്ചുകാലം റോമിൽ യവനദർശനത്തെക്കുറിച്ച് പ്രഭാഷണങ്ങൾ നൽകുകയും ചെയ്തു. പക്ഷേ, അദ്ദേഹത്തിൻെറ ഏളിയ കുഗ്രാമം അദ്ദേഹത്തെ തിരികെ വിളിച്ചു. എത്രയും ചെറുതായ അതിനെ തൻെറ വേർപാടുകൊണ്ടു് ഇനിയും ചെറുതാക്കാൻ താനാഗ്രഹിക്കുന്നില്ലെന്നു് അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിൻെറ ഏറ്റവും പ്രഖ്യാതമായ കൃതി, പ്രസിദ്ധരായ യവനരുടേയും റോമാക്കാരുടേയും നാല്പത്തിയാറു ജീവചരിത്രങ്ങളാണു്. ജീവചരിത്രങ്ങൾ ജോഡികളായി—ഓരോ ജോഡിയിലും ഒരു യവനനും ഒരു റോമാക്കാരനും—ആണു് അദ്ദേഹം എഴുതിയതു്. അങ്ങനെയാകുമ്പോൾ, താരതമ്യവിവേചനം നടത്തുവാൻ സാധിച്ചതുകൊണ്ടു്, ജീവചരിത്രങ്ങൾക്കു മനശ്ശാസ്ത്രപരമായ കൗതുകം ലഭിച്ചിരുന്നു. ഉദാഹരണ

മായി ബാല്യകാലകുടുംബകഷ്ടതകളാൽ തിക്തമായിത്തീർന്ന ഡെമോസ്ഥനീസിൻെറ വ്യക്തിത്വവും, ധനാഢ്യതകൊണ്ടു പരിഷ്കാരിയും ഫലിതപ്രിയനുമായിത്തീൎന്ന സിസറോവിന്റെ പ്രസാദാത്മകത്വവുമായി താരതമ്യപ്പെടുത്തിയിരിക്കുന്നു. ഈ ജീവചരിത്രങ്ങളുടെ പ്രാധാന്യം ചരിത്രപരമെന്നതിനേക്കാളേറെ, സാന്മാർഗ്ഗികമാണ്. രാഷ്ട്രീയകാൎയ്യങ്ങളിലും സാമ്രാജ്യമാററങ്ങളിലുമെന്നതിലുമധികം, വ്യക്തിപരമായ സ്വഭാവഘടനയിലും പ്രവൃത്തികളിലും പ്രവൎത്തനത്തിന്നുള്ള ഉത്തേജനങ്ങളിലും, കടമനിൎവ്വഹണത്തിലും അതിന്നുള്ള പ്രതിഫലത്തിലും, അഹംഭാവത്തിന്നു ലഭിക്കുന്ന ശിക്ഷയിലും, ക്ഷിപ്രകോപം തിരുത്തുന്നതിലും, മനുഷ്യത്വവും ഔദാൎയ്യബുദ്ധിയും അവസാനം വിജയിക്കുന്നതിലും—ഇതിലൊക്കെയായിരുന്നു പ്ലൂട്ടാർക്കിൻെറ താല്പൎയ്യം.

സമചിത്തതയും സ്ഥിരതയും, ജീവിതത്തിലെ വ്യഥതകളെക്കാൾ ഭാഗ്യങ്ങളെ എണ്ണുന്ന ഒരു നല്ല മനസ്ഥിതിയും പ്ലൂട്ടാർക്കിൻെറ ഗുണങ്ങളായിരുന്നു. അദ്ദേഹമെഴുതിയ വരികൾ വായിക്കുമ്പോൾ, അദ്ദേഹത്തിൻെറ ശുഭാപ്തിവിശ്വാസം നമ്മിലേക്കും പകരുന്നു: "മറ്റു പലരുടേയുംകൂടെ നമ്മളും അനുഭവിക്കുന്ന ആശിസ്സുകളും സുഖസൗകൎയ്യങ്ങളും നാം മറക്കരുത്. നാം ജീവിക്കുന്നു, നമുക്ക് ആരോഗ്യമുണ്ട്, നാം സൂൎയ്യന്റെ വെളിച്ചം കാണുന്നു എന്നീ വസ്തുതകളോൎത്തു നമുക്കാഹ്ലാദിക്കാം. നല്ല മനുഷ്യൻ ഓരോ ദിവസവും ഒരുത്സവവേളയായി കണക്കാക്കുകയില്ലേ? ഈ ലോകം ക്ഷേത്രങ്ങളിൽവച്ച് ഏറ്റവും മഹിതവും അതിൻെറ സ്രഷ്ടാവിന്നു് ഏററവും അനുയോജ്യവുമാണു്. ജനനസമയത്തു് മനുഷ്യൻ ഈ ക്ഷേത്രത്തിലേക്ക് ആനയിക്കപ്പെടുന്നു—കൈകൊണ്ടുണ്ടാക്കിയതും നിശ്ചലങ്ങളുമായ പ്രതിമകളുടെ സാന്നിദ്ധ്യത്തിലേക്കല്ല, ദിവ്യമനസ്സ് നമ്മുടെ ഇന്ദ്രിയങ്ങൾക്കു ഗോചരമാക്കിയിരിക്കുന്ന സൂൎയ്യൻ ചന്ദ്രൻ താരകൾ എന്നിവയുടെയും, എന്നും ശുദ്ധജലം പ്രവഹിച്ചുകൊണ്ടിരിക്കുന്ന നദികളുടെയും ഭക്ഷണം ഉല്പാദിപ്പിക്കുന്ന ഭൂമിയുടെയും സന്നിധിയിലേക്കു്. ഈ ജീവിതം സർവ്വോന്നതമായ രഹസ്യത്തിലേക്കുള്ള സർവ്വോത്തമമായ പരിചയപ്പെടുത്തലായതുകൊണ്ടു്, നാം എപ്പോഴും സന്തോഷിക്കു

കയും ആഹ്ലാദിക്കുകയും വേണം.'' ഈ ശുഭാപ്തിവിശ്വാസത്തിന്ന് ജീവിതത്തിലെ ദുരന്തസംഭവങ്ങളെ ചെറുത്തുനിൽക്കാനുള്ള ധൈര്യം ഒട്ടും കുറവായിരുന്നില്ല. അദ്ദേഹത്തിന്നു തന്റെ പുത്രൻ നഷ്ടപ്പെട്ടപ്പോൾ, ആ കുട്ടിയുടെ കൗതുകകരങ്ങളായ മാതിരികളും അവളുടെ മൃദുലസ്വഭാവവും, അവളുടെ വിയോഗത്തെ വേദനാജനകമാക്കിത്തീർത്ത മററെല്ലാ വസ്തുതകളും അദ്ദേഹം ഓർത്തു. എന്നിട്ടവസാനം പറയുകയാണ്:''എങ്കിലും നാം മററുള്ളവരോടു പറയാറുള്ള സാന്ത്വനങ്ങൾ മറക്കുകയും, നമ്മുടെ ഇപ്പോഴത്തെ വ്യസനം, മുമ്പത്തെ സന്തോഷത്തെ മാച്ചുതുടച്ചുകളയുന്ന ഒന്നാണെന്നു കരുതുകയും ചെയ്യുന്നതെന്തിന്നു്?''

# അദ്ധ്യായം പത്ത്

# നീണ്ട സന്ധ്യ

ക്രി. മു. അഞ്ചാംശതകത്തിൽ, പ്രത്യേകിച്ച് പെരിക്ലീസിൻെറ കാലത്ത്, യവനസംസ്കാരത്തിൻെറ സൃഷ്ടിപരമായ ഉത്തേജനം ഉച്ചകോടിയിലെത്തിയിരുന്നു. തുടന്ന ശതാബ്ദത്തിൽ, പ്രശംസനീയമായ ഈ വികസനംകൊണ്ടു വിവിധോന്മുഖമായി വളന്ന സംസ്കാരം, അലക്സാണ്ടരുടെ ദിഗ്വിജയംമൂലം പുരാതന ലോകത്തിലെങ്ങും വ്യാപൃതമായി. പിന്നീട് ആ ഉൽഗതിയുടെ ശക്തിയൊന്നു കുറയുകയും മാന്ദ്യത ബാധിക്കുകയും ചെയ്യുന്നു. അഡ്രിയാട്ടിക്ക്കടലിന്നപ്പുറത്ത്, പാശ്ചാത്യഭാഗങ്ങളിൽ, റോം മത്സരിച്ചു പുരോഗമിക്കുന്നു. അവസാനമായി, ക്രി. മു. 30-ൽ, ഗ്രീക്കുസംസ്ഥാനങ്ങളിൽപ്പെട്ട ഈജിപ്ത് പിടിച്ചടക്കപ്പെട്ടതോടെയാണ് റോം, ആക്രമണങ്ങളവസാനിപ്പിക്കുന്നതെങ്കിലും, ആക്രമണാരംഭം ക്രി. മു. മൂന്നാംനൂററാണ്ടിൻെറ പ്രാരംഭത്തിലേ തുടങ്ങി. തെക്കെ ഇററലിയിലുള്ള ഗ്രീക്കു കുടിയേറിപ്പാർപ്പുസ്ഥലങ്ങൾ, റോമക്കാർ, ക്രി. മു. 272-ൽ പിടിച്ചടക്കിയിരുന്നു. വടക്കെ അൽബേനിയയിലുള്ള ഇല്ലീരിയ ക്രി. മു. 229-ൽ റോമക്കാരുടെ അധീനരാജ്യമായിത്തീന്നു. ക്രി. മു. 210-ൽ ഗ്രീക്കുകാരിൽനിന്നു സിസിലിയും പിടിച്ചടക്കപ്പെട്ടു. അവസാനമായി ക്രി. മു. 146-ൽ, ഗ്രീസിലെ ഐക്യനാട്ടുകൾ റോമിൻെറ ആക്രമണം തടുക്കാൻ സുസംഘടിതമായി സ്ഥാപിച്ചിരുന്ന കോറിന്ത് ദുർഗ്ഗം റോമക്കാർ പിടിച്ചടക്കി നശിപ്പിച്ചു.

ഗ്രീസ്, ക്രിസ്ത്വബ്ദങ്ങളിലും വളരെക്കാലം നിലനിന്നുപോന്നു. പക്ഷേ, അതൊരു സാമന്താവസ്ഥയിലായിരുന്നു. സാഹിത്യവും ചിന്താഗതിയും ഒന്നാകെ നശിച്ചുപോയില്ലെങ്കിലും, അവ ഒരധീനദേശത്തിൽ ആയിരുന്നതിനാൽ അഞ്ചാം നൂററാണ്ടിലെന്നപോലെ പരിപുഷ്ടമായി വളന്നില്ല. ഗ്രീസിലാകമാനം ഒരിരുളടഞ്ഞു. ആ അധഃപതനം തത്വചിന്തയി

ലായിരുന്നു കൂടുതൽ തെളിഞ്ഞുകണ്ടതു്. അഞ്ചാംശതകത്തിൽ യുക്തിവാദം അലതല്ലിയിരുന്നെങ്കിലും ജീവിതത്തിന്റെ വിലയും ധർമ്മാചരണത്തിന്റെ നിലയും പൊക്കിപ്പിടിച്ചു വാദിക്കുവാൻ ധൈര്യമുള്ളവർ അന്നുണ്ടായിരുന്നു. ധർമ്മാചരണങ്ങൾകൊണ്ടു നേടാവുന്ന ദൈവകൃപയെ സോക്രട്ടീസ് അവഹേളിച്ചു. പക്ഷേ, അന്തരാത്മാവിന്നനുചിതമായി ജീവിക്കാനുള്ള അദ്ദേഹത്തിന്റെ ആഹ്വാനം മരണദണ്ഡത്തെപ്പോലും ചെറുക്കാൻ പര്യാപ്തമായിരുന്നു. എല്ലാററിന്നും പുറമെ, അഞ്ചാംശതാബ്ദത്തിലെ ചിന്താഗതികൾ, വ്യക്തിക്കും സമുദായത്തിന്നും തമ്മിലുള്ള ഐക്യബന്ധങ്ങളെ പുലർത്തിപ്പോരുകയും ചെയ്തു. സമുദായത്തിലെ സംഘടിതജീവിതരീതി നിലനിത്തിപ്പോരുവാൻ കാതലായ ഈ ബന്ധമാണു്, തത്വചിന്ത അധോമുഖമായ സന്ദർഭത്തിൽ ബലഹീനമായിത്തീന്നതു്. തിയോഫ്രാസ്റ്റസ് (ക്രി. മു. 372—287) ജനങ്ങൾ മുമ്പുള്ളപോലെയല്ലെന്നു് ആവലാതിപ്പെട്ടു. അതത്രയും യഥാർത്ഥവുമായിരുന്നു. ധാർമ്മികപഥത്തിൽനിന്നു വ്യതിചലിക്കുവാൻ തുടങ്ങിയ ജനതയുടെ ചിന്താസരണി, ക്രമേണ, ഐന്ദ്രികവിലാസങ്ങളിലും, വിരക്തിവാദത്തിലും, സംശയങ്ങളിലും, നിഷ്ക്രിയാത്മകത്വത്തിലും, നിരുന്മേഷത്വത്തിലും പ്രവഹിക്കുവാൻ തുടങ്ങിയതിൽ ആശ്ചര്യമില്ല.

ഈ പുഴക്കുത്തു് സോക്രട്ടീസിന്റെ കാലംമുതലേ തുടങ്ങിയിരുന്നു. ജീവിതലക്ഷ്യം ആനന്ദമാണെന്നു് അദ്ദേഹം ഉൽഘോഷിച്ചതോടൊപ്പം, ജ്ഞാനം അഥവാ ആത്മസന്തുഷ്ടിയാണു് മനുഷ്യന്നു പരമാനന്ദമെന്നുകൂടി അദ്ദേഹം പ്രഖ്യാപിക്കയുണ്ടായി. എന്നാൽ ഭോഗസുഖവാദസ്ഥാപകനായ അരിസ്റ്റിപ്പസ് (ക്രി. മു. 435—365) അനിശ്ചിതവും, മറഞ്ഞുകിടക്കുന്നതുമായ വിശ്വയാഥാർത്ഥ്യമാരായുന്നതു് വിവേകമല്ലെന്ന നിലയാണു കൈക്കൊണ്ടതു്. അദ്ദേഹത്തിന്റെ അഭിപ്രായം സുഖാനുഭൂതി ബുദ്ധിയിൽനിന്നോ ധർമ്മബോധത്തിൽനിന്നോ അല്ല, ശരീരത്തിൽനിന്നും ഇന്ദ്രിയങ്ങളിൽനിന്നുമാണുളവാകുന്നതു് എന്നാണു്. പൊതുവെ അംഗീകരിക്കപ്പെട്ട തത്വസംഹിതകളെ അദ്ദേഹം നിരാകരിച്ചു. അദ്ദേഹം ഒരു വേശ്യയോടുകൂടി ജീവിക്കുന്നതിനെപ്പറ്റി ആരോ അപലപിച്ചപ്പോൾ,

മറെറാരുത്തൻ താമസിച്ച വീട്ടിൽ താമസിക്കുന്നതിന്നോ, മററുള്ളവർ സഞ്ചരിച്ച കപ്പലിൽ യാത്രചെയ്യുന്നതിന്നോ, തനിക്കു സങ്കോചമില്ലെന്നാണു മറുപടികൊടുത്തതു്. സ്വന്ത താല്പര്യങ്ങൾ സാധിക്കുവാൻ അദ്ദേഹം ദുരാത്മാക്കളുടെ കാല്ക്കൽ കുമ്പിടാൻപോലും മടിച്ചില്ല. അവരിലൊരാൾ അദ്ദേഹത്തിന്റെ മുഖത്തു തുപ്പിയപ്പോൾ, ഒരു മുക്കുവന്നു ചെറിയൊരു മത്സ്യത്തെ പിടിക്കാൻപോലും, മുഖത്തു്, ഇതിലേറെ നനവു സഹിക്കേണ്ടിവരുമെന്നും പറഞ്ഞു് തന്നത്താൻ സമാശ്വസിക്കയുണ്ടായത്രെ!

ജനങ്ങൾ വിലകല്പിച്ചിരുന്ന കാര്യങ്ങളിൽ അവജ്ഞകാണിച്ചു് അവരെ വിറപ്പിക്കണമെന്നുകരുതിയായിരിക്കാം അരിസ്റ്റിപ്പസ് ഇത്തരം അഭിപ്രായങ്ങൾ പുറപ്പെടുവിച്ചതു്. കാരണം, പല സന്ദർഭങ്ങളിലും ധൈര്യത്തോടും അഭിമാനത്തോടുംകൂടിത്തന്നെയാണു് അദ്ദേഹം പെരുമാറിയിരുന്നതു്. പക്ഷേ, ശിഷ്യഗണങ്ങൾ അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ ഗുരുതരമായി പരിഗണിക്കുകയും ഐന്ദ്രിയകോത്സുകത വളത്തുകയും ചെയ്തു. ഏതു വസ്തുക്കളും തനിക്കടിമപ്പെടുകയെന്നല്ലാതെ താനൊന്നിന്നും അടിമപ്പെടരുതെന്നായിരുന്നു അരിസ്റ്റിപ്പസിന്റെ പ്രമാണം.

വിരക്തിവാദസ്ഥാപകനായ അൻറ്റിസ്ഥെനിസ്, (ക്രി. മു. 444—365) മനുഷ്യന്റെ സമ്പത്തുകൾ അവസാനം അവനെ അവയ്ക്കടിമപ്പെടുത്തുമെന്നു വിശ്വസിച്ചു. അതിനാൽ താനൊന്നിന്നും അടിമപ്പെടാതിരിക്കണമെങ്കിൽ തനിക്കൊന്നുമുണ്ടാവരുതെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിമതം. അദ്ദേഹത്തിന്നു് യാതൊരു സമ്പത്തുമുണ്ടായിരുന്നില്ല. കീറത്തുണികളുടുത്തായിരുന്നു എങ്ങും പോയിരുന്നതു്. "വസ്ത്രങ്ങളുടെ കീറലുകളിൽക്കൂടി എനിക്കു നിങ്ങളുടെ ദുരഭിമാനം കാണാൻ കഴിയുന്നുണ്ടു്," എന്നുംപറഞ്ഞു് സോക്രട്ടീസ് ഈ തത്വചിന്തയിലൊളിഞ്ഞുകിടന്നിരുന്ന ദുരഭിമാനത്തെ വെളിപ്പെടുത്തി. കാരണം, വിരക്തിയിലഭിമാനിക്കുന്നവർ ആ അഭിമാനത്തിന്നധീനരല്ലേ? അദ്ദേഹത്തിന്റെ ശിഷ്യനായ ഡയോജനീസ് (ക്രി. മു. 412—323) ഒരു ദേവാലയത്തിന്റെ മുറ്റത്തു്, ഒരു വീപ്പയിലാണു ജീവിച്ചതു്. ആവശ്യമുള്ളതു കൊടുക്കാ

മെന്നു് അലക്സാണ്ടർ ഒരിക്കൽ പറഞ്ഞപ്പോൾ, ആ വിശ്വവിജയിയോടു്, തൻെറമേൽ വീഴുന്ന സൂൎയ്യരശ്മികളെ മറയ്ക്കാതെ മാറിനില്ക്കാൻ ദയവുണ്ടായാൽമതിയെന്നാണത്രെ അദ്ദേഹം മടികൂടാതെ പറഞ്ഞതു്. വിരക്തിവാദികളും പൊതുതത്വങ്ങളെ നിരാകരിച്ചിരുന്നു. ഒരു പ്രതിമയുടെ മുമ്പിൽ കുമ്പിട്ടു നമസ്കരിച്ചിരുന്ന ഒരു സ്ത്രീയെ കണ്ടപ്പോൾ ഡയോജനീസ് പരിഹസിച്ചു ചോദിച്ചു: "നിങ്ങൾക്കിങ്ങനെ ആഭാസമായി നില്ക്കാൻ സങ്കോചമില്ലേ? ഒരുപക്ഷേ, നിങ്ങളുടെ പിന്നിൽ വല്ല ദൈവവും നില്ക്കുന്നുണ്ടെങ്കിലോ? എല്ലാദിക്കിലും ദൈവമുണ്ടെന്നല്ലേ നിങ്ങളെപ്പോലുള്ളവർ പറയുന്നതു്!" വിരക്തിവാദികൾ സംഭോഗേച്ഛ ന്യായീകരിച്ചു. അതിനാൽ അവർ വ്യഭിചാരത്തെ പ്രോത്സാഹിപ്പിച്ചു. ഇതത്ഭുതമായിത്തോന്നാം. പക്ഷേ, സാധാരണ വിശപ്പുപോലെതന്നെയാണു ഭോഗേച്ഛയെന്നും, വിശപ്പടക്കൽ പൊതുസ്ഥലങ്ങളിൽവെച്ചാവാമെങ്കിൽ സംഭോഗസംതൃപ്തിയുമാവാമെന്നുമവർ വാദിച്ചു. സിദ്ധാന്തങ്ങൾക്കനുസരിച്ച ധൈൎയ്യവുമവൎക്കുണ്ടായിരുന്നു. അവസാനം മനുഷ്യനു മരണസ്വാതന്ത്ര്യംകൂടിയുണ്ടാവണമെന്നും, മരിക്കുന്ന സമയവും സ്ഥലവും നിശ്ചയിക്കാൻ അവനധികാരമുണ്ടാവണമെന്നും, അതിനാൽ ആത്മഹത്യ ന്യായമാണെന്നും അവർ പ്രഖ്യാപിച്ചു. പഴമൊഴി അനുസരിച്ചു്, ഡയോജനീസ് ശ്വാസമടക്കിയാണു് ആത്മത്യാഗം ചെയ്തതു്. പിന്നീടു മററു ചില വൈരാഗികളും ആത്മത്യാഗത്തെപ്പററി ഈ അഭിപ്രായംതന്നെ സ്വീകരിച്ചു.

അലക്സാണ്ടരുടെ സൈന്യത്തോടൊപ്പം ഇന്ത്യ സന്ദർശിച്ചിട്ടുണ്ടെന്നു തോന്നുന്ന പിറൊ (ക്രി. മു. 365—275) സ്ഥാപിച്ചതാണു് അനിശ്ചിതവാദം. സത്യമാരായുകയെന്നതുതന്നെ അദ്ദേഹം നിഷേധിച്ചു. യാതൊന്നിന്നും നിശ്ചിതരൂപം കൊടുക്കവെയ്യന്നും, തന്റേടമുള്ളവർ അമ്മാതിരി ഉദ്യമങ്ങളിൽനിന്നു പിൻമാറുകയാണു വേണ്ടതെന്നും, സത്യമാരായുവാൻ മിനക്കെടുന്നതിനേക്കാൾ ശാന്തിതേടുകയാണു നല്ലതെന്നും, തത്വങ്ങളെല്ലാംതന്നെ തെററായിരിക്കാൻ ന്യായമുള്ളതിനാൽ കാലാനുകൂലമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും അപ്പടി സ്വീകരിക്കയാണു് ഉചിതമെന്നും അദ്ദേഹം വാദിച്ചു.

ഇന്ദ്രിയങ്ങൾക്കോ യുക്തിക്കോ ഒന്നിനേപ്പററിയും കൃത്യബോധമുളവാക്കാൻ കഴികയില്ലെന്നും വാദിച്ചു. ഐന്ദ്രിക വൈവിധ്യത്തിന്നനുസരിച്ചായിരിക്കും വസ്തുനിരീക്ഷണങ്ങളുടെ ഫലമെന്നും, യുക്തി, മനുഷ്യന്റെ പ്രചോദനങ്ങൾക്കനുസരിച്ചു തോന്നുന്ന വികാരങ്ങൾക്കു വിധേയമാണെന്നും അദ്ദേഹം വിശ്വസിച്ചു. കക്ഷിവഴക്കുകളിൽ പങ്കുപിടിക്കുന്നതോ, ജീവിതരീതിയിൽ മാററങ്ങളഭിലഷിക്കുന്നതോ, സ്ഥലങ്ങൾ മാറുന്നതോ കിട്ടാത്തതിനെപ്പററി ചിന്തിക്കുന്നതോ, ഭാവിഭാസുരതയെപ്പററി സ്വപ്നംകാണുന്നതോ വെറും വിഡ്ഢിത്തമാണെന്നദ്ദേഹം പ്രഖ്യാപിച്ചു. ആശ വെറും വ്യാമോഹമാണെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. അദ്ദേഹത്തിന്റെ ശിഷ്യനായ അർസെസിലാസ് (ക്രി. മു. 316—241) ഈ അനിശ്ചിതവാദത്തിന്റെ അങ്ങേയററംവരെ പോയി. ഒന്നും നിശ്ചിതമല്ലെന്നു മാത്രമല്ല, അങ്ങനെ വിചാരിക്കുന്നതുതന്നെയും നിശ്ചിതമല്ലെന്നുമായിരുന്നു അദ്ദേഹത്തിന്റെ അഭിമതം.

ക്രിസ്ത്വബ്ദം ഒന്നാംശതകത്തിൽ എനിസിഡീമസ് അലക്സാണ്ട്റിയയിൽവെച്ച് അനിശ്ചിതവാദത്തിന്റെ നിലപാട് വീണ്ടും വിശദീകരിക്കയുണ്ടായി. ഐന്ദ്രികജ്ഞാനത്തെയും, വിശ്വാസത്തെയും, ആചാരത്തെയും ആസ്പദിച്ചുതന്നെയായിരുന്നു ആ വിശദീകരണം. ഇന്ദ്രിയങ്ങളെ വിശ്വസിക്കാൻ വയ്യാത്തതിനാൽ യാഥാർത്ഥ്യമറിവാൻ കഴികയില്ല. അവയുടെ ചേഷ്ടകൾ നമ്മുടെ മാനസികവും കായികവുമായ സ്ഥിതികളെ—അതായതു് യൗവനം വാർദ്ധക്യം, ആരോഗ്യം അനാരോഗ്യം എന്നിവയെ—ആസ്പദിച്ചിരിക്കും. പ്രപഞ്ചത്തിന്റെ തുച്ഛമായൊരുഭാഗം മാത്രമെ അവയ്ക്കു ഗോചരമാവുന്നുള്ളു; ഇന്ദ്രിയഘടനയുടെ പരിധികൾക്കുള്ളിൽ മാത്രം അനുഭവവേദ്യമാകുന്ന വർണ്ണവൈവിധ്യവും, ശബ്ദവും ഗന്ധവും മററും മാത്രം. ജീവജാലങ്ങളുടെ ഇന്ദ്രിയങ്ങൾ വിഭിന്നരീതിയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാൽ ആ ഇന്ദ്രിയങ്ങൾക്കു ഗോചരമാവുന്ന വസ്തുക്കൾ വ്യത്യസ്തരൂപത്തിലേ അനുഭവപ്പെടുകയുള്ളു. അങ്ങനെ വ്യത്യസ്തവും, ന്യൂനവും ഭാഗികവുമായ വസ്തുസ്ഥിതികളിൽനിന്നു, പ്രപഞ്ചത്തിന്റെ സത്യനിഷ്ഠമായ രൂപം കാണ

ന്നതെങ്ങനെയാണു്? അതുപോലെ, ഒരു വ്യക്തിയുടെ വിശ്വാസങ്ങൾ അവൻ വളൎന്ന പരിതഃസ്ഥിതികളിലെ ആചാരങ്ങൾ, മതം, സ്ഥാപനങ്ങൾ, നീതിന്യായങ്ങൾ എന്നിവയാസ്പദിച്ചിരിക്കും. എന്നിരിക്കെ അവൻ കൎമ്മവിഷയകമായി സ്വാതന്ത്ര്യനിലയിൽ ചിന്തിക്കുന്നതെങ്ങനെ? രണ്ടാംനൂററാണ്ടിൽ സെക്സ്ററസ്, ന്യായത്തെ ഭർത്സിച്ചും ഈ വാദമുന്നയിച്ചു. പൂൎണ്ണമായ വസ്തുസ്ഥിതികളിൽനിന്നേ ന്യായമായ തീരുമാനങ്ങളെടുക്കാൻ കഴിയൂ. കിട്ടിയ ലക്ഷ്യങ്ങൾ പൂൎണ്ണമാണെന്നും, ന്യൂനത കാണുകയില്ലെന്നും എങ്ങനെ നിശ്ചയിക്കും? സെക്സ്റ്റസ് ഹ്യൂമിന്റെ തത്വം അന്നേ കണ്ടിരുന്നു. കാരണം, ഹേതുത്വമെന്നതു സംഭവങ്ങളുടെ പരമ്പരമാത്രമാണു്; ഹേതുത്വമാണു ഫലമുളവാക്കുന്നതെന്നു പറഞ്ഞുകൂടാ, എന്നായിരുന്നു അദ്ദേഹത്തിൻെറ വാദം. പിറൊവിനെപ്പോലെ സെക്സ്ററസ്സും കാലാനുകൂലമായ ആചാരങ്ങളും ധൎമ്മങ്ങളും സ്വീകരിച്ചു. ഒന്നും നിശ്ചിതമല്ലാത്തതിനാൽ, എല്ലാം കണ്ടപടി സ്വീകരിക്കുന്നതാണു നല്ലതെന്നായിരുന്നു അദ്ദേഹം വാദിച്ചതു്.

ദാർശനികചിന്തയുടെ പോക്കിൻെറ ഉള്ളുകള്ളിയറിയുവാൻ വലിയ പ്രയാസമില്ല. രാഷ്ട്രീയമായി ഗ്രീക്കുകാർ ഒട്ടുമുക്കാലും ഗതവീൎയ്യന്മാരായിരുന്നു. അവൎക്കു രാഷ്ട്രീയകാൎയ്യങ്ങളിൽ അട്ടത്തിടപെടുവാൻ സന്ദർഭം കിട്ടിയില്ല. സമുദായസമോല്ലർഷത്തിനുവേണ്ടി പ്രവൎത്തിക്കാനുള്ള മോഹമോ, അതിനുവേണ്ടി മല്ലിട്ടു പൊരുതുവാനുള്ള സമുത്സുകതയോ ഇല്ലാതായി. അതിനാൽ ഓരോരുത്തനും സ്വന്തം ജീവിതംമാത്രം നോക്കുവാൻ നിർബന്ധിതനായി. പുരാണങ്ങളും ആചാരങ്ങളും യുക്തിവാദങ്ങളുടെ വിശ്ലേഷണത്തിന്നു വിധേയമാക്കി തൎക്കുത്തരങ്ങളുളവാക്കുന്നതിനേക്കാൾ അവയെ ഉള്ളപടി സ്വീകരിക്കുന്നതാണു നല്ലതെന്നുകണ്ടു അനിശ്ചിതവാദികൾ. പുറമെ, വേദാന്തവാദങ്ങൾ വെറും പൊള്ളാപ്പുകളും, നിഷ്പ്രയോജനങ്ങളും നിരുപാധികമായി ഒരു തീൎപ്പിലെത്തുവാൻ കരുത്തില്ലാത്തവയും ആണെന്നു താൻ തെളിയിച്ചുവെന്നും പറഞ്ഞു, പിറൊ ആവക വാദങ്ങളൊതുക്കുവാൻ നോക്കി. പൗരസ്ത്യ റോമൻസാമ്രാജ്യത്തിലെ ചരിത്രകാരനായ പ്രോകോ

പ്ലിയസ് ആറാംനൂററാണ്ടിൽ ഇതേററുപാടിയിട്ടുണ്ട്. അദ്ദേഹം എഴുതി: "ഈശ്വരൻെറ പ്രകൃതിയാരായുന്നതു തനി വങ്കത്തമാണെന്നാണു ഞാൻ കരുതുന്നതു്...പക്ഷേ, പഴമയും പാവനതയുമുള്ള വിശ്വാസങ്ങൾക്കു യാതൊരു ന്യൂനതയും വരാതിരിക്കട്ടെയെന്ന ഒരൊററയാവശ്യത്തിന്നുവേണ്ടി ഞാൻ ഈ പ്രശ്നങ്ങളിൽ മൗനമവലംബിക്കുന്നതാണു്."

ഏഷ്യൻ വൻകരയിലെ ലംപാസ്കസിൽ എപ്പിക്യൂറസ് (ക്രി. മു. 342—270) അതിവിഖ്യാതനായി. അവിടത്തുകാർ പണം പിരിച്ചു് ആഥൻസിൽ ഒരു വീട്ടും തോട്ടവും വാങ്ങി അദ്ദേഹത്തെ അവിടെ താമസിപ്പിച്ചു. അദ്ദേഹം ഡെമോക്രിററസിൻെറ പരമാണുസിദ്ധാന്തമംഗീകരിച്ചു. ജ്ഞാനസമ്പാദനം ക്ഷിപ്രസാദ്ധ്യമല്ലെന്നു് അദ്ദേഹം കണ്ടു. ഇന്ദ്രിയങ്ങളിലൂടെയല്ലാതെ മറെറങ്ങനെയാണു കാൎയ്യങ്ങളറിയുക? മാത്രമല്ല, കാൎയ്യങ്ങളുടെ യാഥാൎത്ഥ്യം ഇന്ദ്രിയങ്ങളിലൂടെ അറിയാൻ തരമില്ലെങ്കിൽ, അതതു ഇന്ദ്രിയങ്ങൾക്കു ഗോചരമായ വസ്തുതകൾ മാത്രം കൈകാൎയ്യംചെയ്യുന്ന യുക്തിക്കു കൂടുതൽ എന്തു ചെയ്യാൻ കഴിയും? അദ്ദേഹം അമ്മാതിരി നിഷ്പ്രയോജനങ്ങളായ ചൎച്ചകളിൽ അധികമൊന്നും തല പുകച്ചില്ല. ഈ വിസ്തൃതമായ പ്രപഞ്ചത്തിലെ എത്രയോ ചെറിയൊരംശം മാത്രമായ മനുഷ്യൻ, ആ പ്രപഞ്ചത്തിൻെറ രഹസ്യം മുഴുവനും മനസ്സിലാക്കാൻ ഒരിക്കലും ശക്തനല്ലെന്നും, ദാർശനികകൎത്തവ്യം ലോകരഹസ്യങ്ങളെ വിശകലനം ചെയ്യുകയെന്നതല്ല, പ്രശാന്തതയ്ക്കു വഴിതെളിയിക്കുകയെന്നതാണു് എന്നുമാണു് അദ്ദേഹത്തിൻെറ വാദം. പക്ഷേ, അനന്തരകാലങ്ങളിൽ ഈ തത്വചിന്തകൻെറ ചിന്താഗതി, മനുഷ്യജീവിതത്തിന്റെ പരമോദ്ദേശം സുഖസമ്പാദനമാണെന്നായി തെററിദ്ധരിക്കപ്പെട്ടുകയാൽ, അതിനെ സുവ്യക്തമാക്കേണ്ടിയിരിക്കുന്നു. പരിമിതമായ ഐന്ദ്രികസുഖങ്ങൾ അവകാശപ്പെടുന്നതു ന്യായമാണെന്നു് അദ്ദേഹം പറഞ്ഞു. പക്ഷേ, കൂടുതലാനന്ദം ജ്ഞാനസമ്പാദനത്തിലാണെന്നും, അനന്തരഫലങ്ങൾ ഹാനികരമാകാതെ ഐന്ദ്രികസുഖങ്ങളെ എത്രത്തോളമാരായാമെന്നു ജ്ഞാനത്തിന്നു മാത്രമേ കാണിക്കാൻ കഴികയുള്ളുവെന്നും അദ്ദേഹം പറഞ്ഞു. ശുദ്ധവായു, ലഘുഭക്ഷണം, ചെറിയ ഭവനം,

KOTTAYAM PUBLIC LIBRARY KOTTAYAM

കുറെ ഗ്രന്ഥങ്ങൾ, ഒരു മിത്രം എന്നിങ്ങനെ എത്രമാത്രം കുറച്ചേ വേണ്ടു യഥാർത്ഥ സംതൃപ്തിക്ക് എന്നാലോചിക്കാൻ അദ്ദേഹം ജനങ്ങളോടാവശ്യപ്പെട്ടു. എളുപ്പത്തിലുള്ള എല്ലാ വസ്തുക്കളും നിഷ്പ്രയാസം കിട്ടുമെന്നും അത്യന്താപേക്ഷിതമല്ലാത്ത വസ്തുക്കൾ മാത്രമാണു വിലകൂടിയവയെന്നും അദ്ദേഹം ഉൽബോധിപ്പിച്ചു. ഉള്ളിൽ തോന്നുന്ന എല്ലാ ആഗ്രഹങ്ങളും സാധിപ്പിക്കാൻ തുനിഞ്ഞു ജീവിതം ഭാരമാക്കിത്തീർക്കരുത്. ജ്ഞാനംകൊണ്ടു നിയന്ത്രിക്കപ്പെടുന്ന സമുചിതസംരംഭങ്ങളിൽനിന്നുൽഭൂതമാവുന്ന മധുരജീവിതത്തിലുള്ള പ്രശാന്തതയാണു ജ്ഞാനികളഭിലഷിക്കുന്നത്. ശാന്തി തേടുന്ന വ്യക്തികളെ ഇഷ്ടാനുസാരം വിടാനനുവദിക്കുന്ന ഏതു രാഷ്ട്രീയഘടനയേയും അംഗീകരിക്കുവാൻ എപ്പിക്യൂറസ് തയാറായിരുന്നു. ജീവിതത്തോടുള്ള തൻെറ സമീപനരീതി, ഈ തത്വചിന്തകൻ വിശദമായി പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നെങ്കിലും അദ്ദേഹത്തിൻെറ ജീവിതകാലത്തുതന്നെ തെററിദ്ധാരണ പരന്നു. അദ്ദേഹത്തിൻെറ ശിഷ്യനായ മെട്രോഡോറസ്, ആശയക്കുഴപ്പംമൂലം, കാലാന്തരത്തിൽ എപ്പിക്യൂറസിൻെറ തത്വം 'എന്നും ഉദരനിമിത്തം' എന്നായി വ്യാഖ്യാനിച്ചു. ജീവിതലക്ഷ്യം വെറും ശാരീരികസുഖമാണെന്നുമാക്കിത്തീർത്തു.

ഭോഗസുഖവാദം, വിരക്തിവാദം, അനിശ്ചിതവാദം, മിതഭോഗവാദം എന്നീ ചിന്താസരണികൾക്കു പുറമെ നിസ്സംഗവാദം എന്ന മറെറാരു വാദവുമാവിർഭവിച്ചു. സൈപ്രസ്സിലെ സീനോ (ക്രി. മു. 336—264) ആയിരുന്നു അതിൻെറ സ്ഥാപകൻ. അദ്ദേഹം ഒരു വ്യാപാരിയായിരുന്നു. വളരെ സമ്പാദിച്ചു, കപ്പൽ പൊളിഞ്ഞു, എല്ലാം നശിച്ചു. അവസാനം ഒരഗതിയുടെ നിലയിൽ ആഥൻസിലെത്തി. അദ്ദേഹം അവിടെവെച്ച് ഒരു തത്വചിന്തകനെക്കണ്ടു. ആ ചിന്തകൻ, അവസാനം കപ്പൽ പൊളിഞ്ഞതാണു തൻെറ ജീവിതത്തിലെ ഏററവും സന്തോഷപ്രദമായ സംഭവമെന്ന് സീനോ പറയത്തക്ക നിലയ്ക്ക് അദ്ദേഹത്തിൽ പരിവർത്തനമുണ്ടാക്കി. സീനോ പ്രചരിപ്പിച്ച നിസ്സംഗവാദം, വസ്തുക്കളെയും പ്രപഞ്ചത്തെയുംപററിയുള്ള വൈജ്ഞാനികതത്വസംഹിതകളംഗീകരിച്ചു.

പദാൎത്ഥം (പിണ്ഡം) ഒന്നുമാത്രമേ ഉള്ളു വിശ്വത്തിൽ. പക്ഷേ, പിണ്ഡത്തിൽ ചൈതന്യം അന്തൎല്ലീനമാണു്. ഈ സ്വതസ്സിദ്ധമായ ശക്തി കാരണം, സൎവ്വ ചരാചരങ്ങളും വികസനം, സങ്കോചനം, വൎദ്ധന, വിനാശം എന്നീ വൃത്തികളാവൎത്തിച്ചുവരുന്നു. നിസ്സംഗവാദികൾ പ്രപഞ്ചത്തെ സജീവമായും, ഈശ്വരനെ അന്തരാത്മാവായും, പ്രപഞ്ചത്തിൻെറ പ്രാണനായും വ്യാഖ്യാനിച്ചു. പ്രപഞ്ചത്തിൻെറ മഹത്തായ നിൎവ്വഹണത്തിൻെറ പിന്നിലുള്ള ശക്തിയെയാണു ദൈവം എന്നു് അവർ നിൎവ്വചിച്ചതു്. ഈ മഹാഗ്നികുണ്ഡത്തിൽനിന്നു് ഒരു ചെറു തീപ്പൊരി മാത്രമാണു മനുഷ്യൻെറ യുക്തിയെന്നും, ആ പ്രപഞ്ചശക്തിക്കു വഴങ്ങിനില്ക്കുകയാണു ധൎമ്മമെന്നും, സൎവ്വവ്യാപിയായ ഈശ്വരൻെറ സാക്ഷാൽക്കാരം തെളിഞ്ഞു പ്രകാശിക്കുന്ന മുക്തിയിലാണു ധൎമ്മാചാരങ്ങൾ അധിഷ്ഠിതമാകേണ്ടതെന്നും വാദിച്ചു്, അനുഭവങ്ങളെ സ്വാൎത്ഥപരമായി ഇഷ്ടാനുസാരം ന്യായീകരിക്കാനും ആകാംക്ഷകളെ ദുരാശകളാക്കി മാററുവാനുമുള്ള വാസനകളെ അവർ പ്രതിരോധിച്ചു.

ആഗ്രഹങ്ങളിലും ആവേശങ്ങളിലും ഈ പ്രതിരോധമനോഭാവം ക്രമേണ കല്പിച്ചതുകൊണ്ടാണു നിസ്സംഗവാദം, എപ്പിക്യൂറസ് നിർദ്ദേശിച്ച മിതഭോഗവാദം കടന്നു്, ആപൽസൂചകമായ നിലക്കു പ്രപഞ്ചജീവിതനിഷേധം വരെ എത്തിയതു്. മനുഷ്യൻെറ വൈകാരികജീവിതത്തിനെ ഉത്തേജിപ്പിക്കുന്ന കാൎയ്യങ്ങൾ യുക്തിക്കും നീതിബോധത്തിനും അനുയോജ്യമായി വിനിയോഗിക്കുന്നതിനും, അവയെ അടിച്ചമൎത്തി കൎത്തവ്യത്തിനു ലക്ഷ്യമില്ലാതെയായി, കൎമ്മത്തിൽനിന്നു വിരമിക്കുന്നതിനും തമ്മിൽ വലിയ വ്യത്യാസമുണ്ടു്. നിസ്സംഗവാദം കൎമ്മോന്മുഖമോ കൎമ്മവിമുഖമോ ആവാം. ഈ രണ്ടു നിലകളും വേർതിരിക്കുന്നതിൽ ഗീത പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ടു്. മാത്രമല്ല, കൎമ്മവിമുഖത, കൎത്തവ്യങ്ങളിൽനിന്നു കല്പിച്ചുകൂട്ടി ഒഴിഞ്ഞുമാറലാകയാൽ, അതൊരു നിലക്കു് നിഷേധാത്മകമായ കൎമ്മോന്മുഖത, അഥവാ കൎമ്മലോപം തന്നെയാണെന്നാണു് ഗീത പഠിപ്പിക്കുന്നതു്. അതിനാൽ അകൎമ്മവാദം സാധുവല്ല. ഈ അപകടം വ്യക്തമായി സൂചിപ്പിക്കാഞ്ഞതിനാൽ

നിസ്സംഗവാദം രണ്ടുതരത്തിലായി. റോമാക്കാരുടെ കീഴിൽ രാഷ്ട്രീയമാന്ദ്യതയിലാണ്ട അനന്തര ഗ്രീക്കചിന്തകന്മാർ ഏറെക്കുറെ കർമ്മരഹിതരായിത്തീർന്നു. മതമോ, ജാതിയോ, ധനവാനോ, ദരിദ്രനോ, യജമാനനോ, അടിമയോ എന്നൊന്നും വ്യത്യാസമില്ലാത്ത ഒരു സമുദായം സ്ഥാപിക്കുവാൻ കഴിയുമെന്നായിരുന്നു നിസ്സംഗവാദികളുടെ ആന്തരവിശ്വാസം. പക്ഷേ, ഓരോ വ്യക്തിയും സർവ്വ ആശകളും ത്യജിച്ചു നിഷ്കാമനായി വെറുതേ ഇരുന്നാൽ അങ്ങനത്തെയൊരു സുവർണ്ണയുഗം തനിയെ ഉദിച്ചുകൊള്ളുമെന്നു് അവർ വിശ്വസിച്ചു. അതുകൊണ്ടാണു രാഷ്ട്രീയജീവിതത്തിൽ അവർ ഉദാസീനരായിത്തീർന്നതു്. പ്രശ്നം അത്ര സുസാധകമല്ല. അമ്മാതിരിയൊരു സമുദായം സൃഷ്ടിക്കണമെങ്കിൽ ജനങ്ങൾ അതിന്നുവേണ്ടി അഭികാമ്യമായ ഒരു പദ്ധതി ആസൂത്രണം ചെയ്യണമെന്നും, അശ്രാന്തപരിശ്രമം ചെയ്യണമെന്നും ചരിത്രം പഠിപ്പിക്കുന്നുണ്ടു്. ഈ അവശദശയിലുള്ള ഗ്രീക്കുകാരെപ്പോലെയല്ലാതെ, റോമാക്കാർ കർമ്മോന്മുഖരായി പുരോഗമിച്ചു. അവരിലുള്ള മുൻപന്മാരെല്ലാരും കർമ്മതല്പരരായ നിസ്സംഗവാദികളായി. അവരുടെ ചിന്താഗതി അവരെ കർമ്മവിമുഖരാവാൻ പ്രേരിപ്പിച്ചില്ലെന്നു മാത്രമല്ല, ഉദ്ദേശിച്ച ഫലമല്ല എല്ലായ്പോഴും കിട്ടിയിരുന്നതെങ്കിലും, കർത്തവ്യം തുടർന്നുകൊണ്ടു പോകാനുള്ള ഉത്തേജനം നൽകുകയും ചെയ്തു. ഈ തരത്തിലുള്ള നിസ്സംഗവാദം റോമാക്കാരെ, വലിയ ഫലേച്ഛയില്ലാതെതന്നെ, കർമ്മോന്മുഖരാകുവാൻ സഹായിച്ചു. ചരിത്രപരമായി നോക്കുന്നതായാൽ, ക്രിസ്തുമതത്തിന്നു വഴിതെളിയിച്ചുവെന്നതാണു നിസ്സംഗവാദത്തിൻെറ പ്രാധാന്യം. കർമ്മവിമുഖതയും ലോകോല്ലഷത്തിന്നുള്ള കർമ്മതല്പരതയും തമ്മിലുള്ള പഴയ വടംവലിതന്നെയാണു് ക്രിസ്തുമതത്തിൻെറ ആദ്യകാലചരിത്രത്തിൽ പ്രതിഫലിച്ചുകാണുന്നതെന്നുള്ളതും അർത്ഥവത്തായിട്ടുള്ളതാണു്.

നിസ്സംഗവാദാധീനമായ ക്രൈസ്തവമതസ്വഭാവം, എപ്പിക്റ്റീററസ് (ക്രി. പി. 60—120) വ്യക്തമായി നിഴലിച്ചതു കാണാം. ഏഷ്യാമൈനറിലെ ഒരടിമയായിരുന്ന അദ്ദേഹം, യജമാനന്മാരുടെ ക്രൂരത കാരണം കുട്ടിക്കാലത്തുതന്നെ മുട

ന്തനായി. അവസാനം അദ്ദേഹത്തെ വിമോചിപ്പിച്ചു റോമി ലാക്കുകയും, ഡൊമിഷ്യൻചക്രവത്തി, തത്വചിന്തകന്മാരെല്ലാംതന്നെ രാജകീയഭരണത്തിന്നു വിരുദ്ധന്മാരാണെന്നും പറഞ്ഞു സകലരെയും പുറത്താക്കുന്നതുവരെ അവിടെത്തന്നെ അദ്ദേഹം താമസിക്കയുംചെയ്തു. പിന്നീട്ട് അദ്ദേഹം ഗ്രീസിൽ, നിക്കോപോളിസിലേക്കു പോയി. തനിക്കു ബഹുമാന്യനായ സോക്രട്ടീസിനെപ്പോലെത്തന്നെ, അദ്ദേഹവും യാതൊന്നും രേഖപ്പെടുത്തിയിട്ടില്ല. പക്ഷേ, അദ്ദേഹത്തിൻെറ പ്രഭാഷണങ്ങളെല്ലാം, ശിഷ്യനായ ആരിയൻ കുറിച്ചെടുത്തു. നിസ്സംഗവാദത്തിലടങ്ങിയിരുന്നതും പിന്നീടു ക്രിസ്തുമതത്തിന്നു പരിഹാരം കണ്ടുപിടിക്കേണ്ടിവന്നതുമായ ആസ്തിക—നാസ്തികസംവാദം അദ്ദേഹത്തിൽ ആദ്യമേ കണ്ടിരുന്നു. ചിലപ്പോൾ ശരീരത്തെപ്പററി അദ്ദേഹം, മദ്ധ്യകാലമുനിമാരെപ്പോലെ, അവജ്ഞയോടെ സംസാരിക്കുന്നു: "ദേഹം മലിനവസ്തുക്കളാൽ പരിപൂരിതമാണ്. ഞാൻ ഈ ഉറ നിറയ്ക്കുകയും ഒഴിക്കുകയും ചെയ്യുവാൻ നിർബ്ബന്ധിതനാകുന്നു. കൂടുതൽ വൈഷമ്യങ്ങൾക്കിനി എന്തുവേണം?" പക്ഷേ, മററൊരവസരത്തിൽ, മനുഷ്യന്നു ഉയിരേകിയ ദൈവത്തെ അദ്ദേഹം വാഴ്ത്തുന്നു: "പണിയെടുക്കുമ്പോഴോ, ഉണ്ണുമ്പോഴോ, നിലമുഴുതുമ്പോഴോ ഈശ്വരനെ സ്തുതിക്കേണ്ടതല്ലേ? കിളയ്ക്കുമ്പോഴും ഉഴുതുമ്പോഴും ഭക്ഷണം കഴിക്കുമ്പോഴും ഈശ്വരനെ വാഴ്ത്തി സ്തുതിപാടേണ്ടതല്ലേ? ഭൂമിയുഴുതുല്പന്നങ്ങളുണ്ടാക്കാൻ വേണ്ടത്ര സാമഗ്രികൾ തന്നരുളിയ ജഗന്നിയന്താവ് മഹാനാണ്! കൈകാലുകൾ, ദീപനശക്തി, വളർച്ച, നിദ്രാവേളയിലും ശ്വാസോച്ഛ്വാസത്തിന്നുള്ള കഴിവു എന്നിവയെല്ലാം നമുക്കു തന്നനുഗ്രഹിച്ച ജഗദീശ്വരൻ വലിയവൻതന്നെയാണ്."

വളരെക്കാലം അദ്ദേഹം അവിവാഹിതനായിരുന്നു. കാരണം വിജ്ഞാനദാനം അപത്യോല്പത്തിയെക്കാൾ മഹത്തായിരുന്നുവെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. പക്ഷേ, അദ്ദേഹം പിന്നീട്ട്, പരിത്യജിക്കപ്പെട്ട ഒരു കുഞ്ഞിനെ കണ്ടെത്തുകയും അതിനെ സംരക്ഷിക്കാൻവേണ്ടി മാത്രം ഒരു സ്ത്രീയെ ഭാൎയ്യയാക്കി സ്വീകരിക്കുകയും ചെയ്തു.

അദ്ദേഹംതന്നെ പ്രതിപാദിച്ചതുപോലെ, അദ്ദേഹത്തി

ൻെറ സ്വഭാവം "ഈശ്വരനിലും, ദൈവനീതികളിലും ദൈവകല്പനകളിലും ഉദ്യുക്തമായിരുന്നു." ഈശ്വരനെ പ്രപഞ്ചപ്രവത്തനത്തിനു പിന്നിലുള്ള യുക്തിയായും, മനുഷ്യന്റെ യുക്തിബോധം ആ മഹാശക്തിയിൽനിന്നൊരു ജ്യോതിശ്ശകലമായും, മനുഷ്യരെ ഈശ്വരൻെറ സന്തതികളായുമാണു് അദ്ദേഹം വിവക്ഷിച്ചതു്. മനുഷ്യൻ വിഷമതകളെപ്പററി ആവലാതിപ്പെട്ടപ്പോൾ, പ്രപഞ്ചത്തിൻെറ ഒരു ക്ഷുദ്രകണം, അതിൻെറ പരിപൂൎണ്ണരഹസ്യമറിയാതെ, മൂഢതയുടെ കുട്ടക്കിൽപ്പെട്ടുപോകുകയാണു്. "ധാന്യങ്ങൾക്കു വേദനയനുഭവപ്പെട്ടുമെങ്കിൽ, അവ തങ്ങളെ കൊയ്യരുതെന്നു പ്രാൎത്ഥിക്കുന്നതു ശരിയായിരിക്കുമോ?" അദ്ദേഹം ചോദിച്ചു: "നാഴിക ദിവസത്തിൻെറ അംശം മാത്രമാണെന്നതുപോലെ ഞാൻ വിശ്വപൂൎണ്ണതയുടെ ചെറിയൊരംശം മാത്രമാണു്. അതിനാൽ എൻെറ വരവും പോക്കും നാഴികനേരത്തെപ്പോലെത്തന്നെയായിരിക്കും." മനുഷ്യനു്, ദൂരവ്യാപകമായ സാൎവ്വലൗകികബോധമുളവാവാനുള്ള പ്രചോദനമുണ്ടാവണം. എങ്കിൽ അവൻെറ സുഖം ബാഹ്യവസ്തുക്കളിൽ അധികമൊന്നും ആശ്രയിച്ചുനില്ക്കുകയില്ല. ജീവിതവിഷമങ്ങൾ അവൻെറ മനശ്ശാന്തിയെ അധികമൊന്നും അലങ്കോലപ്പെടുത്തുകയുമില്ല. "എന്നെ നാടുകടത്തിയെന്നിരിക്കട്ടെ; ഒരു പുഞ്ചിരിയോടും പ്രശാന്തതയോടുംകൂടി ഞാൻ പോകുന്നതിനെ തടയാൻ ഏതു ശക്തിക്കാണു കഴിയുക? എന്നെ കാരാഗൃഹത്തിലിട്ടടയ്ക്കട്ടെ; എന്റെ ശരീരം മാത്രമാണു ബന്ധനത്തിൽ. ഒരു കൊട്ടാരവും കാരാഗൃഹവും താരതമ്യേന അത്യുന്നതവും അതിനീചവുമാണു്. പക്ഷേ, മനസ്സിന്നു രണ്ടിലും സ്വച്ഛന്ദം വിഹരിക്കാം. ഞാൻ മരിക്കണം; എന്നാൽ, മരിക്കുമ്പോൾ ആവലാതിപ്പെടണമെന്നുണ്ടോ?" എപ്പിക്റ്റീററസിൻെറ മാഹാത്മ്യവും ധീരതയും ഈ പ്രവചനത്തിൽ കാണാം. "ധൈൎയ്യത്തോടെ ഈശ്വരനെ നോക്കിപ്പറയൂ—'അവിടത്തെ ഇഷ്ടാനുസാരം പ്രവൎത്തിക്കൂ. ഞാനവിടത്തെ കൂടെയാണു്; അവിടത്തേതാണു്. എന്നെ എവിടെവേണമെങ്കിലെത്തിക്കൂ. ഏതു വേഷംവേണമെങ്കിലും കെട്ടിക്കൂ. ഞാൻ ഉദ്യോഗം നോക്കണോ, അതു വിടണോ, ഇരിക്കണോ, ഓടണോ, ധനികനാവണോ, ദരിദ്രനാവ

ണോ—എന്തായാലും, മനുഷ്യന്റെ മുമ്പിൽ ഞാനവിടത്തെ വാഴ്ത്തുകയേയുള്ളു," തിന്മയ്ക്കു പ്രതിഫലമായി നന്മ ചെയ്യുക, തന്നത്താനനുഭവിക്കുമ്പോൾ വേദനിപ്പിക്കുന്ന ദുരിതങ്ങൾ അന്യരെക്കൊണ്ടും അനുഭവിപ്പിക്കാതിരിക്കുക എന്നീ തത്വങ്ങളുന്നിപ്പറഞ്ഞ അദ്ദേഹം, ക്രൈസ്തവതത്വങ്ങളാദ്യമേ കണ്ടിരുന്നുവെന്നു കാണിക്കുന്നു. അടിമത്വം വെറുക്കുന്നതിലും, വധശിക്ഷകൾ വിലക്കുന്നതിലും മററും അദ്ദേഹം ക്രിസ്തുമതത്തിന്റെ ആദ്യകാലചരിത്രത്തിന്റെ എത്രയോ മുന്നിലായിരുന്നുവെന്നു കാണാം. അപരാധികളെ, രോഗികളെപ്പോലെ കരുതി നന്നാക്കി സമുദായത്തിലധിഷ്ഠിതരാക്കേണമെന്നുൽബോധിപ്പിച്ച അദ്ദേഹം ആധുനികനിയമശാസ്ത്രതത്വങ്ങളെ എത്രയോ മുമ്പേ കണ്ടുവെന്നാണു തെളിയിക്കുന്നതു്.

ഇനി ദാർശനികചിന്തവിട്ടു് ആ പതിതകാലത്തുണ്ടായ സാഹിത്യത്തിലേക്കൊന്നു കടന്നുനോക്കാം. റോമാക്കാർ ഗ്രീസിനെ കീഴടക്കിയിട്ടും ഗ്രീക്കുസാഹിത്യവും സമ്പ്രദായങ്ങളും കുറേ നൂററാണ്ടുകളോളം അതിജീവിച്ചതായി നാം കണ്ടു. റോമാക്കാർ സ്ഥാപിച്ച ആ വിസ്തൃതമായ സാമ്രാജ്യം, ക്രിസ്ത്വബ്ദം നാലാംനൂററാണ്ടിൽ, റോം തലസ്ഥാനമായി പശ്ചിമഭാഗമായും, കോൺസ്റ്റാൻടിനോപ്പിൾ തലസ്ഥാനമായി പൂർവ്വഭാഗമായും രണ്ടായി വിഭജിക്കപ്പെട്ടു. 1453-ൽ തുർക്കികൾ കീഴടക്കുന്നതുവരെ നിലനിന്ന പൂർവ്വഭാഗം, ലാററിൻസമ്പ്രദായമല്ല, ഗ്രീക്കുസമ്പ്രദായംതന്നെയാണു് ആചരിച്ചുവന്നതു്. ഈ ഭാഗത്തു മതത്തിന്റെ പരമാധികാരം ഗ്രീക്കുപള്ളിക്കുതന്നെയായിരുന്നു; കത്തോലിക്കാസമ്പ്രദായമായിരുന്നില്ല. ഭാഷയും ഗ്രീക്കായിരുന്നു. ക്രിസ്ത്വബ്ദം 925-ൽ കോൺസ്റ്റാൻടിനസ് സെഫാലാസ് വളരെയധികം യവനകാവ്യങ്ങൾ ശേഖരിച്ചു് 'യവനസാഹിത്യസമാഹാരം' എന്ന പേരിൽ ഒരു ഗ്രന്ഥം നിർമ്മിച്ചു. ക്രി. മു. 7-ാം ശതകത്തിൽനിന്നു്, സമ്പാദകന്റെ കാലംവരെയുള്ള 17 നൂററാണ്ടുകളിലുണ്ടായിരുന്ന 320 കവികളെഴുതിയ ആറായിരത്തിലധികം കവിതകൾ ആ ഗ്രന്ഥത്തിലടങ്ങിയിരുന്നു. പിൽക്കാലത്തിലുള്ള പദ്യങ്ങൾ പൗരസ്ത്യസാമ്രാജ്യത്തിലെ കവികൾ സംഭാവനചെയ്തതുമായിരുന്നു.

സഫോവിൻെറയോ, ക്രി. മു. അഞ്ചാംനൂററാണ്ടിലുണ്ടായിരുന്ന കവികളുടേയോ പ്രാഗത്ഭ്യമില്ലെങ്കിലും അനന്തരകവിതകളിൽ പലതും സജീവങ്ങളും സുന്ദരങ്ങളുമായിരുന്നു. ഒരു കവിതയിൽ കാമുകൻ കാമുകിയോടു പറയുന്നു:

"താരാപഥത്തിലുററുനോക്കുന്നു നീ
താരമെ, നിന്നെയോ നോക്കുവാനീയിവൻ
ആയിരമായിരം കണ്ണുള്ളുഴന്നാ നഭ-
സ്സാവണേ..."

മറെറാരു കവിതയിൽ, കാമുകൻ വീഞ്ഞുകുടിക്കാൻ ഇഷ്ടപ്പെടുന്നില്ലെങ്കിലും, പ്രേയസി ആദ്യം ആ കോപ്പയിൽനിന്നു് ഒന്നു കുടിക്കുകയാണെങ്കിൽ, അവൻ ബാക്കി കഴിക്കാൻ തയാറാണു്.

"നിന്നധരാമൃതമേകിയ ചുംബനം
തന്നതിൻ, ഭൃതിയുമോതുന്നു ഭാജനം."

പല കവിതകളും, പ്രകൃതിയോടും ജീവജാലങ്ങളോടുമുള്ള സഹാനുഭൂതിയെ കുറിക്കുന്നുണ്ടു്. ഒരു പൂച്ച ചതിയിൽ പിടിച്ചുകൊന്ന പക്ഷിയെ കണ്ടു കവി വിലപിക്കുന്നതു നോക്കുക:

"സാധുവിഹഗം! കാട്ടിൽനിന്നു വിട്ടമാത്രയിൽ അതിൻെറ ചില്ലകൾക്കിടയിലുണ്ടായിരുന്ന നിൻെറ രക്ഷാകേന്ദ്രം നഷ്ടമായി. ശോണാഭ തടവിയ ഉഷസ്സിലുണന്നെഴന്നേററു് ചിറകുകളിളക്കി ഇനിയൊരുനാൾ പറക്കുവാനും നിനക്കു കഴികയില്ല. പൂച്ച നിൻെറ തല കടിച്ചെടുത്തു; നിൻെറ അവശിഷ്ടം ഞാനെടുത്തു മറ ചെയ്യുകയും ചെയ്തു. ഇനിയും ആ വിദ്രോഹി മാർജ്ജാരൻ നിന്നെ മാന്തിയെടുക്കാനാവാത്തവിധത്തിൽ ഭൂമാതു് നിന്നെ അഗാധതയിൽ മൂടി കാത്തുനില്ക്കട്ടെ!"

മറെറാരു കവിതയിൽ തമാലകാന്തിയേന്തി പുഞ്ചിരിതൂകി വിലസുന്ന വസന്തലക്ഷ്മിയേയും, പറവകൾ കൂടുകെട്ടുവാൻ തുടങ്ങുന്നതിനേയും, കോളിളകാത്ത ശരൽക്കാലത്തു സ്വച്ഛന്ദമായി നൗകകൾ പൊയ്ക്കൊണ്ടിരിക്കുന്ന വിശാലജലാശയത്തേയും പററി കവി പാടിയിട്ടുണ്ടു്.

ചില ചരമഗീതങ്ങൾ ഹൃദയഭേദകങ്ങളാണു്. "ഇതാ, ഇവിടെയാണു് ഫിലിപ്പ്, തൻെറ ആശാകേന്ദ്രമായ പന്ത്രണ്ടു വയസ്സുള്ള പുത്രനെ മറചെയ്തതു്." മററു ചിലതിനു് ഒരു

തിക്തവികാരതീവ്രത ഉണ്ട്. ''ഞാൻ—ടാർസസിലെ ഡയോണിഷ്യസ്—വിവാഹിതനാവാതെതന്നെ അറുപതാമത്തെ വയസ്സിലിവിടെ തനിച്ചു കിടക്കുകയാണു്. എന്റെ പിതാവും അവിവാഹിതനായിരുന്നെങ്കിൽ...!'' ഇനി ചിലതു്, പരാജയങ്ങളുടഞ്ഞും മനുഷ്യൻ ധൈര്യമവലംബിക്കുന്നതു കാണിക്കുന്നു: ''കപ്പലപകടത്തിൽപ്പെട്ടു മരിച്ചവന്റെ സമാധിയാണു് ഇതു്. എങ്കിലും, മനുഷ്യരേ, പാകെട്ടി പെരുങ്കടൽ തുഴഞ്ഞുകൊണ്ടേയിരിക്കു. കാരണം, ഞങ്ങൾ മുങ്ങിച്ചാവുന്ന സമയത്തു് കൂടെ മററു കപ്പലുകൾ വൻകടൽ തരണം ചെയ്തു കൊണ്ടിരുന്നു.''

ക്രിസ്ത്വബ്ദം 450-ൽ മ്യൂസേയസ് വിരചിച്ച ഒരു കവിത പൌരസ്ത്യസാമ്രാജ്യത്തിലെ സംഭാവനയാണു്. തന്റെ പ്രാണേശ്വരിയായ ഹീറോവിനെ പ്രാപിക്കാനുള്ള ഉദ്വേഗത്തോടെ ബോസ്ഫോറസ് കടൽ നീന്തിയ ലിയാൻഡറുടെ കഥയാണതിലുള്ളതു്. ആ യുവകാമുകൻ വെള്ളത്തിൽ മുങ്ങിമരിക്കുകയും ശവം കരയ്ക്കടിച്ചുകയറുകയും ചെയ്തു. ഹീറോ ആ മൃതശരീരം കാണുകയും, തന്റെ പ്രിയതമനെപ്പോലെതന്നെ കല്ലോലങ്ങൾക്കിടയിൽക്കിടന്നു മരിക്കുവാനുറച്ചു് ഒരു കൂററൻപാറമേൽ കയറി കടലിലേക്കു കുതിക്കുകയും ചെയ്യുന്നു.

വളരെ പ്രാധാന്യമർഹിക്കുന്ന ചില ഗ്രീക്കുപഴങ്കഥകളും ഈ അദ്ധ്യായത്തിൽ പ്രതിപാദിച്ചേക്കാം. യവനസംസ്കാരത്തിന്റെ പൂർവ്വദശയിലുള്ളവയാണവ. എങ്കിലും അവ ഔദ്ധത്യമുള്ള സാഹിത്യത്തിലുൾപ്പെടാതെ, നാടോടിക്കഥകളായതിനാൽ ഇതിന്നുമുമ്പു പ്രതിപാദിക്കപ്പെട്ടില്ലെന്നുമാത്രം. ഈ പുരാണകഥകളറിയേണ്ടതും ആവശ്യമാണു്. കാരണം, അനന്തരയൂറോപ്യൻസാഹിത്യത്തിന്നു് ഇവയോടടുത്ത ബന്ധമുണ്ടു്. മാത്രമല്ല, ചില സമകാലീനകവികൾ, അവയ്ക്കു പുതു സാങ്കേതികസാരങ്ങൾ കൊടുത്തു പ്രയോഗിക്കുവാനും തുടങ്ങിയിട്ടുണ്ടു്.

പഴങ്കഥകൾ പലതരത്തിലുമുണ്ടു്. ചിലതു നാടൻഭാവനയിൽ രൂപാന്തരംവന്ന ചരിത്രസംഭവങ്ങളാണു്. ക്രീററ് ദ്വീപിൽ വളർന്ന പൌരാണികസംസ്കാരം യവനന്മാർ നശിപ്പിച്ചതായി നാം കണ്ടു. തെസ്യൂസിന്റെ കഥ ക്രീററുമായുള്ള

പോരിനെയാണു സ്മരിപ്പിക്കുന്നതു്. മിനോസ് എന്ന രാജാവായിരുന്നു ആ ദ്വീപു ഭരിച്ചിരുന്നതു്. അദ്ദേഹത്തിന്നു് അരിയാഡ്നി, ഫീഡ്ര എന്ന രണ്ടു പുത്രികളുണ്ടായിരുന്നു. ഒരിക്കൽ രാജാവു് ജലദേവനായ പൊസൈഡോണിനെ മുഷിപ്പിക്കുകയും, ആ ദേവന്റെ ശാപത്താൽ, രാജ്ഞി തല കാളയുടേതും ഉടൽ മനുഷ്യന്റേതുമായ, മിനോട്ടാർ എന്നു പേരുള്ള ഒരു വിചിത്രരാക്ഷസനെ പ്രസവിക്കുകയും ചെയ്തു. ഈ രാക്ഷസൻ സർവ്വനാശങ്ങളും ഉണ്ടാക്കുവാൻ തുടങ്ങി. രാജാവു് നരബലിയും മറ്റും കൊടുത്തു തൃപ്തിപ്പെടുത്തി രാക്ഷസനെ ഒതുക്കി രഹസ്യമായി ഒരിടത്തു താമസിപ്പിച്ചു. ഗ്രീസുമായുള്ള യുദ്ധത്തിൽ മിനോസിന്നു പ്രാഥമികവിജയങ്ങളുണ്ടാവുകയും, രാക്ഷസനു് ബലികഴിക്കാൻ ഏഴു യുവാക്കളേയും, ഏഴു യുവതികളേയും നിശ്ചിതസമയത്തു് അയച്ചുകൊടുക്കണമെന്ന നിബന്ധനയ്ക്കു് ആഥൻസുകാരെ വഴങ്ങിക്കുവാൻ കഴിയുകയും ചെയ്തു. മൂന്നാമത്തെ ഗഡുവിൽ ആഥൻസുരാജാവിന്റെ പുത്രനായ തെസ്യൂസ് ആ ബലിക്കുപോവാൻ സ്വയമേവ സന്നദ്ധനാവുന്നു. ആ രാക്ഷസനെ കൊല്ലണമെന്നാണു് രാജകുമാരന്റെ ഉദ്ദേശം. രാക്ഷസനെ സൂക്ഷിച്ചിരിക്കുന്നതു് ആർക്കും പോയി വരുവാൻ കഴിയാത്തവിധം മാർഗ്ഗഭ്രമണമുള്ള രഹഃസ്ഥലത്താണു്. അരിയാഡ്നി ഈ രാജകുമാരനിലനുരക്തയാവുകയും, താൻ കൊടുക്കുന്ന ഒരു നൂലുണ്ട, ആ ദുർഘടംപിടിച്ച വഴിയിലൂടെ പോകുമ്പോൾ, അഴിച്ചിഴച്ചുകൊണ്ടുപോയാൽ മടങ്ങി വരാൻ വഴിയറിയുമെന്നു പറഞ്ഞുകൊടുക്കുകയും ചെയ്യുന്നു. അവൾ അവന്നു് ഒരു മാന്ത്രികഖഡ്ഗം സമ്മാനിക്കുന്നു. അതുകൊണ്ടു് രാക്ഷസനെ കൊല്ലുവാനും കഴിയുന്നു. പിന്നീടു് അരിയാഡ്നിയും തെസ്യൂസും മറെറാരു ദ്വീപിലേക്കു കടന്നുകളയുകയും അവിടെവച്ചു് തെസ്യൂസ് വാഗ്ദാനമനുസരിച്ചു് അവളെ പരിണയിക്കുകയും ചെയ്യുന്നു. പക്ഷേ, അവളുറങ്ങിക്കിടക്കുമ്പോൾ തെസ്യൂസ് ഓടിപ്പോവുകയും, ക്ഷതഹൃദയയായ ആ യുവതി ബാക്കസ് എന്ന ദേവന്റെ ഭക്തയായിത്തീരുകയും ചെയ്യുന്നു. തെസ്യൂസ് പിന്നീടു് സ്ത്രീകൾ പടയ്ക്കുപോകുന്ന സമ്പ്രദായമുള്ള അമസോൺവർഗ്ഗത്തിലെ ഹിപ്പോളിററയെ വേൾക്കുകയും, അവളിൽ ഹിപ്പോളിററസ് എന്ന ഒരു

പുത്രൻ ജനിക്കുകയും ചെയ്യുന്നു. വീണ്ടും തെസ്യൂസ് മിനോസ് രാജാവിന്റെ മറേറ മകളായ ഫീഡ്രയെ കല്യാണം കഴിക്കുന്നു. ഈ ഫീഡ്രയുടേയും ഹിപ്പോളിററസിന്റെയും കഥയാണ് യൂറിപ്പിഡീസിന്റെ ഒരു കൃതിയിലെ ഇതിവൃത്തമെന്നും നാം മനസ്സിലാക്കിക്കഴിഞ്ഞു.

അതുപോലെ 'ജേസണും സ്വൎണ്ണമേഷരോമകഞ്ചുകവും' എന്ന കഥയും, ഗ്രീക്കുകാർ, കമ്പിളിക്കച്ചവടം ചെയ്തിരുന്ന ക്രൈമിയയിൽ ചെന്നു് അധികാരം സ്ഥാപിച്ച ചരിത്രകഥയിൽനിന്നുണ്ടായതാണു്. ഒരു രാജാവു് ഒരു അപ്സരസ്സിനെ കല്യാണം കഴിക്കുകയും അതിൽ ഒരാൺകുട്ടിയും ഒരു പെൺകുട്ടിയും ഉണ്ടാവുകയും ചെയ്യുന്നു. രാജാവു പിന്നീട് മററൊരുത്തിയെ കല്യാണം കഴിക്കുന്നു. ആ ഭാൎയ്യ ഈ കുട്ടികളെ വെറുത്തു, എങ്ങനെയെങ്കിലും അവരെ കൊല്ലുവാൻ തക്കം പാൎക്കുന്നു. അപ്സരസ്സ് ഈ വിവരമറിഞ്ഞു് ഒരു സ്വൎണ്ണമേഷത്തെ അയയ്ക്കുകയും, കുട്ടികൾ അതിന്റെ പുറത്തു കയറി രക്ഷപ്പെടുകയും ചെയ്യുന്നു. ബോസ്ഫറസ്സ് കടലിൽവച്ചു്, പെൺകുട്ടി തളൎന്നു മേഷത്തിന്റെ പുറത്തുനിന്നുവീണു വെള്ളത്തിൽപ്പെട്ടു മൃതിയടയുകയും, ആൺകുട്ടി കോൾക്കിസ് ദേശത്തിലെത്തി, പ്രായപൂൎത്തിയായപ്പോൾ അവിടത്തെ രാജാവിന്റെ പുത്രിയെ വിവാഹംകഴിക്കുകയും ചെയ്യുന്നു. ആ മേഷം മൃതിയടഞ്ഞപ്പോൾ അതിന്റെ സ്വൎണ്ണചൎമ്മം ഒരു മരത്തിൽ തൂക്കി സംരക്ഷിക്കയും ചെയ്യുന്നു.

ഈ കുട്ടിയുടെ മരുമകനാണു ജേസൺ. അവന്റെ പിതാവു് ഒരു രാജാവാണു്. ആ രാജാവിന്റെ അച്ഛനു് മറ്റൊരു ഭാൎയ്യയിലുണ്ടായ പെലിയാസിന്റെ ഗൂഢതന്ത്രത്താൽ അവൻ നാട്ടിൽനിന്നു് ഓടിക്കപ്പെടുന്നു. ആ കുട്ടി കാട്ടിൽ ഒരു നരാശ്വത്തിന്റെ സംരക്ഷണയിൽ ജീവിക്കുന്നു. അവൻ വളൎന്നു് അവകാശവാദം പുറപ്പെടുവിച്ചപ്പോൾ പെലിയാസ് അവനെ ആ സ്വൎണ്ണചൎമ്മം കൊണ്ടുവരുവാൻ നിയുക്തനാക്കുന്നു. കോൽക്കിസ് രാജാവിന്റെ പുത്രിയായ മെഡിയാ അവനിലനുരാഗിണിയാവുകയും, വിഷമങ്ങൾ തരണംചെയ്യാനുള്ള ഉപായങ്ങളുപദേശിച്ചുകൊടുക്കുകയും ചെയ്യുന്നു. തീപ്പൊരി വമിക്കുന്ന രണ്ടു കാളകളുമായാണു് അവൻ ആദ്യം മല്ലിട്ടു

ന്നതു്. മെഡീയ കൊടുത്ത ഒരു തൈലമുപയോഗിച്ച് അവൻ അവയെ ഒതുക്കി പൂട്ടിക്കെട്ടി നിലമുഴുതുന്നു. പിന്നീടു് ആ ഉഴവുചാലുകളിൽ വ്യാളദംഷ്ട്രങ്ങൾ വിതയ്ക്കുകയാണു് അവൻ ചെയ്യേണ്ടതു്. അങ്ങനെ ചെയ്തപ്പോൾ അവയെല്ലാം വലിയൊരു പടയായിത്തീർന്നു. മെഡീയയുടെ നിർദ്ദേശപ്രകാരം അവൻ ആ പടയുടെയിടയിലേക്കു് ഒരു കല്ലെറിയുകയും ഭടന്മാരിലോരോരുത്തനും കല്ലെറിഞ്ഞവൻ മററവനാണെന്നു ധരിച്ചു് പരസ്പരം വെട്ടിത്തള്ളുവാനും തുടങ്ങി. ജേസൺ പിന്നെ പോകുന്നതു് ആ സ്ഥലത്തെ കാവൽക്കാരനായ വ്യാളിയുടെയടുക്കലേക്കാണു്. മെഡീയ കൊടുത്തിരുന്ന, വിചിത്രതരത്തിൽ പ്രത്യേക വാസനയുള്ള ഒരു പുഷ്പം കാണിച്ചു് വ്യാളിയെ മയക്കി കൊന്നു്, അവൻ കഞ്ചുകവുമെടുത്തു്, മെഡീയയേയും സ്വീകരിച്ചു മടങ്ങിച്ചെന്നു് പെലിയാസിനെ നിഷ്കാസനം ചെയ്യുന്നു. ജേസണിൻെറയും മെഡീയയുടേയും അനന്തരകഥയാണു് യൂറിപ്പിഡീസിൻെറ ഉത്തമനാടകങ്ങളിലൊന്നിന്നു തന്തുവായിത്തീർന്നിട്ടുള്ളതു്.

കൃഷകരെ കൊന്നു്, കൃഷികോല്പന്നങ്ങൾ നശിപ്പിച്ചു് കൃഷിപ്പണിചെയ്യാൻ നിവൃത്തിയില്ലാതാക്കിയ വന്യമൃഗങ്ങളെ കൊന്നൊടുക്കിയ ആദിമഗോത്രവീരന്മാരുടെ പഴമക്കഥകളിലെവിടെയോനിന്നു് രൂപംപൂണ്ടതായിരിക്കണം ബെല്ലറോഫോണിൻെറ കഥയും. സിംഹത്തിൻെറയും, ആടിൻെറയും, പാമ്പിൻെറയുംപോലെയുള്ള മൂന്നു തലകളുള്ള ഒരു ഭീകരനാഗഭൂതം നാട്ടിൻപുറത്താകമാനം നാശമുണ്ടാക്കി; ആക്കും അതിനെ നേരിടാൻ കരുത്തില്ല. അറിയാത്ത ഒരു മലയിലുള്ളതും, ഏതോ ഒരു മൈതാനത്തിലിറങ്ങിവന്നു് പതിവായി ഉറവുവെള്ളം കുടിച്ചിരുന്നതുമായ പെഗാഡസ് എന്ന ഒരു പറക്കുന്ന കുതിരയെപ്പററി ബെല്ലറോഫോൺ കേട്ടിരുന്നു. അവൻ ആ ഉറവിൻെറ അടുക്കെച്ചെന്നു് എല്ലാ രാത്രിയും കാത്തിരിക്കുക പതിവായി. ഒരുരാത്രി, വഴിതെററിപ്പോയ ഒരു ചെറുപൈതലിനെ എടുത്തു്, വന്യമൃഗങ്ങളിൽനിന്നു് ഉപദ്രവം തട്ടാതിരിക്കാൻ, ഒരിടയൻെറ കൈയിലേല്പിക്കുന്നു അവൻ. ഇതുകണ്ടു സന്തുഷ്ടയായ അഥീനാദേവി, ആ കുതിരയെ നിയന്ത്രിക്കാൻ പററുന്ന മന്ത്രശക്തിയുള്ള ഒരു കടിഞ്ഞാൺ

അവന്നു സമ്മാനിക്കുന്നു. വായുവേഗത്തിൽ പറക്കാൻ കഴിവുള്ള ആ കുതിരയുടെ പുറത്തുകയറി അവൻ ആ ഭൂതത്തെ കൊല്ലുന്നു.

ഏതാണ്ടു ജേസൻ്റേതുപോലെത്തന്നെയാണ് പേഴ്സിയൂസിൻെറ കഥയും. സർവ്വസമ്മതനായ ആ യുവാവ്, തന്നെ ഭ്രഷ്ടനാക്കി സിംഹാസനാരോഹണം ചെയ്യേക്കുമോ എന്നു ഭയന്നു്, രാജാവു് അവനെ അപായകരമായ ഒരു കാര്യം സാധിക്കുവാനയയ്ക്കുകയാണു്. കടൽനടുവിലുള്ള ഒരു പാറദ്വീപിൽ 'ഗോർഗൺ' എന്നു പേരുള്ള മൂന്നു സ്ത്രീഭൂതങ്ങളധിവസിച്ചിരുന്നു. അവക്കു വ്യാളങ്ങളെപ്പോലുള്ള ദേഹവും, ശിരസ്സിൽ രോമത്തിന്നുപകരം അനവധി വിഷപ്പാമ്പുകളുമുണ്ടായിരുന്നു. അവർ മൂവരിൽ ഏററവും ഭീകരിയായിരുന്നു മെഡൂസ. നോക്കിയവരൊക്കെ കല്ലായി മാറത്തക്ക ശക്തിവിശേഷമുള്ളതായിരുന്നു അവളുടെ ദൃഷ്ടികൾ. അവളെ കൊന്നു തലകൊണ്ടുവരണമെന്നായിരുന്നു പെഴ്സിയൂസിന്നു കിട്ടിയ കല്പന. കടൽ താണ്ടി ആ ദ്വീപിലെത്തുവാൻ ഹെർമിസ് ചിറകുള്ള ഒരു പാദുകവും, ഒരു വനദേവത അദൃശ്യനാവാനുള്ള ഒരു തൊപ്പിയും, അഥീനാദേവി സ്വർണ്ണക്കണ്ണാടിപോലുള്ള ഒരു പരിചയും അവന്നു നൽകുന്നു. പെഴ്സിയൂസ്, മെഡൂസയെ നേരിട്ടു നോക്കാതെ പരിചയിൽ അവളുടെ പ്രതിഫലനം നോക്കി, കുറിവെച്ചു് വെട്ടുകയും, തലകൊണ്ടുവന്നു് ദുഷ്ടനായ ആ രാജാവിന്നു കാണിക്കുകയും, അതു നോക്കിയയുടൻ രാജാവു കല്ലായിത്തീരുകയും ചെയ്യുന്നു.

ചില പഴങ്കഥകൾ സാരാംശമുള്ള കെട്ടുകഥകളാണു്. അവയിലൊന്നു്, ആരേക്കാളുമധികം നന്നായി നൂൽനൂല്ക്കുവാൻ കഴിവുള്ള അരാക്ക്നി എന്ന ഗ്രീക്കുകന്യകയെക്കുറിച്ചുള്ളതാണു്. അവളതീവ ഗർവ്വിഷ്ഠയായിത്തീരുകയും, അഥീനാദേവിയെപ്പോലും മത്സരത്തിന്നു വിളിക്കുകയും ചെയ്യുന്നു. അവൾക്കൊരു താക്കീതെന്ന നിലയ്ക്കു്, അഥീനാദേവി, ദേവന്മാരെ വെല്ലുവിളിച്ച ചില അഹങ്കാരികളായ മനുഷ്യരനുഭവിക്കേണ്ടിവന്ന ദുരിതങ്ങളുടെ ചിത്രങ്ങളടങ്ങിയ ചില തുന്നൽപ്പണികൾ ചെയ്യുന്നു. ദേവന്മാരും ചിലപ്പോൾ തെററുകാണിക്കുമെന്നു ചിത്രീകരിച്ച ചില തുന്നൽപ്പണികൾ ചെയ്തു്

അരാക്ക്നി ഉരുളയ്ക്കപ്പേരിക്കൊട്ടക്കുന്നു. അവളുടെ ധിക്കാരത്തിന്നു ശിക്ഷയായി അഥീനാദേവി, അവളെന്നും നൂൽ നൂൽക്കുമാറാവട്ടെയെന്നു ശപിക്കുകയും, അവൾ ഒരെട്ടുകാലിയായി പരിണമിക്കയും ചെയ്യുന്നു. ബാക്കസിൽനിന്നു്, എന്തുതൊട്ടാലും സ്വർണ്ണമാവണമെന്ന വരംവാങ്ങിയ ഒരു ദുരാഗ്രഹക്കക്ഷിയായ മിഡാസ് എന്ന രാജാവിന്റെ കഥയാണു മറ്റൊന്നു്. പക്ഷേ, തൊട്ടമാത്രയിൽ ഭക്ഷണവും സ്വർണ്ണമായിത്തീരുവാൻ തുടങ്ങിയതിനാൽ പട്ടിണിയിട്ടു മടുത്ത രാജാവു് ക്ഷമാപണംചെയ്തു് ആ വരം പിൻവലിക്കുവാനപേക്ഷിക്കുന്നു. ഈ കഥയുടെ ബാക്കിഭാഗം ഒരു രസികൻ നാടോടിക്കഥയാണു്. കാഞ്ചനഭ്രമം നിന്നതോടെ മിഡാസിന്നു തന്റെ ഖജാനപോലും കാണണമെന്നില്ലാതായി. അദ്ദേഹം വനവാസം സ്വീകരിച്ചു. അവിടെ ഇടയരുടെ കുലദൈവമായ പാനുമായി കണ്ടുമുട്ടുന്നു. നദീതീരങ്ങളിൽ വളരുന്ന ഒരുതരം നായങ്കണയുടെ തണ്ടുകൊണ്ടുണ്ടാക്കിയ കുഴലൂതി മധുരഗാനമാലപിച്ചിരുന്നു പാൻ. ഒരുദിവസം പാനും, വക്രാകൃതിയിലുള്ള ഒരുതരം വീണയിൽ സംഗീതം ആലപിച്ചിരുന്ന അപ്പൊളോവും തമ്മിൽ മത്സരമായി. പാൻപോലും, അപ്പൊളോവാണു കൂടുതൽ സംഗീതമർമ്മജ്ഞനെന്നു സമ്മതിച്ചിട്ടും മിഡാസ് സമ്മതിച്ചില്ല. ക്രുദ്ധനായ അപ്പൊളോ, രാജാവു്, ചെവികൾ വേണ്ടതുപോലുപയോഗിക്കാഞ്ഞതിനാൽ, അവ കഴുതച്ചെവികളാവട്ടെയെന്നു ശപിക്കുകയും ചെയ്തു. ശരണമില്ലാതെ രാജാവു് ആ അംഗവൈകല്യം മറയ്ക്കാൻ സദാ തലപ്പാവുപയോഗിക്കുവാൻ തുടങ്ങി. കൊട്ടാരക്ഷൗരകൻ രാജാവിന്നു ക്ഷൗരം ചെയ്യുമ്പോൾ ഈ രഹസ്യമറിയുകയും, അതാരോടെങ്കിലും പറഞ്ഞാൽ തല വീഴുമെന്നു രാജാവു് അവന്നു താക്കീതുകൊടുത്തെങ്കിലും, രഹസ്യമൊതുക്കാനാവാതെ വീർപ്പുമുട്ടിയ ക്ഷൗരകൻ അർദ്ധരാത്രി എഴുന്നേററു് ഒഴിഞ്ഞ മൈതാനത്തിൽച്ചെന്നു് ഒരു കുഴിയുണ്ടാക്കി അതിലിറങ്ങിയിരുന്നു് ആ രഹസ്യം പിറുപിറുക്കുകയും ചെയ്തു! അതാരുമറികയില്ലെന്നുകരുതി അവൻ. പിന്നീടു് അതിൽ പുല്ലുമുളച്ചു. ആ പുല്ലു് രഹസ്യം മനസ്സിലാക്കിപാടി; കാറ്റിലൂടെ അതു നാടെങ്ങും പരന്നു. അങ്ങനെ അരമനരഹസ്യം അങ്ങാടിപ്പാട്ടായിത്തീർന്നു.

രസാവഹമായി നീതിസാരം പഠിപ്പിക്കുന്ന ഒന്നാംതരം കെട്ടുകഥയാണു് 'പൺഡോറയുടെ പെട്ടി.' പണ്ടു് ലോകത്തിൽ ശണ്ഠകളോ കുഴപ്പങ്ങളോ ഉണ്ടായിരുന്നില്ല. യാതൊരു പണിയും ചെയ്യാനുണ്ടായിരുന്നില്ല. എങ്ങും സസ്യങ്ങളും ഫലങ്ങളുമുണ്ടായി. സദാ വസന്തപ്രതീതി. ആക്കും വാർദ്ധക്യമില്ല, രോഗമില്ല. എല്ലാവരും സന്തുഷ്ടരായിരുന്നു. കാരണം, ബുദ്ധിമുട്ടുകളെല്ലാം ഒരു പെട്ടിയിലിട്ടു പൂട്ടി, അതൊരിക്കലും തുറന്നുകളയരുതെന്ന നിർദ്ദേശവും കൊടുത്തു പൺഃഡോറയെന്നൊരു കന്യകയെ ഏല്പിച്ചിരുന്നു. പക്ഷേ, അവളുടെ ജിജ്ഞാസയിൽ ധർമ്മനിഷ്ഠ മറന്നു. അവൾ പെട്ടി തുറന്നു. ഉടനെ ചിറകുള്ള ചില ജന്തുക്കൾ—ലോകത്തിലെ നാനാവിഷമങ്ങൾ—പറന്നുയൎന്നു്, ജീവിതം ദുഃഖഭൂയിഷ്ഠമാക്കി. ഒരു ചെറിയ ജീവിമാത്രം പെട്ടിയിൽ ബാക്കിയായി. അതു കിടന്നു കരയുന്നതുകേട്ടു് അലിവുതോന്നി, പൺഡോറ, ഒന്നുംകൂടിയായതുകൊണ്ടു ദോഷങ്ങളൊന്നും അധികമാവുകയില്ലെന്നും കരുതി, അതിനെയും പുറത്തെടുത്തു വിടുന്നു. എന്നാൽ അതാണു് വലിയ വ്യത്യാസമുണ്ടാക്കിയതു്. അതു് 'ആശ' എന്ന കിന്നരിയായിരുന്നു. അവൾ ലോകമെങ്ങും പറന്നു്, ഏകാന്തതയിലും വ്യഥയിലുമുഴലുന്ന ജനങ്ങളെ അത്യാഹിതസ്ഥിതിയിൽപ്പോലും ഉന്മേഷഭരിതരാക്കിത്തീർത്തു.

മററു രണ്ടെണ്ണം രസികൻ പ്രണയകഥകളാണു്. ആദ്യത്തേതു് ക്യൂപിഡിനെയും സൈക്കിയെയും പററിയ കഥയാണു്. ഒരു രാജാവിന്നു മൂന്നു പുത്രികളുണ്ടായിരുന്നു. അവരിലിളയവളായ സൈക്കി, സൗന്ദൎയ്യധാമംതന്നെയായിരുന്നു. ആഫ്രോഡൈറററി സൈക്കിയുടെ സൗന്ദൎയ്യത്തിലസൂയപ്പെട്ടു്, തൻെറ പുത്രനും, കാമദേവനുമായ ക്യൂപിഡിനെ അയച്ചു്, സൈക്കി ഏതെങ്കിലുമൊരു വിരൂപിയിലനുരാഗിണിയാവത്തക്ക നിലയ്ക്കു്, അവളിൽ മോഹനാസ്ത്രങ്ങൾ തൊടുപ്പിക്കുന്നു. പക്ഷേ, സൈക്കിയുടെ സൗന്ദൎയ്യധോരണിയിൽ മുഗ്ദ്ധനായ ക്യൂപിഡ്, തൻെറ മോഹനാസ്ത്രങ്ങൾതന്നെ ഏററു് വ്രണിതഹൃദയനാവുന്നു. കോപാക്രാന്തയായ ആഫ്രോഡൈറററിയുടെ ആജ്ഞാനുസാരം, സൈക്കിയെ ഒരു മലയുടെ നെറുകയിൽ തനിച്ചുവിട്ടു ചാവുമാറാക്കുന്നു. എന്നാൽ ക്യൂപിഡ് വന്നു്

അവളെ രക്ഷിച്ച് വലിയൊരു അരമനയിലേക്കു കൊണ്ടുപോകുന്നു. ഓരോ രാത്രിയും കൃൂപിഡ് അവളുടെ അടുക്കെ ചെല്ലുന്നു. അവൾ തൻെറ മുഖം കാണാൻ ശ്രമിക്കരുതെന്നും തന്നെ വിശ്വസിച്ചു സ്നേഹിക്കണമെന്നും പറയുന്നു. ഒരു ദിവസം അവളുടെ സഹോദരികൾ അവളെ സന്ദർശിക്കുകയും, അവളുടെ കാമുകൻ ഒരു പിശാചാണെന്നും, ആ പിശാച് ഒരുനാൾ അവളെ കൊന്നു തിന്നുമെന്നും പറഞ്ഞു ഭീഷണിപ്പെടുത്തുന്നു. അതുകാരണം ഒരു രാത്രി, കൃൂപിഡ് കിടന്നുറങ്ങുമ്പോൾ, സൈക്കി വിളക്കു കത്തിച്ച് അവൻെറ മുഖം നോക്കുന്നു. ആ മുഖസൗന്ദര്യം കണ്ടു മയങ്ങിയ അവളുടെ കൈകൾ വിറച്ച്, കത്തുന്ന വിളക്കിലെ തിളച്ച എണ്ണ ഒരു തുള്ളി അവൻെറ മുഖത്തു വീഴുന്നു. കൃൂപിഡ് ഉണരുകയും, അവൾ തന്നെ വിശ്വസിച്ചില്ലല്ലോ എന്ന പരിതാപത്തോടെ എഴുന്നേററ് മറയുകയും ചെയ്യുന്നു. സാധു ബാലിക അവനെത്തേടി നാടെങ്ങും മോടിനടക്കുന്നു. അവസാനം അവൾ ആഫ്രോഡൈററിയോടുതന്നെ കേണപേക്ഷിക്കുന്നു. പക്ഷേ, ആ ദേവതയുടെ അസൂയ മാറിയിട്ടുണ്ടായിരുന്നില്ല. അവളെ വീണ്ടും വിഷമിപ്പിക്കുന്നു. തൻെറ തേർവലിക്കുന്ന പ്രാവുകൾക്കു തിന്നാൻവേണ്ടി വിവിധ ധാന്യങ്ങൾ കൂമ്പാരമിട്ടിരുന്ന ഒരു മുറിയിൽ അവളെ കൊണ്ടുപോയി ധാന്യങ്ങളൊക്കെ വേർതിരിക്കാൻ കല്പിക്കുന്നു. അസംഖ്യം ഉറമ്പുകൾ വന്ന് അവൾക്കുവേണ്ടി ആ പണി ചെയ്തുതീർക്കുന്നു. അവസാനം അവളോടു പാതാളത്തിൽ പോയി പേഴ്സിഫോണിയെന്ന ദേവിയുടെ സൗന്ദര്യം അല്പമെടുത്ത് ഒരു പെട്ടിയിലാക്കി കൊണ്ടുവരുവാനാജ്ഞാപിക്കുന്നു. അവളതും സാധിക്കുന്നു. പക്ഷേ, അതിലല്പം സൗന്ദര്യം തനിക്കുമെടുക്കണമെന്ന മോഹത്തോടെ ആ പെട്ടി തുറന്നവുടനെ മൃതപ്രായയായി നിലംപതിക്കുന്നു. കൃത്യസമയത്ത് കൃൂപിഡ് വന്നു രക്ഷിച്ചില്ലായിരുന്നെങ്കിൽ അവളാ മൂർച്ഛയിൽനിന്ന് ഒരിക്കലും ഉണരുമായിരുന്നില്ല. അവസാനം ഈശ്വരന്മാർക്കെല്ലാക്കും അനുകമ്പ തോന്നി, അവൾക്കമരത്വം കൊടുത്ത്, എന്നെന്നും കൃൂപിഡിനോടു ചേർന്നിരിക്കുവാനുള്ള അനുഗ്രഹമേകുന്നു.

മറ്റൊരു പ്രണയകഥ ശോകാത്മകമാണ്. അപൊളളോ

ഹ്എന്ന ദൈവത്തിന്നു് ഓർഫ്യൂസ് എന്നൊരു പുത്രനുണ്ടായിരുന്നു. കാട്ടിലുള്ള മരങ്ങളും മൃഗങ്ങളുംപോലും നിന്നിമേഷരായി കേട്ടാനന്ദിക്കുമാറു് മാധുര്യത്തോടെ വീണവായിക്കാൻ കഴിവുമായിരുന്നു ആ പുത്രന്നു്. അവൻ യൂറിഡിസിയെന്ന വനകന്യകയെ വിവാഹം കഴിക്കുന്നു. പുല്ലിലൊളിഞ്ഞുകിടന്നിരുന്ന ഒരു സർപ്പം അവളെ തീണ്ടുകയും, അവൾ മറയുകയും ചെയ്യുന്നു. ഓർഫ്യൂസ് ലോകമെങ്ങും അവളെ തേടി കാണാതെ. അവസാനം പാതാളത്തിലെത്തുകയും, അവിടത്തെ രാജാവു്, യൂറിഡിസിയെ അവനോടുകൂടെ ഭൂമിയിലേക്കയക്കാമെന്നു വാക്കുകൊടുക്കുകയും ചെയ്യുന്നു. പക്ഷേ, രാജാവു് ഒരു കരാറു പറയുന്നു: തന്റെ വാക്കിനെ അവിശ്വസിക്കരുതെന്നും, ഭാര്യ കൂടെയുണ്ടോ എന്നു് ഓർഫ്യൂസ് തിരിഞ്ഞു നോക്കരുതെന്നും. ഭൂമിയിൽ കാലുകുത്തിയയുടൻ ഓർഫ്യൂസിന്നു ഒരു സംശയം തോന്നുകയും അവൻ തിരിഞ്ഞുനോക്കുകയും ചെയ്യുന്നു. പുഞ്ചിരി തൂകിക്കൊണ്ടു് അവൾ കൂടെത്തന്നെയുണ്ടായിരുന്നു. പക്ഷേ, ഓർഫ്യൂസ് കരാറു ലംഘിച്ചു. അവൾക്കു കൈയുംനീട്ടി അവനെ നോക്കിനില്ക്കാനല്ലാതെ ഒരടി മുന്നോട്ടുവെക്കുവാൻ കഴിയുന്നില്ല. വീണ്ടും ദീനാലാപത്തോടെ ഓർഫ്യൂസ് ഏകാന്തയാത്ര തുടരുന്നു. മരിച്ചപ്പോൾ അവന്റെ വീണ നദിയിലൂടെ ഒഴുകി ഒരു ദ്വീപിൽ ചെന്നുപെടുകയും അവിടത്തെ രാപ്പാടിപ്പക്ഷികൾ അതിന്റെ ദിവ്യഗാനമാധുരി പഠിക്കുകയും ചെയ്യുന്നു.

ഇനി യവനസംസ്കാരത്തിന്റെ അന്തിമദശയിലെ സാഹിത്യസംരംഭങ്ങളിലേക്കു് വീണ്ടും തിരിയാം. ക്രിസ്ത്വബ്ദം മൂന്നാംനൂററാണ്ടിൽ ലോംഗിനസ് 'ദിവ്യാനുഭൂതി' എന്നൊരു സാഹിത്യവിമർശനഗ്രന്ഥമെഴുതിയിട്ടുണ്ടു്. അതിൽ അദ്ദേഹത്തിന്റെ വീക്ഷണഗതികൾ സ്ഥാപിക്കുവാൻ നിരവധി ഉദ്ധരണികൾ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. ചിലേടങ്ങളിൽ, സഫോവിന്റെ ഒരു പ്രശസ്തകാവ്യത്തിലെന്നപോലെ, മൂലകാവ്യങ്ങളുടെ അഭാവത്തിൽ ലോംഗിനസ് മാത്രമാണു് നമുക്കു പ്രമാണമായിട്ടുള്ളതു്. യഹൂദരുടെ വേദപുസ്തകത്തിൽനിന്നുദ്ധരണികളെടുത്തു എഴുതിയ ആദ്യത്തെ ക്രിസ്ത്യേതരലേഖകനും അദ്ദേഹംതന്നെയാണു്. വിശ്വാസദാർഢ്യതയിൽനി

ന്നും സ്വഭാവവൈവെശിഷ്ട്യത്തിൽനിന്നും ലേഖകന്നുത്ഭൂതമാവുന്ന ശക്തിവിശേഷത്തിൽനിന്നുളവാവുന്ന വാഗ്ധോരണികൊണ്ടു പാഠകരെ സമുദ്ധരിപ്പിക്കുന്നതിൽനിന്നു പരിലബ്ധമാവുന്ന ഒരു പ്രത്യേകാനുഭൂതിയാണു സാഹിത്യത്തിൽനിന്നുണ്ടാവുന്നതെന്നാണ് അദ്ദേഹത്തിൻെറ അഭിമതം. അദ്ദേഹം പറയുന്നു: "ഒരു പ്രതിഭാശാലിയുടെ ലക്ഷ്യം വാദിച്ചു രഞ്ജിപ്പിക്കുന്നതിലല്ല. മറിച്ചു ദിവ്യാനുഭൂതിയിൽ, അതായതു വായനക്കാരെ അവരുടെ നിലവാരത്തിൽനിന്നുയത്തുന്ന പ്രത്യേകാനുഭൂതിയിലാണ്. എങ്ങിനെയായാലും, എപ്പോഴായാലും അതു നമ്മെ അമ്പരപ്പിക്കുന്നുവെന്നതാണത്ഭുതം! വാദവും വെറും ഹൃദ്യതയും പരാജയപ്പെട്ടന്നേടത്തു് അതു സ്വാധീനശക്തി ചെലുത്തുന്നു. കാരണം വാദം കാര്യമായി, നമ്മുടെ ബുദ്ധിശക്തിയുടെ തോതിനെ ആശ്രയിച്ചിരിക്കുന്നു. എന്നാൽ പ്രതിഭയുടെ സർവ്വോന്നതപ്രാബല്യം അജയ്യമാണ്. അതിൻെറ അപ്രരോധശക്തി നമ്മെ കീഴടക്കുന്നു."

അലങ്കാരശാസ്ത്രത്തിൽ ലോംഗിനസ്സിന്നു് ഇന്ത്യൻചിന്തകരോടടുപ്പമുണ്ടു്. അദ്ദേഹത്തിൻെറ 'സമുന്നതി' 'ചിത്തവിസ്താര'ത്തോടു്—അതായതു് വിശ്വനാഥൻെറ അഭിമതമനുസരിച്ചു്, ഉത്തമകവിതകളിൽനിന്നു നമുക്കനുഭവപ്പെടുന്ന ബുദ്ധിവികസനവും, ചിത്തവിസ്താരതയും—തുല്യമാണെന്നു പറയാം. ഈ 'ചിത്തവിസ്താരം' അനുഗൃഹീതലേഖകൻെറ അപ്രമേയപ്രഭാവമേല്ക്കുമ്പോഴുണ്ടാവുന്ന 'വിസ്മയ'ത്തിൽനിന്നു ജനിക്കുന്നുവെന്നാണ് അലങ്കാരശാസ്ത്രം പഠിപ്പിക്കുന്നതു്.

ഉള്ളിൽനിന്നുറുന്നതായാലും, വ്യുല്പത്തിയിൽനിന്നുണ്ടാവുന്നതായാലും, സാഹിത്യപ്രതിഭയെ നല്ലവണ്ണം മനസ്സിലാക്കിയിരുന്നു ലോംഗിനസ്. അദ്ദേഹം അന്തരംഗത്തിൽനിന്നുളവാവുന്നതിന്നാണു പ്രാധാന്യം കല്പിച്ചതു്. കാരണം ഉൽകൃഷ്ടവിചാരങ്ങളും വികാരതീവ്രതയുമില്ലാതെ അനുഭൂതിയുണ്ടാവുന്നതല്ലെന്നും ഇവരണ്ടും ജന്മസിദ്ധഗുണങ്ങളിലാസ്പദിച്ചതാണെന്നും അദ്ദേഹം വാദിച്ചു. "ഒരു കൃതിയിൽ നിരീക്ഷണസാമർത്ഥ്യവും ശ്രമപരമായ വസ്തുവിധാനവും മാത്രമെയുള്ളുവെങ്കിൽ ആ രചന വിഷയപ്രസക്തിയുളവാക്കുന്നില്ല. എന്നാൽ, പ്രതിഭാശക്തി ഉണ്ടെങ്കിൽ അതു വിദ്യുൽപ്രവാഹം

പോലെ പൊട്ടിപ്പുറപ്പെട്ട സകലതും വിച്ഛേദിച്ച് ഒരു നൊടിയിൽ കവിയുടെ കഴിവെട്ടത്തുകാട്ടുന്നു.'' ''ഇവിടെയും പൊതുവെ ഭാരതീയകവികളോട്ട യോജിച്ചാണ് അദ്ദേഹം പോകുന്നതു്. ഭരതൻ പ്രതിഭയെ കവിയുടെ അന്തർഗ്ഗതഭാവമായിട്ടാണു വ്യാഖ്യാനിക്കുന്നതു്. അഭിനവഗുപ്തൻെറ വ്യാഖ്യാനമനുസരിച്ചു്, പ്രതിഭ കവിയുടെ അസുലഭവും നിർമ്മാണപരവുമായ പ്രജ്ഞയുമാണു്. അതിൻെറ പ്രത്യേകസ്വഭാവം, വ്യക്തവും, സുന്ദരവും, വികാരോദ്ദീപകവുമായ രചനാവൈഭവമുളവാക്കുകയെന്നതാണു്. ഭാമഹനും, ദണ്ഡിയും, സഹജമെന്നോ, നൈസർഗ്ഗികമെന്നോ പറയാവുന്ന പ്രതിഭക്കുതന്നെയാണു പ്രാധാന്യം കല്പിക്കുന്നതു്. കാവ്യരചനക്കു വിത്തുപാവുന്നതു പ്രതിഭയാണെന്നും, അതു പ്രാക്ജന്മവാസനകൊണ്ടുണ്ടാവുന്നതാണെന്നും, അതില്ലാതെ കാവ്യരചന സാദ്ധ്യമല്ലെന്നും, ആണെങ്കിൽത്തന്നെ അതു രസാവഹമാവുകയില്ലെന്നുമാണു വാമനൻെറ അഭിമതം. മമ്മടനും ഇതിനോട്ട യോജിക്കുന്നു. കുന്തളൻ, കവിപ്രതിഭയുടെ പ്രാധാന്യമുന്നിപ്പറയുന്നുണ്ടു്. വിശ്വനാഥൻ, വാസനയില്ലാതെ കവിവ്യാപാരം അസാധുവെന്നു ബലമായി വാദിക്കുന്നു.

പ്രാമാണ്യം പ്രതിഭക്കാണെങ്കിലും, ചാതുര്യമില്ലാതെ പ്രതിപാദനരീതി ശരിയാവുകയില്ല. ലോംഗിനസ് പറയുന്നു: ''സാഹിത്യത്തിൽ, ചിന്തയും ഭാഷയും പാരസ്പരികബന്ധത്തോടെ കെട്ടുപിണഞ്ഞാണു കിടക്കുന്നതു്.'' വാസന പരിപൂർണ്ണമാവണമെങ്കിൽ, പഠിച്ചുണ്ടാക്കേണ്ട ഉൽകൃഷ്ടശൈലിയും, സമർത്ഥമായ രചനയും, സമുചിതമായ അലങ്കാരപ്രയോഗങ്ങളും ഉണ്ടാവുകതന്നെ വേണം എന്നദ്ദേഹം വാദിക്കുന്നു. ഇവിടെയും ദണ്ഡി, വാമനൻ മുതലായ ഭാരതീയചിന്തകർ അദ്ദേഹത്തോട്ട യോജിക്കുന്നുണ്ടു്. കാരണം വ്യുല്പത്തിയും അഭ്യാസവും അത്യന്താപേക്ഷിതമാണെന്നു് അവർ ഉൽഘോഷിക്കുന്നുണ്ടു്.

ഈ പുസ്തകമുപസംഹരിക്കുന്നതിന്നുമുമ്പു് ഹാസ്യസാഹിത്യം, നോവൽസാഹിത്യം എന്ന രണ്ടു പ്രധാന സാഹിത്യശാഖകളുടെ ആവിർഭാവത്തെക്കൂടി പഠിക്കേണ്ടിയിരിക്കുന്നു. ഡെമോഡോക്കസ്, ഹിപ്പോനാക്സ് എന്നിവരെപ്പോലെയുള്ള

കവികൾ, വ്യക്തികളെയും സമുദായത്തെയും വിമർശിക്കാൻ രസകരമായ ഖണ്ഡകാവ്യങ്ങളുണ്ടാക്കിയിരുന്നെന്നു നാം കണ്ടു. പിന്നീട്ട് ഇമ്മാതിരി രചനകൾ ഗദ്യത്തിലായി. അവയുടെ പരിധിയും വികസിച്ചു. സൽഗുണസമ്പന്നനായ ഒരു പണ്ഡിതനും, അരിസ്റ്റോട്ടലിൻെറ ശാസ്ത്രഗവേഷണങ്ങൾ തുടൎന്നുകൊണ്ടിരുന്നവനും, സസ്യശാസ്ത്രം ഒരു ശാസ്ത്രമായി സ്ഥാപിച്ചവനും, രണ്ടായിരത്തിൽപരം ശിഷ്യരുണ്ടായിരുന്നവനുമായ തിയോഫ്രാസ്റ്റസ് (ക്രി. മു. 372—287) നമുക്കു 'പലതരക്കാർ' എന്നൊരു ഗ്രന്ഥം സംഭാവനചെയ്തിട്ടുണ്ട്. അതിൽ സാധാരണമനുഷ്യരുടെയിടയിൽ കാണുന്ന വൈകല്യങ്ങളെ, അതായതു്, അരസികത്വം, വേണ്ടാത്ത കാൎയ്യങ്ങളിൽ തലയിടൽ, അവിശ്വാസം, അത്യാഗ്രഹം എന്നിങ്ങനെയുള്ള സ്വഭാവദൂഷ്യങ്ങളെപ്പററി, മുപ്പതോളം ചെറുചിത്രീകരണങ്ങളുണ്ട്. രീതി വളരെ സരളമാണു്. മാതൃകകളെല്ലാം സാധാരണജീവിതത്തിൽ കാണുന്നവയും, ബുദ്ധിപൂൎവ്വം തിരഞ്ഞെടുത്തവയും, വളരെ രസം തോന്നിപ്പിക്കുന്നവയുമാണു്. അവ മനുഷ്യൻെറ നിസ്സാരദൗർബല്യങ്ങൾ എത്രത്തോളം ആഴ്ന്നിറങ്ങുന്നുവെന്നു കാണിക്കുന്നു. കല്ലിൽ കാലുതട്ടി വീഴുന്ന ഒരു പ്രാകൃതവ്യക്തി കല്ലിനെ ശപിക്കുന്നു. മണ്ടനായ ഒരു മനുഷ്യൻ, താൻതന്നെ എന്തോ ഒരു സാധനം വെച്ചതു് എവിടെയെന്നോൎമ്മയില്ലാതെ മിഴിക്കുന്നു. മുഷിപ്പൻ വർത്തമാനം എപ്പോഴും പറഞ്ഞുകൊണ്ടിരുന്ന ഒരു വ്യക്തിയുടെ മക്കൾ, ഉറങ്ങാൻ പോവുമ്പോൾ പറയുകയാണു്: "അച്ഛാ, എന്തെങ്കിലും പറയൂ. ഞങ്ങളുറങ്ങട്ടെ." നാം ബദ്ധപ്പെട്ടു് എങ്ങോട്ടെങ്കിലും അടിയന്തിരമായി പോകുമ്പോൾ, ഒരു വായാടിയായ മനുഷ്യൻ പിടികൂടി, "അവൻെറ ഭാൎയ്യയെപ്പറ്റി ഒരു സ്തുതിഗീതം, അവർ തലേ രാത്രി കണ്ട ഒരു സ്വപ്നം, അവനു തലേന്നു് അത്താഴത്തിനുണ്ടായിരുന്ന വട്ടങ്ങൾ" എന്നിവയെപ്പററി വിസ്തരിച്ചു പറയാൻ തുടങ്ങുന്നു. മറെറാരു മനുഷ്യൻ നാടകംകാണാൻ പോയി, നാടകശാലയിൽ കിടന്നുറങ്ങുന്നു. അവസാനം അവൻ ഉണൎന്നു് ആ ഉറക്കംതൂങ്ങലോടെ വീട്ടിലേക്കു മടങ്ങുന്നു. സ്വന്തം വീടാണെന്നു കരുതി അയൽപക്കത്തെ വീട്ടിൽച്ചെന്നു വാതിൽ മുട്ടുന്നു. അവിടെയുള്ള നായ

ചാടിക്കടിക്കുന്നു. ഈ ചിത്രീകരണങ്ങൾ ഈ. വി. കൃഷ്ണപിള്ളയെ നല്ലവണ്ണം അനുസ്മരിപ്പിക്കുന്നുണ്ട്. ശാസ്ത്രപഠനംകാരണം തിയോഫ്രാസ്റ്റസ് ഒരു തികഞ്ഞ യുക്തിവാദിയായി. അദ്ദേഹം അന്ധവിശ്വാസങ്ങളെ അങ്ങേയററംവരെ ആക്ഷേപിച്ചു. "ദിവ്യശക്തിയോടതിഭക്തിയോടെ കാണിക്കുന്ന ഭീരുതയാണ് അന്ധവിശ്വാസം. ഒരന്ധവിശ്വാസി പുണ്യതീർത്ഥങ്ങൾ തളിക്കാതെയും തുളസിപ്പൂവു ചൂടാതെയും സ്വന്തം ജോലിക്കു പുറത്തിറങ്ങുകയില്ല. ഒരു പൂച്ച വിലങ്ങുചാടിയാൽ, മററന്തെങ്കിലും ശകുനം വന്നാലല്ലാതെ, അവൻ നിന്നിടത്തുനിന്നിളകുകയില്ല. വീട്ടിൽ ഒരു പാമ്പിനെ കണ്ടാൽ പൂജയായി; അതൊരു ശ്രേഷ്ഠസർപ്പമാണെങ്കിൽ അവിടെയൊരു പാമ്പിൻകാവുമായി."

ഹാസ്യസാഹിത്യത്തിനു് ലൂഷന്റെ (ക്രി.പി.120—200) ലേഖനങ്ങൾ വളരെ വ്യാപ്തി നൽകി. സിറിയക്കാരനായ ലൂഷൻ കുലത്തൊഴിലായ കൽപ്പണിയിലേർപ്പെട്ടു. അതിൽ രസമില്ലാതെ നിയമം പഠിച്ചു്, അൻടിയോക്കിൽ വക്കീൽപ്പണി നോക്കി; പിടിച്ചില്ല, അതു വിട്ടു, സഞ്ചരിച്ചു പ്രസംഗങ്ങൾ തുടങ്ങി, അവസാനം ആഥൻസിൽവന്നു സ്ഥിരതാമസമായി. അദ്ദേഹത്തിൻെറ അന്ത്യകാലത്തു്, മാർക്കസ് അറീലിയസ് എന്ന റോമൻചക്രവർത്തി, ഈജിപ്റ്റിൽ അദ്ദേഹത്തിനൊരു സർക്കാറുദ്യോഗം കൊടുത്തു ദാരിദ്ര്യപീഡയിൽനിന്നു രക്ഷിച്ചു. വഞ്ചനയെ രൂക്ഷമായി വെറുത്തു അദ്ദേഹം. കഴിയുന്നേടത്തെല്ലാം, മതത്തിലോ, ദാർശനികചിന്തയിലോ, ചരിത്രത്തിലോ, സാഹിത്യത്തിലോ എന്നുവേണ്ട മറേറതു പ്രവർത്തനത്തിലോ ആയാലുംശരി അവിടെയൊക്കെ വഞ്ചനയെ പരുഷമായാക്ഷേപിച്ചിട്ടുമുണ്ട്.

ദൈവങ്ങളെപ്പററിയുള്ള കഥകളിൽ കള്ളത്തനവും, ലൈംഗികസ്വാതന്ത്ര്യവും ന്യായീകരിക്കപ്പെടാവുന്നതാണെന്നു താൻ കുട്ടിക്കാലത്തു പഠിച്ചുവെന്നും, ഇന്നു സമുദായം ആവക അനീതികൾ വെറുക്കുന്നുവെന്നുകാണുന്നതിൽ താൻ അത്ഭുതപ്പെട്ടുന്നുവെന്നും അദ്ദേഹം പറയുന്നു. അദ്ദേഹത്തിൻെറ പാത്രങ്ങളിൽ ഒരുത്തൻ,സ്യൂസിനോടുതന്നെ ചോദിച്ചു സംശയംതീർക്കാൻ സ്വർഗ്ഗത്തിലേക്കു ചെല്ലുന്നു. ആ ദേവേശൻ

സ്വന്തം വൈഷമ്യങ്ങൾകൊണ്ടു വീർപ്പുമുട്ടിയുഴലുന്നതു കാണു ന്നു. പരസ്പരവിരുദ്ധങ്ങളായ നിരവധിയഭ്യർത്ഥനകളുണ്ട് സ്യൂസിൻെറ മുമ്പിൽ. ചിലർ മഴ വേണമെന്നു പറയുന്നു; ചിലർ വെയിലാണു വേണ്ടതെന്ന്. എന്തു ചെയ്യണമെന്നറിയാതെ സ്യൂസ് വിമ്മിഷ്ടത്തിലാവുന്നു. സത്യാർത്ഥിയുടെ പ്രശ്നങ്ങൾക്കു് ഉത്തരംമുട്ടുമ്പോൾ അദ്ദേഹത്തിന്നു ദേഷ്യംവരുന്നു. അയാൾ, ആ നാശംപിടിച്ച യുക്തിവാദികളുടെയും നാസ്തികന്മാരുടെയും കൂട്ടത്തിൽ ചേർന്നവനാണെന്ന് അദ്ദേഹം ആക്ഷേപിക്കു ന്നു. കണ്ണിൽ കണ്ട ഇതരദൈവങ്ങൾക്കു് ഉദാരപൂർവ്വമായി പ്രവേശനമനുവദിച്ചതുകൊണ്ടു് ഗ്രീക്കുസ്വർഗ്ഗത്തിലെ ജനസംഖ്യ നിയന്ത്രണാതീതമായി വർദ്ധിക്കുന്നതുകൊണ്ടും, അതു കാരണം അമൃതിന്നു കണ്ടമാനം വിലകയറുന്നതുകൊണ്ടും സ്യൂസ് വളരെ അസ്വസ്ഥചിത്തനായിരിക്കയാണു്. ഈ മത്സരം കൊണ്ടു്, ഭാവിയിൽ, തന്നെ ആരാധിക്കാനാരുമുണ്ടാവാതിരിക്കുമോ എന്നൊരു ഭയാശങ്കയുമുണ്ടു്. പക്ഷേ, ഹെർമിസ് സമാധാനിപ്പിക്കുന്നു: "ഭയപ്പെടേണ്ട, അജ്ഞാനതിമിരാന്ധതയിൽപ്പെട്ട മറയപ്പുരിഷകളായ ഗ്രീക്കുകാരിൽ ഭൂരിഭാഗം ജനങ്ങൾ ഇനിയും അവിടത്തെ ആരാധകന്മാരായിരിക്കുന്നുണ്ടു്. പോരെങ്കിൽ വേണ്ടത്രയും മ്ലേച്ഛന്മാരും."

ലൂഷൻ വേദാന്തികളെയും പിടികൂടിയിട്ടുണ്ടു്. എന്തെങ്കിലുമൊരു വഴികാണുമെന്നു കരുതി ഒരു വിദ്യാർത്ഥി വേദാന്തം പഠിക്കുന്നു. പക്ഷേ, അദ്ധ്യാപകന്മാരുടെ ദുരഭിമാനവും, ദുരാഗ്രഹവും, പരസ്പരവൈരുദ്ധ്യമുള്ള വാദവിവാദങ്ങളാലുണ്ടാവുന്ന ആശയക്കുഴപ്പങ്ങളും കണ്ടു് ആ വിദ്യാർത്ഥി ചകിതനാവുന്നു. അവസാനം അവൻ, ഒരു പേപ്പട്ടിയെക്കണ്ടിട്ടെന്ന പോലെ ആ ഗുരുവിൻെറ അടുക്കെനിന്നു് ഓടിപ്പോകുന്നു. ചരിത്രകാരന്മാരെഴുതിയ ഒട്ടുമുക്കാലും ഗ്രന്ഥങ്ങൾ, സത്യനിഷ്ഠയൊട്ടുമില്ലാത്ത സഞ്ചാരകഥകളാണെന്നുകണ്ടു്, ലൂഷൻ, ഒരു പൊട്ടക്കഥയെഴുതി, ധൃഷ്ടതയോടെ അതിനു്, 'യഥാർത്ഥ ചരിത്രം' എന്നു പേരുംകൊടുക്കുന്നു. അതിൻെറ ആമുഖത്തിൽ അദ്ദേഹമെഴുതി: "ഈ ഗ്രന്ഥം പുരാതന കവികളും, ചരിത്രകാരന്മാരും,വേദാന്തകേസരികളുമെഴുതിയ കള്ളക്കഥകളുടെ ഹാസ്യാനുകരണമാണു്. ഒച്ചപ്പാടില്ലാത്ത ജീവിതം നയിച്ചതു

കൊണ്ടു്, അത്ഭുതകരമായ സത്യാനുഭവങ്ങൾ യാതൊന്നുംതന്നെ എനിക്കു രേഖപ്പെടുത്തുവാനില്ല. അതിനാൽ ഞാൻ അസത്യത്തെത്തന്നെ ആശ്രയിക്കുന്നു. പക്ഷേ, ഇതു കലർപ്പില്ലാത്ത തനി കള്ളമാണെന്നുമാത്രം. നിങ്ങൾ എന്നെ ഒരു പെരുംനുണയനാണെന്നു കരുതണമെന്നുമാത്രമാണു് എനിക്കുള്ള ഒരഭ്യർത്ഥന. ഇനി ഞാൻ പ്രതിപാദിക്കുവാൻപോകുന്ന വിഷയം, ഒരിക്കലും കാണാത്തതും, അറിയാത്തതും, അനുഭവിക്കാത്തതും, ഇല്ലാത്തതും, ഒരിക്കലുമുണ്ടാവാൻ തരമില്ലാത്തതുമാണു്.'' ഇതൊരു വല്ലാത്ത കഥയാണു്. നദികളിൽ വെള്ളത്തിനുപകരം വീഞ്ഞൊഴുകുന്ന പ്രദേശങ്ങളും, സ്വപ്നലോകത്തിലെ ദ്വീപങ്ങളും, ചന്ദ്രലോകവും, അവിടെ കാണുന്നതും കേൾക്കുന്നതുമായ വിചിത്രസംഭവങ്ങളും യാഥാർത്ഥ്യങ്ങളായി തോന്നിക്കുമാറു വർണ്ണിക്കപ്പെട്ടിരിക്കുന്നു. 'ഗളിവറുടെ യാത്രകൾ' പോലുള്ള രചനകളെ ഈ ഗ്രന്ഥം മുൻകൂറായി പ്രതീക്ഷിച്ചപോലെയുണ്ടു്. വമ്പും കാപട്യവും നിറഞ്ഞ സാഹിത്യകാരന്മാരെയും ലൂഷൻ വെറുതെ വിട്ടിട്ടില്ല. ഒരു കൃതിയിൽ, പ്രേതലോകത്തെയും ജീവലോകത്തെയും വേർതിരിക്കുന്ന ജലാശയത്തിൽക്കൂടി പരേതാത്മാക്കളെ കടത്തിക്കൊണ്ടുപോകുന്ന തോണിക്കാരൻ, കാരോൺ, ഒരു സാഹിത്യകാരനോടു പറയുകയാണു്: ''ദേ, പിന്നെ, നിങ്ങളുടെ ചുററും കിടക്കുന്ന ആ നീണ്ട വാചകങ്ങളും, അവിച്ഛേദിത പദപ്രയോഗങ്ങളും, ഉപവാചകങ്ങളുമൊക്കെയൊന്നു വെട്ടിക്കുറയ്ക്കണെ. അല്ലെങ്കിൽ ഇതിന്റെയൊക്കെയുള്ള ഘനംകൊണ്ടു തോണി മറിഞ്ഞേക്കും.''

'പ്രേതങ്ങളുടെ സംഭാഷണങ്ങൾ' എന്ന കൃതിയിൽ ലൂഷൻ ക്ഷണഭംഗുരങ്ങളായ സൗന്ദര്യദർപ്പം, ധനപ്രൗഢത മുതലായവയെ അവഹേളിച്ചു് മനുഷ്യസമുദായത്തെ പൊതുവെ ആക്ഷേപിക്കുന്നു. അദ്ദേഹത്തിന്റെ വക്താവായ കാരോൺ, ഒരു നാടിനുവേണ്ടി രണ്ടു വൻപടകൾ യുദ്ധത്തിലേർപ്പെട്ടുമെന്ന ഘട്ടമായപ്പോൾ, പറയുന്നു: ''വിഡ്ഢികൾ! ഓരോരുത്തനും യുദ്ധംജയിച്ചു നാടു കൈയിലാക്കിയെന്നിരിക്കട്ടെ, എന്നാലും മരിക്കുമ്പോൾ കുഴിക്കുള്ള ആറടിമണ്ണുകൊണ്ടു് അവൻ തൃപ്തിപ്പെടേണ്ടേ!'' ലൂഷന്റെ സർവ്വോത്തമമായ സാരോപ

ദേശം, ''സരളജീവിതത്തിന്റെ മാഹാത്മ്യം'' ആണ്. ''വെറും സാധാരണമനുഷ്യന്റെ ജീവിതമാണ് ഉത്തമവും സ്വീകാര്യവും. ആത്മജ്ഞാനത്തിന്നുള്ള വീൺചർച്ചകൾ നിൎത്തുക. വിശ്വത്തിന്റെ ആദ്യന്തരഹസ്യങ്ങളിൽ തലപുകയ്ക്കാതിരിക്കുക. ഈ തത്വസംഹിതകളെല്ലാം അലസഭാഷണങ്ങളാണെന്നു കണക്കാക്കി, കർമ്മോന്മുഖരായി, നിഷ്കാമരായി, സ്മേരവദനത്തോടെ അവനവന്റെ പാട്ടുനോക്കുക.''

സാഹിത്യവേദിയിൽ നോവലുകളുടെ രൂപം ആദിമകാലത്തേ നിഴലിച്ചതായിക്കാണാം. ഹോമറുടെ കൃതികളിൽ വീരകഥകൾ, അവ പ്രധാന രചനയുടെ ഉജ്ജ്വലപ്രവാഹത്തിലാണ്ടുപോവുന്നുണ്ടെങ്കിലും, എങ്ങും കാണാം. അപ്പൊള്ളോണിയസ്, ജേസണിന്റെയും മെഡീയയുടെയും കഥ വീണ്ടും എഴുതി. പക്ഷേ, ഇവയെല്ലാം വീരഗാനങ്ങളുടെയോ മഹാകാവ്യങ്ങളുടെയോ രീതിയിലായിരുന്നു. സ്റ്റെസിക്കോറസ്സും, കലിമാക്കസ്സും ഏതാണ്ടു നോവൽരൂപത്തിൽത്തന്നെയാണു കഥകളെഴുതിയതു്. അവ പദ്യങ്ങളിലായിരുന്നുവെന്നു മാത്രം. മൂന്നാംശതകത്തിലുണ്ടായിരുന്ന ഹെലിയോഡോറസ്സിന്റെ 'ഈജിപ്ഷ്യൻകഥ'യാണു ഗദ്യരൂപത്തിലുള്ള ആദ്യത്തെ നോവൽ. അമ്മ ഇട്ടിട്ടുപോയി, ഒടുവിൽ ഡെൽഫിക്ഷേത്രത്തിൽ ആശ്രയംകിട്ടിയ ഒരു ഈജിപ്ഷ്യൻരാജകുമാരിയുടെയും, അവളുടെ കാമുകനായ ഒരു ഥെസ്സാലിയൻയുവാവിന്റെയും, അന്തിമസമാഗമത്തിനു മുമ്പുള്ള വിവിധാനുഭവങ്ങളാണ് ഇതിൽ പ്രതിപാദിച്ചിട്ടുള്ളതു്. പ്രതിപാദനം ഒരു പൂൎണ്ണനോവലിന്റെ സാവകാശത്തിലാണു പോകുന്നതു്. പ്രാരംഭംതന്നെ മനോഹരവിളംബിതരീതിയിലാണ്: ''ഉഷയുടെ പുഞ്ചിരിയിൽ ബാലാരുണകിരണങ്ങൾ ഉദയാദ്രിയുടെ ശിഖരത്തെ പ്രശോഭിതമാക്കിയ സമയത്തു്, കാഴ്ചയിലും, ശസ്ത്രാസ്ത്രധാരണരീതിയിലും, കടൽക്കള്ളന്മാരെന്നു തോന്നിക്കുന്ന ഒരുകൂട്ടം ജനങ്ങൾ, നൈൽനദീമുഖത്തെ എത്തിനോക്കിയിരുന്ന ഒരു മലയുടെ കൊടുമുടിയിൽക്കയറി, അല്പം നിന്നു്, വിസ്തൃതമായിക്കിടന്നിരുന്ന കടലിലേക്കൊന്നു നോക്കി. കൊള്ളയടിക്കത്തക്ക യാതൊരു കപ്പലും അതിലൂടെ പോകുന്നില്ലെന്നു കണ്ടു് അവർ താഴെയുള്ള തീരപ്രദേശങ്ങ

ളിലേക്കൊന്നു കണ്ണോടിക്കേ, കണ്ടതിതാണു്.'' പല സംഭവങ്ങളെക്കൊണ്ടും കഥാതന്തു വിപുലമാക്കപ്പെട്ടിട്ടുണ്ടു്. അവയിലെല്ലാം നായിക ചാരിത്രശുദ്ധി പുലർത്തിയിട്ടുണ്ടു്. സമയോചിതം വിസ്തരിച്ചവർണ്ണനകളുമുണ്ടു്. വിവിധമനോവൃത്തികളിൽനിന്നു നിവൃത്തരായ വിവേകികൾക്കാലംബമായ അപ്പൊളോദേവാലയത്താൽ പരിപൂതവും, നൈസർഗ്ഗികദുർഗ്ഗങ്ങളെന്നോണം തലയെടുത്തുനിൽക്കുന്ന കുന്നുകളാൽ ചുററപ്പെട്ട സുരക്ഷിതവുമായ ഡെൽഫിനഗരമാണു നാം കാണുന്നതു്. ഡെൽഫിയിലെ ദേവാലയത്തിൽ ആദ്യമായി കണ്ടുമുട്ടുന്ന യുവതിയും യുവാവുമായുള്ള സംഭാഷണം വിവരിക്കുന്നേടത്തു ലേഖകൻെറ മനശ്ശാസ്ത്രപടുത്വം തെളിയുന്നുണ്ടു്.

''അവർ അല്പം സങ്കോചത്തോടെ, വളരെ സാവകാശത്തിൽ ധൂപം കൊടുത്തും വാങ്ങിയും, പരസ്പരം ഉററുനോക്കിയും, അല്പം നിന്നു. കുറച്ചുനേരത്തിനുള്ളിൽ അവർക്കു പഴയ പരിചയമുള്ളതുപോലെ തോന്നുകയും പരസ്പരം കൂടുതൽ അറിയുവാൻ ആഗ്രഹം മനസ്സിലുദിക്കുകയുംചെയ്തു. പിന്നെ, വളരെ സാവധാനം, അധരപുടങ്ങളേക്കാളധികം കടക്കണ്ണുകൾ തെളിയിക്കുന്ന മന്ദസ്മിതം തൂകി, ഇരുവരും അന്യോന്യമുള്ള ജിജ്ഞാസയിൽ ലജ്ജിച്ചതുപോലെ വികാരോദ്ദീപകരായി, വീണ്ടും, ഹൃദയത്തിലാഴ്ന്നിറങ്ങുന്ന പ്രേമപാരവശ്യത്തിൽ പരിക്ഷീണരായിത്തീർന്നു. ചുരുക്കത്തിൽ അവരുടെ മുഖത്തും, നോട്ടത്തിലും, ഭാവത്തിലും, അവരുടെ മനോഗതികളുടെ വിവിധരൂപങ്ങളെ ദ്യോതിപ്പിക്കുമാറു് നൂറായിരം വിചാരധാരകൾ മാറിമാറി പ്രതിബിംബിച്ചു.''

അതേനൂററാണ്ടിൽ ജീവിച്ചിരുന്ന ലോംഗസ് എഴുതിയ 'ഡാഫ്നിസിൻെറയും ക്ലോയിൻെറയും പ്രണയം' എന്ന ഗ്രന്ഥം ഒന്നാന്തരമൊരു ഇടയസാഹിത്യപരമ്പരയിലുള്ള നോവലാണു്. രണ്ടിടയന്മാരെടുത്തുവളർത്തിയ ഡാഫ്നിസും ക്ലോയും ഒന്നിച്ചുവളർന്നു പ്രണയബദ്ധരാവുന്ന കഥയാണിതിലെ വിഷയം. വസന്തകാലത്തിൽ ക്ലോയിലങ്കുരിക്കുന്ന പ്രണയം മോഹനമായി പ്രതിപാദിച്ചിട്ടുണ്ടു്. ആ വസന്തവർണ്ണന, യുവഹൃദയങ്ങളിലുളവാവുന്ന വിചിത്രവികാരങ്ങളെയും,

പുഷ്പിതകാലങ്ങളിലുണ്ടാവുന്ന ഹൃദയാവേശത്തെയും പ്രചോദിതമാക്കത്തക്ക നിലയിലാണ്.

"വസന്തം വന്നെത്തി. കാട്ടിലും, തോട്ടങ്ങളിലും, മലകളിലുമുള്ള കുസുമങ്ങൾ പ്രഫുല്ലങ്ങളായി. മധുമദാന്ധരായ മധുപങ്ങളുടെ ഝംകാരവും, പഞ്ചമംപാടുന്ന പൂങ്കുയിലിന്റെ മധുരാലാപവും, മേഷപോതകങ്ങളുടെ തുള്ളിവിളയാട്ടങ്ങളും എങ്ങുമുണ്ടായിരുന്നു. ആട്ടിൻകിടാങ്ങൾ മലഞ്ചരിവുകളിലോടിക്കളിക്കെ, ഭ്രമരങ്ങളുടെ മാദകഝംകാരം മൈതാനത്തിലെങ്ങും അലതല്ലി; കോകിലഗാനങ്ങൾ വള്ളിക്കുടിലുകളിലെങ്ങും മാറെറാലിക്കൊണ്ടു. ഈ സാർവ്വത്രികസന്തുഷ്ടിയിൽ നിർവൃതിപൂണ്ടു ലോലചിത്തരായ ചെറുകിടാങ്ങൾ കണ്ടതും കേട്ടതും അനുകരിക്കുവാൻ തുടങ്ങി. കോകിലാലാപങ്ങൾ അവരേററുപാടി. മൃഗപോതകങ്ങളുടെ തുള്ളിച്ചാട്ടം കണ്ടു് അവർ നൃത്തംവെച്ചു. ഷഡ്പദങ്ങളെ അനുകരിച്ച് അവർ പൂ തേടിപ്പോയി. ചില കുസുമങ്ങൾ മാറിലണിയുകയും, മററു പുഷ്പങ്ങൾകൊണ്ടു മാലകെട്ടി വനദേവതകൾക്കാരാധനയ്ക്കായി കൊണ്ടുപോവുകയുംചെയ്തു."

പെൺകിടാവിന്റെ സരളനിർമ്മലസ്വഭാവം രസാവഹമായി പ്രതിപാദിച്ചതു നോക്കുക:

"അവർ ഭക്ഷണത്തിന്നിരിക്കുമ്പോൾ — ഭക്ഷണത്തേക്കാൾ ചുംബനങ്ങളായിരുന്നു അധികമെങ്കിലും—തീരത്തിനടുത്തുകൂടെ ഒരു മീൻപിടുത്തത്തോണി പോകുന്നതു കണ്ടു. കോളിളക്കമൊട്ടുമുണ്ടായിരുന്നില്ല. പ്രശാന്തമായ കടൽ. നഗരത്തിലുള്ള ഒരു ധനികനു പുതുതായി പിടിച്ച മത്സ്യങ്ങൾ കൊടുക്കണമെന്ന മോഹത്തോടെ തോണിക്കാർ കിണഞ്ഞു തുഴയുവാൻ തുടങ്ങി. ക്ഷീണം തോന്നാതിരിക്കാൻ തോണിക്കാർ ചെയ്യുന്നതെല്ലാം ചെയ്തു. ഒന്നാമണിയക്കാരൻ ഒരു വഞ്ചിപ്പാട്ടു പാടി. മററുള്ളവരതേററുപാടി. നടുക്കടലിലെത്തിയപ്പോൾ അവരുടെ ശബ്ദം അന്തരീക്ഷത്തിലലിഞ്ഞു കേൾക്കാതായി. പക്ഷേ, അന്തരീക്ഷങ്ങളുടെ അരികെ അവർ, വല്ല ഗഹ്വരാകൃതിയിലോ വക്രാകൃതിയിലോ കിടക്കുന്ന കടലോരത്തിലൂടെ പോവുമ്പോൾ ശബ്ദം ഉയന്നു തലവന്റെ പാട്ടു വ്യക്ത

മായി കേൾക്കുകയും ചെയ്തിരുന്നു. പാടിയിരുന്നതെല്ലാം അതേപടി അനുകരിച്ചു പുറപ്പെടുവിക്കാൻ കഴിയുന്ന സംഗീതോപകരണംപോലെ, ഇറങ്ങിക്കിടന്നിരുന്ന താഴ്വരകളിൽ അലച്ച് ആ പാട്ടു മാറെറാലിക്കൊണ്ടിരുന്നു. തുഴക്കോലുകൾ വെള്ളത്തിലാഞ്ഞുമുട്ടുന്ന ശബ്ദവും തുഴയുന്നവരുടെ ശബ്ദവും തെളിഞ്ഞുകേട്ടിരുന്നു. ആഹ്ലാദജനകമായിരുന്നു ആ ശബ്ദം. സമുദ്രത്തിൽനിന്നു വന്നു കരയിൽ മാറെറാലിക്കൊണ്ടിരുന്ന അതിൻെറ ഈട്ട്, മാറിക്കൊണ്ടിരുന്ന വള്ളത്തിൽനിന്നു കരയിലേക്കുള്ള ദൂരത്തിൻെറ കണക്കനുസരിച്ചിരുന്നു.

"പ്രതിദ്ധ്വനിയുടെ തത്വമറിഞ്ഞിരുന്ന ഡാഫ്നിസ് കടലിലേക്കുററുനോക്കുകയും, പക്ഷിവേഗത്തിൽ കരയോരത്തിലൂടെ പൊയ്ക്കൊണ്ടിരിക്കുന്ന തോണി കണ്ടു് ആനന്ദഭരിതനാവുകയും ചെയ്തു. അതേസമയത്തു്, തൻെറ കുഴലിലൂതുവാൻ പററുന്ന ആ പാട്ടിലെ ചില സംഗതികൾ പഠിക്കാനും അവൻ ശ്രമിച്ചു. മാറ്റൊലിയെന്നതെന്താണെന്നറിയാത്ത ക്ലോ. തോണിക്കാർ പാടുന്നതു ശ്രദ്ധിച്ചു സമുദ്രത്തിലേക്കും, കാട്ടിൽ അതേററുപാടുന്നതാരാണെന്നറിയാൻ തിരിഞ്ഞു താഴ്വരയിലേക്കും മാറിമാറി നോക്കി.

"ഇടയ്ക്കിടെ തോണിക്കാരെ കാണാതാവുമ്പോഴും, താഴ്വരയിൽ അവരുടെ ശബ്ദം പ്രതിദ്ധ്വനിച്ചു കേൾക്കാതാവുമ്പോഴും ക്ലോ, ഡാഫ്നീസിനോടു്, കുന്നിൻെറ അപ്പുറത്തും അതേ മാതിരി സമുദ്രവും അതേ പാട്ടുപാടുന്ന തോണിക്കാരും ഉണ്ടോ എന്നും, അവരും ഇവരും ഒപ്പം പാടി തുഴഞ്ഞുപോവുകയാണോ എന്നും ചോദിക്കുന്നു. ഡാഫ്നീസ് മധുരസ്മിതം പൂണ്ടു് വീണ്ടുമൊരു പ്രേമചുംബനവുമർപ്പിച്ചു്, അവളുടെ ശിരസ്സിലൊരു പൂമാല ചൂടി, പ്രതിഫലമായി തനിക്കു പത്തു ചുംബനം തരാമെന്നു വാഗ്ദാനം ചെയ്യിച്ചു ധ്വനികിന്നരിയുടെ കഥ പറയാൻ തുടങ്ങുന്നു."

ക്രിസ്ത്വബ്ദം അഞ്ചാംനൂററാണ്ടിൽ ജീവിച്ചിരുന്ന അക്കിലീസ് ററേഷ്യസ്, തൻെറ 'ക്ലിറ്റോഫോണും ലൂസിപ്പിയും' എന്ന കൃതിയിൽ, ടയറിൽനിന്നു് ഓടിപ്പോയി, കൊടുങ്കാറ്റിലുണ്ടായ കപ്പലപകടത്തിൽപ്പെട്ടു നട്ടംതിരിഞ്ഞു്, കടൽക്ക

ള്ളവന്മാരുടെ കൈയിലകപ്പെട്ട്, നിരവധി കഷ്ടങ്ങളനുഭവിച്ച്, കാമുകൻ തൻെറ കാമിനി മരിച്ചുപോയെന്നുകൂടി നിശ്ചയിച്ച രണ്ടു യുവകാമിനീകാമുകന്മാരുടെ കഥയാണു വിവരിക്കുന്നതു്. റ്റേഷ്യസ്സിന്നു ഘടനാചാതുരി തീരെയില്ലായിരുന്നെങ്കിലും അനിതരസാധാരണമായ വർണ്ണനാവൈഭവമുണ്ടായിരുന്നു. കൊടുങ്കാററിൻെറ വർണ്ണന നോക്കുക:

"ഞങ്ങൾ പുറപ്പെട്ടതിൻെറ മൂന്നാംപക്കം കാലാവസ്ഥയിൽ പെട്ടെന്നൊരു മാററമുണ്ടായി. സമസ്വച്ഛമായ വിഹായസ്സ് കാറണിച്ചുളി പുരണ്ടിരുണ്ടു. ഉഗ്രാനിലമർദ്ദനംകൊണ്ടു കടലിളകിമറിഞ്ഞു്, ഞങ്ങൾക്കെതിരായി കുതിച്ചുകയറി. മദ്ധ്യാഹ്നമായപ്പോഴേക്കും സൂര്യൻ മറയുകതന്നെ ചെയ്തു. ഒരു ചന്ദ്രികാപ്രതീതി മാത്രമാണുണ്ടായിരുന്നതു്. മേഘങ്ങളുടെയിടയിൽനിന്നു മിന്നൽപ്പിണരുകളുതിന്നു. ഇടി മുരണ്ടു് അന്തരീക്ഷം മുഖരിതമായി. ഇരമ്പിക്കുതിക്കുന്ന തിരമാലകൾ ആ മുഴക്കം പ്രതിദ്ധ്വനിപ്പിച്ചു. അലച്ചുരുളുകൾക്കിടയിലുള്ള സ്ഥലങ്ങളിൽ കൊടുങ്കാററിൻെറ ചീററലലച്ചുകൊണ്ടിരുന്നു. ആകപ്പാടെ ദിങ്മുഖങ്ങളെല്ലാം ഇരമ്പിമുഴങ്ങി...പർവ്വതാകാരമുള്ള തിരമാലകൾ ഒന്നിന്നു മീതെ ഒന്നായി തെരുതെരെ വന്നണഞ്ഞു. കപ്പലിന്റെ മുന്നിലും, പിന്നിലും, പാർശ്വങ്ങളിലും അവ ചീറിയടിച്ചു. അവയുടെ ഗതിക്കനുസരിച്ചു കപ്പൽ ചിലപ്പോൾ ഉന്നതശിഖരങ്ങളിലേയ്ക്കുയന്നപോലെയും, ചിലപ്പോൾ അഗാധഗർത്തത്തിലേയ്ക്കാഴ്ന്നപോലെയും പാറിക്കളിച്ചു. കടലിൻെറ ചീററൽ, കാററിൻെറ മൂളൽ, സ്ത്രീകളുടെ രോദനം, പുരുഷന്മാരുടെ ആക്രന്ദനം, നാവികന്മാരുടെ നിലവിളി—എല്ലാം ഒരു വിലാപവും പ്രലാപവും."

അദ്ദേഹത്തിൻെറ സ്തുത്യർഹമായ ഗദ്യശൈലി പ്രൊമിത്യൂസിൻെറ ഒരു ഛായാപടം വർണ്ണിക്കുന്നേടത്തു കാട്ടിയിട്ടുണ്ടു്. സ്യൂസിൻെറ കല്പനാനുസൃതം, ദേവനെ ഒരു പാറയോടു കൂട്ടിക്കെട്ടി, അദ്ദേഹത്തിൻെറ കരൾ കൊത്തിവലിച്ചു തിന്നാൻ ഒരു കഴുകനെയാക്കിയിട്ടുണ്ടു്. ഈ അത്യാഹിതത്തിൽനിന്നു് അവസാനം ഹെർക്യുലീസ് അദ്ദേഹത്തെ രക്ഷിക്കുന്നു. ഈ രംഗമാണു് ചിത്രത്തിൽ എഴുതിയിട്ടുള്ളതു്.

“അമ്പും വില്ലും ധരിച്ച് ഹെർക്യൂലീസ് അദ്ദേഹത്തിൻെറ അട്ടക്കെ നില്ക്കുന്നു. കഴുകൻ അട്ടത്തണഞ്ഞു ദേഹം കൊത്തിത്തുരക്കുകയാണ്. തുരന്ന വ്രണത്തിലൂടെ കൊക്കു കടത്തി കരളിലേക്കു തുരന്നുപോവുകയാണ്. ചിത്രകാരൻ അതിൻെറയൊരുഭാഗം മാത്രമേ കാണിക്കുന്നുള്ളു. ദുസ്സഹവേദനകൊണ്ടു ചൂളുന്ന പ്രൊമിത്യൂസിൻെറ തുടകളിൽ ആ ഭീകരപക്ഷിയുടെ കരാളനഖങ്ങളൂന്നിയിറക്കിയിട്ടുണ്ട്. വേദനകൊണ്ടു പൊരിയുന്ന പ്രൊമിത്യൂസ് കാൽ ഹൃദയഭാഗത്തേക്കു വലിക്കുന്നു. പക്ഷേ, ആ വലി, കഴുകനെ ഹൃദയത്തോടടുപ്പിക്കുകയാണു ചെയ്യുന്നതു്. മറേറ കാൽ മുന്നോട്ടു നീട്ടിയിട്ടിരിക്കുന്നു. കാൽവിരലുകൾ വരെയുള്ള സകല മാംസപേശികളുടേയും വലിവു സൂക്ഷ്മമായി കാണാവുന്നതാണ്. അദ്ദേഹത്തിൻെറ ഭാവം കഠിനവേദനസ്സഹിക്കാനാവാതെ പൊറുതിമുട്ടുന്നതാണ്. പുരികങ്ങൾ ചുളിഞ്ഞിരിക്കുന്നു. ചുണ്ടുകടിച്ച് പല്ലുകൾ പുറമെ കാണാം. ആശയുടേയും വേദനയുടേയും ഇടയിൽ കിടന്നു പൊരിയുന്ന ദയനീയദൃശ്യം. അദ്ദേഹം തൻെറ വ്രണങ്ങളേയും, അപ്പുറത്തു നില്ക്കുന്ന ഹെർക്യൂലീസിനേയും ദീനമായി മാറിമാറി നോക്കുന്നു. ആശാപൂർണ്ണങ്ങളായ നേത്രങ്ങൾ ഹെർക്യൂലീസിനെത്തന്നെ നോക്കുന്നു, പക്ഷേ, മരണവേദനകൊണ്ടു തൻെറ ദേഹമാസകലം ദീനനായി വീണ്ടും നോക്കുന്നു.”

യവനസാഹിത്യചരിത്രം ഇവിടെ അവസാനിപ്പിക്കട്ടെ. വായനക്കാരുടെ ക്ഷമ പരീക്ഷിക്കുമാറു വൈകല്യങ്ങൾ നിറഞ്ഞതായിരിക്കാം ഈ കഥനം മുഴുവൻ. എങ്കിലും ഇരുപതുനൂററാണ്ടുകൾക്കു മുമ്പുണ്ടായിരുന്ന, സൃഷ്ടിപരരായ ഈ പ്രതിഭാശാലികൾ സമുചിതമായി കൈകാര്യം ചെയ്തിരുന്ന യവനസാഹിത്യത്തിൻെറ പരമോന്നതിയെപ്പററി അല്പമെങ്കിലും വായനക്കാരെ അറിയിക്കാൻ കഴിഞ്ഞുവെങ്കിൽ ഈ ലേഖകന്നു സമാശ്വാസമായി. പുരാണങ്ങളും, കാവ്യങ്ങളും, നാടകങ്ങളും, നോവലുകളും പരിപുഷ്ടമായ സാഹിത്യത്തിലധിഷ്ഠിതമായതു് നാം കണ്ടു. പുരാതനകാലത്തുണ്ടായിരുന്ന ഒരു ജനത, അവരുടെ ചരിത്രങ്ങൾ രേഖപ്പെടുത്തിയപ്പോൾ, നമ്മെയും ചരിത്രം രേഖപ്പെടുത്തുവാൻ പഠിപ്പിച്ചതായി കണ്ടു

കഴിഞ്ഞു. പില്ക്കാലത്തുണ്ടായ തത്വസംഹിതകളെല്ലാം അവർ അന്നേ കണ്ടിരുന്നുവെന്നു നമുക്കു മനസ്സിലായി. കൂടാതെ മഹാനാടകകർത്താക്കളോടൊപ്പം ജീവിതത്തിന്റെ സുഖദുഃഖങ്ങളിലുയർന്നും താഴ്ന്നും, വിലപിടിച്ച ജീവിതമൂല്യങ്ങൾ നാം കണ്ടെത്തി. വിടവാങ്ങുന്ന ഈ സമയത്ത്, ഭാഗ്യവശാൽ നമുക്കു കിട്ടിയ ഇത്രയും മുതൽ ഒരുകാലത്തുണ്ടായിരുന്ന മഹാനിധിയുടെ എത്രയോ ചെറിയൊരംശം മാത്രമേയുള്ളുവെന്നും ഓർമ്മിക്കണം. ക്രി. മു. അഞ്ചാം നൂററാണ്ടിലുണ്ടായ യവനസാഹിത്യത്തിന്റെ അഞ്ചിലൊരുഭാഗംപോലും അതിജീവിച്ചിട്ടില്ലെന്നും, മററു കാലങ്ങളെ സംബന്ധിച്ച് അത്രകൂടിയില്ലെന്നും വിസ്മരിക്കരുത്.

ഇനി നമുക്കു റോമിൽ കാണാം.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M 880 Acc. No. 34595

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

M 880
CHA-Y

34595

ചൈതന്യ കൃഷ്ണ
യവന സാഹിത്യ ചരിത്രം

KOTTAYAM PUBLIC LIBRARY
Call No M 880 Acc. No 34595
Author ചൈതന്യ ക്രിഷ്ണ
Title യവന സാഹിത്യ ചരിത്രം